www.malankaralibrary.com

# കർമോജ്ജ്വല വ്യക്തിത്വം

## ഫാദർ ഫീലിപ്പോസ് മേടയിൽ
## (കുമ്പഴ അച്ചൻ)



സിസ്റ്റർ ഫിലോമനി എസ്.ഐ.സി

www.malankaralibrary.com

# കർമോജ്ജ്വല വ്യക്തിത്വം

## ഫാദർ പീലിപ്പോസ് മേടയിൽ

(കുമ്പഴ അച്ചൻ)

www.malankaralibrary.com



## സിസ്റ്റർ ഫിലോമിന എസ്.ഐ.സി

പത്തനംതിട്ട ജില്ലയിൽ കുമ്പഴ ഗ്രാമത്തിൽ മേലേതിൽ കുടുംബത്തിൽ 26.11.1935 ൽ ജനനം. പിതാവ് റവ. ഫാദർ പീലിപ്പോസ് മേടയിൽ. അമ്മ അയിരൂർ ചെമ്പോത്രയിൽ കുടുംബാംഗമായ ശ്രീമതി അന്നമ്മ.

വെട്ടൂർ എം.എസ്.സി. എൽ.പി. സ്കൂൾ, ഗവൺമെന്റ് ഇംഗ്ലീഷ് സ്കൂൾ പത്തനംതിട്ട, സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ പത്തനംതിട്ട, സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂൾ ചെങ്ങന്നൂർ, ബഥനി ബാലികാമഠം ഹൈസ്കൂൾ നങ്ങ്യാർകുളങ്ങര എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളജിൽ പഠിച്ച് ചരിത്രത്തിൽ ബിരുദം. മാർ തെയോഫിലോസ് ടീച്ചർ ട്രെയിനിംഗ് കോളേജിൽ പഠിച്ച് ബാച്ചിലർ ഓഫ് ടീച്ചിംഗ് ബിരുദം. നാലാഞ്ചിറ സെന്റ് ഗോരേറ്റീസ് ഹെസ്കൂൾ, നങ്ങ്യാർകുളങ്ങര, ബഥനി ബാലികാമഠം ഹൈസ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപികയും സെന്റ് ഗൊരേറ്റിസ് ഹൈസ്കൂളിൽ പ്രഥമാദ്ധ്യാപികയുമായി 33 വർഷം സേവനമനുഷ്ഠിച്ചു. മികച്ച അദ്ധ്യാപികക്കുള്ള ദേശീയ പുരസ്കാരം (1989) ലഭിച്ചിട്ടുണ്ട്. 1991 ൽ സർവീസിൽ നിന്നു വിരമിച്ചു.

1953 ൽ ബഥനി സന്യാസിനി സമൂഹത്തിൽ ആദ്യവ്രതവാഗ്ദാനം നടത്തി. 1957 ൽ നിത്യവ്രതം സ്വീകരിച്ചു. 1992 മുതൽ 12 വർഷക്കാലം ബഥനി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലും, മൂന്നുവർഷം പത്തനംതിട്ട പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറുമായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ പത്തനംതിട്ട പ്രൊവിൻഷ്യൽ ഹൗസിൽ ആണ്.

മേൽവിലാസം:

റവ. സിസ്റ്റർ ഫിലോമിന SIC
ബഥനി പ്രൊവിൻഷ്യൽ ഹൗസ്
പത്തനംതിട്ട

www.malankaralibrary.com

# കർമോജ്ജ്വല വ്യക്തിത്വം

## ഫാദർ പീലിപ്പോസ് മേടയിൽ

**(കുമ്പഴ അച്ചൻ)**

സിസ്റ്റർ ഫിലോമിന എസ്.ഐ.സി

പ്രസാധനം
റോബിൻ ഫിൽ ജെയിംസ് മേടയിൽ
കുമ്പഴ, പത്തനംതിട്ട

2018

www.malankaralibrary.com

(Malayalam)
**KARMOJWALA VYAKTHITWAM**
Father Philipose Medayil
(Kumbazha Achan)

by Sister Philimena S.I.C.

Typesetting : Shiny N. Baby

Cover Design & Printing :
St. Joseph's Press
Thiruvananthapuram 695 014

Published by :
Robin Phil James Medayil
Kumbazha, Pathanamthitta,
Kerala, South India

www.malankaralibrary.com

The Syro-Malankara Catholic Church

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: + 91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

15-09-2018



## അവതാരിക

1930 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കെട്ടുപണിയിൽ അതീവ ശ്രദ്ധേയനായിത്തീർന്ന ബഹുമാനപ്പെട്ട ഫിലിപ്പോസ് മേടയിൽ അച്ചന്റെ സ്മരണ സജീവമായി സഭാ മക്കൾക്ക് കൈമാറുവാൻ ഉദ്യമിക്കുന്ന ഈ ഗ്രന്ഥത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. സുവിശേഷ പ്രഘോഷണം ക്രൈസ്തവസഭയുടെ മുദ്രയാണെന്നും ആയതിന് സഭയുടെ കൂട്ടായ്മ അനിവാര്യമാണെന്നും വിശ്വസിച്ച ബഹു. മേടയിൽ അച്ചൻ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലേക്ക് കടന്നു വന്നു. ഭിന്നതയുടെ വേദയിൽ മനസ്സ് നൊമ്പരപ്പെട്ട സത്യാന്വേഷികളായ അനേകർക്ക് കത്തോലിക്കാ സഭാകൂട്ടായ്മയിലൂടെ സമാധാനത്തിന്റെ മാർഗ്ഗം തുറന്നു കൊടുത്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യത്തിന്റെ പൂർവകാല ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ സഭയ്ക്കും സമൂഹത്തിനും വേണ്ടി ത്യാഗോജ്വലമായ ജീവിതം കാഴ്ചവെച്ച വൈദീകശ്രേഷ്ഠർ നമ്മുടെ മനസ്സിൽ ഇതൾ വിരിയാറുണ്ട്. അവരിൽ പ്രമുഖനായ 'കുമ്പഴയച്ചൻ' എന്നറിയപ്പെടുന്ന വന്ദ്യ ഫിലിപ്പോസ് മേടയിലച്ചനെ നമ്മുടെ സമൂഹം ഇന്നും കൃതജ്ഞതയോടും ആദരവോടെയും അനുസ്മരിക്കുന്നു. സഭാ സ്നേഹിയായി ബഹു. കുമ്പഴയച്ചൻ 1907 ഏപ്രിൽ 23ന് ഭൂജാതനായി. 1974 ജൂൺ 2-ാം തീയതി തന്റെ നിത്യ സമ്മാനത്തിനായി ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 1999-ൽ കുമ്പഴയച്ചന്റെ 25-ാം ചരമവാർഷികം ആഘോഷിക്കുകയുണ്ടായി. 2011 ൽ 'ബഹു. കുമ്പഴയച്ചന്റെ ഡയറിക്കുറിപ്പുകൾ'' എന്ന ഗ്രന്ഥത്തിന് എല്ലാ അനുഗ്രഹാശംസകളും നല്കിയത് ഞാൻ നന്ദിയോടെ സ്മരിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിലും തുടർന്നു ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിശ്വസ്ത അനുയായി എന്ന നിലയിലും സഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കുംവേണ്ടി അദ്ദേഹം അത്യദ്ധ്വാനം ചെയ്യുകയും എല്ലാ പ്രതിസന്ധികളേയും

www.malankaralibrary.com

തരണം ചെയ്യുവാൻ അഭിവന്ദ്യ പിതാവിനു ശക്തമായ പിന്തുണയും സഹായവും നൽകുകയും ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു മദ്ധ്യതിരുവിതാം കൂറിൽ അടിസ്ഥാനമുറപ്പിക്കുന്നതിനും സഭയുടെ തുടർന്നുള്ള വളർച്ചയ്ക്കും ബഹു. കുമ്പഴയച്ചൻ നൽകിയ അതിമഹത്തായ സേവനങ്ങൾ എന്നും കൃതജ്ഞതയോടെ അനുസ്മരിക്കപ്പെടും. ആരംഭകാലത്ത് വസ്തുക്കൾ  വാങ്ങുക, ഇടവകകൾ ആരംഭി ക്കുക, അവിടെ പള്ളികൾ, സെമിത്തേരികൾ മുതലായവ പണികഴിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അദ്ദേഹം വിദഗ്ദ്ധവും ഫലപ്രദവുമായ നേതൃത്വം നൽകിപ്പോന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതം ഇതിനെല്ലാം ശക്തി പകരുകയും ചെയ്തു. വിശുദ്ധ കുർബാനയിലുള്ള അദ്ദേഹത്തിന്റെ ആഴമായ വിശ്വാസവും ഭക്തിയും അദ്ദേഹത്തിന്റെ ജീവിതത്തെ ജ്വലിപ്പിച്ചിരുന്നു. നമ്മുടെ ആരാധനക്രമങ്ങൾക്കു ചൈതന്യവും ഭംഗിയും സൃഷ്ടിക്കുന്നതിനും അദ്ദേഹം വളരെയേറെ ശ്രദ്ധ നൽകി യിട്ടുണ്ട്. തന്റെ രണ്ടു പെൺമക്കളെ സഭാസേവനത്തിനായി സന്യാസിനികളായി അദ്ദേഹം ദൈവത്തിനു സമർപ്പിച്ചു. പുത്തൻപീടിക, കൈപ്പട്ടൂർ, കുമ്പഴ, തട്ട, റാന്നിപെ രുന്നാട്, രാമൻചിറ, പുതുശ്ശേരിമല പമ്പുമല, ചീക്കനാൽ, വലഞ്ചുഴി, മൈലപ്ര, പത്തനം തിട്ട, വടക്കുപുറം, തോട്ടുപുറം, തിരുവല്ലം, കോന്നി, കാട്ടൂർ, കല്ലേലി, ഊട്ടുപാറ, വടശേരിക്കര, വള്ളിക്കോട്-കോട്ടയം, വകയാർ, കാർമല, ആഞ്ഞിലികുന്ന്, അതി രുങ്കൽ, മുറിഞ്ഞകല്ല്, പൂങ്കാവ്, മുളന്തറ, കിഴവള്ളൂർ, ചെങ്ങറ, കൂടൽ, കോന്നിത്താഴം, അതുമ്പുംകുളം, പൊങ്ങലടി, നെടുമൻകാവ്, തോട്ടമൺ എന്നിങ്ങനെ 36 ദൈവാല യങ്ങളുടെ സ്ഥാപനവും വളർച്ചയും ബഹു. കുമ്പഴയച്ചനുമായി ബന്ധപ്പെട്ടിരിക്കുന്നു.

ആതുരശുശ്രൂഷ, സാമൂഹ്യസേവനം എന്നീ മേഖലകളിലും ബഹു. അച്ചൻ നിറഞ്ഞുനിന്നു. അനുഗ്രഹീതമായ ആ ജീവിതം മലങ്കര മക്കൾക്ക് മാതൃകയാണ്, ആവേശമാണ്. ഈ ഗ്രന്ഥത്തിന്റെ രചയിതാവ് ബഹു. സിസ്റ്റർ ഫിലോമിന SIC യെ ഞാൻ അനുമോദിക്കുന്നു. ബഥനി സന്യാസിനി സമൂഹത്തിൽ നിരവധി ശുശ്രൂഷകൾ നിർവഹിക്കുകയും 12 വർഷക്കാലം ബഥനി സന്യാസിനിസമൂഹത്തിന്റെ സുപ്പീരിയർ ജനറലായും മൂന്നുവർഷം പത്തനംതിട്ട പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരയ റായും സേവനം അനുഷ്ഠിച്ച ബഹു, സിസറ്റർ ഫിലോമിന, ബഹു. കുമ്പഴയച്ചൻ ജന്മം നല്കിയ ഉത്തമ മിഷനറിയാണ്. നമ്മുടെ സഭയ്ക്ക് അനുഗ്രഹമാണ്. സഭാ സ്നേഹ ത്തിന്റെ  ശുശ്രൂഷകൾക്ക് വേരുറയ്ക്കുവാനും ബലപ്പെടുവാനും ആ ജീവിതം നിദാനമായി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൈതൃകം കാത്തുസൂക്ഷിക്കാൻ കരുത്താർജിക്കാനും വരും തലമുറയ്ക്ക് ഊർജ മാകാനും കർമ്മനിരതമായ ആ പുണ്യജീവിതം പ്രചോദനമാകും. കുമ്പഴ അച്ചന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ സജീവ സ്മരണ യ്ക്ക് ഹേതുവാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

+Baselios Cleemis

BASELIOS CARDINAL CLEEMIS
THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHBISHOP-CATHOLICOS

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ**
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.**

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
DIOCESE OF PATHANAMTHITTA

MOST REV. YOOHANON MAR CHRYSOSTOM
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail: bpdiopta@gmail.com



സെപ്റ്റംബർ 14, 2018

പുനരൈക്യപ്രസ്ഥാനം മദ്ധ്യതിരുവിതാകൂറിന്റെ മണ്ണിൽ വേരുറയ്ക്കുന്നതിന് അക്ഷീണം പ്രയത്നിച്ച വൈദിക ശ്രേഷ്ഠനാണ് 'കുമ്പഴയച്ചൻ' എന്നറിയപ്പെടുന്ന വന്ദ്യ പീലിപ്പോസ് മേടയിലച്ചൻ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടും തുടർന്ന് ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവിനോടും ചേർന്ന് പത്തനംതിട്ടയിലും സമീപപ്രദേശങ്ങളിലും ദൈവജനത്തിന്റെ കൂട്ടായ്മകൾ രൂപീകരിക്കാൻ അദ്ദേഹം പരിശ്രമിച്ചു. കത്തോലിക്കാ തിരുസഭയുടെ സത്യവിശ്വാസത്തിലേക്ക് അനേകരെ ആകർഷിക്കാനും അതുവഴി ശക്തമായ ഇടവകകൾ പത്തനംതിട്ട പ്രദേശത്ത് രൂപീകരിക്കാനും ബഹു. അച്ചന് കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി നിരവധി വൈദികർ തിരുസഭയുടെ കൂട്ടായ്മയിൽ ഉൾച്ചേർന്നു. എന്തു നഷ്ടവും ത്യാഗവും സഹിച്ച് തിരുസഭയെ വളർത്താൻ അദ്ദേഹം ശ്രമിച്ചു. മിഷൻ പ്രവർത്തനത്തിനുള്ള തീക്ഷ്ണത അദ്ദേഹത്തിൽ ജ്വലിച്ചിരുന്നു. സഭയുടെ ആരംഭദശയിലെ അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളാണ് പത്തനംതിട്ട മേഖലയിൽ നമ്മുടെ സഭയുടെ വളർച്ചയ്ക്ക് കാരണമായതും ഇന്ന് ഈ പ്രദേശത്ത് നമ്മുടെ ഒരു രൂപത ഉണ്ടാകാൻ നിദാനമായതും.

പുതുതലമുറയ്ക്ക് ഒരുപക്ഷേ ആ പുണ്യജീവിതം അപരിചിതമായിരിക്കാം. തന്നെ സമീപിച്ച എല്ലാ വ്യക്തികളോടും കാരുണ്യവായ്പോടെ ഇടപെടാനുള്ള ദൈവിക കൃപ അദ്ദേഹത്തിനുണ്ടായിരുന്നു. മലങ്കരകത്തോലിക്കാ സഭയുടെ ചരിത്രത്താളുകളിൽ ഈ ശ്രേഷ്ഠവൈദികൻ കൃതജ്ഞതയോടെ ഓർമിക്കപ്പെടുന്നു. ബഹുമാനപ്പെട്ട അച്ചന്റെ ജീവിതം എല്ലാവർക്കും

www.malankaralibrary.com

മനസ്സിലാക്കികൊടുക്കാനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ പ്രസക്തി വരച്ചു കാണിക്കാനും ഉതകുന്ന വിധത്തിൽ അദ്ദേഹത്തിന്റെ മകളും ബഥനി സന്ന്യാസിനി സമൂഹത്തിന്റെ മദർ ജനറലുമായിരുന്ന ബഹു. സിസ്റ്റർ ഫിലോമിനാ എഴുതിയ ഈ ഗ്രന്ഥത്തിന് എല്ലാ അനുഗ്രഹങ്ങളും ഭാവുകങ്ങളും ഞാൻ നേരുന്നു. അനേകർ ഈ പുസ്തകം വായിക്കുവാനും തത്ഫലമായി നമ്മുടെ സഭയുടെ മദ്ധ്യതിരുവിതാകൂറിലെ പ്രാദേശിക ചരിത്രം മനസിലാക്കുവാനും സഭയെ സ്നേഹിക്കുവാനും ഇടയാകട്ടെ എന്ന് പ്രാർഥിക്കുന്നു. ഈ ഉദ്യമത്തിനു നേതൃത്വം നല്കിയ എല്ലാവരെയും പ്രത്യേകിച്ച് ബഹു. സിസ്റ്ററിനെയും കുടുംബത്തിലുള്ള എല്ലാവരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. എല്ലാ നന്മകളും ആശംസിക്കുന്നു. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

+ Ym. Chrysostom

യൂഹാനോൻ മാർ ക്രിസോസ്റ്റം

പത്തനംതിട്ട മെത്രാപ്പോലീത്ത.

www.malankaralibrary.com

DIOCESE OF MAVELIKARA

JOSHUA MAR IGNATHIOS

CATHOLIC EPARCHY OF MAVELIKARA

Bishop of Mavelikara



## അനുഗ്രഹാശംസ

പുനരൈക്യപ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയും പുനരൈക്യശില്പിയായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയോടുചേർന്ന് സഭൈക്യപരിശ്രമങ്ങളുടെ വിജയത്തിനായി അവിശ്രമം പരിശ്രമിച്ച സഭൈക്യസാരഥിയുമായ ബഹു. പീലിപ്പോസ് മേടയിൽ അച്ചൻ ഭൂജാതനായിട്ട് നൂറ്റിപതിനൊന്ന് വർഷങ്ങൾ തികയുന്നു. ഈ അവസരത്തിൽ ആ മഹാരഥന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് അഭിനന്ദനാർഹമാണ്. അദ്ദേഹത്തിന്റെ പുത്രിയായ മദർ ഫിലോമിന SIC തന്നെ ആ കർമം നിർവ്വഹിക്കുമ്പോൾ ആ ജീവചരിത്രം സത്യസന്ധവും ആത്മാർഥത നിറഞ്ഞതും അതീവ ആസ്വാദ്യവുമായി അനുഭവപ്പെടുന്നു.

ചരിത്രം പരിശോധിക്കുമ്പോൾ അപൂർവ്വമായി ചരിത്രം നിർമിക്കുന്നവരെയും ചരിത്രഗതിയിൽ ചേർന്ന് അതിനെ മുന്നോട്ടു നയിക്കുന്നവരെയും കാണാൻ കഴിയും. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രാരംഭകനായ മാർ ഈവാനിയോസ് തിരുമേനിയോടൊത്ത് ചരിത്ര നിർമിതിയിൽ പങ്കാളിയാവുകയും അതിനെ ബഹുദൂരം നയിക്കുകയും ചെയ്ത മഹാരഥന്മാരിൽ അഗ്രഗണ്യനാണ് കുമ്പഴയച്ചൻ. വിമർശനങ്ങൾക്കിടയിലും പ്രതിസന്ധികളെ സധൈര്യം നേരിട്ട് നേട്ടങ്ങൾ സ്വന്തമാക്കിയ മിഷനറിയായിരുന്നു അദ്ദേഹം. കാലത്തിന്റെ യവനികക്കുള്ളിൽ വിസ്മൃതമായി പോകാതെ, വരുംതലമുറയ്ക്ക് പ്രചോദനമാകുമാറ് ചരിത്രസത്യങ്ങൾ തേടിപ്പിടിച്ച് ഈ ജീവിചരിത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരംഭകാലത്ത് പുനരൈക്യപ്പെട്ട വൈദികരെപ്പറ്റിയും അവരുടെ അജപാലന പരിശ്രമങ്ങൾ വഴിയായി ആരംഭിച്ച ഇടവകകളെപ്പറ്റിയും ഓരോ ഇടവകകയിലും ആദ്യകാലത്ത് പുനരൈക്യപ്പെട്ടവരെപ്പറ്റിയും

Amalagiri Catholic Bishop's House, Punnamoodu, Mavelikara - 690 101, Alappuzha Dist, Kerala, India
Tel: 0479- 2344081, 2344082 (P), 2344083 (Fax), 9447141642 (Cell), E-mail: marignathios@yahoo.co.in

www.malankaralibrary.com

ഈ ജീവചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. മേടയിൽ അച്ചന്റെ ജീവചരിത്രം എന്നതിലുപരിയായി മലങ്കര സഭയുടെ, വിശേഷിച്ച് അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ആദികാല ചരിത്രം കൂടിയാണിത്.

മേടയിൽ കുടുംബചരിത്രവും, വിസ്തരിച്ചല്ലെങ്കിലും, വിശദാംശങ്ങളോടെ തന്നെ പഠിക്കാൻ ഈ ഗ്രന്ഥം സഹായിക്കും. ഏർപ്പെടുന്ന ഏത് കാര്യവും വിജയിപ്പിക്കണമെന്ന നിർബന്ധ ബുദ്ധി, അതിനുവേണ്ട അർപ്പണബുദ്ധി, കർമ്മകുശലത, എല്ലാറ്റിനുപരിയായി അടിയുറച്ച ദൈവവിശ്വാസം, അഗാധമായ ചരിത്രബോധം ഇതെല്ലാമാണ് അദ്ദേഹത്തെ പുനരൈക്യത്തിന്റെ മുന്നണിയിൽ പ്രതിഷ്ഠിച്ചത്. ഏർപ്പെടുന്ന ഏതുകാര്യത്തിലും ഒന്നാമനായി നേതൃത്വം നല്കാൻ ബഹു. കുമ്പഴയച്ചന് കഴിഞ്ഞിരുന്നു. ആരോഗ്യദൃഢഗാത്രനായിരുന്നു അദ്ദേഹം. ആകാരസൗഷ്ഠവവും ശബ്ദഗാംഭീര്യവും അദ്ദേഹത്തിന്റെ ആകർഷകമായ വ്യക്തിപ്രഭാവത്തിന് മാറ്റുകൂട്ടിയിരുന്നു. പത്തനംതിട്ടയിലും ചുറ്റുപാടുമുള്ള ആദ്യ ഇടവകകൾ എല്ലാം തന്നെ ബഹു. മേടയിൽ അച്ചന്റെ നേതൃത്വത്തിലോ, പിൻബലത്തിലോ ആരംഭിക്കപ്പെട്ടിട്ടുള്ളവയാണ്. സഭാപ്രവർത്തകൻ എന്നപോലെ സഹജീവികളുടെ ഉദ്ധാരണത്തിനായി സമൂഹ്യസേവനം അദ്ദേഹം ചെയ്യുന്നതിലും ശ്രദ്ധവച്ചിരുന്നു.

ബഹു. മേടയിൽ പീലിപ്പോസച്ചൻ ദിവംഗതനയിട്ട് നാല്പത്തിനാലു വർഷങ്ങൾ തികയുമ്പോൾ ആ ദീപ്തസ്മരണയ്ക്കു മുമ്പിൽ ആദരപൂർവം കൈകൂപ്പുന്നു. വലിയ വീട്ടിൽ അലക്സാണ്ടർ കോർ എപ്പിസ്ക്കോപ്പാ യുടെ കുടുംബാംഗം എന്ന നിലയിൽ വാത്സല്യവും കരുതലും മേടയിൽ അച്ചൻ എന്നോട് കാണിച്ചിട്ടുണ്ട്. മേടയിലച്ചന്റെ സഭാ സ്നേഹവും ആതുരശുശ്രൂഷാ മനോഭാവവും സാധുക്കളോടുള്ള കരുതലും എന്റെ അജപാലന വഴികളിൽ പ്രചോദനം നല്കുന്നു. ഈ സ്മരണകൾ വരുംതലമുറകൾക്ക് പ്രചോദനവും മാർഗദർശനവുമാകട്ടെ. അവിടവിടെയായി ചിന്നിചിതറികിടന്ന ചരിത്രശകലങ്ങൾ പലസ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് ചരിത്രബോധത്തോടെ ക്രമീകരിച്ച ഈ ഗ്രന്ഥം ചരിത്രപഠിതാക്കൾക്ക് ഒരു മുതൽക്കൂട്ടാണ്. ആയാസകരമായ ഈ യത്നം വിജയകരമായി പൂർത്തിയാക്കിയ മദർ ഫിലോമിന എസ്.ഐ.സി ക്ക് പ്രത്യേക അനുമോദനങ്ങൾ.

Mar Ignatios

✝ ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത
വൈസ് പ്രസിഡന്റ് I, CBCI

അമലഗിരി
20 സെപ്റ്റംബർ 2018

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
EPARCHY OF PATHANAMTHITTA
CATHOLIC BISHOP'S HOUSE, PATHANAMTHITTA - 689 645, KERALA, INDIA

**Most.Rev.Dr.Samuel Mar Irenios**
Co-Adjutor Auxilary Bishop of Pathanamthitta
Chief Vicar General

Date: 18-09-2018



## 'കർമോജ്വല വ്യക്തിത്വം' തലമുറകൾക്ക് വെളിച്ചമാകട്ടെ

മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രം നിരവധി വ്യക്തികളുടെയും കുടുംബങ്ങളുടെയും ചരിത്രവുമായി ഇഴചേർന്നു കിടക്കുന്നു. അതുകൊണ്ടു തന്നെ ഇത്തരം വ്യക്തികളുടെയും കുടുംബങ്ങളുടെയും ചരിത്രരചന സഭാചരിത്ര പഠനത്തിൽ പ്രധാനമാണ്. ബഹുമാനപ്പെട്ട പീലിപ്പോസ് മേടയിലച്ചന്റെ 'കർമോജ്വല വ്യക്തിത്വം' അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം ഏറെ പ്രസക്തമാകുന്നത് അതുകൊണ്ടാണ്.

ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തിനുശേഷം മുമ്പത്തിയൊമ്പതാം ദിവസം, 1930 ഒക്ടോബർ 29 ന് ഇരുപത്തിമൂന്നുകാരനായ ഫാ.പീലിപ്പോസ് മേടയിൽ മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗമായി. 1930 ഡിസംബർ 25 ന് ഒരു ചാപ്പൽ കൂദാശ ചെയ്ത് കുമ്പഴ ഇടവകയ്ക്ക് ആരംഭം കുറിച്ചു. ഈ പ്രദേശത്തുള്ള ആദ്യത്തെ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം. തുടർന്ന് തീക്ഷ്ണമതിയായ ഈ യുവവൈദികൻ മാർ ഈവാനിയോസ് പിതാവിനാൽ പ്രചോദിതനായി നടത്തിയ പടയോട്ടം മലങ്കര കത്തോലിക്കാ സഭാചരിത്രത്തിലെ അവസ്മരണീയമായ അദ്ധ്യായമാണ്. പത്തനംതിട്ടയിലും പ്രാന്തപ്രദേശങ്ങളിലുമായി നാൽത്തിആറിലേറെ ആരാധന സമൂഹങ്ങൾക്ക് അദ്ദേഹം ആരംഭം കുറിച്ചു. മലങ്കര കത്തോലിക്കാ സഭയിലെ സവിശേഷ പ്രാധാന്യമുള്ള നിരവധി ഇടവകകൾ മേടയിലച്ചൻ പടുത്തുയർത്തി. പല ഇടവകകളുടെയും തുടക്കത്തിന്റെ സംഘർഷങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ എത്ര പ്രചോദനാത്മകമാണ്. ഓരോ ഇടവകയുടെയും ആരംഭത്തിൽ നേതൃത്വം നൽകിയ കുടുംബങ്ങൾ, തലയെടുപ്പോടെ പ്രവർത്തിച്ച അൽമായപ്രേഷിതർ ഇടവകയുടെ ഇപ്പോഴത്തെ സ്ഥിതി, ഇടവകയിൽ

www.malankaralibrary.com

നിന്നുള്ള വൈദിക സന്യസ്ത ദൈവവിളികൾ ഇവയെല്ലാം ഈ ഗ്രന്ഥത്തിൽ സിസ്റ്റർ ഫിലോമിന തെളിമയാർന്ന ഭാഷയിൽ അവതരിപ്പിക്കുന്നു.

മേടയിൽ കുടുംബത്തിന്റെ ചരിത്രം അവതരിപ്പിക്കുന്നതിലൂടെ ഈ കുടുംബത്തിന്റെ കുലീനതയും പാരമ്പര്യത്തിന്റെ ശ്രേഷ്ഠതയും വ്യക്തമാകുന്നു മാതൃവഴിയിലും പിതൃവഴിയിലുമുള്ള അന്വേഷണം വെളിപ്പെടുത്തുന്നത് ഈ യാഥാർത്ഥ്യമാണ്. അനുഗ്രഹീത കുടുംബങ്ങളുടെ മഹത്ത്വ രഹസ്യവും ഈ ഗ്രന്ഥത്തിൽ നിന്ന് വായിച്ചെടുക്കാം.... കുടുംബാംഗങ്ങൾ പ്രത്യേകിച്ചും ഹൃദയത്തോടു ചേർത്തുവയ്ക്കേണ്ട ഒരു കൈപ്പുസ്തകമാണ് ''കർമ്മോജ്ജ്വല വ്യക്തിത്വം''.

കുടുംബത്തെ ദൈവാലയമായി പടുത്തുയർത്തിയ കുടുംബനാഥൻ കൂടിയാണ് ബഹു.ഫീലിപ്പോസ് മേടയിലച്ചൻ; മക്കളിൽ ഒരു പിതാവ് ചെലുത്തുന്ന സ്വാധീനത്തിന്റെ മകുടോദാഹരണം. അച്ചന്റെ അപൂർവ്വ വ്യക്തിത്വത്തിന്റെ സവിശേഷതകൾ മകളായ സിസ്റ്റർ ഫിലോമിന കോറിയിടുന്നുണ്ട്. അദ്ദേഹത്തിന്റെ ആകാര സൗഷ്ടവവും, ആരേയും തന്നിലേക്ക് ആകർഷിക്കുവാനുള്ള കഴിവും സരസസംഭാഷണവും കഠിനാദ്ധ്വാന ശീലവും അതിഥി സൽക്കാരത്തിലുള്ള ശ്രദ്ധയും, ആഴമായ ആത്മീയതയുമെല്ലാം ഗ്രന്ഥകാരി സമ്യക്കായി അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മേടയിലച്ചൻ, മാർ ഈവാനിയോസ് പിതാവിനോട് പുലർത്തിയിരുന്ന ഭക്തിയോളമെത്തുന്ന ബന്ധവും, അച്ചന്റെ സഹവൈദികരോടൊത്തുള്ള പ്രവർത്തനങ്ങളും, ജീവിത സായാഹ്നത്തെപ്പറ്റിയുള്ള വിവരങ്ങളുമെല്ലാം ഹൃദയ സ്പർശിയാണ്. മേടയിലച്ചന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പത്തു ലേഖനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നത് ഉചിതമായിട്ടുണ്ടാകും; പല ലേഖനങ്ങളും ഈടുറ്റവയുമാണ്.

ഈ ഗ്രന്ഥ രചനയിൽ സിസ്റ്റർ ഫിലോമിന കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. അനാരോഗ്യം വകവയ്ക്കാതെ ധാരാളം യാത്ര ചെയ്ത്, അനേകരെ നേരിൽ കണ്ടും വിവരങ്ങൾ ശേഖരിക്കുവാൻ ത്യാഗം സഹിച്ചു. ബഹുമാനപ്പെട്ട മേടയിലച്ചന്റെ ഡയറിക്കുറിപ്പ് സമാഹരിച്ച് പ്രസിദ്ധീകരിച്ചതിന്റെ തുടർച്ചയായി അച്ചന്റെ ജീവിതത്തെയും കുടുംബചരിത്രത്തെയും മലങ്കര സുറിയാനി കത്തോലിക്കാസഭാ ചരിത്രത്തെയും കോർത്തിണക്കി മനോഹരമായ ഈ ഗ്രന്ഥം തയ്യാറാക്കി.

ഈ ഗ്രന്ഥത്തിലൂടെ കുമ്പഴയച്ചന്റെ 'കർമ്മോജ്ജ്വല വ്യക്തിത്വം' തലമുറകൾക്ക് കൈമാറുന്നു. ജ്വലിച്ചു നിൽക്കുന്ന ഈ വ്യക്തിത്വം തലമുറകൾക്ക് ആവേശം പകരും. സിസ്റ്റർ ഫിലോമിനയ്ക്ക് ആയുരാരോഗ്യവും എല്ലാ അനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു.

+ Mar Irenios

**ബിഷപ്പ് സാമുവേൽ മാർ ഐറേനിയോസ്**
കാത്തലിക് ബിഷപ്സ് ഹൗസ്
പത്തനംതിട്ട

www.malankaralibrary.com

**SISTERS OF THE IMITATION OF CHRIST**
**Bethany Provincial House, Pathanamthitta**

BETHANY PROVINCIAL HOUSE
PATHANAMTHITTA - 689 645
KERALA, INDIA

20-09-2018

ദൈവം ഓരോ പ്രത്യേക നിയോഗവുമായി ഓരോരുത്തരെ തെരഞ്ഞെടുത്ത് ഈ ലോകത്തിലേക്ക് അയയ്ക്കുന്നു. ജറമിയാ പ്രവാചകന്റെ വിളിവിവരണത്തിൽ നമ്മൾ ഇപ്രകാരം വായിക്കുന്നു. ''നീ അവരെ ഭയപ്പെടേണ്ട, നിന്റെ രക്ഷയ്ക്കു നിന്നോടുകൂടെ ഞാനുണ്ട്; കർത്താവാണിതു പറയുന്നത്. അനന്തരം കർത്താവ് കൈനീട്ടി എന്റെ അധരത്തിൽ സ്പർശിച്ചുകൊണ്ട് അരുളിചെയ്തു. ഇതാ, എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും, ഇടിച്ചുതകർക്കാനും, നശിപ്പിക്കാനും, തകിടം മറിക്കാനും, പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു (ജറമിയാ 1:8-10) കുമ്പഴ അച്ചന്റെ ദൈവവിളിയും ഏതാണ്ട് ഇപ്രകാരമാണെന്ന് നമുക്ക് പറയാൻ സാധിക്കും. പിഴുതെറിയാനും, ഇടിച്ചുതകർക്കാനും, നട്ടുവളർത്താനും ഉള്ള ഒരു വലിയ ഉൾവിളി, പുനരൈക്യത്തിലൂടെ ജന്മമെടുത്ത മലങ്കര കത്തോലിക്കാസഭയുടെ ആദ്യകാല നേതാക്കളിൽ ഒരാൾ, വിശ്വാസത്തിന്റെ പരിച ധരിച്ച ശക്തനായ പോരാളി, ദൈവത്തെ സ്തുതിച്ചാരാധിച്ചു മഹത്വപ്പെടുത്താൻ ദൈവജനത്തിനുവേണ്ടി നിരവധി ദേവാലയങ്ങൾ പണികഴിപ്പിച്ച കർമ്മയോഗി, ഭയം കൂടാതെ ദൈവത്തിന് സാക്ഷ്യം നൽകിയ പുരോഹിതശ്രേഷ്ഠൻ - ഇങ്ങനെ പല രീതിയിൽ ബഹു. അച്ചന്റെ വ്യക്തി പ്രഭാവത്തെ വർണിക്കുവാൻ സാധിക്കും. ഈ അനിതര സാധാരണമായ വ്യക്തിത്വം മൺമറഞ്ഞുപോകാതെ ഇന്നത്തെ തലമുറയ്ക്കു കൂടി അനുഭവവേദ്യമാകത്തക്കവണ്ണം ബഹു. അച്ചന്റെ പ്രിയപ്പെട്ട മകൾ സി. ഫിലോമിനാ അച്ചന്റെ പ്രവർത്തനങ്ങൾ ഗ്രന്ഥരൂപത്തിൽ തയ്യാറാക്കുന്നതിനും, മേടയിൽ കുടുംബാംഗങ്ങൾ അത് പ്രസിദ്ധീകരിക്കുന്നതിനുമായി മുൻകൈ എടുത്തിരിക്കുന്നു. തന്റെ ആരോഗ്യം വകവയ്ക്കാതെ ഈ ഉദ്യമം യാഥാർഥ്യവൽക്കരിക്കാൻ പരിശ്രമിച്ച സി. ഫിലോമിനയെ ബഥനി മിശിഹാനുകരണ സന്യാസിനിസമൂഹം പത്തനംതിട്ട പ്രോവിൻസ് ഏറ്റവുമധികം ശ്ലാഘിക്കുന്നു. കുടുംബാംഗങ്ങൾക്ക് ആശംസകളും, പ്രാർഥനകളും നേരുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ ധീരമായി ഏറ്റുവാങ്ങി അത് പ്രായോഗിക ജീവിതത്തിൽ യാഥാർഥ്യമാക്കിയ ബഹു. കുമ്പഴ മേടയിൽ അച്ചന്റെ ദീപ്ത സ്മരണകൾ അനേകായിരം ഹൃദയങ്ങളിൽ എന്നും നിലനിൽക്കട്ടെ എന്ന പ്രാർത്ഥനയോടെ,

Hridya Sr. S.I.C

മദർ ഹൃദ്യ എസ്.ഐ.സി
*മദർ പ്രൊവിൻഷ്യൽ*
പത്തനംതിട്ട പ്രോവിൻസ്

www.malankaralibrary.com

www.malankaralibrary.com

# പ്രസാധകക്കുറിപ്പ്

കേരളത്തിന്റെ ഗ്രാമീണമേഖലയിൽ സേവനം അർപ്പിക്കുകയും ഏക ദൈവത്തിലും വിശ്വാസത്തിലും അടിയുറച്ച പുനരൈക്യപ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിന് ജീവിതസമർപ്പണം നടത്തുകയും ചെയ്ത വന്ദ്യവൈദികനാണ് കുമ്പഴ അച്ചൻ എന്ന് പരക്കെ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന റവ. ഫാദർ പീലിപ്പോസ് മേടയിൽ. ആ വന്ദ്യതാതന്റെ ജീവിതത്തിലൂടെ സഞ്ചരിച്ച് കർമമേഖലകൾ ദർശിച്ച് കാലപരിണാമത്തിൽ വിസ്മൃതമാകുന്ന ചരിത്രസംഭവങ്ങളെ, സ്ഥാപനങ്ങളെ ആരാധനാകേന്ദ്രങ്ങളെ പുനരടയാളപ്പെടുത്തുകയാണ് ബഹുമാനപ്പെട്ട അച്ചന്റെ പുത്രിയും ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ മുൻ മദർ ജനറലുമായ റവ. സിസ്റ്റർ ഫിലോമിനാ എസ്.ഐ.സി. നിസ്തന്ദ്രമായ പരിശ്രമത്തിന്റെയും ഗവേഷണപഠനത്തിന്റെയും ഫലമാണ് ഈ ചരിത്രപുസ്തകം. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വികാസചരിത്രവും അഭിവന്ദ്യ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ആരാധ്യമായ വ്യക്തി പ്രഭാവവും ഈ ഗ്രന്ഥത്തിൽ ദർശിക്കാം.

ഒരു മഹായത്നത്തിൽ വിജയശ്രീലാളിതയായ ഗ്രന്ഥകർത്രിക്ക് കുടുംബാംഗങ്ങളുടെ പേരിൽ കൃതജ്ഞത രേഖപ്പെടുത്തുന്നു. പുസ്തക രചനയിൽ ആവശ്യമായ വിവരങ്ങൾ നൽകി സഹകരിച്ച എല്ലാവർക്കും നന്ദി. ഇതിന്റെ പ്രസാധനത്തിൽ ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി ഡോ. ജോർജ് ഓണക്കൂർ. ഈ ജീവചരിത്ര ഗ്രന്ഥത്തിന് അവതാരിക എഴുതിത്തന്ന് അനുഗ്രഹിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായുമായ മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, ആശംസകൾ നൽകി അനുഗ്രഹിച്ച പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി, പത്തനംതിട്ട ഭദ്രാസന മെത്രാൻ സാമുവൽ മാർ ഐറേനിയസ് തിരുമേനി, ബഥനി സന്യാസിനി സമൂഹത്തിന്റെ പത്തനംതിട്ട പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ ഹൃദ്യ എസ്.ഐ.സി. എന്നിവർക്കും കൃതജ്ഞത അർപ്പിക്കുന്നു.

സഭാസ്നേഹികളുടെയും വായനക്കാരുടെയും സഹകരണം അപേക്ഷിച്ചുകൊണ്ട് ആദരപൂർവ്വം ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

പത്തനംതിട്ട<br>
സെപ്തംബർ 20, 2018

റോബിൻ ഫിൽ ജെയിംസ്<br>
മേടയിൽ, കുമ്പഴ

www.malankaralibrary.com

www.malankaralibrary.com

# മുഖവുര

ഓരോ കാലഘട്ടത്തിലും അനുയോജ്യരായ അജപാലകരെ ദൈവം സഭയ്ക്കു നൽകുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ശൈശവദശയിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവായ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയോടൊത്ത് അതിന്റെ വികസനത്തിൽ പങ്കുചേരാൻ ദൈവം വിളിച്ചനുഗ്രഹിച്ച പ്രതിഭാശാലിയായ യുവവൈദികനായിരുന്നു യശഃശരീരനായ ഫാദർ പീലിപ്പോസ് മേടയിൽ.

വരുംതലമുറയ്ക്ക് അറിവുപകരേണ്ട ചരിത്രസത്യങ്ങൾ കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് മൂടപ്പെട്ടു പോകാതെ ആലേഖനം ചെയ്യേണ്ടത് ഇന്നത്തെ തലമുറയുടെ ഉത്തരവാദിത്വമാണെന്ന ചിന്തയാണ് ഈ ജീവചരിത്ര രചനയുടെ പ്രചോദനം. ആചാര്യത്വ പദവിയിൽ ആത്മനിറവോടെ ജ്വലിച്ചു നിന്ന വൈദികന്റെ വ്യക്തിത്വത്തെ അനാവരണം ചെയ്യാനുള്ള ഉദ്യമമാണ് ഈ കൃതിയിലൂടെ നടത്തുന്നത്. ഈ ഗ്രന്ഥരചന ദൈവനിയോഗമായി ഞാൻ സ്വീകരിച്ചത് എന്റെ വത്സല സഹോദരങ്ങളുടെയും കുടുംബാംഗങ്ങളുടെയും ആഗ്രഹപ്രകാരമാണ്. പ്രശസ്ത പണ്ഡിതനും സഭാതാരകവും കുടുംബബന്ധുവുമായ പ്രൊഫ. കെ.ടി. സെബാസ്റ്റ്യൻ ഈ ഗ്രന്ഥരചനയ്ക്ക് നൽകിയ പ്രചോദനവും നിർദേശങ്ങളും വിലപ്പെട്ട അനുഭവമായി. ദൈവാശ്രയബോധത്തോടെ, പ്രശ്നങ്ങളിൽ ആത്മധൈര്യത്തോടെ, ആരുടേയും തളർത്തുന്ന വാക്കുകളിൽ ഭീരുവാകാതെ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തെളിയിച്ച പുനരൈക്യപാതയിലൂടെ, വിമർശനങ്ങളുടെ നടുവിലൂടെ പ്രതിസന്ധികൾ തരണം ചെയ്ത് നേട്ടങ്ങൾ സ്വന്തമാക്കിയ മിഷ്യനറിയായിരുന്നു, ഫാദർ പീലിപ്പോസ് മേടയിൽ. കുമ്പഴ അച്ചന്റെ കുടുംബചരിത്രവും വ്യക്തിജീവിതവും മേടയിൽ കുടുംബാംഗമെന്ന നിലയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കർമമണ്ഡലം കേവലം ചരിത്രാഖ്യാനമാണ്. തുടർന്ന് പുനരൈക്യത്തിനുമുമ്പുള്ള ദേവാലയങ്ങൾ, കുമ്പഴ അച്ചൻ സമാരംഭിച്ച ദേവാലയങ്ങൾ, അദ്ദേഹം തുടക്കം കുറിച്ച വിശ്വാസകൂട്ടായ്മകൾ ഇവയെപ്പറ്റി പ്രതിപാദിക്കുന്നു. അനുബന്ധമായി ചേർത്തിരിക്കുന്നത് 1999 ൽ കുമ്പഴ അച്ചന്റെ 25-ാം ചരമവാർഷികത്തിൽ പ്രസിദ്ധപ്പെടുത്തിയ ഓർമപുസ്തകത്തിൽ നിന്നുള്ള ആശംസകളും ലേഖനങ്ങളുമാണ്.

ഈ ഗ്രന്ഥനിർമിതിയിൽ എന്നെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഒട്ടേറെ മഹത്‌വ്യക്തികളും, ബന്ധുജനങ്ങളും സ്ഥാപനങ്ങളുമുണ്ട്. എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. വിവര ശേഖരണത്തിന് ഒട്ടേറെ സ്ഥലങ്ങളും പള്ളികളും സന്ദർശിച്ചു; പലതലമുറകളിൽപെട്ട വ്യക്തികളെ നേരിൽ കണ്ടു, സംസാരിച്ചു; അങ്ങനെ സമാഹരിച്ചതാണ് ഇതിലെ വിവരണങ്ങൾ. എല്ലാവർക്കും കൃതജ്ഞത. എന്റെ യാത്രകളിൽ

www.malankaralibrary.com

എപ്പോഴും ഒപ്പമുണ്ടായിരുന്നത് മേടയിൽ കുടുംബത്തിലെ ഇപ്പോഴത്തെ ഗൃഹനായിക എന്റെ സഹോദര പത്നി ആൻസി ജെയിംസാണ്. ഈ ഗ്രന്ഥ പ്രസാധനത്തിന് മുൻകൈ എടുത്തത് സഹോദരൻ ജെയിംസിന്റെ പുത്രൻ റോബിൻ ഫിൽ ജെയിംസും. ആവശ്യമായ നിർദേശങ്ങളും തിരുത്തലുകളും നൽകി ഈ പുസ്തകം മനോഹരമായി സംവിധാനം ചെയ്യാൻ സഹായിച്ചത് പ്രസിദ്ധ സാഹിത്യകാരനും കുമ്പഴ അച്ചന്റെ കൊച്ചുമരുമകനുമായ ഡോ. ജോർജ് ഓണക്കൂറാണ്. സഹധർമ്മിണി വത്സമ്മയുടെ സഹകരണവും പ്രോത്സാഹനവും ഓർമയിൽ വയ്ക്കുന്നു. കുടുംബാംഗങ്ങൾക്കു പ്രത്യേകം നന്ദി പറയുന്നില്ല. അതു പറഞ്ഞു തീർക്കാൻ കഴിയാത്ത കടപ്പാടാണ്. കൂടുതൽ ദൈവാനുഗ്രഹത്തിനു വേണ്ടി പ്രാർഥന മാത്രം.

ഈ ജീവചരിത്രഗ്രന്ഥത്തിന് അവതാരിക എഴുതി തന്ന് അനുഗ്രഹിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും, തിരുവനന്ത പുരം മേജർ ആർച്ചുബിഷപ്പുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായ്ക്കു പ്രത്യേകമായി കൃതജ്ഞത അർപ്പിക്കുന്നു. ആശംസാസന്ദേശം നൽകി അനുഗ്രഹിച്ച പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ്, മാവേലിക്കര ഭദ്രാസ നാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് ഓരോരുത്തർക്കും ഭക്ത്യാദര പൂർവം നന്ദി അർപ്പിക്കുന്നു.

ബഥനി സന്യാസിനി സമൂഹത്തിന്റെ ബ. മദർ ജനറൽ, മദർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി., ബഥനി പത്തനംതിട്ട പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ഹൃദ്യ ഇവർക്ക് പ്രത്യേകം നന്ദി. ഇതിന്റെ ഡി.റ്റി.പി. ജോലികളും ഡിസൈനിംഗും നിർവഹിച്ച ഷൈനി എൻ. ബേബിക്കും മുദ്രണ ജോലികൾ ഭംഗിയായി നിർവഹിച്ചു തന്ന സെന്റ് ജോസഫ് പ്രസ് അധി കൃതർക്കും ഹൃദയപൂർവ്വം നന്ദി.

സിസ്റ്റർ ഫിലോമിന S.I.C
ബഥനി പ്രൊവിൻഷ്യൽ ഹൗസ്
പത്തനംതിട്ട

പത്തനംതിട്ട
സെപ്റ്റംബർ 20, 2018

www.malankaralibrary.com

## ഉള്ളടക്കം


| | |
|---|---|
| അവതാരിക | 5 |
| അനുഗ്രഹസന്ദേശങ്ങൾ | 7-13 |
| പ്രസാധകകുറിപ്പ് | 15 |
| മുഖവുര | 17 |
| പുനരൈക്യത്തിന്റെ പാതയിലൂടെ | 21 |
| ഫാദർ പീലിപ്പോസ് മേടയിൽ - കുമ്പഴ അച്ചൻ കുടുംബചരിത്രം | 28 |
| മേലേതിൽ തോമസ് വൈദ്യന്റെ അമ്മ (കുമ്പഴ അച്ചന്റെ വല്യമ്മച്ചി) | 35 |
| കുമ്പഴ അച്ചന്റെ അമ്മ (കൈപ്പട്ടൂർ ചക്കാലയിൽ മറിയാമ്മ) | 39 |
| അയിരൂർ ചെമ്പോത്രയിൽ വല്യമ്മച്ചി (കല്ലൂപ്പാറ കാക്കനാട്ടു മറിയാമ്മ) | 42 |
| ഫാദർ പീലിപ്പോസിന്റെ സഹോദരങ്ങൾ | 46 |
| മാതാപിതാക്കളും മക്കളും | 48 |
| കുമ്പഴ അച്ചന്റെ മക്കൾ | 51 |
| ഓർമയിലെ സജീവചിത്രങ്ങൾ | 55 |
| പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ | 62 |
| മരിക്കാത്ത ഓർമകൾ - സംഭവബഹുലമായ വർഷങ്ങൾ | 69 |
| മാർത്തോമ്മാശ്ലീഹാ - പത്തൊൻപതാം ശതാബ്ദി ആഘോഷവും വി. ഫ്രാൻസിസ് സേവ്യറിന്റെ 400-ാം വാർഷികവും | 71 |
| കുമ്പഴ അച്ചനും സഹവൈദികരും | 73 |
| മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊത്ത് | 78 |
| കുമ്പഴ അച്ചന്റെ ജീവിതസായാഹ്നം | 81 |
| ദേവാലയങ്ങൾ | 87 |

www.malankaralibrary.com

**അനുബന്ധം**

(i) മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സന്ദേശം 243

(ii) മോസ്റ്റ് റവ. ഗീവറുഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ സന്ദേശം 245

(iii) റവ. ഫാദർ പീലിപ്പോസ് മേടയിൽ - ഫാ. ഫിലിപ്പ് സി. പന്തോളിൽ 246

(iv) സഭയുടെ നേതൃത്വം - ഫാദർ വർഗീസ് മാവേലിൽ 250

(v) സഭൈക്യ സാരഥി - ഫാദർ വർഗീസ കിളിച്ചിമല 253

(vi) ദർശനവും സാക്ഷ്യവും ഫാദർ - സി.എം. ജോർജ് 259

(vii) ഏതു മേഖലയിലും ഒന്നാമൻ-ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി. 261

(viii) അത്യാകർഷകമായ വ്യക്തിപ്രഭാവം - കെ.ഒ. വർഗീസ് കുരിശിങ്കൽ 268

(ix) ക്രാന്തദർശിയായ ആചാര്യൻ - ജോർജു തൊമ്മി കണ്ടത്തിൽ 271

(ix) പിതൃവന്ദനം - ഡോ. ജോർജ് ഓണക്കൂർ 275

**ചിത്രങ്ങൾ** 281

www.malankaralibrary.com

## പുനരൈക്യത്തിന്റെ പാതയിലൂടെ

ആധുനിക സഭാചരിത്രത്തിലെ അതിപ്രധാനമായ സുദിനമാണ് 1930 സെപ്റ്റംബർ 20. അന്നേദിവസം രാവിലെ ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയേയും, മാർ തെയോഫിലോസ് എപ്പിസ്കോപ്പായേയും കൊല്ലം ആർച്ച് ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനി കത്തോലിക്കാസഭാംഗങ്ങളായി സ്വീകരിച്ചു. ആ ചരിത്രപ്രധാനമായ ദിവസത്തിൽത്തന്നെ ഒപ്പമുണ്ടായിരുന്ന ഫാദർ ജോൺ ഒ.ഐ.സി., അലക്സാണ്ടർ ശെമ്മാശൻ ഒ.ഐ.സി., ബഥനി സ്ഥാപനങ്ങളുടെ മാനേജർ ശ്രീ കിളീലേത്ത് ചാക്കോ എന്നിവർ മാർ ഈവാനിയോസ് തിരമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചൊല്ലി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു; സാർവത്രികസഭയുമായുള്ള പുനരൈക്യം.

'വഴക്കും വ്യവഹാരവും അന്തഃഛിദ്രവും നീങ്ങി, മേലിൽ ഒരു തരത്തിലും അവയൊന്നും തലപൊക്കാത്തവിധം മലങ്കരസഭ ആയിത്തീരണമെങ്കിൽ, ദൈവമഹത്വത്തെയും ആത്മരക്ഷയെയും ജീവിതപ്രമാണമാക്കി ജീവിക്കണമെങ്കിൽ, ക്രിസ്തീയ സഭകളുടെ യോജിപ്പ് പ്രായോഗികമായി ത്തീരണമെങ്കിൽ; സർവോപരി മലങ്കരസഭ ഉദ്ധരിക്കപ്പെടണമെങ്കിൽ; കത്തോലിക്കാസഭയുമായുള്ള പുനരൈക്യം കൊണ്ടല്ലാതെ സാദ്ധ്യമല്ല' എന്ന ഉറച്ച ബോദ്ധ്യത്തിൽ മാർ ഈവാനിയോസ് എത്തിച്ചേർന്നു. അതിന്റെ ഫലമായാണ് പരുമല സുന്നഹദോസിന്റെ തീരുമാനപ്രകാരം, കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള എഴുത്തുകുത്തുകൾ റോമുമായി നടത്തുവാൻ നിയോഗിക്കപ്പെട്ടപ്പോൾ ഈ ദൗത്യം നിർവഹിക്കുവാൻ അദ്ദേഹം ഭരമേറ്റത്. മലങ്കരസഭയുടെ സുസ്ഥിതിക്ക് കത്തോലിക്കാസഭയുമായുള്ള ഐക്യമാണ് ഏകപോംവഴി എന്ന ആശയത്തിൽ ഉറച്ചുനിന്നുകൊണ്ട് പുനരൈക്യത്തിനു വേണ്ടി പോരാടി വിജയം വരിച്ച മഹാനാണ് സത്യാന്വേഷിയായ മാർ ഈവാനിയോസ്.

www.malankaralibrary.com


ഏതാനും ആളുകൾ കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പായുടെ ആത്മീയ നേതൃത്വം അംഗീകരിക്കുകയെന്ന ഒരു ലഘുകർമ്മമായിരുന്നില്ല, പുനരൈക്യം. മറിച്ച്, സ്വന്തം പാരമ്പര്യവും ആരാധനാസമ്പ്രദായവും ഒന്നും ഉപേക്ഷിക്കാതെ, പ്രാചീനവും ചരിത്രപരവും സാർവത്രികവുമായ സഭയോട് ഐക്യപ്പെടുക എന്ന അസാധാരണ നടപടിയത്രേ സംഭവിച്ചത്.

## പുനരൈക്യം – 1930നു മുമ്പ്

1930 ൽ മാർ ഈവാനിയോസ് തിരുമേനി സാർവത്രികസഭയുമായി പുനരൈക്യപ്പെടുന്നതിനു മുമ്പ് 1914 ൽ ആന്നിയിൽ ഗീവറുഗീസ് തരകനും 1916–ൽ സ്വസഹോദരൻ ബ. നൈനാൻ അച്ചനും കൊല്ലം ലത്തീൻ രൂപതയിൽ ചേർന്ന് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു.

1914 ൽ കായംകുളത്തും, മാവേലിക്കരയും ഓരോ ലത്തീൻ പള്ളികൾ ഉണ്ടായിരുന്നു. പിന്നീട് പള്ളിക്കുന്നത്തും നൂറനാട്ടും പള്ളികൾ ഉണ്ടായി. 1921–ൽ ചാരുമ്മൂട്ടിൽ ഒരു ലത്തീൻ ദേവാലയം ആശീർവദിക്കുകയുണ്ടായി. കൊല്ലം ഭദ്രാസനത്തിന്റെ കീഴിൽ ഇന്ന് ചാരുമ്മൂട്ടിൽ കാണുന്ന ദേവാലയം കറ്റാനത്തെ പുനരൈക്യത്തിന്റെ ഫലമായി ഉണ്ടായതാണ്. ശ്രീമാൻ ഗീവറുഗീസ് തരകന്റെയും ബ. നൈനാൻ അച്ചന്റെയും പുനരൈക്യം, ഫാദർ ജേക്കബ് മുളപ്പംപള്ളിൽ ചുനക്കര പടിപ്പുരയ്ക്കലച്ചന്മാർ ഇവരുടെ പുനരൈക്യത്തിനു വഴിതെളിച്ചു. അതിന്റെ സ്വാധീനം പുത്തൻപീടികയിലും അഞ്ചലിലും അനുഭവപ്പെടുകയുണ്ടായി. അഞ്ചലച്ചൻ എന്നറിയപ്പെട്ടിരുന്ന സി.കെ. മത്തായി (സി.എം. ജോർജച്ചന്റെ പിതാവ്) ഇക്കാലത്ത് കൊല്ലം രൂപതയിലേക്ക് പുനരൈക്യപ്പെട്ടു.

1926 ൽ ബ. ജോഷാപീടികയിൽ കോർ എപ്പിസ്കോപ്പായുടെ പിതാവ് ഫാദർ ഗീവറുഗീസ് പീടികയിൽ തന്റെ കുടുംബാംഗങ്ങളും മറ്റ് അനുയായികളുമൊന്നിച്ച് കൊല്ലം ലത്തീൻ രൂപതയിൽ ചേർന്ന് കത്തോലിക്കാ സഭാംഗങ്ങളായി. ലത്തീൻ ഭാഷ അറിയാൻ പാടില്ലാതിരുന്നതിനാൽ ബ. അച്ചന് ലത്തീൻ ആരാധനക്രമത്തിൽ വി. കുർബാന അർപ്പിക്കാൻ സാദ്ധ്യമായിരുന്നില്ല. പുനരൈക്യത്തിനു മുമ്പായി, അഭിവന്ദ്യ ബൻസിഗർ തിരുമേനിയുടെ നിർദേശപ്രകാരം മാന്നാനം കർമ്മലീത്താ ആശ്രമത്തിൽ താമസിച്ച് കൽദായ സുറിയാനിയിൽ അദ്ദേഹം തക്സാപഠനം നടത്തുകയും തുടർന്ന് കൽദായ സുറിയാനിയിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വൈദികനായ പിതാവ്, ഏബ്രഹാം കോർ എപ്പിസ്കോപ്പായിക്ക്, പ്രായാധിക്യം മൂലം ലത്തീൻ ഭാഷയോ, കൽദായ സുറിയാനിയോ

www.malankaralibrary.com


പഠിക്കുന്നതിന് സാദ്ധ്യമാകാത്ത അവസ്ഥയിൽ, പുനരൈക്യപ്പെടണമെന്ന് ആഗ്രഹിച്ചെങ്കിലും 1926 ൽ സ്വന്തം മകനോടൊപ്പം കത്തോലിക്കാസഭയിൽ ചേരുവാൻ സാധിച്ചില്ല. പുനരൈക്യപ്പെട്ടാൽ, ഭാഷവശമില്ലാത്തതിനാൽ, വൈദികനെന്ന നിലയിൽ ബലി അർപ്പിക്കാൻ സാദ്ധ്യമാകാതെ പോകുമെന്നതിനാൽ തന്റെ കുടുംബപ്പള്ളിയായ സെന്റ് മേരീസ് മർത്തമറിയാം പള്ളിയിൽ തന്നെ അദ്ദേഹം തുടർന്നു. കത്തോലിക്കാ സഭാംഗമാകുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും, വിശ്വാസവും പരിഗണിച്ച്, 'യാക്കോബായ തക്സ' ഉപയോഗിച്ചും എന്നാൽ കത്തോലിക്കാ വിശ്വാസമനുസരിച്ച് അവശ്യം വേണ്ട തിരുത്തലുകൾ തക്സായിൽ വരുത്തിക്കൊണ്ടും വി. കുർബാന അർപ്പിക്കുന്നതിനുള്ള പ്രത്യേക അനുവാദം (special permission) കൊല്ലം മെത്രാൻ അഭിവന്ദ്യ അലോഷ്യസ് മരിയ ബൻസിഗർ തിരുമേനി തന്നെ മാർപാപ്പായിൽ നിന്നു അദ്ദേഹത്തിന് വാങ്ങിക്കൊടുക്കുകയുണ്ടായി. വന്ദ്യ എബ്രഹാം കോർ എപ്പിസ്കോപ്പ 1927 ൽ അങ്ങനെ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. "കത്തോലിക്കാ സഭയിലേക്കു ചേരുന്നതിനുള്ള തടസം നീങ്ങി, special permission റോമിൽ നിന്നും ലഭിച്ചു" എന്ന സന്തോഷവാർത്ത മാർ ഈവാനിയോസ് തിരുമേനിയെ അദ്ദേഹം അറിയിക്കുകയുണ്ടായി. പുനരൈക്യത്തിനായി മാർപാപ്പായുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്ന മാർ ഈവാനിയോസ് തിരുമേനിക്ക് ഈ സംഭവം അതീവസന്തോഷവും ഉണർവും നൽകി. പുനരൈക്യ പരിശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇതും കാരണമായി.

1926 നു മുമ്പ് പത്തനംതിട്ട പ്രദേശത്ത് കത്തോലിക്കരായി ആരും തന്നെ ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല ഒരു കത്തോലിക്കാ ദേവാലയം പോലും ഉണ്ടായിരുന്നില്ല. പുനരൈക്യത്തെ തുടർന്ന് ഗീവറുഗീസ് പീടികയിലച്ചൻ തന്റെ 2 ഏക്കർ വസ്തു ഒരു കത്തോലിക്കാപള്ളി സ്ഥാപിക്കുന്നതിനായി കൊല്ലം രൂപതയ്ക്ക് ദാനമായി എഴുതിക്കൊടുത്തു. അവിടെ ഒരു ലത്തീൻ പള്ളി സ്ഥാപിക്കുകയും, അതിന്റെ വികാരിയായി ബ. അച്ചൻ ചാർജു വഹിക്കുകയും ചെയ്തു വന്നു. കത്തോലിക്കാസഭയിലേക്ക് ആളുകളെ ആനയിക്കുന്നതിനായി തീവ്രമായി ആഗ്രഹിക്കുകയും അനേകമാളുകളെ വിവിധ പ്രദേശങ്ങളിൽ നിന്നും പുനരൈക്യപാതയിലേയ്ക്കു നയിക്കുകയും ചെയ്ത മിഷ്യനറിയാണ് ബ. ഗീവറുഗീസ് പീടികയിലച്ചൻ. പുത്തൻ പീടിക - പത്തനംതിട്ട പ്രദേശങ്ങളിലുള്ള യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങൾക്ക് ലത്തീൻ സഭയിൽ ചേരുന്നതിനോട് പൊതുവേ വൈമുഖ്യവും എതിർപ്പുമാണുണ്ടായിരുന്നത്.

ബ. ഗീവറുഗീസ് പീടികയിലച്ചന്റെ പുനരൈക്യത്തെ തുടർന്ന് 1926ൽ

www.malankaralibrary.com


തന്നെ പുനരൈക്യപ്പെട്ട കുടുംബങ്ങളിൽ, പുത്തൻ പീടിക കിഴക്കേതിൽ മാമ്മച്ചന്റെ മക്കൾ : കെ.എം. ഗീവറുഗീസ് വക്കീൽ, കെ.എം. തോമസ്, കെ.എം. ഈശോ, പള്ളത്തു കിഴക്കേതിൽ ഗീവറുഗീസിന്റെ മക്കളായ കൊച്ചു കുഞ്ഞ്, കൊച്ചെപ്പ്, ഗീവറുഗീസ്, തോമസ് എന്നിവരും അവരുടെ കുടുംബാം ഗങ്ങളും ഉൾപ്പെടുന്നു. ഇതിൽ ഗീവറുഗീസ് വക്കീലിന്റെ കൊച്ചുമക്കളാണ് ബ. ജോർജ് ജേക്കബ് അച്ചനും പരേതനായ ജോർജ് ജോണച്ചനും. ഈശോ സാറിന്റെ കൊച്ചുമകനാണ് ബ. പി.റ്റി. ജോർജ് അച്ചൻ. പള്ളത്തു കിഴക്കേ തിലെ കൊച്ചുകുഞ്ഞും, കൊച്ചെപ്പും തണ്ണിത്തോട്ടിലേക്കു കുടിയേറി പാർത്തു. ആ കുടുംബത്തിലെ ഒരു കൊച്ചുമകനാണ് ബ. മാത്യുപുരയ്ക്ക ലച്ചൻ (സിനു അച്ചൻ). കിഴക്കേതിൽ കെ.എം. തോമസിന്റെ മൂന്നു പെൺമ ക്കൾ പരേതരായ സിസ്റ്റേഴ്സ്: സ്ക്കൊളാസ്റ്റിക്ക മേരി എഫ്.ഐ.എച്ച്., റൊമാനാ മേരി എസ്.ആർ.എ., വിൽഹെൽ മീനാ മേരി എസ്.ആർ.എ. എന്നി വർ കൊല്ലം ലത്തീൻ രൂപതയിൽ വിവിധ കോൺവെന്റുകളിൽ സേവനമ നുഷ്ഠിച്ചിരുന്നു. ബ. ലൂയിസ് പീലിപ്പോസച്ചന്റെ വല്യപ്പച്ചൻ (മൂക്കംപൊയ്ക യിൽ കുടുംബം) ബ്രദർ ഫിദേലിസ് ഒ.സി.ഡി. (മാമ്മൂട്ടിൽ കുടുംബം) ഇവ രുടെ കുടുംബങ്ങളും ഇക്കാലത്തു പുനരൈക്യപ്പെട്ടു. സിസ്റ്റർ ലുറാന എസ്. ഐ.സി.യുടെ വല്യപ്പച്ചൻ ശ്രീമാൻ യോഹന്നാൻ (വാഴയിൽ കുടുംബം) 1927 ൽ കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി.

ഇലന്തൂർ നിന്നും 1926-ൽ കൊല്ലം അതിരൂപതയിലേക്കു ചേർന്ന് കത്തോലിക്കാസഭാംഗമായിത്തീർന്ന വൈദികനാണ് ഫാദർ പി.കെ. തോമസ് പതാലിൽ. മലങ്കര സുറിയാനി കത്തോലിക്കാസഭ ഉദയം ചെയ്ത ആദ്യനാ ളുകളിൽ ഇലന്തൂർ പ്രദേശത്തു പുനരൈക്യപ്പെട്ട മലങ്കര മക്കളെ കത്തോ ലിക്കാ വിശ്വാസത്തിൽ ഉറപ്പിച്ച വന്ദ്യ വൈദികനാണ് കൊല്ലന്റേത്തു കുടുംബ ത്തിൽപ്പെട്ട ബ. പതാലിലച്ചൻ. അച്ചന്റെ ജ്യേഷ്ഠന്റെ മക്കളാണ് സിസ്റ്റർ മരിയ ഗൊരെറ്റി, സിസ്റ്റർ മരീന എസ്.ഐ.സി. എന്നിവർ.

പത്തനംതിട്ട പ്രദേശത്തു നിന്നും തൃശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽ ഡിഗ്രിക്കു പഠിച്ചുകൊണ്ടിരുന്ന പുഷ്പപുരം ശ്രീമാൻ സി. ഫിലിപ്പ് കത്തോലിക്കാസഭയെപ്പറ്റി പഠിക്കുകയും കുടുംബത്തിലുള്ളവർ ആരുംതന്നെ പുനരൈക്യപ്പെടുന്നതിനു മുമ്പ് മാതാപിതാക്കളെ അറിയിച്ചശേഷം 1926 ൽ അവിടെ വച്ച് കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തു. നാട്ടിൽ എത്തി യശേഷം പുത്തൻ പീടിക ലത്തീൻ പള്ളിയിൽ അംഗമായി ചേർന്നു. അധികം താമസിയാതെ മകന്റെ സ്വാധീനം കൊണ്ട് തന്റെ പിതാവ് ചെറിയാൻ വക്കീൽ (കിഴക്കേ വീട്ടിൽ പത്രോസ് അച്ചന്റെ അനിയൻ) കത്തോലിക്കാസഭയിൽ ചേർന്നു. അദ്ദേഹത്തോടു കൂടി തന്റെ മൂത്ത അളിയൻ കിഴക്കേടത്ത്

www.malankaralibrary.com


തൈക്കൂട്ടത്തിൽ ഗീവറുഗീസ് (വന്ദ്യ സാമുവൽ തൈക്കൂട്ടത്തിൽ റമ്പാന്റെ വല്യപ്പച്ചൻ) പുനരൈക്യപ്പെട്ടു. ഇരുവരും പുത്തൻ പീടിക ലത്തീൻ പള്ളിയിലെ സജീവപ്രവർത്തകരായിരുന്നു. തൈക്കൂട്ടത്തിൽ ഗീവറുഗീസ് ഉമ്മന്റെ മകനാണ് തൈക്കൂട്ടത്തിൽ വന്ദ്യ സാമുവൽ റമ്പാൻ. പുത്തൻ പീടിക പള്ളിയിലെ സജീവാംഗങ്ങളായി അവിടെ ശുശ്രൂഷകളിൽ അവർ പങ്കുകൊണ്ടു.

പത്തനംതിട്ട നിന്നും പീടിക പറമ്പിൽ ഫാദർ ജെറോം ഒ.ഐ.സി., ബ്രദർ ഫെർഡിനാൻഡ് സി.എം.എസ്.എഫ്. ഇവരുടെ പിതാവ് ശ്രീമാൻ പി.ജി. തോമസ്, ഭഗവതിയേത്ത് (പവ്വത്ത്) ശ്രീമാൻ വറുഗീസ് ഇവർ 1927-ൽ പുത്തൻ പീടിക പള്ളിയിൽ വച്ച് പുനരൈക്യപ്പെട്ട് അവിടെ ഇടവകാംഗങ്ങളായി. പത്തനംതിട്ട മാർത്തോമ്മാ സ്കൂളിനു സമീപം പീടിക പറമ്പിൽ ശ്രീമാൻ തോമസിന്റെ വസ്തുവിൽ കത്തോലിക്കാവിശ്വാസം സ്വീകരിച്ചവർക്കായി താല്ക്കാലികമായി ഒരു ചാപ്പൽ നിർമിച്ചു. അവിടെ കൊല്ലം രൂപതയിൽപ്പെട്ട വൈദികർ ചാരുമ്മൂടുപള്ളിയിൽ നിന്നും വന്ന് വി. കുർബാന അർപ്പിക്കുകയും ശുശ്രൂഷകൾ നടത്തുകയും ചെയ്തുവന്നു. ഈ ദിവ്യ കർമങ്ങൾ അവിടെ അധികകാലം തുടരാൻ ഇടയായില്ല. അകത്തോലിക്കാ സഹോദരങ്ങളുടെ പ്രതിഷേധമുയർന്നു. എതിർപ്പു ശക്തമായി. ഈ സംഘർഷാവസ്ഥയിൽ എതിരാളികൾ ആരാധനാലയം തീവെച്ചു നശിപ്പിക്കുകയാണുണ്ടായത്. പുനരൈക്യപ്പെട്ട കത്തോലിക്കാ വിശ്വാസികൾ ഭഗ്നാശരാകാതെ വിശ്വാസത്തിൽ ഉറച്ചു നിന്നു. പുത്തൻ പീടിക കാവൽ മാലാഖയുടെ പള്ളിയിൽ തന്നെ അംഗങ്ങളായി തുടർന്നു.

പത്തനംതിട്ട നിന്നും 1930 മാർച്ചു മാസത്തിൽ അദ്ധ്യാപകനായിരുന്ന ശ്രീമാൻ കുന്നത്തു കെ.എം. മത്തായിസാർ കായംകുളം ലത്തീൻ പള്ളിയിൽ പോയി, കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി.

## 1930 ലെ പുനരൈക്യം

1930 സെപ്റ്റംബർ 20 നു നടന്ന ചരിത്ര പ്രസിദ്ധമായ പുനരൈക്യ സംഭവം മലങ്കരസഭയാകമാനം വലിയ ചലനം സൃഷ്ടിച്ചു. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടു എന്ന വാർത്ത 'കാട്ടുതീ' കണക്കേ എല്ലായിടത്തും പരന്നു. മലങ്കര സഭയുടെ പ്രതീക്ഷയായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടത് യാക്കോബായ - ഓർത്തഡോക്സ് സഭാവിഭാഗങ്ങൾക്ക് താങ്ങാനാകാത്ത ആഘാതമായി. അതു പിന്നീട് അടങ്ങാത്ത രോഷമായി.

സത്യാന്വേഷിയായ അദ്ദേഹം സഭാധികാരികൾ തന്നെ ഭരമേല്പിച്ച ദൗത്യം - കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ

www.malankaralibrary.com


കത്തോലിക്കാ സഭ കൂട്ടായ്മയിലായികൊണ്ട് നിറവേറ്റുകയുണ്ടായി. കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ XI-ാം പീയുസ് മാർപാപ്പായിൽ നിന്നും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് അംഗീകാരം നേടുകയുണ്ടായി. അങ്ങനെ കലഹത്തിന്റെയും വ്യവഹാരത്തിന്റെയും കൊടുങ്കാറ്റിൽ നിന്നും രക്ഷപ്പെട്ട് ഐക്യത്തിന്റെയും സമാധാനത്തിന്റെയും പാതയിൽ എത്തി ച്ചേർന്നു.

പത്തനംതിട്ട പ്രദേശത്തു നിന്നും അനേകം കുടുംബങ്ങൾ കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്നതിന് ഇതു വഴി തുറന്നു. 1930 സെപ്റ്റംബർ 30-ാം തീയതി പീടിക പറമ്പിൽ ശ്രീമാൻ പി.ജി. തോമസിന്റെ നേതൃത്വത്തിൽ മാർഈവാനിയോസ് മെത്രാപ്പോലീത്തായെ നേരിൽ കാണുന്നതിനായി പത്തനംതിട്ട നിന്നും കുന്നത്തു മത്തായി സാറിന്റെ അനുജൻ കെ.എം. തോമസ് കുന്നത്ത്, സ്കറിയാ കുളങ്ങര, (ഫാദർ തോമസ് കുളങ്ങര, ഫാദർ ജേക്കബ് കുളങ്ങര ഇവരുടെ വല്യപ്പച്ചന്റെ ജ്യേഷ്ഠൻ) തോളൂർ ഉണ്ണൂണ്ണി (സിസ്റ്റർ സാരൂപ്യ എസ്.ഐ.സി.യുടെ വല്ല്യപ്പച്ചൻ) മണ്ണിൽ പാപ്പി (സിസ്റ്റർ സിസിലിയാ എസ്.ഐ.സി.യുടെ പിതാവ്) ഇവർ അനേകം മൈലുകൾ കാൽനടയായി സഞ്ചരിച്ച് കല്ലൂപ്പാറ എത്തി. മാർ ഈവാനിയോസ് തിരുമേനിയെ കണ്ട് പുനരൈക്യാലോചനകൾ നടത്തുകയും എത്രയും വേഗം കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടണമെന്നുള്ള ആഗ്രഹം അറിയിക്കുകയും ചെയ്തു. മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നവരിൽ ആദ്യത്തെ മൂന്നുപേരും മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ, സത്യപ്രതിജ്ഞ ചെയ്ത് അന്നുതന്നെ പുനരൈക്യപ്പെടുകയുണ്ടായി. മണ്ണിൽപാപ്പി തിരിച്ചുവന്ന് കുടുംബക്കാരുമായി ആലോചിച്ചശേഷം പിന്നീട് കത്തോലിക്കാസഭയിൽ അംഗമായിച്ചേർന്നു. പുനരൈക്യപ്പെട്ടവർ പുത്തൻ പീടിക ലത്തീൻ പള്ളിയിൽ അംഗങ്ങളായി ചേർന്ന് ആത്മീയകാര്യങ്ങൾ നിർവഹിച്ചുവന്നു.

1930 ഒക്ടോബർ 29 ന് ഫാദർ പീലിപ്പോസ് മേലേതിൽ മാവേലിക്കര വച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗമായി. പത്തനംതിട്ട പ്രദേശത്ത് മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട ആദ്യവൈദികൻ അദ്ദേഹമായിരുന്നു. അന്നു ഇവിടെ മലങ്കര കത്തോലിക്കർക്ക് പള്ളികളൊന്നും ഉണ്ടായിരുന്നില്ല. 1930 ഡിസംബർ 25 ന് കുമ്പഴ ഒരു ചാപ്പൽ മലങ്കര സുറിയാനി കത്തോലിക്കർക്കായി നിർമിച്ച് കുമ്പഴ ഇടവക ആരംഭിച്ചു. ഈ പ്രദേശത്തെ ആദ്യ മലങ്കര കത്തോലിക്കാ ഇടവകയായിരുന്നു അത്. പുനരൈക്യപ്പെട്ട

www.malankaralibrary.com


ആദ്യകാല വിശ്വാസികൾ ഈ പള്ളിയിൽ കുമ്പഴ അച്ചൻ പരികർമ്മം ചെയ്തിരുന്ന വി. കുർബാനയിലും ശുശ്രൂഷകളിലും സംബന്ധിച്ചിരുന്നു.

യുവവൈദികനായ കുമ്പഴ അച്ചന്റെ പുനരൈക്യം പത്തനംതിട്ടയും പരിസരപ്രദേശങ്ങളിലും വലിയ കോളിളക്കം സൃഷ്ടിച്ചു. മാർ ഈവാനിയോസ് തിരുമേനിക്കും പുനരൈക്യ പാതയിലേക്കു കടന്നുവന്ന വിശ്വാസികൾക്കുമെതിരേ ആക്ഷേപങ്ങൾ ഉയർന്നു. കുമ്പഴ, മൈലപ്ര, വടക്കുപുറം കിഴക്കുപുറം, കോന്നി, കല്ലേലി തുടങ്ങിയ മലയോര പ്രദേശങ്ങളിൽ നിന്നും മലങ്കര കത്തോലിക്കാ സഭയിലേക്ക് അനേകം കുടുംബങ്ങളെ കുമ്പഴ അച്ചൻ പുനരൈക്യപ്പെടുത്തുകയുണ്ടായി. അതിന് ധാരാളം പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവന്നു. ദേവാലയങ്ങളില്ല, പട്ടക്കാരില്ല, ശവക്കോട്ടകൾ നിർമിക്കുന്നതിനോ, ആരെങ്കിലും മരിച്ചാൽ സംസ്കാരം നടത്തുന്നതിനോ സാദ്ധ്യമാകാതെ പ്രശ്നങ്ങളിൽ കുടുങ്ങിയ പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ. പ്രശ്നസങ്കീർണമായ ആദ്യദശകങ്ങളിൽ ദൈവത്തിന്റെ അദൃശ്യകരങ്ങൾ വഴിനടത്തി പരിപാലിച്ചു.

1931 ൽ ഇലന്തൂർ പ്രദേശത്തു നിന്നും കത്തോലിക്കാ സഭയുടെ പൈതൃകവും പാരമ്പര്യവും തിരിച്ചറിഞ്ഞ് ദൈവനിയോഗത്താൽ പുനരൈക്യപ്പെടുകയും പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി അത്യധ്വാനം ചെയ്കയും ചെയ്ത വൈദികനാണ് ഫാദർ ഇടിച്ചെറിയ തോമസ് വടക്കേക്കര. ബ. അച്ചന്റെ അനുജന്റെ മക്കളാണ് വടക്കേക്കര കുടുംബത്തിൽപെട്ട പരേതരായ വന്ദ്യ ഫാദർ ജോർജ് മൂത്തേരിൽ, ഫാദർ അമ്പ്രോസ് ഒ.ഐ.സി. മൂത്തേരിൽ എന്നിവർ.

1932 ൽ ഇലന്തൂർ പ്രദേശത്തു നിന്നും പുനരൈക്യപ്പെട്ട വന്ദ്യവൈദികനാണ് ഫാദർ ഏബ്രാഹാം താഴെയിൽ പുളിന്തിട്ട. മാർത്തോമ്മാ സഭയിൽ നിന്നും പുനരൈക്യപ്പെട്ട ബ. അച്ചൻ, ഫാദർ ജോൺ താഴയിൽ അച്ചന്റെ വല്യപ്പച്ചനാണ്. മാർത്തോമ്മാ സഭയിൽ ഒരു വൈദികനായി പുന്നക്കാട്ട് വാഴേപ്പള്ളി മാർത്തോമ്മാപള്ളി വികാരിയായിരിക്കുമ്പോൾ, പരേതനായ വന്ദ്യ ജോസഫ് ഞായല്ലൂർ റമ്പാന്റെ പിതാവായ ഞായല്ലൂർ ശ്രീമാൻ ജോൺസാറിന്റെ പ്രേരണമൂലമാണ് അദ്ദേഹം കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുന്നതിനിടയായത്. 1932 ൽ പട്ടം സെന്റ് അലോഷ്യസ് സെമിനാരി ചാപ്പലിൽവച്ച് അദ്ദേഹം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗമായി. ശിഷ്ട ജീവിതം മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ നിസ്തുലമായ സേവനമനുഷ്ഠിക്കുകയുണ്ടായി. 1943 ൽ അദ്ദേഹം ദിവംഗതനായി.

www.malankaralibrary.com

## ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ)

### കുടുംബചരിത്രം

ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹ പാലയൂർ ഗ്രാമത്തിൽ നിന്നും ക്രിസ്തുമതത്തിലേക്കു സ്വീകരിച്ച ബ്രാഹ്മണ കുടുംബങ്ങളിൽപ്പെട്ട ഏതാനും അംഗങ്ങൾ കുറവില്ലാനാടായ, കുറവിലങ്ങാട്ടു മാറി താമസിക്കുകയും കുറവിലങ്ങാട് പള്ളി സ്ഥാപിക്കുകയും ചെയ്തു. ശങ്കരപുരി, പകലോമറ്റം, കാളികാവ് മുതലായ കുടുംബങ്ങളിൽ നിന്നും നിരണം, മാവേലിക്കര, തുമ്പമൺ, തിരുവല്ല, അയിരൂർ, കോഴഞ്ചേരി, പുത്തൻകാവ്, കടമ്പനാട് മുതലായ സ്ഥലങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾ കുടിയേറ്റക്കാരായി താമസിച്ചു വന്നിരുന്നു. ഈ സുറിയാനിക്കാരുടെ പിന്മുറക്കാരായ കൃഷിക്കാർ ഉദ്ദേശം 400 കൊല്ലങ്ങൾക്കു മുമ്പ് കുടിയേറി പാർത്ത സ്ഥലമാണ്, കുമ്പഴയും പരിസരപ്രദേശങ്ങളും.

ആദ്ധ്യാത്മിക കാര്യങ്ങൾക്കായി ആദ്യം കടമ്പനാട്ടും തുടർന്ന് അടൂർ കണ്ണങ്കോട്ടു പള്ളിയിലും ഓമല്ലൂരും അവർ കൂടി നടന്നു. കുമ്പഴ പ്രദേശത്ത് സുറിയാനി ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിച്ചപ്പോൾ, കുമ്പഴ പടിഞ്ഞാറുഭാഗത്ത് ഒരു പള്ളി സ്ഥാപിച്ച് അവിടെ കൂടിനടന്നു.

തുമ്പമൺ പറപ്പള്ളി കുടുംബത്തിൽ നിന്നും തലയെടുപ്പുള്ള 4 അപ്പന്മാർ (സഹോദരങ്ങൾ) കുടുംബസമേതം ഇന്നത്തെ കുമ്പഴ ജംഗ്ഷനു സമീപം പടിഞ്ഞാറു ഭാഗത്തു വന്ന് വാസമുറപ്പിച്ചു. അന്ന് പ്രസ്തുത സ്ഥലം കാട്ടുപ്രദേശമായിരുന്നു. ഇവിടെ വാസമാക്കിയ കുടുംബങ്ങൾ.

1. മേലേതിൽ കുടുംബം
2. മേലേ മേമുറിയിൽ കുടുംബം
3. ഇടമുറിയിൽ കുടുംബം
4. പടിഞ്ഞാറേ മുറിയിൽ കുടുംബം

പിൽക്കാലത്ത് കുമ്പഴ നെടുമാനാൽ കേന്ദ്രമാക്കിയും മേലേതിൽ

www.malankaralibrary.com


കുടുംബക്കാർ താമസമായി. കുമ്പഴ നെടുമാനാൽ കേന്ദ്രമാക്കി വാസമുറപ്പിച്ച കാരണവരുടെ നാമം പീലിപ്പോസ് എന്നായിരുന്നു. "അമ്പോറ്റി അപ്പച്ചൻ" എന്നറിയപ്പെട്ടിരുന്ന അദ്ദേഹം എല്ലാവർക്കും ആദരണീയനും, പ്രിയപ്പെട്ടവനുമായിരുന്നു. അദ്ദേഹത്തെ കാരണവരായി എല്ലാവരും കരുതി ബഹുമാനിച്ചുപോന്നു. അദ്ദേഹം രണ്ടു വിവാഹം കഴിച്ചു. ആദ്യവിവാഹം കുമ്പഴ മൂലമുറിയിൽ നിന്നും. ആ വകയിൽ രണ്ടുമക്കൾ ഉണ്ടായിരുന്നു. ഒരു മകനും ഒരു മകളും. മകന്റെ പേര് പീലിപ്പോസ്. കുമ്പഴ ജംഗ്ഷനു പടിഞ്ഞാറു താമസിച്ചിരുന്നതിനാൽ 'പടിഞ്ഞാറേ അപ്പൻ' എന്നറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന് അഞ്ചു മക്കൾ ഉണ്ടായിരുന്നു.

| | |
|---|---|
| 1. തോമസ് വൈദ്യൻ | കുമ്പഴ പടിഞ്ഞാറേ മേലേതിൽ |
| 2. യോഹന്നാച്ചൻ | കുമ്പഴ പടിഞ്ഞാറേ മേലേതിൽ |
| 3. മത്തായിച്ചൻ | കുമ്പഴ പടിഞ്ഞാറേ മേലേതിൽ |
| 4. മറിയാമ്മ | കടയ്ക്കാട്ടു വിവാഹം കഴിപ്പിച്ചയച്ചു |
| 5. അന്നമ്മ | ളാക്കൂർ വിവാഹം കഴിപ്പിച്ചയച്ചു |

മേലേതിൽ കുടുംബക്കാർ കുമ്പഴ ജംഗ്ഷനു പടിഞ്ഞാറുള്ള സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ ഇടവകക്കാരായിരുന്നു. അമ്പോറ്റി അപ്പച്ചൻ രണ്ടാം കല്യാണം കഴിച്ചത് നിലയ്ക്കൽ നിന്നും ഏനാത്തു വന്നു താമസിച്ച 5 അപ്പന്മാരിൽ ഒരാളുടെ മകനായ ഇടിച്ചാണ്ടി മുതലാളിയുടെ പെങ്ങളെയാണ്. ഇടിച്ചാണ്ടി മുതലാളിയുടെ മകൻ ആണ്, പ്രസിദ്ധനായ മത്തായി വൈദ്യൻ. വൈദ്യ പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ നിന്നുമായിരുന്നു കുമ്പഴ തോമസ് വൈദ്യന്റെ അമ്മ.

ആ വിവാഹത്തിൽ രണ്ടു മക്കൾ ജനിച്ചു. ഒരു മകനും ഒരു മകളും. മകൻ തോമസ് വൈദ്യൻ മേലേതിൽ കുമ്പഴ (നെടുമാനാൽ). മകളെ കടയ്ക്കാട്ട് വിവാഹം കഴിപ്പിച്ചയച്ചു.

## അമ്പോറ്റി അപ്പച്ചൻ

പീലിപ്പോസ് മേലേതിൽ വലിയ ഭക്തനും ക്രിസ്തീയമായ എല്ലാ കാര്യങ്ങളിലും നിഷ്കർഷയും നിഷ്ഠയുമുള്ള ആളുമായിരുന്നു. അപ്പച്ചനെ എല്ലാവർക്കും ബഹുമാനമായിരുന്നു. സന്യാസിമാരെപ്പോലെ ഏഴുയാമങ്ങളിലും പ്രാർഥിച്ചിരുന്നു. നാട്ടിലുള്ളവർ അദ്ദേഹം പറയുന്ന കാര്യങ്ങൾക്ക് വില കല്പിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു.

ഒരു സംഭവം അനുസ്മരിക്കുന്നു–

ഒരിക്കൽ അമ്പോറ്റി അപ്പച്ചൻ എങ്ങോ യാത്രപോയി ക്ഷീണിച്ചു

www.malankaralibrary.com


വരുമ്പോൾ വഴിയിൽ ഒരു ആൾക്കൂട്ടം കണ്ടു. അടുത്തു ചെന്നപ്പോൾ കണ്ട കാഴ്ച പരമദയനീയം. ഒരു പെൺകുട്ടിയെ അവളുടെ അപ്പൻ ദേഷ്യപ്പെട്ട് അടിക്കുന്നു. ജനം നോക്കി നിൽക്കുന്നു. അപ്പച്ചൻ ധൈര്യമായി അടുത്തു ചെന്ന് ചോദിച്ചു. "ഈ മകളല്ലാതെ എത്ര മക്കളുണ്ട്? ഈ ഒരു മകളേ ഉള്ളൂ എനിക്ക്." അപ്പച്ചൻ പറഞ്ഞു. "ഇവളെ ഈ വടി കൊണ്ടല്ല അടിക്കേണ്ടത് ഉലക്കകൊണ്ടാ അടിക്കേണ്ടത്." അയാൾ പെട്ടെന്ന് അടി നിർത്തി. വടി താഴെ ഇട്ടു. ശാന്തനായി. അപ്പച്ചന്റെ ആജ്ഞാശക്തി, ജനക്കൂട്ടം അമ്പരന്നു. അപ്പച്ചന്റെ ഇടപെടൽ ഫലമണിഞ്ഞു. ആൾക്കൂട്ടം പിരിഞ്ഞുപോയി. വലിയ ദൈവാധീനമുള്ള ആൾ ആയിരുന്നു അമ്പോറ്റി അപ്പച്ചൻ.

ഒരു സംഭവകഥ കൂടി എഴുതട്ടെ. അമ്പോറ്റി അപ്പച്ചൻ തന്റെ സ്നേഹിതനായ വക്കീൽ, പത്രോസ് മത്തായിയുമായി വളരെ ലോഹ്യത്തിൽ കഴിഞ്ഞിരുന്നു. വലിയ പണ്ഡിതനായിരുന്നു വക്കീൽ. ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കും. അപ്പച്ചന് ഇംഗ്ലീഷ് വശമില്ല. എന്നാൽ വളരെ ബുദ്ധിമാനായിരുന്നു. തമ്മിൽ കണ്ടു സംസാരിക്കുമ്പോൾ അപ്പച്ചൻ സുഹൃത്തിനോട് പറഞ്ഞിരുന്നു "ഒരു കാര്യം മാത്രം. എന്നോട് ഇംഗ്ലീഷിൽ ഒന്നും ചോദിച്ചേക്കരുതേ."

ഒരിക്കൽ അപ്പച്ചൻ വക്കീലിന്റെ വീട്ടിൽ ചെന്നു.

അപ്പച്ചൻ: വക്കീൽ ഇവിടെയില്ലേ?

വക്കീലീന്റെ ഭാര്യ: ഇവിടില്ല. (ധാർഷ്ട്യസ്വരത്തിൽ)

ആ അവസരത്തിൽ ഒരു ഭിക്ഷക്കാരൻ പടിക്കൽ വന്നു. "എന്തെങ്കിലും തരണേ" എന്ന് യാചിച്ചു.

ഭാര്യ: "എടോ തനിക്ക് വല്ല തൊഴിലും ചെയ്ത് ജീവിക്കരുതോ ഇങ്ങനെ നടക്കാതെ?" അപ്പച്ചന് ഈ സംസാരം ഇഷ്ടപ്പെട്ടില്ല. പെട്ടെന്ന് തന്റെ കൈവശമുണ്ടായിരുന്ന കാശ് അയാൾക്ക് കൊടുത്തു. അയാൾ സന്തോഷമായി നടന്നുനീങ്ങി. കൈവശമുണ്ടായിരുന്ന ഓലത്തുണ്ടിൽ എന്തോ കുറിമാനം കുറിച്ച് കുടുംബിനിയെ ഏൽപിച്ചിട്ട് പറഞ്ഞു: "വക്കീൽ വരുമ്പോൾ ഇതു കൊടുക്കുമല്ലോ?" വക്കീൽ വൈകിട്ട് വീട്ടിൽ എത്തി.

വക്കീൽ: "ആരെങ്കിലും വന്നിരുന്നോ?"

ഭാര്യ: "നീണ്ട താടിക്കാരൻ വന്നിരുന്നു."

വക്കീൽ: എന്തുപറഞ്ഞു?

ഭാര്യ: "ഒരു ഓലത്തുണ്ടു തന്നു. ഇതാ."

വക്കീൽ വാങ്ങി വായിച്ചു. വക്കീൽ ദേഷ്യപ്പെട്ട് ഭാര്യയുടെ മുടിക്കുത്തിൽ പിടിച്ച് വെളിയിലേയ്ക്ക് ഉന്തി തള്ളിക്കൊണ്ടു പറഞ്ഞു. "കഷ്ടം!

www.malankaralibrary.com


എന്റെ വീട്ടിൽ വരുന്നവരെ തിരിച്ചറിയാൻ പറ്റാത്ത ഭാര്യ...."

വക്കീൽ വല്ലാതെ വിഷമിച്ചു. മാസം നാലു കഴിഞ്ഞു. വക്കീൽ അപ്പച്ചന് ഒരു ക്ഷണക്കത്ത് കൊടുത്തയച്ചു. വീട്ടിലേക്ക് ചെല്ലണമെന്ന് താൽപര്യപ്പെട്ട്. അപ്പച്ചന് വിഷമമായി.

"എങ്ങനെ പോകും? പോയില്ലെങ്കിൽ പ്രശ്നമാകുമല്ലോ." മനസ്സിൽ പറഞ്ഞു. ക്ഷണപ്രകാരം വീട്ടിൽ പോയി. വക്കീൽ മാന്യമായി സ്വീകരിച്ചു. പ്രമാണികളോടൊപ്പം ഇരിപ്പിടം നൽകി. ഇരുത്തി സൽക്കരിച്ചു. ഭക്ഷണം കഴിഞ്ഞ് വെറ്റില മുറുക്കാൻ കൊടുത്തു. കുശലപ്രശ്നങ്ങൾ കഴിഞ്ഞ്

വക്കീൽ: "വൈദ്യരെ ലോകത്തിലെ ഏറ്റവും വലിയ ആഭരണം ഏതാണ്?"

അപ്പച്ചൻ: "എന്റെയും നിങ്ങളുടെയും ഏറ്റവും വലിയ ആഭരണം നമ്മുടെ നാവ്."

വക്കീലിനു കാര്യം മനസ്സിലായി.

അപ്പച്ചന്റെ ബുദ്ധി അപാരമായിരുന്നു. അദ്ദേഹം എല്ലാ ചോദ്യങ്ങൾക്കും ശരിയായി ഉത്തരം നൽകുമായിരുന്നു. തന്മൂലം വീണ്ടും ചോദ്യം ഉന്നയിക്കാൻ വക്കീൽ മുതിർന്നില്ല.

## കുമ്പഴ പള്ളിവെപ്പ്

പള്ളിപ്പെരുന്നാളിൽ മണിയടിക്കുന്ന ക്രമം സംബന്ധിച്ചുണ്ടായ തർക്കം, കുമ്പഴ കിഴക്കേ ഓർത്തഡോക്സ് പള്ളി നിർമിക്കുന്നതിന് ഹേതുവായി 1,2,3,4,2 – 12 മണി. ഓരോ വകുപ്പും നിർത്തി നിർത്തി അടിക്കണം. പിന്നീട് നിർത്തി, കൂട്ട മണി 18 – പ്രാവശ്യം. പല അഭിപ്രായങ്ങൾ മണിയടിയെ ചൊല്ലി ഉണ്ടായി. ബഹളമായി. തർക്കം മൂത്ത് പരസ്പരം അടിയായി. 2 ദിവസം കഴിഞ്ഞ് അമ്പോറ്റി അപ്പച്ചൻ ദേവാലയത്തിൽ വന്നു. അകത്തു കയറാതെ കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ മുറ്റത്തു കമഴ്ന്നു വീണു പ്രാർഥിച്ചു. "എന്നോട് കോപിക്കരുത്. അമ്മച്ചീ! ഞാൻ ഇനിയും ഇങ്ങോട്ടില്ല.'' പിന്നീട് മാക്കാംകുന്നു സെന്റ് സ്റ്റീഫൻസ് പള്ളിയിലാണ് 6 വർഷക്കാലം കൂടി നടന്നത്. കുമ്പഴക്കാർ 10, 12 വീട്ടുകാർ വേറൊരു പള്ളി വീടിനടുത്തു വേണമെന്ന നിവേദനവുമായി അപ്പച്ചന്റെ നേതൃത്വത്തിൽ പരുമല ഗ്രിഗോറിയോസ് തിരുമേനിയെ കണ്ട് സങ്കടമുണർത്തിച്ചു. "സമാധാനമില്ല. വേറെ പള്ളി വേണം." "കുമ്പഴയിൽ വേറെ ഒരു ഓർത്തഡോക്സ് പള്ളിയുടെ ആവശ്യമില്ല." തിരുമേനി ഇപ്രകാരം കല്പിച്ച് അവരെ തിരികെ അയച്ചു.

www.malankaralibrary.com


അവർ നിരാശയായി. പിന്നീട് അഭിവന്ദ്യ വട്ടശേരിൽ മാർ ദിവന്നാസി യോസ് തിരുമേനിയെ പല പ്രാവശ്യം സമീപിച്ച് സങ്കടമുണർത്തിച്ചു. ഒടുവിൽ സ്ഥലം ഏതെന്ന് കാണിക്കണമെന്ന് ആവശ്യപ്പെട്ടു. കുമ്പഴക്കാരൻ കുറുപ്പിന്റെ വക സ്ഥലം വാങ്ങുന്നതിന് അമ്പോറ്റി അപ്പച്ചൻ നേതൃത്വം നൽകി. കുറുപ്പിന് അപ്പച്ചനോട് വലിയ സ്നേഹവും ബഹുമാനവുമായിരുന്നു. സുഹൃത്തായ കുറുപ്പിന്റെ വസ്തു തുച്ഛമായ വിലയ്ക്കു ലഭിച്ചു. ഏതാനും ആഴ്ചകൾക്കുള്ളിൽ ഒരു ചെറിയ ചാപ്പൽ അവിടെ രൂപം കൊണ്ടു. ചാപ്പലിന് കല്ലിടിൽ ചടങ്ങ് നടത്തിയതും, കൂദാശകർമ്മം നിർവഹിച്ചതും വട്ടശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തന്നെയായിരുന്നു. പരിമിതമായ സാഹചര്യത്തിൽ ഓലമേഞ്ഞ ഷെഡിൽ ഒരു വർഷക്കാലത്തോളം വി. കുർബാനയും കൂദാശാകർമങ്ങളും നടന്നു. അങ്ങനെയിരിക്കെ ഒരു ദിവസം പള്ളിയില്ലാതായി. ആരോ ശത്രുക്കൾ തീ വെച്ച് നശിപ്പിച്ചു. എല്ലാം കത്തി ചാമ്പലായിക്കിടക്കുന്ന ദയനീയാവസ്ഥയിൽ പള്ളിയിൽ കൂടി നടന്ന വിശ്വാസികൾ ഏറെ വേദനിച്ചു. മനംമടുക്കാതെ വീണ്ടും ഒരു ചെറിയ പള്ളി അവിടെ തന്നെ പണിതുയർത്തി. ഉത്തരനിരപ്പുവരെയായി. തൊണ്ണൂറ്റൊൻമ്പതിലെ അതിശക്തമായ കാറ്റും, മഴയും, വെള്ളപ്പൊക്കവും, നാട്ടിൽ കടുത്ത നാശങ്ങൾ വരുത്തിയതു സുപ്രസിദ്ധമാണല്ലോ. അക്കൂട്ടത്തിൽ പണിതു തീരാറായ പള്ളിയും നിലംപരിശായി. പിന്നീട് നിർമിച്ച മൂന്നാമത്തെ പള്ളിയാണ് സെമിത്തേരിയോട് ചേർന്ന് റോഡരികിലുണ്ടായിരുന്ന ശെമ്ഓൻ ദെസ്തുനി പള്ളി. കുറേ കുടുംബക്കാർ കുമ്പഴ പടിഞ്ഞാറേ പള്ളിയിൽ നിന്നും പിരിഞ്ഞ് കിഴക്കേ ഓർത്തഡോക്സ് പള്ളിക്കാരായി. അമ്പോറ്റി അപ്പച്ചന്റെ കുടുംബം ഈ പള്ളിയിലെ ഇടവകാംഗങ്ങളായി. അമ്പോറ്റി അപ്പച്ചന്റെ കല്ലറ ഇന്നും അവിടെ പൂജ്യമായി സൂക്ഷിക്കപ്പെടുന്നു. ഫാദർ പീലിപ്പോസ് മേടയിൽ, 1929–ൽ മരണമടഞ്ഞ അമ്പോറ്റി അപ്പച്ചനു വേണ്ടി ആണ്ടുതോറും വി. കുർബാന ജൂലൈ 4 ന് അർപ്പിച്ചിരുന്നു. ഇന്ന് പടിഞ്ഞാറേ മേലേതിൽ തോമസ് വൈദ്യന്റെ കുടുംബം പുതിയ ശെമഓൻ ദെസ്തുനി ഓർത്തഡോക്സ് പള്ളിയിൽ തന്നെ തുടരുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ ബഹു. ശെമവൂൻ റമ്പാൻ സ്ലീബാദാസ സമൂഹത്തിലെ അംഗമാണ്. 1930 വരെ കുമ്പഴ മേലേതിൽ തോമസ് വൈദ്യനും കുടുംബവും കിഴക്കേ മലങ്കര സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ ഇടവകാംഗങ്ങളായിരുന്നു.

പടിഞ്ഞാറേ മേലേതിൽ യോഹന്നാച്ചന്റെയും *മത്തായിച്ചന്റെയും കുടുംബങ്ങൾ ഫാദർ പീലിപ്പോസ് മേലേതിലിന്റെ പുനരൈക്യത്തെ തുടർന്ന് പുനരൈക്യപ്പെടുകയും കുമ്പഴ മലങ്കര സുറിയാനി കത്തോലിക്കാ

---

* മത്തായിച്ചന്റെ പിൻതലമുറക്കാരനാണ് ബ്രദർ സ്റ്റാൻലി തോമസ് ഒ.ഐ.സി., നെടിയവിള പുത്തൻവീട്, ഏനാത്ത്

www.malankaralibrary.com


പള്ളിയിലെ ഇടവകക്കാരായി തീരുകയും ചെയ്തു. ഫാദർ പീലിപ്പോസ് മേലേതിൽ തന്റെ പൗരോഹിത്യത്തെ തുടർന്ന് ഒരു വർഷക്കാലം വി.കുർബാന അർപ്പിച്ചിരുന്നത് സെമിത്തേരിയോടു ചേർന്നുണ്ടായിരുന്ന ശെമ് ഓൻ ദെസ്തുനി പള്ളിയിലാണ്.

സഭാസ്നേഹിയായ ഫാദർ പീലിപ്പോസ് മേടയിൽ, കുമ്പഴ മേലേതിൽ പ്രസിദ്ധനായ തോമസ് വൈദ്യന്റെയും കൈപ്പട്ടൂർ ചക്കാലയിൽ മറിയാമ്മയുടെയും മകനായി 1907 ഏപ്രിൽ 23-ാം തീയതി ജനിച്ചു. ചെറുപ്പത്തിൽ ഉണ്ണിക്കുഞ്ഞ് എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്നു. മാമോദീസാ പേര് പീലിപ്പോസ്. വീട്ടുകാരുടെയും നാട്ടുകാരുടെയും കണ്ണിലുണ്ണിയായി വളർന്നുവന്ന ഉണ്ണിക്കുഞ്ഞ് സ്കൂൾ പഠനത്തെ തുടർന്ന് വൈദിക പരിശീലനത്തിനായി സെമിനാരിയിൽ ചേർന്നു. വൈദ്യപാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് വൈദികനാകാനായിരുന്നു നിയോഗം. കല്ലിശേരി യാക്കോബായ പള്ളിയിൽ വെച്ച് ശെമ്മാശപട്ടം സ്വീകരിച്ചു. ശെമ്മാശനായിരിക്കുമ്പോൾ അയിരൂർ വലിയ ചെമ്പോത്രയിൽ, യാക്കോബായ സഭയിലെ പ്രമുഖ പട്ടക്കാരനായ സ്കറിയാ കത്തനാരുടെ (7 ആൺമക്കളും 1 പെൺകുട്ടിയും) അഞ്ചാമത്തെ മകനായ യോഹന്നാച്ചന്റെ മൂത്തമകൾ അന്നമ്മയെ 1103 ചിങ്ങം 19-ാം തീയതി മഞ്ഞനിക്കര യാക്കോബായ പള്ളിയിൽ വെച്ച് പാത്രിയർക്കീസ് കക്ഷിയിൽപെട്ട (യാക്കോബായ) അഭിവന്ദ്യ മിഖായേൽ മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ വിവാഹം ചെയ്യുകയുണ്ടായി. അതിനുശേഷം വൈദികപഠനം തുടർന്നു. ആറാം പട്ടത്തിന് സമയമായപ്പോൾ 31-8-1929 ൽ ഓർത്തഡോക്സ് വിഭാഗത്തിൽപെട്ട കാതോലിക്കാ ബാവാ തിരുമേനി, കുണ്ടറ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും മാരാമൺ ഓർത്തഡോക്സ് പള്ളിയിൽ വച്ച് പീലിപ്പോസ് ശെമ്മാശൻ വൈദികപട്ടം സ്വീകരിച്ചു.

പൗരോഹിത്യത്തെ തുടർന്ന് കുമ്പഴ ശെമഓൻ ദെസ്തുനി പള്ളിയിൽ ഒരു വർഷക്കാലം ശുശ്രൂഷ ചെയ്തു. സമീപ ഇടവകകളായ അട്ടച്ചാക്കൽ, കൊന്നപ്പാറ തുടങ്ങിയ പള്ളികളിലും വി. കുർബാന അർപ്പിക്കുകയും ശുശ്രൂഷകൾ നടത്തുകയും വൈദികനടുത്ത ഉത്തരവാദിത്വങ്ങൾ എല്ലാം വിശ്വസ്തതാപൂർവം നിർവഹിക്കുകയും ചെയ്തിരുന്നു.

## ശെമവൂൻ റമ്പാൻ കർമേൽ ദയറാ കണ്ടനാട്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ പിന്നോക്ക വിഭാഗങ്ങളുടെ ഇടയിൽ 1924 മുതൽ പ്രവർത്തിച്ചു വന്നിരുന്നത് സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപകൻ അഭിവന്ദ്യ പത്രോസ് മാർ ഒസ്താ

www.malankaralibrary.com


ത്തിയോസ് തിരുമേനിയായിരുന്നു. കുമ്പഴ പടിഞ്ഞാറേ മേലേതിൽ പീലി പ്പോസ് തോമസ് വൈദ്യന്റെ ഇളയമകൻ സാമുവൽ 20-ാം വയസിൽ, 1964 സെപ്റ്റംബർ 26 ന് സ്ലീബാദാസ സമൂഹത്തിൽ ചേർന്നു. ആരംഭകാലം മുതൽ സമൂഹത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കൂത്താ ട്ടുകുളം, പാലക്കുഴ, വടകര, മണ്ണത്തൂർ, ആട്ടിൻകുന്ന്, പണ്ടപ്പിള്ളി, പുതു വേലി എന്നീ സ്ഥലങ്ങളിൽ പാവപ്പെട്ടവരുടെ ഇടയിൽ പ്രേഷിത പ്രവർത്തനം നടത്തി.

1968 ൽ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനി കാലം ചെയ്തു. അതിനുശേഷം സാമുവൽ സ്ലീബാദാസ സമൂഹത്തിന്റെ സഞ്ചാര മിഷ്യന റിയായി കേരളത്തിന്റെ നാനാഭാഗങ്ങളിലും പോയി പ്രവർത്തിക്കുകയുണ്ടായി. പ്രാർഥനായോഗങ്ങൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, ഭവനനിർമാണം തുടങ്ങി സാധുജനങ്ങളെ ഉദ്ധരിക്കു വാനുള്ള പദ്ധതികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. 1972 ൽ ശെമ്മാ ശപട്ടവും 1975 ൽ പൗരോഹിത്യവും സ്വീകരിച്ചു. 1999 മുതൽ സമൂഹത്തിൽ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 2006 ഡിസംബർ മാസത്തിൽ അഭി വന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ശെമവൂൻ റമ്പാൻ എന്ന പേരിൽ അദ്ദേഹത്തെ റമ്പാൻ സ്ഥാനത്തേക്കുയർത്തി.

www.malankaralibrary.com

## മേലേതിൽ തോമസ് വൈദ്യന്റെ അമ്മ
## (കുമ്പഴ അച്ചന്റെ വല്യമ്മച്ചി)

ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ബ്രാഹ്മണരിൽപ്പെട്ട ഒരു സംഘം, ഒരു നൂറ്റാണ്ടിനു മുമ്പ് നിലയ്ക്കൽ നിന്നും കടമ്പനാട്ടു വന്നു പാർത്തു. 'നിലയ്ക്കൽ കുന്ന്" എന്ന പേരിൽ ആ സ്ഥലം ഇന്നും അറിയപ്പെടുന്നു. നിലക്കൽ നിന്നും കടമ്പനാട്ടു പാർത്ത 5 അപ്പന്മാരിൽ രണ്ടു പേർ ഏനാത്ത് മെയിൻ റോഡിനു കിഴക്കുഭാഗത്തു താവളമടിച്ചു. അവിടെയുള്ള കരയും അതിനോടു ചേർന്ന നിലങ്ങളും, അടൂർ വരെയുള്ളത് ഒരപ്പൻ അവകാശ മാക്കി താമസിച്ചു. ഒരാൾ "ഓന്തിപ്പുഴ" ആറിന്റെ തീരത്ത്, പാലത്തിനു കിഴ ക്കുള്ള തോട്ടവും അതിനോടു ചേർന്ന് കിഴക്കോട്ടുള്ള 450 പറ നിലവും കര വിഭാഗവും അടുത്ത കാലം വരെ ഏനാത്ത് മലങ്കര ഓർത്തഡോക്സ് പള്ളി വരെ ഉള്ളത് അവകാശമാക്കി എടുത്തു. പിൽക്കാലത്ത് ഈ അപ്പന്മാർ നിർമി ച്ചതാണ് അവിടെയുള്ള യാക്കോബായപ്പള്ളി.

ഇവിടെ ബലി അർപ്പിക്കാൻ അവർക്ക് ബന്ധപ്പെട്ട അച്ചന്മാരും, ശുശ്രൂ ഷകരായി കപ്യാരന്മാരുമുണ്ടായിരുന്നു. അവർക്കു താമസത്തിനായി കുറെ സ്ഥലം വേർതിരിച്ചു കൊടുത്തിരുന്നു. നിലങ്ങൾ കൃഷി ചെയ്യുന്നതിന് വയ ലിന്റെ കരയ്ക്ക് ചെറിയ മാടങ്ങൾ വച്ച് പറയർ, പുലയർ, കുറവർ ഇവരെ താമസിപ്പിച്ചിരുന്നു. അവർക്കാവശ്യമുള്ള വസ്ത്രം, ഭക്ഷണം, മറ്റ് ആവശ്യ ങ്ങൾ എല്ലാം ഈ കുടുംബക്കാർ നിർവഹിച്ചിരുന്നു.

നിലയ്ക്കൽ നിന്നും വന്നു താമസിച്ച അഞ്ച് അപ്പന്മാരിൽ ഒരാളുടെ കൊച്ചുമകനാണ് ഇടിച്ചാണ്ടി മുതലാളി. ബഥനി തിരുവനന്തപുരം പ്രോവിൻസിലെ സിസ്റ്റർ അഗസ്റ്റിൻ എസ്.ഐ.സി., സിസ്റ്റർ സോഫിയ എസ്.ഐ.സി. എന്നിവരുടെ വല്യപ്പച്ചൻ. ഇടിച്ചാണ്ടി മുതലാളിയുടെ മകൻ കേൾവി കേട്ട മത്തായി വൈദ്യനാണ് സിസ്റ്റേഴ്സ് ഇരുവരുടെയും പിതാവ്. ഇടിച്ചാണ്ടി മുതലാളിയുടെ പെങ്ങളെ കുമ്പഴ മേലേതിൽ "അമ്പോറ്റി അപ്പ ച്ചൻ" പീലിപ്പോസ് രണ്ടാം വിവാഹം ചെയ്തു. ഈ രണ്ടാം വിവാഹത്തിലെ

www.malankaralibrary.com


മകനാണ് തോമസ് വൈദ്യൻ – കുമ്പഴ. അദ്ദേഹത്തിന്റെ മകനാണ് ഫാദർ പീലിപ്പോസ് മേടയിൽ – കുമ്പഴ അച്ചന്റെ വല്യമ്മച്ചി നിലക്കൽ നിന്നും വന്ന അപ്പന്മാരുടെ കുടുംബത്തിൽ നിന്നുമാണ്.

ഇവരുടെ കുടുംബം താമസിച്ചിരുന്നത് ഓന്തിപ്പുഴ ആറിന്റെ തീരത്ത്. “ഓന്തിപ്പുഴമഠം” എന്ന് വീട്ടുപേര്. അവിടെ നിന്നും ഒരാൾ മാറിത്താമസിച്ചു. “കല്ലുവെട്ടാം കുഴി” എന്നും മത്തായി വൈദ്യന്റെ കുടുംബത്തിന് പേരുണ്ട്. “ഓന്തിപ്പുഴ മഠം” എന്നു തന്നെയാണ് റിക്കാർഡുകളിൽ വീട്ടുപേര്. “നിർമ്മലഗിരി” എന്ന അഡ്രസ്സിലാണ് ഏനാത്ത് മത്തായി വൈദ്യന്റെ വീട് ഇന്ന് അറിയപ്പെടുന്നത്. ഏനാത്ത് മലങ്കര കത്തോലിക്കാപള്ളിക്കുള്ള സ്ഥലവും സെമിത്തേരിക്കുള്ള സ്ഥലവും തിരുവനന്തപുരം അതിരൂപതക്ക് മത്തായി വൈദ്യൻ ദാനം ചെയ്തതാണ്. മത്തായി വൈദ്യന്റെ മൂത്തമകൾ ശോശാമ്മയുടെ കൊച്ചുമകൻ ആണ് ജർമനിയിൽ പ്രേഷിത പ്രവർത്തനം നടത്തുന്ന ബഥനി ആശ്രമാംഗമായ ഫാദർ ജസ്റ്റിൻ സാം ഒ.ഐ.സി. അദ്ദേഹത്തിന്റെ അനുജൻ ഫിലിപ്പോസിന്റെ കൊച്ചുമകനാണ് തിരുവനന്തപുരം മേജർ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ഫാദർ ഫിലിപ്പോസ് കല്ലുവെട്ടാംകുഴി, ഏനാത്ത്. അദ്ദേഹത്തിന്റെ സഹോദരിയാണ് സിസ്റ്റർ ജീവ ഡി.എം.

നിലയ്ക്കൽ നിന്നും വന്ന അപ്പന്മാർ കായലോരങ്ങളിലും ആറ്റുതീരങ്ങളിലുമൊക്കെയായി താമസിച്ചു. രണ്ടുപേർ കല്ലടയാറിന്റെ തീരത്ത് ജപവും, തപവുമൊക്കെയായി താമസമുറപ്പിച്ചു. അഷ്ടമുടി കായൽ തീരം, കായംകുളം കായൽ തീരം ഈ പ്രദേശങ്ങളിലും മേല്പറഞ്ഞ കുടുംബാംഗങ്ങളുടെ സന്താനങ്ങൾ കുടിയേറി താമസമാക്കിയിട്ടുണ്ട്.

ഏനാത്തു റോഡിന്റെ വടക്ക് ഏഴംകുളം വരെയുള്ള വയലും കരയും സ്വന്തമാക്കി താമസിച്ചു വന്ന അപ്പന്റെ മക്കളിലൊരാൾ നായാട്ടിനു പുറപ്പെട്ടു. കുറ്റിക്കാടുകളും വനങ്ങളും നിറഞ്ഞ പ്രദേശത്ത് നായാട്ടു നടത്തിയ ഒരു രാത്രിയിൽ അബദ്ധവശാൽ ഒരു വേടൻ കൊല്ലപ്പെടാനിടയായി. ഏനാത്തു “താവളത്തിൽ തെക്കേക്കര” കുടുംബത്തിൽ നിന്നുമുള്ള ഈ പിതാവ് അവിടെ നിന്ന് വളരെ ദൂരം ഭയന്നോടി രക്ഷപ്പെട്ട് കിഴവള്ളൂർ പ്രദേശത്ത് എത്തിച്ചേർന്നു. “ഏനാത്ത് താവളത്തിൽ തെക്കേക്കര” സ്വർണപ്പണി നടത്തിവന്ന ഒരു കുടുംബമായിരുന്നു. അപ്പന്റെ കാതിൽ കടുക്കനുണ്ടായിരുന്നു – ചിറ്റൂരുള്ള പ്രശസ്തവും സഹോദരഭാവവുമുള്ള ഒരു നായർ കുടുംബം അദ്ദേഹത്തിന് അഭയം നൽകി ആദരിച്ചു. ചിറ്റൂർക്കാരുടെ ആഥിത്യത്തിൽ ആ പ്രദേശത്ത് അവരോടൊപ്പം അവരുടെ കാര്യസ്ഥനായി പാർത്തു. അദ്ദേഹം സമർത്ഥനും കാര്യപ്രാപ്തിയുള്ളവനുമായിരുന്നു.

www.malankaralibrary.com


കാലം കടന്നുപോയി. അദ്ദേഹം കോന്നി 'അറപ്പുര'യിൽ നിന്നും ഏല്യാമ്മയെ വിവാഹം ചെയ്തു. ചിറ്റൂരെ നായന്മാർ ഈ പിതാവിനെ ബഹുമാനിക്കുകയും അവർ ദാനമായി നൽകിയ 40 ഏക്കർ ഭൂമിയിൽ അദ്ദേഹവും കുടുംബവും വാസമുറപ്പിക്കുകയും ചെയ്തു. ഫലഭൂയിഷ്ഠമായ അച്ചൻ കോവിലാറിന്റെ തീരത്ത് വാസമുറപ്പിച്ച ആ പിതാവിന് പാർവത്യകാർ കരം തീരുവയ്ക്കു ചെന്നപ്പോൾ അഞ്ചു മുറിപ്പടി, കിഴവള്ളൂർ പടി തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെട്ട ആ ഭൂപ്രദേശം അവകാശപ്പെട്ടതായിത്തീർന്നു.

ദൈവത്തിന്റെ സംരക്ഷണയിൽ മുന്നോട്ടു നീങ്ങിയ ഈ പിതാവിന് ദൈവകൃപയാൽ 5 മക്കളാണുണ്ടായിരുന്നത്. അവരുടെ കുടുംബങ്ങളാണ് കോന്നിയ്ക്കടുത്ത് കിഴവള്ളൂരുള്ള–

1. അഞ്ചുമുറിയിൽ കുടുംബം
2. അഞ്ചുമുറിയിൽ വടക്കേതിൽ കുടുംബം
3. അഞ്ചുമുറിയിൽ ഒറ്റത്തെങ്ങിൽ കുടുംബം
4. അഞ്ചുമുറിയിൽ മേലേവീട്ടിൽ കുടുംബം
5. അഞ്ചുമുറിയിൽ കിഴക്കേക്കര കുടുംബം

എന്നീ പേരുകളിൽ അറിയപ്പെട്ടത്.

ഒറ്റത്തെങ്ങിൽ കുടുംബത്തിലെ പിന്മുറക്കാരനായ ഒറ്റത്തെങ്ങിൽ കുര്യനും കുടുംബവും പിൽക്കാലത്ത് അട്ടച്ചാക്കൽ എന്ന സ്ഥലത്തേക്കു മാറിതാമസിച്ചു. അട്ടച്ചാക്കൽ വാസമാക്കിയ അപ്പച്ചന്റെ കൊച്ചുമകനാണ് തിരുവനന്തപുരം മേജർ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ഫാദർ കുര്യൻ വാലുപറമ്പിൽ. ബ. കുര്യനച്ചനെ കൂടാതെ ആ കുടുംബത്തിൽ നാലു വൈദികന്മാർ കൂടിയുണ്ട്, ഒറ്റത്തെങ്ങിൽ കുടുംബത്തിലെ അപ്പന്റെ കൊച്ചുമക്കളായി. കുര്യനച്ചന്റെ അനുജൻ വാലുപറമ്പിൽ തോമസിന്റെ പുത്രന്മാരായ ഫാദർ ജോസഫ് പ്രസാദ് വാലുപറമ്പിൽ, ഫാദർ ഫ്രാൻസിസ് കുര്യൻ ഒ.ഐ.സി., കുര്യനച്ചന്റെ പിതൃസഹോദരന്റെ മകൻ, ഒറ്റത്തെങ്ങിൽ മത്തായിച്ചന്റെ മകൻ ഫാദർ കോശി. മറ്റൊരു പിതൃസഹോദരൻ ഒറ്റത്തെങ്ങിൽ യോഹന്നാന്റെ കൊച്ചുമകൻ ഫാദർ സാമുവൽ. കുര്യനച്ചന്റെ സഹോദരിയുടെ മകൻ ഫാദർ സിജോ ഒ.ഐ.സി. ബഥനി ആശ്രമത്തിൽ വൈദികനാണ്. ഫാദർ സാമുവൽ ഒറ്റത്തെങ്ങിൽ, തണ്ണിത്തോട് ഓർത്തഡോക്സ് സഭയിൽ ആണ്.

കിഴവള്ളൂർ, വയ്യാറ്റുപുഴ, കോന്നി, കുമ്പഴ വടക്കുപുറം, തുമ്പമൺ തിരുവനന്തപുരം തുടങ്ങിയ വിവിധ പ്രദേശങ്ങളിലായി 100 ൽപരം കുടുംബങ്ങളായി അഞ്ചുമുറിക്കുടുംബം വളർന്നു വികസിച്ചിട്ടുണ്ട്. മലങ്കര

www.malankaralibrary.com


കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട ചേപ്പാട് കന്നിമേൽ ഗീവറുഗീസ് കത്തനാരുടെ ജ്യേഷ്ഠന്റെ മകൾ ആണ് അഞ്ചുമുറിയിലെ പിൻമുറക്കാരനായ ഈശോ യോഹന്നാന്റെ സഹധർമിണി. ബഥനി പത്തനം തിട്ട പ്രോവിൻസിലെ അംഗമായ സിസ്റ്റർ നിർമൽ എസ്.ഐ.സി. ഈ വല്യ മ്മച്ചിയുടെ കൊച്ചുമകളാണ്. ബഥനി–തിരുവനന്തപുരം പ്രോവിൻസിന്റെ മുൻ മദർ പ്രൊവ്യൻഷ്യലായിരുന്ന പരേതയായ മദർ ശ്ലോമ്മോ എസ്.ഐ.സി., കന്നിമേൽ ഗീവറുഗീസ് അച്ചന്റെ മകളാണ്.

ഈ അമ്മയുടെ അനുജത്തിയുടെ മക്കളാണ് ബഥനി തിരുവനന്ത പുരം പ്രോവിൻസിലെ അംഗമായ സിസ്റ്റർ ഈഡിത്ത് എസ്.ഐ.സി, നാലാഞ്ചിറ സെന്റ് ജോൺസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന പരേ തനായ ശ്രീമാൻ പി.വി. ജോൺ തുടങ്ങിയവർ.

അഞ്ചുമുറിയിൽ പീടികയിൽ മത്തായിയുടെ മകൾ റാഹേലമ്മയെ പ്ലാവേലിൽ നെടുമ്പ്രത്ത് ഇടിക്കുള വറുഗീസിന്റെ ഇളയമകൻ ഉണ്ണൂണ്ണി (പി.ജി. വറുഗീസ്) വിവാഹം ചെയ്തു. മക്കൾ : പൊന്നച്ചൻ (പി.വി. സാമു വൽ, തഹസീൽദാർ), തങ്കച്ചൻ (പി.വി. ഏബ്രാഹം) കുഞ്ഞച്ചൻ (പി.വി. യോഹന്നാൻ) കുഞ്ഞുഞ്ഞുകുട്ടി (പി.വി. വർക്കി) ജോണി (പി.വി ജോൺ) മണി (മേരിക്കുട്ടി) അന്നമ്മ. ആൺമക്കൾ എല്ലാവരും വിവാ ഹിതരായി കുടുംബസമേതം കുമ്പഴയും, പ്ലാവേലിലുമായി താമസിക്കുന്നു. പി.വി. യോഹന്നാനും; മണി (വള്ളിക്കോട്ടു–കോട്ടയം) യും നിര്യാതരായി. ഇളയമകൾ അന്നമ്മയെ കുണ്ടറ (പണിക്കർ വീട്ടിൽ) വിവാഹം ചെയ്തയച്ചു.

www.malankaralibrary.com

## കുമ്പഴ അച്ചന്റെ അമ്മ
## കൈപ്പട്ടൂർ ചക്കാലയിൽ മറിയാമ്മ

തുമ്പമൺ കൈതവന കുടുംബത്തിന്റെ ശാഖ പഴംപാലത്തിനാൽ നിന്നും കൈപ്പട്ടൂർ ശാഖ.

എ.ഡി. 1752-ൽ ചാക്കോ എന്ന ഔപ്പനും, സഹോദരപുത്രൻ കോശി ചാക്കോയും കൂടി കൈപ്പട്ടൂർ നെടുവേലിൽ പുരയിടം വാങ്ങി അവിടെ കെട്ടിടം വച്ച് താമസമാക്കി. നെടുവേലിയിൽ (ചക്കാലയിൽ) പുരയിടം കൈപ്പട്ടൂർ തെരുവിൽ റോഡിന് സമീപവും കൈപ്പട്ടൂർ പാറക്കടവിന് അടുത്തുമായിരുന്നു. കുറേക്കാലം കഴിഞ്ഞ് കോശി ചാക്കോ ഇടയിരേത്തു മാറി താമസിച്ചു.

നെടുവേലിയിൽ ചാക്കോ ഏറതുമ്പമൺ പറപ്പള്ളിൽ നിന്നും വിവാഹം കഴിച്ചു. അദ്ദേഹത്തിന് മൂന്ന് പുത്രന്മാരും മൂന്ന് പുത്രിമാരും ഉണ്ടായിരുന്നു. പെൺമക്കളെ യഥാക്രമം മംഗലത്തുമണ്ണിലും, കൈപ്പട്ടൂർ വല്യവീട്ടിലും, നരിയാപുരത്ത് പറമ്പിലും വിവാഹം കഴിപ്പിച്ചയച്ചു. മൂത്തമകൻ ചാക്കോ പുളിത്തറയിലും, രണ്ടാമൻ ഇട്ടിമാത്തൻ ചക്കാലയിലും മൂന്നാമൻ ഗീവർഗീസ് ആദ്യം തെരുവിൽ പീടികയിലും, പിന്നീട് കൊന്നയിൽ വീട്ടിലും താമസമാക്കി. ചാക്കോയ്ക്ക് കുഞ്ഞൂഞ്ഞ്, കോശി, ഗീവർഗീസ്, ഇട്ടിമാത്തൻ എന്നിങ്ങനെ നാല് മക്കൾ. ചാക്കോ ഔപ്പന്റെയും വലിയവീട്ടിൽ വർക്കിയുടെയും നേതൃത്വത്തിൽ 1019 വൃശ്ചികമാസത്തിൽ കൈപ്പട്ടൂർ തെരുവിൽവച്ച് ഒരു വച്ചൂട്ട് നടത്തി. പിന്നീട് ആണ്ടുതോറും വൃശ്ചികമാസം 24-ാം തീയതി നടത്തുന്ന കൈപ്പട്ടൂർ പള്ളിപ്പെരുന്നാളിന്റെ പ്രാരംഭ നടപടിയായി ആയത് തുടരുന്നു.

ചാക്കോ ഇട്ടിമാത്തൻ കൈപ്പട്ടൂർ ഇടവകയിലെ (യാക്കോബായ) ഒരു സുവിശേഷ പ്രസംഗകനായിരുന്നു. ഭക്തനായ ഇദ്ദേഹത്തിന് സ്കറിയാ, ഗീവറുഗീസ് എന്ന രണ്ട് മക്കൾ ഉണ്ടായിരുന്നു. ഇവർ കല്ലുവിളയിൽ താമസിച്ചു. മൂന്നാമൻ ചാക്കോ പുത്തൻപീടികയിൽ താമസിച്ചു. പിൻതുടർച്ചക്കാരായി മാമ്മൂട്ടിൽ കുടുംബത്തിൽപ്പെട്ട ബ്രദർ ഫിദേലിസ് ഒ.സി.ഡി, കത്തോലിക്കാ സഭയിലുള്ള പാങ്ങോട് ആശ്രമത്തിലെ അംഗമായിരുന്നു.

www.malankaralibrary.com


അദ്ദേഹം സെന്റ് ജോസഫ്സ് പ്രസിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിരുന്നു. ഇട്ടിമാത്തന്റെ പിൻതുടർച്ചക്കാരനായ ചാക്കോയുടെ രണ്ടാമത്തെ പുത്രൻ നെടുവേലിൽ തന്നെ താമസിച്ചു. ഇദ്ദേഹം കൈപ്പട്ടൂർ മംഗലത്തു നിന്നും വിവാഹം കഴിച്ചു. ആദ്യവിവാഹത്തിൽ രണ്ട് പുത്രന്മാരും, രണ്ടാം വിവാഹത്തിൽ ഒരു പുത്രനും ജനിച്ചു. ആൺമക്കൾ ചാക്കോ, മാത്തൻ, ഗീവർഗീസ്.

ഒന്നാമൻ ചാക്കോ പുത്തൻകാവ് പള്ളിപ്പീടികയിൽ നിന്നും വിവാഹം ചെയ്തു. ചാക്കോയ്ക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയും. പുത്രി മറിയാമ്മയെ കുമ്പഴ മേലേതിൽ തോമസ് വൈദ്യൻ വിവാഹം ചെയ്തു. പ്രസിദ്ധ വാഗ്മിയും കത്തോലിക്കാ സഭയിലെ കിഴക്കൻ ഇടവകകളുടെ വികാരിയുമായിരുന്ന ഫാദർ പീലിപ്പോസ്, മേലേതിൽ തോമസ് വൈദ്യന്റെയും മറിയാമ്മയുടെയും മൂത്ത മകനായിരുന്നു.

## ളാക്കൂർ കൈതവന കുടുംബം

തുമ്പമൺ കൈതവന കുടുംബത്തിന്റെ ശാഖയായ കൈപ്പട്ടൂർ ചക്കാലയിൽ നിന്നും ഇട്ടിമാത്തൻ എന്ന പിതാവ് – കുമ്പഴ അച്ചന്റെ അമ്മയുടെ മൂത്ത ആങ്ങളെ ഏകദേശം 1085–നോടടുത്ത് ളാക്കൂർ തടത്തിൽ വടക്കേതിൽ വന്ന് താമസിച്ചു. കച്ചവടവും കൃഷിയുമായിരുന്നു മുഖ്യതൊഴിൽ. അദ്ദേഹത്തിന് രണ്ട് ആൺമക്കളും 4 പെൺമക്കളും ഉണ്ടായിരുന്നു. ആൺമക്കൾ രണ്ടുപേരും അദ്ധ്യാപകരായിരുന്നു. ചാക്കോ മാസ്റ്റർ എന്നറിയപ്പെട്ടിരുന്നു മൂത്തമകൻ. ഇളയമകൻ തോമസ് സാർ. അടുത്തെങ്ങും വിദ്യാലയങ്ങൾ ഇല്ലാതിരുന്ന കാലം. 1102–ൽ അപ്പൻ ഇട്ടിമാത്തനും അദ്ധ്യാപകരായ മക്കളും ചേർന്ന് സെന്റ് മേരീസ് എൽ.പി. സ്കൂൾ എന്ന പേരിൽ ഒരു വിദ്യാലയം സ്ഥാപിച്ചുനടത്തിവന്നു. സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് അത് ഗവൺമെന്റ് ഏറ്റെടുക്കുകയുണ്ടായി. ആഴമായ പ്രാർഥനാജീവിതത്തിന് ഉടമയായിരുന്ന പിതാവ് ഇട്ടിമാത്തൻ (കുമ്പഴ അച്ചന്റെ അമ്മാച്ചൻ) 1948 ജനുവരി 15–ന് 74–ാമത്തെ വയസിൽ നിര്യാതനായി. ളാക്കൂർ ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

ഇദ്ദേഹത്തിന്റെ മൂത്ത പുത്രനായ ചാക്കോ മാസ്റ്റർ ളാക്കൂർ തടത്തിൽ പെരുമാളിന്റെ മകളായ മറിയാമ്മയെ വിവാഹം കഴിച്ചു. അദ്ധ്യാപകനായിരുന്ന ചാക്കോ മാസ്റ്റർ ളാക്കൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സെക്രട്ടറി ട്രസ്റ്റി, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, ഇൻസ്പെക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം കുടുംബസമേതം 1952–ൽ ഫാദർ വറുഗീസ് വടശേരി വികാരിയായിരിക്കുമ്പോൾ പുനരൈക്യപ്പെടുകയും മലങ്കര കത്തോലിക്ക സഭയിൽ പ്രശസ്തമായ രീതിയിൽ പുനരൈക്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

www.malankaralibrary.com


ചാക്കോ മറിയാമ്മ ദമ്പതികൾക്ക് കെ.സി. മത്തായി, കെ.സി. തോമസ് എന്ന രണ്ട് ആൺമക്കളും അമ്മിണി, സൂസമ്മ, ആലീസ് (സിസ്റ്റർ അഗാപ്പെ എസ്.ഐ.സി.), റോസമ്മ എന്ന നാല് പെൺമക്കളുമുണ്ട്. മൂത്ത മകൻ കെ.സി. മത്തായിയുടെ ഇളയമകനായ ഫാദർ പോൾ മാത്യു കൈതവന ഒ.ഐ.സി. ജർമനിയിൽ മിഷൻ പ്രവർത്തനം ചെയ്യുന്നു. ചാക്കോ മാസ്റ്റ റുടെ ഇളയമകൻ കെ.സി. തോമസ് ഇന്ത്യൻ മിലിറ്ററി സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തശേഷം ഗൾഫിൽ ജോലി ചെയ്തു. ഇപ്പോൾ സഭാകാര്യങ്ങ ളിൽ തൽപരനായി സേവനമനുഷ്ഠിച്ചുവരുന്നു.

കെ.സി. അമ്മിണിയെ കുന്നത്തുവീട്ടിൽ അദ്ധ്യാപകനായിരുന്ന ശ്രീമാൻ തോമസിന്റെ മകൻ മാത്യു (കുഞ്ഞുകുട്ടി) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ സൂസമ്മയെ ഇടയിൽ ജോഷ്വാ സാറിന്റെ മകൻ ഇ.ജെ. ചെറിയാൻ (ജോയി) മിലിറ്ററി സർവീസ്, വിവാഹം ചെയ്തു. ഈ മാതാപിതാക്കളുടെ മകളാണ് ബഥനി പത്തനംതിട്ട പ്രോവിൻസിലെ ഇപ്പോ ഴത്തെ മദർ പ്രൊവിൻഷ്യൽ ഡോ. മദർ ഹൃദ്യ എസ്.ഐ.സി. ഇളയമകൾ റോസമ്മയെ അടൂർ പടിഞ്ഞാറ്റക്കര അഡ്വക്കേറ്റ് പി.സി. വറുഗീസ് മുത ലാളി വിവാഹം ചെയ്തു. ചാക്കോ മാസ്റ്ററുടെ മകൾ സിസ്റ്റർ അഗാപ്പെ എസ്.ഐ.സി. ബഥനി സന്യാസിനി സമൂഹം പത്തനംതിട്ട പ്രോവിൻസിലെ അംഗമാണ്. സുപ്പീര്യറായി പല മഠങ്ങളിലും അദ്ധ്യാപികയായി, പല സ്കൂളു കളിലും സേവനമനുഷ്ഠിച്ചു. ഇപ്പോൾ മാവേലിക്കരയുള്ള ഈരേഴ ബഥനി മഠത്തിന്റെ സുപ്പീര്യറായി സേവനമനുഷ്ടിക്കുന്നു.

ചക്കാലയിൽ ഇട്ടിമാത്തന്റെ ഇളയമകൻ സി. തോമസ് (തോമസ് സാർ) അദ്ധ്യാപകനായിരുന്നു. ഇദ്ദേഹത്തിന്റെ മൂത്തമകൻ മാത്യു തോമസ് സെക്രട്ടറിയേറ്റിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. ഇദ്ദേ ഹത്തിന്റെ മകനാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇപ്പോൾ പ്രിൻസിപ്പലായിരിക്കുന്ന ഡോക്ടർ തോമസ് മാത്യു.

ഇട്ടിമാത്തൻ ചാക്കോയുടെ പിന്തുടർച്ചക്കാർ – കുമ്പഴ അച്ചന്റെ ഇളയ അമ്മാച്ചൻ, ചാക്കോ ഇടിച്ചാണ്ടി കൈപ്പട്ടൂർ ചക്കാലയിൽ (നെടുവേലിൽ) തന്നെ താമസിച്ചു. ഒരു മാതൃകാദ്ധ്യാപകനും ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററുമായിരുന്നു. ഇദ്ദേഹത്തിന് ചാക്കോ, ജോർജ് എന്ന രണ്ട് പുത്ര ന്മാർ. അവരിൽ ചാക്കോ കുടമുക്കിൽ ചക്കാലയിൽ താമസമാക്കി. വില്ലേജ് ഓഫീസറായി ജോലി നോക്കി പെൻഷനായി – രണ്ടാമൻ ഇടിച്ചാണ്ടി ജോർജ് ഒരു അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് ഹെൽത്ത് അസി സ്റ്റന്റായി ഉദ്യോഗം വഹിച്ച് പെൻഷനായി. ഇദ്ദേഹവും കുടുംബവും കൈപ്പ ട്ടൂർ ഓർത്തഡോക്സ് പള്ളിക്കാരാണ്. ഇദ്ദേഹം കൈപ്പട്ടൂർ പള്ളി സെക്രട്ട റിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

www.malankaralibrary.com

## കാക്കനാട്ടിൽ മറിയാമ്മ
## അയിരൂർ ചെമ്പോത്രയിൽ വല്യമ്മച്ചി

ക്രിസ്തുവർഷം 1700 ൽ കുറവിലങ്ങാട് പകലോമറ്റം കുടുംബ ത്തിൽപ്പെട്ട കരവടശേരി തൊമ്മി എന്ന പിതാവ് കല്ലൂപ്പാറ കവുങ്ങും പ്രയാർ വെള്ളിക്കര വന്നു താമസിച്ചു. തൊമ്മിയുടെ പിൻമുറക്കാർ കല്ലൂപ്പാറ പേരാ ലുംമൂട്ടിലും കുന്നുംപുറത്തും താമസിച്ചു. കല്ലൂപ്പാറ കുന്നുംപുറത്തു താമ സിച്ചിരുന്ന തൊമ്മിയുടെ മൂന്നുമക്കളിൽ തൊമ്മി കല്ലൂപ്പാറ കുന്നുംപുറത്തും രണ്ടാമൻ വർഗീസ് കടമാൻകുളം കാക്കനാട്ടിൽ തെക്കേക്കൂറ്റും, മൂന്നാമൻ കുര്യൻ കാക്കനാട്ടിൽ വടക്കേക്കൂറ്റും താമസിച്ചു.

കാക്കനാട്ടിൽ തെക്കെകൂറ്റു താമസിച്ചിരുന്ന വർഗീസിന് തൊമ്മി, ഏബ്രഹാം (അവിരാച്ചൻ), വർഗീസ് (കൊച്ചൂഞ്ഞ്), ലൂക്ക, കുര്യൻ (ശെമ്മാശൻ) എന്നീ പുത്രന്മാരും ശോശാമ്മ (കുഞ്ഞാമ്മ)*, മറിയാമ്മ എന്നീ പുത്രിമാരും ഉണ്ടായിരുന്നു. തൊമ്മി* (കൊച്ചുപാപ്പി) തലക്കുളത്ത് കാക്ക നാട്ടിലും ഏബ്രഹാം (അവിരാച്ചൻ) കാക്കനാട്ടിൽ കിഴക്കേപൊതിരേട്ടും താമ സിച്ചു. വർഗീസ് (കൊച്ചൂഞ്ഞ്) കാക്കനാട്ടിൽ തെക്കേക്കൂറ്റും, ലൂക്കാ കാക്ക നാട്ടിൽ കിഴക്കേമുറിയിലും താമസിച്ചു. കുര്യൻ ശെമ്മാശൻ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും 1908 ൽ ശെമ്മാശ പ്പട്ടം സ്വീകരിച്ചു. അവിവാഹിതനായിരുന്ന അദ്ദേഹം 1910 ൽ മരിക്കുകയും അദ്ദേഹത്തെ കല്ലൂപ്പാറ വലിയപള്ളിയിൽ സംസ്കരിക്കുകയും ചെയ്തു. ശെമ്മാശന്റെ വീതമാണ് ഇപ്പോൾ കടമാൻകുളം, മലങ്കര കത്തോലിക്കാ പ്പള്ളി ഇരിക്കുന്ന സ്ഥലം. പുത്രിമാരിൽ ശോശാമ്മയെ (കുഞ്ഞാമ്മ) കല്ലൂ പ്പാറ അയിരാംപള്ളിൽ വടക്കേക്കര തൊമ്മിയും, മറിയാമ്മയെ അയിരൂർ

---

*തലക്കുളത്ത് തൊമ്മി (കൊച്ചുപാപ്പി)യുടെ കൊച്ചുമക്കളാണ് സിസ്റ്റർ മാർത്ത എസ്.ഐ.സി., സിസ്റ്റർ കാർമൽ എസ്.ഐ.സി. ഇവർ.

*കുഞ്ഞാമ്മയുടെ മകളാണ് സിസ്റ്റർ ദഥിയ എസ്.ഐ.സി. (ബഥനിമഠം, തിരുവല്ല) സിസ്റ്റർ ദഥിയായുടെ ഇളയ ആങ്ങള V.T. തോമസിന്റെ മകൾ ഓമന (ശോശമ്മ തോമസ്) 1995 മുതൽ ജനപ്രതിനിധിയായി ത്രിതല പഞ്ചായത്തിൽ സേവന മനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. പത്തനംതിട്ട ജില്ലാ വൈസ്പ്രസിഡന്റായി പ്രവർ ത്തിച്ചു. ഇപ്പോൾ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്.

www.malankaralibrary.com


വലിയ ചെമ്പോത്രയിൽ യാക്കോബായ സഭയിലെ പ്രമുഖ പട്ടക്കാരനായ സ്കറിയാ കത്തനാരുടെ മകനായ യോഹന്നാച്ചനും വിവാഹം ചെയ്തു. കുമ്പഴ മേലേതിൽ തോമസ് വൈദ്യന്റെ മകൻ പീലിപ്പോസ് മേടയിൽ അവർകളുടെ സഹധർമ്മിണിയായിത്തീർന്നത് ചെമ്പോത്രയിൽ യോഹന്നാച്ചന്റെയും കാക്കനാട്ടിൽ മറിയാമ്മയുടെയും മൂത്തമകൾ അന്നമ്മ ആയിരുന്നു.

കാക്കനാട്ടിൽ വടക്കേകൂറ്റു താമസിച്ചിരുന്ന കുര്യൻ തൊമ്മി (കൊച്ചൂഞ്ഞ്) ക്ക് ചാണ്ടിക്കുഞ്ഞ്, വറുഗീസ് (കൊച്ചുണ്ണി) കുര്യൻ (പാപ്പി) എന്നീ പുത്രന്മാരും ശോശാമ്മ എന്ന പുത്രിയുമുണ്ടായിരുന്നു. തൊമ്മി (കൊച്ചൂഞ്ഞ്) കാക്കനാട്ടിൽ മുള്ളൻകുഴിയിലും വറുഗീസ് (കൊച്ചുണ്ണി) കാക്കനാട്ടിൽ കുഴീലേപുറത്തും കുര്യൻ (പാപ്പി) കാക്കനാട്ടിൽ വടക്കേക്കൂറ്റും താമസിച്ചു. ചാണ്ടിക്കുഞ്ഞ് 16–ാമത്തെ വയസ്സിൽ മരിച്ചു. പുത്രി ശോശാമ്മയെ തൃക്കോതമംഗലം ചിറത്തലാട്ട് ഉലഹന്നാൻ മകൻ ചാക്കോ വിവാഹം ചെയ്തു.

മുകളിൽ പറഞ്ഞ, കാക്കനാട്ടിൽ കിഴക്കേ പൊതിരേട്ട് താമസിച്ച അവിരാച്ചൻ (ഏബ്രാഹാം) കാക്കനാട്ടിൽ മുള്ളൻ കുഴിയിൽ താമസിച്ചിരുന്ന കൊച്ചൂഞ്ഞ് (തൊമ്മി) എന്നിവരും കടമാൻ കുളത്ത് പറയനോലിക്കൽ ഈപ്പച്ചനും (സിസ്റ്റർ മക്രീന എസ്.ഐ.സി., സിസ്റ്റർ റോസ് എസ്.ഐ.സി., സിസ്റ്റർ വിൻസെന്റ് എസ്.ഐ.സി. ഇവരുടെ പിതാവ്) കൂടിയാണ് 1930 ഒക്ടോബർ 2–ാം തീയതി വെണ്ണിക്കുളത്തു വച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയെ ആശ്ലേഷിച്ചത്. കടമാൻകുളം പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭ ഉദയം ചെയ്യാനും ഇടവകയായി രൂപാന്തരപ്പെട്ടു വളരുവാനും ഇടയായത് ഇവർ വഴിയാണ്.

കാക്കനാട്ടിൽ അവിരാച്ചൻ (ഏബ്രഹാം) മേലുകരയിൽ നിന്നും വിവാഹം ചെയ്തു. പുത്രന്മാർ വർഗീസ് (കുഞ്ഞച്ചൻ) ഫാദർ കോശി ഒ.ഐ.സി., തോമസ്, അബ്രഹാം (പാപ്പി)). കുര്യൻ, മാത്യൂസ് പുത്രിമാർ ഏല്യാമ്മ, കുഞ്ഞമ്മ. പുത്രി ഏല്യാമ്മയെ കവിയൂർ ചിറത്തലയ്ക്കൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. കുഞ്ഞമ്മയെ അയിരൂർ ഈറയ്ക്കൽ വർഗീസ് (ഉണ്ണൂണ്ണി) വിവാഹം ചെയ്തു. ഇവർ ആദ്യം കടമാൻകുളം കാക്കനാട്ടിൽ വീട്ടിൽ താമസിച്ചു. പിന്നീട് സൗത്ത് കാനറായിലും തുടർന്ന് ആലപ്പുഴയിലും താമസിച്ചു. ഇവരുടെ മക്കളാണ്, സിസ്റ്റർ ജൂലിത്തി എസ്.ഐ.സി. ഫാദർ സ്റ്റനിസ്ലാവോസ് കാക്കനാട്ട്, സിസ്റ്റർ ക്രിസ്റ്റീന എസ്.ഐ.സി., മൂവാറ്റുപ്പുഴ മെത്രാപ്പോലീത്ത അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ്, റോസമ്മ, രാജു ഇവർ. രാജു വിവാഹം ചെയ്തിരിക്കുന്നത്, പുത്തൂർ രൂപതയുടെ

www.malankaralibrary.com


മെത്രാപ്പോലീത്ത ആയിരുന്ന ദിവംഗതനായ അഭിവന്ദ്യമാർ ദിവന്നാസിയോസ് പിതാവിന്റെ സഹോദരിയെ ആണ്. രണ്ടാമത്തെ മകനായിരുന്നു പരേതനായ ഫാദർ കോശി കാക്കനാട്ടിൽ ഒ.ഐ.സി. 1925 ആഗസ്റ്റ് 14 ന് പെരുനാട് ബഥനി ആശ്രമത്തിൽ ചേരുകയും തുടർന്ന് സന്യാസപരിശീലനം പൂർത്തിയാക്കി 1930 ജനുവരി 1–ാം തീയതി വ്രതവാഗ്ദാനം നടത്തുകയും 1930 ൽ മാർ ഈവാനിയോസ് തിരുമേനിയോടൊത്തു പുനരൈക്യപ്പെടുകയും ചെയ്തു. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും അനേകം പള്ളികളിൽ വികാരിയായി സേവനം ചെയ്കയും 1978 മുതൽ തിരുവല്ല ആശ്രമത്തിൽ കുമ്പസാര പിതാവായിരിക്കുകയും ചെയ്തു. ആത്മീയ ഇടയനായിരുന്ന കോശി അച്ചൻ ആയിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ അന്ത്യകാലത്തിലെ ആതുരശുശ്രൂഷകൻ. 1987 സെപ്തംബർ 6–ാം തീയതി അദ്ദേഹം ദിവംഗതനായി.

അവിരാച്ചന്റെ മൂന്നാമത്തെ മകനായ തോമസിന്റെ മകൻ സൗത്ത് കാനറായിൽ മിഷ്യനറിയായിത്തീർന്ന ഫാദർ കോശി കാക്കനാട്ട് കോർ എപ്പിസ്കോപ്പ. ഫാദർ കോശി കാക്കനാട്ട് ബത്തേരി രൂപതയിൽ 16 ൽ പരം പള്ളികൾ സ്ഥാപിക്കുകയും ബത്തേരിയിലെ വിവിധ ദേവാലയങ്ങളിൽ വികാരിയായിരിക്കുകയും ചെയ്തു. ഇപ്പോൾ പുത്തൂർ രൂപതയിൽ ബാംഗ്ലൂരിലെ മലങ്കര കത്തോലിക്കാപള്ളിയിൽ നിസ്വാർഥ സേവനമനുഷ്ഠിക്കുന്നു. വന്ദ്യനായ അച്ചന് മലങ്കര കത്തോലിക്കാസഭ കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകി ആദരിക്കുകയുണ്ടായി. അവിരാച്ചന്റെ നാലാമത്തെ മകൻ അബ്രഹാം വിവാഹം കഴിച്ചു. മക്കളില്ലാതെ മരിച്ചു. അവിരാച്ചന്റെ അഞ്ചാമത്തെ മകൻ കെ.എ. കുര്യന്റെ മക്കൾ: എബ്രാഹാം (ജോയി), ജോസ്, രാജു, ജെയിംസ്, പൊന്നമ്മ, കുഞ്ഞുമോൾ, സിസിലി, ഷൈല എന്നിവരാണ്.

ശ്രീ. രാജു കാക്കനാട്ട് ജർമനിയിൽ ജോലി ചെയ്ത ശേഷം നാട്ടിൽ വന്ന് കാക്കനാട്ട് റ്റി.വി.എസ്. എന്ന പ്രശസ്തമായ ബിസിനസ് സ്ഥാപനം നടത്തിവരുന്നു. റ്റി.വി.എസ്. ബൈക്കിന്റെ പത്തനംതിട്ട ജില്ലയുടെ അംഗീകൃത ഡീലർ ആണ്. നാലാമത്തെ മകൻ ജെയിംസ് ആണ്. മാവേലിക്കര മേടയിൽ പണിക്കരുവീട്ടിൽ ജോർജു പണിക്കരുടെ (മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സഹോദരൻ മത്തായി പണിക്കരുടെ മകൻ) മകൾ ജെസിയെ വിവാഹം ചെയ്തിരിക്കുന്നത്. ജെസി, ചെങ്ങന്നൂർ സെന്റ് ആൻസ് ഹൈസ്കൂളിലെ റ്റീച്ചറാണ്.

അവിരാച്ചന്റെ ആറാമത്തെ മകനാണ് ശ്രീമാൻ കെ.എ. മാത്യൂസ്. അദ്ദേഹത്തിന്റെ പുത്രിമാരാണ് വത്സമ്മയും രമയും. പുത്രന്മാരായ സുജൻ

www.malankaralibrary.com


മാത്യൂസ്, രജൻ മാത്യൂസ് (ജോർജ് മാത്യു കാക്കനാട്ട്) ഇവർ ഉദ്യോഗവശാൽ കുടുംബസമേതം യു.എസ്.എ.യിലാണ്. മലങ്കര കത്തോലിക്കാ സഭയുടെ അമേരിക്കയിലെ അജപാലന സംരക്ഷണ സമിതിയുടെ സിനഡൽ കമ്മീഷന്റെ കൺസൾട്ടന്റ് മെമ്പറും ഇന്ത്യാപ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റുമാണ് ജോർജുമാത്യു കാക്കനാട്ട്.

## കാക്കനാട്ടിൽ തൊമ്മി കുര്യൻ (കൊച്ചൂഞ്ഞ്)

തൊമ്മി കുര്യൻ തന്റെ 55-ാം വയസിൽ 1930 ഒക്ടോബർ 2-ാം തീയതി ധൈര്യസമേതം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. പുനരൈക്യത്തിന്റെ ആരംഭനാളുകളിലായിരുന്നതിനാൽ വളരെയധികം യാതനകൾ കത്തോലിക്കാ സഭയിൽ പെടാത്ത ആളുകളിൽ നിന്നും സഹിക്കേണ്ടി വന്നു. 1936 ഒക്ടോബർ 8-ാം തീയതി തന്റെ 61-ാം വയസിൽ മരണമടയുകയും കടമാൻകുളം കത്തോലിക്കാപള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. കത്തോലിക്കാ സഭയിൽ പെടാത്ത സഹോദരങ്ങൾ ശവസംസ്കാരചടങ്ങുകളിൽ നിന്നും മാറി നിന്നു.

തൊമ്മി കുര്യന്റെ (കൊച്ചൂഞ്ഞ്) മക്കൾ: കുഞ്ഞപ്പി, അന്നമ്മ, കൊച്ചുകുട്ടി, ഉണ്ണൂണ്ണി, തങ്കമ്മ ഇവരായിരുന്നു.

മകൻ ഉണ്ണൂണ്ണി (കെ.കെ. വറുഗീസ്) മണ്ണാരക്കുളഞ്ഞി, ചിറ്റയ്ക്കാട്ട് തോമസ് മകൾ സാറാമ്മയെ വിവാഹം ചെയ്തു. കടമാൻകുളത്ത് കാക്കനാട്ടിൽ താമസിക്കുന്നു. മക്കൾ രാജൻ (തോമസ് കെ.വി.) ലിസി (ലിസിയമ്മ കെ.വി.) ബാബു (തോമസ് കെ.വി.) കുഞ്ഞൂഞ്ഞമ്മ (അന്നമ്മ കെ.വി.) ജോസ് (കുര്യൻ കെ.വി.) റോസമ്മ (റോസമ്മ വറുഗീസ്) ആന്റണി (റവ. ഡോ. ആന്റണി കാക്കനാട്ട്) റജി (റജി വറുഗീസ്),

ഏഴാമത്തെ മകൻ ആന്റണി (റവ. ഡോ. ആന്റണി കാക്കനാട്ട്) മലങ്കര കത്തോലിക്കാസഭയിലെ തിരുവല്ലാ രൂപതാ വൈദികൻ. റോമിൽ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവും ഡോക്ടറേറ്റും നേടി. തിരുവല്ലാ രൂപതാ മതബോധന ഡയറക്ടർ, രൂപതാ ചാൻസലർ, കോട്ടയത്ത് SEERI - സുറിയാനി പഠനകേന്ദ്രത്തിന്റെ ഡയറക്ടർ, വിവിധ പള്ളികളിൽ വികാരി, തിരുവനന്തപുരം മേജർ സെമിനാരി പ്രൊഫസർ എന്നീ തലങ്ങളിലെല്ലാം പ്രശസ്തമായ രീതിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ മലങ്കര കത്തോലിക്കാ സഭാതല സുവിശേഷ സംഘത്തിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി ആയി സേവനമനുഷ്ഠിക്കുന്നു.

www.malankaralibrary.com

## ഫാദർ പീലിപ്പോസിന്റെ സഹോദരങ്ങൾ

കുമ്പഴ മേലേതിൽ തോമസ് വൈദ്യന്റെയും മറിയാമ്മയുടെയും ദാമ്പത്യ വല്ലരിയിൽ ഏഴുമക്കൾ ഭൂജാതരായി.

പീലിപ്പോസ്, തങ്കമ്മ, ശോശാമ്മ, വറുഗീസ്, മറിയാമ്മ, അന്നമ്മ, സാറാമ്മ.

കുമ്പഴ അച്ചന്റെ പൗരോഹിത്യത്തെ തുടർന്നുള്ള പുത്തൻ കുർബാന യുടെ സുദിനത്തിലായിരുന്നു സഹോദരി തങ്കമ്മയുടെ വിവാഹം. കോന്നി ത്താഴം ഇടയത്ത് ഇ.എ. വറുഗീസ് തങ്കമ്മയെ വിവാഹം ചെയ്തു. അവർക്ക് 7 സന്താനങ്ങൾ പൊന്നപ്പൻ, മറിയക്കുട്ടി, തങ്കച്ചൻ, ബേബി, ഗ്രേസി, സാമു വൽ, സാറാമ്മ, ആന്റണി.

ഇടയത്ത് ഇ.എ. വറുഗീസും കുടുംബവും 1958 ൽ മലബാറിൽ കുടിയേറി പാർത്തു. മക്കൾ എല്ലാവരും വിവാഹിതരായി. അവരുടെ കുടുംബങ്ങൾ കാസർകോട്, കണ്ണൂർ ഡിസ്ട്രിക്ടുകളിൽ താമസമാക്കിയിരിക്കുന്നു. ഗ്രേസിയെ തലശേരി രൂപതയിൽ വിവാഹം കഴിപ്പിച്ചു. അവളുടെ കൊച്ചുമ ക്കളിൽ രണ്ടുപേർ സിസ്റ്റർ കൃപാമൈക്കിൾ, സിസ്റ്റർ അനുഗ്രഹ ഇവർ ചങ്ങനാശേരി ലിറ്റിൽ ഫ്ളവർ കോൺഗ്രിനേഷനിൽ സമർപ്പിത ജീവിതം നയിക്കുന്നു. സാമുവലിന്റെ മകൻ ഫാദർ സെബാസ്റ്റ്യൻ ഇടയത്ത് പൗരോ ഹിത്യം സ്വീകരിച്ച് ബത്തേരി രൂപതയിൽ സേവനമനുഷ്ഠിക്കുന്നു.

കുമ്പഴ അച്ചന്റെ രണ്ടാമത്തെ സഹോദരി ശോശാമ്മയെ വകയാർ ചൂര പ്ലാമ്മൂട്ടിൽ ശ്രീമാൻ ദാവീദ് വിവാഹം ചെയ്തു. മക്കൾ ചിന്നമ്മ, മറിയമ്മ, ത്രേസ്യാമ്മ, ആലീസ്, ബേബിക്കുട്ടി എന്നിവരാണ്. എല്ലാവരും വിവാഹിത രായി. ചിന്നമ്മ, മറിയമ്മ, ബേബിക്കുട്ടി ഇവർ നിര്യാതരായി. ബേബിക്കുട്ടി യുടെ ഏകമകൻ ഡേവിഡും കുടുംബവും വകയാർ മലങ്കര കത്തോലിക്കാ പള്ളി ഇടവകാംഗങ്ങളാണ്. കൊച്ചുവൈദ്യൻ എന്നറിയപ്പെട്ടിരുന്ന കുമ്പഴ അച്ചന്റെ ഏകസഹോദരൻ വറുഗീസ് എം.റ്റി. ഒരു ഹോമിയോ ഡോക്ടറാ യിരുന്നു. അഞ്ചൽ കണ്ടത്തിൽ കുടുംബത്തിൽ നിന്നും കുഞ്ഞമ്മയെ വിവാഹം ചെയ്തു. അഞ്ചൽ, കണ്ടത്തിൽ കുടുംബം പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ തന്നെ പുനരൈക്യപ്പെട്ട ഒരു കുടുംബമാണ്. വറുഗീസിന്

www.malankaralibrary.com


ഗ്രേസി, ആലീസ്, ചിന്നമ്മ, അമ്മിണി, ലൂസി എന്ന് അഞ്ചുപെൺമക്കളാണ് ഉണ്ടായിരുന്നത്. എല്ലാവരും വിവാഹിതരായി. മാതാപിതാക്കളും മൂത്തമകൾ ഗ്രേസിയും പരലോകപ്രാപ്തരായി.

ചിന്നമ്മയെ കാഞ്ഞിരപ്പള്ളി രൂപതയിൽ വിവാഹം കഴിപ്പിച്ചു. അവരുടെ ഏകമകൾ സോണിയായെ കുമ്പഴ ഒണയാറ്റുകുഴിയിൽ ഏബ്രാഹമിന്റെ മകൻ നോബി വിവാഹം ചെയ്തു. നോബിയുടെ അനുജനാണ്, ഇപ്പോൾ എത്യോപ്യയിൽ മിഷ്യനറിയായി സേവനം ചെയ്യുന്ന ഫാദർ നോർട്ടൺ ഒ.ഐ.സി. (എബി അച്ചൻ) ആലീസ്, അമ്മിണി, ലൂസി ഇവർ വിവാഹിത രായി കുടുംബസമേതം മുംബൈയിൽ താമസിക്കുന്നു.

സഹോദരി മറിയാമ്മയെ - പുനലൂർ കുറ്റിക്കാട്ടു ബംഗ്ലാവിൽ ബെനാൻസ് വിവാഹം ചെയ്തു. 10 മക്കളിൽ രണ്ടു പുത്രന്മാർ ചെറുപ്പത്തിൽ തന്നെ മര ണമടഞ്ഞു. സ്റ്റെല്ല, ലീല, ആന്റപ്പൻ, ജോയി, ബെൻസി, മോളി, ബാബു, ജോസ് ഇവർ 8 പേരും വിവാഹിതരായി. വിവിധ സ്ഥലങ്ങളിലായി അവ രുടെ കുടുംബങ്ങൾ താമസമാക്കി. സ്റ്റെല്ല, ആന്റപ്പൻ, ബാബു ഇവർ മരണ മടഞ്ഞു. ലീല, ജോയി, ബെൻസി, മോളി, ജോസ് ഇവർ എല്ലാവരും കത്തോ ലിക്കാ സഭയിലെ സജീവപ്രവർത്തകരാണ്. അവരുടെ കുടുംബം പുനലൂർ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയിലാണ്. ബെൻസി, ആറ്റിങ്ങൽ ഫെഡറൽ ബാങ്കിൽ മാനേജരാണ്. മോളിയെ തുമ്പമൺ കണ്ടത്തിൽ കുടുംബത്തിൽ വിവാഹം കഴിപ്പിച്ചു. അവർ മാമ്പിലാലി മലങ്കര സുറിയാനി കത്തോലിക്കാപള്ളിയിലെ അംഗങ്ങളാണ്.

സഹോദരി അന്നമ്മയെ തുമ്പമൺ നരിയാപുരത്ത് നിലയ്ക്കൽ കിഴക്കേ തിൽ ബേബി വിവാഹം ചെയ്തു. ബേബിയുടെ മൂത്തസഹോദരന്റെ മക നാണ് പത്തനംതിട്ട രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ഫാദർ ജോൺ ജി. വടക്കേപ്പുറം. കുമ്പഴ അച്ചന്റെ സഹോദരി അന്നമ്മയ്ക്ക് തോമസ് കുട്ടി, അനിയൻ കുഞ്ഞ്, ത്രേസ്യാമ്മ, ക്ലാരമ്മ എന്നിങ്ങനെ 4 മക്കൾ. എല്ലാവരും വിവാഹിതരാണ്. മാതാപിതാക്കൾ രണ്ടുപേരും നിര്യാതരായി. തുമ്പമൺ മാമ്പിലാലി മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചിരി ക്കുന്നു. മക്കൾ മാമ്പിലാലി മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലെ ഇടവകാംഗങ്ങളാണ്.

കുമ്പഴ അച്ചന്റെ ഏറ്റം ഇളയസഹോദരി സാറാമ്മയെ ഇടമൺ, കറിക്കാ ട്ടുവടക്കേതിൽ തോമസ് കെ.ജെ. വിവാഹം ചെയ്തു. ഇപ്പോൾ തലശേരി രൂപതയിൽ നിലേശ്വരത്ത് താമസിക്കുന്നു. 5 മക്കളുണ്ട്. ജോളി, ശോഭ, ജോസ്, റ്റോമി, ബെന്നി, ജോർജുക്കുട്ടി എല്ലാവരും വിവാഹിതരായി. കുടും ബസമേതം താമസിക്കുന്നു. ജോളിയും ശോഭയും അധ്യാപികമാരാണ്. ജോസ് പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായിരുന്നു. റ്റോമിയും ഭാര്യയും ബോംബെയിൽ അഡ്വക്കേറ്റ്സായി ജോലി ചെയ്യുന്നു. ബെന്നി കുടുംബസമേതം കാനഡായിൽ താമസിച്ചു ജോലി ചെയ്യുന്നു. ജോർജു ക്കുട്ടി കുടുംബസമേതം അമേരിക്കയിലാണ്.

www.malankaralibrary.com

## മാതാപിതാക്കളും മക്കളും വിദ്യാഭ്യാസവും

കുമ്പഴ മേലേതിൽ കുടുംബത്തിൽ ഫാദർ പീലിപ്പോസ് അന്നമ്മ ദമ്പതികൾക്ക് ദാനമായി ലഭിച്ച മക്കളെ ദൈവികമായി വളർത്തുന്നതിനും നല്ല വിദ്യാഭ്യാസം നൽകുന്നതിനും മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ മടിത്തട്ടിൽ കൃപാവരം സ്വീകരിച്ച്, പരസ്പരം സ്നേഹിച്ചു കഴിഞ്ഞിരുന്ന ഒരു ഭവനം. ചെറുപ്പത്തിൽ അടിച്ചും കളിച്ചും വളർന്നിരുന്ന മക്കൾ വീട്ടിൽ സന്തോഷം പകർന്നു. സഭാസ്നേഹിയായിരുന്ന അപ്പച്ചനെ വീട്ടിൽ വിരളമായെ കാണാൻ പറ്റുകയുള്ളൂ എന്ന നിലയായിരുന്നു. പഠിക്കുന്നതിനും നിഷ്ഠയോടെ കാര്യങ്ങൾ ചെയ്യുന്നതിനും കൃത്യസമയത്ത് സന്ധ്യാപ്രാർഥന നടത്തുന്നതിനും ദൈവസ്തുതികൾ പാടുന്നതിനും സണ്ടേസ്കൂൾ പഠനത്തിൽ താല്പര്യമെടുക്കുന്നതിനും അപ്പച്ചൻ വളരെയധികം നിഷ്കർഷിച്ചിരുന്നു. അമ്മയുടെ പരിലാളനയിലും നിഷ്ഠയോടെയുള്ള വളർത്തലിലും ഞങ്ങൾ വളർന്നുവന്നു.

ചെറുപ്പത്തിൽ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകുന്നതിന് അപ്പച്ചൻ ശ്രദ്ധിച്ചിരുന്നു. മൂത്തമകൾ പൊന്നമ്മയെ മിഡിൽ സ്കൂൾ പഠനത്തിനായി മൗണ്ട് കാർമൽ ഇംഗ്ലീഷ് ഗേൾസ് ഹൈസ്കൂൾ കോട്ടയത്തും, ഹൈസ്കൂൾ പഠനത്തിനായി ബഥനി ബാലികാമഠം ഗേൾസ് ഹൈസ്കൂൾ നങ്ങ്യാർകുളങ്ങരയും അയച്ചു പഠിപ്പിച്ചു. 1945 ൽ ബഥനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു സ്കൂളാണ് സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂൾ, ചെങ്ങന്നൂർ. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മാനേജുമെന്റിൽ പുത്തൻകാവിൽ തുടങ്ങിയ ഈ സ്കൂൾ പ്രാരംഭകാലത്ത് വിദ്യാർഥികളില്ലാതെ ഞെരുങ്ങിയ ഒരു കാലമുണ്ടായിരുന്നു. സമീപസ്കൂൾ അധികൃതർ, പുതുതായി തുടങ്ങിയ ഈ വിദ്യാലയത്തിലേക്ക് കുട്ടികളെ അയയ്ക്കുന്നതിൽ നിന്നും നാട്ടുകാരെ പിന്തിരിപ്പിച്ചുകൊണ്ടിരുന്നു. ഈ വെല്ലുവിളി നേരിടുന്നതിനായി മാർ ഈവാനിയോസ് തിരുമേനി എം.എസ്.സി. മാനേജുമെന്റിന്റെ കീഴിൽ സമാരംഭിച്ച ഈ സ്കൂൾ ഗവൺമെന്റിന്റെ

www.malankaralibrary.com


അംഗീകാരത്തോടെ ഒരു റസിഡൻഷ്യൽ സ്കൂൾ ആയിമാറ്റി. തുടർന്ന് അടുത്തും അകലെയുമുള്ള വിദ്യാർഥിനികൾ അവിടെ ബോർഡിംഗിൽ താമസിച്ചു പഠിക്കുവാൻ തുടങ്ങി.

മാർ ഈവാനിയോസ് പിതാവിന്റെ നിർദേശപ്രകാരം മലങ്കര കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട വൈദികരുടെ മക്കളെ അവിടെ ബോർഡിംഗ് സ്കൂളിൽ പ്രവേശിപ്പിച്ചു. അങ്ങനെ കുമ്പഴ അച്ചന്റെ മക്കൾ സി. ഫിലോമിന, ലില്ലിക്കുട്ടി ഇവർ സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂളിലെ പൂർവവിദ്യാർഥിനികളായി പഠിച്ചു. മൈലപ്രാ അച്ചന്റെ മകൾ, പരേതയായ സിസ്റ്റർ അൽഫോൻസാ, കലയപുരം മുഞ്ഞനാട്ട് മത്തായി അച്ചന്റെ മകൾ മേരിക്കുട്ടി, പന്തളം മത്തായി സാറിന്റെ മക്കൾ സിസ്റ്റർ ബർക്കുമൻസ്, ജ്യേഷ്ഠത്തി സിസ്റ്റർ ഹെലെനാ, മാവേലിക്കര കല്ലുമ്പുറത്ത് ഫാദർ ബർസ്ലീബാ ഒ.ഐ.സി.യുടെ ജ്യേഷ്ഠന്റെ മകൾ സിസ്റ്റർ സ്ലീബാ, തോമസ് കൊട്ടാരത്തിലച്ചന്റെ മൂത്ത സഹോദരി രാജമ്മ, ഏനാത്ത് സുപ്രസിദ്ധനായ മത്തായി വൈദ്യന്റെ മകൾ സിസ്റ്റർ അഗസ്റ്റിൻ എസ്.ഐ.സി., ജോഷാ താവളത്തിൽ ഒ.ഐ.സി., അച്ചന്റെ ജ്യേഷ്ഠന്റെ മകൾ സിസ്റ്റർ സ്കൊളാസ്റ്റിക്ക, അയിരൂർ നീലംപിലാലിൽ തോമസ് അച്ചന്റെ സഹോദരി സിസ്റ്റർ ഡോറത്തി, ചന്ദനപ്പള്ളി തെങ്ങുവിളയിൽ സാമുവൽ അച്ചന്റെ സഹോദരി സിസ്റ്റർ ജോസഫിൻ, മാർ ഈവാനിയോസ് തിരുമേനിയുടെ വിശ്വസ്ത ഡ്രൈവർ തിരുവനന്തപുരത്ത് കിളിലേത്ത് കീവറീച്ചന്റെ മകൾ കെ.സി.തങ്കമ്മ, വെട്ടൂർ സ്കൂളിൽ അദ്ധ്യാപികയായിരുന്ന ശങ്കരത്തിൽ പി.സി. അമ്മിണി തുടങ്ങിയവർ St. Annes Girls High School ലെ പൂർവ വിദ്യാർഥിനികളായി. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട വൈദികരുടെയും അത്മായരുടെയും മക്കളുടെ പ്രവേശനത്തോടെ സ്കൂൾ കുട്ടികളുടെ എണ്ണം വർധിക്കുകയും ഒരു റസിഡൻഷ്യൽ സ്കൂൾ ആയി സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂൾ പുരോഗതി പ്രാപിക്കുകയും ചെയ്തു. തന്മൂലം സ്കൂൾ നിർത്തലാക്കേണ്ടി വന്നില്ല എന്നുമാത്രമല്ല ഇന്ന് St. Annes High School ജില്ലയിലെ നല്ല നിലവാരമുള്ള ഒരു Higher Secondary School ആയി നിലകൊള്ളുകയും ചെയ്യുന്നു. അവിടെ അന്ന് ഹെഡ്മിസ്ട്രസ് ആയിരുന്ന മദർ ദനഹാ S.I.C യുടെയും ബഥനിയിലെ മറ്റു വന്ദ്യരായ സിസ്റ്റേഴ്സിന്റെയും പരിശീലനത്തിൽ വളരുവാനും വിദ്യ അഭ്യസിക്കുവാനും സാധിച്ചത് വലിയ ഒരു നേട്ടമായി. മേല്പറഞ്ഞ വിദ്യാർഥിനികൾ ഭൂരിഭാഗവും സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ B.B.H.S നങ്ങ്യാർകുളങ്ങരയും പഠനം തുടർന്നു. മേൽപറഞ്ഞ സിസ്റ്റേഴ്സ് എല്ലാവരും ആ സ്കൂളിലെ പൂർവ വിദ്യാർഥിനികളായിരുന്നു. കുമ്പഴ അച്ചന്റെ

www.malankaralibrary.com


ഇളയ മക്കൾ ദീനാമ്മയും ക്ലാരമ്മയും കായംകുളം സെന്റ് മേരീസ് ഹൈസ്കൂളിലെ പൂർവവിദ്യാർഥിനികളായിരുന്നു. അവിടെയും അക്കാലത്ത് മദർ ദനഹാ തന്നെയായിരുന്നു ഹെഡ്മിസ്ട്രസ്. കുമ്പഴ അച്ചന്റെ ഒരുമ കൾ ആലീസ് Sacred Heart High School മൈലപ്രായിൽ Middle School ൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ മഞ്ഞപ്പിത്തം ബാധിച്ച് 1952 ഫെബ്രുവരി 14 ന് മരണമടഞ്ഞു.

മകൻ, ജെയിംസ് ഹൈസ്കൂൾ പഠനത്തെ തുടർന്ന് St. Berchmans College ചങ്ങനാശേരിയിൽ pre-university പഠനവും Sacred Heart College തേവര, എറണാകുളത്ത് ഡിഗ്രിപഠനവും പൂർത്തിയാക്കി. തുടർന്ന് രാജഗിരി കോളജിൽ പഠിച്ച് സോഷ്യൽ വർക്കിൽ ബിരുദാനന്തരബിരുദം നേടി. തുടർന്ന് നാട്ടിലും ഗൾഫിലുമായി ഉദ്യോഗം വഹിച്ചു.

ജെയിംസ് 2013 ഒക്ടോബർ 30 ന് തന്റെ 65-ാം വയസിൽ നിര്യാത നായി.

ഇപ്പോൾ പൊന്നമ്മയും കുടുംബവും തിരുവനന്തപുരത്തും ലില്ലിക്കു ട്ടിയും കുടുംബവും പെരുമ്പാവൂരും, ക്ലാരമ്മയും കുടുംബവും എറണാകു ളത്തും താമസിച്ചുവരുന്നു.

www.malankaralibrary.com

## കുമ്പഴ അച്ചന്റെ മക്കൾ

1. **പൊന്നമ്മ** (എം.പി. മറിയാമ്മ) ചങ്ങനാശേരി കുരിശിങ്കൽപറമ്പിൽ ശ്രീമാൻ യൗസേപ്പിന്റെയും അന്നമ്മയുടെയും രണ്ടാമത്തെ മകൻ ശ്രീമാൻ കെ.ഒ. വർഗ്ഗീസ് 1947 ഏപ്രിൽ 17–ാം തീയതി മൂത്തമകൾ പൊന്നമ്മയെ വിവാഹം ചെയ്തു. മക്കൾ മൂന്നുപേരാണ്. വത്സമ്മ, ജോസി, ജോളി.

   1. വത്സമ്മ : അഞ്ചൽപ്പെട്ടി നടുവിലേടത്ത് പി.വി. കുര്യാക്കോസിന്റെയും മറിയാമ്മയുടെയും മകൻ ഡോ. ജോർജ് ഓണക്കൂർ വത്സമ്മയെ 1967 മെയ് 22 ന് വിവാഹം ചെയ്തു.

      മക്കൾ : ദർശന, ആദർശ്, അനശ്വര. മൂന്നുപേരും വിവാഹിതരായി കുടുംബസമേതം ദുബായിൽ ജോലി ചെയ്യുന്നു. കൊച്ചുമക്കൾ ആറ്. അവിനാശ്, അമൃത്, അങ്കിത്, അലോക്, അലീൻ, അദിത്.

   2. ജോസി : മകൻ ജോസ് വറുഗീസ് കുരിശിങ്കൽ പറമ്പിൽ ചങ്ങനാശേരി, വെണ്ണിക്കുളത്തുനിന്നും നാലാഞ്ചിറ (തിരുവനന്തപുരം) താമസമാക്കിയ ഊരിയകുന്നത്ത് ശ്രീമാൻ സി.ജി. ഡാനിയേലിന്റെയും അന്നമ്മയുടെയും മൂത്തമകൾ സുജയെ 1978 ആഗസ്റ്റ് 20 ന് വിവാഹം ചെയ്തു.

      മക്കൾ : ജെസ്, ജെനി. ഇരുവരും വിവാഹിതരാണ്. മകൻ കുടുംബസമേതം ദുബായിലും മകളും കുടുംബവും U.K.യിലുമാണ്. കൊച്ചുമക്കൾ മൂന്ന്. ജോഷ്, അന്ന, നീൽ.

   3. ജോളി : കാഞ്ഞിരപ്പള്ളി ചിറക്കടവ് കുന്നുംപുറത്ത് ശ്രീമാൻ ജോൺ തോമസിന്റെയും ചിന്നമ്മയുടെയും മകൻ ശ്രീമാൻ റ്റി.കെ. തോമസ് 1975 ഡിസംബർ 14–ാം തീയതി വിവാഹം ചെയ്തു.

      മക്കൾ : റ്റെസ്, ജിസ്, ലിസ്. മൂന്നുപേരും വിവാഹിതരാണ്. കൊച്ചുമക്കൾ ആറ് : യോഹന്നാൻ, യാനാ, ദിയാ, മരിയ, ജിയാനാ, ആന്റൺ

www.malankaralibrary.com


2. <u>**സിസ്റ്റർ ഫിലോമിന എസ്.ഐ.സി.**</u> ബഥനി സന്യാസിനി സമൂഹത്തിൽ സമർപ്പിത ജീവിതം നയിക്കുന്നു. 1953 മെയ് 15 ന് നാലാഞ്ചിറ ബഥനി മഠത്തിൽ ആദ്യവ്രതവാഗ്ദാനം ചെയ്തു. 1957-ൽ നിത്യവ്രതസ്ഥയായി. നാലാഞ്ചിറ (തിരുവനന്തപുരം) സെന്റ് ഗൊരേറ്റിസ് ഹൈസ്കൂളിലും ബഥനി ബാലികാമഠം നങ്ങ്യാർകുളം ഹൈസ്കൂളിലും അദ്ധ്യാപികയായിരുന്നു. നാലാഞ്ചിറ സെന്റ്ഗൊരേറ്റിസ് ഹൈസ്കൂളിൽ 16 വർഷം ഹെഡ്മിസ്ട്രസ്സായി സേവനമനുഷ്ഠിച്ചശേഷം 1991 ൽ വിരമിച്ചു. തുടർന്ന് 12 വർഷക്കാലം ബഥനി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായും 3 വർഷക്കാലം ബഥനി, പത്തനംതിട്ട പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യറായും സേവനമനുഷ്ഠിക്കുകയുണ്ടായി. ഇപ്പോൾ ബഥനി പത്തനംതിട്ട പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിക്കുന്നു.

3. <u>**ലില്ലിക്കുട്ടി**</u> പെരുമ്പാവൂർ തോമ്പ്ര കുടുംബത്തിൽ, തിരുവല്ലാ രൂപതയിലെ പ്രമുഖ വൈദികനായിരുന്ന ഫാദർ ഗീവർഗീസ് തോമ്പ്രയുടെയും മറിയാമ്മയുടെയും മകൻ റ്റി.വി. ആന്റണി 1954 ഫെബ്രുവരി 25-ാം തീയതി ലില്ലിക്കുട്ടിയെ വിവാഹം ചെയ്തു.

മക്കൾ : ജോസ്, നിർമല, ബാബു, സോജൻ. നാലു പേരും വിവാഹിതരായി കുടുംബജീവിതം നയിക്കുന്നു. ജോസ്, ബാബു, സോജൻ ഇവർ ബഹ്റിനിൽ ജോലി ചെയ്യുന്നു. കൊച്ചുമക്കൾ എട്ട്.

1. ജോസ് : പത്തനംതിട്ട താലൂക്കിൽകോന്നി, പൂന്തോട്ടം പരേതരായ ശ്രീമാൻ ലൂക്കിന്റെയും ചിന്നമ്മയുടെയും മകളായ സോമയെ 1987 സെപ്റ്റംബർ 10-ാം തീയതി ജോസ് വിവാഹം ചെയ്തു. മക്കൾ : മാർട്ടിൻ, ജെസ്വിൻ.
2. നിർമല : കടമ്മനിട്ടയച്ചന്റെ (ഫാദർ പി.സി. ഗീവറുഗീസ് പുത്തൻപുരയ്ക്കൽ) കൊച്ചുമകൻ ജോസ്, ഗീവറുഗീസ് തോമ്പ്ര അച്ചന്റെയും കുമ്പഴ അച്ചന്റെയും കൊച്ചുമകൾ നിർമലയെ 1980 ജൂലൈ 17 ന് വിവാഹം ചെയ്തു. മക്കൾ രണ്ട്. മിഥുൻ, ജിലു. ഇരുവരും വിവാഹിതരാണ്. കൊച്ചുമക്കൾ മൂന്ന്. ദിവ്യ, മാർക്, ക്രിസ്റ്റീന.
3. ബാബു : കോതമംഗലം, നാടുകാണി, കുളത്തുങ്കൽ ശ്രീമാൻ കുര്യന്റെയും മറിയക്കുട്ടിയുടെയും മകൾ മേഴ്സിയെ വിവാഹം ചെയ്തു. ഇരുവരും ബഹ്റിനിൽ ജോലി ചെയ്യുന്നു. മക്കൾ രണ്ട്: ആൻഡ്രൂ, നീതു.
4. സോജൻ : ആലുവ, വാഴക്കുളത്ത് മേക്കാട്ട് ശ്രീമാൻ ജോണിന്റെയും

www.malankaralibrary.com


മേരിയുടെയും മകൾ ഹെലനെ 1994 ആഗസ്റ്റ് 18-ാം തീയതി വിവാഹം ചെയ്തു. മക്കൾ രണ്ട്. അലൻ, അരുൺ.

4. **സിസ്റ്റർ ദീനാഫിലിപ്പ്** മെഡിക്കൽ മിഷ്യൻ സിസ്റ്റേഴ്സിന്റെ M.M.S എന്ന അന്താരാഷ്ട്ര സന്യാസ സമൂഹത്തിൽ ചേർന്ന് 1962 ആഗസ്റ്റ് 22ന് വ്രതവാഗ്ദാനം ചെയ്തു. വെല്ലൂർ ക്രിസ്റ്റ്യൻ മെഡിക്കൽ കോളേജിൽ സേവനമനുഷ്ഠിച്ചു. പിന്നീട് സന്യാസപരിശീലനത്തിനുള്ള പഠനത്തിനായി ഫിലിപ്പൈൻസിൽ മനിലായിലും, പൂനായിൽ 'സാധന' ഇൻസ്റ്റിറ്റ്യൂട്ടിലും തിരുവനന്തപുരത്ത് H.R.T. Foundation നിലും പഠിച്ച് Pastoral, Spiritual, Psychological & Emotional മേഖലകളിൽ വ്യക്തികളെ അവരുടെ വളർച്ചയിൽ സഹായിക്കാനുള്ള skills ആർജിച്ചു. Formation courseനുശേഷം പത്തുവർഷക്കാലം സന്യാസ പരിശീലന മേഖലയിൽ സമൂഹത്തിൽ സേവനം ചെയ്തു. പിന്നീട് 6 വർഷക്കാലം South Indian M.M.S. Province ന്റെ Provincial Superior ആയി സേവനമനുഷ്ഠിച്ചു. തുടർന്ന് 1994 മുതൽ ചങ്ങനാശേരിയിൽ 'ആയുഷ്യ' എന്ന Wholistic Centre ൽ Counselling & Brain wave Therapist ആയി സൗഖ്യദായകദൗത്യം തുടർന്നുകൊണ്ടിരിക്കുന്നു.

5. **ക്ലാരമ്മ :** പെരുമാനൂർ, പള്ളിമുക്ക്, പുളിക്കൽ (എറണാകുളം) കുടുംബാംഗമായ വറീത് ലോനന്റെയും, ബ്രീജിത്താമ്മയുടെയും മകൻ പി.എൽ.തോമസ് പുളിക്കൽ ഇളയമകൾ ക്ലാരമ്മയെ 1962 മെയ് 21 ന് വിവാഹം ചെയ്തു.

   മക്കൾ : ബൈജു, മിനി, റെയ്മോൾ, ജോമി.

   1. ബൈജു : അങ്കമാലി പൈനാടത്ത് വറുഗീസിന്റെയും മേരിയുടെയും മകൾ ഷൈജിയെ വിവാഹം ചെയ്തു. മക്കൾ: മരിയ, പ്രെയർ, അൽഫോൻസ.
   2. മിനി : ആലുവ പടിയ്ക്കപ്പറമ്പിൽ ജോസഫിന്റെയും മേരിയുടെയും മകൻ ജെയ്സൺ ജോസഫ് മിനിയെ വിവാഹം കഴിച്ചു. മക്കൾ: ജിതിൻ, സോണിയ.
   3. റെയ്മോൾ : ഇടക്കൊച്ചി, കവലയ്ക്കൽ ഫ്രാൻസിസിന്റെയും ആനി ബേബിയുടെയും മകൻ ഫ്രാങ്ക്ളിൻ ഫ്രാൻസിസ്, റെയ്മോളെ വിവാഹം കഴിച്ചു. മക്കൾ: പ്രിയങ്ക, ഫ്രാൻസിസ്.

6. **ജെയിംസ്** കുമ്പഴ അച്ചന്റെ ഏകമകൻ ജെയിംസ്, അഞ്ചൽ, പഴയേരൂർ, കോട്ടയിൽ *ഉമ്മൻ വറുഗീസിന്റെയും, ഫാദർ ഗീവർഗീസ്

---

*അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ വല്യമ്മച്ചിയുടെ ആങ്ങളയാണ് ശ്രീമാൻ ഉമ്മൻ വറുഗീസ്.

www.malankaralibrary.com


പുത്തൻപുരയ്ക്കൽ (കടമ്മനിട്ട അച്ചൻ) അവർകളുടെ മൂത്തമകൾ ചിന്നമ്മയുടെയും മകൾ ആൻസിയെ 1973 മെയ് 21 ന് വിവാഹം ചെയ്തു.

മക്കൾ : കൊച്ചുറാണി, രശ്മി, റോബിൻ, റിനു.

മൂത്തമകൾ കൊച്ചുറാണി 14–ാം വയസിൽ 30–10–1988 ൽ മരണമടഞ്ഞു.

2. രശ്മി: പൂഞ്ഞാർ, വാഴയിൽ, ബിജു ജോർജ് വിവാഹം ചെയ്തു. മക്കൾ: ജോവൽ, ജൊവാന്ന.
3. റോബിൻ : ഏറ്റുമാനൂർ നെടിയിടത്ത് സതീഷിന്റെയും ഓമനയുടെയും മകൾ സബിതയെ വിവാഹം ചെയ്തു. മക്കൾ: റയൺ, ക്രിസ്റ്റൽ.
4. റിനു : കർണാടക, ഇച്ചിലംപാടി, ഒറ്റത്തെങ്ങിൽ ജോർജുകുട്ടിയുടെയും (ബത്തേരി രൂപതയുടെയും പുത്തൂർ രൂപതയുടെയും മെത്രാപ്പോലീത്തായായിരുന്ന മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഇളയ സഹോദരനാണ് ജോർജുകുട്ടി ഒറ്റത്തെങ്ങിൽ) പൊന്നമ്മയുടെയും മൂത്തമകനായ ഡെന്നിസ് റിനുവിനെ വിവാഹം ചെയ്തു. മക്കൾ രണ്ട്. ജിയ, ജോർഡൻ.

കുമ്പഴ അച്ചന്റെ മക്കൾ എല്ലാവരും വിവിധ സ്ഥലങ്ങളിലായി കത്തോലിക്കാസഭയിൽ തന്നെ സജീവമായി പ്രവർത്തിക്കുന്നു.

www.malankaralibrary.com

## ഓർമയിലെ സജീവചിത്രങ്ങൾ

ഊർജസ്വലനായ ഒരു യുവവൈദികൻ 1930 ഒക്ടോബർ 29-ാം തീയതി തന്റെ 23-ാം വയസിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. എന്തിന്? സത്യം തിരിച്ചറിഞ്ഞപ്പോൾ വഴക്കും വക്കാണവുമുപേക്ഷിച്ച്, സമാധാനപൂർണമായ സാർവത്രിക സഭയുടെ കൂട്ടായ്മയിലേക്ക്, ഐക്യത്തിന്റെ പാതയിലേക്ക് നീങ്ങി ജീവിക്കുവാനുള്ള ഒരു ദൈവപ്രേരണ മേലേതിൽ പീലിപ്പോസച്ചന് കൈവന്നു. അതിന് മാർ ഈവാനിയോസ് പിതാവിന്റെ ധീരവും സാഹസികവുമായ കാൽവെപ്പ് വഴിവിളക്കായി എന്നുപറയട്ടെ. സ്വസമുദായത്തിന്റെ ദുസ്ഥിതി, പരസ്പരമുള്ള മാത്സര്യങ്ങൾ സഭയിലെ സംഘർഷപൂരിതമായ സംഭവങ്ങൾ - എല്ലാം ഇതിലേക്ക് വഴിതെളിച്ചു. കുമ്പഴ അച്ചന്റെ ഡയറിക്കുറിപ്പുകളിൽ നിന്നും പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിലെ വേദനാജനകമായ സംഭവങ്ങളും അന്നു നിലവിലുണ്ടായിരുന്ന വ്യവസ്ഥിതികളും മാറ്റങ്ങളും പുനരൈക്യപ്പെടുന്നവർ അനുഭവിക്കേണ്ടിവന്ന യാതനകളും ശരിയായി മനസിലാക്കുന്നതിനു സാധിക്കും.

അപ്പച്ചനെകുറിച്ചുള്ള സ്നേഹസ്മരണ തെല്ലും മങ്ങൽ ഏൽക്കാതെ മനസു നിറഞ്ഞു നിൽക്കുന്നു. വാത്സല്യനിധിയായ പിതാവിൽ നിന്നും ഉൾക്കൊണ്ട ചില ബാല്യകാലാനുഭവങ്ങൾ കുറിക്കുകയാണിവിടെ. ചെറുപ്പകാലത്ത് വളരെ ചുരുക്കമായി മാത്രമാണ് അപ്പച്ചനെ വീട്ടിൽ കാണുക. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുന്നവർക്ക് അക്കാലത്ത് പള്ളികൾ ഉണ്ടായിരുന്നില്ല. അപ്പച്ചൻ കൂടുതൽ സമയവും പള്ളികൾ പണിയിക്കുന്നതിനും പള്ളിക്കു സ്ഥലങ്ങൾ വാങ്ങുന്നതിനും ശവക്കോട്ടകൾക്കെതിരായുള്ള കേസുകൾ നടത്തുന്നതിനും മറ്റുമായി ഓരോരോ സ്ഥലങ്ങളിലായിരിക്കും. ചിലപ്പോൾ വാരാന്ത്യത്തിൽ മാത്രമേ വീട്ടിൽ വന്നിരുന്നുള്ളൂ. വീണ്ടും ശനിയാഴ്ച ദൂരെയുള്ള പള്ളികളിൽ വി.കുർബാന ചൊല്ലുന്നതിനായി നടന്നുപോകും. കോന്നി വകയാർ, കാർമല, കല്ലേലി, കൂടൽ തുടങ്ങിയ മലയോര പ്രദേശങ്ങളിലേക്ക്. ദീർഘദൂരം നടന്നുവേണം മിഷ്യൻ സ്ഥലങ്ങളിലെത്തിച്ചേരാൻ. സഞ്ചാര യോഗ്യമായ റോഡുകളില്ല.

www.malankaralibrary.com


ഊടുവഴികളിലൂടെ അവിടെയെത്തുമ്പോൾ താമസസൗകര്യങ്ങളില്ല. നല്ല പരിചയമുള്ള വീടുകളിലോ അല്ലെങ്കിൽ പുതുതായി ചാപ്പലിനായി നിർമിക്കപ്പെട്ട ഓല മേഞ്ഞ ഷെഡുകളിലോ താമസിക്കും. വാഹന സൗകര്യമില്ലാത്ത സ്ഥലങ്ങളിലൂടെ, ഒറ്റയടി പാതയിലൂടെ നടന്നും, സൈക്കിൾ ചവിട്ടിയും മിഷ്യനിലെത്തി ഞായറാഴ്ച വി. കുർബാന അർപ്പിച്ച് ഭവനസന്ദർശനം നടത്തി തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ തിരികെ ഭവനത്തിലെത്തും. മിഷ്യനിലേക്കു പോകുമ്പോൾ വി. കുർബാനക്കുള്ള തക്സ, കാപ്പ, വിരിക്കൂട്ടം, പൂജാപാത്രങ്ങൾ, ധൂപക്കുറ്റി, മെഴുകുതിരി, വി. കുർബാനയ്ക്കുവേണ്ട വീഞ്ഞ്, ഹമ്മീറ, മാമോദീസായിക്കുള്ള മൂറോൻ തുടങ്ങിയവ എല്ലാം ഒരു കറുത്ത ലെതർ പെട്ടിയിലാക്കി കൊണ്ടുപോകും. ശുശ്രൂഷകൻ പെട്ടിയുമായി നേരത്തെ പോകും. മേലേതിൽ കുടുംബാംഗങ്ങളായ യോഹന്നാൻ, മത്തായിച്ചൻ, ചാലുംകരോട്ട് തോമസ് ഇവരായിരുന്നു ആദ്യകാല ശുശ്രൂഷകർ. പിന്നീട് കാർമല ഇടവകക്കാരനായിത്തീർന്ന ദാവീദ് പേഴുംമൂട്ടിൽ, വറുഗീസ് പറകുന്നിൽ, യോശുവാ പേഴുംമൂട്ടിൽ ഇവരായിരുന്നു അപ്പച്ചനെ മിഷ്യനുകളിൽ അനുയാത്ര ചെയ്യുകയും ശുശ്രൂഷകരായി വിശ്വസ്ത സേവനമനുഷ്ഠിക്കുകയും ചെയ്തവർ.

അപ്പച്ചന് വീടും പരിസരവും വളരെ വൃത്തിയായും ചിട്ടയായും സൂക്ഷിക്കുന്നതിൽ വളരെ നിർബന്ധമായിരുന്നു. വീട്ടിലുള്ള ഓരോ സാധനവും കൃത്യസ്ഥലത്ത് അടുക്കിവച്ചിരിക്കണം. അതാതിന്റെ സ്ഥാനം എന്നും അവിടെത്തന്നെ ആയിരിക്കണം. വീട്ടിലുള്ള ഏതു സാധനമായാലും തപ്പിനടക്കാതെ പെട്ടെന്നു പോയി എടുക്കുന്നതിന് അതു സഹായമായിരുന്നു. ആ സ്വഭാവം ഇന്നും ഞങ്ങൾ മക്കൾക്കെല്ലാം ഞങ്ങളുടെ ജീവിതത്തിൽ ഗുണം ചെയ്തിട്ടുണ്ട്.

അപ്പച്ചന്റെ ആകാരസൗഷ്ഠവവും ആരെയും തന്നിലേക്ക് ആകർഷിക്കുന്ന സംസാരരീതിയും കാരണം വലുതായ ഒരു സുഹൃദ്‌വലയം ഉണ്ടായിരുന്നു. അതുകൊണ്ട് അപ്പച്ചൻ വീട്ടിലുള്ള സമയത്ത് ധാരാളം സന്ദർശകർ വീട്ടിൽ വന്നിരുന്നു. വരുന്നവരെ എല്ലാവരെയും തന്നാലാവുന്ന വിധം സഹായിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു. വീട്ടിൽ വരുന്നവരെ മാന്യമായി സൽക്കരിക്കുന്നതിൽ വളരെ തല്പരനായിരുന്നു. അവരോടുള്ള സരസ സംഭാഷണവും, ഹൃദ്യമായ പെരുമാറ്റവും അപ്പച്ചനിലേക്ക് ആളുകളെ ആകർഷിച്ചിരുന്നു. അപ്പച്ചന്റെ സുഹൃത്തുക്കളിൽ വൈദികരും ബന്ധുക്കളും മിത്രങ്ങളും ഇടവകയിലെ അൽമേനികളും നാട്ടുകാരും വീട്ടുകാരുമായി അനേകർ ഉണ്ടായിരുന്നു. കേരളത്തിന്റെ ഏതു ഭാഗത്തു ചെന്നാലും അപ്പച്ചനു ധാരാളം സുഹൃത്തുക്കളും സഹായികളും കാണാതിരിക്കയില്ല.

www.malankaralibrary.com


പുനരൈക്യപ്രസ്ഥാനത്തിലേക്ക് അനേകരെ ആനയിക്കുന്നതിന് കുമ്പഴ അച്ചന് സാധിച്ചത് അദ്ദേഹത്തിന്റെ സ്നേഹപൂർവമായ സമീപനം ഒന്നു കൊണ്ടു മാത്രമാണ്.

അതിഥി സൽക്കാര പ്രിയനായിരുന്ന അപ്പച്ചൻ പറയും. "നമ്മുടെ വീട്ടിൽ വരുന്നവരോട് വളരെ ആദരവും സ്നേഹവും വേണം. നമ്മുടെ വീട്ടിൽ ആരു വന്നാലും ഭക്ഷണം നൽകാൻ തക്കവിധം കരുതലുണ്ടായിരിക്കണം. എപ്പോഴും നാം കഴിച്ചുകഴിഞ്ഞ് മൂന്നുനാലു പേർക്കു കൂടി കഴിക്കുന്നതിനുള്ള ഭക്ഷണമുണ്ടായിരിക്കണം." ഇതുവളരെ നിർബന്ധമായിരുന്നു. അപ്പച്ചന്റെ കൂടെ ആളുകൾ വരും. ആരു വന്നാലും അതാതു സമയങ്ങളിൽ ഭക്ഷണം കൊടുക്കാൻ പറയും. കാപ്പി, ചോറ്, ചായ എന്നിങ്ങനെ. ഉടനടി അത് നിർവഹിക്കുകയും വേണം.

രാവിലെ എഴുന്നേറ്റാലുടനെ പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് ധ്യാനനിരതനായി കുറെസമയം കസേരയിൽ ഇരിക്കും. മെഴുകുതിരി കത്തിച്ചുവച്ച് മൗനമായിരുന്നു പ്രാർഥിക്കുക പതിവായിരുന്നു. സന്ധ്യക്കും യാത്ര പോകുമ്പോഴും തിരുഹൃദയത്തിന്റെ മുമ്പിൽ നിന്ന് പ്രാർഥിക്കും. പള്ളിയിൽ പോകാൻ സുഖമില്ലാതായ കാലത്ത് മേടയിൽ പ്രൈവറ്റ് ചാപ്പലിൽ വി.കുർബാന അർപ്പിച്ചിരുന്നു.

ഇടയ്ക്കിടെ മക്കൾക്ക് പുതിയ ഫാഷനിലുള്ള നിറപ്പകിട്ടാർന്ന ഉടുപ്പുകൾ വാങ്ങിത്തന്നിരുന്നത് ഓർക്കുന്നുണ്ട്. വീട്ടിലേക്കാവശ്യമുള്ള ഉപകരണങ്ങൾ, ആയുധങ്ങൾ, വീട്ടുസാമഗ്രികൾ ഇവയിൽ സ്വയം പര്യാപ്തത ഉണ്ടായിരിക്കുന്ന കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു. "ആരോടും ഒന്നും ചോദിച്ചു നടക്കരുത്" എന്ന് പറയുമായിരുന്നു.

കുമ്പഴ അച്ചൻ കഠിനാദ്ധ്വാനി ആയിരുന്നു. സഭാസ്നേഹിയായിരുന്ന അച്ചൻ മിഷ്യനെ സ്നേഹിക്കുകയും പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി അത്യദ്ധ്വാനം ചെയ്കയും ചെയ്തിരുന്നു. പള്ളിക്കാര്യങ്ങളിലും ചാപ്പൽ നിർമാണത്തിലും മിഷ്യൻ പ്രവർത്തനങ്ങളിലും മാത്രമല്ല. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും വ്യാപൃതനായിരുന്നു. പൊതുകാര്യപ്രസക്തനായ അപ്പച്ചൻ കോ-ഓപ്പറേറ്റീവ് യൂണിയൻ പ്രസിഡന്റായും സ്വന്തമായി നിർമിച്ചു നടത്തിവന്ന Mother of Health Hospitalന്റെ സ്ഥാപകനായും ഡയറക്ടറായും സേവനമനുഷ്ഠിച്ചിരുന്നു.

വിവിധ മേഖലകളിൽ കുമ്പഴ, കോന്നി, വടക്കുപുറം, തലച്ചിറ, മലയാലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. റോഡില്ലാത്ത സ്ഥലങ്ങളിൽ റോഡുനിർമിക്കുന്നതിനും വഴിവിളക്കുപോലും ഇല്ലാത്ത സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി

www.malankaralibrary.com


എത്തിക്കുന്നതിനും ഉൾനാടൻ പ്രദേശങ്ങളിലേക്ക് ബസ് സർവീസ് വ്യാപിപ്പിക്കുന്നതിനും കഠിനമായി പ്രയത്നിച്ചു. കുമ്പഴ, വെട്ടൂർ, കോന്നിത്താഴം തുടങ്ങിയ സ്കൂളുകളുടെ മാനേജരായും സേവനമനുഷ്ഠിച്ചു വന്നു. കുമ്പഴ അച്ചൻ ഡോക്ടറേറ്റ് ഒന്നും എടുത്തിട്ടില്ല. എങ്കിലും ദൈവശാസ്ത്രപരമായി നല്ല ജ്ഞാനം ഉണ്ടായിരുന്നു. പുനരൈക്യത്തെ തുടർന്ന് ചങ്ങനാശേരി, ചെത്തിപ്പുഴ ആശ്രമത്തിൽ താമസിച്ചുകൊണ്ട് വൈദിക പരിശീലനം നേടുവാൻ മാർ ഈവാനിയോസ് പിതാവ് അവസരം ഒരുക്കി. അവിടെ അന്ന് Rev. Fr. Placid C.M.I പുനരൈക്യപ്പെട്ട മലങ്കര മക്കളോട് വളരെ താല്പര്യം കാണിക്കുകയും സഭാസംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തു വന്നു. ചെത്തിപ്പുഴ താമസിക്കുന്ന കാലത്ത് തിരുമൂല ബഥനി മഠത്തിൽ രാവിലെ പോയി വി. കുർബാന ചൊല്ലുകയും സിസ്റ്റേഴ്സുമായി പരിചയപ്പെടുകയും ചെയ്തിരുന്നു. അപ്പച്ചൻ വീട്ടിലായിരിക്കുമ്പോൾ വായനയും പഠനവും നടത്തുന്നതും പ്രസംഗനോട്ട് തയ്യാറാക്കുന്നതുമൊക്കെ കാണാമായിരുന്നു.

ഇടവക ജനങ്ങളുമായി ചർച്ചകൾ, ആലോചനകൾ, സരസ സംഭാഷണങ്ങൾ, പഠന ക്ലാസുകൾ തുടങ്ങിയവ വീട്ടിൽ വച്ച് നടത്തുക പതിവായിരുന്നു. വേനൽക്കാലത്ത് ഓലമേഞ്ഞ ഒരു ഷെഡ് മുറ്റത്തു രൂപപ്പെടുത്തും. വിവിധ പള്ളികളിൽ നിന്നും വരുന്ന ഇടവകാംഗങ്ങളെ കാണുന്നതും, സംസാരിക്കുന്നതും പ്രശ്നങ്ങൾ പരിഹരിക്കുന്നതുമൊക്കെ ഈ താല്ക്കാലിക കൂടാരത്തിൽ വച്ചായിരിക്കും. സത്യസഭയെക്കുറിച്ചുള്ള ക്ലാസുകളും പള്ളിപ്പെരുന്നാളിനുള്ള നാടകാഭിനയവും ഇവിടെ വച്ച് അരങ്ങേറും. പരിസ്ഥിതിയെപ്പറ്റിയും പ്രകൃതി സംരക്ഷണത്തെപ്പറ്റിയും ഇന്നു നാം കേൾക്കുന്ന കാര്യങ്ങൾ അന്നേ അപ്പച്ചൻ തന്റെ ജീവിതത്തിൽ പകർത്തിയിരുന്നു. മുറ്റത്തു ഒരു നല്ല ചെടിത്തോട്ടം ഉണ്ടായിരുന്നു. എവിടെ പോയാലും നല്ല ചെടികളുടെ തണ്ടുകളും വർണപ്പകിട്ടാർന്ന ക്രോട്ടൺസും കൊണ്ടുവന്ന് തോട്ടത്തിൽ നട്ടുപിടിപ്പിച്ച് മനോഹരമാക്കും. പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സ്വഭാവം. കുടുംബവീടിനോടു ചേർന്നുള്ള നറുമണമുള്ള പൂക്കൾ നിറഞ്ഞ കാപ്പി തോട്ടത്തിൽ കഞ്ഞിയും കറിയും വച്ച് ഞങ്ങൾ കളിക്കുന്നതും കാട്ടുവള്ളികൊണ്ടു കെട്ടിയിരിക്കുന്ന ഊഞ്ഞാലിൽ ആടുന്നതുമൊക്കെ ഓർമയിലുണ്ട്. കൃഷിയിൽ താല്പര്യമുണ്ടായിരുന്നു എങ്കിലും അതിന്റെ ചുമതലയൊക്കെ അമ്മയ്ക്കായിരുന്നു. മുൻവശത്തുള്ള നിലത്തിൽ നെല്ലും, പുരയിടത്തിൽ തെങ്ങ്, വാഴ, കപ്പ, കാച്ചിൽ, പച്ചക്കറികൾ തുടങ്ങിയവയെല്ലാം കൃഷി ചെയ്യിച്ചിരുന്നു.

നാട്ടിൽ അറിയപ്പെട്ടിരുന്ന ഒരു വൈദ്യനായിരുന്നു വല്യപ്പച്ചൻ തോമസ് വൈദ്യൻ. കുടുംബപരമായി പറഞ്ഞാൽ വൈദ്യന്മാരുടെ ഒരു കുടുംബമാ

www.malankaralibrary.com


യിരുന്നു. പടിഞ്ഞാറേ മേലേതിലും ഖ്യാതികേട്ട ഒരു തോമസ് വൈദ്യൻ ഉണ്ടായിരുന്നു. (അദ്ദേഹത്തിന്റെ മകനാണ് സ്ലീബാദാസ സമൂഹാംഗമായ ബ. ശെമവൂൻ റമ്പാൻ.) ചികിത്സയ്ക്കു വേണ്ട മരുന്നുചെടികൾ, ഒറ്റമൂലി പ്രയോഗങ്ങൾക്കുള്ള ഔഷധച്ചെടികൾ തുടങ്ങിയവയെല്ലാം നട്ടുവളർത്തി യിരുന്ന ഒരു വലിയ ഔഷധത്തോട്ടം വീട്ടിൽ ഉണ്ടായിരുന്നു. കൂടാതെ പറ മ്പിൽ തന്നെ രണ്ടുമൂന്നു തട്ടുകൾ കുറുന്തോട്ടി, കയ്യോന്നി, അമൃത് മുതലാ യവയുടെ നിരകളും.

സന്ധ്യാപ്രാർഥന, വേദപുസ്തക പാരായണം ഇവയിൽ വീട്ടിലുള്ള എല്ലാവരും സജീവമായി പങ്കെടുക്കണമെന്ന് അപ്പച്ചന് വളരെ നിർബന്ധമാ യിരുന്നു. അപ്പച്ചൻ നല്ലതുപോലെ പാടുമായിരുന്നു. പ്രാർഥനയ്ക്കുശേഷം ഞങ്ങൾ മക്കളെല്ലാവരും കൂടി ഭക്തിഗാനങ്ങൾ ആലപിച്ചിരുന്നത് അനുസ്മ രിക്കുന്നു.

ദൈവമാതാവിനോടുള്ള ഭക്തി, തിരുകുടുംബത്തോടുള്ള ഭക്തി, തിരു ഹൃദയത്തോടുള്ള ഭക്തി ഇവയെല്ലാം പൈതൃകമായി വീട്ടിൽ നിന്നും ലഭി ച്ചിട്ടുള്ളതാണ്.

സന്ധ്യാപ്രാർഥനയ്ക്കുശേഷം, മറിയമെ! നല്ല അമ്മേ! ഈ രാത്രി യിലെ സകല ചാവുദോഷങ്ങളിൽ നിന്നും പാപദോഷങ്ങളിൽ നിന്നും ദുർസ്വ പ്നങ്ങളിൽ നിന്നും, സകല അത്യാപത്തുകളിൽ നിന്നും എന്നെയും എന്റെ കുടുംബത്തെയും സംരക്ഷിച്ചു കൊള്ളണമെ! കൃപ നിറഞ്ഞ മറിയമെ, ത്രിത്വ സ്തുതി.

തുടർന്ന്

വിശുദ്ധ അന്തോനീസേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

വിശുദ്ധ ഫ്രാൻസിസ് അസീസിയെ! ഞങ്ങൾക്കുവേണ്ടി അപേക്ഷി ക്കണമെ!

വിശുദ്ധ കൊച്ചുത്രേസ്യായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

സിസ്റ്റർ അൽഫോൻസായെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

മാർ ഈവാനിയോസ് പിതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക ണമെ! എന്നിങ്ങനെ എന്നും ചൊല്ലിയിരുന്നു.

## മാർ ഈവാനിയോസ് പിതാവിനോടുള്ള ഭക്തി

അപ്പച്ചന്, മാർ ഈവാനിയോസ് പിതാവിനോടുള്ള അതീവമായ ഭക്തിയും, ഗാഢമായ സ്നേഹവും മതിപ്പും എപ്പോഴും സംസാരത്തിൽ പ്രകട മായിരുന്നു. ഒരു ദിവസം പോലും വന്ദ്യപിതാവിനെപ്പറ്റി പറയാതിരുന്നിട്ടില്ല.

www.malankaralibrary.com


നിരന്തരം മലങ്കരസഭയെപ്പറ്റിയും പുനരൈക്യപ്രസ്ഥാനത്തെപ്പറ്റിയും സംസാരിച്ചുകൊണ്ടിരിക്കും. മാർ ഈവാനിയോസ് തിരുമേനിയെപ്പറ്റി പറയുമ്പോഴത്തെ വാചാലത വാഗ്ധോരണി – കേൾക്കേണ്ടതു തന്നെ. മക്കളായ ഞങ്ങളുടെ ഹൃദയങ്ങളിൽ പിതാവിനെപ്പറ്റിയുള്ള കാര്യങ്ങൾ പതിപ്പിച്ചുറപ്പിച്ചു തന്നത് അപ്പച്ചന് പിതാവുമായുള്ള ഉറച്ചബന്ധത്തിന്റെയും അഭിമാനത്തിന്റെയും ഊഷ്മളമായ സ്നേഹത്തിന്റെയും ഫലമായിട്ടാണ്.

നമ്മുടെ അഭിവന്ദ്യപിതാക്കന്മാർ, വൈദികർ, ഇടവക മക്കൾ ഇവരോടെല്ലാം ആത്മാർഥമായ ഒരു ബന്ധം അപ്പച്ചൻ പുലർത്തിയിരുന്നു. ഇതരസഭകളിലെ പിതാക്കന്മാരോടും അടുത്ത് ഇടപെട്ടിരുന്നു. ആളുകളുമായി വേഗം പരിചയപ്പെടും. നല്ല സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുകയും തുടരുകയും ചെയ്യും. ഇന്നുള്ള ആധുനിക സമ്പർക്ക മാധ്യമങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് എഴുത്തുകൾ അയച്ചും, അതിദൂരം യാത്ര ചെയ്ത് കൂടിക്കാഴ്ച നടത്തിയും ബന്ധപ്പെട്ടിരുന്നു. ആളുകളുമായി അടുത്തുകഴിഞ്ഞാൽ അവരുടെ അഡ്രസ് ഡയറിയിൽ എഴുതുകയും ബന്ധം തുടരുകയും ചെയ്യും. മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കായി എത്രദൂരം വേണമെങ്കിലും നടന്നു കഷ്ടപ്പെടാനും എഴുത്തെഴുതിയും ടെലഗ്രാം ചെയ്തും കാര്യങ്ങൾ സാധിക്കുവാനും അത്യദ്ധ്വാനം ചെയ്തിരുന്നു. വന്ദ്യപിതാക്കന്മാർ, രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരുമായുള്ള സൗഹൃദം ഇടവക മക്കൾക്ക് ജോലികൾ വാങ്ങികൊടുക്കുന്നതിനും പള്ളികളുടെ സ്ഥാപനത്തിനും ദേവാലയ നിർമാണത്തിനുമെല്ലാം സഹായകരമായിട്ടുണ്ട്. എല്ലാ ദിവസവും നിദ്രയ്ക്കു മുമ്പായി ഡയറിയിൽ അന്നത്തെ പ്രവർത്തനങ്ങളും പ്രധാന സംഭവങ്ങളും എഴുതിയിരുന്നു. ഡയറിയിൽ അനുദിനമുള്ള വരവു ചെലവുകൾ നിസാരമായ തുകകൾ പോലും എഴുതിവയ്ക്കുന്ന രീതി, പള്ളികളിലെ കണക്കുകൾ കൃത്യമായി എഴുതുന്ന രീതി, മാസാന്ത്യ കണക്കുകൾ അരമനയ്ക്ക് കൃത്യമായി അയയ്ക്കുന്ന പതിവ് ഇതെല്ലാം അപ്പച്ചന്റെ കൃത്യനിഷ്ഠയെയും കൃത്യമായ Accountabilityയെയും സുതാര്യതയെയും പ്രകടമാക്കുന്നു. മക്കളായ ഞങ്ങൾക്കു ഇതു വലിയ മാതൃകയായിട്ടുണ്ട്.

പഞ്ചായത്തും മുൻസിപ്പാലിറ്റിയും പോലീസ് സംവിധാനവും ഒക്കെ ശരിയായി രൂപീകൃതമാകുന്നതിനു മുമ്പുള്ള അക്കാലത്ത് നാട്ടിലെ വഴക്കുകൾ തീർക്കുന്നതിനും, ക്രമസമാധാനമുണ്ടാക്കുന്നതിനും, ഭാഗപത്രം തയ്യാറാക്കുന്നതിനും തർക്കങ്ങൾ പരിഹരിച്ച് സമാധാനം ഉണ്ടാക്കുവാനും ഇടവകക്കാരും, നാട്ടുകാരും അപ്പച്ചന്റെ മാദ്ധ്യസ്ഥം തേടിയിരുന്നു എന്നത് ഇവിടെ അനുസ്മരിക്കുകയാണ്.

www.malankaralibrary.com


പത്തനംതിട്ടയിലും പ്രാന്തപ്രദേശങ്ങളിലും അക്കാലത്ത് ഒരു ആശുപത്രി ഉണ്ടായിരുന്നില്ല. 1945 നുശേഷമാണ് പത്തനംതിട്ടയിൽ ഒരു ഹോസ്പിറ്റൽ – "കോട്ടയംകാരന്റെ ആശുപത്രി" എന്ന പേരിൽ ആളുകൾ ഇപ്പോഴും പറയുന്ന ആശുപത്രി ആദ്യമായി സ്ഥാപിതമായത്. ആയുർവേദ വൈദ്യന്മാരുടെ ചികിത്സയിൽ നാട്ടുമരുന്നുകൾകൊണ്ട് തൃപ്തിപ്പെട്ടിരുന്ന അക്കാലത്ത് അജപാലനരംഗത്ത് മിഷ്യൻ ആശുപത്രികൾ പ്രവർത്തനമാരംഭിച്ചത് ജനങ്ങൾക്ക് പ്രയോജനം ചെയ്തു. കാലം പുരോഗമിച്ചതോടെ അലോപ്പതി ചികിത്സ ജനങ്ങൾക്ക് അത്യാവശ്യമായി തോന്നിത്തുടങ്ങി. കോന്നി, ആഞ്ഞിലിക്കുന്ന്, വെട്ടൂർ, കുമ്പഴ പ്രദേശങ്ങളിലുള്ള രോഗികൾ കുത്തിവെപ്പിനോ, മരുന്നിനോ വേണ്ടി പത്തനംതിട്ട ടൗൺ വരെ നടന്നുപോകേണ്ടിയിരുന്നു. ഈ ദുരവസ്ഥ പരിഹരിക്കപ്പെടേണ്ടതാണെന്നു മനസ്സിലാക്കി അപ്പച്ചൻ തന്റെ സ്വന്തം വസ്തുവിൽ തന്നെ ഒരു ആശുപത്രി 1961 ൽ സ്ഥാപിക്കുകയുണ്ടായി. "Mother of Health Hospital" എന്ന പേരിൽ ആരംഭിച്ച സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് ബഹു. മന്ത്രി മി. വേലപ്പൻ ആയിരുന്നു. ബഹു. മന്ത്രി വെല്ലിംഗ്ടൺ ആശുപത്രിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

ഈ ഗ്രാമാന്തരീക്ഷത്തിൽ രോഗികൾക്ക് വേണ്ട പരിശോധനകളും മരുന്നും നൽകിവന്നു. ഡോക്ടേഴ്സ് രണ്ടുപേരും സ്റ്റാഫും അവിടെ താമസിച്ചിരുന്നു. മലയാലപ്പുഴയും, കുമ്പഴയും "ശാന്തി മെഡിക്കൽസ്" എന്ന പേരിൽ ഉച്ചക്കുശേഷം ഡോക്ടർമാർ ഒ.പി. നടത്തിയിരുന്നു. ഈ Rural Hospital ഉം ഒ.പി.യും നാട്ടിൻ പുറത്തുള്ള രോഗികൾക്ക് "അത്താണി"യായിരുന്നു. വെട്ടൂർ എൽ.പി.എസിന്റെ സമീപത്തു സ്ഥാപിതമായിരുന്ന ഈ ആശുപത്രിയിൽ നിന്നും സ്കൂളിലെ കുട്ടികൾക്ക് പരിശോധനയും, വേണ്ട മരുന്നുകളും വിറ്റാമിൻ ഗുളികകളും സൗജന്യമായി നൽകിയിരുന്നു. 1977 വരെയും നല്ല രീതിയിൽ ഇതിന്റെ പ്രവർത്തനം നടന്നിരുന്നു. പിൽക്കാലത്ത് പത്തനംതിട്ടയിൽ പുതിയ ആശുപത്രികൾ തുടങ്ങുകയും ഗവൺമെന്റ് ആശുപത്രി സ്ഥാപിതമാകുകയും ചെയ്തതോടെ "Mother of Health" ആശുപത്രിയുടെ പ്രവർത്തനങ്ങൾ ക്രമേണ നിറുത്തുകയുണ്ടായി.

ഒരുപിടി ഓർമകൾ കുറിച്ചു. ഇനിയും മനസ്സിൽ അപ്പച്ചനെപ്പറ്റി ധാരാളം ഓർമകൾ ഉണ്ട്. അപ്പച്ചൻ ജീവിച്ച കാലമത്രയും ഞങ്ങൾക്ക് താങ്ങും തണലും എല്ലാമായിരുന്നു. ആ പൂജ്യപാദങ്ങളിൽ നറുമലരുകൾ അർപ്പിക്കുന്നു.

www.malankaralibrary.com

# പുനരൈക്യത്തിന്റെ ആദ്യകാലങ്ങൾ

## മാത്തൻ വല്യപ്പന്റെ പുനരൈക്യം

ഫാദർ പീലിപ്പോസിന്റെ (കുമ്പഴ അച്ചന്റെ) കുടുംബ വീടായ കുമ്പഴ പടിഞ്ഞാറേമേലേതിൽ വീടിനടുത്തായി മാടപ്പള്ളി കുടുംബക്കാർ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തായിരുന്നു 90 വർഷം മുമ്പ് കല്ലിച്ചത്തു കുടുംബക്കാർ താമസിച്ചിരുന്നത്. കുമ്പഴ നിന്നും "കല്ലിച്ചത്തു മാത്തൻ" എന്നറിയപ്പെട്ടിരുന്ന പിതാവ് നെടുമാനാൽ വന്നു താമസിച്ചു. മാത്തൻ വല്യപ്പന്റെ മൂത്തമകൻ കുഞ്ഞുമ്മന്റെ മകനാണ് മുതൽ പിടി മത്തായിച്ചൻ. കുമ്പഴ അച്ചന്റെ സന്തത സഹചാരിയായും സഹായിയായും കുമ്പഴപള്ളിയുടെ കണക്കനായും, സെക്രട്ടറിയായും അനേകവർഷങ്ങൾ (40 ഓളം വർഷങ്ങൾ) ചുമതല വഹിച്ച വിശ്വസ്തനായ അത്മായനായിരുന്നു മത്തായിച്ചൻ.

മാത്തൻ വല്യപ്പന്റെ രണ്ടാമത്തെ മകൻ ഗീവറുഗീസ് കുമ്പഴ മേടയിലച്ചന്റെ വീടിന് എതിർവശത്തായി റോഡരികിൽ താമസിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യം 1930 സെപ്റ്റംബർ 20 നു നടന്നു. പിറ്റേമാസം പീലിപ്പോസ് മേടയിലച്ചൻ കത്തോലിക്കാസഭയിൽ ചേർന്നു. 1930 ഒക്ടോബർ 29-ാം തീയതിയായിരുന്നു ആ സംഭവം. 1933 ൽ കല്ലിച്ചത്ത് 4 കുടുംബക്കാർ - മക്കൾ, കൊച്ചുമക്കൾ സഹിതം ഏകദേശം 100 ൽപരം ആളുകൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു തീരുമാനിച്ചു. മാർ ഈവാനിയോസ് പിതാവു തന്നെ കുമ്പഴ മലങ്കര സുറിയാനി കത്തോലിക്കാ ചാപ്പലിൽ വച്ച് അവരെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു. ഈ വാർത്ത പുനരൈക്യപ്പെട്ട വിശ്വാസികൾക്ക് വളരെ സന്തോഷം നൽകി. താമസിയാതെ മാത്തൻ വല്യപ്പൻ വാർദ്ധക്യസഹജമായ അസുഖങ്ങൾ മൂലം ശയ്യാവലംബിയായി. രോഗം ഗുരുതരമെന്നു മനസ്സിലാക്കിയ വല്യപ്പൻ രോഗീലേപനം വേണമെന്ന് ആവശ്യപ്പെട്ടു. ഈ കർമം നടത്തുവാൻ മാർ ഈവാനിയോസ് തിരുമേനിയെ അറിയിച്ചതനുസരിച്ച് അദ്ദേഹം പത്തനംതിട്ട വന്നു. വാഹന സൗകര്യമില്ലാത്ത കാലം. പത്തനംതിട്ട നിന്നും വില്ലുവണ്ടിയിൽ മാർ ഈവാനിയോസ് പിതാവും

www.malankaralibrary.com


അച്ചന്മാരും കുമ്പഴ ദേശത്തു വീണ്ടും വന്നു. മാത്തൻ വല്യപ്പനെ നെടുമാനാൽ കല്ലിച്ചത്ത് മുകളിലത്തെ വീട്ടിൽ നിന്നും താഴെയുള്ള കുടുംബവീട്ടിൽ എടുത്തുകൊണ്ടു വന്നു കിടത്തി. വീട്ടിലേക്കു കയറിപ്പോകാനുള്ള വഴി കല്ലും പാറയും കുന്നുമൊക്കെയായി കിടന്നിരുന്നത് വെട്ടി നിരപ്പാക്കി. വീട്ടിലേക്കു കയറിപ്പോകാനുള്ള വഴിയിൽ പരമ്പും പായുമിട്ടൊരുക്കി. മാർ ഈവാനിയോസ് തിരുമേനി വീട്ടിൽ പ്രവേശിച്ച്, കുടുംബാംഗങ്ങളുടെയും 4 വൈദികരുടെയും സാന്നിദ്ധ്യത്തിൽ വല്യപ്പന് തൈലാഭിഷേകം നടത്തി. ജനം പിരിഞ്ഞുപോയി. വല്യപ്പച്ചൻ ആരോഗ്യവാനായി കാണപ്പെട്ടു. മറഞ്ഞുപൊയ്ക്കൊണ്ടിരുന്ന ബോധം തിരിച്ചുകിട്ടി. ബോധം ശരിക്കു വന്നപ്പോൾ "എന്നെ പടിഞ്ഞാറേ ഓർത്തഡോക്സ് പള്ളിയിൽ തന്നെ അടക്കിയാൽ മതി" യെന്നായി വല്യപ്പൻ. "9 വീട്ടുകാർ ചേർന്നുണ്ടാക്കിയ പള്ളിയാണ് അത്. നമ്മളും കൂടിച്ചേർന്നുണ്ടാക്കിയ പള്ളിയിൽ എന്നെ അടക്കിയാൽ മതി" അപ്പൻ പറഞ്ഞു. മറ്റുള്ളവരുടെ പ്രേരണയിൽ 3 കുടുംബക്കാരൊഴിച്ച് ബാക്കി കുടുംബക്കാർ എല്ലാവരും പാടിഞ്ഞാറെ ഓർത്തഡോക്സ് പള്ളിയിലേക്കു തന്നെ തിരിച്ചു പോയി. ഈ പ്രതിസന്ധിയിൽ പിന്തിരിയാതെ മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചു നിന്ന കുടുംബങ്ങളാണ്

1. കല്ലിച്ചത്തു മത്തായിയും കുടുംബവും.
2. തേക്കിടയിൽ കൊച്ചുകുഞ്ഞും കുടുംബവും.
3. തേക്കിടയിൽ ഈശോയും കുടുംബവും.

മേല്പറഞ്ഞ കുടുംബക്കാർ കുമ്പഴ സെന്റ്മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയിൽ തന്നെ ഇന്നും സജീവാംഗങ്ങളായി തുടരുന്നു.

മാത്തൻ വല്യപ്പൻ ആ വർഷം തന്നെ 85-ാം വയസിൽ മരണമടയുകയും അദ്ദേഹത്തിന്റെ ഇംഗിതമനുസരിച്ച് പടിഞ്ഞാറേ (ഓർത്തഡോക്സ്) പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

## മാത്തൻ വല്യപ്പന്റെ അടിയന്തിരം

കത്തോലിക്കാ സഭയിൽ ചേർന്ന മക്കൾ എല്ലാവരും കൂടി ചേർന്ന് വല്യപ്പന്റെ അടിയന്തിരം നടത്തുകയുണ്ടായി. കുമ്പഴ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും നെടുമാനാൽ കല്ലിച്ചത്തു മത്തായിയുടെ വീട്ടിൽ, ധൂപപ്രാർഥന നടത്തുകയും ചെയ്തു. ഓർത്തഡോക്സിലേക്കു തിരിച്ചു പോയവർ വി. കുർബാന നടത്തിയില്ല എന്നു മാത്രമല്ല കല്ലിച്ചത്ത് വല്യപ്പച്ചന്റെ അടിയന്തിരത്തിൽ പങ്കുചേരുന്നതിന് ആരെയും വിട്ടതുമില്ല. കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ പുനരൈക്യപ്പെട്ട 12 വൈദികർ കുമ്പഴ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ

www.malankaralibrary.com


കറുത്ത കുപ്പായമണിഞ്ഞ് വി. കുർബാനയ്ക്കും വീട്ടിൽ ധൂപപ്രാർഥനക്കും അടിയന്തിരത്തിനും പങ്കെടുത്തു. അക്കാലത്ത് കുമ്പഴ കത്തോലിക്കാപള്ളിയിൽ 30 വീട്ടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എല്ലാവരും ഓർമകുർബാനക്ക് പള്ളിയിലും ധൂപപ്രാർഥനയ്ക്ക് വീട്ടിലും വരികയും നേർച്ച സദ്യയിൽ പങ്കുചേരുകയും ചെയ്തു. കത്തോലിക്കാ സഭാ കൂട്ടായ്മയിലുള്ള ഭവനങ്ങളിൽ നിന്നും സദ്യക്ക് വാഴക്കുലയും മറ്റുസാധനങ്ങളും ധാരാളമായി കല്ലിച്ചത്തു വീട്ടിൽ എത്തിക്കുകയുണ്ടായി എന്നതും പ്രസ്താവ്യമാണ്.

ജാതി സമ്പ്രദായം കൊടികുത്തി വാഴുന്നകാലം. എങ്കിലും ജാതിമത ഭേദമെന്യെ ഇടയന്മാർ, കൈനോട്ടക്കാർ, പാവപ്പെട്ടവർ കൂട്ടമായി വന്ന് നേർച്ച സദ്യയിൽ പങ്കെടുത്തു. മലങ്കര കത്തോലിക്കാസഭയിൽ ചേർന്നവരെ യാക്കോബായ, ഓർത്തഡോക്സ് വിഭാഗക്കാർ അധഃകൃതരായി കരുതുകയും 'റീത്തുകാർ' 'റീത്തുകാർ' എന്നു പറഞ്ഞു ആക്ഷേപിക്കുകയും "മരയ്ക്കാന്മാർ" എന്നു വിളിച്ച് അപസിക്കുകയും ചെയ്തിരുന്നു.

മാത്തൻ വല്യപ്പന്റെ കൊച്ചുമകൻ കല്ലിച്ചത്തു മത്തായി കുമ്പഴ പള്ളിയുടെ ട്രസ്റ്റി ആയി വിശ്വസ്ഥതയോടെ പണം കൈകാര്യം ചെയ്തിരുന്നു. പണം സൂക്ഷിക്കാൻ ബാങ്കു സംവിധാനമില്ലാത്ത കാലത്ത് മൂന്നു പൂട്ടുള്ള പെട്ടിയിലാണ് കിട്ടുന്ന പണം സൂക്ഷിച്ചിരുന്നത്. മൂന്നു താക്കോൽ – ഒന്ന് അച്ചന്, ഒന്ന് മുതൽപിടിക്ക്, ഒന്ന് സെക്രട്ടറിക്ക്. മൂന്നുപേരും ഉണ്ടെങ്കിലേ പണപ്പെട്ടി തുറക്കാൻ പറ്റൂ. നല്ല കെട്ടുറപ്പുള്ള ചാപ്പലുകളില്ല. മേശയും അലമാരിയുമില്ല. അതിനാൽ ആദ്യകാലങ്ങളിൽ രേഖകളും പണവും സൂക്ഷിച്ചിരുന്നതും ഈ വിധത്തിലായിരുന്നു.

കുമ്പഴ കിഴവള്ളൂർ, ആഞ്ഞിലികുന്ന്, കോന്നി, മുറിഞ്ഞകല്ല്, കൂടൽ, വകയാർ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം പള്ളിപണിയുടെ സന്ദർഭങ്ങളിൽ മത്തായിച്ചൻ, മേടയിലച്ചനോടൊത്തു കാൽനടയായി പോകുകയും നിസ്തുലമായ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. കല്ലിച്ചത്തു മത്തായിച്ചന്റെ മകൻ ശ്രീമാൻ യോശുവാ, മാത്തൻ വല്യപ്പനെപ്പറ്റിയും സ്വന്തം അപ്പനെപ്പറ്റിയും പറഞ്ഞുതന്ന കാര്യങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## "ചേപ്പാട് പീലിപ്പോസ് റമ്പാച്ചന്റെ പൂർവകാല സ്മരണകളിൽ" നിന്ന്:-

### കുമ്പഴക്കാരെ പുനരൈക്യപ്പെടുത്താൻ പോയത്

"കൈപ്പട്ടൂർ ഇന്നു കാണുന്ന പാലം തീരുന്നതിനുമുമ്പ് ഒരു ചങ്ങാടത്തിൽ കയറ്റിയാണ് വാഹനങ്ങൾ അക്കരയിക്കരെ കടത്തികൊണ്ടിരുന്നത്.

www.malankaralibrary.com


മാർ ഈവാനിയോസ് തിരുമേനിയും റമ്പാച്ചനും മാവേലിക്കര വന്നു തിരുമേനിയുടെ ഭവനത്തിൽ വീട്ടിൽ ഇരിക്കുമ്പോൾ കുമ്പഴയുള്ള കുറെ വീട്ടുകാരെ കത്തോലിക്കാ സഭയിൽ ചേർക്കണമെന്നു പറഞ്ഞ് ചിലർ അവിടെ ചെന്നു. ഞങ്ങൾ ഉടൻ സ്ഥലത്തെത്തിക്കൊള്ളാം എന്നുപറഞ്ഞ് അവരെ ഞങ്ങൾ തിരിച്ചയച്ചു. ഞങ്ങൾ ചെല്ലുന്ന വിവരം എങ്ങനെയോ കൈപ്പട്ടൂരുള്ള ചില യാക്കോബായക്കാർ അറിഞ്ഞു. അവർ കുറേപ്പേരെ കരിങ്കൊടിയും പിടിപ്പിച്ചു 'go back' പറയുവാൻ തയ്യാറാക്കി കൈപ്പട്ടൂർ കടവിൽ നിറുത്തി. ചങ്ങാടം വടക്കേ കരയിലുമായി. ചങ്ങാടം ഊന്നുകാരും യാക്കോബായക്കാരായിരുന്നു. അവരും അക്കരെ പോയ് മറഞ്ഞു. അന്നു കടവുകളൊക്കെ പരിശോധിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. 'കടുവാ സുബ്രഹ്മണ്യയ്യർ' എന്നായിരുന്നു സാധാരണക്കാരുടെയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത്. മാർ ഈവാനിയോസ് തിരുമേനിയും ഞാനും കുമ്പഴക്കു തിരിച്ചു. എങ്കിലും ഇടയ്ക്ക് ഞങ്ങൾ തുമ്പോണെത്തി. കരിങ്ങാട്ടിൽ മത്തായി അച്ചന്റെ ക്ഷണപ്രകാരം തുമ്പോണുള്ള അച്ചന്റെ വീട്ടിലെത്തി. ബ. അച്ചനെ കണ്ടു. അന്ന് കരിങ്ങാട്ടിലച്ചൻ കത്തോലിക്കാസഭയിൽ ചേർന്നിട്ടില്ലായിരുന്നു. അച്ചന്റെ വീട്ടിൽ നിന്നും ഞങ്ങളുടെ കാർ പുറപ്പെടുന്നതിനു മുമ്പേ 'കടുവാ സുബ്രഹ്മണ്യയ്യരുടെ കാർ കൈപ്പട്ടൂർക്കു പോയി. തിരുമേനിയെയും കാത്തുന്നിരുന്നവർ മി. സുബ്രഹ്മണ്യയ്യരുടെ കാർ കണ്ട ഉടനെ തിരുമേനിയാണെന്നു കരുതി കരിങ്കൊടി കാണിക്കലും ഗോബായ്ക്ക് അട്ടഹാസവും മുഴക്കിക്കൊണ്ട് മുന്നോട്ടാഞ്ഞു. കടുവാ സുബ്രഹ്മണ്യയ്യർ അത്ഭുതപ്പെട്ടു നോക്കിയപ്പോൾ ചെങ്ങാടവുമില്ല, കടത്തുകാരുമില്ല. അദ്ദേഹം ഒരു ബാറ്റൻ വടിയെടുത്തു വീശി "ആരെടാ, എവിടെടാ" എന്നൊക്കെ ഗർജിച്ചു കൊണ്ട് കാറിൽ നിന്നും ഒരു കടുവായെപ്പോലെ ചാടിയിറങ്ങി. കരിങ്കൊടിക്കാർ അമ്പരന്നു. പരക്കം പാഞ്ഞു. അദ്ദേഹം അങ്ങനെ ഗർജിച്ചു കൊണ്ടു നിൽക്കുമ്പോൾ തിരുമേനിയുടെ കാറും കടവിലെത്തി. അപ്പോഴേക്കും ചെങ്ങാടവുമായി കടത്തുകാരും ഊന്നി ഇക്കരയെത്തി. മി. അയ്യർ തിരുമേനിയെ കണ്ടപ്പോൾ കാര്യം മനസ്സിലായി. ചെങ്ങാടക്കാരനോട് "തിരുമേനിയുടെ കാർ അക്കരയ്ക്കു വീടൂ" എന്ന് ആജ്ഞാപിച്ചു. "അതല്ല, ആദ്യം വന്ന കാർ ആദ്യം പോകട്ടെ" എന്ന് തിരുമേനി പറഞ്ഞു. അപ്പോഴേക്കും കടത്തുകാരൻ വന്ന് വലിയ ആദരവോടെ "കൊച്ചുതിരുമേനി കയറിയാട്ടെ, വലിയ തിരുമേനിയും കയറിയാട്ടെ, കാർ ചങ്ങാടത്തിൽ കയറ്റാം" എന്നുപറഞ്ഞ് ഭക്ത്യാദരവുകൾ കാട്ടിത്തുടങ്ങി. ദൈവത്തിന്റെ അനന്തമായ കൃപയെ വാഴ്ത്തിക്കൊണ്ട് തിരുമേനിയും റമ്പാച്ചനും അക്കരെ കടന്നു പത്തനംതിട്ടയ്ക്കും അവിടെ നിന്നും കുമ്പഴയ്ക്കും പോയി. പുനരൈക്യപ്പെടാൻ തയ്യാറായി നിന്നവരെ സഭയിൽ സ്വീകരിച്ചു.

www.malankaralibrary.com


## പുത്തൻകാവിലെ കൂക്കുവിളി

പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ കത്തോലിക്കാസഭയിൽ ചേർന്ന പിതാക്കന്മാരും വൈദികരും വിശ്വാസികളും അനുഭവിച്ച യാതനകൾ ഏറെയായിരുന്നു. ആക്ഷേപങ്ങൾ, പരിഹാസങ്ങൾ ഇവയൊക്കെ ഏറ്റുവാങ്ങിയ അനേകം സന്ദർഭങ്ങൾ.

കുമ്പഴ മേലേതിൽ പീലിപ്പോസച്ചനോടുകൂടി കത്തോലിക്കാസഭയിൽ ചേരുവാൻ അനേകം ആളുകൾ ഒരുക്കമുള്ളതായി അറിഞ്ഞു. അവരെ കാണുവാനായി പുത്തൻകാവുവഴി മാർ ഈവാനിയോസ് തിരുമേനിയും ചേപ്പാട്ടു പീലിപ്പോസ് റമ്പാനും കൂടി തിരുമൂലപുരത്തു നിന്നും പത്തനംതിട്ടയ്ക്ക് തിരിച്ചു. വഴിമദ്ധ്യേ പുത്തൻകാവിൽ, പുത്തൻപുരയ്ക്കൽ, കൊച്ചു മാത്തൻ എന്നൊരു ബന്ധു മാർ ഈവാനിയോസ് തിരുമേനിക്കുണ്ടായിരുന്നു. അദ്ദേഹത്തെക്കൂടെ കത്തോലിക്കാസഭയിൽ ചേർക്കണമെന്ന് മാർ ഈവാനിയോസ് തിരുമേനിക്ക് ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം അദ്ദേഹത്തിന്റെ വീട്ടിൽ കയറി. കുറെ കഴിഞ്ഞപ്പോൾ പുത്തൻ കാവുകാരായ കുറെ ചെറുപ്പക്കാർ വന്നു. തിരുമേനിയും റമ്പാച്ചനും അവരുടെ പക്കലേക്ക് ഇറങ്ങിച്ചെന്നു. തിരുമേനി അവരിൽ ഓരോരുത്തരോടും കുശലപ്രശ്നങ്ങൾ ആരംഭിച്ചു "കുഞ്ഞ് എവുടുത്തേതാണ്? വീട്ടിൽ ഇന്നാർക്കും ഇന്നാർക്കും സുഖമാണോ?" എന്തിനേറെ പറയുന്നു. ചിലർ സ്നേഹിതരായി. ചിലർ "എന്നെ കണ്ടതു മിണ്ടല്ലേ" എന്ന മട്ടിൽ ഓരോരുത്തരായി. പിന്തിരിഞ്ഞു കടന്നുകളഞ്ഞു. രംഗം ശാന്തമായി. മാർ ഈവാനിയോസ് തിരുമേനി, റമ്പാച്ചനുമൊന്നിച്ച് തങ്ങളുടെ ദൗത്യനിർവ്വഹണത്തിനായി കാറിൽ കയറി യാത്ര തുടരുകയും ലക്ഷ്യം നേടുകയും ചെയ്തു. കുമ്പഴ അച്ചൻ അതീവകൃതാർത്ഥതയോടെ ദൈവത്തിനു നന്ദി അർപ്പിച്ചു.

## കുമ്പഴ പള്ളിക്കൂടത്തിലെ പ്രസംഗയോഗം

കുമ്പഴ പ്രൈമറി സ്കൂൾ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യശേഷം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേൽനോട്ടത്തിൽ തന്നെ കുറെക്കാലം തുടർന്നു. മേലേതിൽ പീലിപ്പോസ് അച്ചൻ ആയിരുന്നു അതിന്റെ ലോക്കൽ മാനേജർ. ആ സ്കൂളിൽ വച്ച് ഒരു പ്രസംഗയോഗം സംഘടിപ്പിക്കുവാൻ ബ. അച്ചൻ തീർച്ചപ്പെടുത്തി. ചേപ്പാടു പീലിപ്പോസ് റമ്പാച്ചനും ശ്രീമാൻ അലക്സാണ്ടർ ജെയ്ക്കബ് ഐ.എ.എസ്സിന്റെ വല്യപ്പച്ചൻ തുമ്പമൺ പുത്തൻ വീട്ടിലച്ചനുമായിരുന്നു പ്രസംഗകർ. ഈ വിവരം അറിഞ്ഞ് യാക്കോബായക്കാരും മാർത്തോമ്മാക്കാരും ഓരോ പ്രസംഗയോഗം ഇതേസമയത്ത് ഈ സ്കൂളിനടുത്തുവച്ചു തന്നെ നടത്തത്തക്കവണ്ണം

www.malankaralibrary.com


ഏർപ്പാടു ചെയ്തു. മാർത്തോമ്മാക്കാരുടെ പ്രസംഗകൻ മി. കെ.എൻ. ദാനിയേലും യാക്കോബായക്കാരുടെ പ്രസംഗകരിൽ പ്രധാനി മാർ യൂലിയോസ് ബാവായുമായിരുന്നു. തുമ്പമൺ പുത്തൻ വീട്ടിലച്ചൻ ഫലിതം തുളുമ്പുന്ന ഉദാഹരണങ്ങളോടെ പ്രസംഗിച്ചു. നല്ലൊരു വാഗ്മിയായിരുന്ന റമ്പാച്ചന്റെ പ്രസംഗവും സാരവത്തായിരുന്നു. ഈ മൂന്നുകൂട്ടരുടെ പ്രസംഗവും നടന്നെങ്കിലും, പുനരൈക്യപ്പെട്ട മലങ്കര മക്കളുടെ പ്രസംഗയോഗത്തിന് ധാരാളം ആളുകൾ സംബന്ധിച്ചു.

ഫലിതരസം തുളുമ്പുന്ന ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള പുത്തൻ വീട്ടിലച്ചന്റെ പ്രസംഗം കേട്ട് ചിലർ മുറ്റത്തും റോഡിലും നിന്നുകൊണ്ടു കൂവി ശബ്ദമുണ്ടാക്കാനും കല്ലുവാരി എറിയുവാനും തുടങ്ങി. കുമ്പഴയച്ചൻ "ആരാണവിടെ ശബ്ദമുണ്ടാക്കുന്നത്? ഇവിടെ വോളണ്ടിയേഴ്സില്ലേ? എന്ന് ഗംഭീരസ്വരത്തിൽ ചോദിച്ചുകൊണ്ട് ചാടി എഴുന്നേറ്റു. അപ്പോഴേക്കും കൂക്കു വിളിച്ചവർ ഓ "കുമ്പഴ മുട്ടന്മാർ" "കുമ്പഴ മുട്ടന്മാർ" എന്ന് വിളിച്ചു പറഞ്ഞുകൊണ്ട് ഓടിപ്പോയി. പ്രസംഗം പ്രശ്നങ്ങളില്ലാതെ ശാന്തമായി അവസാനിച്ചു.

## കുമ്പഴ മുട്ടന്മാർ

ഈ പരിഹാസനാമം ഒരു സ്ഥാനപ്പേരു പോലെയാണ് അവർ അന്ന് കരുതിപോന്നത്. മത്തിയൂസ് മാർ അത്താനാസ്യോസ് മെത്രാച്ചന്റെ കാലത്ത് സി.എം.എസ്. മിഷ്യനറിമാരുടെ ഉപദേശം കേട്ട് "ഇനിയും 'നന്മ നിറഞ്ഞ മറിയം' നമസ്കരിച്ചുകൂടാ" എന്നൊരു കല്പന അദ്ദേഹം എല്ലാ പള്ളികൾക്കും അയച്ചു. വല്ലവരും അത് അനുസരിക്കാതിരിക്കുന്നുണ്ടോ എന്ന് അന്വേഷണമായി. അപ്പോൾ കുമ്പഴക്കാർ അതു പഴയപടി ചൊല്ലി വരുന്നതായി കേട്ടു. "കുമ്പഴ പള്ളിക്കാർ ഉടനെ പഴയ സെമിനാരിയിൽ വരട്ടെ" എന്നു കല്പനയായി. എന്താണു ചെയ്യേണ്ടതെന്ന് ചിന്തിച്ച് കുമ്പഴക്കാർ കുഴങ്ങി. കല്പനയനുസരിച്ച് ചെല്ലാതെയിരുന്നാൽ അതു അതിലും കുഴപ്പം. അപ്പോൾ ഒരു (വല്യപ്പൻ) പറഞ്ഞു. "അവിടെ ചെല്ലുമ്പോൾ ഞാൻ പറയുന്നതുപോലെ പറയുകയും ഞാൻ കാണിക്കുന്നതുപോലെ പ്രവർത്തിക്കുകയും ചെയ്യാമെന്നുള്ള വല്ലവരുമുണ്ടെങ്കിൽ എന്റെ കൂടെ വരട്ടെ! നമുക്കൊന്നുപോയി നോക്കാം." എല്ലാവരും അതു സമ്മതിച്ചു. അങ്ങനെ അവരിൽ കുറെപ്പേർ കോട്ടയത്തെത്തി; അവർ ചെന്ന വിവരം തിരുമേനിയെ അറിയിച്ചു.

തിരുമേനി : "കുമ്പഴക്കാരാണല്ലേ?"

വല്യപ്പൻ : "അടിയൻ" (വലിയപ്പൻ വായ്പൊത്തി തല കുനിച്ചാദരിച്ചു) എല്ലാവരും അതുപോലെ ചെയ്തു.

www.malankaralibrary.com


| | | |
|---|---|---|
| തിരുമേനി | : | നിങ്ങൾക്കു കർത്താവിനോടു പ്രാർഥിച്ചാൽ പോരെ? മാതാവിനോടും പരിശുദ്ധന്മാരോടുമൊക്കെ പ്രാർഥിക്കണമോ? |
| വല്യപ്പൻ | : | "അപ്പന്മാർ കൊച്ചുനാളിലേ പഠിപ്പിച്ചതുപോലെ ചെയ്തുവരുന്നു എന്നേയുള്ളൂ!" |
| തിരുമേനി | : | അതു തെറ്റാണെന്ന് അറിവുള്ളവർ പറഞ്ഞു തന്നാൽ അനുസരിക്കരുതോ? |
| വല്യപ്പൻ | : | അറിയാവുന്നവർ തന്നെയാണ് പറഞ്ഞുതന്നത്. |
| തിരുമേനി | : | ആങ്ഹാ, തറുതല പറയുകയാണോ? എന്നു പറഞ്ഞ് കട്ടിലിന്റെ തലയ്ക്കൽ വച്ചിരുന്ന മുളവടി കൈനീട്ടി എടുത്തു. ഉടനെ വല്യപ്പൻ താറുപാഞ്ചി തോളിൽ കിടന്നിരുന്ന രണ്ടാം മുണ്ടെടുത്ത് അരയ്ക്കും കെട്ടി. കൂടെ വന്ന കുമ്പഴക്കാരെല്ലാവരും അങ്ങനെ തന്നെ ചെയ്തു. |
| തിരുമേനി | : | നിങ്ങളെന്തിനാടാ താറുപാഞ്ചിയത്? |
| വല്യപ്പൻ | : | തിരുമേനി എന്തിനാണ് വടി എടുത്തത്? |
| തിരുമേനി | : | "നിങ്ങൾക്കു രണ്ടു തരാൻ." |
| വല്യപ്പൻ | : | "താറുപാഞ്ചിയത് അതു വാങ്ങിക്കാനാണേ!" പോരു കോഴികളെപ്പോലെ തിരുമേനിയും വല്യപ്പനും കുറേനേരം കണ്ണിൽ കണ്ണ് സൂക്ഷിച്ചുനോക്കി. വല്യപ്പനോടൊപ്പം മറ്റുള്ള കൂട്ടുകാരും! ഒടുവിൽ തിരുമേനി: "അല്ലെങ്കിലും നിങ്ങൾ കുമ്പഴമുട്ടന്മാരാണ് എനിക്കറിയാം. ഇറങ്ങി പൊയിക്കൊള്ളൂ" എന്ന് കല്പിച്ചു. ഉടനെ തന്നെ അവർ ഇറങ്ങിപ്പോരുകയും ചെയ്തു. |

കുമ്പഴ പള്ളിക്കൂടത്തിലെ പ്രസംഗം മുടക്കാനും അലങ്കോലപ്പെടുത്തുവാനും വന്നവർ അലോഹ്യമുണ്ടാക്കിയപ്പോൾ ഗത്യന്തരമില്ലാതെ ആരാണവിടെ? എന്ന് ഗംഭീര സ്വരം മുഴക്കി അവരെ വെരട്ടി ഓടിച്ച കുമ്പഴ അച്ചനും ചെറുപ്പക്കാരും ഈ വല്യപ്പന്മാരുടെ മക്കളായിരുന്നത്രേ. അതിനാലാണ് കൂക്കുവിളിക്കാൻ വന്നവർ "കുമ്പഴ മുട്ടന്മാർ" എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് ഓടിപ്പോയത്. അതോടെ പ്രസംഗയോഗം ഗംഭീരമായി നടത്തി. എല്ലാം ശാന്തമായി പര്യവസാനിച്ചു.

www.malankaralibrary.com

## മരിക്കാത്ത ഓർമകൾ - സംഭവബഹുലമായ വർഷങ്ങൾ (1949-1950)

1949 ജനുവരി 3 മുതൽ 8 വരെ തിരുവനന്തപുരം അരമനയിൽ പാർത്തുകൊണ്ട് കുമ്പഴ അച്ചൻ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. ജനുവരി 20 ന് കോന്നിയിൽ വന്ദ്യ മാർ ഈവാനിയോസ് തിരുമേനിക്കു എതിരേല്പ് നൽകി ആദരിച്ചു. ജനുവരി 21, 22 തീയതികളിൽ കാർമല പള്ളിപെരുന്നാളിന് മാർ ഈവാനിയോസ് പിതാവ് മുഖ്യകാർമികനായിരുന്നു. കുമ്പഴ അച്ചൻ വന്ദ്യപിതാവിനോടൊത്തു കാർമല പള്ളിയിൽ താമസിച്ചു. വടക്കുപുറം പള്ളി വിസിറ്റു ചെയ്തു. ഫെബ്രുവരി 3-ാം തീയതി (124 മകരം 21) നന്നൂക്കാട് യോഗസംഗതികൾ തിരക്കാനും പള്ളിപണി കാണുവാനുമായി മാർ ഈവാനിയോസ് തിരുമേനി പത്തനംതിട്ട വന്നു. കുമ്പഴ അച്ചൻ കൂടെ ഉണ്ടായിരുന്നു. അന്ന് 4 മണിക്ക് കുമ്പഴ എത്തി രാത്രി പള്ളിയിൽ പാർത്തു. കുമ്പഴ നല്ല ഒരു പള്ളി പണിയണമെന്ന് കുമ്പഴ അച്ചൻ നിർബന്ധിച്ചു. "തനിക്കെന്തിനാ പള്ളി? തന്റെ പള്ളി ഈ ഡിസ്ട്രിക്ട് മുഴുവനും. സ്വർഗത്തിൽ ഒരു വലിയ പള്ളി തനിക്കുണ്ട്. ഒന്നാംതരം വലിയ പള്ളി. ആദ്യമേ 1931 ൽ തന്നെ ഉണ്ടാക്കിത്തന്നു." എന്നെല്ലാം പറഞ്ഞു. ഒടുവിൽ "കുമ്പഴ അച്ചാ, വിഷമിക്കണ്ട, താൻ എന്റെ മൂത്തമകനല്ലേ? ചുറ്റുപാടുമുള്ളതു തീരട്ടെ. വലിയ പള്ളി പണിയാം, വെയിറ്റ്, എന്നു കല്പിച്ചു. മുറ്റത്ത് ഉലാത്തുന്ന സമയം പറയുന്നു "പുതിയ പള്ളി തെക്കേ മുറ്റത്തിന്റെ പകുതിവരെ നീളത്തിൽ കിഴക്കു പടിഞ്ഞാറു ഭിത്തി 80'x30', 30'x30'. ഹൈക്കലാ. പ്രത്യേകം വി. കുർബാനയ്ക്ക്. മുഖാരം - മദ്ബഹാ - പിന്നാലെ - എന്നു കല്പിച്ചു. കയ്യിലിരുന്ന വളഞ്ഞ ചൂരൽകൊണ്ട് തെക്കെമുറ്റത്ത് കിഴക്കു പടിഞ്ഞാറു കുറെ നീളം വരച്ചു. 30'x30' മദ്ബഹാ. 80'x30' ഹൈക്കലാ. പിന്നെ തമാശകൾ പറഞ്ഞു. രാത്രി 7 മണിക്ക് ഭക്ഷണം കഴിച്ചു.

പിറ്റേദിവസം ഫെബ്രുവരി 4 ന് കുമ്പഴ പള്ളിയിൽ മൂന്നുമ്മേൽ കുർബാന നടത്തി. അഭിവന്ദ്യപിതാവും ഫാദർ ഗീവറുഗീസ് ചരുവിലേത്തും

www.malankaralibrary.com


ഫാദർ പീലിപ്പോസ് മേടയിൽ അവർകളും ഒരുമിച്ച്. വി. കുർബാനയ്ക്ക് 50 ൽ പരം ആളുകൾ ഉണ്ടായിരുന്നു. 20 നു മേൽ ആളുകൾ വി.കുർബാന കൈക്കൊണ്ടു. വന്ദ്യപിതാവ് കുർബാന മധ്യേ മനുഷ്യജീവിതം, ആത്മീയത, ജീവിതാന്ത്യം ഇവയെ പരാമർശിച്ച് ഒരു പ്രസംഗം നടത്തി. രാവിലെ ഒൻപതു മണിയായപ്പോൾ ഫാദർ പി.സി. ഗീവറുഗീസും (കടമ്മനിട്ട അച്ചൻ) ഫാദർ എ.ജി. എബ്രാഹവും (മൈലപ്ര അച്ചൻ) വന്നു. എല്ലാവരും ഒന്നിച്ചു കാപ്പി കുടിച്ചു. 75 രൂ. ചെക്ക്, പോകാൻ നേരം കുമ്പഴ അച്ചനെ ഏൽപ്പിച്ചു.

“നല്ല സുഖമില്ല. പഴയതുപോലെ യാത്ര ഇനിയും എപ്പോഴും പറ്റുകയില്ല.” എന്നുപറഞ്ഞ് കാറിൽ കയറി “പത്തനംതിട്ട വഴി തിരുവല്ലായിൽ പോയിട്ടു മടങ്ങും” എന്ന് കല്പിച്ചു യാത്രയായി.

1950 മാർച്ച് 21 രാത്രി അരമനയിൽ എത്തി പാർത്തു. മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി പ്രമാണിച്ചുള്ള ആലോചന നടത്തി. ഈ നിയോഗത്തിൽ ഏപ്രിൽ 22 മുതൽ പ്രത്യേക പ്രാർഥനകൾ തുടങ്ങി. ഏപ്രിൽ 30 ന് പത്തനംതിട്ടയിൽ മെത്രാഭിഷേക രജതജൂബിലി ആഘോഷം പ്രമാണിച്ച് ഘോഷയാത്രയും പൊതുസമ്മേളനവും നടത്തുകയുണ്ടായി. വിശിഷ്ടാതിഥികൾ വൈദികർ, പൗരപ്രമുഖന്മാർ തുടങ്ങിയവർ സംബന്ധിച്ചു. 40ഓളം പേർക്ക് ഡിന്നർ നൽകി ആദരിച്ചു.

1950 നവംബർ 1–ാം തീയതി മാതാവിന്റെ സ്വർഗാരോപണ പ്രഖ്യാപനം നടന്നു. അതുപ്രമാണിച്ച് എല്ലാ പള്ളികളിലും ആഘോഷമായ വി. കുർബാന നടത്തി. പ്രഖ്യാപന വെടികൾ വെളുപ്പു മുതൽ കൂട്ടമായി മുഴക്കുകയും 10 മണിക്ക് ജപമാല പ്രദക്ഷിണം, പ്രസംഗം ഇവ നടത്തുകയും ചെയ്തു.

1950 നവംബർ 13 ന് സ്വർണനാവുകാരൻ മാർ ഈവാനിയോസിന്റെ ഫീസ്റ്റു ദിനം. വന്ദ്യപിതാവിന്റെ നാമകാരണൻ സെന്റ് ജോൺ ക്രിസോസ്റ്റമിന്റെ തിരുനാൾ. സ്പെഷ്യൽ കുർബാന വന്ദ്യപിതാവിനുവേണ്ടി അർപ്പിക്കുകയും പ്രാർഥനകൾ നടത്തുകയും ചെയ്തു. നവംബർ 26 ന് കുമ്പഴ നടന്ന മീറ്റിംഗിൽ “വിദ്യാഭ്യാസ പ്രശ്നം” ചർച്ച ചെയ്തു പ്രമേയം പാസാക്കി അയച്ചു.

www.malankaralibrary.com

# മാർത്തോമ്മാ ശ്ലീഹാ - 19-ാം ശതാബ്ദി ആഘോഷവും വി. ഫ്രാൻസിസ് സേവ്യറിന്റെ 400-ാം വാർഷികവും

## തീർഥാടനം മൈലാപ്പൂരിലേക്ക്

1952 ജൂലൈ 20-ാം തീയതി ബ. ലൂക്കോസ് നെടിയുഴത്തിലച്ചനുമൊത്ത് ഫാദർ പീലിപ്പോസ് മേടയിൽ മൈലാപ്പൂരിലുള്ള സെന്റ് തോമസ് മൗണ്ടിലേക്ക് തീർഥാടനം നടത്തുകയുണ്ടായി. ജൂലൈ 23-ാം തീയതി മദ്രാസിലെത്തി. ബിഷപ്സ് ഹൗസിൽ വന്ദ്യ മോൺസിഞ്ഞോറിനോടൊരുമിച്ച് താമസിച്ചു. 24-ാം തീയതി മൈലാപ്പൂരിലുള്ള വി. തോമ്മാശ്ലീഹായുടെ കബറിടം (Tomb) സന്ദർശിക്കുകയും കബറിൽ വി. കുർബാന അർപ്പിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

എ.ഡി. 52 ൽ വി. തോമ്മാശ്ലീഹാ ഭാരതത്തിൽ വന്നതിന്റെ പത്തൊൻപതാം ശതാബ്ദി (1900) ആഘോഷങ്ങൾ ഇന്ത്യയിലൊട്ടാകെ അത്യാഡംബരപൂർവം ആഘോഷിക്കുകയുണ്ടായി. കേരളത്തിൽ എറണാകുളം കേന്ദ്രമാക്കി വി. ഫ്രാൻസിസ് സേവ്യറിന്റെ ചരമത്തിന്റെ നാലാം നൂറ്റാണ്ടും മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ശതാബ്ദിയും വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി.

1952 ഡിസംബർ 4,5,6,7 തീയതികളിൽ സെന്റ് തോമസ് ജൂബിലി ആഘോഷം പത്തനംതിട്ട ഡിസ്ട്രിക്ടിൽപ്പെട്ട കിഴക്കൻ ഇടവകകളുടെ ആഭിമുഖ്യത്തിൽ ചെങ്ങറ വച്ച് നടത്തുകയുണ്ടായി. ഡിസംബർ 4-ാം തീയതി വി. കുർബാനയോടെ ജൂബിലി ആരംഭിച്ചു. മലനാട്ടിൽ ഉച്ചഭാഷിണി വച്ച് മലയോരപ്രദേശങ്ങളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ടുള്ള പ്രസംഗയോഗവും തുടർന്ന് ആഘോഷങ്ങളും 7-ാം തീയതി പൊതുസമ്മേളനവും നടന്നു. പബ്ലിക് മീറ്റിംഗിൽ വൈദികരും ചുറ്റുപാടുമുള്ള ഇടവകകളിൽ നിന്നും പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കാ വിശ്വാസികളുമുൾപ്പെടെ മുന്നൂറോളമാളുകൾ ജൂബിലി ആഘോഷങ്ങളിൽ പങ്കുകൊണ്ടു. സംഘർഷഭരിതമായ

www.malankaralibrary.com


അന്തരീക്ഷത്തിൽ അത്ഭുതകരമായ ഒരു കാഴ്ചയായിരുന്നു ഈ സംഗമം. ഫാദർ ഗീവറുഗീസ് ചരുവിലേത്തും, ഫാദർ സാമുവേൽ ശങ്കരത്തിലു മുൾപ്പെടെ പുനരൈക്യപ്പെട്ട വൈദികരിൽ ഭൂരിഭാഗവും ചെങ്ങറ നടന്ന ആഘോഷങ്ങളിൽ പങ്കെടുത്തു. അന്നേദിവസം 10 കുടുംബക്കാർ പുനരൈ ക്യപ്പെട്ടു തിരുസഭാംഗങ്ങളായി. ഫാദർ പീലിപ്പോസ് മേടയിൽ ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം വഹിക്കുകയും പ്രസംഗം നടത്തുകയും ചെയ്തു. 4 ദിവസം നീണ്ടുനിന്ന പരിപാടികൾ വഴി ആ പ്രദേശത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഒരു ആസ്ഥാനം ഉറപ്പിക്കുവാൻ ദൈവം ഇടയാക്കി.

1952 ഡിസംബർ 28,29,30 തീയതികളിൽ സെന്റ് തോമസ് ജൂബിലി യുടെ സമാപനം കേരളത്തിൽ എറണാകുളത്തുവച്ച് വിപുലമായ രീതിയിൽ ആഘോഷിക്കുകയുണ്ടായി എന്നു മുകളിൽ സൂചിപ്പിച്ചിരുന്നല്ലൊ. പ്രസ്തുത മീറ്റിംഗുകളിലും ആഘോഷപരിപാടികളിലും കൃതജ്ഞതാ ബലിയിലും ഫാദർ പീലിപ്പോസ് മേടയിൽ ആദ്യന്തം പങ്കുകൊണ്ടു.

എല്ലാവർഷവും ജൂലൈ 3-ാം തീയതി "സെന്റ് തോമസ് ഡേ" ഭക്തി പൂർവം കൊണ്ടാടുന്നതിന് കുമ്പഴ അച്ചൻ അതീവതാല്പര്യം കാണിച്ചി രുന്നു. അന്നേദിവസം ഇടവകയിലുള്ള വിശ്വാസികൾക്ക് ആവേശം പകർന്നു കൊണ്ട് പ്രസംഗങ്ങൾ നടത്തുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തി രുന്നു.

1953 ൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുമായി കാർഡിനൽ റ്റിസറാന്റ് കേരളത്തിൽ വരികയുണ്ടായി. മാർത്തോമ്മാ ശ്ലീഹായുടെ കേര ളത്തിലെ പ്രേഷിതത്വം, തിരുസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള സത്യ മാണെന്ന് റോമിൽ നിന്നും പ്രഖ്യാപനമുണ്ടായി.

XII-ാം പീയൂസ് മാർപ്പാപ്പാ

www.malankaralibrary.com

## കുമ്പഴ അച്ചനും സഹവൈദികരും

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യവും, പുനരൈക്യപ്രസ്ഥാനവും മലങ്കരസഭയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. സാർവത്രികസഭയുടെ തണലിൽ, കത്തോലിക്കാസഭയിൽ ആയിത്തീരുന്നതിന് അനേകം കുടുംബങ്ങൾ മുന്നോട്ടു വന്നു. അതുപോലെ തന്നെ അവരുടെ അജപാലകരായിരുന്ന വൈദികരും, അവരുടെ കുടുംബങ്ങളും. കുമ്പഴ അച്ചൻ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുമ്പോൾ, പത്തനംതിട്ട പ്രദേശങ്ങളിൽ നിന്നും ഒരു വൈദികൻപോലും മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടിരുന്നില്ല എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഫാ. ഗീവറുഗീസ് പീടികയിൽ പുനരൈക്യപ്പെട്ട് ലത്തീൻ കത്തോലിക്കാ വൈദികൻ ആയി പുത്തൻപീടിക കേന്ദ്രമാക്കി മിഷ്യൻ പ്രവർത്തനം ചെയ്തിരുന്നു. പുത്തൻ പീടികയിലുണ്ടായിരുന്ന കാവൽ മാലാഖമാരുടെ നാമത്തിലുള്ള ലത്തീൻ ദേവാലയം മാത്രമായിരുന്നു ഈ പ്രദേശത്തുള്ള ഏക കത്തോലിക്കാ ദേവാലയം. എന്നാൽ വളരെ പെട്ടെന്നുതന്നെ മലങ്കര സുറിയാനി കത്തോലിക്കാസഭ വളരുകയായിരുന്നു. അത്ഭുതം ജനിപ്പിക്കുമാറ് സഭയെ ഉന്നതിയിലേക്ക് ദൈവം ഉയർത്തുകയായിരുന്നു. തടസങ്ങളും പീഡനങ്ങളും, ആക്ഷേപങ്ങളും തൃണവൽഗണിച്ചുകൊണ്ട് അനേകം കുടുംബങ്ങൾ ഐക്യത്തിന്റെ മാർഗം തേടി, മലങ്കര കത്തോലിക്കാ കൂട്ടായ്മയിൽ ചേർന്ന് ഐക്യത്തിന്റെ പ്രവാചക ദൗത്യവാഹകരായി.

"അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സഭ" എന്ന് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിക്കുന്നതിന് ഇടയാകത്തക്ക രീതിയിലായിരുന്നു മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയും പുരോഗതിയും.

പരിശുദ്ധ പിതാവ് പിയൂസ് XI-ാമന്റെ ഭരണകാലത്തുതന്നെ 1932 ൽ തിരുവനന്തപുരം, തിരുവല്ല എന്ന രണ്ട് രൂപതകൾ സ്ഥാപിച്ചുകൊണ്ട് മലങ്കര ഹൈരാർക്കി സ്ഥാപിതമായി.- മലങ്കര സഭയുടെ പരമാദ്ധ്യക്ഷനായ

www.malankaralibrary.com


മാർ ഈവാനിയോസ് മെത്രാപ്പോലീത്ത സ്ഥാപിച്ച ബഥനി സന്യാസ സമൂഹത്തിലെ വന്ദ്യവൈദികർ 1930 ൽ തന്നെ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെ തുടർന്ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയുണ്ടായി. തിരുവല്ലായിലുള്ള ബഥനി ആശ്രമസ്ഥരുമായി കുമ്പഴ അച്ചൻ ആത്മാർഥമായ ഒരു ബന്ധം പുലർത്തിയിരുന്നു. ഫാദർ ജോൺ ഒ.ഐ.സി., ഫാദർ സെറാഫിയോൻ ഒ.ഐ.സി., ഫാദർ ജോഷ്വാ ഒ.ഐ.സി, ഫാദർ ജോബ് ഒ.ഐ.സി, ഫാദർ എബ്രഹാം ഒ.ഐ.സി, ഫാദർ ഗീവറുഗീസ് ഒ.ഐ.സി, ഫാദർ എഫ്രേം ഒ.ഐ.സി, ഫാദർ കോശി ഒ.ഐ.സി തുടങ്ങിയ വന്ദ്യ വൈദികരെല്ലാം കുമ്പഴ അച്ചനെ തങ്ങളുടെ സ്വന്തം സഹോദരനെന്ന നിലയിൽ പരിഗണിക്കുകയും സ്നേഹവാത്സല്യങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. പുനരൈക്യത്തന്റെ പ്രാരംഭദശയിൽ ബഥനി ആശ്രമവും മലങ്കര കത്തോലിക്കാസഭയും ഒന്നായി ഇഴുകിച്ചേർന്നു പ്രവർത്തിച്ചിരുന്നു. ബഥനി എന്നാൽ മലങ്കര കത്തോലിക്കാസഭയും മലങ്കര കത്തോലിക്കാ സഭയെന്നാൽ 'ബഥനി' എന്നും തോന്നുമാറ് ദൃഢമായ ഒരു ബന്ധത്തിലായിരുന്നു.

പുനരൈക്യത്തെതുടർന്ന് മലങ്കര കത്തോലിക്കാ സഭാമേലദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസ് തിരുമേനി കുമ്പഴ അച്ചനെ ചെത്തിപ്പുഴ ആശ്രമത്തിൽ താമസിച്ചുകൊണ്ട് കത്തോലിക്കാസഭയെപ്പറ്റി അവഗാഹം പഠിക്കുന്നതിന് അവസരം നൽകുകയുണ്ടായി എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലൊ. അവിടെ ഫാദർ പ്ലാസിഡ് സി.എം.ഐ യുടെ പഠനക്കളരിയിൽ നിന്നും വിജ്ഞാനപ്രദമായ അറിവുകൾ നേടി. കൂടാതെ സീറോ മലബാർ സഭയുടെ പൈതൃകം മനസിലാക്കുന്നതിന് ഇതു സഹായമായി. പഴയകൂറ്റുകാരായ വൈദികരുമായി ഉറ്റ സമ്പർക്കം പുലർത്തുന്നതിന് പിൽക്കാലത്ത് ഇത് ഉപകാരപ്രദമായി. മലങ്കര കത്തോലിക്കാസഭയിൽ പ്രേഷിത പ്രവർത്തനം നടത്തിയിരുന്ന സെന്റ് ബർക്ക്മൻസ് കോളേജ് പ്രിൻസിപ്പലായിരുന്ന ഫാദർ മാത്യു പുരയ്ക്കൽ, ഫാദർ സി.കെ. മറ്റം, ഫാദർ ഡൊമ്നിക് തോട്ടാശേരി, ഫാദർ വറുഗീസ് വടശേരി, ഫാദർ സഖറിയാസ് ചങ്ങങ്കരി, ഫാദർ മാത്യു പോത്തനാമൂഴി (പിന്നീട് കോതമംഗലം രൂപതാദ്ധ്യക്ഷൻ) ഇവരെല്ലാം കുമ്പഴ അച്ചന്റെ സഹവൈദികരായി മലങ്കര കത്തോലിക്കാ സഭയിൽ സേവനം ചെയ്തവരാണ്.

മലങ്കര കത്തോലിക്കാസഭ, രൂപതകൾ രൂപപ്പെടുന്നതിനുമുമ്പ് ഒന്നായി പ്രവർത്തിച്ചുകൊണ്ടിരുന്ന കാലത്ത് കുമ്പഴ അച്ചൻ തിരുവല്ലായിലെ പല പള്ളികളിലും വി. കുർബാനയ്ക്കും, പ്രസംഗത്തിനുമായി പോയിരുന്നു. കല്ലിശേരി, തിരുവൻമണ്ടൂർ, തിരുമൂലപുരം, തിരുവല്ല തുടങ്ങിയ സ്ഥലങ്ങ

www.malankaralibrary.com


ളിൽ ശുശ്രൂഷ ചെയ്തിരുന്നതായി ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫാദർ കോശി ഇളവട്ട, ഫാദർ തോമസ് കലേക്കാട്ടിൽ, ഫാദർ പീറ്റർ രാമനാട്ട്, ഫാദർ ലൂക്കോസ് നെടിയുഴത്തിൽ, ഫാദർ ഏബ്രഹാം മാരേട്ട്, ഫാദർ മാത്യൂസ് ചിറ്റക്കാട്ട്, ഫാദർ ജേക്കബ് ചുണ്ടേവാലേൽ, ഫാദർ ഗീവ റുഗീസ് തോമ്പ്ര തുടങ്ങിയവർ സഹവൈദികരും സുഹൃത്തുക്കളുമായിരുന്നു. പുണ്യപിതാവായ മാർ തെയോഫിലസ് തിരുമേനിയും പിൻഗാമികളായ ജോസഫ് മാർ സേവേറിയോസ്, സഖറിയാസ് മാർ അത്തനാസിയോസ് എന്നിവർ കുമ്പഴ അച്ചനോട് വളരെ വാത്സല്യവും, സ്നേഹവും പ്രകടിപ്പി ച്ചിരുന്നു.

തിരുവനന്തപുരം അതിരൂപതയിലെ വൈദികസംഘത്തിലേക്ക് ഓർത്ത ഡോക്സ് സഭയിൽ നിന്നും യാക്കോബായ സഭയിൽ നിന്നും അനേകം വൈദികർ പുനരൈക്യപ്പെടുകയും മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ കൂട്ടായ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തു.

കുമ്പഴ അച്ചന്റെ ഉറ്റമിത്രങ്ങളായ വൈദികരായിരുന്നു ഫാദർ എ.ജി. എബ്രഹാം (മൈലപ്ര അച്ചൻ) ഫാദർ പി.സി. ഗീവറുഗീസ് (കടമ്മനിട്ട അച്ചൻ) ഫാദർ അലക്സാണ്ടർ വലിയവീട്ടിൽ (കൊട്ടാരക്കര അച്ചൻ) തുടങ്ങിയവർ. എപ്പോഴും "പുനരൈക്യം" "പുനരൈക്യം" എന്ന ചിന്തയു മായി മുന്നേറിയ കുമ്പഴ അച്ചന് മേല്പറഞ്ഞ ത്രിമൂർത്തികളുടെ സഭാ പ്രവേശം ആവേശം പകരുകയും തന്മൂലം മാർ ഈവാനിയോസ് തിരുമേനി സമാരംഭിച്ച പുനരൈക്യപ്രവർത്തനങ്ങൾക്കായി തങ്ങളുടെ ജീവിതം സ്വയം സമർപ്പിച്ചുകൊണ്ട് ഒന്നുചേർന്ന് പ്രവർത്തിക്കുന്നതിനും, മലങ്കര കത്തോ ലിക്കാസഭയെ പുരോഗതിയിലേക്കു അതിവേഗം നയിക്കുന്നതിനും ഇടയാ യി. അവരുടെ കൂട്ടായ പ്രവർത്തനത്തിന് ചുക്കാൻ പിടിച്ചിരുന്നത് ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) ആയിരുന്നു. മലങ്കര കത്തോലി ക്കാസഭയുടെ 'നെടുംതൂണുകൾ' എന്ന് ഇവരെ വിശേഷിപ്പിക്കാറുണ്ടായിരു ന്നു. ഇവരുടെ ഒരുമയോടുകൂടെയുള്ള ശക്തമായ പ്രവർത്തനമാണ് മലയോ രപ്രദേശമായ പത്തനംതിട്ട ജില്ലയിലും കൊട്ടാരക്കര, അഞ്ചൽ തുടങ്ങിയ പ്രദേശങ്ങളിലും അനേകം കുടുംബങ്ങളെ പുനരൈക്യത്തിലേക്കു നയിക്കു ന്നതിനും, നിരവധി ദേവാലയങ്ങൾ സ്ഥാപിക്കപ്പെടുന്നതിനും കാരണമായി ട്ടുള്ളത്.

മുകളിൽ പ്രസ്താവിച്ച വന്ദ്യ വൈദികരെ കൂടാതെ കുമ്പഴ അച്ചന്റെ കാലത്ത് സഹവൈദികരായി തിരുവനന്തപുരം രൂപതയിൽ നിസ്വാർഥ സേവനം ചെയ്ത വന്ദ്യ വൈദികരുടെ ഒരു നിര തന്നെയുണ്ട്. പുനരൈക്യ പാതയിലേക്കു കടന്നുവന്ന വന്ദ്യ വൈദികരുമായി അടുത്ത ബന്ധമാണ്

www.malankaralibrary.com


കുമ്പഴ അച്ചൻ പുലർത്തിയിരുന്നത്. 1926 ൽ പുനരൈക്യപ്പെട്ട വന്ദ്യ വൈദികനായ ഗീവറുഗീസ് പീടികയിൽ തന്റെ ഗുരുവും വഴികാട്ടിയും സഹപ്രവർത്തകനുമായിരുന്നു. വിസ്താരഭയത്താൽ വൈദികരുടെ പേരുകൾ മാത്രം ഇവിടെ രേഖപ്പെടുത്തുകയാണ്.

'അഞ്ചലച്ചൻ' എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന ഫാദർ സി. കെ. മത്തായി, ഫാദേഴ്സ്: തോമസ് ഇഞ്ചക്കലോടി മാരാമൺ, സഖറിയാസ് എഴിയത്ത് ആറ്ററികം, ഗീവറുഗീസ് കന്നിമേൽ ചേപ്പാട്, തോമസ് പെരുമല ചന്ദനപ്പള്ളി, കോശി കുഴിയമ്മണ്ണിൽ വയലത്തല, ഗീവറുഗീസ് ചരുവിലേത്ത്, പന്തളം; ഗീവറുഗീസ് കിളന്നമണ്ണിൽ, ചാണ്ടപ്പിള്ള പമ്പൂരേത്ത് പന്തളം, അലക്സാണ്ടർ പമ്പൂരേത്ത് പന്തളം, എബ്രഹാം മത്തായി കാട്ടൂർ, നൈനാൻ വിട്ടിനാൽ വഴുവാടി, ജേക്കബ് പുത്തൻ വീട്ടിൽ തുമ്പമൺ, ഏബ്രഹാം താഴെയിൽ ഇലന്തൂർ, ഇടിച്ചെറിയ തോമസ് വടക്കേക്കര ഇലന്തൂർ, പീലിപ്പോസ് കൊച്ചുകല്ലിൽ ഇലന്തൂർ, പത്രോസ് കിപ്പള്ളിൽ കുടശനാട്, തോമസ് പണിക്കർ പറമ്പിൽ മാവേലിക്കര, പത്രോസ് കിഴക്കേവീട്ടിൽ പത്തനംതിട്ട, മത്തായി കല്ലട പന്തളം, മത്തായി കരിങ്ങാട്ടിൽ തുമ്പമൺ, മത്തായി വിളയിൽ പുത്തൂർ, മത്തായി മുഞ്ഞനാട് കലയപുരം, തോമസ് പണിക്കർ പറമ്പിൽ മാവേലിക്കര, ജേക്കബ് കിളന്ന മണ്ണിൻ, തോമസ് അയിരുക്കുഴിയിൽ ഇടത്തറ, ജെയ്ക്കബ് മുളപ്പുംപള്ളിൽ പഴകുളം, തോമസ് മുതലാളി പാറക്കൂട്ടം, ലൂക്കോസ് മണ്ണിക്കരോട്, ഗീവറുഗീസ് മാങ്കാവിൽ കറ്റാനം, എബ്രഹാം ആശാര്യത്ത് പ്രക്കാനം, പി. കെ. ഡാനിയേൽ പുത്തൻപുരയിൽ തുമ്പമൺ, മാത്യൂസ് ചേരാവള്ളിൽ കുറത്തിക്കാട്, തോമസ് ആമ്പശേരിൽ പുത്തൻപീടിക, വി.റ്റി. തോമസ് മാവേലിക്കര, പി.റ്റി. ഗീവറുഗീസ് പണിക്കർ കാരിച്ചാൽ, ജേക്കബ് ഞായല്ലൂർ, ജോഷ്വാ കുന്നത്തേത്ത് കൈപ്പട്ടൂർ, ഫിലിപ്പ് സി. പന്തോളിൽ അയിരൂർ, ഗീവറുഗീസ് ചുട്ടിവട്ടം ഇവരെല്ലാം സഹവൈദികവൃന്ദത്തിൽപ്പെടുന്നു.

കൂടാതെ അന്നു വൈദികരായിരുന്ന ഫാദേഴ്സ്: ജോർജ് മലഞ്ചരുവിൽ, ഗീവറുഗീസ് പണിക്കർ, ഗീവറുഗീസ് കുറ്റിയിൽ കറ്റാനം, ജോർജ് തെക്കേടത്ത് കൊട്ടാരക്കര, ദാനിയേൽ അയ്യനേത്ത്, ഉമ്മൻ അയ്യനേത്ത്, സഖറിയാസ് കിളീലേത്ത്, ലോറൻസ് ജെ. തോട്ടം, മത്തായി മലഞ്ചരുവിൽ, തോമസ് തെക്കേടത്ത്, തോമസ് പണിക്കർ, കെ.ജി., തോമസ് മരുതൂർ, തോമസ് കൊട്ടാരത്തിൽ, തോമസ് നെരിയാട്ടിൽ തുടങ്ങിയ അനേകം വൈദികർ മലങ്കരകത്തോലിക്കാസഭയിൽ പൗരോഹിത്യം സ്വീകരിച്ച് പുനരൈക്യവേദിയിൽ പ്രവർത്തിച്ചിരുന്നു. മേല്പറഞ്ഞ എല്ലാ വൈദികരുമായും കുമ്പഴ അച്ചൻ സ്നേഹബന്ധം പുലർത്തിയിരുന്നു.

www.malankaralibrary.com


പുനരൈക്യത്തിന്റെ ആരംഭകാലം മുതൽ പാലാ, ചങ്ങനാശേരി രൂപതകളിൽ നിന്നും സേവനതല്പരരായ അനേകം വൈദികർ ഇവിടെ എത്തിചേർന്നു പ്രവർത്തിച്ചിരുന്നു. കൂടാതെ സേവനസന്നദ്ധരായ അനേകം യുവാക്കൾ മലങ്കര സഭയ്ക്കുവേണ്ടി വൈദികരായി. മാർത്താണ്ഡം കേന്ദ്രമാക്കി പ്രവർത്തിക്കുകയും മേരിമക്കൾ സമൂഹ സ്ഥാപനത്തിൽ പങ്കാളിയാവുകയും ചെയ്ത ഫാദർ ജോസഫ് കുഴിഞ്ഞാലിൽ പ്രത്യേകം സ്മരണീയനാണ്. തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത ഫാദേഴ്സ്: വികാരി ജനറൽ മോൺ സി.റ്റി. കുരുവിള, ജോസഫ് വടക്കേക്കൂറ്റ്, ആന്റണി കേളമ്പറമ്പിൽ, ജോസഫ് മാത്യു ചാൽക്കടവിൽ, കുര്യൻ ഇലഞ്ഞിമറ്റം, സേവ്യർ ഞായപ്പള്ളിൽ, ഫ്രാൻസിസ് കൊടകനാടി, ലൂക്കോസ് മാക്കീൽ, മാത്യു തേക്കുംകാട്ടിൽ, ജോസഫ് താഴത്തുവീട്ടിൽ, ജോസഫ് കരിയിൽ, സിറിയക്ക് മണവാളൻ, ചാക്കോ മുണ്ടപ്പള്ളിൽ കൈനകരി, മാത്യൂസ് ഏഴാനിക്കാട്ട്, തോമസ് കൈതനാൽ എന്നിവരും കുമ്പഴ അച്ചന്റെ സഹവൈദികരിൽ ഉൾപ്പെടുന്നു.

പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ സേവനമനുഷ്ടിച്ച കർമലീത്താ വൈദികരായ ഫാദർ സിപ്രിയാൻ, ഫാദർ ബീഡ്, ഫാദർ ലിനോസ്, ഫാദർ ഫൗസ്തീൻ, ചെങ്ങന്നൂർ മിഷ്യൻ ഹൗസിൽ താമസിച്ചുകൊണ്ട് മലങ്കരകത്തോലിക്കാസഭയിൽ സേവനമനുഷ്ടിച്ച ഫാദർ റെയ്മണ്ട് ഇവരും ഫാദർ പീലിപ്പോസ് മേടയിലിന്റെ സഹവൈദികരും സുഹൃത്തുക്കളുമായിരുന്നു. റീത്തു വ്യത്യാസമില്ലാതെ കുമ്പഴ അച്ചൻ എല്ലാ അഭിവന്ദ്യ പിതാക്കന്മാരോടും, വൈദികരോടും ഇടപഴകുകയും സ്നേഹപൂർവം വർത്തിക്കയും ചെയ്തിരുന്നതിനാൽ എല്ലാവർക്കും സ്വീകാര്യനായിരുന്നു.

www.malankaralibrary.com

## മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊത്ത്

സംഭവബഹുലമായ അമേരിക്കൻ പര്യടനവും തുടർന്നുള്ള ദീർഘ കാല ആസ്ട്രേലിയൻ സന്ദർശനവും പരിപാടികളും കഴിഞ്ഞ് നാട്ടിലെത്തിയ മാർ ഈവാനിയോസ് തിരുമേനി താമസിയാതെ രോഗാതുരനായി കാണപ്പെട്ടു. തിരുവനന്തപുരത്തെ പ്രാരംഭ പരിശോധനകൾക്കുശേഷം വിദഗ്ധ ചികിത്സയ്ക്കായി മദ്രാസിലേക്കു കൊണ്ടുപോയി. തിരുവിതാംകൂർ ഇളയരാജാ മാർത്താണ്ഡവർമയുടെ ശ്വശുരൻ ഡോ. പണ്ഡാലെയുടെ പ്രൈവറ്റ് ആശുപത്രിയിൽ വച്ച് ഒരു ഓപ്പറേഷന് വിധേയനായി. തുടർന്ന് ബാംഗ്ലൂർ സെന്റ് മാർത്താസ് ഹോസ്പിറ്റലിൽ വിശ്രമത്തിനായി കൊണ്ടു പോയി. മൂന്നുമാസത്തിനുശേഷം പിതാവിനെ തിരികെ തിരുവനന്തപുരത്തു വിമാനമാർഗം കൊണ്ടുവന്നു. ശുശ്രൂഷാ സൗകര്യം പ്രമാണിച്ച് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ കൊണ്ടുവന്ന് ശുശ്രൂഷിച്ചു. വന്ദ്യപിതാവിന്റെ രോഗ സ്ഥിതി എല്ലാവർക്കും വേദനാജനകമായിരുന്നു. പ്രത്യേകിച്ച് കുമ്പഴ അച്ചന് പിതാവിന്റെ അസുഖം വളരെയധികം മനഃക്ലേശത്തിനു കാരണമായി എന്നു പറയേണ്ടതില്ലല്ലോ. തന്റെ ബന്ധുവായ കാക്കനാട്ടിൽ ബ. കോശി ഒ.ഐ.സി. അച്ചനായിരുന്നു വന്ദ്യപിതാവിന്റെ മുഖ്യശുശ്രൂഷകൻ. മാർ ഈവാനിയോസ് പിതാവിന്റെ സവിധത്തിലായിരിക്കാനും ശുശ്രൂഷിക്കാനും കുമ്പഴ മേടയില ച്ചൻ ആഗ്രഹിക്കുകയും തിരുവനന്തപുരത്തെത്തി അരമനയിൽ താമസിക്കു കയും ഇടയ്ക്കിടെ ബഥനി ആശ്രമത്തിൽ പോയി വന്ദ്യപിതാവിനെ സന്ദർശി ക്കുകയും ചെയ്തുകൊണ്ടിരുന്നു. 1952 ആഗസ്റ്റ് 10 ന് ബാംഗ്ലൂരിൽ നിന്നും തിരിച്ചെത്തിയ വന്ദ്യപിതാവിന് സെപ്തംബർ 2-ാം തീയതി കന്തീലാശുശ്രൂഷ നടത്തി. തുടർന്ന് കുമ്പഴ അച്ചൻ സെപ്റ്റംബർ 18 വരെ തിരുവനന്തപുരത്തു ക്യാമ്പു ചെയ്യുകയും ഇടയ്ക്കിടെ പിതാവിനെ സന്ദർശിക്കുകയും പല കാര്യ ങ്ങളും വന്ദ്യപിതാവ് ചോദിക്കുകയും മിഷൻ കാര്യങ്ങൾ കുമ്പഴ അച്ചൻ പിതാവിനെ ധരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ മെത്രാ ഭിഷേകം 1953 ജനുവരി 29 ന് രോഗഗ്രസ്ഥനായിരുന്ന മാർ ഈവാനിയോസ്

www.malankaralibrary.com


പിതാവ് യഥാവിധി നിർവഹിച്ചുകൊണ്ട് തന്റെ ചിരകാലാഭിലാഷം പൂർത്തിയാക്കി. തന്റെ പിൻഗാമിയെ വാഴിക്കുന്നതിനുള്ള ഒരുക്കങ്ങൾക്കും അതിഥികളെ സ്വീകരിക്കുന്നതിനുമെല്ലാം മേടയിൽ പീലിപ്പോസച്ചൻ നിയോഗിക്കപ്പെടുകയും തന്റെ കർത്തവ്യങ്ങൾ ഉത്തരവാദിത്വത്തോടെ നിറവേറ്റുകയും ചെയ്തു. മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ നടത്തിയ മെത്രാഭിഷേകത്തിലും അതിനോടനുബന്ധിച്ചുള്ള വി. കുർബാനയിലും തുടർന്ന് കത്തീഡ്രൽ ഗ്രൗണ്ടിൽ വച്ചുനടത്തിയ ഗംഭീരമായ അനുമോദന സമ്മേളനത്തിലും സാക്ഷിയാകുവാൻ കുമ്പഴ അച്ചനു സാധിച്ചു.

1953 ജൂലൈ 6–ാം തീയതി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ ഓപ്പറേഷൻ കഴിഞ്ഞിട്ട് ഒരു വർഷം പൂർത്തിയായി. അന്നേദിവസം വന്ദ്യപിതാവിനുവേണ്ടി പ്രത്യേകം പ്രാർഥിച്ചു എന്ന് ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## മാർ ഈവാനിയോസ് – മരണവും കബറടക്കവും

1953 ജൂലൈ 15–ാം തീയതി കർമലമാതാവിന്റെ തിരുനാളിന്റെ തലേദിവസം 11 pm ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും പുനരൈക്യ പ്രസ്ഥാനത്തിന്റെ ജനയിതാവുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ദിവംഗതനായി. ജൂലൈ 16 ന് രാവിലെ കുമ്പഴ അച്ചൻ ചുറ്റുപാടുമുള്ള അച്ചന്മാർക്കും പള്ളികൾക്കും വന്ദ്യപിതാവിന്റെ വിയോഗവാർത്തയെപ്പറ്റിയുള്ള അറിയിപ്പു നൽകിയശേഷം തിരുവനന്തപുരത്തെത്തി, വേണ്ട സഹായങ്ങൾ നൽകി. ഇടയനെ നഷ്ടപ്പെട്ട തിരുവനന്തപുരം നഗരം – പത്രദ്വാരാ മാർ ഈവാനിയോസ് പിതാവിന്റെ മരണവാർത്ത അറിയിച്ചു. കൂടാതെ 16–ാം തീയതി കർമല മാതാവിന്റെ തിരുനാളായിരുന്നതിനാൽ ലാറ്റിൻ പള്ളികളിലെല്ലാം വലിയ ആൾക്കൂട്ടമുണ്ടായിരുന്നു. വെളുപ്പിനു തന്നെ പാളയം പള്ളിയിലും മറ്റുപള്ളികളിലും വികാരി അച്ചന്മാരെ മരണവാർത്ത അറിയിക്കുകയും അവരുടെയും ഇടവക ജനങ്ങളുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർഥിക്കുകയും ചെയ്തു. കബറടക്ക സംബന്ധമായ എല്ലാ ചുമതലകളും ഓരോ വൈദിക സംഘത്തെ ഏല്പിച്ചു. എല്ലാം ശരിയായി പ്ലാൻ ചെയ്യുന്നതിൽ കുമ്പഴ അച്ചൻ നിർണായകമായ പങ്കു വഹിച്ചു.

നമ്മുടെ എല്ലാ പള്ളികളിലും ദുഃഖമണി അടിച്ചു. മാർപാപ്പാ, കോൺഗ്രിഗേഷൻ, ഇന്റർനുൻഷിയോ, കാർഡിനൽ ഗ്രേഷ്യസ് (ബോംബെ) കേരളത്തിലെയും ഇതര സ്റ്റേറ്റുകളിലെയും മെത്രാന്മാർ ഇവർക്കെല്ലാം ടെലഗ്രാം ചെയ്തു. രാജപ്രമുഖനെയും, മറ്റു പ്രമുഖരായ രാഷ്ട്രീയ നേതാക്കളെയും ദുഃഖവാർത്ത അറിയിച്ചു. നേരത്തെയുള്ള അറിയിപ്പിൻ പ്രകാരം

www.malankaralibrary.com


വടക്കൻ സുറിയാനി രൂപതകളിൽ നിന്നും അനേകം വെള്ളി, സ്വർണക്കുരിശുകളും കൊടികളും മുത്തുക്കുടകളും കൊണ്ടുവന്ന് നഗരിക്കാണിക്കലിന് കൊഴുപ്പുകൂട്ടി. കേരളത്തിലെ എല്ലാ കത്തോലിക്കാ മെത്രാന്മാരും തമിഴ്നാട്ടിലെ ഏതാനും മെത്രാന്മാരും കേരളത്തിലെ മൂന്നു റീത്തുകളിലുംപെട്ട നൂറു കണക്കിനു വൈദികരും ആയിരത്തിൽപരം കന്യാസ്ത്രീകളും വിശ്വാസികളും പൊതുജനങ്ങളുമുൾപ്പെട്ട ലക്ഷക്കണക്കിനു ജനങ്ങളും നഗരിക്കാണിക്കലിന് എത്തിച്ചേർന്നു. തിരുവനന്തപുരം കടലോരത്തു നിന്നും പരസഹസ്രം വിശ്വാസികൾ ഈ ഭക്തി നിർഭരമായ ചടങ്ങിൽ പങ്കെടുത്തു.

17-ാം തീയതിയായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ കബറടക്കം. അന്ന് അതിരാവിലെ പട്ടം പള്ളിയിൽ വന്ദ്യപിതാവിനുവേണ്ടി വി. കുർബാന അർപ്പിച്ചശേഷം അഭിവന്ദ്യ പിതാവിന്റെ മൃതശരീരം വച്ചിരുന്ന പാളയം പ്രൊ-കത്തീഡ്രലിൽ കുമ്പഴ അച്ചൻ എത്തുകയുണ്ടായി.

17-ാം തീയതി രാവിലെ 8 മണിക്കുള്ള വി. കുർബാനയോടെ പരിപാടികൾ ആരംഭിച്ചു. പാളയം പള്ളി മുതൽ പട്ടം പള്ളിവരെ റോഡിന്റെ ഇരുവശങ്ങളിലും നാനാജാതി മതസ്ഥരായ അനേകായിരങ്ങൾ 'നഗരികാണിക്കൽ' ദർശനത്തിനായി തിങ്ങി നിറഞ്ഞുനിന്നിരുന്നു. ഇത്ര വലിയ ഒരു ജനസഞ്ചയത്തെ ചിട്ടയായി ക്രമപ്പെടുത്തിയുള്ള വിലാപയാത്ര തിരുവനന്തപുരം നഗരം മുമ്പൊരിക്കലും കണ്ടിട്ടില്ല. മൃതദേഹം വഹിച്ചുകൊണ്ടുള്ള രഥം 12 മണിയോടെ പട്ടത്തെത്തി – പട്ടം കത്തീഡ്രലിന്റെ തറയിൽ തയ്യാർ ചെയ്തിരുന്ന പ്രത്യേക പന്തലിൽ വച്ച് കബറടക്ക ശുശ്രൂഷകൾ പൂർത്തിയാക്കുകയുണ്ടായി.

"പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ മദ്ബഹായുടെ സ്ഥാനത്ത് ഭൂമിക്കടിയിലായി കല്പടകൾ കെട്ടിയിറക്കി നിർമിച്ചിട്ടുള്ള ഗുഹാന്തർ ഭാഗത്ത് സജ്ജീകരിച്ചിട്ടുള്ള പ്രത്യേക കല്ലറയിലാണ് തിരുമനസ്സിലെ മൃതശരീരം കബറടക്കം ചെയ്യപ്പെട്ടത്." (ഡയറിക്കുറിപ്പുകൾ) മാർ ഈവാനിയോസ് പിതാവിന്റെ നഗരി കാണിക്കൽ ശുശ്രൂഷയിലും കബറടക്ക ശുശ്രൂഷയിലും കുമ്പഴ അച്ചൻ ആദ്യന്തം പങ്കെടുത്തശേഷം കദനഭാരത്തോടെ അവിടെ നിന്നും പിൻവാങ്ങി.

www.malankaralibrary.com

## കുമ്പഴ അച്ചന്റെ ജീവിത സായാഹ്നം

1954 ജൂലൈ മാസത്തിൽ നല്ല സുഖമില്ലാതെ ചികിത്സക്കായി രണ്ടു മാസത്തെ അവധിയെടുത്ത് കോട്ടയത്ത് ആശുപത്രിയിൽ കഴിഞ്ഞു.

1954 നവംബർ മാസത്തിൽ തിരുവനന്തപുരത്ത് അരമനയിൽ പാർത്തു കൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളജിൽ Heart Complaints and Diabetics ന് ചികിത്സ നടത്തി. 1955 ജനുവരി 18 ന് തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന സെവേറിയോസ് തിരുമേനി കാലം ചെയ്തു. 1955 ആഗസ്റ്റ് 16-ാം തീയതി തന്റെ ആത്മസുഹൃത്തായിരുന്ന സഹവൈദികൻ ഫാദർ പി.സി. ഗീവറുഗീസ് പുത്തൻപുരയ്ക്കൽ (കടമ്മനിട്ട അച്ചൻ) മരണം പ്രാപിച്ചു. ഈ വേർപാടുകൾ കുമ്പഴ അച്ചന് വേദനാജനകമായിരുന്നു. എങ്കിലും നഷ്ടധൈര്യനാകാതെ 1955 സെപ്റ്റംബർ 21 നു കുമ്പഴ ഇടവക യിൽ വച്ച് നടന്ന പുനരൈക്യ രജതജൂബിലി ആഘോഷങ്ങളിൽ പങ്കു ചേർന്നു. 1955 ഒക്ടോബർ 2 മുതൽ വീണ്ടും മൂന്നു മാസം ചികിത്സാർഥം അവധിയിലായിരുന്നു. പകരം, കുമ്പഴ ഇടവകയിൽ ഫാദർ സി.പി. പത്രോസ് കിഴക്കേവീട്ടിൽ വി. കുർബാന നടത്തിയിരുന്നു. 1956 ഫെബ്രുവരിയിലും തീരെ സുഖമില്ലാതെ കിടപ്പിലായി. അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറി യോസ് തിരുമേനി വന്നു കാണുകയും ആരോഗ്യമുള്ളപ്പോൾ പ്രൈവറ്റ് ചാപ്പ ലിൽ വി. കുർബാന ചൊല്ലുന്നതിന് അനുവദിക്കുകയും ചെയ്തു. മെച്ചമായ ചികിത്സക്കായി മദ്രാസിലുള്ള കാത്തലിക് സെന്ററിൽ താമസിച്ചുകൊണ്ട് ഇസബല്ലാ ഹോസ്പിറ്റലിൽ ഒക്ടോബർ 22 മുതൽ നവംബർ 18 വരെ ചികിത്സ നടത്തി. തുടർന്നുള്ള കാലങ്ങളിൽ വീട്ടിൽ തന്നെ വിശ്രമത്തിൽ കഴിഞ്ഞു. അത്യാവശ്യ സന്ദർഭങ്ങളിൽ തന്റെ സാന്നിദ്ധ്യം ആവശ്യമുള്ള പ്പോൾ പൊതുപരിപാടികളിൽ സംബന്ധിച്ചിരുന്നു. എല്ലാവർഷവും ജൂലൈ മാസം 28 ന് ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ കബറിൽ വി. കുർബാന അർപ്പിക്കുന്നതിന് പതിവായി പോയിരുന്നു.

1958 ഫെബ്രുവരി 8,9,10,11 തീയതികളിൽ മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി രജത ജൂബിലി വകയാർ മാർ ഈവാനിയോസ്

www.malankaralibrary.com


നഗറിൽ വച്ച് സാഘോഷം കൊണ്ടാടി. തന്റെ ബന്ധുവായ ഫാദർ ഗീവറുഗീസ് തോമ്പ്രയുമൊരുമിച്ച് കുമ്പഴ അച്ചൻ ജൂബിലി ആഘോഷത്തിൽ പങ്കുകൊണ്ടു. ആരോഗ്യമുള്ളപ്പോൾ പള്ളിപ്പെരുനാളുകൾക്കും മീറ്റിംഗുകൾക്കും പ്രസംഗം നടത്താനും പോയിരുന്നു. 1963 ആഗസ്റ്റു മാസം 25 ന് അപ്പച്ചന് ഹാർട്ട് അറ്റാക്ക് ഉണ്ടായി. ഒന്നര മണിക്കൂർ സമയം കഠിനമായ വേദനയിൽ കഴിഞ്ഞു. പത്തനംതിട്ട ആശുപത്രിയിൽ ഡോ. പി.വി. ജോർജിന്റെ ചികിത്സയിൽ തുടർന്നു. ദൈവാനുഗ്രഹത്താൽ രക്ഷപ്പെട്ടു. 1964 ജനുവരി 9 ന് വീണ്ടും അസുഖമായി. പരിപൂർണ വിശ്രമത്തിൽ തുടർന്നു. ഏപ്രിൽ മാസം 11-ാം തീയതി മരണസന്ധി വരെ എത്തി. മക്കളും കുടുംബാംഗങ്ങളും സിസ്റ്റേഴ്സും വൈദികരും വീട്ടിൽ കുമ്പഴ അച്ചനെ സന്ദർശിക്കാനെത്തി. ഏപ്രിൽ 12 ന് തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസ്യോസിന്റെ കാർമികത്വത്തിൽ 26 വൈദികർ ചേർന്ന് ഭവനത്തിൽ വച്ച് 'കന്തീല' ശുശ്രൂഷ നടത്തി. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി റോമിൽ ആയിരുന്നതിനാൽ ഈ കർമത്തിന് ഇല്ലായിരുന്നു. പിൽക്കാലത്ത് വികാരി ജനറലായിരുന്ന ബ. തോമസ് കുമ്പുക്കാട്ടും വന്ദ്യവൈദികരും എല്ലാ സഹായസഹകരണങ്ങളും നൽകിയത് നന്ദിപൂർവ്വം സ്മരിക്കുന്നു. ബഥനിസമൂഹത്തിന്റെ മദർ ജനറൽ മദർ മാക്സാ, മദർ സൽഗാ ഇവർ കന്തീലാ ശുശ്രൂഷയിൽ പങ്കെടുത്തു. ദൈവത്തിന്റെ അനന്തപരിപാലനയിൽ കുമ്പഴ അച്ചൻ സൗഖ്യം പ്രാപിച്ച് ആരോഗ്യവാനായി. മരണവക്ത്രത്തിൽ നിന്നും ദൈവം രക്ഷിച്ചത് പ്രാർഥനയുടെ വലിയ ശക്തി ഒന്നുകൊണ്ടു മാത്രമാണെന്നു നിസംശയം പറയാം. ഏപ്രിൽ 15-30 വരെ ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ശേഷം ആരോഗ്യം വീണ്ടെടുത്തു വീട്ടിലെത്തി.

1965 ജൂലൈ 15 ന് മാർ ഈവാനിയോസ് തിരുമേനിയുടെ 12-ാം ഓർമപ്പെരുന്നാൾ ദിനത്തിൽ കുമ്പഴ അച്ചൻ വി. കുർബാന ചൊല്ലുകയും ധൂപപ്രാർഥന നടത്തുകയും ചെയ്തു. ജൂലൈ 28 ന് പതിവുപോലെ ഭരണങ്ങാനത്തു പോയി അൽഫോൻസാമ്മയുടെ കബറിൽ കമ്യൂണിറ്റി മാസ് അർപ്പിക്കുകയും 500 ഓളം പേർക്ക് വി. കുർബാന നൽകുകയും ചെയ്തു. അസുഖം ഒന്നും ഉണ്ടായില്ല. 1965 സെപ്റ്റംബർ 28 ന് കൃതജ്ഞതാബലി നടത്തി. മൂന്നുമ്മേൽ കുർബാന ഫാദർ സഖറിയാസ് ചങ്ങങ്കരി, ഫാദർ തോമസ് മരുതൂർ, ഫാദർ ജോഷ്വാ തെക്കേച്ചരുവിൽ ഇവർ മൂന്നുപേരും ചേർന്ന് കുമ്പഴ പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. വല്യമ്മച്ചിയുടെ കുടുംബത്തിൽ പെട്ട ഫാദർ ഏബ്രാഹം തെക്കേടത്ത് (പുത്തൻകാവ്) പത്തനംതിട്ട പള്ളിവികാരി ഫാദർ തോമസ് പണിക്കർ, ഫാദർ സി. മാത്യൂസ്

www.malankaralibrary.com


ഏഴാനിക്കാട്ട് ഇവർ സംബന്ധിച്ചു. വൈദികരുൾപ്പെടെ 60 പേർ പള്ളിയിലുണ്ടായിരുന്നു. വി. കുർബാനാനന്തരം വീടു കൂദാശ നടത്തുകയും വൈദികർക്ക് വീട്ടിൽ ഭക്ഷണം നൽകുകയും ചെയ്തു. 28.9.1965 ൽ കുമ്പഴ പള്ളിയിൽ വച്ചു നടന്ന 35-ാം പുനരൈക്യദിനാഘോഷത്തിലും കുമ്പഴ അച്ചൻ പങ്കെടുക്കുകയുണ്ടായി. പള്ളിയുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും പിന്മാറി സ്വന്തം ആശുപത്രിയിൽ തന്നെ വിശ്രമം തുടർന്നു. ബ. വൈദികർ, സുഹൃത്തുക്കൾ, വീട്ടുകാർ, ബന്ധുക്കൾ ഇവർ ആശുപത്രിയിൽ ചെന്ന് കുമ്പഴ അച്ചനെ സന്ദർശിച്ചു വന്നു.

ആണ്ടവസാനമായ 1965 ഡിസംബർ 31 ന് കഴിഞ്ഞ ഒരു വർഷം കാത്തു സൂക്ഷിച്ച, അനുഗ്രഹിച്ച കർത്താവിന് സ്തോത്രശുശ്രൂഷ നടത്തി. പ്രത്യേകം പ്രാർഥിച്ചു. (ഡയറിക്കുറിപ്പുകൾ)

## കുമ്പഴ പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപന കർമം

1969 ആഗസ്റ്റ് 14 ന് കുമ്പഴ പുതിയ പള്ളിയുടെ ശിലാസ്ഥാപനകർമം അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി നിർവഹിച്ചു. ഏകദേശം മുപ്പതോളം വൈദികർ, സിസ്റ്റേഴ്സ്, വിവിധ ഇടവകകളിൽ നിന്നായി ആയിരത്തിൽ പരം വിശ്വാസികൾ പങ്കെടുത്ത കല്ലിടീൽ കർമത്തിൽ കുമ്പഴ അച്ചൻ സന്തോഷവാനായി പങ്കുചേർന്നു.

1972 ആയപ്പോഴേയ്ക്കും വെല്ലൂർ സി.എം.സി. ഹോസ്പിറ്റലിലെ ചികിത്സയിലായിരുന്നു. ട്രെയിനിൽ ധൈര്യപൂർവ്വം യാത്ര ചെയ്ത് Kadpadi യിൽ ഇറങ്ങി ബിഷപ്പ് ഹൗസിൽ പോയി അവിടത്തെ ബിഷപ്പ് ഹൗസിൽ താമസിച്ചുകൊണ്ട് ചികിത്സ നടത്തിവന്നു. "Continue physiotherapy and electrotherapy" എന്ന ഡോക്ടേഴ്സിന്റെ അഭിപ്രായപ്രകാരം ചികിത്സ തുടർന്നു. 1972 മാർച്ച് 27 ന് തിരുവനന്തപുരത്തെത്തി. 2 ദിവസം അരമനയിൽ വന്ദ്യ പിതാവിനോടൊത്തു താമസിച്ചു. 28-ാം തീയതി നാലാഞ്ചിറ മഠത്തിൽ വന്ന് സിസ്റ്റർ ഫിലോമിനായെയും സിസ്റ്റേഴ്സിനെയും കാണുകയും ബഥനിമഠത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തു. മഠത്തിൽ അർപ്പിച്ച ദിവ്യബലിക്ക് ശുശ്രൂഷകനായത് കുമ്പഴ അച്ചന്റെ കൊച്ചുമരുമകനായ ഡോ. ജോർജ് ഓണക്കൂറാണ് എന്നത് ഇത്തരുണത്തിൽ സ്മരിക്കുന്നു. അതിനുശേഷം ശ്രീമാൻ ജോർജ് ഓണക്കൂറിന്റെയും കൊച്ചുമകൾ വത്സമ്മയുടെയും കൂടെ രാത്രി താമസിച്ചശേഷം പിറ്റേദിവസം വീട്ടിലേക്കു മടങ്ങി. മാർച്ച് 30 മുതൽ പെസഹാ, ദുഃഖവെള്ളി, ദുഃഖശനി - ഉയിർപ്പുവരെ കുമ്പഴ പള്ളിയിൽ താമസിച്ച് ഭക്തിപുരസരം ശുശ്രൂഷകളിൽ പങ്കുകൊണ്ടു. ഞായറാഴ്ച വി.കുർബാനയ്ക്കുശേഷം വീട്ടിലെത്തി. 1972 ഏപ്രിൽ 13 മുതൽ മെയ്

www.malankaralibrary.com


10 വരെയും ജൂലൈ 14 മുതൽ ആഗസ്റ്റ് 22 വരെയും വെല്ലൂർ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞു. 1972 ഡിസംബർ 31, 1973 ജനുവരി 1 തീയതികളിൽ പുതുതായി നിർമിച്ച കുമ്പഴ സെന്റ് മേരീസ് ദേവാലയത്തിൽ കൂദാശാകർമത്തിൽ പങ്കെടുത്തു കൃതാർഥനായി. 1973 മെയ് 21 നായിരുന്നു ഏകമകൻ ജെയിംസിന്റെ വിവാഹം. ഈ മംഗളകർമങ്ങളിലെല്ലാം സുസ്മേരവദനനായി മേടയിലച്ചൻ സംബന്ധിച്ചു.

1954നു ശേഷം പല പ്രാവശ്യം രോഗഗ്രസ്തനാകുകയും, പുഷ്പഗിരി ഉൾപ്പെടെ പല ആശുപത്രികളിൽ ചികിത്സ നടത്തുകയും 1964 ൽ 'കന്തീല' ശുശ്രൂഷ സ്വീകരിക്കുകയും ചെയ്തുവെങ്കിലും 1974 ജൂൺ വരെ സാമാന്യം ആരോഗ്യത്തോടെ ജീവിക്കുന്നതിന് ദൈവം കൃപ നൽകി. Mother of Health Hospitalലും ഭവനത്തിലുമായി ജീവിതസായാഹ്നം ചെലവഴിച്ചു. മരണം വരെ സഭയുടെ പ്രധാനപ്പെട്ട ശുശ്രൂഷകളിലും വിവിധ മീറ്റിംഗുകളിലും പങ്കെടുക്കുകയും ആശുപത്രിയിൽ കർമനിരതനായിരിക്കുകയും ചെയ്തു. വാതസംബന്ധമായ അസുഖങ്ങൾ, പ്രമേഹം തുടങ്ങിയ രോഗങ്ങൾ അവസാനകാലത്ത് സഹനത്തിനു കാരണമായി. പരിശോധനയ്ക്കും വിദഗ്ദ്ധചികിത്സയ്ക്കുമായി വിവിധ ആശുപത്രികളിലേക്കു കൊണ്ടുപോകുകയും ഡോക്ടർമാരുടെ നിർദേശപ്രകാരം ചികിത്സ നടത്തുകയും ചെയ്തുവെങ്കിലും അസുഖങ്ങൾക്കു കാര്യമായ കുറവുണ്ടായില്ല. അവിരാമമായ കഠിനാദ്ധ്വാനത്തിന്റെ ഫലമായാണ് അദ്ദേഹത്തിന് ഡയബറ്റിക്, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ ആരംഭിക്കുന്നതിനിടയായത്. വിശ്രമജീവിതത്തിലും ദിനചര്യകൾ ക്രമപ്പെടുത്തികൊണ്ട് പ്രാർഥനയിലും ധ്യാനത്തിലും കഴിയുന്നതിനു കുമ്പഴ അച്ചൻ ശ്രദ്ധിച്ചിരുന്നു. മരിക്കുന്നതിന് ഏതാനും ദിവസം മുമ്പ് തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി വീട്ടിൽ വന്ന് അപ്പച്ചനു വേണ്ടി പ്രാർഥന നടത്തുകയുണ്ടായി. രോഗത്താൽ ക്ഷീണിതനായിരുന്നെങ്കിലും സംസാരത്തിന് ഒരു മാറ്റവും ഉണ്ടായിരുന്നില്ല. ദൃഢസ്വരത്തിൽ സ്പുടമായി സംസാരിച്ചിരുന്നു. "അച്ചാ! വല്ല വിഷമവും ഉണ്ടോ" എന്ന് വന്ദ്യപിതാവു ചോദിച്ചു. മലങ്കര സഭയെയും പുനരൈക്യത്തെയും നെഞ്ചിലേറ്റി താലോലിച്ചിരുന്ന അപ്പച്ചൻ പറഞ്ഞു. "പുനരൈക്യത്തിനുവേണ്ടി കുറച്ചുകൂടി പ്രവർത്തിക്കാൻ സാധിച്ചില്ലല്ലോ എന്ന വിഷമമുണ്ട്" അഭിവന്ദ്യപിതാവ് സാന്ത്വനപ്പെടുത്തി പറഞ്ഞു. "അച്ചൻ ഒരുപാടു പ്രവർത്തിച്ചിട്ടുണ്ട്. ഒന്നുകൊണ്ടും വിഷമിക്കേണ്ട" പ്രാർഥിച്ച് അനുഗ്രഹിച്ച് അഭിവന്ദ്യപിതാവും അച്ചന്മാരും തിരിച്ചുപോയി.

www.malankaralibrary.com


## ജീവിതാന്ത്യം - സംസ്കാരം

തന്റെ 67-ാം വയസിൽ 1974 ജൂൺ 2-ാം തീയതിയായിരുന്നു ഫാദർ പീലിപ്പോസ് മേടയിൽ ദിവംഗതനായത്. കുടുംബാംഗങ്ങൾ എല്ലാവരും, അപ്പച്ചന്റെ ആരോഗ്യനില ഗുരുതരമെന്ന് കമ്പിയടിച്ചറിയിച്ചതനുസരിച്ച് ജൂൺ ഒന്നാം തീയതി വൈകിട്ട് വീട്ടിൽ എത്തിയിരുന്നു. എല്ലാവരോടും സംസാരി ക്കുന്നതിനു സാധിച്ചു. രാത്രി 11.30 p.m. ന് രോഗം ഗുരുതരമായി. കുടുംബാംഗങ്ങൾ ചുറ്റുംകൂടി പ്രാർഥിച്ചുകൊണ്ടിരുന്നു. അതിവേദന അനു ഭവപ്പെട്ടതിനാൽ കിടക്കുവാൻ സാദ്ധ്യമാകാതെ ചാരുകസേരയിൽ ഇരുത്തി. ചുറ്റും കുടുംബാംഗങ്ങൾ പ്രാർഥന ഉച്ചത്തിൽ ചൊല്ലിക്കൊണ്ടിരുന്നു. "സ്നേഹവാനായ കർത്താവേ! എന്റെ ഈ ബലി നീ സ്വീകരിക്കണമേ!" "ഈശോമറിയം യൗസേപ്പേ! എന്റെ ആത്മാവിനു കൂട്ടായിരിക്കണമെ!" "ഗോഗുൽത്തായിലെ അങ്ങയുടെ ബലിയോടുചേർത്ത് ഈ ബലി സ്വീകരി ക്കണമെ!" എന്നിങ്ങനെ സുകൃതജപങ്ങൾ സിസ്റ്റർ ഫിലോമിനായും സിസ്റ്റർ ദീനായും മാറി മാറി ചൊല്ലിക്കൊടുത്തു കൊണ്ടിരുന്നു. മക്കളുടെ പ്രാർഥന കേട്ടുകൊണ്ട് അപ്പച്ചൻ കസേരയിൽ ശാന്തനായി കിടന്നു.

ബഥനി സന്യാസിസമൂഹം സുപ്പീര്യർ ജനറൽ ഫാദർ സിറിൽ ഒ. ഐ.സി. (പിന്നീട് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായിരുന്ന മോറാൻ മോർ ബസേലിയോസ് കാതോലിക്കാബാവ) തിരുവനന്തപുരം ആർച്ച് ബിഷപ്പ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ സഹോദരനും കുമ്പഴ ഇടവക വികാരിയുമായിരുന്ന ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി., കുമ്പഴ അച്ചന്റെ ബന്ധുവും തിരുവല്ലാ രൂപതയിലെ പ്രമുഖ വൈദികനുമായിരുന്ന ഫാദർ ഗീവറുഗീസ് തോമ്പ്ര, പെരുമ്പാവൂർ എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ അവർ മൂന്നു പേരുടെയും ആശീർവാദത്തോടെ പെന്തിക്കൊസ്തിദിനമായ ജൂൺ 2-ാം തീയതി വെളുപ്പിന് 2.30 am ന് ഫാദർ പീലിപ്പോസ് മേടയിൽ സ്വർഗത്തി ലേക്കു യാത്രയായി.

മരണസമയം മുതൽ സംസ്കാരശുശ്രൂഷ കഴിയുന്നതുവരെ കുമ്പഴ പ്രദേശം ജനനിബിഡമായിരുന്നു. കുമ്പഴ അച്ചൻ നട്ടുനനച്ചു വളർത്തി രൂപപ്പെടുത്തിയ ഇടവക കൂട്ടായ്മകളിൽ നിന്നും കൂട്ടംകൂട്ടമായി വിശ്വാ സികൾ വന്ന് മൃതദേഹം സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു മടങ്ങുന്ന കാഴ്ച ഹൃദയസ്പർശിയായ അനുഭവമായിരുന്നു. സ്വന്തപ്പെട്ടവരും, ബന്ധപ്പെ ട്ടവരുമായ നൂറുകണക്കിനാളുകൾ, വൈദികരുടെയും സന്യാസിനി

www.malankaralibrary.com


സന്യാസികളുടെയും നിരകൾ, രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽപ്പെട്ട സുഹൃത്തുക്കൾ, നാനാജാതി മതസ്ഥരായ നാട്ടുകാർ, സ്കൂൾ കുട്ടികൾ തുടങ്ങി വലിയ ഒരു ജനസമൂഹം നഗരികാണിക്കലിനും മരണാനന്തര ശുശ്രൂഷകൾക്കും സാക്ഷ്യം വഹിച്ചു. കുമ്പഴ അച്ചനോടുള്ള ആദരവും സ്നേഹവും ഭക്തിയും ജനഹൃദയങ്ങളിൽ എത്രമാത്രമുണ്ടായിരുന്നു എന്നു പ്രകടമാക്കുന്ന ഒരു സന്ദർഭമായിരുന്നു അത്. തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി, തിരുവല്ല രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് എന്നീ വന്ദ്യപിതാക്കന്മാരുടെ കാർമികത്വത്തിൽ കുമ്പഴ സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ മദ്ധ്യത്തിലായി കുമ്പഴ അച്ചന്റെ മൃതദേഹം സംസ്കരിക്കപ്പെട്ടു.

“പറുദീസായുടെ അവകാശി, സമാധാനത്തോടെ പോവുക.....ഞങ്ങളുടെ പിതാവേ, സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ” എന്നുള്ള പിതാക്കന്മാരുടെയും വൈദികഗണത്തിന്റെയും ദൈവജനത്തിന്റെയും പ്രാർഥനകളും ഗാംഭീര്യം നിറഞ്ഞതും സാന്ത്വനമരുളുന്നതുമായ സ്വരത്തിൽ “മാതാപിതാക്കളെ, സഹോദരരെ, എന്റെ ഗ്രാമവും, അതിലെ നിവാസികളുമെ, സമാധാനത്തോടെ വസിക്കുക. ഈ സമാധാനം എന്നേക്കുമായിരിക്കട്ടെ” എന്നുള്ള പ്രത്യുത്തരവും ഇന്നും അന്നെന്നപോലെ കാതുകളിൽ മുഴങ്ങി കേൾക്കുന്നു.

www.malankaralibrary.com

# ദേവാലയങ്ങൾ

## (പുനരൈക്യത്തിനുമുമ്പ്)

www.malankaralibrary.com

www.malankaralibrary.com

## സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി പുത്തൻപീടിക

1926 ഏപ്രിൽ മാസത്തിൽ ബ. ഗീവറുഗീസ് പീടികയിൽ അച്ചന്റെ നേതൃത്വത്തിൽ അത്മായ പ്രമുഖരായ എട്ട് മൂലകുടുംബങ്ങളിൽപ്പെട്ട പടിഞ്ഞാറ്റേതിൽ നൈനാൻ വറുഗീസ്, കിഴക്കേതിൽ കെ.എം. വറുഗീസ് വക്കീൽ, താന്നിമൂട്ടിൽ കൊച്ചുകോശി വൈദ്യൻ, പുറത്തുട്ട് ചാക്കോ, മുതിരക്കാലായിൽ ഇക്ക, വാഴേതിൽ കോശി, പ്ലാക്കൂട്ടത്തിൽ ചാക്കോ, മാമ്മൂട്ടിൽ ചാക്കോ എന്നിവർ കൊല്ലം മെത്രാസന അരമനയിൽ വച്ച് പുണ്യശ്ലോകനായ ബിഷപ്പ് ഡോ. ബെൻസിഗർ തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. ലത്തീൻ ഭരണത്തിൻ കീഴിൽ കൽദായറീത്തിൽ വി. കർമാദികൾ നടത്തുവാനുള്ള അനുവാദം അദ്ദേഹം ബഹുമാനപ്പെട്ട ഗീവറുഗീസ് പീടികയിൽ അച്ചനു നൽകുകയും, ധ്യാനത്തിനും തക്സ പരിശീലനത്തിനുമായി അച്ചനെ മാന്നാനം ആശ്രമത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കർമധീരനും, ഊർജസ്വലനുമായ യുവ വൈദികന്റെ പുനരൈക്യം യാക്കോബായസഭയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. 1926 ൽ ഗീവറുഗീസ് പീടികയിലച്ചൻ തക്സ പരിശീലനവും പഠനവും കഴിഞ്ഞ് തിരികെയെത്തിയപ്പോൾ അകത്തോലിക്കരുടെ മാനസാന്തരത്തിനും, പുനരൈക്യത്തിനും വേണ്ടി ഏറെ ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന വൈദികശ്രേഷ്ഠനും വന്ദ്യനുമായ ലോറൻസ്പെരേരാ അവർകൾ ഒരാഴ്ചയോളം പുത്തൻപീടികയിൽ താമസിച്ച് മുമ്പു പ്രസ്താവിച്ച 8 മൂലകുടുംബങ്ങളിൽപ്പെട്ട 30 വീടുകളിൽ നിന്ന് 120 പേർ അടങ്ങുന്ന ഒരു സമൂഹത്തെ കത്തോലിക്കാസഭയിലേക്കാനയിച്ചു. പിന്നീട് പുത്തൻപീടികയിൽ നിന്നുമാത്രമല്ല കൈപ്പട്ടൂർ, പത്തനംതിട്ട, മണ്ണാരക്കുളഞ്ഞി, മല്ലശേരി, കോന്നി എന്നീ പ്രദേശങ്ങളിൽനിന്നും 500ൽപരം അംഗങ്ങൾ 100 ഓളം കുടുംബങ്ങളിൽ നിന്നായി പുനരൈക്യപ്പെടുകയുണ്ടായി – പമ്പാ നദിയുടെ തെക്കുഭാഗം കൊല്ലം ബിഷപ്പിന്റെ ഭരണത്തിലായതിനാൽ

www.malankaralibrary.com


കൊല്ലം ബിഷപ്പാണ് നിയമപരമായി കത്തോലിക്കാസഭയിലേക്ക് അവരെ സ്വീകരിച്ചത്. മലങ്കര സുറിയാനി കത്തോലിക്കസഭ അന്ന് ആവിർഭവിച്ചിട്ടില്ലായിരുന്നു എന്ന് ഓർക്കുമല്ലോ.

1926 നവംബറിൽ ഓർത്തഡോക്സ് സഭയിൽപ്പെട്ട ദ്വിതീയ കാതോലിക്കാ ആയിരുന്ന മാർ ബസേലിയോസ് തിരുമേനിയും, മാർ ഗ്രിഗോറിയോസ് തിരുമേനിയും (പിന്നീട് കാതോലിക്കാ ആയി) ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയും കൂടിച്ചേർന്ന് പരുമലയിൽ വച്ച് പുനരൈക്യത്തിനായുള്ള പ്രഥമ മെമ്മോറാണ്ടം തയ്യാറാക്കി റോമിലേക്കയച്ചത് പുത്തൻപീടികയിലെ ആളുകളുടെ പുനരൈക്യത്തിന് ശേഷമാണ് എന്ന വസ്തുത ശ്രദ്ധേയമാണ്. ഇങ്ങനെ പുത്തൻപീടികയിൽ ജന്മംകൊണ്ട പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റി പ്രസിദ്ധീകരണങ്ങൾ വഴി പുറംലോകം അറിയാനിടയായി.

ഒരു ആരാധനാലയത്തിനായി, ഫാദർ ഗീവറുഗീസ് പീടികയിൽ ദാനമായി നൽകിയ രണ്ടേക്കർ സ്ഥലത്തോടു ചേർന്ന് കുറെസ്ഥലം കൂടിവാങ്ങുകയും ഗവൺമെന്റ് അനുമതിയോടെ അവിടെ ഒരു ലത്തീൻ പള്ളി സ്ഥാപിക്കുകയും ചെയ്തു. 1927 ഫെബ്രുവരിയിൽ പണിപൂർത്തിയായ പള്ളി കാവൽ മാലാഖമാരുടെ നാമത്തിൽ അഭിവന്ദ്യ ബെൻസിഗർ തിരുമേനി തന്നെ കൂദാശ ചെയ്ത് ദൈവജനത്തിനു സമർപ്പിച്ചു. ഫാദർ ലോറൻസ് പെരേരാ അവർക്ക് ആവേശം പകരുകയും ആദ്ധ്യാത്മികമായി അവരെ വളർത്തുകയും ചെയ്തു.

ഫാദർ ഗീവറുഗീസ് പീടികയിൽ പുത്തൻപീടിക പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി കൽദായറീത്തിൽ കുർബാനയും മറ്റു കർമാദികളും അനുഷ്ഠിച്ചുപോന്നു. അച്ചന്റെ നേതൃത്വത്തിൽ വേദപ്രചരണത്തിന് പന്ത്രണ്ടിൽപരം അത്മായ പ്രേഷിതർ മുന്നോട്ടുവന്നു. അഭിവന്ദ്യ ബെൻസിഗർ തിരുമേനി പീടികയിലച്ചനെ വേദപ്രചരണത്തിനും പുനരൈക്യത്തിനും പ്രത്യേകം ചുമതലപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

1930 ൽ മലങ്കര സുറിയാനി റീത്ത് ജന്മംകൊണ്ടു. 1931ൽ ഗീവറുഗീസ് പീടികയിലച്ചൻ സുപ്രസിദ്ധരായ പ്രാസംഗികരെ വിളിച്ചുവരുത്തി അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഒരു കത്തോലിക്കാ കോൺഫറൻസ് പള്ളിയങ്കണത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 1930 ൽ ബ. ലോറൻസ് പെരേരാ അച്ചൻ കോട്ടാർ ബിഷപ്പായി നിയോഗിക്കപ്പെട്ടു. അപ്പോൾ 400ൽ പരം അംഗങ്ങളുള്ളതും 70 വീട്ടുകാരുള്ളതും വിശ്വാസത്തിൽ ഉറച്ചതുമായ ഒരു ഇടവകയായി പുത്തൻപീടിക നിലകൊണ്ടിരുന്നു.

www.malankaralibrary.com


1930 ൽ മലങ്കര റീത്ത് നിലവിൽ വന്ന സാഹചര്യത്തിൽ പുനരൈക്യപ്പെട്ട മലങ്കരമക്കൾക്കായി ഒരു നൂതന ദേവാലയം മലങ്കരറീത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമായി. പുത്തൻപീടിക ലത്തീൻ ദേവാലയം മലങ്കര കത്തോലിക്കർക്കുള്ള ദേവാലയമായി അനുവദിച്ചു കിട്ടുന്നതിന് കൊല്ലം രൂപതാദ്ധ്യക്ഷന് നിവേദനങ്ങൾ സമർപ്പിച്ചുവെങ്കിലും ആയതു സാധ്യമായില്ല. ആകയാൽ പുത്തൻ പീടിക കാവൽമാലാഖമാരുടെ നാമത്തിലുള്ള ലത്തീൻ പള്ളിയിൽതന്നെ പുനരൈക്യപ്പെട്ടവർ അംഗങ്ങളായി തുടരേണ്ടിവന്നു.

വൈദികരുടെ വൈദികൻ എന്നറിയപ്പെട്ടിരുന്ന Rev. Dr. V.C.സാമുവൽ, ഹെഡ്മാസ്റ്റർ ആയിരുന്ന V.C. ജോഷ്വാ, ഇവരുടെ പിതാവ്, തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭാംഗമായിരുന്ന ഇടയിൽ വാദ്ധ്യാർ, *ശ്രീമാൻ E.I. ചെറിയാൻ M.L.C, പുത്തൻ പീടികയിൽ സ്വന്തമായി സ്ഥാപിച്ചു നടത്തിയിരുന്ന തന്റെ ഗ്രാന്റ് സ്കൂൾ 1940 ൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, തിരുവനന്തപുരം അതിരൂപതയ്ക്കായി വിലയ്ക്കുവാങ്ങി. M.S.C, L.P.S എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്കൂളിന്റെ ഒരു ഭാഗം ചാപ്പലായി മാറ്റി കൂദാശ ചെയ്യുകയും അവിടെ മലങ്കര കത്തോലിക്കാ കൂട്ടായ്മയിലുള്ളവർക്കായി വി കുർബാന അർപ്പിച്ചു തുടങ്ങുകയും ചെയ്തു. ആദ്യകാലങ്ങളിൽ പട്ടക്കാർ വിരളമായിരുന്ന സാഹചര്യത്തിൽ കത്തോലിക്കാ വിശ്വാസത്തിലേക്ക് കടന്നുവന്ന വിശ്വാസികൾക്കുവേണ്ടി മലങ്കര റീത്തിൽ വി. കുർബാന അർപ്പിക്കുവാനും, വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനും, മാർഗദർശിയായി വർത്തിക്കുവാനും ഫാദർ പീലിപ്പോസ് മേടയിൽ സന്നദ്ധനായി. പുനരൈക്യത്തിനു ശേഷം ഫാദർ ഗീവറുഗീസ് പീടികയിലിന്റെ നിർദേശമനുസരിച്ച് കുമ്പഴനിന്നും സൈക്കിളിൽ പുത്തൻപീടികയിൽ വന്ന് മലങ്കര സുറിയാനിറീത്തിൽപ്പെട്ടവർക്കുവേണ്ടി കുമ്പഴ അച്ചൻ വി. കുർബാന അർപ്പിക്കുകയും കൂദാശകൾ പരികർമം ചെയ്യുകയും അവർക്ക് പ്രോത്സാഹനവും പ്രചോദനവും നൽകുകയും ചെയ്തുവന്നു. സ്കൂൾ കെട്ടിടത്തിൽ ആരംഭിച്ച പുതിയ ചാപ്പലിന്റെ ആദ്യ വികാരി ബ. സഖറിയാസ് എഴിയത്തച്ചനായിരുന്നു. 1946 ൽ പഴയ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി തൽസ്ഥാനത്ത് ഇപ്പോഴത്തെ സ്കൂൾ കെട്ടിടം പണിയിച്ചതോടുകൂടി അതിൽ ഒരു നല്ല

---

* ശ്രീമാൻ ഇ.ഐ. ചെറിയാൻ ബഥനി പത്തനംതിട്ട പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യർ മദർ ഹൃദ്യയുടെ പ്രപിതാമഹൻ ആണ്. സ്വന്തമായി 6 സ്കൂളുകളും കൂടാതെ 9 വിദ്യാലയങ്ങളും അദ്ദേഹത്തിന്റെ മാനേജുമെന്റിൽ ഉണ്ടായിരുന്നു. മൈലപ്രാ, എം.എസ്.സി. എൽ.പി.എസ്. മൈലപ്രാ അച്ചൻ ഓർത്തഡോക്സ് സഭയിലായിരുന്നപ്പോൾ ശ്രീമാൻ ഇ.ഐ. ചെറിയാനിൽ നിന്നും വാങ്ങിയതാണ്.

www.malankaralibrary.com


ചാപ്പൽ രൂപപ്പെടുത്തുവാൻ സാധിച്ചു. രണ്ടാമത്തെ വികാരി ബഹു. എബ്രഹാം ആശാരൃത്തച്ചനായിരുന്നു. അച്ചന്റെ ഭരണകാലത്ത് വാങ്ങിയ വസ്തുവിൽ ചാപ്പലും സെമിത്തേരിയും നിർമിച്ചത് 1948 ഒക്ടോബർ 26ന് കത്തോലിക്കാസഭയെ ആശ്ലേഷിച്ച ബ. തോമസ് ആമ്പശേരിൽ അച്ചനാണ്.

മേൽപറഞ്ഞ വൈദികർ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്നതിന് കുമ്പഴ അച്ചന്റെ  വലുതായ സ്വാധീനം ഉണ്ടായിരുന്നു. 1950, 51, 52 കാലഘട്ടത്തിൽ വന്ദ്യനായ ഗീവറുഗീസ് പീടികയിലച്ചനും അൻപതിൽപരം വീട്ടുകാരും ലത്തീൻ റീത്തും ഭരണവും മാറി മലങ്കരറീത്തിൽ ഇടവക ചേർന്നതോടെ പുത്തൻ പീടിക സെന്റ്തോമസ് ദേവാലയം അതിരൂപതയിലെ ഒരു പ്രധാന ഇടവകയായിത്തീർന്നു.

മാർ ഈവാനിയോസ് മെത്രപ്പോലീത്തായുടെ കാലത്ത് 1951 ജൂലൈ 31 ന് തിരുവനന്തപുരം അതിരൂപതയുടെ പേരിൽ ഇണ്ടിക്കാട്ടിൽ പുരയിടം വാങ്ങി. ബ. ആമ്പശേരിൽ അച്ചനെ തുടർന്ന് 1955 ൽ മൈലപ്ര, S.H.H.S ൽ അദ്ധ്യാപകനായിരുന്ന ഫാദർ സി. മാത്യൂസ് ഏഴാനിക്കാട്ട് പുത്തൻ പീടികയിൽ വികാരിയായി നിയമിക്കപ്പെട്ടു. 1956 ഏപ്രിൽ 1ന് അഭിവന്ദ്യ ബനഡിക്റ്റ് മാർഗ്രിഗോറിയോസ് തിരുമേനി പുതിയ ദേവാലയത്തിന് ശിലാസ്ഥാപന കർമം നടത്തുകയും 1959 ഫെബ്രുവരി 20-ാം തീയതി ഭാരതത്തിലെ ഏകകർദിനാളായിരുന്ന വലേറിയൻ  ഗ്രേഷ്യസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ കൂദാശ ചെയ്യപ്പെടുകയും ചെയ്തു.

പുനരൈക്യത്തിന്റെ മുന്നോടിയും പ്രേഷിതവര്യനുമായ പീടികയിൽ വന്ദ്യ ഗീവറുഗീസച്ചൻ 1960 ഏപ്രിൽ 25ന് നിര്യാതനായി. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കല്പനപ്രകാരം പുത്തൻപീടിക പള്ളിയ്ക്കകത്ത് പൂജ്യമായി സംസ്ക്കരിച്ചിരിക്കുന്നു. മുൻവികാരിയായിരുന്ന ബ. തോമസ് ആമ്പശേരിൽ അച്ചൻ 7-2-1965 ൽ മരണമടഞ്ഞു. അദ്ദേഹത്തിന്റെ മൃതശരീരവും കല്പനപ്രകാരം പുത്തൻപീടികപള്ളിയിൽതന്നെ സംസ്കരിക്കുകയുണ്ടായി.

1966 ജൂൺ 26ന് ബ. സി. മാത്യൂ അച്ചൻ സ്ഥലംമാറി പോകുകയും ഫാദർ ജോർജുപുറത്തൂട്ട് വികാരിയായി ചാർജെടുക്കുകയും ചെയ്തു. 1967 ഡിസംബർ 27ന് ഈ ഇടവകയിൽനിന്നും ഫാദർ ജോർജ് ജേക്കബ് കിഴക്കേതിൽ, ഫാദർ ജോർജ് ജോൺ കിഴക്കേതിൽ, ഫാദർ ലൂയിസ് പീലിപ്പോസ് കൊച്ചുമുറി ഇവർ പൗരോഹിത്യം സ്വീകരിച്ചു. ഡിസംബർ 28ന് പുത്തൻ കുർബാനയും നടത്തി. 1990 ഡിസംബർ 21ന് ഫാദർ തോമസ് ആമ്പശേരിൽ അവർകളുടെ മകനായ ഫാദർ സെബാസ്റ്റ്യൻ ആമ്പശേരിൽ അവർകളുടെ പൗരോഹിത്യ സ്വീകരണവും 22ന് പുത്തൻ കുർബാനയും

www.malankaralibrary.com


ഈ പള്ളിയിൽ വച്ചുനടന്നു. പുനരൈക്യത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപനം 2002 ഏപ്രിൽ 12,13 തീയതികളിൽ ഇവിടെ വച്ചുനടന്നു. തദവസരത്തിൽ ജൂബിലി സ്മാരകമായി നിർമിച്ച പാരിഷ് ഹോളിന്റെ കൂദാശാകർമവും നിർവഹിക്കപ്പെട്ടു. ഭാരതകത്തോലിക്കാ മെത്രാൻസംഘത്തിന്റെ അദ്ധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ മോറാൻ മോർ സിറിൽ മാർബസേലിയോസ് തിരുമനസുകൊണ്ടാണ് എല്ലാ ശുശ്രൂഷകൾക്കും നേതൃത്വം നൽകിയത്. ഫാദർ തോമസ് ആലുനിൽക്കുന്നതിൽ, ഫാദർ തോമസ് കുഴിനാപ്പുറത്ത് എന്നിവർ യഥാക്രമം 1999ലും 2001 ലും പ്രഥമദിവ്യബലി ഇവിടെ അർപ്പിച്ചു. ഈ അവസരത്തിൽ 2006 വരെ മാത്യൂ ആലുമ്മൂട്ടിൽ അച്ചൻ ആണ് ഇവിടെ വികാരിയായിരുന്നത്. തുടർന്ന് ഗീവറുഗീസ് പെരുമല, ഫാദർ എബ്രാഹാംമണ്ണിൽ ഇവർ വികാരിമാരായിരുന്നു. വൈദികമന്ദിരത്തിന്റെ നിർമാണം ഫാദർ എബ്രഹംമണ്ണിലിന്റെ കാലത്ത് നടത്തി. ഈ ഇടവകയുടെ മകനും ഗീവറുഗീസ് പീടികയിലച്ചന്റെ പുത്രനുമായ ജോഷ്വാ പീടികയിലച്ചൻ 2008 ജൂൺ 7ന് കോർ എപ്പിസ്ക്കോപ്പായി ഉയർത്തപ്പെട്ടു. 2010ൽ വറുഗീസ് സാമുവൽ അച്ചൻ വികാരിയായി നിയമിതനായി. ജപമാല ഭക്തി വിശ്വാസികളിൽ വളർത്തിയെടുക്കുന്നതിന് അദ്ദേഹം വളരെയധികം ശ്രദ്ധിച്ചു. തുടർന്ന് ഫാ. ബെന്നി നാരകത്തിനാൽ വികാരിയായി ചുമതല വഹിച്ചു. ഈ കാലഘട്ടത്തിലാണ് ഇടവകയിലെ വൈദികരെ സംസ്കരിക്കുന്നതിനുവേണ്ടിയുള്ള “ശാന്തികുടീരം” നിർമിച്ചത്.

2013 ജൂൺ 25 ന് പീടികയിൽ വന്ദ്യ ജോഷ്വാ കോർ എപ്പിസ്കോപ്പാ നിര്യാതനാകുകയും ജൂൺ 27 ന് ശാന്തികുടീരത്തിൽ സംസ്കരിക്കുകയും ചെയ്തു. 2014 മെയ് 20 ന് കോർ എപ്പിസ്കോപ്പായായി ഉയർത്തപ്പെട്ട ഇടവകയുടെ മകൻ ഫാ. ജോർജ് ജേക്കബ് കിഴക്കേതിലിന് പുത്തൻ പീടിക ദേവാലയത്തിൽ വച്ച് മെയ് 31 ന് സ്വീകരണം നൽകി. 2015 മാർച്ച് 14 ന് M.S.C. L.P.S ന്റെ ശതാബ്ദി ആഘോഷം പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. 1914 ഫെബ്രുവരി 22–ാം തീയതി റോബിൻ തൈക്കൂട്ടത്തിലച്ചന്റെ പൗരോഹിത്യ സ്വീകരണം നടന്നു. 2015 ഫെബ്രുവരി 12ന് പരേതനായ ഫാ. തോമസ് ആമ്പശേരിൽ അച്ചന്റെ 50–ാം ചരമവാർഷികവും ഒപ്പം തന്റെ പുത്രനായ ഫാ. സെബാസ്റ്റ്യൻ ആമ്പശേരിയുടെ പൗരോഹിത്യ രജതജൂബിലിയും ഇവിടെ നടത്തപ്പെട്ടു. 2016 മാർച്ച് 28ന് ഫാദർ ജോർജ് ജോൺ കിഴക്കേതിൽ നിര്യാതനാകുകയും മാർച്ച് 29 ന് സെന്റ് തോമസ് ഇടവകയിലെ ശാന്തികുടീരത്തിൽ സംസ്കരിക്കുകയും ചെയ്തു.

www.malankaralibrary.com


ബ. ബെന്നിനാരകത്തിലച്ചനെ തുടർന്ന് 2016 ജൂൺ 5 മുതൽ ഫാ. പോൾ നിലയ്ക്കൽ വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു. പുത്തൻപീടികയിലെ 'പുനരൈക്യനവതി' ആഘോഷം 2017 ഫെബ്രുവരി 5 മുതൽ 12 വരെ ഭക്തിപുരസരം കൊണ്ടാടി. ഇടവകയിൽ ഇപ്പോൾ 170 കുടുംബങ്ങൾ ഉണ്ട്. ഈ ദേവാലയത്തിന്റെ നാൾവഴി പരിശോധിച്ചാൽ ദൈവത്തിന്റെ അനന്തമായ പരിപാലന നമുക്കു ദർശിക്കാം.

1926 ൽ നമ്മുടെ പൂർവികർ കൊളുത്തിയ പുനരൈക്യ ദീപശിഖ ഒളിമങ്ങാതെ, കെടാതെ നമുക്കു സൂക്ഷിക്കാം. ഈ ഇടവകയെ വഴി നടത്തിയ അഭിവന്ദ്യ പിതാക്കന്മാരെയും ബഹുമാനപ്പെട്ട വൈദികരെയും ഇവിടെ സേവനമനുഷ്ഠിച്ച ബഥനി സിസ്റ്റേഴ്സിനെയും നമുക്ക് ആദരപൂർവം സ്മരിക്കാം.

ഇടവകയിൽ നിന്നുമുള്ള വൈദികർ:-

1. പീടികയിൽ എബ്രഹാം കോർ എപ്പിസ്കോപ്പാ
2. ഫാദർ ഗീവറുഗീസ് പീടികയിൽ
3. ഫാദർ തോമസ് ആമ്പശേരിൽ
4. ഫാദർ ജോഷ്വാ പീടികയിൽ കോർ എപ്പിസ്കോപ്പാ
5. ഫാദർ ലൂയിസ് പീലിപ്പോസ് കൊച്ചുമുറിയിൽ
6. ഫാദർ ജോർജ്ജ്ജോൺ കിഴക്കേതിൽ
7. ഫാദർ ജോർജ് ജേക്കബ് കിഴക്കേതിൽ കോർഎപ്പിസ്കോപ്പ
8. ഫാദർ ഡാമിയൻ ഒ.ഐ.സി. ഇടനാട്ടുപീടികയിൽ
9. ഫാദർ പി.റ്റി. ജോർജ്ജ്
10. ഫാദർ സെബാസ്റ്റ്യൻ ആമ്പശേരി
11. ഫാദർ സഖറിയാസ് പുഷ്പവിലാസം
12. ഫാദർ സ്കറിയ കൊച്ചുമുരുപ്പേൽ
13. ഫാദർ തോമസ് ആലുനിൽക്കുന്നതിൽ
14. ഫാദർ തോമസ് കുഴിനാപ്പുറത്ത്
15. ഫാദർ വർഗീസ് കിഴക്കേക്കര
16. ഫാദർ റോബിൻ തൈക്കൂട്ടത്തിൽ

ബ്രദർ ഫിദെലിസ് മാമ്മൂട്ടിൽ ഒ.സി.ഡി.

www.malankaralibrary.com


ഇടവകയിലെ സന്യാസിനിമാർ:–

1. സിസ്റ്റർ മേരി ഓഫ് റിഡംപ്ഷൻ
2. സിസ്റ്റർ സ്കൊളാസ്റ്റിക്ക മേരി
3. സിസ്റ്റർ റൊമാനാ എസ്.ആർ.എ.
4. സിസ്റ്റർ വിൽഹെൽമീന എസ്.ആർ.എ.
5. സിസ്റ്റർ ലുറാന എസ്.ഐ.സി.
6. സിസ്റ്റർ സ്തേഫാന എസ്.ഐ.സി.
7. സിസ്റ്റർ പുഷ്പ എസ്.ഐ.സി.
8. സിസ്റ്റർ ഫിദെലിസ് എസ്.ഐ.സി.
9. സിസ്റ്റർ ശാലിനി എസ്.ഐ.സി.
10. സിസ്റ്റർ സുദീപ എസ്.ഐ.സി.
11. സിസ്റ്റർ ട്രീസ ഡി.എം.

www.malankaralibrary.com

## സെന്റ് അഗസ്റ്റിൻ മലങ്കരസുറിയാനി കത്തോലിക്കാപള്ളി കൈപ്പട്ടൂർ

അച്ചൻകോവിലാറിന്റെ തീരത്ത് കൈപ്പട്ടൂർ കടവിനു സമീപം സ്ഥിതിചെയ്യുന്ന ഈ ദേവാലയം പുനരൈക്യത്തിനു മുമ്പ് 1928 ൽ പ്രാരംഭ കാലത്തു സ്ഥാപിതമായി. ഫാദർ ഗീവറുഗീസ് പീടികയിൽ (പുത്തൻ പീടിക) 1926 ൽ കൊല്ലം ലത്തീൻ രൂപതയിൽ ചേർന്ന് കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. ഇദ്ദേഹത്തിന്റെ സാഹസികമായ പുനരൈക്യം പുത്തൻ പീടികയിലും സമീപപ്രദേശങ്ങളിലുമുള്ള ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട ഏതാനുംപേർ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുന്നതിന് പ്രേരണയായി.

കൈപ്പട്ടൂർ നിന്നും വിരളുവേലിൽ വല്യപ്പൻ, ഗീവറുഗീസ് കോശിയും കുടുംബവും പുത്തൻ പീടികയിലുള്ള ലത്തീൻ കത്തോലിക്കാപള്ളിയിലെ അംഗങ്ങളായിത്തീർന്നു. ഓർത്തഡോക്സ് പള്ളിയിലെ വേദാദ്ധ്യാപകനായിരുന്ന അദ്ദേഹം കത്തോലിക്കാസഭയിൽ അംഗമായി തീർന്നശേഷം 'കൊന്ത' ധരിച്ചുകൊണ്ടുനടന്നിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ "ജപമാല വല്യപ്പൻ" എന്ന് കളിയാക്കി വിളിച്ചിരുന്നു. വളരെയധികം എതിർപ്പുകളെ സധൈര്യം നേരിട്ട് ഉറച്ച വിശ്വാസത്തോടെ കത്തോലിക്കാവിശ്വാസിയായി തുടർന്നു. അദ്ദേഹത്തിന്റെ സാക്ഷ്യം പലകുടുംബങ്ങളും പുനരൈക്യപ്പെടുന്നതിന് കാരണമായി.

1928 ൽ ഗീവറുഗീസ് പീടികയിൽ അവർകളുടെ പരിശ്രമഫലമായി കൈപ്പട്ടൂരിൽ ആരാധനയ്ക്കായി ഒരു താല്ക്കാലിക ഷെഡ് നിർമിക്കുകയുണ്ടായി. പിന്നീട് ഒരു പള്ളിക്കുവേണ്ടി തെരുവിൽ ചെട്ടിയാരുടെ വക 46 സെന്റ് സ്ഥലം വാങ്ങുകയുണ്ടായി. ഭൂമിയുടെ ആധാരം ആദ്യം എറണാകുളം ആർച്ച് ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ അവർകളുടെ പേർക്കാണ് എഴുതിയത്. പിൽക്കാലത്ത് അത് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ എഴുതുകയുണ്ടായി. നേരത്തെ താല്കാലിക ഷെഡ് വച്ച്

www.malankaralibrary.com


ആരാധന നടത്തിയിരുന്ന സ്ഥലം തന്നെ പള്ളിക്കായി വാങ്ങുന്നതിനിടയായി എന്നത് ദൈവനിയോഗം.

ആദ്യകാല കുടുംബങ്ങൾ

1. വിരളുവേലിൽ ഗീവറുഗീസ് കോശിയും കുടുംബവും
2. ആനമുടിയത്ത് കോശി ഡാനിയേലും കുടുംബവും
3. ആനമുടിയത്ത് കോശി ജോർജും കുടുംബവും
4. കലതിവിളയിൽ കിരിയാൻ വല്യപ്പൻ

   അവിവാഹിതനായി കഴിഞ്ഞിരുന്ന വല്യപ്പൻ മരണമടയുകയും ആദ്യ മായി ഈ ഇടവകയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.
5. ഫാദർ ജോഷ്വാകുന്നത്തേത്ത് (ഓർത്തഡോക്സ് സഭയിൽ 1938 മാർച്ച് 11ന് കാത്തോലിക്കാബാവയിൽ നിന്നും പൗരോഹിത്യം സ്വീകരിക്കുകയുണ്ടായി. 1939 ജൂൺ 15-ാം തീയതി പുനരൈക്യ പ്പെട്ട് തിരുവനന്തപുരം അതിരൂപതയിൽ ചേർന്നു. പത്തനംതിട്ട, കുമ്പഴ, കിഴവള്ളൂർ തുടങ്ങിയ പള്ളികളിൽ സഹവികാരിയായും, തെക്കൻതിരുവിതാംകൂറിൽ പല പള്ളികളിലും വികാരിയായും സേവനമനുഷ്ടിച്ചു. 1978 മാർച്ച് 4 ന് മരണമടഞ്ഞു.) അദ്ദേഹ ത്തിന്റെ മൃതശരീരം കൈപ്പട്ടൂർ പള്ളിയിൽ പൂജ്യമായി സംസ്ക രിച്ചിരിക്കുന്നു.
6. കുന്നത്തേത്ത് കെ.ജി. വറുഗീസും കുടുംബവും
7. കുന്നത്തേത്ത് കെ.ജി. തോമസും കുടുംബവും
8. പൊന്നമ്മയും കടവിൽകുടുംബവും
9. ജോർജ് പള്ളിഏനാത്തും കുടുംബവും

'കുമ്പഴഅച്ചൻ' എന്നറിയപ്പെട്ടിരുന്ന ഫാദർ പീലിപ്പോസ് മേടയിൽ അവർകളുടെ മാതൃഭവനം കൈപ്പട്ടൂർ ചക്കാലയിൽ ആണ്- തന്റെ അമ്മയുടെ വീടിനു തൊട്ടുള്ള കൈപ്പട്ടൂർ മലങ്കര കത്തോലിക്കാ പള്ളിയുടെ കാര്യത്തിൽ കുമ്പഴ അച്ചൻ ശ്രദ്ധാലുവാകുകയും ഇവിടെ മിഷ്യൻ പ്രവർത്ത നമാരംഭിക്കുകയും ചെയ്തു. അക്കാലത്ത് അവിടെ അച്ചന്റെ മാതൃ കുടും ബക്കാർ ആരുംതന്നെ പുനരൈക്യപ്പെട്ടിരുന്നില്ല. 1935 നവംബർ 5 ന് കൈപ്പട്ടൂർ വസ്തുവിന്റെ തീറാധാരം നടക്കുകയും 1936 ഒക്ടോബർ 16 ന് ഒരു ചെറിയ പള്ളി പണിയുന്നതിന് ആരംഭിക്കുകയും ചെയ്തു. സ്ഥല ത്തെയും പള്ളിയെയും സംബന്ധിച്ച് ഒരു കേസ് നടന്നുകൊണ്ടിരുന്നു. കുമ്പഴ അച്ചൻ 1937 ഒക്ടോബർ 8 ന് അഡ്വക്കേറ്റ് ശ്രീമാൻ എം.ജി. മാത്യുവിനെ സന്ദർശിച്ചു. 1939 മെയ് 31 ന് കൈപ്പട്ടൂർ കേസിന്റെ വാറണ്ട് ഒപ്പിട്ടു

www.malankaralibrary.com


കൊടുത്തു. തുടർച്ചയായി കേസ് നടത്തി. കേസിനായി ആലപ്പുഴയും കൊല്ലത്തും മുറയ്ക്ക് പൊയ്ക്കൊണ്ടിരുന്നു. 1940 മെയ് 11 ന് കൈപ്പട്ടൂർ കേസിന് കൊല്ലത്ത് കച്ചേരിയിൽ ഹാജരായി. ജാമ്യക്കാരെ കൂടെക്കൊണ്ടു പോയിരുന്നു. 1945 ജാനുവരി 3 ന് കൈപ്പട്ടൂർ കാര്യത്തിന് അരമനയ്ക്ക് റിപ്പോർട്ടയച്ചു. 1945 മാർച്ച് 15 ന് വസ്തു കാര്യത്തിനായി കൈപ്പട്ടൂർ മിഷ്യനിൽ പാർത്തു എന്നും ഏപ്രിൽ 15 ന് വസ്തു നടത്തിയെടുപ്പുമായി ബന്ധപ്പെട്ട് കൈപ്പട്ടൂർ മിഷ്യനിൽ താമസിച്ചുവെന്നും ഡയറിക്കുറിപ്പിൽ കാണുന്നു.

1940 ഒക്ടോബർ 3, 4 തീയതികളിൽ സഭയിൽ ചേരാനുള്ളവരെ കാണുകയും മാർ ഈവാനിയോസ് മെത്രാപ്പൊലീത്തായിക്ക് എഴുതുകയും ഏതാനും കുടുംബങ്ങളെ പുനരൈക്യപ്പെടുത്തുകയും ചെയ്തു.

1951 വരെ കുമ്പഴ അച്ചൻ ഈ മിഷ്യനിൽ പ്രവർത്തിച്ചിരുന്നു എന്ന് ഡയറിക്കുറിപ്പിൽ നിന്നും മനസിലാകുന്നു.

1982 ൽ ഫാ. മാത്യൂ കാലായിൽ അച്ചന്റെ കാലത്ത് പള്ളി പുതുക്കി പണിതു. സെപ്തംബർ 17 ന് മാർ ഗ്രിഗോറിയോസ് പിതാവ് കൂദാശ ചെയ്തു. 1987 ൽ ഫാ. ജേക്കബ് കളിയന്താനം വികാരിയായിരിക്കുമ്പോൾ പള്ളിക്ക് ചുറ്റുമതിലുണ്ടാക്കി സുരക്ഷിതമാക്കുകയും, മതിലിനോട് ചേർന്ന് വേളാങ്കണ്ണി മാതാവിന്റെ കുരിശടി നിർമ്മിക്കുകയും ചെയ്തു. 2000 ത്തിൽ ഫാ. ഗീവറുഗീസ് നെടിയത്ത് വികാരി ആയിരിക്കുമ്പോൾ 400 ഓളംപേർക്ക് ഇരിക്കാവുന്ന ഒരു ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് നിർവഹിച്ചു. 2004 ൽ പണി പൂർത്തിയാക്കി കൂദാശ ചെയ്തു. 2016 ജാനുവരി 26 ന് ഫാ. അഗസ്റ്റിൻ പുലിമറ്റം വികാരി ആയിരിക്കുമ്പോൾ കൈപ്പട്ടൂർ ജംഗ്ഷനിൽ വി. യൂദാശ്ലീഹയുടെ നാമത്തിൽ ഒരു കുരിശടി നിർമ്മിച്ച് കൂദാശ ചെയ്തു. ഇവിടെ സേവനമനുഷ്ടിച്ചിട്ടുള്ള വൈദികർ നിരവധിയാണ്. അവരെ നന്ദിപൂർവ്വം സ്മരിക്കാം. 2000 ത്തിനു ശേഷം ഇവിടെ വികാരിയായിരുന്നത് ഫാ. ഗീവറുഗീസ് നെടിയത്ത്, ഫാ. തോമസ് പൂവണ്ണാൽ, ഫാ. കോശി ചിറക്കരോട്ട്, ഫാ. ജോസഫ് കളവിള, ഫാ. സഖറിയാസ് നെടിയകാലായിൽ, ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ, ഫാ. ജോസഫ് കുരുമ്പിലേത്ത്, ഫാ. അഗസ്റ്റിൻ പുലിമറ്റം ഇവരാണ്. ഇപ്പോഴത്തെ വികാരി ഫാ. ബിനോയ് പുതുപ്പറമ്പിൽ ആണ്.

ഇടവകയിൽ ഇപ്പോൾ 32 കുടുംബാംഗങ്ങളാണുള്ളത്. ചെറിയ ഇടവകയെങ്കിലും, M.C.A, M.C.Y.M, മാതൃസമാജം, വിൻസെന്റ് ഡി പോൾ, സൺഡേ സ്കൂൾ ഇവയെല്ലാം ക്രമമായി നടക്കുന്നു. ഡി. എം. സിസ്റ്റേഴ്സ് മിഷ്യൻ പ്രവർത്തനത്തിൽ സഹായിക്കുന്നു. അനതിവിദൂര ഭാവിയിൽ ഒരു നൂതന ദേവാലയം ഇവിടെ ഉയർന്നുവരുമെന്ന് പ്രതീക്ഷിക്കുന്നു.

www.malankaralibrary.com

# കുമ്പഴ അച്ചൻ സമാരംഭിച്ച ദേവാലയങ്ങൾ

## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി കുമ്പഴ

1930 ഒക്ടോബർ 29-ാം തീയതി കുമ്പഴ മേലേതിൽ പീലിപ്പോസ് കശീശ മലങ്കര സുറിയാനി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു. കുമ്പഴ പത്തനംതിട്ട പ്രദേശത്തു നിന്നും മലങ്കര കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട ആദ്യവൈദികൻ അദ്ദേഹമായിരുന്നു. 1930 ഡിസംബർ മാസം 24-ാം തീയതി കുമ്പഴ ജംഗ്ഷനു അല്പം പടിഞ്ഞാറായി തന്റെ കുടുംബവീടായ മേലേതിൽ വീടിനു സമീപത്തായി ഒരു ചാപ്പൽ നിർമിച്ചു. ഈ ചാപ്പൽ കൂദാശ ചെയ്തതും ഇടവകയിലെ ആദ്യഅംഗങ്ങളെ മലങ്കര കത്തോലിക്കാ സഭയിൽ സ്വീകരിച്ചതും വന്ദ്യദിവ്യശ്രീ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാനാണ്. 1930 ഡിസംബർ 25-ാം തീയതി ക്രിസ്മസ് ദിനത്തിൽ അവിടെ ആദ്യമായി വി. കുർബാന അർപ്പിക്കുകയും അങ്ങനെ കുമ്പഴ ഇടവക യാഥാർഥ്യമാകുകയും ചെയ്തു.

### ഇടവകയിലെ ആദ്യകാല കുടുംബങ്ങൾ

1. മേലേതിൽ തോമസ് വൈദ്യനും കുടുംബവും
2. മേലേതിൽ യോഹന്നാച്ചനും കുടുംബവും
3. മേലേതിൽ മത്തായിച്ചനും കുടുംബവും
4. മരുതൂർ ഈശോച്ചനും കുടുംബവും (ഇവർ നേരത്തേ പുത്തൻപീടിക ലത്തീൻ കത്തോലിക്കാ പള്ളിയിൽ ചേർന്നിരുന്നു)
5. മരുതൂർ ഗീവറുഗീസും കുടുംബവും
6. മരുതൂർ എം.വി. തോമസും കുടുംബവും
7. ചാലുംകരോട്ട് യോഹന്നാച്ചനും കുടുംബവും

www.malankaralibrary.com


8. കല്ലിച്ചത്ത് മത്തായിച്ചനും കുടുംബവും
9. മാലേത്ത് വല്യകുഞ്ഞും കുടുംബവും
10. തേക്കിടയിൽ കുഞ്ഞുമ്മനും കുടുംബവും

കുമ്പഴ മുറിയിൽ, പിണ്ടട്ടുംമൂട്ടിൽ പുരയിടത്തിൽ, മരുതൂർ ഈശോച്ചന്റെ വസ്തുവിൽ നിർമിച്ച ചാപ്പലിൽ നടത്തിവന്നിരുന്ന ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. 1932 ൽ പീടികയിൽ ബ. ഗീവറുഗീസ് അച്ചന്റെയും മേടയിൽ പീലിപ്പോസച്ചന്റെയും (കുമ്പഴ അച്ചൻ) നേതൃത്വത്തിൽ മൈലപ്രാ കേന്ദ്രമാക്കി ഒരു ചാപ്പൽ നിർമിച്ച് ആരാധന തുടങ്ങിയ മൈലപ്രായിൽ നിന്നും പുനരൈക്യപ്പെട്ട ആദ്യകാല വിശ്വാസികളും, കുമ്പഴ സ്ഥാപിതമായ ചാപ്പലിൽ നടത്തിവന്നിരുന്ന ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നു. പുനരൈക്യപ്പെട്ട ദൈവജനത്തിന്റെ വർധനവ് ഒരു പുതിയ പള്ളിയുടെ ആവശ്യം വിളിച്ചറിയിച്ചു. കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടവരുടെ പുരകെട്ടിക്കൊടുക്കുന്നതിനു വിസമ്മതം പ്രകടിപ്പിക്കുകയും അവരെ 'റീത്തുകാർ' എന്നും 'മരയ്ക്കാന്മാർ' എന്നും വിളിച്ച് അധിക്ഷേപിക്കുകയും അവർക്ക് പന്തിഭോജനം പോലും നിഷേധിക്കുകയും ചെയ്തിരുന്ന ഒരു കാലമായിരുന്നു അത്. ഇങ്ങനെയുള്ള പരിതസ്ഥിതിയിൽ കുമ്പഴ ദേശത്ത് ഒരു കത്തോലിക്കാ ദേവാലയം നിർമിക്കാൻ വസ്തു എങ്ങനെ ലഭിക്കും? അസാദ്ധ്യമായി തോന്നി. എന്നാൽ ദൈവികപദ്ധതിക്ക് തടസങ്ങൾ വഴിമാറി. ക്രാന്തദർശിയായിരുന്ന കുമ്പഴ അച്ചൻ, മരുതൂർ ഈശോച്ചൻ മുഖേന തന്റെ സഹോദരൻ കിഴക്കേക്കര ഗീവറുഗീസിനെ സമീപിക്കുകയും 1931 ആഗസ്റ്റ് 9 ന് ഒരേക്കർ സ്ഥലം 500 ബ്രിട്ടീഷ് രൂപയ്ക്ക് മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ എഴുതിക്കുകയും ചെയ്തു. പള്ളിയിലേക്കു പോകുന്നതിനുള്ള വഴി സംബന്ധിച്ച് പ്രശ്നമുദിച്ചു. തർക്കവും കേസുമൊക്കെ നടത്തേണ്ടി വന്നു. ഇന്നു പൊതുജനം ഉപയോഗിക്കുന്ന വഴി, പള്ളിപ്പടി ഇടത്തറയിൽ പാപ്പച്ചനോട് 12 അടി വീതിയിൽ 40 ബ്രിട്ടീഷ് രൂപക്ക് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ എഴുതിവാങ്ങിയിട്ടുള്ളതാണ്. പള്ളിയുടെ പേരിലുള്ള ബാക്കി 2 ഏക്കർ സ്ഥലം പറകുന്നിൽ ചാക്കോയോട് മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ പിന്നീട് എഴുതി വാങ്ങിയിട്ടുള്ളതാണ്.

പുനരൈക്യപ്പെട്ട കുടുംബങ്ങൾ ഐക്യത്തോടുകൂടി കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ വിശ്വാസദാർഢ്യമുള്ള ഒരു കൂട്ടായ്മയായി വളർന്നു. അവരുടെ ഒരുമയോടുകൂടിയുള്ള ഉത്സാഹത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി കാടും മലയും വെട്ടിത്തെളിച്ച് കുന്നിൻ മുകളിൽ പള്ളി നിർമിച്ചു പൂർത്തിയാക്കി. 1933 മെയ് മാസം 15-ാം തീയതി സെന്റ് പാട്രിക്ക്

www.malankaralibrary.com


പുണ്യവാന്റെ നാമത്തിൽ പള്ളിയുടെ കൂദാശാകർമം അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് നിർവഹിക്കുകയുണ്ടായി. കുമ്പഴ പള്ളിയുടെ സുവർണ ജൂബിലി സൊവനീറിൽ അന്നുണ്ടായിരുന്ന 38 കുടുംബങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോസ്തോലപ്രവർത്തനങ്ങൾ 4:32 ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു."

1930 മുതൽ 1956 വരെ കുമ്പഴ ഇടവകയുടെ വികാരി ഇതിന്റെ സ്ഥാപക പിതാവായിരുന്ന ഫാദർ പീലിപ്പോസ് മേടയിൽ തന്നെയായിരുന്നു. 26 വർഷക്കാലം അദ്ദേഹം കുമ്പഴ ഇടവകയ്ക്കും ഇതിനു ചുറ്റുപാടും നിർമിതമായ അനേകം ഇടവകകൾക്കും ചൈതന്യവത്തായ ആത്മീയ നേതൃത്വം നൽകി. നല്ല ഒരു പ്രാസംഗികനും സംഘാടകനും ആദർശധീരനും, സഭാസ്നേഹിയും ഒരു ഉത്തമ ഇടയനുമായിരുന്നു കുമ്പഴ അച്ചൻ.

കുമ്പഴ അച്ചനോടുകൂടി, കുമ്പഴ സെന്റ് പാട്രിക് പള്ളിയിൽ സേവനമനുഷ്ടിച്ചിട്ടുള്ള വൈദികരാണ് ഫാദർ ഗീവറുഗീസ് ചരുവിലേത്ത് (പന്തളത്തച്ചൻ) ഫാദർ ജോഷ്വാ കുന്നത്തേത്ത്, ഫാദർ തോമസ് കരിയിൽ, ഫാദർ പത്രോസ് കിഴക്കേവീട്ടിൽ, ഫാദർ തോമസ് കൈതനാൽ, ഫാദർ സാമുവൽ ശങ്കരത്തിൽ, ഫാദർ ജോർജ് തെക്കേടത്ത് എന്നിവർ. കുമ്പഴ അച്ചനെ തുടർന്ന് വികാരിമാരായി സേവനമനുഷ്ഠിച്ച വൈദികരാണ് ഫാദർ ഉമ്മൻ അയ്യനേത്ത് (1957–61) ഫാദർ ജോസഫ് താഴത്തുവീട്ടിൽ (1961–63) എന്നീ വൈദികർ.

വൈദികർ വിരളമായിരുന്ന അക്കാലത്ത് കുമ്പഴ ഇടവകയുടെയും ചുറ്റുപാടുമുള്ള ഇടവകകളുടെയും അഭിവൃദ്ധിക്ക് വൈദികരുടെ സേവനം ഇടമുറിയാതെ തുടർച്ചയായി ലഭ്യമാകത്തക്കവിധത്തിൽ ബഥനി ആശ്രമസ്ഥരായ വൈദികരുടെ ഒരു ഭവനം കുമ്പഴയിൽ സ്ഥാപിച്ചു കിട്ടുന്നതിന് കുമ്പഴ അച്ചൻ ആഗ്രഹിക്കുകയും അതിനായി അതിരൂപതാദ്ധ്യക്ഷനായ മാർ ഗ്രിഗോറിയോസ് പിതാവിനോടും ബഥനി ആശ്രമാധികാരികളോടും അപേക്ഷിക്കുകയും ചെയ്തു. അതിൻപ്രകാരമാണ് ആശ്രമസ്ഥരായ വൈദികർ 1963 ജൂൺ മുതൽ കുമ്പഴ ഇടവകയിലേക്കു നിയോഗിക്കപ്പെട്ടത്. ഫാദർ പീറ്റർ ഒ.ഐ.സി., ഫാദർ പക്കോമിയൂസ് ഒ.ഐ.സി., ഫാദർ ഫ്രാൻസിസ് സേവ്യർ ഒ.ഐ.സി. തുടങ്ങിയവർ വികാരിമാരായി നിസ്തുല സേവനമനുഷ്ഠിച്ചവരാണ്. ആത്മീയമായി വളരെ അഭിവൃദ്ധി ഇക്കാലത്ത് ഇടവകയിൽ ഉണ്ടായി. പക്കോമിയൂസ് അച്ചന്റെ കാലത്ത് പല കുടുംബങ്ങളും കത്തോലിക്കാസഭയിലേക്ക് ആകർഷിക്കപ്പെട്ടു. ഫ്രാൻസിസ് സേവ്യർ അച്ചന്റെ കാലത്താണ് ഇപ്പോഴത്തെ പള്ളിയുടെ പണി ആരംഭിച്ചത്.

www.malankaralibrary.com


കുമ്പഴ അച്ചന് മാർ ഈവാനിയോസ് തിരുമേനി നൽകിയ നിർദേശ മനുസരിച്ച് സെന്റ് പാട്രിക് പള്ളിയുടെ സ്ഥാനത്തു പുതിയ ദേവാലയം പണിയുവാൻ വേണ്ടിയുള്ള പ്രാരംഭം കുറിച്ചുകൊണ്ട് 1969 ആഗസ്റ്റുമാസം 14-ാം തീയതി അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോ ലീത്താ ശിലാസ്ഥാപനകർമം നടത്തി. മുൻ വികാരിമാരെ കൂടാതെ 25 ഓളം വൈദികർ, സിസ്റ്റേഴ്സ്, വിവിധ പള്ളികളിൽ നിന്നുള്ള ജനപ്രതിനിധികൾ, ഇടവകജനങ്ങൾ തുടങ്ങി ഒരു വലിയ ജനക്കൂട്ടം കല്ലിടീൽ കർമത്തിൽ പങ്കു കൊണ്ടു. പണി ആരംഭിച്ച് അധികം കഴിയുന്നതിനു മുമ്പ് വികാരി ഫാദർ ഫ്രാൻസിസ് സേവ്യർ രോഗബാധിതനാകുകയും പകരം അഭിവന്ദ്യ ഗ്രിഗോ റിയോസ് മെത്രാപ്പോലീത്തായുടെ അനുജൻ, ഫാദർ ഇഗ്നേഷ്യസ് തങ്ങള ത്തിൽ വികാരിയായി ചാർജെടുക്കുകയും ചെയ്തു. 1969–'80 വരെ ബ. അച്ചൻ വികാരിയായിരിക്കുന്ന അവസരത്തിലാണ് കുമ്പഴ പള്ളിയുടെ നിർമാണം നടന്നത്. ഈ അവസരത്തിൽ വെട്ടൂർ M.S.C. L.P School ൽ വച്ചാണ് കുമ്പഴ ഇടവകക്കാർ ആരാധന നടത്തിയിരുന്നതും സണ്ടേസ്കൂൾ നടത്തിയിരു ന്നതും. പുതിയ ദേവാലയത്തിന്റെ നിർമിതിയിൽ ഇടവകസമൂഹം മുഴുവൻ – ആബാലവൃദ്ധം ജനങ്ങൾ കൈകോർത്തു ശ്രമദാനം നടത്തുകയും തങ്ങളുടെ വരുമാനത്തിന്റെ നല്ല പങ്ക് ദേവാലയ നിർമിതിക്ക് സംഭാവന നൽകുകയും ചെയ്തു.

ബഹു. ഇഗ്നേഷ്യസ് അച്ചൻ വികാരിയായിരിക്കുമ്പോൾ അക്രൈസ്ത വരും, ക്രൈസ്തവരുമായ പലരും ഇടവകയിൽ അംഗങ്ങളായി ചേർന്നു. നാനാജാതി മതസ്ഥർ ഒന്നിച്ചുചേർന്ന് കുമ്പഴ നടത്തിവരുന്ന സംയുക്ത ക്രിസ്മസ് ആഘോഷത്തിന്റെ ആരംഭകനും, ബ. ഇഗ്നേഷ്യസ് അച്ചനാണ്. കുമ്പഴ അച്ചൻ ഇടയ്ക്കിടെ പള്ളിയുടെ പണി നടക്കുന്ന അവസരത്തിൽ പള്ളിയിൽ വരികയും, നിർമാണത്തിന് തന്റേതായി നിർദേശങ്ങൾ വികാരി യച്ചനുമായി പങ്കുവയ്ക്കുകയും ചെയ്തിരുന്നു. 1970 ഡിസംബർ മാസത്തിൽ ബ. മാത്യു മാടപ്പള്ളിലച്ചന്റെ പൗരോഹിത്യസ്വീകരണം കുമ്പഴ ദേവാലയ ത്തിൽ വച്ച് നടന്നു എന്നത് അനുഗ്രഹകരമായി.

അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ 1972 ഡിസംബർ 31, 1973 ജനുവരി 1 തീയതികളിൽ പുതുതായി പണിതുയർത്തിയ നവീന ദേവാലയം പ. ദൈവമാതാവിന്റെ നാമത്തിൽ കൂദാശ ചെയ്കയുണ്ടാ യി. അന്നേദിവസം എല്ലാ കർമങ്ങളിലും കുമ്പഴ മേടയിൽ പീലിപ്പോസച്ചൻ സജീവമായി പങ്കെടുക്കുകയും വളരെ സന്തോഷവാനായി കാണപ്പെടുകയും ചെയ്തു. തുടർന്നുള്ള പൊതുസമ്മേളനത്തിൽ സംബന്ധിക്കുകയും 39 വർഷ ക്കാലം ദിവ്യബലി അർപ്പിച്ച തന്റെ സ്വന്തം ഇടവക ദേവാലയത്തിന്

www.malankaralibrary.com


വി. കുർബാന അർപ്പിക്കുന്നതിനുള്ള തിരുപ്പാത്രങ്ങൾ തിരുമുൽ കാഴ്ചയായി നൽകി കൃതാർഥനാകുകയും ചെയ്തു.

1974 ജൂൺ 2–ാം തീയതി ഞായറാഴ്ച, വെളുപ്പിന് 2.30 am ന് പൊന്തിക്കോസ്തി ദിനത്തിൽ കുമ്പഴ സെന്റ്മേരീസ് ദേവാലയത്തിന്റെ സ്ഥാപകനും പ്രഥമ വികാരിയുമായ ഫാദർ പീലിപ്പോസ് മേടയിൽ തന്റെ 67–ാമത്തെ വയസിൽ ദിവംഗതനായി. അഭിവന്ദ്യ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ നിർദേശപ്രകാരം, അദ്ദേഹത്തിന്റെ ഭൗതികശരീരം സെന്റ് മേരീസ് കത്തോലിക്കാപള്ളിയിൽ ഹൈക്കലായുടെ മദ്ധ്യത്തിൽ പൂജ്യമായി സംസ്കരിക്കപ്പെട്ടു.

കുമ്പഴ ദേവാലയത്തോടു ചേർന്നുകാണുന്ന "ഫാദർ പീലിപ്പോസ് മേടയിൽ മെമ്മോറിയൽ ഹോളി"ന്റെ ശിലാസ്ഥാപനകർമം ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിൽ അവർകളുടെ കാലത്ത് 1978 ൽ നിർവഹിക്കപ്പെടുകയും 1983ൽ ഫാദർ ഡൊമ്നിക് ഒഡാലിൽ ഒ.ഐ.സി. വികാരിയായിരിക്കുമ്പോൾ പണി പൂർത്തിയാക്കി, സെന്റ്മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ സുവർണജൂബിലിയോടനുബന്ധിച്ച് കൂദാശാകർമം നിർവഹിക്കുകയും ചെയ്തു. സെമിത്തേരിയോടു ചേർന്നു കിടക്കുന്ന വടക്കുവശത്തെ 37 സെന്റ് വസ്തു വാങ്ങുകയും സാമ്പത്തിക ഭദ്രതയ്ക്കായി റബ്ബർ പ്ലാന്റു ചെയ്കയും ചെയ്തതും ഡൊമിനിക്ക് അച്ചന്റെ കാലത്താണ്.

കുമ്പഴ പള്ളിയുടെ സെമിത്തേരിയുടെ അപര്യാപ്തത മനസിലാക്കിക്കൊണ്ട് ഫാദർ അഗസ്റ്റിൻ ഒ.ഐ.സി. കൈലാത്ത് വികാരിയായിരിക്കുമ്പോൾ, സംസ്കാരത്തിനായുള്ള സെല്ലാർ (Voult) പണികഴിപ്പിച്ചു. അന്ന് ബത്തേരി ഭദ്രാസനാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഗീവറുഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായാണ് 1997 ൽ അതിന്റെ കൂദാശാകർമം നിർവഹിച്ചത്.

ബ. അഗസ്റ്റിൻ ഒ.ഐ.സി. അച്ചൻ വിദേശത്തു പഠനത്തിനായി പോയ അവസരത്തിൽ ഇടവകയിൽ സേവനമനുഷ്ഠിച്ചിരുന്ന രണ്ടു വൈദികരാണ് ഫാദർ മത്തായി ഒ.ഐ.സി. ഐരാണിത്തറ, ഫാദർ ജോർജ് ഒ.ഐ.സി. കുറ്റിയിൽ ഇവർ. ഫാദർ ഇഗ്നേഷ്യസ് കടിയംകുന്നിൽ വികാരിയായിരുന്ന കാലത്ത് ബ. പീലിപ്പോസ് മേടയിലച്ചന്റെ 25–ാം ചരമവാർഷികം ഇടവകയുടെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിക്കുകയുണ്ടായി. ഇക്കാലത്താണ് കുമ്പഴയിൽ വൈദികമന്ദിരം നിർമിച്ചത്. തുടർന്നുവന്ന സ്റ്റീഫൻ തിരുവാലിൽ അച്ചന്റെ കാലത്ത് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായിരുന്നു. പ്ലാറ്റിനം ജൂബിലിയുടെ ഒരുക്കവർഷമായിരുന്നു 2005 ജനുവരി – 2006 ജനുവരി വരെ. ഫാദർ ജോസ് കുരുവിള

www.malankaralibrary.com


ഒ.ഐ.സി. വികാരിയായിരിക്കുമ്പോൾ ദേവാലയത്തിന്റെ മദ്ബഹാ പുതുക്കി പണിയുകയും ദേവാലയം പെയിന്റു ചെയ്ത് മനോഹരമാക്കുകയും ചെയ്തു. 2006 ജനുവരി 1-8 വരെ വിപുലമായ പരിപാടികളോടെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയുണ്ടായി.

## കുരിശടികൾ

1. പള്ളിയുടെ മുൻവശത്ത് വേളാങ്കണ്ണി മാതാവിന്റെയും സെന്റ് പാട്രിക്കിന്റെയും തിരുസ്വരൂപങ്ങൾ ഉൾക്കൊള്ളുന്ന കുരിശടി ദേവാലയ കൂദാശയോടനുബന്ധിച്ച് നിർമിക്കപ്പെട്ടു.
2. മുട്ടുമൺ കുരിശടി - ഫാദർ തോമസ് മരുതൂർ അവർകളുടെ ഓർമയ്ക്കായി മരുതൂർ കുടുംബം വകയായി തോമസ് വറുഗീസ് മരുതൂർ ദാനമായി നൽകിയ സ്ഥലത്ത് നിർമിച്ചതാണ്.
3. വെട്ടൂർ കുരിശടി - പരേതനായ ഫാദർ ജോഷ്വ, തെക്കെചരുവിൽ അവർകളുടെ സ്മരണയ്ക്കായി മാലേത്തു കുടുംബത്തിന്റെ വകയായി 2008 ൽ നിർമിക്കപ്പെട്ടു.
4. കുമ്പഴ-കുരിശടി. കുമ്പഴ ഇടവകാംഗമായിരുന്ന ശ്രീമാൻ ഐസക് ദാനമായി നൽകിയ സ്ഥലത്ത് കുമ്പഴ ജംഗ്ഷനിൻ ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിന്റെ നേതൃത്വത്തിൽ നിർമിച്ചതാണ്, മതസൗഹാർദത്തിന്റെ പ്രതീകമായ ഈ കുരിശടി.

2010 ൽ പത്തനംതിട്ട രൂപത നിലവിൽ വന്നു. 2013 മുതൽ രൂപതയിൽ നിന്നുള്ള വൈദികർ വികാരിമാരായി കുമ്പഴപള്ളിയുടെ ചാർജു വഹിക്കുന്നു. സെന്റ് മേരീസ് കത്തോലിക്കാ പള്ളിയുടെ വികാരിയായി 2013 മുതൽ 17 വരെ മോൺ ചാക്കോ തടത്തിൽ നേതൃത്വം വഹിച്ചു. അദ്ദേഹം വൈദിക മന്ദിരം വിപുലീകരിച്ച് പുനർനിർമാണം നടത്തുകയും മുറ്റവും പരിസരവും ഇന്റർലോക് പാകി മനോഹരമാക്കുകയും ചെയ്തു. പത്തനംതിട്ടയിലെ ആദ്യത്തെ ഇടവക എന്ന നിലയിൽ ഈ ദേവാലയം വളരെ പ്രാധാന്യമർഹിക്കുന്നു. 270ൽ പരം കുടുംബങ്ങൾ അടങ്ങുന്ന ഈ ഇടവക കൂട്ടായ്മയിൽ സണ്ടേസ്കൂൾ, എം.സി.വൈ.എം., എം.സി.എ., മാതൃസംഘം, ലീജിയൻ ഓഫ് മേരി, വിൻസന്റ് ഡി പോൾ സൊസൈറ്റി ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

## ഇടവകയിലെ ദൈവവിളികൾ

ദൈവം വിളിച്ചു വേർതിരിച്ച് വൈദികരായിത്തീർന്നിട്ടുള്ളവരിൽ ഫാദർ ജോഷ്വാ തെക്കെച്ചരുവിൽ 1983 മെയ് 21 ന് മരണമടയുകയും കുമ്പഴ

www.malankaralibrary.com


പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. ഫാദർ തോമസ് മരുതൂർ 1986 ഫെബ്രുവരി 11 ന് മരണമടയുകയും തിരുവനന്തപുരം മുട്ടട ഹോളി ക്രോസ് ചർച്ചിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. കുമ്പഴ അച്ചൻ വികാരിയായിരിക്കുമ്പോൾ അൾത്താര ബാലന്മാരായി തെരഞ്ഞെടുത്ത് ശുശ്രൂഷയ്ക്കായി നിയോഗിച്ച ഇവർ രണ്ടുപേരും സെമിനാരി പരിശീലനത്തിനു ശേഷം കുമ്പഴ അച്ചന്റെ കാലത്തു തന്നെ പൗരോഹിത്യം സ്വീകരിച്ച് വൈദികരായി, അവിഭക്ത തിരുവനന്തപുരം അതിരൂപതയിൽ വിവിധ ഇടവകകളിൽ സേവനമനുഷ്ഠിച്ചിരുന്നവരാണ്.

ഫാദർ തോമസ് മരുതൂർ പിന്നീട് Redemptorist സമൂഹത്തിൽ ചേർന്ന് സന്യാസവൈദികനായി സേവനമനുഷ്ഠിച്ചിരുന്ന അവസരത്തിലാണ് മരണമടഞ്ഞത്. ഇടവകയിൽ നിന്നും വൈദികരായി ഇന്നു സേവനമനുഷ്ഠിക്കുന്നവർ–

1. ഫാദർ മാത്യു മാടപ്പള്ളിൽ
2. ഫാദർ സജീവ് തെക്കെച്ചരുവിൽ ഒ.ഐ.സി.
3. ഫാദർ ഏബ്രഹാം നോർട്ടൺ ഒണയാറ്റു കുഴിയിൽ ഒ.ഐ.സി. (എബി അച്ചൻ)
4. ഫാദർ ബ്ലസൻ മാത്യു അയ്യനേത്ത് ഒ.ഐ.സി
5. ഫാദർ ജോഷ്വാ, ഇടക്കടമ്പിൽ ഒ.ഐ.സി.

കുമ്പഴ അച്ചന്റെ മക്കളായ സിസ്റ്റർ ഫിലോമിനാ എസ്.ഐ.സി. സിസ്റ്റർ ദീനാ ഫിലിപ്പ് മേടയിൽ എം.എം.എസ്., മരുതൂർ എം.വി. തോമസിന്റെ മകൾ സിസ്റ്റർ ആഗത്ത എസ്.ഐ.സി., തെക്കെച്ചരുവിൽ ഗീവറുഗീസിന്റെ മകൾ സിസ്റ്റർ ആനന്ദ് എസ്.ഐ.സി., മണക്കാട്ട് മാത്യുവിന്റെ മകൾ സിസ്റ്റർ ഗബ്രിയേൽ എസ്.ഐ.സി., അദ്ദേഹത്തിന്റെ മകൻ, ബേബിയുടെ മകൾ സിസ്റ്റർ ക്ലെമൻസ് എസ്.ഐ.സി., നെടുമ്പ്രത്ത് വറുഗീസിന്റെ മകൾ സിസ്റ്റർ പട്രീഷ്യാ എസ്.ഐ.സി., സിസ്റ്ററിന്റെ ജ്യേഷ്ഠത്തി അമ്മിണിയുടെ മകൾ സിസ്റ്റർ പ്രിൻസി എസ്.ഐ.സി. ഇവരാണ് ബഥനിയിൽ സമർപ്പിത ജീവിതം നയിക്കുന്ന ഈ ഇടവകയിലെ സിസ്റ്റേഴ്സ്.

## വി. ജോൺ മരിയ വിയാനി ഹോം

അവിഭക്ത തിരുവനന്തപുരം അതിരൂപതയിൽ മിഷ്യനറിമാരായി പ്രേഷിതപ്രവർത്തനം നടത്തിയിരുന്നവരും ഇപ്പോൾ പത്തനംതിട്ട രൂപതയിലായിരിക്കുന്നവരുമായ വൈദികർക്ക് അവരുടെ വാർദ്ധക്യകാലത്ത് വിശ്രമത്തിനായി കുമ്പഴപള്ളിയുടെ വസ്തുവിൽ ദേവാലയത്തിന് സമീപം “മരിയ

www.malankaralibrary.com


വിയാനി ഹോം" എന്ന പേരിൽ ഒരു Priest Home പത്തനംതിട്ട രൂപതയിൽ നിന്നും നിർമിക്കുകയുണ്ടായി. 2016 നവംബർ മാസം 12-ാം തീയതി പ്രസ്തുത ഭവനം സഭയുടെ തലവനും പിതാവുമായ അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ കൂദാശ ചെയ്യുകയുണ്ടായി. 2017 ഫെബ്രുവരി മാസം 9-ാം തീയതി മുതൽ വിശ്രമാർഥം വൈദികർ അവിടെ താമസമായി. നമ്മുടെ വൈദികർക്ക് അവരുടെ വാർധക്യകാലത്ത് താമസിക്കുവാൻ ഒരു വിശ്രമകേന്ദ്രം കുമ്പഴ ദേവാലയത്തോടു ചേർന്നു സ്ഥാപിക്കുവാൻ ഇടയായത് കുമ്പഴ ഇടവകയ്ക്കും നാടിനും അനുഗ്രഹമാണ്.

വളരെ അധികം പ്രതിസന്ധികളിലൂടെ, താൻ അംഗമായിരിക്കുകയും, വി. കുർബാന അർപ്പിക്കുകയും ചെയ്ത തന്റെ സ്വന്തം ദേവാലയമായ ശെമ്ഓൻ ദെസ്തുനി പള്ളിയിൽ നിന്നും ദൈവജനത്തോടു യാത്ര പറഞ്ഞു പിരിഞ്ഞ് പുനരൈക്യപ്പെടുകയും ഈ സ്ഥലത്തു തന്നെ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ഒരു ആസ്ഥാനം ഉറപ്പിക്കുകയും ചെയ്ത മേടയിൽ പീലിപ്പോസ് അച്ചനെ നമുക്ക് അനുസ്മരിക്കാം. അനന്ത കാരുണ്യവാനായ ദൈവം അഗ്രാഹ്യമായ വഴികളിലൂടെ തന്റെ ഭക്തരെ നയിക്കുന്നു എന്നതിന്റെ മകുടോദാഹരണമാണ് കുമ്പഴ സെന്റ് മേരീസ് ദേവാലയത്തിന്റെ ആരംഭവും വളർച്ചയും പുരോഗതിയും.

## ബഥനി ആശ്രമം കുമ്പഴയിൽ

1962 ജൂലൈ 12-ാം തീയതി കുമ്പഴയിൽ 2.25 ഏക്കർ സ്ഥലം വാങ്ങി ആശ്രമം പണിയുകയും 1964 ൽ ആശ്രമം കൂദാശ ചെയ്യുകയും ചെയ്തു. കുമ്പഴ, പൂങ്കാവ്, വലഞ്ചുഴി, വടക്കുപുറം, കിഴവള്ളൂർ ഈ ഇടവകകളിൽ ആശ്രമവൈദികർ സേവനമനുഷ്ഠിച്ചു.

1963 മുതൽ 2013 വരെയുള്ള കാലയളവിൽ കുമ്പഴയിൽ വികാരിമാരായി സേവനമനുഷ്ഠിച്ച ആശ്രമവൈദികർ:-

| | |
|---|---|
| ഫാദർ പീറ്റർ O.I.C | 1963-65 |
| ഫാദർ പക്കോമിയൂസ് O.I.C | 1965-67 |
| ഫാദർ ഫ്രാൻസിസ് സേവ്യർ O.I.C | 1967-69 |
| ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിൽ O.I.C | 1969-80 |
| ഫാദർ ഡൊമ്നിക് ഒഡാലിൽ O.I.C | 1980-88 |
| ഫാദർ ഇഗ്നേഷ്യസ് കടിയംകുന്നിൽ O.I.C | 1988-89 |
| ഫാദർ ലാസറസ് പാലനിൽക്കുന്നതിൽ O.I.C | 1989-92 |

www.malankaralibrary.com


| | |
|---|---|
| ഫാദർ അഗസ്റ്റിൻ കൈലാത്ത് O.I.C | 1992–97 |
| ഫാദർ ഇഗ്നേഷ്യസ് കടിയംകുന്നിൽ O.I.C | 1997–2001 |
| ഫാദർ സ്റ്റീഫൻ തിരുവാലിൽ O.I.C | 2001–2004 |
| ഫാദർ ജോസ് കുരുവിള O.I.C | 2005–2010 |

"പുനരൈക്യപ്രസ്ഥാനം കുമ്പഴ, പത്തനംതിട്ട, മൈലപ്ര എന്നീ പ്രദേശങ്ങളിൽ ശക്തിയാർജിച്ചു വളർന്നു. കുമ്പഴ അച്ചൻ, മൈലപ്ര അച്ചൻ, കടമ്മനിട്ട അച്ചൻ എന്നീ ത്രിമൂർത്തികളുടെ സംഗമം ഈ പ്രദേശങ്ങളിൽ മലങ്കര റീത്ത് പ്രസ്ഥാനത്തിന്റെ വേരോട്ടം ത്വരിതപ്പെടുത്തി. കത്തോലിക്കാ വിശ്വാസത്തിന്റെ പാവനതയും സാർവത്രിക സഭാകൂട്ടായ്മകളെ കുറിച്ചുള്ള ബോധ്യവും തദ്ദേശവാസികളിൽ ആഴമായി പതിഞ്ഞിരുന്നതിന്റെ പരിണാമമായിരുന്നില്ല മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ചയ്ക്കു ഹേതു. മേല്പറഞ്ഞ വൈദിക ശുശ്രൂഷകർക്ക് നാട്ടിലെ ജനങ്ങളുടെയിടയിലുണ്ടായിരുന്ന ആജ്ഞാശക്തിയും സ്വാധീനവും ഒരു പരിധിവരെ സഭയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങളാണ്. "വരുന്ന ഞായറാഴ്ച നീ റീത്തുപള്ളിയിൽ വരണം" എന്ന് കുമ്പഴ അച്ചൻ കല്പിച്ചാൽ ആ സുഗ്രീവാജ്ഞയ്ക്ക് എതിർവാക്കു പറയുവാൻ ആരും മുതിരുമായിരുന്നില്ല.

ബഥനിയും കുമ്പഴ ഇടവകയും തമ്മിൽ വൈകാരികമായ ബന്ധമുണ്ട്. കുമ്പഴയുടെ സമീപ ഇടവകയായ നന്നൂക്കാട് ഇടവകയിൽ (St. Peter's Malankara Syrian Catholic Church) ബഥനിയുടെ പ്രാരംഭകാല അംഗവും മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പെരുനാട് ബഥനി ആശ്രമത്തിൽ ജീവിച്ച വ്യക്തിയുമായ ഫാദർ ഏബ്രഹാം പടിഞ്ഞാറേ മണ്ണിൽ ഒ.ഐ.സി. ദീർഘകാലം ശുശ്രൂഷ ചെയ്തു. ബഥനിയുടെ ആദ്ധ്യാത്മിക ചൈതന്യം, ലാളിത്യം, പ്രാർഥനാനുഭവം ഇവ അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ ഇടവകജനങ്ങൾക്ക് ആത്മീയ ജീവിതത്തിന്റെ അലൗകിക അനുഭൂതി പകർന്നു കൊടുത്തു. സമീപ ഇടവകകളായ കിഴവള്ളൂർ, പൂങ്കാവ്, വടക്കുപുറം, വലഞ്ചുഴി എന്നീ പള്ളികളിൽ ബഥനിയിലെ വൈദികർ തന്നെയാണ്, 1964 മുതൽ ശുശ്രൂഷ ചെയ്തുപോരുന്നത്. ഈ ബന്ധം ബഥനിയെക്കുറിച്ചുള്ള സ്നേഹാദരങ്ങൾക്കു കാരണമായി." ("ബഥനിയുടെ ഇന്നലെകൾ" ഫാദർ സന്തോഷ് മഠത്തിൽ ഒ.ഐ.സി. പേജ് 248,249.)

www.malankaralibrary.com

## സെന്റ് ആന്റണീസ് മലങ്കര സുറിയാനികത്തോലിക്കാപ്പള്ളി തട്ട

തുമ്പമൺ സെന്റ് മേരീസ് ഭദ്രാസനപ്പള്ളിയിൽ അംഗങ്ങളായിരുന്ന കുറെ കുടുംബക്കാർ തട്ടയിൽ വന്ന് സ്ഥിരതാമസമാക്കി, ഐക്യത്തിലും സ്നേഹത്തിലും കഴിഞ്ഞിരുന്നു. ഇവർ തട്ടയിൽ ഒരു സണ്ടേസ്കൂൾ കെട്ടിടം നിർമിക്കുകയും അവിടെ മതബോധനവും പ്രാർഥനാകൂട്ടായ്മകളും നടത്തി വരികയും ചെയ്തു. പെരുനാട് ബഥനിയിൽ താമസിച്ച് പ്രവർത്തിച്ചുവന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുമായി ഇവർ നല്ല സൗഹൃദത്തി ലായിരുന്നു.

മാർ ഈവാനിയോസ് തിരുമേനി മുണ്ടൻമല വിട്ടിറങ്ങുകയും 1930 സെപ്റ്റംബർ 20 ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും ചെയ്തതോടെ വന്ദ്യപിതാവു കാണിച്ചുതന്ന വഴിത്താരയിലൂടെ കത്തോലി ക്കാസഭയിലേക്കു പുനരൈക്യപ്പെടാൻ താല്പര്യമുള്ള ധാരാളമാളുകൾ അടൂർ പ്രദേശത്തിനടുത്തുള്ള തട്ടയിൽ ഉണ്ടായിരുന്നു. പുനരൈക്യത്തെ ത്തുടർന്ന് മാർ ഈവാനിയോസ് പിതാവിന് ഓർത്തഡോക്സ് സഭാവിഭാഗ ത്തിൽപ്പെട്ടവരിൽ നിന്ന് ഭീഷണിയും എതിർപ്പും നേരിടേണ്ടി വന്നു.

1930 നവംബർ മാസം 1-ാം തീയതി മാർ ഈവാനിയോസ് പിതാവ് തുമ്പമൺ പമ്പുമലപള്ളിയിൽ വി. കുർബാന അർപ്പിക്കാൻ തീരുമാനിച്ചു. എന്നാൽ അവിടെ എതിർപ്പുകൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ അനു ഭാവമുള്ള കുറെ ആളുകളുമായി പമ്പുമല പള്ളിയിൽ വി. കുർബാനയ്ക്ക് എത്തണമെന്ന് മാർ ഈവാനിയോസ് പിതാവ് ആവശ്യപ്പെട്ടു. അതനുസ രിച്ച് തട്ടയിൽ നിന്നും ധൈര്യശാലികളായ കുറെ ആളുകൾ പമ്പുമലപള്ളി യിലെത്തി. വി. കുർബാനയ്ക്കുശേഷം തികച്ചും യാദൃശ്ചികമായി തട്ടയിൽ നിന്നും വന്ന എട്ടുപേരെ അവരുടെ താല്പര്യപ്രകാരം മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുത്തുകയുണ്ടായി. ആദ്യ മായി തട്ടയിൽ നിന്നും പുനരൈക്യപ്പെട്ടവർ:-

www.malankaralibrary.com


1. ശ്രീ ഈശോ നെടിയകാലായിൽ
2. ശ്രീ വറുഗീസ് പ്ലാവിളയിൽ
3. ശ്രീ കോശി പ്ലാവിള കിഴക്കേതിൽ
4. ശ്രീ സ്കറിയാ കുളത്തിന്റെ മേലേതിൽ
5. ശ്രീ മത്തായി നെടിയകാലാകിഴക്കേതിൽ (മങ്കുഴിയിൽ)
6. ശ്രീ തോമസ് ഇടപ്പുരയിൽ
7. ശ്രീ സ്കറിയ നാമ്പോഴിൽ
8. ശ്രീ മത്തായി മേച്ചേരി മുകളിൽ

മേല്പറഞ്ഞ 8 പേർ തട്ടയിലെ അഷ്ടദിക്പാലന്മാർ എന്ന് അറിയപ്പെട്ടിരുന്നു. ആരുതന്നെ എതിർത്താലും പിന്തിരിയാതെ പുനരൈക്യപ്പെടാൻ സന്നദ്ധരായി മുന്നോട്ടുവന്ന പിതാക്കന്മാരാണ് ഇവർ. ഇവർ തട്ടയിൽ ഒരു ചാപ്പലും (ഓലഷെഡ്) അതിനോടു ചേർന്ന് അച്ചന്മാർക്കു താമസിക്കാൻ ഒരു ചെറിയ മുറിയും ഇപ്പോഴത്തെ "മാർ ഗ്രിഗോറിയോസ് ഹാൾ" സ്ഥിതി ചെയ്യുന്ന സ്ഥാനത്തു പണിതു. 1930 നവംബർ 30–ാം തീയതി ഫാദർ ജോൺ ഒ.ഐ.സി. ആദ്യമായി ഇവിടെ വി. കുർബാന അർപ്പിച്ചു. ആദ്യകാലത്ത് അക്രൈസ്തവരായ സഹോദരങ്ങൾക്ക് ഇവിടെ പള്ളി വരുന്നതിനോടെ തിർപ്പായിരുന്നു. അവരിൽ ആരോ ചാപ്പലിന് തീ വെച്ചു. അതിന് ഒരു കേസ് നടത്തേണ്ടി വന്നു. 1930 ഒക്ടോബർ 29 ന് ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരുന്നു. കുമ്പഴ അച്ചനാണ് ഈ പ്രശ്നസന്ധിയിൽ പുനരൈക്യപ്പെട്ട മലങ്കര മക്കൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ചത്. വിശ്വാസസ്ഥിരതയുള്ള മക്കൾ ഭഗ്നാശരാകാതെ ഏതു പ്രശ്നത്തെയും നേരിടാൻ തയ്യാറായി മുന്നോട്ടുവന്നു. അവരുടെ താല്പര്യപ്രകാരം മാർ ഈവാനിയോസ് തിരുമേനിയുടെ അനുവാദത്തോടെ വീണ്ടും തട്ടയിൽ വന്ദ്യപിതാവു നിർദേശിച്ച സ്ഥലത്ത് ഒരു ദേവാലയം പണിത് വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ പ്രതിഷ്ഠിച്ച് ആരാധന നടത്തി വന്നു. ഇവിടെ ഒരു വിവാഹം ആശീർവദിക്കാനുണ്ടായിരുന്നു. ആ കർമം തടയുന്നതിന് എതിരാളികൾ കോടതിയിൽ ഹർജി കൊടുത്തു. പെട്ടെന്ന് ഒരു നിരോധന ഉത്തരവ് ഇടീച്ചു. എന്നാൽ ഈ ഉത്തരവു വരുന്നതിന് മുമ്പ് മേടയിൽ കുമ്പഴ അച്ചൻ തട്ടയിൽ എത്തി പുതുതായി നിർമിച്ച പള്ളിയിൽ വെച്ച് കല്യാണം നടത്തി കൊടുക്കുകയും പ്രസ്തുത വിവരം ഗവൺമെന്റ് അധികാരികളെ ഉടനെതന്നെ അറിയിക്കുകയും ചെയ്തു. അങ്ങനെ എതിർപക്ഷത്തിന്റെ ലക്ഷ്യം പരാജയപ്പെടുത്തി.

www.malankaralibrary.com


തട്ടയിൽ പള്ളിവച്ചു കുർബാന അർപ്പിച്ചതിന് കോടതി ശിക്ഷ അനുഭവിച്ച വൈദികനാണ് ഫാദർ ജെയ്ക്കബ് കിളന്ന മണ്ണിൽ. എതിരാളികളുടെ വെല്ലുവിളികളെ സധൈര്യം നേരിട്ടുകൊണ്ട് അദ്ദേഹം പ്രവർത്തനം തുടർന്നു. വൈദികർ വിരളമായിരുന്ന അക്കാലത്ത് തവണകൾ മുടങ്ങുകയും കുറെക്കാലം അവിടെ താമസമില്ലാതെ പള്ളി പൂട്ടിയിടുകയും ചെയ്യേണ്ടതായി വന്നു. പിന്നീട് അതിന്റെ ചുറ്റുമുള്ള കുറെ സ്ഥലം കൂടി വാങ്ങി പ്രവർത്തനമാരംഭിച്ചു. ഇതിനെല്ലാം ചുക്കാൻ പിടിച്ചത് കുമ്പഴ അച്ചനായിരുന്നു. വലിയ നോമ്പിലും കഷ്ടാനുഭവ വാരത്തിലും ദിവ്യകർമങ്ങളും ശുശ്രൂഷകളും പതിവായി നടത്തി വരികയും വിശ്വാസികൾ ഭക്തിപൂർവം അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

ആദ്യകാലത്തു വൈദികർ തവണകളായി ഞായറാഴ്ച വി. കുർബാന അർപ്പിച്ചിരുന്നു. ആരംഭകാലത്ത് ഫാ. ജോൺ ഒ.ഐ.സി., ഫാ. പീലിപ്പോസ് മേടയിൽ, ഫാ. ജേക്കബ് കിളന്നമണ്ണിൽ, ഫാ. സഖറിയാസ് ഏഴിയത്ത്, ഫാ. ജേക്കബ് പുത്തൻവീട്ടിൽ, ഫാ. മത്തായി മുഞ്ഞനാട്ട് കലയപുരം ഇവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫാദർ ദാനിയേൽ പുത്തൻപുരയിൽ 1940–47 വരെ തട്ട ഇടവകയിൽ ശുശ്രൂഷ ചെയ്തു. 1947–50 വരെ സേവനമനുഷ്ഠിച്ച ഫാ. ജോഷ്വാ കുന്നത്തേത് ആണ് തട്ടയിൽ സ്ഥിരതാമസമാക്കിയ ആദ്യ വൈദികൻ.

1. ഫാ. ജോഷ്വാ കുന്നത്തേത്ത് 1947–50
2. ഫാ. തോമസ് കൈതനാൽ 1950–52
3. ഫാ. ആന്റണി കേളമ്പറമ്പിൽ 1952–67

ബ. ആന്റണി കേളമ്പറമ്പിലച്ചന്റെ കാലത്ത് അന്നുണ്ടായിരുന്ന ചാപ്പൽ വിപുലീകരിക്കുകയും മുഖവാരം പണിയുകയും ചെയ്തു. കൂടാതെ മലങ്കര കത്തോലിക്കാസഭയിലെ ആദ്യത്തെ ഗ്രോട്ടോ, മാതാവിന്റെ നാമത്തിൽ തട്ടയിൽ നിർമിക്കുകയുണ്ടായി. 1957 ൽ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി ഇതു കൂദാശ ചെയ്തു. ഇവിടെ ധാരാളം അനുഗ്രഹങ്ങൾ പ. മാതാവു വഴി വിശ്വാസികൾക്കു ലഭ്യമാകുന്നു എന്നത് പ്രസ്താവ്യമാണ്.

ഇന്നു കാണുന്ന തട്ടയിലെ പള്ളി നിർമിച്ചത് 1989 ൽ ഫാദർ ജോഷ്വാ താഴത്തേതിൽ അച്ചന്റെ കാലത്താണ്. മാർ ഈവാനിയോസ് പിതാവ് സ്ഥാന നിർണയം ചെയ്ത് കുരിശടയാളം വരച്ച സ്ഥലത്തു തന്നെയാണ് ഇന്നത്തെ മദ്ബഹാ സ്ഥിതി ചെയ്യുന്നത്. ഭൗതികവും ആത്മീയവുമായി വളരെയധികം പുരോഗതി ഈ ദേവാലയത്തിലെ വിശ്വാസികൾ നേടിയിട്ടുണ്ട്.

www.malankaralibrary.com


ഇടവകക്കാരുടെയും ബ. മാത്യു കയ്യാലയ്ക്കലച്ചന്റെയും താല്പര്യ പ്രകാരം 2006 ൽ ബഥനി പത്തനംതിട്ട പ്രോവിൻസിന്റെ ഒരു മഠം തട്ടയിൽ സ്ഥാപിതമാകുകയും അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് കൂദാശ ചെയ്യുകയും ചെയ്തു. ബഥനി സിസ്റ്റേഴ്സ് ഇവിടെ മിഷ്യൻ പ്രവർത്തനം നടത്തുന്നു. 1947 മുതൽ ഇവിടെത്തന്നെ താമസിച്ചുകൊണ്ട് 20ൽ പരം വൈദികർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1930 മുതൽ ഇന്നു വരെ ഈ ദേവാലയത്തിൽ ത്യാഗപൂർവം സേവനം ചെയ്ത വന്ദ്യവൈദി കരെ എല്ലാ നന്ദിയോടെ ഓർക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാകുന്നു. ഇപ്പോഴത്തെ വികാരി ഫാദർ അഗസ്റ്റിൻ പുലിമറ്റം ആണ്.

**ഈ ഇടവകയിലെ ദൈവവിളികൾ.**

**വൈദികർ**

ഫാദേഴ്സ് : തോമസ് പ്ലാവിളയിൽ, ജോർജ് പ്ലാവിളയിൽ (ജോയിസ്), ബൊനവഞ്ചർ തെക്കേവീട്ടിൽ, ക്രിസോസ്റ്റം കുളത്തിന്റെ മേലേതിൽ ഒ.ഐ.സി., ഗീവറുഗീസ് മാടമണ്ണിൽ, ഗീവറുഗീസ് വലിയ ചാങ്ങവീട്ടിൽ കിഴക്കേതിൽ, ബ്ര. വറുഗീസ് പ്ലാവിളയിൽ.

**സിസ്റ്റേഴ്സ്**

മദർ കാരുണ്യ S.I.C.

സിസ്റ്റേഴ്സ് : ശാന്തി S.I.C, അലക്സിയ S.I.C, ദീപ S.I.C, സ്റ്റാൻസി D.M, ചൈതന്യ S.I.C, ധന്യ S.I.C, ആൻസൽ S.I.C, സെറിൻ S.I.C, തേജൽ S.I.C, സോമി Holy Spirit.

അവിഭക്ത തിരുവനന്തപുരം രൂപതയുടെ ഭാഗമായിരുന്ന ഈ ഇട വക ഇന്ന് പുതുതായി രൂപം കൊണ്ട പത്തനംതിട്ട രൂപതയിലാണ്. 200 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന തട്ട ഇടവക ഇന്ന് രൂപതയ്ക്ക് അഭിമാനമായി നിലകൊള്ളുന്നു.

www.malankaralibrary.com

## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി മാമ്പാറ, R. പെരുനാട്

ബ്രിട്ടീഷ് ഭരണകാലത്ത് തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും സായിപ്പന്മാർ ആയിരക്കണക്കിന് ഏക്കർ സ്വന്തമാക്കി തോട്ടങ്ങൾക്കുടമകളായി ത്തീർന്നിരുന്നു. റാന്നി, പെരുനാട്, ളാഹ ഈ പ്രദേശങ്ങളിൽ Harrison Cross Field Company, എസ്റ്റേറ്റുകളിൽ Plantation നടത്തിവന്നു.

1920 കളിലാണ് ചങ്ങനാശേരിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട (ആശാരിപറമ്പിൽ കുടുംബം) ആന്റണി ഫെർണാണ്ടസ് എന്ന പിതാവും മകൻ ഫ്രാൻസിസ് ഫെർണാണ്ടസും ഈ സ്ഥലത്തു വന്ന് പ്രവർത്തനമാരംഭിച്ചത്. നന്നേ ചെറുപ്പത്തിൽ തന്നെ സമർഥനായ ഒരു കോൺട്രാക്ടർ എന്ന നിലയിൽ അദ്ദേഹം അറിയപ്പെടുകയും Harrison Cross Field Company യുടെ എസ്റ്റേറ്റുകളിൽ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് ഒരു ബിൽഡിംഗ് കോൺട്രാക്ടറായി ഉദ്യോഗം വഹിക്കുകയും ചെയ്തുപോന്നു. സ്വന്തമായി തന്റെ സ്വാധീനത്തിൽ തൊഴിലാളികളും ലോറികളും പണിയായുധങ്ങളുടെ ശേഖരവും ഉണ്ടായിരുന്നു. ഈ പ്രദേശത്ത് ക്രിസ്ത്യാനികൾക്കായി അക്കാലത്ത് ഒരു ആരാധനാലയം ഉണ്ടായിരുന്നില്ല. സ്വന്തം ഭവനത്തിൽ വി. കുർബാന അർപ്പിക്കുന്നതിന് അയിരൂർ നിന്നും വൈദികർ വന്നിരുന്നു. 1926 ൽ പുത്തൻപീടികയിൽ ഫാ. ഗീവറുഗീസ് പീടികയിൽ കൊല്ലം രൂപതയിലേക്കു പുനരൈക്യപ്പെട്ടതിനെ തുടർന്ന് ഫ്രാൻസിസ് ഫെർണാണ്ടസും കുടുംബവും പുത്തൻപീടികയിൽ ഇടവകാംഗങ്ങളായി. വില്ലുവണ്ടിയിൽ ഇടയ്ക്ക് പുത്തൻപീടികയിൽ പോയി വി. കുർബാനയിൽ സംബന്ധിച്ചിരുന്നു. വൈദികർ ഭവനത്തിൽ വന്ന് വി. കുർബാന അർപ്പിച്ചിരുന്ന അവസരങ്ങളിൽ ചുറ്റുപാടുമുള്ള കത്തോലിക്കാ വിശ്വാസികളും ഇതര ക്രിസ്ത്യൻ കുടുംബങ്ങളിലുള്ളവരും ഇവിടെ ആരാധനയിൽ പങ്കെടുത്തിരുന്നു.

പിന്നീട് ഇടനാട്ടു മേലേടത്ത് എം.കെ. ചാക്കോയിൽ നിന്നും കുടുംബ പള്ളിക്കായി മൂന്നര ഏക്കർ വസ്തു വാങ്ങുകയും പെരുനാട്ടിൽ ഒരു താൽക്കാ

www.malankaralibrary.com


ലിക ചാപ്പൽ സ്വന്തമായി നിർമിക്കുകയും ചെയ്തു. കൊല്ലം രൂപതയിൽപ്പെട്ട 7 ലത്തീൻ കുടുംബങ്ങളും പഴയകൂറ്റു വിഭാഗത്തിൽപ്പെട്ട മാളിയേക്കൽ, കരിമ്പനാൽ എന്നീ രണ്ടു കുടുംബങ്ങളും ഈ പള്ളിയിൽ അംഗങ്ങളായിരുന്നു.

കാലക്രമേണ താൽക്കാലിക ചാപ്പലിന്റെ സ്ഥാനത്ത്, കൊല്ലം മെത്രാൻ അഭിവന്ദ്യ ജെറോം ഫെർണാണ്ടസിന്റെ കാലത്ത് കൊല്ലം രൂപതയുടെ കീഴിൽ കരിങ്കൽ ഭിത്തികളോടുകൂടിയ ഒരു പള്ളി ശ്രീമാൻ ഫ്രാൻസിസ് നിർമിച്ചു. ദേവാലയ കൂദാശയെ തുടർന്ന് കൂടുതൽ ആളുകൾ പള്ളിയിൽ വരുന്നതിന് ഇതു കാരണമായി. അയിരൂർ ലൂർദാശ്രമത്തിൽ നിന്നും ഫാദർ ഫൗസ്തീൻ എന്ന കർമ്മലീത്താ വൈദികനും കൊല്ലത്തു നിന്നും പുത്തൻ പീടികയിൽ നിന്നും ലത്തീൻ രൂപതാ വൈദികരും ഫ്രാൻസിസിന്റെ സഹോദരപുത്രൻ ഫാദർ ആന്റണിയും ഇവിടെ വന്ന് വി. കുർബാന അർപ്പിച്ചിരുന്നു. ഈ വൈദികർക്കെല്ലാം അക്കാലമത്രയും ആതിഥ്യമരുളിയിരുന്നത് ഫ്രാൻസിസ് ഫെർണാണ്ടസിന്റെ കുടുംബമാണ്.

1919 ൽ പെരുനാട്ടിൽ മുണ്ടൻ മലയിൽ എം.എ. അച്ചൻ ബഥനി ആശ്രമം സ്ഥാപിച്ചു. അക്കാലം മുതൽ എം.എ. അച്ചനുമായി സുഹൃദ്ബന്ധം പുലർത്തിയിരുന്ന ആളാണ് ശ്രീമാൻ ഫ്രാൻസിസ്. എം.എ. അച്ചൻ 1925 ൽ ഓർത്തഡോക്സ് സഭയിൽ മെത്രാനാകുകയും 1930 ൽ കത്തോലിക്കാലഭയിലേക്കു പുനരൈക്യപ്പെടുകയും ചെയ്തു എന്ന് മുമ്പേ സൂചിപ്പിച്ചിട്ടുണ്ടല്ലോ. കത്തോലിക്കാ മെത്രാനായിത്തീർന്ന മാർ ഈവാനിയോസ് തിരുമേനിയോടുള്ള ബന്ധവും സ്നേഹവും ഇതോടുകൂടി ദൃഢതരമായി. കുടുംബപള്ളിയായി സ്വന്തമായി നിർമിച്ച തന്റെ പള്ളിയും, അതിന്റെ സംവിധാനങ്ങളും എല്ലാ ഉപകരണങ്ങളും, അതോടു ചേർന്നുള്ള മേടയും, മൂന്നര ഏക്കർ വസ്തുവും മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർ ഈവാനിയോസ് തിരുമേനിക്ക് ശ്രീമാൻ ഫ്രാൻസിസ് ഫെർണാണ്ടസ് വിട്ടുകൊടുക്കുകയുണ്ടായി.

അങ്ങനെ 1930 ൽ തന്നെ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളി സ്ഥാപിതമായി.

ആദ്യകാല കുടുംബങ്ങൾ:-

1. കുറ്റിക്കയം ഫ്രാൻസിസ് ഫെർണാണ്ടസും കുടുംബവും
2. ഇടനാട്ടു മേലേടത്ത് എം.കെ. ചാക്കോയും കുടുംബവും
3. പുന്നത്തു തുണ്ടിയിൽ ദത്തോസും കുടുംബവും
4. പുന്നത്തു തുണ്ടിയിൽ അവറാച്ചനും കുടുംബവും
5. കാലായിൽ വറുഗീസും കുടുംബവും

www.malankaralibrary.com


6. പാറയ്ക്കൽ മത്തായിയും കുടുംബവും
7. പുതുപ്പറമ്പിൽ സ്റ്റീഫൻ ഗോമസും കുടുംബവും
8. കുളങ്ങര മഠത്തിൽ കുഞ്ഞച്ചനും കുടുംബവും
9. മാളിയേക്കൽ ജോസഫും കുടുംബവും
10. പള്ളിപ്പറമ്പിൽ സെബസ്ത്യാനോസും കുടുംബവും
11. പള്ളിപ്പറമ്പിൽ പി.ജി. മണിയും കുടുംബവും
12. പുത്തൻപുരയ്ക്കൽ ആഞ്ചലോസ് ഡിക്രൂസും കുടുംബവും
13. വടക്കേച്ചരുവിൽ ആശീർവാദം മേസ്തിരിയും കുടുംബവും
14. പീടികയിൽ അവിറാച്ചനും കുടുംബവും
15. കരിമാലൂർ ഉണ്ണിച്ചേട്ടനും കുടുംബവും
16. വലയതറയിൽ വറുഗീസും കുടുംബവും
17. ഇടത്തിൽ ജോസഫും കുടുംബവും

മാർ ഈവാനിയോസ് തിരുമേനി ദേവാലയം ഏറ്റുവാങ്ങിയ കാലം മുതൽ ഇവിടെ സ്ഥിരമായി വി. കുർബാനയും ആരാധനയും കൂദാശകർമ്മങ്ങളും നടത്തിവന്നു. കുമ്പഴ അച്ചൻ ആദ്യകാലത്തെ മിഷ്യനറിയായിരുന്നു. പുനരൈക്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും ഇവിടെ വരികയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. ബഥനിക്കേസ് പ്രമാണിച്ച് മാനേജർ ചാക്കോച്ചൻ, മലഞ്ചരുവിൽ മത്തായി സാർ, മത്തായി പണിക്കർ ഇവരോടൊത്ത് പലപ്രാവശ്യം പെരുനാട്ടിൽ വന്നിട്ടുണ്ടെന്നുള്ളത് ഡയറിക്കുറിപ്പിൽ നിന്നും മനസിലാകുന്നു. 1947 ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുകയും ബ്രിട്ടീഷുകാരുടെ പ്രാമാണ്യം അസ്തമിക്കുകയും ചെയ്തതോടെ സായിപ്പന്മാരെല്ലാം ഇവിടെ നിന്നും പിൻവാങ്ങുകയും, നാട്ടുകാർ എസ്റ്റേറ്റുകൾ സ്വന്തമാക്കി ഉടമകളായിത്തീരുകയും ചെയ്തു. മലങ്കര കത്തോലിക്കാ ഇടവകയായ മാമ്പാറപ്പള്ളിയിലേക്ക് ധാരാളമാളുകൾ പുനരൈക്യപ്പെട്ട് ഒരു വലിയ ഇടവകയായിത്തീർന്നു. ഇടവകമക്കളെ ആത്മീയമായി നയിക്കുന്നതിന് നിരവധി വൈദികർ ഇവിടെ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

## ഇവിടെ സേവനമനുഷ്ഠിച്ച വൈദികർ

ഫാ. പീലിപ്പോസ് മേടയിൽ, ഫാ. മാത്യു തേക്കുംകാട്ടിൽ, ഫാ.ജോസഫ് മുണ്ടപ്പള്ളിൽ, ഫാ. സാമുവൽ തെങ്ങുവിളയിൽ, ഫാ. ഒ.കെ. വറുഗീസ് ഇടത്തിൽ, ഫാ. ജോർജ് പുറത്തൂട്ട്, ഫാ. ജോഷ്വാ തെക്കേച്ചരുവിൽ, ഫാ. ജോഷ്വാ പീടികയിൽ, ഫാ. ചെറിയാൻ മായിക്കൽ, ഫാ. തോമസ് പുതുപ്പറമ്പിൽ, ഫാ. ജോൺ. സി. പുത്തൻവീട്, ഫാ. ഏബ്രഹാം മണ്ണിൽ, ഫാ. വറുഗീസ് കൂത്തനേത്ത്, ഫാ. മാത്യു വാഴപ്പി

www.malankaralibrary.com


ള്ളേത്ത് (കുരിശുമല മാത്യൂസ് റമ്പാൻ), ഫാ. തോമസ് ഈട്ടിക്കാലായിൽ, ഫാ. ജോസി ചിറയത്ത്. ഫാ. ജോർജ് പനന്തുണ്ടിയിൽ ഉൾപ്പെടെ സഹവികാരിമാരായി 18 ൽ പരം വൈദികർ ഇവിടെ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

ഇപ്പോഴത്തെ ഇടവകവികാരി ഫാദർ ഗീവറുഗീസ് പാലമൂട്ടിൽ ആണ്. ഇടവകയിൽ ഇപ്പോൾ 125 കുടുംബങ്ങളുണ്ട്. കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ച്, ഒരു കൂട്ടായ്മയായി ഈ ഇടവക നിലനിൽക്കുന്നു.

1964 ൽ ഫ്രാൻസിസ് ഫെർണാണ്ടസിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ ഫ്രാൻസിസ് തോമസ് (ജോയിച്ചൻ) സഭയുടെ എല്ലാ കാര്യങ്ങളിലും മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ സഹധർമിണി (മമ്മാ) എലിസബത്ത് തോമസും മക്കളും ഇപ്പോഴും ഈ ഇടവകയിലെ സജീവാംഗങ്ങളാണ്. ഈ കുടുംബത്തിലെ പരേതരായ മാതാപിതാക്കന്മാരെയും ഫ്രാൻസിസ് തോമസിനെ (ജോയിച്ചൻ) യും മരണമടഞ്ഞ മറ്റു കുടുംബാംഗങ്ങളെയും ഈ പള്ളിയോടു ചേർന്നു തന്നെ പൂജ്യമായി സംസ്കരിച്ചിരിക്കുന്നു. കുറ്റിക്കയം കുടുംബത്തോട് നമുക്ക് വളരെയേറെ കടപ്പാടുണ്ട് എന്നുള്ളത് വിസ്മരിക്കാവതല്ല.

മാമ്പാറപ്പള്ളിയുടെ വളർച്ചയും പുരോഗതിയും അത്ഭുതാവഹമാണ്. മാർ ഈവാനിയോസ് തിരുമേനിയുടെ പാദസ്പർശമേറ്റ ഈ പുണ്യഭൂമിയിൽ സ്ഥിതി ചെയ്യുന്ന സെന്റ് മേരീസ് ദേവാലയം പത്തനംതിട്ട രൂപതയിലെ ഒരു തീർഥാടന ദേവാലയമായി പ്രഖ്യാപിച്ചിരിക്കുന്നു.

എല്ലാവർഷവും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പട്ടത്തുള്ള കബറിങ്കലേക്കു എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ "പദയാത്ര" പുറപ്പെടുന്നത് ഈ പുണ്യഭൂമിയിൽ നിന്നാണ്. അനേകായിരം മലങ്കര മക്കൾ എല്ലാവർഷവും ജൂലൈ മാസത്തിൽ ഇവിടെ എത്തുകയും ഭക്തിനിർഭരമായ പദയാത്രയിൽ പങ്കെടുക്കുകയും ചെയ്യുന്നു.

**ഈ ഇടവകയിൽ നിന്നുമുള്ള ദൈവവിളികൾ:**

ഫാദേഴ്സ് : മാത്യു കാലായിൽ, ഏബ്രഹാം മണ്ണിൽ, ഐസക്ക് പാറയ്ക്കൽ ഒ.ഐ.സി., മാത്യു പാറയ്ക്കൽ ഒ.ഐ.സി., സിബി ജേക്കബ് ഒറ്റക്കല്ലിൽ, ചാൾസ് മേലേടത്ത്.

ബ്രദർ അലക്സ് വറുഗീസ് മുളങ്കുന്നേൽ O.I.C

സിസ്റ്റേഴ്സ്: ജോസ്ലിൻ എസ്.ഐ.സി., അഞ്ജലി എസ്.ഐ.സി., ആൽഫി എസ്.ഐ.സി.

www.malankaralibrary.com

## സെന്റ്പോൾസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി രാമഞ്ചിറ, തുമ്പമൺ നോർത്ത്

പുനരൈക്യപ്രസ്ഥാനം ആവിർഭവിക്കുന്നതിനു 7 വർഷങ്ങൾക്കു മുമ്പ് 1923 മെയ് 8-ാം തീയതി തന്റെ 70-ാം വയസിൽ വിപ്ലവാത്മകമായ ചുവടുകളിൽ കൂടെ നടന്ന് സത്യം തിരിച്ചറിഞ്ഞ് കത്തോലിക്കാവിശ്വാസം സ്വീകരിച്ച മഹാനും ധീരനുമായ ഒരു പുണ്യപിതാവാണ് ചക്കാലമണ്ണിൽ തൊമ്മൻ കോരുത് 'തുമ്പമൺ വല്യപ്പൻ' എന്ന അപരനാമത്തിൽ അദ്ദേഹം അറിയപ്പെട്ടു. ഫാദർ കോശി ചക്കാലമണ്ണിൽ അവർകളുടെ പിതൃവ്യനാണ് ഈ പിതാവ്. ഈ പിതാവിന്റെ ചരിത്രം പുൻതലമുറയ്ക്ക് കൈമാറേണ്ടത് നമ്മുടെ കടമയാണ് എന്ന ബോദ്ധ്യത്തിൽ ഇവിടെ ചുരുക്കമായി ചേർക്കുന്നു.

1922 മെയ് മാസത്തിൽ പന്തളത്ത് കുളനടയിൽ താമസിച്ചിരുന്ന കർമ്മലീത്താ മിഷ്യനറിമാരായ വൈദികരെ അദ്ദേഹം കാണുന്നതിനിടയായി. അവരിൽ നിന്നും കത്തോലിക്കാസഭയെപ്പറ്റി അവഗാഹം പഠിക്കുകയുണ്ടായി. ഏറ്റം പുരാതനമായ സഭ അതാണെന്നും ലോകത്തിലെ ഭൂരിഭാഗം ക്രിസ്ത്യാനികളും അതിലെ അംഗങ്ങളാണെന്നും ക്രിസ്തു സ്ഥാപിച്ച സഭ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ ഒന്നേയുള്ളൂ എന്നും മനസിലാക്കിയ ഈ പിതാവ് സഭയെപ്പറ്റി കൂടുതൽ ജ്ഞാനം നേടാൻ അവരെ തുടരെ സമീപിക്കുകയും വീട്ടിലുള്ളവരെ അറിയിച്ചശേഷം ധൈര്യപൂർവം കർമ്മലീത്താ വൈദികരുടെ അക്കാലത്തെ ആസ്ഥാനമായ കൊട്ടാരക്കര എത്തി താമസിച്ച് പഠനം നടത്തി കത്തോലിക്കാസഭയിൽ ചേരുകയാണുണ്ടായത്. ഇതറിഞ്ഞ് വീട്ടിലും, നാട്ടിലും ബഹളവും എതിർപ്പുമുണ്ടായെങ്കിലും പിന്തിരിഞ്ഞില്ല.

യാക്കോബായസഭയിൽ ജനിച്ചു വളർന്ന അദ്ദേഹം ചെറുപ്പത്തിൽ തന്നെ മാർത്തോമ്മായിൽ ചേരുകയും, പിന്നീട് സത്യം തിരിച്ചറിഞ്ഞ് കത്തോലിക്കാസഭയിൽ ചേരുകയും ചെയ്തു. കത്തോലിക്കനായതു മുതൽ മരണം വരെ കോരുതു വല്യപ്പൻ ഒരു ക്രൂശിത രൂപം കഴുത്തിൽ ധരിച്ചിരുന്നു.

www.malankaralibrary.com


തുമ്പമൺ പ്രദേശത്തുള്ളവർ പരിഹാസങ്ങൾ ചൊരിഞ്ഞു. സ്വഭവനാംഗങ്ങൾ, സമുദായാംഗങ്ങൾ, സ്നേഹിതർ, തദ്ദേശവാസികൾ ഇവരുടെ എതിർപ്പും പരിഹാസവും ഏറ്റുവാങ്ങിക്കൊണ്ട് വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ക്രിസ്തുവിന്റെ ധീരപടയാളിയായി മുന്നേറി. അങ്ങനെ ധനമോ പ്രൗഢിയോ, ബഹുമതിയോ കാംക്ഷിക്കാതെ അദ്ദേഹം കുരിശിന്റെ ദാഷത്വത്തിൽ ആനന്ദം കണ്ടെത്തി. രാമഞ്ചിറ, തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്ത് 1925 ൽ ഒരു ചാപ്പൽ പണിയിക്കുകയും കൊട്ടാരക്കരയിൽ നിന്ന് മിഷ്യനറി വൈദികർ വന്ന് അവിടെ ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. ബ. ഗ്രിഗറി റ്റി.ഒ.സി.ഡി. അച്ചനായിരുന്നു അന്ന് നേതൃത്വം നൽകിയിരുന്നത് എന്ന് അദ്ദേഹത്തിന്റെ "മിഷ്യൻ സ്മരണകൾ" (1921–25) എന്ന ഗ്രന്ഥത്തിൽ നിന്നും മനസിലാകുന്നു.

1930 നുശേഷം മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു ശേഷം അദ്ദേഹത്തോടൊപ്പം പുനരൈക്യസംരംഭങ്ങളിൽ പങ്കാളിയാകുകയും തുമ്പമൺ വടക്കേക്കരയിൽ തന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലവും പണിതുയർത്തിയ ചാപ്പലും തിരുവനന്തപുരം അതിരൂപതയ്ക്ക് കൈമാറുകയും ചെയ്തു. സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളിയായി തീർന്നത് ഈ ചാപ്പൽ ആണ്.

രാമഞ്ചിറ മലങ്കര കത്തോലിക്കാ ഇടവക കൂട്ടായ്മ ഉണ്ടാകുന്നതിന് കാരണക്കാരൻ 'തുമ്പമൺ വല്യപ്പൻ' എന്നറിയപ്പെടുന്ന ചക്കാലമണ്ണിൽ തൊമ്മൻ കോരുത് ആണ്. അദ്ദേഹത്തോടും കുടുംബത്തോടും മലങ്കര കത്തോലിക്കാ സഭ വളരെ അധികം കടപ്പെട്ടിരിക്കുന്നു.

ആദ്യകാലകുടുംബാംഗങ്ങൾ:–

1. ചക്കാലമണ്ണിൽ തൊമ്മൻ കോരുതും കുടുംബവും
2. ചക്കാലമണ്ണിൽ (പുത്തൻപുരയ്ക്കൽ) സി.എം. മാത്യുവും കുടുംബവും
3. ചക്കാലമണ്ണിൽ പ്ലാവിനാൽ ഈപ്പൻ വറുഗീസും കുടുംബവും
4. ചക്കാലമണ്ണിൽ കണ്ണംപൊയ്കയിൽ ചാക്കോച്ചനും കുടുംബവും
5. ചിറയിൽ കോശിയും കുടുംബവും
6. പറങ്കാവിള ദാനിയേലും കുടുംബവും
7. കാഞ്ഞിരംതടത്തിൽ ചാക്കോയും കുടുംബവും
8. തഴയിൽ വടക്കേക്കര പീലിപ്പോസും കുടുംബവും
9. പുത്തൻകണ്ടത്തിൽ മത്തായിയും കുടുംബവും
10. കാട്ടുവിളയിൽ യോഹന്നാനും കുടുംബവും

www.malankaralibrary.com


തുമ്പമൺ വടക്കേക്കര രാമഞ്ചിറ ഇടവക ആദ്യകാലത്ത് 1930–84 വരെ രാമഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്കാപള്ളി എന്ന പേരിൽ അറിയപ്പെട്ടിരുന്നു. രാമഞ്ചിറ ഇടവകയിൽ ആദ്യകാലത്ത് കുമ്പഴ അച്ചൻ പുനരൈക്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നു. പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ വികാരിയായി പ്രവർത്തിച്ചിരുന്ന കാലത്ത് വൈദികരില്ലാത്ത അവസരങ്ങളിൽ അവിടെ ആദ്യമിഷ്യനറിയായി പ്രവർത്തിക്കുകയും തുമ്പമൺ വല്യപ്പനുമായി സൗഹൃദം പുലർത്തുകയും ചെയ്തിരുന്നു. തുമ്പമൺ വല്യപ്പന്റെ സഹധർമ്മിണി പുനരൈക്യത്തിന്റെ പ്രാരംഭകാലത്തു തന്നെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയും 1934 ൽ മരണം പ്രാപിക്കുകയും ചെയ്തു. ഇരുപുത്രന്മാരിൽ മാർത്തോമ്മാ സഭയിലായിരുന്ന ഇളയമകൾ സി.കെ. കോശി കുടുംബസമേതം തന്റെ പിതാവിന്റെ സംസ്കാര ദിവസം തന്നെ 1937ലും, യാക്കോബാസഭയിലായിരുന്ന സഹോദരപുത്രൻ സി.എം. മാത്യുവും കുടുംബവും 1942 ലും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു.

തുമ്പമൺ വല്യപ്പൻ 1937 ആഗസ്റ്റ് 8–ാം തീയതി തന്റെ ത്യാഗപൂർണമായ ജീവിതത്തിനുശേഷം 84–ാം വയസിൽ ഭാഗ്യമരണം പ്രാപിച്ചു. അദ്ദേഹത്തിന്റെ മൃതശരീരം മലങ്കര കത്തോലിക്കാ സഭയ്ക്ക് താൻ എഴുതികൊടുത്ത വസ്തുവിൽ രാമഞ്ചിറ സെന്റ് പോൾസ് ദേവാലയ സെമിത്തേരിയിൽ പൂജ്യമായി സംസ്കരിക്കപ്പെട്ടു. കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ പുനരൈക്യപ്പെട്ട വൈദികരും തുമ്പമൺ, തട്ട, കുമ്പഴ, പത്തനംതിട്ട, മൈലപ്ര തുടങ്ങിയ ഇടവകകളിൽ നിന്നുള്ള ധാരാളമാളുകളും സംബന്ധിച്ചിരുന്നു. തുമ്പമൺ ഫാദർ ജേക്കബ് പുത്തൻ വീട്ടിൽ, കുമ്പഴ അച്ചൻ ഇവർ നേതൃത്വം വഹിച്ചു. നാനാജാതി മതസ്ഥരുൾപ്പെടെ ഒരു വലിയ ജനാവലി സംസ്കാരത്തിൽ പങ്കെടുത്തു. രണ്ടോ മൂന്നോ കടത്തുവള്ളമായിട്ടാണ് കൊടിയും കുടയും കുരിശുമെല്ലാം എടുത്തിട്ടുള്ള ജനങ്ങളെ തെക്കേ കരയിൽ നിന്നും വടക്കേ കരയിലേക്കിറക്കി കൊണ്ടിരുന്നത്. കുരിശും കൊടിയും കുടയുമെല്ലാം അതാതുപള്ളിക്കാർ, ആരും ആവശ്യപ്പെടാതെ തന്നെ സ്വമേധയാ കൊണ്ടുവരികയായിരുന്നു. തുമ്പമൺ വല്യപ്പന്റെ വ്യക്തിപ്രഭാവം, വിശ്വാസദാർഢ്യം, ധീരത, സഭാസേവനം, നർമരസം തുളുമ്പുന്ന സംഭാഷണങ്ങൾ ഇവയെപ്പറ്റിയെല്ലാം പരാമർശിച്ച് വന്ദ്യചേപ്പാട്ടു പീലിപ്പോസ് റമ്പാൻ ചരമ പ്രസംഗം നടത്തി. ആ പ്രദേശത്ത് ഒരിക്കലും ദർശിച്ചിട്ടില്ലാത്ത തരത്തിൽ ഭക്തിനിർഭരവും ആർഭാടപൂർവവുമായ ഒരു സംസ്കാരം അദ്ദേഹത്തിനു നൽകി ആദരിച്ചു. ഒരു കത്തോലിക്കനായിതീർന്ന നിമിഷം മുതൽ ആയുഷ്പര്യന്തം, അഹോരാത്രം വിശ്രമമില്ലാതെ പ്രതിസന്ധികളെ സധൈര്യം നേരിട്ട് പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പടവെട്ടി വിജയശ്രീലാളിതനാ

www.malankaralibrary.com


യിത്തീർന്ന അത്മായ പ്രേഷിതനായ തുമ്പമൺ വല്യപ്പനെ "പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം" എന്നുതന്നെ വിശേഷിപ്പിക്കാം.

1930–84 വരെയുള്ള കാലഘട്ടത്തിൽ സെന്റ് തോമസ് ഇടവകയിലുണ്ടായിരുന്ന അംഗങ്ങളുടെയും 1984 മുതൽ പുനർനാമകരണം ചെയ്യപ്പെട്ട രാമഞ്ചിറ സെന്റ് പോൾസ് ഇടവകാംഗങ്ങളുടെയും പേരുകളും, ഇടവകയിൽ സേവനം ചെയ്ത വൈദികരുടെ പേരുകളും സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പനെപ്പറ്റി, എഴുതിയിട്ടുള്ള "പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം" എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല. (പേജ് 121–127).

അവിഭക്ത തിരുവനന്തപുരം അതിരൂപതയിലുള്ള അനേകം ഇടവകകളിലും തുടർന്ന് മാവേലിക്കര രൂപതയിലും സേവനമനുഷ്ഠിക്കുകയും, ഇപ്പോൾ മാവേലിക്കര രൂപതയിൽ കല്ലുമല സെന്റ് ജോൺ മരിയവിയാനി ക്ലെർജി ഹോമിൽ വിശ്രമിക്കുകയും ചെയ്യുന്ന ഫാദർ കോശി ചക്കാലമണ്ണിൽ, പരേതരായ സിസ്റ്റർ വിക്റ്റിമ എസ്.ഡി., സിസ്റ്റർ സെബിയ എസ്.ഐ.സി. ഇവർ ഈ മഹാനായ പിതാവിന്റെ കൊച്ചുമക്കളാണ് എന്ന് പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ട്. ഈ പിതാവിന്റെ പിൻതലമുറക്കാർ കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരും സഭയിലെ സജീവാംഗങ്ങളുമാണ്. ചക്കാലമണ്ണിൽ പുത്തൻപുരയ്ക്കൽ റെജി, ബിജു തുടങ്ങിയവർ തുമ്പമൺ വല്യപ്പന്റെ പിൻതലമുറക്കാരാണ്.

അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായിരുന്ന രാമഞ്ചിറ ഇടവക 2010–ൽ പത്തനംതിട്ട രൂപതയുടെ ഭാഗമായിത്തീർന്നു. ഇന്ന് ഇടവകയിൽ 33 കുടുംബങ്ങളുണ്ട്. ഇടവക വികാരി തോമസ് മേപ്പുറത്ത് ആണ്.

www.malankaralibrary.com

## സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി പുതുശേരിമല

നാനാജാതി മതസ്ഥർ താമസിക്കുന്ന റാന്നി–പെരുനാട് വൈദിക ജില്ലയിൽ പെട്ട ഒരു ഭൂവിഭാഗമാണിത്. "കല്ലൂപ്പാറ മാത്തൻ" എന്നറിയപ്പെട്ടിരുന്ന പുലിഅള്ളുങ്കൽ മാത്തൻ പുതുശേരിമലയിൽ ഒരു പള്ളി വേണമെന്നു പറഞ്ഞ് 1930 ൽ തന്റെ വക കുറെ സ്ഥലം പള്ളിക്കായി തിരുവനന്തപുരം അതിരൂപതയ്ക്കെഴുതി കൊടുത്തു. ആ സ്ഥലം പോയിക്കണ്ട് പള്ളിക്കു കൊള്ളാമോ എന്നറിയാൻ പുലിക്കോട്ടു റമ്പാച്ചനെ അയച്ചു. മാത്തന്റെ വീട്ടുകാരല്ലാതെ അവിടെ അധികമാരും ഇല്ലായിരുന്നു. അന്ന് അവിടം അച്ചന്മാർക്കും മറ്റും ചെന്നുപറ്റാൻ പ്രയാസമുള്ള ഒരു സ്ഥലമായിരുന്നു. റമ്പാച്ചന്റെ റിപ്പോർട്ടാണു രസകരം "എന്താ റമ്പാച്ചാ, പുതുശേരിമലയ്ക്കു പോയോ?" "പോയി". "എന്താ തരക്കേടില്ലേ?" "തരക്കേടില്ല." കുറുക്കനു പട്ടം കൊടുത്താലേ അവിടെ നടത്താൻ പറ്റൂ" എന്നായിരുന്നു റമ്പാച്ചന്റെ മറുപടി" അന്ന് അങ്ങനെയായിരുന്നെങ്കിലും ഇപ്പോൾ വളരെ ഭേദപ്പെട്ടിട്ടുണ്ട്. നീരൊഴുക്കുള്ള തോടു കടക്കാൻ പാലം തീർന്നിട്ടുള്ളതുകൊണ്ട് അവിടെ ചെന്നു പറ്റാൻ സൗകര്യമുണ്ട്." "ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചന്റെ പൂർവകാലസ്മരണകൾ".

പ്രാരംഭകാലത്ത് 1931 ൽ അവിടെ ഒരു താൽക്കാലിക ഷെഡ് – ഓല മേഞ്ഞു നിർമിച്ച് ആരാധന നടത്തിവന്നു. വനപ്രദേശത്തു കൂടിയുള്ള യാത്ര വളരെ ദുഷ്കരമായിരുന്നു. അട്ടയും പുഴുവും വന്യമൃഗങ്ങളുടെ ശല്യവും ഒക്കെ തരണം ചെയ്തു നമ്മുടെ വൈദികർ ഇടയ്ക്കിടെ അവിടെ പോയി മിഷ്യൻ പ്രവർത്തനം നടത്തിയിരുന്നു എന്നത് നമുക്ക് അദ്ഭുതം ജനിപ്പിക്കുന്നു. പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ കുമ്പഴ അച്ചൻ അവിടെ ഒരു മിഷ്യനറിയായിരുന്നു എന്നു രേഖകളിൽ നിന്നും മനസിലാകുന്നു.

ആദ്യകാലത്തെ കുടുംബങ്ങൾ:–

1. മാത്തനും കുടുംബവും പുലിഅള്ളുങ്കൽ

www.malankaralibrary.com


2. കുഞ്ഞാസിയും കുടുംബവും പുലിഅള്ളുങ്കൽ
3. റ്റി.സി. മാത്യുവും കുടുംബവും, തേവർ തോട്ടത്തിൽ
4. മാത്യു ഏബ്രാഹവും കുടുംബവും തേവർ തോട്ടത്തിൽ
5. സാമുവേലും കുടുംബവും തേവർതോട്ടത്തിൽ
6. ചാണ്ടിയും കുടുംബവും തുണ്ടത്തിൽ
7. കുരുവിളയും കുടുംബവും പതാലിൽ
8. വറുഗീസും കുടുംബവും കുറത്തുവേലിൽ

പുനരൈക്യപ്പെട്ട മലങ്കര മക്കൾ തീക്ഷ്ണതയുള്ളവരും അദ്ധ്വാന ശീലമുള്ളവരുമായിരുന്നു. വൈദികർ നന്നേ കുറവായിരുന്ന ആദ്യകാലങ്ങളിൽ രണ്ടു മാസത്തിലൊരിക്കലും പിന്നീട് മാസത്തിലൊരിക്കലും അവിടെ വി. കുർബാനയും ശുശ്രൂഷകളും നമ്മുടെ പുനരൈക്യപ്പെട്ട വൈദികർ നടത്തിയിരുന്നു. ഇടക്കാലത്ത് പള്ളിയിൽ മുറയ്ക്ക് കുർബാന നടത്താൻ വൈദികരില്ലാതെ വിഷമിക്കേണ്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. കുമ്പഴ അച്ചനെ തുടർന്ന് ഫാദർ എ.ജി. ഏബ്രാഹം മൈലപ്രാ അവിടെ മിഷ്യൻ പ്രവർത്തനം നടത്തിയിട്ടുണ്ട്.

1945 ൽ കരിങ്കൽ ഭിത്തികളുള്ള ഒരു കെട്ടിടം നിർമിച്ചു. 37′x25′ വരുന്ന ആ ചെറിയ ഹോളിൽ 50 ഓളം പേർക്ക് കുർബാന കാണാനുള്ള സൗകര്യമേ ഉണ്ടായിരുന്നുള്ളൂ. ഈ പള്ളിയിൽ ജോഷ്വാ പീടികയിൽ അച്ചൻ ഒന്നിൽ കൂടുതൽ പ്രാവശ്യം വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1994–ൽ ഫാദർ ജേക്കബ് കുളങ്ങര വികാരിയായി വന്നു. അക്കാലത്ത് ഏതാനും വീട്ടുകാരെ സഭയിലേക്ക് സ്വീകരിക്കുകയുണ്ടായി. ഞായറാഴ്ച പതിവായി വി. കുർബാന ഉണ്ടായിരുന്നു. സണ്ടേസ്കൂൾ ആരംഭിച്ചു. 'നായിക്കന്മാർ' എന്ന വിഭാഗക്കാർ ഇടവകയിൽ കൂടിനടക്കുകയും ചില കുടുംബങ്ങൾ സഭാംഗങ്ങളാകുകയും ചെയ്തു. എന്നാൽ പിൽക്കാലത്ത് അവരുടെ കുടുംബങ്ങൾ പലതും പിരിഞ്ഞു പോകുകയാണുണ്ടായത്. ക്നാനായ യാക്കോബായ വിഭാഗങ്ങളിൽപ്പെട്ടവർ പുനരൈക്യപ്പെട്ട് ഇവിടെ സഭാംഗങ്ങളായി തീർന്നിട്ടുണ്ട്.

1996 ൽ ഫാ. യോഹന്നാൻ മുളമൂട്ടിൽ ഇവിടെ വികാരിയായി വന്നു. തുടർന്ന് ഫാ. തോമസ് കിഴക്കുംകര, ഫാ. ജോൺ കിഴക്കേകര, ഫാ. ജോൺ വറുഗീസ് പാലനിൽക്കുന്നതിൽ – ഇവർ ഇവിടെ വികാരിമാരായി സേവനം ചെയ്തിട്ടുണ്ട്.

2009 മുതൽ '18 വരെ ഫാദർ ജോർജ് OFm Cap, ഫാ. മാർട്ടിൻ, ഫാ. റ്റോം കണ്ണന്താനം, ഫാ. മാത്യു താണ്ടിടക്കുടി, ഫാ. തോമസ് പടിപ്പുരയ്ക്കൽ എന്നീ കപ്പൂച്ചിൻ വൈദികരാണ് ഇവിടെ സേവനമനുഷ്ഠിച്ചത്.

www.malankaralibrary.com


ബ. തോമസ് പടിപ്പുരയ്ക്കലച്ചന്റെ കാലത്ത് പുതിയ ഒരു ദേവാലയം പുതുശേരി മലയിൽ നിർമിക്കുന്നതിനായി ഇടവക ജനങ്ങളുടെ താല്പര്യ പ്രകാരം രൂപതയുടെ അനുവാദത്തോടെ അച്ചനും ഇടവകാംഗങ്ങളും ചേർന്ന് ഫണ്ടുശേഖരണം നടത്തുകയുണ്ടായി.

2018 ൽ ബ. അച്ചൻ സ്ഥലം മാറിപ്പോകുകയും പകരം ഫാദർ പീലിപ്പോസ് ചരിവു പുരയിടത്തിൽ വികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. പള്ളി പണിക്കുവേണ്ടിയുള്ള ധനശേഖരണം തുടരുന്നു. കൺസ്ട്രക്ഷൻ കൺവീനറായി അച്ചൻകുഞ്ഞ് കിഴക്കേ കാലായിൽ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

വിവിധ സമുദായങ്ങളിൽപ്പെട്ടവർ ഇടകലർന്ന് രമ്യതയിൽ കഴിയുന്ന ഒരു ഗ്രാമപ്രദേശമാണിത്. അയ്യപ്പഭക്തർ തീർഥാടനത്തിനു പോകുന്നത് പുതുശേരിമല പള്ളിയുടെ താഴ്വാരത്തു കൂടിയാണ്. അവരുടെ ഒരു പ്രധാന കേന്ദ്രമാണ് ഈ സ്ഥലം.

ഇപ്പോൾ ഈ ഇടവകയിൽ 37 കുടുംബങ്ങളുണ്ട്. 23 കുടുംബങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. മലമേൽ കൊളുത്തിയ ദീപം കണക്കേ, നമ്മുടെ നൂതന ദേവാലയം സർവജനങ്ങൾക്കും പ്രകാശം ചൊരിഞ്ഞ് സമാധാനവും സന്തോഷവും ആശ്വാസവും പ്രദാനം ചെയ്യട്ടെ!

www.malankaralibrary.com

## സെന്റ്മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി പമ്പുമല

തുമ്പമണ്ണിനു വടക്കുഭാഗത്തായി പമ്പുമല സെന്റ് മേരി ഇമ്മാക്കുലേറ്റ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി സ്ഥിതി ചെയ്യുന്നു. പുനരൈക്യത്തിന്റെ ആരംഭദശയിൽ തന്നെ 1930 ൽ ഇവിടെ ചാപ്പൽ വച്ച് ആരാധന നടത്തി വന്നു. ബഥനി മെത്രാച്ചൻ നേരത്തെ തന്നെ ഈ പ്രദേശത്ത് മിഷ്യൻ പ്രവർത്തനം നടത്തിവന്നിരുന്നു. പുനരൈക്യസംഭവത്തെ തുടർന്ന് അവിടെ പല കുടുംബങ്ങളും പുനരൈക്യപ്പെടുന്നതിന് തയ്യാറായി. ചെന്നീർക്കരയിൽ ചെന്ന് പല കുടുംബങ്ങളെയും കത്തോലിക്കാസഭയിലേക്ക് കുമ്പഴ അച്ചൻ പുനരൈക്യപ്പെടുത്തിയതായി അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പിൽ കാണുന്നു.

കാലായിൽ കിഴക്കേതിൽ കുടുംബം വക വസ്തു തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി മാർ ഈവാനിയോസ് തിരുമേനി വാങ്ങുകയും അവിടെ ഒരു ചാപ്പൽ വയ്ക്കുകയും ചെയ്തു. കാലായിൽ കിഴക്കേതിൽ വറുഗീസിനെയാണ് പള്ളിപണിയുടെ ചുമതല ഏല്പിച്ചത്. പുനരൈക്യപ്പെട്ട മലങ്കരമക്കളുടെ കഠിനാദ്ധ്വാനവും ഉത്സാഹവും മൂലം പള്ളിപണി അതിവേഗം പൂർത്തിയാക്കി. പുനരൈക്യത്തിനുശേഷം ഈ പ്രദേശത്തു സ്ഥാപിച്ച ആദ്യത്തെ ദേവാലയമാണിത്.

ആദ്യകാലത്തെ ഇടവകാംഗങ്ങൾ:-

1. വാഴത്തോട്ടത്തിൽ ചാണ്ടിയും കുടുംബവും
2. കാലായിൽ കിഴക്കേതിൽ കെ.കെ. വറുഗീസും കുടുംബവും
3. കോരള ഉമ്മനും കുടുംബവും
4. കോരള കോരളയും കുടുംബവും
5. കോരുതു കോരളയും കുടുംബവും
6. പിള്ളശേരിൽ കിഴക്കേതിൽ തോമസും കുടുംബവും
7. തഴയിൽ വടക്കേക്കര വറുഗീസും കുടുംബവും

www.malankaralibrary.com


8. കാലായിൽ വടക്കേതിൽ വറുഗീസും കുടുംബവും
9. ചരുവിൽ മത്തായിയും കുടുംബവും
10. മാവനാടി കിഴക്കേതിൽ ദാവീദും കുടുംബവും

വാഴത്തോട്ടത്തിൽ ചാണ്ടിസാറിന്റെ പൂർവികർ മാർത്തോമ്മാസഭയിൽ വിശ്വാസികളായിരുന്നു. തന്റെ സ്വയം ബോദ്ധ്യമനുസരിച്ച് ആദ്യം യാക്കോബായ സഭയിൽ ചേർന്നു. പിന്നീട് മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെക്കുറിച്ചു മനസിലാക്കി പിതാവുമായി ബന്ധപ്പെടുകയും കത്തോലിക്കാസഭയെക്കുറിച്ചു പഠിക്കുകയും 1931 മെയ് 10-ാം തീയതി പമ്പുമല പള്ളിയിൽ വച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തു. കത്തോലിക്കാസഭയിൽ ചേർന്നതു നിമിത്തം സമുദായം വക തുമ്പമൺ എം.ഡി. സ്കൂളിൽ അദ്ധ്യാപകനായിരുന്ന സാറിനെ ദൂരെയുള്ള സമുദായം വക ചെങ്ങന്നൂർ അങ്ങാടിക്കൽ സ്കൂളിലേക്കു സ്ഥലംമാറ്റി. ചാണ്ടിസാർ കാൽനടയായി അങ്ങാടിക്കൽ സ്കൂളിൽ പോയി പഠിപ്പിക്കേണ്ടതായി വന്നു. ഈ പ്രയാസം തന്നോടു പങ്കുവച്ച സാറിനെ സമാശ്വാസിപ്പിച്ചുകൊണ്ട് മാർ ഈവാനിയോസ് തിരുമേനി പറഞ്ഞു. “ചാണ്ടി, നമുക്കും സ്കൂളുണ്ടാകും. വിഷമിക്കേണ്ട. സാരമില്ല”. പിൽക്കാലത്ത് ഉളനാട് എം.എസ്.സി. എൽ.പി.എസ്. സ്ഥാപിതമായപ്പോൾ വാഴത്തോട്ടത്തിൽ ചാണ്ടിസാറിന് അവിടേക്കു നിയമനം നൽകി.

മലഞ്ചരുവിൽ മത്തായി സാർ, ചെറുകുളത്ത് ഗീവറുഗീസ് തോമസ് സാർ, ചാണ്ടിസാർ ഈ മൂന്നുപേരും ഒരേസമയത്ത് ഉളനാട് എൽ.പി.എസിലെ അദ്ധ്യാപകരായിരുന്നു. മാർ ഈവാനിയോസ് പിതാവ് മത്തായി സാറിനെ തന്റെ സഹായിയായി തിരുവനന്തപുരത്തേക്കു വിളിച്ചുകൊണ്ടു പോകുകയും മുക്ത്യാർ പദവി നൽകി ആദരിക്കുകയും ചെയ്തു. ചാണ്ടിസാർ സ്കൂളിൽ നിന്നും വിരമിക്കുന്നതുവരെ ഉളനാട് എൽ.പി.എസിൽ തന്നെ അദ്ധ്യാപകനായി തുടർന്നു. ചെറുകുളത്തു തോമസ് സാർ ഉളനാട് എൽ.പി.എസിലെ ഹെഡ്മാസ്റ്ററായിരിക്കുമ്പോൾ ഉദ്യോഗത്തിൽ നിന്നും വിരമിച്ചു. പരേതനായ വന്ദ്യസാമുവൽ മണ്ണിൽ റമ്പാൻ ഇദ്ദേഹത്തിന്റെ അനുജനും ബഥനി സന്യാസിനി സമൂഹാംഗമായ സിസ്റ്റർ വിജയ എസ്.ഐ.സി. ഇദ്ദേഹത്തിന്റെ പുത്രിയുമാണ്. മേല്പറഞ്ഞ പ്രഗത്ഭരായ ത്രിമൂർത്തികൾ ഉളനാട് എൽ.പി.എസിലെ അദ്ധ്യാപകരായി ഉദ്യോഗം വഹിച്ചിരുന്ന കാലം സ്കൂളിന്റെ സുവർണകാലമായിരുന്നു. മൂന്നുപേരും മലങ്കര കത്തോലിക്കാസഭയെ സ്നേഹിക്കുകയും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്ത പ്രശസ്തരായ അദ്ധ്യാപകരായിരുന്നു.

www.malankaralibrary.com


ചാണ്ടിസാർ ഞായറാഴ്ചകളിൽ ചുറ്റുപാടുമുള്ള മലങ്കര കത്തോലിക്കാ ഇടവകകളിൽ പോയി സണ്ടേസ്കൂൾ പഠിപ്പിക്കുകയും പുനരൈക്യപാതയിൽ നടന്ന് നിസ്തുലസേവനം ചെയ്കയും ചെയ്തിരുന്നു. ഫാദർ ഇടിക്കുള പാണ്ടിയത്ത്, ഫാദർ ഡൊമ്നിക്ക് സഖറിയ ഇവരുടെ വേദാദ്ധ്യാപകനായിരുന്നു അദ്ദേഹം. പമ്പുമല, മാമ്പിലാലി, ഉളനാട്, ഏറത്തുമ്പമൺ, രാമാഞ്ചിറ തുടങ്ങിയ മലങ്കര കത്തോലിക്കാ ഇടവകകളിൽ പോയി സുവിശേഷ പ്രസംഗങ്ങൾ നടത്തുകയും ധാരാളം പേരെ കത്തോലിക്കാസഭയിലേക്ക് ആനയിക്കുകയും ചെയ്ത അത്മായ പ്രേഷിതനായിരുന്നു ചാണ്ടിസാർ.

കുമ്പഴ അച്ചനുമായി വളരെ അടുത്തബന്ധം പുലർത്തിയിരുന്ന ചാണ്ടിസാർ കഷ്ടാനുഭവാഴ്ചകളിൽ കുമ്പഴ മേടയിലച്ചന്റെ വീട്ടിൽ വന്നു താമസിക്കുകയും കുമ്പഴ പള്ളിയിൽ കുമ്പഴ അച്ചൻ നടത്തുന്ന ഹാശായുടെ ശുശ്രൂഷകളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. ഫാദർ പീലിപ്പോസ് മേടയിൽ അവർകളുടെ ഭക്തിനിർഭരമായ പ്രാർഥനകളിലും ഇമ്പകരമായ ഗാനങ്ങളിലും പങ്കുകൊണ്ട് അനുഗ്രഹം പ്രാപിക്കുന്നതിനായിട്ട് അദ്ദേഹം തുമ്പമണ്ണിൽനിന്ന് നടന്നുവന്ന് വീട്ടിൽ താമസിക്കുകയും കുടുംബപ്രാർഥനകൾക്ക് നേതൃത്വം വഹിക്കുകയുമൊക്കെ ചെയ്തത്, അന്നെന്നപോലെ ഇന്നും സ്മരണയിൽ തങ്ങി നിൽക്കുന്നു. യാമംതോറും പ്രാർഥനകൾ നടത്തുന്ന ചാണ്ടിസാറിന്റെ ഭക്തിതീക്ഷ്ണത ഞങ്ങളിൽ അത്ഭുതം ജനിപ്പിച്ചിരുന്നു. മാർ ഈവാനിയോസ് തിരുമേനി കഴിഞ്ഞാൽ പിന്നെ കുമ്പഴ അച്ചൻ, മൈലപ്ര അച്ചൻ, കടമ്മനിട്ട അച്ചൻ തുടങ്ങി പുനരൈക്യപ്പെട്ട വൈദികരോട് അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന സ്നേഹവും സഹകരണവും അന്യാദൃശ്യമായിരുന്നു. പുനരൈക്യത്തിന്റെ ആരംഭത്തിൽ വൈദികർ വിരളമായിരുന്നു. സിസ്റ്റേഴ്സ് ആരും തന്നെ പ്രേഷിത പ്രവർത്തനത്തിനില്ലാതിരുന്ന കാലഘട്ടത്തിൽ പുനരൈക്യത്തിന്റെ പ്രാരംഭകാലത്ത് പള്ളികളിൽ സന്ദേശം നൽകുന്നതിനും പ്രസംഗം നടത്തുന്നതിനും ആരാധന ഭംഗിയാക്കുന്നതിനും ഈ പണ്ഡിതനായ അദ്ധ്യാപകൻ സമയം കണ്ടെത്തിയിരുന്നു. അദ്ദേഹത്തിന്റെ 4 മക്കളിൽ പുത്രന്മാർ രണ്ടുപേരും അദ്ധ്യാപകരായിത്തീർന്നു. വിവാഹിതരായി കത്തോലിക്കാസഭയിൽ തന്നെ സജീവപ്രവർത്തകരായി.

ചാണ്ടിസാറിന്റെ പെൺമക്കൾ രണ്ടുപേരും ബഥനി സന്യാസിനി സമൂഹത്തിൽ ചേർന്ന് സമർപ്പിതരായിത്തീർന്നു. അദ്ധ്യാപികയായിരുന്ന സിസ്റ്റർ ക്ലീല എസ്.ഐ.സി. 31-12-1984 ൽ മരണടഞ്ഞു. അനുജത്തി സിസ്റ്റർ ഹാക്കിം എസ്.ഐ.സി. നങ്ങ്യാർകുളങ്ങര ബി.ബി.എച്ച്.എസിൽ നിന്നും വിരമിച്ചു. പിന്നീട് മദ്രാസ്, ഭോപ്പാൽ, ചന്ദനപ്പള്ളി തുടങ്ങി വിവിധ സ്കൂളിൽ സേവനമനുഷ്ഠിക്കുകയും മിഷ്യൻ പ്രവർത്തനം നടത്തുകയും ചെയ്തു. ആത്മായ

www.malankaralibrary.com


പ്രേഷിതനായിരുന്ന ചാണ്ടിസാർ തന്റെ 84–ാം വയസിൽ ഭാഗ്യമരണം പ്രാപിച്ചു.

**ഇടവകയിൽ നിന്നുമുള്ള വൈദികർ:–**

ഫാദേഴ്സ് : ഫ്രാൻസിസ് സേവ്യർ ഒ.ഐ.സി. പിള്ളശേരിൽ കിഴക്കേതിൽ, വറുഗീസ് മാത്യു കാലായിൽ വടക്കേതിൽ, ബ്രദർ ജെഫിൻ ചരുവിൽ.

**സിസ്റ്റേഴ്സ്:–**

സിസ്റ്റേഴ്സ് : ഹാക്കിം S.I.C, ക്ലീല S.I.C, എയ്മാർഡ് S.I.C, റീഹ S.I.C, മീഖ S.I.C.

പമ്പുമല പള്ളിയിൽ ഇപ്പോൾ 46 കുടുംബങ്ങളുണ്ട്. ഇടവക വികാരി ഫാദർ തോമസ് മേപ്പുറത്താണ്. ബാർ ഈത്തോ കാശീറോ (സഭയുടെ ഉത്സാഹിയായ പുത്രൻ) എന്ന സ്ഥാനത്തിനർഹനായ ശ്രീമാൻ ചെറിയാൻ ചെന്നീർക്കര പമ്പുമല ഇടവകയിൽ നിന്നുള്ള ആത്മായ പ്രേഷിതനാണ്. രണ്ടു പ്രാവശ്യം അവിഭക്ത തിരുവനന്തപുരം അതിരൂപതയിലെ എം.സി.വൈ.എം. പ്രസിഡന്റ് ആയിരുന്നു. സണ്ടേസ്കൂൾ അസോസിയേഷൻ ജനറൽ സെക്രട്ടറിയായി 8 വർഷക്കാലം സേവനം ചെയ്തു. ഇപ്പോൾ പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി.എ.യുടെ പ്രസിഡന്റായും കേരള ലേബർ മൂവ്മെന്റിന്റെ (K.L.M) ട്രഷററായും സേവനം ചെയ്യുന്നു.

www.malankaralibrary.com

## സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി ചീക്കനാൽ

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊത്ത് 1930 സെപ്തംബർ 20ന് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട ഏക വൈദികനാണ് ചീക്കനാൽ കുഴിനാപ്പുറത്ത് ഫാദർ ജോൺ ഒ.ഐ.സി. പെരുനാട് ആശ്രമത്തിൽ മാർ ഈവാനിയോസ് തിരുമേനിയോടൊത്ത് താമസിച്ച് പഠിച്ച് വൈദികനായ ഇദ്ദേഹം സാർവത്രികസഭയുമായുള്ള കൂട്ടായ്മയിൽ അദ്ദേഹത്തോടൊത്ത് പുനരൈക്യപ്പെട്ട അഞ്ചു പേരിൽ ഒരാളായിത്തീർന്നത് ദൈവത്തിന്റെ അനന്തപരിപാലനയത്രേ.

പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി ആയുഷ്പര്യന്തം ജീവിച്ചുപോരാടിയ മഹാത്മാവാണ് ഫാദർ ജോൺ ഒ.ഐ.സി. തന്റെ കുടുംബാംഗങ്ങളെ മാത്രമല്ല അനേകം കുടുംബങ്ങളെ കത്തോലിക്കാ വിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിനു തീക്ഷ്ണമായി ആഗ്രഹിക്കുകയും അതിനായി തീവ്രമായി ശ്രമിക്കുകയും ചെയ്തു. ബ. അച്ചന്റെയും കുടുംബക്കാരുടെയും പുനരൈക്യത്തിന്റെ പിൻബലത്തിൽ ചീക്കനാൽ ഒരു മലങ്കര കത്തോലിക്കാ പള്ളി ഉണ്ടാകുന്നതിന് ഇടയായി. 22.8.1931 ൽ മലങ്കര കത്തോലിക്കാസഭ ഒരു പള്ളിക്കായി സ്ഥലം വാങ്ങി. ഓമല്ലൂർ കാപ്പിൽ വീട്ടിൽ (വൈരവന ക്കുടുംബം) കുഞ്ഞൂഞ്ഞുസാറിന്റെ ഉത്സാഹത്തിലും മേൽനോട്ടത്തിലുമാണ് ആദ്യം ഒരു പള്ളിക്കെട്ടിടം അവിടെ തീർന്നത്.

കുഞ്ഞൂഞ്ഞു സാറിന്റെ ഒരു മകൻ കാപ്പിൽ സേവ്യർ വൈദിക പഠനത്തിനായി സെമിനാരിയിൽ ചേർന്നു. പഠനത്തിൽ സമർത്ഥനായിരുന്നതിനാൽ ഉപരിപഠനാർത്ഥം പൂനാസെമിനാരിയിലേക്കയച്ചു. അവിടത്തെ കാലാവസ്ഥ പിടിക്കാതെ വരികയാൽ രോഗം ബാധിച്ച് അവിടെ വച്ചു മരണമടയുകയാണുണ്ടായത്.

### പുനരൈക്യപ്പെട്ട ആദ്യകാല കുടുംബങ്ങൾ:-

1. വൈരവന കുഞ്ഞൂഞ്ഞും കുടുംബവും
2. കുഴിനാപ്പുറത്ത് കോശിയും കുടുംബവും

www.malankaralibrary.com


3. താന്നിമൂട്ടിൽ ഇടിച്ചെറിയയും കുടുംബവും
4. വളവിൽ ഫിലിപ്പും കുടുംബവും
5. പനമൂട്ടിൽ ജോർജും കുടുംബവും
6. പുതിയത്ത് അന്നമ്മയും കുടുംബവും
7. മേലേൽ യോഹന്നാനും കുടുംബവും
8. കിടാരത്തിൽ ഉമ്മനും കുടുംബവും
9. കൈതമൂട്ടിൽ അപ്പിയും കുടുംബവും

ഫാദർ ജോൺ ഒ.ഐ.സി., കുഴിനാപ്പുറത്തു കുടുംബത്തിലെ ഈപ്പൻ എന്നു പേരുള്ള പിതാവിന്റെ ഏറ്റം ഇളയമകനായിരുന്നു.

കെ.ഇ. കോശി, ചെറിയാൻ, ഗീവറുഗീസ്, തോമസ്, പോൾ, മത്തായി, ജോൺ ഇങ്ങനെ 7 മക്കളായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

ചീക്കനാൽ താമസമാക്കിയ മൂത്തമകൻ കോശിയുടെ മക്കളാണ് ബഥനി മഠാംഗങ്ങളായിത്തീർന്ന സിസ്റ്റർ നീഹ എസ്.ഐ.സി., സിസ്റ്റർ എസ്തേർ എസ്.ഐ.സി. എന്നിവർ. സിസ്റ്റർ ഫ്ളോറാ എസ്.ഐ.സി. കൊച്ചുമകളാണ്. സിസ്റ്റർ ജ്യോതി എസ്.ഐ.സി.യും പിൻതലമുറയിൽപ്പെടുന്നു. കുഴിനാപ്പുറത്ത് ചെറിയാൻ, ഗീവറുഗീസ് ഇവർ തോട്ടുപുറത്തുപോയി താമസിച്ചു.

തോമസ് പുത്തൻപീടികയിൽ താമസമായി. സിസ്റ്റർ ആർദ്ര എസ്.ഐ.സി., സിസ്റ്റർ പൂജിത എസ്.ഐ.സി., സിസ്റ്റർ കീർത്തന എസ്.ഡി., ഫാദർ തോമസ് കുഴിനാപ്പുറത്ത്, ഫാദർ ജുബി കുഴിനാപ്പുറത്ത് ഇവർ തോമസിന്റെ കൊച്ചുമക്കളാണ്. ചെറിയാച്ചന്റെ കൊച്ചുമക്കളാണ് ഫാദർ ജസ്റ്റിൻ ഒ.ഐ.സി., ഫാദർ വറുഗീസ് കിഴക്കുംകര എന്നിവർ.

പോൾ പാലായിലും മത്തായി ഓമല്ലൂരിലും താമസമാക്കിയിരുന്നു. കുടുംബാംഗങ്ങൾ എല്ലാവരും മലങ്കര കത്തോലിക്കാസഭയിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

ഫാദർ പീലിപ്പോസ് മേടയിൽ പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ വികാരിയായിരിക്കുമ്പോൾ പ്രാരംഭകാലത്ത് ചീക്കനാൽ ഇടവകയിൽ ഇടക്കിടെ വി. കുർബാന അർപ്പിക്കുവാനായി പോയിരുന്നു.

1946 ഏപ്രിൽ മാസം 13-ാം തീയതി ചീക്കനാൽ പള്ളിയിൽ താമസിച്ചുകൊണ്ട് പുനരൈക്യപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഏപ്രിൽ 14 മുതൽ 20 വരെ ചീക്കനാൽ പ്രദേശത്ത് ഒരാഴ്ചകാലം താമസിച്ച് പ്രവർത്തനം നടത്തി. അതിന്റെ ഫലമായി പല കുടുംബങ്ങളും പുനരൈക്യപ്പെടാൻ

www.malankaralibrary.com


സന്നദ്ധരായി. 1946 ഏപ്രിൽ 20-ാം തീയതി മാർ ഈവാനിയോസ് പിതാവ് ചീക്കനാൽ വന്ന് അനേകം ആളുകളെ തിരുസഭയിൽ ചേർത്തു. 1946 ഏപ്രിൽ 21 ന് ഉയിർപ്പുപെരുനാളിൽ ഇവിടെ അഭിവന്ദ്യപിതാവ് വി.കുർബാന അർപ്പിക്കുകയുണ്ടായി. 1946, '47 വർഷങ്ങളിൽ കുമ്പഴ അച്ചൻ ചീക്കനാൽ പള്ളിയിൽ പോയി തവണ നടത്തിയിരുന്നു എന്ന് തന്റെ ഡയറിക്കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. 1946 ഡിസംബർ 28 ന് ചീക്കനാൽ എത്തി പൂവണ്ണുനിൽക്കുന്നതിൽ പോയി മത്തായി സാറുമായി പുനരൈക്യത്തെപ്പറ്റി സംസാരിക്കുകയും കത്തോലിക്കാ സഭയിലേക്കു ചേരുന്ന കാര്യം ആലോചിക്കുകയും ചെയ്തു.

1946 ഡിസംബർ 29 ന് ചീക്കനാൽ കുർബാന അർപ്പിച്ചു. 1947 ൽ കുമ്പഴ അച്ചൻ ചീക്കനാൽ പള്ളിയിൽ കഷ്ടാനുഭവ വാഴ്ച നടത്തുകയുണ്ടായി. ബ. അച്ചന്റെ പ്രാർഥനകളും ഹാശാ ആഴ്ചത്തെ ശുശ്രൂഷകളും ഹൃദയസ്പർശിയായിരുന്നു എന്ന് അനുഭവസ്ഥർ പറഞ്ഞുകേൾക്കാനിടയായി. പുനരൈക്യത്തിന്റെ ആദ്യവർഷങ്ങളിൽ അവിടുത്തെ മിഷ്യനറിയായി സേവനമനുഷ്ഠിച്ചു.

ഈ ഇടവകയിൽ കുമ്പഴ അച്ചനെ കൂടാതെ അനേകം വൈദികർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഫാ. സഖറിയാസ് എഴിയത്ത്, ഫാ. ഏബ്രഹാം ആശാരിയത്ത്, ഫാ. ഗീവറുഗീസ് പീടികയിൽ, ഫാ. തോമസ് കരിയിൽ, ഫാ. കുര്യൻ ഇലഞ്ഞിമറ്റം, ഫാ. ജോർജ് പുറത്തൂട്ട്, ഫാ. സാമുവൽ തൈക്കൂട്ടത്തിൽ, ഫാ. ദാനിയേൽ വടക്കേക്കര, ഫാ. ജോസഫ് താഴത്തുവീട്ടിൽ, ഫാ. ജോൺ കോന്നിയൂർ, ഫാ. അഗസ്റ്റിൻ മംഗലത്ത്, ഫാ. കോശി ചക്കാലമണ്ണിൽ, ഫാ. ജോൺ കുറ്റിയിൽ, ഫാ. മാത്യു കാലായിൽ, ഫാ. ഫിലിപ്പ് ചെമ്പകശേരി, ഫാ. ജോസഫ് കുരുമ്പിലേത്ത്, ഫാ. മാത്യു ആലുമ്മൂട്ടിൽ, ഫാ. ഗീവറുഗീസ് പെരുമല, ഫാ. ഏബ്രഹാം മണ്ണിൽ, ഫാ. മാത്യു കയ്യാലയ്ക്കൽ, ഫാ. മാത്യു മാടപ്പള്ളിൽ, ഫാ. ജോഷ്വാ മാവേലിൽ തുടങ്ങിയവർ. ഇപ്പോഴത്തെ ഇടവകവികാരി ഫാ. ഗീവറുഗീസ് ചേടിയത്ത് ആണ്. ഇന്ന് ചീക്കനാൽ ഇടവകയിൽ 50 കുടുംബങ്ങൾ ഉണ്ട്. 1992 മുതൽ ബഥനി സിസ്റ്റേഴ്സ് ഇവിടെ സേവനമനുഷ്ഠിക്കുന്നു.

www.malankaralibrary.com

## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി നാരങ്ങാനം

1930 നു മുമ്പുതന്നെ നിരണം യാക്കോബായ പള്ളിയോടു ചേർന്ന് ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത സ്കൂളിലെ ഹെഡ്മാസ്റ്റർ മല്ലപ്പള്ളി കയ്യാലേത്ത് ശ്രീമാൻ കെ.വി. ചാക്കോ ആയിരുന്നു. പുനരൈക്യം കൊണ്ടു മാത്രമേ യാക്കോബായ സമുദായത്തിന് എന്തെങ്കിലും അഭിവൃദ്ധി വരുത്തുവാൻ സാദ്ധ്യമാകുകയുള്ളൂ എന്ന് ആത്മാർഥമായി വിശ്വസിച്ചിരുന്ന ഒരാളായിരുന്നു ശ്രീമാൻ കയ്യാലേത്തു ചാക്കോ. പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യകാലത്തു തന്നെ അദ്ദേഹം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയെ പിന്തുടർന്ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ ആത്മീയ തീക്ഷ്ണത അവിടെയുള്ള അദ്ധ്യാപകരിലും കാണപ്പെട്ടു. അവരിൽ ഒരാളായിരുന്നു നാരങ്ങാനം തോമസ്. അദ്ദേഹം താമസിയാതെ പുനരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ പ്രേരണയാൽ നാരങ്ങാനത്ത് തന്നെ ഏതാനും കുടുംബങ്ങൾ പുനരൈക്യപ്പെടുന്നതിനു സന്നദ്ധരായിത്തീർന്നു.

ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) ഇവർക്കു വേണ്ട പ്രബോധനം നൽകി പ്രോത്സാഹിപ്പിച്ചു. കുമ്പഴ അച്ചനുമായി നാരങ്ങാനം തോമസ് ഉറ്റബന്ധം പുലർത്തിയിരുന്നു. 1930 ഒക്ടോബർ മാസം തന്നെ നാരങ്ങാനത്ത് ഏതാനും കുടുംബങ്ങൾ പുനരൈക്യപ്പെട്ടു.

1930 ഡിസംബർ 15 ന് നാരങ്ങാനത്ത് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിക്കായി ഒരു വസ്തു വാങ്ങി. ഒരു താൽക്കാലിക ഷെഡും ആരാധനയ്ക്കായി നിർമിച്ചു. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ ഒരു കൺവൻഷൻ അവിടെ വച്ചു നടത്തി. തുമ്പമൺ ജേക്കബ് പുത്തൻ വീട്ടിലച്ചനും കൺവൻഷനിൽ പ്രാസംഗികനായിരുന്നു. അനേകമാളുകൾ കൺവൻഷനിൽ പങ്കെടുത്തു അവിടെ വച്ച് കുറെപ്പേർ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു.

www.malankaralibrary.com


## ഇടവകയിൽ ആദ്യം പുനരൈക്യപ്പെട്ട കുടുംബങ്ങൾ

1. ചെറിയാൻ തോമസ് നെടിയ പറമ്പിൽ
2. കോരുതു മത്തായി വലിയകുളത്തുങ്കൽ
3. വർക്കി വറുഗീസ് കാരിക്കൽ മേമുറിയിൽ
4. ചെറിയാൻ പോത്തൻ നെടിയപറമ്പിൽ
5. ചെറിയാൻ പീലിപ്പോസ് നെടിയ പറമ്പിൽ
6. ചെറിയാൻ ഏബ്രഹാം നെടിയപറമ്പിൽ
7. മാത്തൻ തോമാ ചക്കുങ്കൽ
8. കോശി വറുഗീസ് ചക്കുങ്കൽ മുരുപ്പേൽ
9. കുര്യൻ ഇക്കാ കൊച്ചുതുണ്ടിയിൽ

നാരങ്ങാനം തോമസായിരുന്നു അന്നു അവിടെ വസ്തു വാങ്ങുന്നതിനും പള്ളിവയ്ക്കുന്നതിനും വളരെയധികം ഉത്സാഹിച്ചതും പരിശ്രമിച്ചതും. ഇടവകയുടെ നടുത്തൂൺ എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. ആദ്യകാലത്ത് പുനരൈക്യപ്പെട്ടവർക്ക് വളരെ അധികം വിഷമതകൾ നേരിട്ടു അവിടെ ഒരു തീവെപ്പു കേസ് ഉത്ഭവിച്ചു. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാന് ആ കേസു കാര്യത്തിന് പത്തനംതിട്ട കച്ചേരിയിൽ പോയി മൊഴി കൊടുക്കേണ്ടി വന്നിട്ടുണ്ട് "ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചന്റെ പൂർവകാലസ്മരണകൾ."

പുനരൈക്യപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന ഫാദർ പീലിപ്പോസ് മേടയിൽ ഇടയ്ക്കിടെ ഇവിടെ വന്ന് ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിച്ചിരുന്നു. 1932 മുതൽ കുമ്പഴ അച്ചൻ പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ വികാരിയായിരുന്നു.

1935 മെയ് മാസത്തിനുശേഷം കാട്ടൂർ ചെറുപുഷ്പ മിഷ്യൻ ഹൗസിൽ താമസിച്ചിരുന്ന ബഥനി ആശ്രമസ്ഥരായ ഫാദർ ജോബ് ഒ.ഐ.സി., ബ്രദർ റഫായേൽ ഇവരും തുടർന്ന് ഫാദർ യൗനാൻ ഒ.ഐ.സി., ബ്രദർ അത്തനേഷ്യസ് ഇവരും നാരങ്ങാനത്ത് പുനരൈക്യ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അക്കാലത്തു അവിടെ പുനരൈക്യപ്പട്ടവർ കാട്ടൂർ മലങ്കര കത്തോലിക്കാപള്ളിയിൽ കൂടി നടന്നു. അവർ നാരങ്ങാനത്തു നിന്നും നടന്ന് ഞായറാഴ്ചകളിൽ കാട്ടൂർ വന്ന് ശുശ്രൂഷകളിൽ സംബന്ധിച്ചിരുന്നു. നാരങ്ങാനം ഓർത്തഡോക്സ് പള്ളി വികാരിയായിരുന്ന ഇലന്തൂർ സ്വദേശി, ഫാദർ ഇടിച്ചെറിയ തോമസ് വടക്കേക്കര പ്രതികൂല സാഹചര്യങ്ങളാൽ 1931 ൽ പുനരൈക്യപ്പെടുകയും നാരങ്ങാനം പള്ളിയുടെ പ്രഥമവികാരിയായി 1931–'38

www.malankaralibrary.com


വരെ ചാർജു വഹിക്കുകയും ചെയ്തു. തുടർന്ന് *ഫാ. കോശി കുഴിയം മണ്ണിൽ വയലത്തല, ഫാ. ഗീവറുഗീസ് ചരുവിലേത്ത് ഇവർ സേവനം ചെയ്തു. പള്ളിക്ക് ഒരു സെമിത്തേരി ഉണ്ടായത് തുടർന്നു വികാരിയായി വന്ന ഫാ. തോമസ് ഇഞ്ചക്കലോടിയുടെ കാലത്താണ്. സാമാന്യം നല്ല ഒരു കെട്ടിടം വൈദികമന്ദിരത്തിനായി നിർമിച്ചത് ഫാ. ജോസഫ് മൈലാടിയിൽ ആണ്. ഫാദേഴ്സ്: ഏബ്രഹാം തെക്കേടത്ത്, ഇടിക്കുള പാണ്ടിയത്ത്, കുര്യൻ ഇലഞ്ഞിമറ്റം, കോശി ചക്കാലമണ്ണിൽ, തോമസ് പണിക്കർ ഇവർ തുടർന്നു സേവനം ചെയ്തു. 1962 ൽ ഫാ. സാമുവൽ തൈക്കൂട്ടത്തിൽ (റമ്പാൻ) അവർകളുടെ കാലത്ത് മദ്ബഹായുടെ നിർമാണം നടത്തുകയുണ്ടായി. ജോഷ്വാ താഴത്തേതിൽ ഫാ. സഖറിയാസ് ചങ്ങങ്കരി, ഫാ. ജോഷ്വാ പീടിക യിൽ, ഫാ. ഫിലിപ്പ് തുരുത്തിയിൽ ഇവർ തുടർന്നു സേവനം ചെയ്ത വൈദി കരാണ്. ഈ ഇടവകയുടെമകനായ ഫാ. ജോർജ് പുറത്തൂട്ട് 1978 ൽ ഇവിടെ വികാരിയായിരുന്നപ്പോഴാണ് പ. മാതാവിന്റെ നാമത്തിൽ ഒരു കുരിശടി നിർമി ച്ചത്. തുടർന്നു വന്ന ഫാ. ഫിലിപ്പ് സി. പന്തോളിൽ ഇവിടെ 20 വർഷക്കാലം സേവനമനുഷ്ഠിച്ചു. തുടർന്ന് ഫാദർ സി.സി. ജോൺ ചരിവുപുരയിടത്തിൽ, ഫാ. സാമുവൽ തോപ്പിൽ, ഫാ. ജോസഫ് പുത്തൻവിള, ഫാ. ഗീവറുഗീസ് മാടമണ്ണിൽ, ഫാ. സഖറിയാസ് നെടിയ കാലായിൽ ഇവർ വികാരിമാരായി സേവനമനുഷ്ഠിച്ചു. ഫാദർ സാമുവൽ തോപ്പിലിന്റെ കാലത്ത് ഓഡിറ്റോ റിയം നിർമിച്ചു. പുതിയ ദേവാലയം നിർമിച്ചത് ഫാ. ഗീവറുഗീസ് മാടമണ്ണി ലിന്റെ കാലത്താണ്. മനോഹരമായ ഈ ദേവാലയത്തിന്റെ ശിലാസ്ഥാപന കർമം 2001 മെയ് 1-ാം തീയതി പഴയപള്ളിയുടെ സ്ഥാനത്തു തന്നെ നിർവഹിച്ചു. 2003 നവംബർ 2 ന് കൂദാശാകർമം നിർവഹിച്ചത് പത്തനംതിട്ട രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി യാണ്. തുടർന്ന് ഫാദർ ഏബ്രഹാം മണ്ണിൽ പുതിയ വൈദികമന്ദിരം പണി യുകയും കുരിശടി പൊളിച്ചുമാറ്റി പകരം, മാതാവിന്റെ ഗ്രോട്ടോയും കൽകുരിശും നിർമിക്കുകയും ചെയ്തു. ഈ കുരിശടി ഇരിക്കുന്ന അരസെന്റ് സ്ഥലം നാരങ്ങാനം തോമസ് സാറിന്റെ മകൻ ജോണി ഇഷ്ടദാനം നൽകി യതാണ് എന്ന് അനുസ്മരിക്കുന്നു. 1 സെന്റ് സ്ഥലം പിന്നീട് ജോണിയുടെ മകൻ സജിയോടു വിലയ്ക്കു വാങ്ങുകയുണ്ടായി.

---

* ഫാദർ കോശി കുഴിയംമണ്ണിൽ, കുമ്പഴ അച്ചന്റെ father-in-law ആയ അയിരൂർ വലിയ ചെമ്പോത്രയിൽ യോഹന്നാച്ചന്റെ അമ്മാച്ചന്റെ മകനാണ്.

www.malankaralibrary.com


**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ:-**

ഫാ. ജോർജ് പുറത്തൂട്ട് - സെപ്തംബർ 28, 2012 ൽ മരണമടഞ്ഞു. നാരങ്ങാനം പള്ളിയിൽ മദ്ബഹായോടു ചേർത്ത് സംസ്കരിച്ചിരിക്കുന്നു.

* ഫാദർ ബിറ്റി മാത്യു (ഫാദർ പീലിപ്പോസ്) ചാത്തോത്ത്

ബ്ര. സിറിൽ വറുഗീസ് തറയിൽ മലയിൽ

ബ്ര. റ്റോണി ഏബ്രഹാം, കാരിക്കമുറിയിൽ

**സിസ്റ്റേഴ്സ്:**

സിസ്റ്റർ സുസ്മിത എസ്.ഐ.സി.

നോവിസ്: മറിയം നെടിയപറമ്പിൽ (ബഥനി)

---

*ഫാദർ ബിറ്റി മാത്യു ചാത്തോത്ത്, പടിഞ്ഞാറേ മേലേതിൽ മത്തായിയുടെ കൊച്ചുമകനാണ്. പുനരൈക്യം 24.11.2017.

www.malankaralibrary.com

## സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി വലഞ്ചുഴി

ഭൂമിക്കു നനവു പകർന്നും ഫലപുഷ്ടിയേകിയും പച്ചപ്പുകൾ സൃഷ്ടിച്ചും അച്ചൻ കോവിലാറ് പ്രകൃതിരമണീയമായ വലഞ്ചുഴി ഗ്രാമത്തെ തഴുകി ഒഴുകുന്നു. കോന്നിയും, കുമ്പഴയും, കുലശേഖരപ്പേട്ടയും, പത്തനംതിട്ട നഗരവും ഈ ഗ്രാമത്തിനു പ്രാധാന്യമേകുന്നു. അങ്ങിങ്ങായി കാണപ്പെടുന്ന കുന്നുകളും മലകളും, ആനപ്പാറയും, ചുട്ടിപ്പാറയും ഈ പ്രദേശത്തിന് മനോഹാരിത വർദ്ധിപ്പിക്കുന്നു. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം സഹോദരങ്ങൾ ഒരുമയോടെ ജീവിക്കുന്ന ഒരു പ്രദേശമാണിത്. ഫാദർ പീലിപ്പോസ് മേടയിലായിരുന്നു വലഞ്ചുഴി പ്രദേശത്തെ ആദ്യമിഷ്യനറി.

വലഞ്ചുഴി "വട്ടക്കുളഞ്ഞി" എന്ന് അറിയപ്പെട്ടിരുന്നു. ഈ പ്രദേശത്തു നിന്നും മാർ ഈവാനിയോസ് തിരുമേനി തുറന്നിട്ട പുനരൈക്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കുവാൻ തയ്യാറായ ചില ഓർത്തഡോക്സ് യാക്കോബായ കുടുംബങ്ങൾ 1931 ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

ഗീവറുഗീസ് പതാലിൽ, പാപ്പി പതാലിൽ, സ്കറിയാ മണ്ണിൽ, ഗീവറുഗീസ് മണ്ണിൽ, കോശി മത്തായി മണ്ണിൽ, മത്തായി തോമ്മാ പുളിമൂട്ടിൽ, സ്കറിയാ കുഴിപ്പറമ്പിൽ എന്നിങ്ങനെ 7 പിതാക്കന്മാരും അവരുടെ കുടുംബങ്ങളുമാണ് ആദ്യമായി ഇവിടെ നിന്നും 1931 ൽ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടത്. ശ്രീമാൻ മത്തായി തോമ്മാ പുളിമൂട്ടിൽ ഓമല്ലൂരിൽ നിന്നും മല്ലശേരിൽ (പൂങ്കാവ്) വന്നു താമസമാക്കിയിരുന്നു. ഓമല്ലൂർ, മഞ്ഞനിക്കര പാത്രിയർക്കീസ് പള്ളിക്കാരനായിരുന്നു. മറ്റ് ആറു കുടുംബക്കാരും മല്ലശേരി ഓർത്തഡോക്സ് പള്ളിക്കാരായിരുന്നു.

ശ്രീമാൻ സ്കറിയ കുഴിപ്പറമ്പിലിന്റെ മകനാണ് 1999 ജനുവരി 5 ന് മരണമടഞ്ഞ ഫാദർ സഖറിയാസ് കുഴിപ്പറമ്പിൽ. വലഞ്ചുഴി സെന്റ് തോമസ് ഇടവകയിൽ നിന്നും ദൈവവിളി ലഭിച്ച ആദ്യ വൈദികനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സഹോദരങ്ങൾ താമസസൗകര്യം പ്രമാണിച്ച് അടുത്തുള്ള പൂങ്കാവു സെന്റ് മേരീസ് പള്ളിയിലെ അംഗങ്ങളായതിനാൽ

www.malankaralibrary.com


ബ. സഖറിയാസ് അച്ചന്റെ മൃതദേഹം സംസ്കരിച്ചിരിക്കുന്നത് പൂങ്കാവു സെന്റ് മേരീസ് പള്ളിയിലാണ്. ശ്രീമാൻ പതാലിൽ ഗീവറുഗീസ് സഭയ്ക്ക് സംഭാവന ചെയ്ത 20 സെന്റ് വസ്തുവിൽ കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ ഒരു ദേവാലയം രൂപപ്പെടുത്തി. ഇന്നത്തെ ദേവാലയത്തിന് കിഴക്കു വശത്തായി ഓലമേഞ്ഞ ഒരു ഷെഡായിരുന്നു ആദ്യദേവാലയം. പുണ്യചരിതനും തിരുവല്ല രൂപതയുടെ പ്രഥമ മെത്രാനുമായ അഭിവന്ദ്യമാർ തെയോഫിലോസ് തിരുമേനിയാണ് ഈ ആദ്യദേവാലയം കൂദാശ ചെയ്തത്. ഫാദർ പീലിപ്പോസ് മേടയിലച്ചന്റെ പരിശ്രമഫലമായി ആരംഭിച്ച ഈ ദേവാലയം, പിന്നീട് ആ സ്ഥാനത്തു നിന്നും അല്പം മാറ്റി അതേ നിരപ്പിൽ തന്നെ, ഇപ്പോഴത്തെ ദേവാലയത്തിന്റെ സമീപത്തായി വീണ്ടും നിർമിച്ച്, വർഷം തോറും ഓലമേഞ്ഞ് ഉപയോഗിച്ചുവന്നു.

1108 കന്നിമാസം 10-ാം തീയതി ബ. പീലിപ്പോസ് മേടയിലച്ചൻ സാക്ഷിപ്പെടുത്തിയ വിവാഹരജിസ്റ്ററും അന്നേദിവസം അച്ചൻ നടത്തിയ മാമോദീസായും ഇടവക രജിസ്റ്ററിൽ രേഖപ്പെടുത്തിയ ആദ്യത്തെ ഔദ്യോഗികരേഖയാണ്. മീനമാസത്തിൽ 19 പേരെ വികാരി ജനറലായിരുന്ന വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുത്തി. അതേവർഷം തന്നെ ഫാദർ തോമസ് പെരുമല വലഞ്ചുഴിയിൽ 9 പേർക്ക് ജ്ഞാനസ്നാനം നൽകി ഇടവകയിലേക്കു ചേർത്തു.

വലഞ്ചുഴിയിൽ പുനരൈക്യപ്പെട്ട വിശ്വാസികൾ അവിടെ വി. കുർബാന ഇല്ലാത്ത അവസരങ്ങളിൽ കുമ്പഴ ഇടവകയിൽ വന്ന് ആരാധനാകർമങ്ങളിൽ സംബന്ധിച്ചിരുന്നു. വിശേഷ ദിവസങ്ങളിലും പെരുന്നാളുകളിലും വലഞ്ചുഴിയും കുമ്പഴയുമുള്ള വിശ്വാസിഗണം ഒരുമിച്ചു ആരാധനയിൽ പങ്കുകൊണ്ടിരുന്നു.

1935 ൽ വലഞ്ചുഴി പള്ളി വസ്തുവിന്റെ ഇടപാടു തീർത്തു. ഇടക്കിടെ വന്ദ്യ റമ്പാച്ചൻ വന്ന് സന്ദർശനം നടത്തുകയും വി. കുർബാന ചൊല്ലുകയും ചെയ്തിരുന്നു. 1942 മാർച്ച് മാസം 31 ന് പള്ളിസ്ഥലത്തു ഒരു കുരിശു സ്ഥാപിച്ചു. ഈ ഭൂവിഭാഗം ഇടതൂർന്ന് വളർന്നിരുന്ന വൃക്ഷലതാദികളാൽ നിബിഡമായിരുന്നു. കാട്ടുമരങ്ങൾ നിറഞ്ഞ കാനനാന്തരീക്ഷം. ഉയർന്ന മലത്തട്ടുകൾ വെട്ടിത്തെളിച്ച്, ഇടിച്ചു നിരത്തി ദേവാലയം പടുത്തുയർത്തുവാൻ കുമ്പഴ അച്ചൻ നേതൃത്വം നൽകി. കുന്നിൻ മുകളിൽ ഉയർത്തിയ ദേവാലയത്തിലേക്കുള്ള വഴി ഉണ്ടാക്കേണ്ടത് അത്യാവശ്യമായി. ദേവാലയത്തിലേക്കു കടന്നു ചെല്ലാനുള്ള റോഡുണ്ടാക്കുന്നതിന് നമ്മുടെ പൂർവികർ നടത്തിയ ത്യാഗപൂർണമായ പ്രയത്നങ്ങൾ ഒരിക്കലും വിസ്മരിക്കാവതല്ല. ഗവൺമെന്റിന്റെയും നാട്ടുകാരുടെയും എതിർപ്പുകളെ സധൈര്യം നേരിട്ടു.

വലഞ്ചുഴി പള്ളിയിലേക്കുള്ള റോഡു വെട്ടു കേസിൽ ഇടവകാംഗങ്ങളെ പോലീസ് അറസ്റ്റു ചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോയി. ഫാദർ

www.malankaralibrary.com


പീലിപ്പോസ് മേടയിൽ ഇടപെട്ട് അന്നു തന്നെ ഇടവകക്കാരെ ഏവരെയും സ്റ്റേഷനിൽ നിന്നും മോചിപ്പിച്ച് മടങ്ങി വന്ന് റോഡുപണി തുടർന്നു. അംഗങ്ങൾ വർദ്ധിച്ചതോടെ 1942 ജൂൺ 28 നു വലഞ്ചുഴിയിൽ വി. കുർബാനയെ തുടർന്ന് പൊതുയോഗം കൂടി വലഞ്ചുഴിയിൽ ഒരു വലിയപള്ളി നിർമിക്കണമെന്നു തീരുമാനിക്കുകയും – അതിനായുള്ള ഇടവകക്കാരുടെ അപേക്ഷ കുമ്പഴ അച്ചൻ തന്നെ മാർ ഈവാനിയോസ് തിരുമേനിക്ക് അയയ്ക്കുകയും ചെയ്തു.

ദേവാലയത്തിനായുള്ള അപേക്ഷ പരിഗണിക്കപ്പെട്ടെങ്കിലും പ്രതികൂല സാഹചര്യങ്ങളാൽ ദേവാലയനിർമാണം ഉടനെ തുടങ്ങാനായില്ല. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പണമില്ല, പ്രവർത്തിക്കാൻ വൈദികർ വിരലിലെണ്ണാൻ മാത്രം. മലങ്കര കത്തോലിക്കാ വിശ്വാസികളായവരുടെ ചിരകാലാഭിലാഷം പൂവണിഞ്ഞത് ഇന്നു നാം കാണുന്ന മനോഹരമായ നവീന ദേവാലയത്തിന്റെ സ്ഥാനത്ത് കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ ഒരു പള്ളി 1947 ൽ പണിതുയർത്തിയപ്പോൾ മാത്രമാണ്. 1947 ഫെബ്രുവരി 9–ാം തീയതി മാർ ഈവാനിയോസ് തിരുമേനിയെ പുതിയ പള്ളിയിലേക്ക് സാഘോഷം എതിരേറ്റു സ്വീകരണം നടത്തുകയും വലഞ്ചുഴി ദേവാലയം വിശുദ്ധ തോമ്മാ ശ്ലീഹായുടെ നാമത്തിൽ കൂദാശ ചെയ്യുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, ഫാദർ ഗീവറുഗീസ് ചരുവിലേത്ത് (വികാരി) ഇവർ മൂന്നുമ്മേൽ കുർബാന അർപ്പിച്ച് അനുഗ്രഹിച്ചു. പത്തനംതിട്ട ഡിസ്ട്രിക്ട് വികാരിയായിരുന്ന കുമ്പഴ അച്ചൻ എല്ലാ കാര്യങ്ങൾക്കും നേതൃത്വം വഹിച്ചു.

പ്രാരംഭകാലം മുതൽ ഫാദർ പീലിപ്പോസ് മേടയിൽ വലഞ്ചുഴിയിൽ മിഷ്യൻ പ്രവർത്തനം നടത്തിയിരുന്നു. ഭവനത്തിൽ നിന്നും നടന്ന് വലഞ്ചുഴിയിലെത്തി വി. കുർബാന അർപ്പിച്ചും, കൂദാശകൾ പരികർമം ചെയ്തും വിശ്വാസികളെ ഒരു കൂട്ടായ്മയായി നിലനിർത്തി. ഫാദർ ഗീവറുഗീസ് ചരുവിലേത്ത്, മൈലപ്രാ അച്ചൻ, ഫാദർ ജോസഫ് വടക്കേക്കൂറ്റ്, ഫാദർ ഉമ്മൻ അയ്യനേത്ത്, ഫാദർ ജോർജ്ജ് പ്ലാവിള ഇവർ ഇവിടെ വികാരിമാരായിരുന്നിട്ടുണ്ട്.

## പുരോഗതിയിലേക്ക്

1964 ൽ കുമ്പഴയിൽ ബഥനി ആശ്രമം സ്ഥാപിതമായി. ഫാദർ പീറ്റർ ഒ.ഐ.സി. ഇടവകയുടെ വികാരിയായി ചാർജെടുത്തു. 1964 മുതൽ കഴിഞ്ഞ 53 വർഷക്കാലമായി ബഥനി ആശ്രമസ്ഥരായ വൈദികരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. ഇപ്പോഴത്തെ ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീര്യർ ജനറലായിരിക്കുന്ന ഫാദർ ജോസ് കുരുവിള ഒ.ഐ.സി. യാണ് ഇന്നു

www.malankaralibrary.com


കാണുന്ന നവീന ദേവാലയം നിർമിക്കുന്നതിന് നേതൃത്വം വഹിച്ചത്. ഫാദർ ജോസ് കുരുവിളയെ തുടർന്ന്, ഫാദേഴ്സ്: ജോർജ് തോമസ്, സിജു തോമസ്, ജോൺ നിർമലാനന്ദ് എന്നീ വൈദികർ സേവനമനുഷ്ഠിച്ചു. ഇപ്പോഴത്തെ ഇടവക വികാരി ഫാദർ ഫിലിപ്പ് തരകൻ ആന്നിയിൽ ഒ.ഐ.സി. ആണ്.

1970 മുതൽ പുത്തൻപീടിക ബഥനി മഠത്തിൽ നിന്നും ബഥനി സിസ്റ്റേഴ്സ് ഇവിടെ മിഷ്യനറിമാരായി സേവനമനുഷ്ഠിച്ചിരുന്നു. സിസ്റ്റേഴ്സ്: പൗളിൻ, രൂത്ത്, ബസ്മ, ക്ലേവർ, തബീത്ത ഇവരുടെ ത്യാഗപൂർവമായ സേവനം വലഞ്ചുഴി ഇടവകക്കു ലഭിക്കുകയുണ്ടായി. 2001 മുതൽ പത്തനംതിട്ട സ്നേഹഭവനിൽ നിന്നുള്ള “വിൻസെൻഷ്യൻ” സിസ്റ്റേഴ്സ് ഇവിടെ മിഷ്യൻ പ്രവർത്തനം നടത്തുന്നു.

**ഈ ഇടവകയിൽ നിന്നും ദൈവവിളി ലഭിച്ചിട്ടുള്ളവർ:-**

ഫാദേഴ്സ് : സഖറിയാസ് കുഴിപ്പറമ്പിൽ, ജോർജ്തോമസ് ഒ.ഐ.സി. പുന്നമംഗലത്ത്

ബ്രദർ ഡേവിഡ് ഒ.ഐ.സി., പൂവണ്ണുംവിളയിൽ

സിസ്റ്റേഴ്സ് : പുളിമൂട്ടിൽ മത്തായി തോമ്മായുടെ കൊച്ചുമകൾ സിസ്റ്റർ വിനയ എസ്.ഐ.സി., മത്തായി തോമ്മായുടെ അനുജന്റെ കൊച്ചുമകൾ സിസ്റ്റർ ഫ്രാൻസീന എസ്.ഐ.സി.

“വട്ടക്കുളഞ്ഞി”യിലെ കൊച്ചുദേവാലയം ഇന്ന് വളർച്ച പ്രാപിച്ച് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയായി. മലമുകളിൽ സ്ഥിതി ചെയ്യുന്ന ഈ സമാധാന കൂടാരം 87 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഒരു കൂട്ടായ്മയാണ്. ഇന്നു ദേവാലയത്തിലേക്കു കടന്നു വരുന്നതിന് നല്ല റോഡും മറ്റ് എല്ലാ സംവിധാനങ്ങളും ഉണ്ട്. തിരുവനന്തപുരം മേജർ അതിരൂപതയുടെ ഭാഗമായിരുന്ന വലഞ്ചുഴി ഇടവക 2010 മുതൽ പത്തനംതിട്ട രൂപതയുടെ ഭാഗമായിരിക്കുന്നു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായാണ് ഈ രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ എന്നത് ദൈവനിയോഗം. നവീന ദേവാലയത്തിന്റെ കൂദാശാകർമം അഭിവന്ദ്യ പിതാവ് 2010 നവംബർ 27 ന് നിർവഹിച്ചു. പത്തനംതിട്ട രൂപതയിൽ ആദ്യമായി കൂദാശ ചെയ്യപ്പെട്ട ദേവാലയമെന്ന ബഹുമതി ഈ ദേവാലയം നേടുകയുണ്ടായി. ഈ ദേവാലയത്തിന് ആരംഭമിട്ടവരും ആദ്യകാലം മുതൽ ഇവിടെ സേവനം ചെയ്തവരുമായ വൈദികരും, മേലദ്ധ്യക്ഷന്മാരായി ഇതിനെ പുരോഗതിയിലേക്കു നയിച്ചവരും കഠിന യാതനകൾ സഹിച്ച് ഇതിന്റെ നിർമാണത്തിലെല്ലാം പങ്കുചേർന്നവരുമായ നമ്മുടെ പൂർവപിതാക്കന്മാരെ നമുക്കു സ്മരിക്കാം. മണ്മറഞ്ഞ പിതാക്കന്മാരുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം.

www.malankaralibrary.com

## സെക്രട്ട് ഹാർട്ട് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി മൈലപ്രാ

അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യത്തെ തുടർന്ന് പെരുനാടിനോടടുത്ത മലയോര പ്രദേശങ്ങളായ വടശേരിക്കര, മൈലപ്രാ, കുമ്പഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പല കുടുംബങ്ങളും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി. മൈലപ്രാ പ്രദേശത്ത് ഒരു കത്തോലിക്കാ ദേവാലയം അന്നുണ്ടായിരുന്നില്ല. 1930 നു മുമ്പ് 1926 ൽ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട് ലത്തീൻ കത്തോലിക്കാ സഭയിൽ ചേർന്ന പുത്തൻപീടിക ബ. ഗീവറുഗീസ് പീടികയിലച്ചൻ ഈ പ്രദേശങ്ങളിൽ പുനരൈക്യ പരിശ്രമങ്ങൾ നടത്തുവാൻ വളരെയേറെ ആഗ്രഹിച്ചിരുന്നു. അച്ചന്റെ പരിശ്രമഫലമായി ഏതാനും ചില കുടുംബങ്ങൾ പുത്തൻ പീടികയിലുള്ള ദേവാലയത്തിൽ ചേർന്ന് സത്യവിശ്വാസം ഏറ്റുപറയുകയും അവിടെ അംഗങ്ങളായി തീരുകയും ചെയ്തിരുന്നു.

1928 ജനുവരി 12ന് മൈലപ്രായിൽ നിന്നുള്ള തറയിൽ ചാണ്ടി ഗീവറുഗീസ്, വടക്കേ തറയിൽ തോമസ് മത്തായി, കാലായിൽ ഇട്ടി തോമസ്, തീക്കുറിഞ്ഞിയിൽ ഈപ്പൻ ഉണ്ണൂണ്ണി, പൂവണ്ണുംമൂട്ടിൽ ചാക്കോ തോമസ് എന്നിവർ പുത്തൻ പീടിക ലത്തീൻ പള്ളിയിൽ ഇടവകാംഗങ്ങളായി ചേർന്നതായി അവിടത്തെ ഇടവക രേഖകളിൽ കാണുന്നു.

ഈ അവസരത്തിലാണ് മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിന്റെ വഴിയിലൂടെ കുമ്പഴ അച്ചൻ എന്ന യുവവൈദികൻ 1930 ഒക്ടോബർ 29ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്. ബ. പീടികയിലച്ചനെ ഗുരുവായും, മാർഗദർശിയായും സ്വീകരിച്ചുകൊണ്ട് പുനരൈക്യത്തിന്റെ പാതയിലൂടെ മേടയിലച്ചൻ സഞ്ചരിക്കുവാൻ തുടങ്ങി. മലങ്കര സുറിയാനി കത്തോലിക്കാപള്ളികളൊന്നും ഈ പ്രദേശത്ത് ഇല്ലാതിരുന്ന പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ കുമ്പഴ അച്ചൻ പുത്തൻ പീടികയിലുള്ള

www.malankaralibrary.com


ലത്തീൻ പള്ളിയിൽ സൈക്കിളിൽ പോയി വി. കുർബാന അർപ്പിക്കുകയും പീടികയിൽ ഗീവറുഗീസച്ചനും കുടുംബവുമായി ഉറ്റസൗഹൃദം പുലർത്തുകയും ചെയ്തിരുന്നു.

1930 ഡിസംബർ 25 ന് ഫാദർ പീലിപ്പോസിന്റെ 'മേലേതിൽ' കുടുംബവീടിനടുത്തായി കുമ്പഴ ജംഗ്ഷനു സമീപം മലങ്കര കത്തോലിക്കർക്കായി കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ ഒരു ചാപ്പൽ രൂപംകൊണ്ടു. മൈലപ്രാ പ്രദേശത്ത് ഒരു ചെറിയ ചാപ്പൽ വയ്ക്കുന്നതിന് ഫാദർ ഗീവറുഗീസ് പീടികയിൽ പരിശ്രമിച്ചു. ഫാദർ പീലിപ്പോസ് മേടയിൽ അദ്ദേഹത്തോടു ചേർന്ന് പ്രവർത്തിച്ചു. കാവടിശേരി കുടുംബക്കാരിൽ നിന്നും വാങ്ങിയ വസ്തുവിന്റെ ഉയരമുള്ള ഭാഗത്ത് ഒരു ചെറിയ ചാപ്പൽ 1932 ൽ നിർമിക്കുകയുണ്ടായി. കാട്ടുകല്ലുകളാൽ കയ്യാലകൾ സമാന്തരമായി കെട്ടി തട്ടുതട്ടാക്കി വെടിപ്പാക്കി മുകൾ ഭാഗത്തായി മുപ്പത്തഞ്ചടി നീളത്തിൽ കിഴക്കുപടിഞ്ഞാറായി ഒരു ചാപ്പൽ പണിതു. വെട്ടുകല്ലുപയോഗിച്ചുള്ള ചുമരുകളും തടി കൊണ്ടുള്ള മേൽക്കൂടുമുള്ള ഓടിട്ട ഒരു പുരയായിരുന്നു ചാപ്പൽ. വൈദികർക്കു വിശ്രമിക്കുവാനുള്ള രണ്ടു മുറികളും തെക്കു കിഴക്കുവശത്തു ക്രമീകരിച്ചിരുന്നു. വടക്കുഭാഗത്ത് ഒരു തട്ടു മുകളിലായി ഭക്ഷണം പാകം ചെയ്യുന്നതിന് ഒരു കുശിനിയും നിർമിച്ചിരുന്നു. കുമ്പഴ ഭാഗത്തു നിന്നു വരുന്നവർക്ക് തെക്കുവശത്തു കൂടെയും, മൈലപ്രാ ഭാഗത്തു നിന്നും വരുന്നവർക്ക് വടക്കു വശത്തുകൂടെയും വന്നു കയറുവാൻ തക്ക വിധത്തിൽ വഴിയുണ്ടായിരുന്നു. ഇപ്പോഴത്തെ നവീന ദേവാലയത്തിന്റെ താഴെ കാണുന്ന വിശാലമായ മൈതാനത്തിന്റെ വടക്കുഭാഗത്തായിരുന്നു ആദ്യത്തെ ചാപ്പലിന്റെ സ്ഥാനം. ധാരാളം വെള്ളം ലഭിക്കുന്ന ഒരു കിണറും ഉണ്ടായിരുന്നു. താഴെ വിശാലമായ മൈതാനത്ത് നാനാജാതി മതസ്ഥരായ യുവാക്കൾ പന്തു കളിക്കുന്ന സ്ഥലമായിരുന്നു.

1932 ജൂൺ 9ന് മൈലപ്ര ചാപ്പലിന്റെ കൂദാശാകർമം ഫാദർ ഗീവറുഗീസ് പീടികയിലും ഫാദർ പീലിപ്പോസ് മേടയിലുമൊന്നിച്ചു ചേർന്നു നടത്തി.

1938–39 ൽ സഭാസംബന്ധമായ സമ്മേളനം ഈ കൊച്ചു ചാപ്പലിന്റെ പരിസരത്തുള്ള വിശാലമായ മൈതാനത്തു വച്ചുനടന്നു. കൂടാതെ ഈ പള്ളിപ്പറമ്പിൽ വച്ച് രാഷ്ട്രീയ സമ്മേളനങ്ങളും അരങ്ങേറുകയുണ്ടായി. അഖില കേരള കത്തോലിക്കാകോൺഗ്രസും ഇവിടെ വച്ചു നടന്നിട്ടുണ്ട്. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ അദ്ധ്യക്ഷതയിൽ ആയിരുന്നു ആ സമ്മേളനം. ഈ സ്ഥലത്ത് തിരുഹൃദയ ദേവാലയം സ്ഥാപിക്കപ്പെട്ടതോടെ പുനരൈക്യപ്രസ്ഥാനം ശക്തിയാർജിച്ചു വളരുവാൻ തുടങ്ങി.

www.malankaralibrary.com


1935 ജൂലൈ 19 നായിരുന്നു മൈലപ്രാഅച്ചന്റെ പുനരൈക്യം. അദ്ദേഹത്തിന്റെ പുനരൈക്യത്തിനു മുമ്പ് ഇടവകയിൽ 29 കുടുംബങ്ങളും 106 അംഗങ്ങളുമുണ്ടായിരുന്നു. മൈലപ്രായിൽ ഒരു ദേവാലയം ഉണ്ടാകുന്നതു വരെയുള്ള 1930–'32 കാലയളവിൽ ഇടവകാംഗങ്ങളുടെ ആത്മീയ ചുമതലക്കാരനായി കുമ്പഴ അച്ചനെ മാർ ഈവാനിയോസ് തിരുമേനി ചുമതലപ്പെടുത്തി. മൈലപ്രാ ഇടവകയുടെ ആദ്യത്തെ വികാരി കുമ്പഴ അച്ചൻ ആയിരുന്നു. തുടർന്ന് പന്തളത്ത് തയ്യിൽ വീട്ടിൽ ഈശോ കത്തനാരുടെ മകനായ ഫാദർ ഗീവറുഗീസ് (ഇസഹാക്ക്) ചരുവിലേത്ത് വികാരിയായി സേവനം ചെയ്തു. ആദ്യത്തെ ചാപ്പൽ നിർമാണത്തിലും ആദ്യകാല പ്രതിസന്ധികൾക്കിടയിൽ ഇടവക കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതിലും കുമ്പഴ അച്ചന്റെ സേവനം നിസ്തുലമായിരുന്നു. മൈലപ്രാ അച്ചൻ 1936 ൽ ഇടവക നേതൃത്വം ഏറ്റെടുത്തതോടെ പന്തളത്തച്ചൻ മണ്ണാരക്കുളഞ്ഞി, ആഞ്ഞിലികുന്ന് ഇടവകകളിലേക്ക് മാറുകയുണ്ടായി. ബ. മൈലപ്രാ അച്ചൻ 150 ൽ പരം ആളുകളുമായി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു. ഈ ഇടവകയുടെ ചരിത്രത്തിലെ അതിപ്രധാനമായ സംഭവമായിരുന്നു ഇത്. മൈലപ്രാ പ്രദേശത്തിന്റെ സർവതോന്മുഖമായ വളർച്ചക്കുവേണ്ടി ബ. അച്ചൻ ചെയ്ത സേവനങ്ങൾ എക്കാലവും ഓർമിക്കപ്പെടേണ്ടതുണ്ട്. മൈലപ്രാ ഇടവകയുടെ ചരിത്രം വിശദമായി പുനരുദ്ധാരണ സ്മാരകഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതിനാൽ ഇവിടെ വിവരിക്കുന്നില്ല.

ഇപ്പോഴത്തെ വികാരി ഫാദർ സ്ലീബാദാസ് ചരിവുപുരയിടത്തിൽ ആണ്. ഇടവകയിൽ ഇപ്പോൾ 250 കുടുംബങ്ങളുണ്ട്.

### ഇടവകയിൽ നിന്നുള്ള ദൈവവിളികൾ:–

**വൈദികർ:**

ഫാദർ തോമസ് നായ്ക്കംപറമ്പിൽ (ഡോ. തോമസ് മാർ എവുസേബിയസ്, പാറശാല രൂപതയുടെ മെത്രാപ്പോലീത്ത)
ഫാദേഴ്സ്: ജോഷ്വാ താഴത്തേതിൽ, പാട്രിക് സ്കറിയ കാവിന്റെ തടത്തിൽ, ജോസ് ചാമക്കാലായിൽ, ജോസ് ചരുവിൽ.

**സിസ്റ്റേഴ്സ്**

അൽഫോൻസ എസ്.ഐ.സി., ശാലീത്ത എസ്.ഐ.സി., വിനീത എസ്.ഐ.സി., ദർശന എസ്.ഐ.സി., ഐഡ എസ്.ഐ.സി., പുഷ്പം എസ്.ഐ.സി., ആൻ എസ്.ഐ.സി., ലുസിന ഡി.എം., മേഴ്സിലിൻ ഡി.എം., ഗ്രേസി എൽ.എസ്.ജെ.

www.malankaralibrary.com

## പുനരൈക്യം പത്തനംതിട്ടയിൽ

മലങ്കരസഭയുടെ പ്രതീക്ഷയായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത് യാക്കോബായ ഓർത്തഡോക്സ് സഭാവിഭാഗങ്ങൾക്ക് വലിയ ആഘാതമായി. പിന്നീട് അത് അടങ്ങാത്ത രോഷമായി മാറി. സത്യാന്വേഷിയായ അദ്ദേഹം തന്നെ ഭരമേല്പിച്ച ദൗത്യം നിറവേറ്റുകയും കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ പതിനൊന്നാം പീയുസ് മാർപാപ്പായിൽ നിന്നും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് അംഗീകാരം നേടുകയും ചെയ്തു. മലങ്കരസഭ ആചരിച്ചു വന്ന ആരാധാനക്രമം അഭംഗുരം തുടരുന്നതിനുള്ള അനുമതിയോടെയാണ് ഈ അംഗീകാരം നേടിയത്. തങ്ങളുടെ സ്വാതന്ത്ര്യത്തെയും അവകാശാധികാരങ്ങളെയും നിലനിർത്തിക്കൊണ്ടുള്ള ഒരു പുനരൈക്യം – അങ്ങനെ കലഹത്തിന്റെയും വ്യവഹാരത്തിന്റെയും നീർച്ചുഴിയിൽ നിന്നും രക്ഷപ്പെട്ട് ഐക്യത്തിന്റെയും സമാധാനത്തിന്റെയും പാതയിൽ എത്തിച്ചേർന്നു. പത്തനംതിട്ടയും പ്രാന്തപ്രദേശങ്ങളിലും അനേകം കുടുംബങ്ങൾ കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്നതിന് ഇതുവഴി തെളിച്ചു.

1930 സെപ്റ്റംബർ 30-ാം തീയതി പീടികപറമ്പിൽ ശ്രീമാൻ പി.ജി. തോമസിന്റെ നേതൃത്വത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കാണുന്നതിനായി പത്തനംതിട്ട നിന്നും കെ.എം. തോമസ് കുന്നത്ത്, സ്കറിയ കുളങ്ങര, (ഫാദർ തോമസ് കുളങ്ങര, ഫാദർ സാബു കുളങ്ങര ഇവരുടെ ജ്യേഷ്ഠൻ) തോളൂർ ഉണ്ണൂണ്ണി (സിസ്റ്റർ സ്വാരൂപ്യ എസ്.ഐ.സി. യുടെ വല്യപ്പച്ചൻ) മണ്ണിൽ പാപ്പി (സിസ്റ്റർ സിസിലിയായുടെ പിതാവ്) എന്നിവർ അനേകം മൈലുകൾ കാൽനടയായി സഞ്ചരിച്ച് കല്ലൂപ്പാറ എത്തി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കണ്ടു. അവിടെ വച്ച് അദ്ദേഹവുമായി പുനരൈക്യാലോചനകൾ നടത്തുകയും എത്രയും വേഗം കത്തോലിക്കാസഭയിൽ ചേരുന്നതിനുള്ള ആഗ്രഹം അറിയിക്കുകയും ചെയ്തു. ആദ്യത്തെ മൂന്നുപേരും അന്നുതന്നെ മാർ ഈവാനിയോസ്

www.malankaralibrary.com


തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു പുനരൈക്യപ്പെടുകയുണ്ടായി. മണ്ണിൽ പാപ്പി, തിരിച്ചുവന്ന് കുടുംബാംഗങ്ങളുമായി ആലോചിച്ച് കുടുംബസമേതം പിന്നീട് കത്തോലിക്കാസഭയിൽ ചേർന്നു. ആരാധനയ്ക്കായി ഒരു മലങ്കര കത്തോലിക്കാ ദേവാലയം പോലും പത്തനംതിട്ട പ്രദേശത്ത് അന്ന് ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവർ പുത്തൻ പീടിക ലത്തീൻ പള്ളിയിൽ അംഗത്വം സ്വീകരിച്ച് ആത്മീയ കാര്യങ്ങൾ നിർവഹിച്ചു വന്നു.

ഈ പ്രദേശത്ത് മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട ആദ്യവൈദികൻ ഫാദർ പീലിപ്പോസ് മേടയിൽ ആയിരുന്നു. 1930 ഡിസംബർ മാസത്തിൽ താൽക്കാലികമായി ഒരു ചാപ്പൽ വച്ച് കുമ്പഴ ഇടവക സ്ഥാപിതമായി എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. പത്തനംതിട്ട പ്രദേശത്തെ ആദ്യത്തെ മലങ്കര കത്തോലിക്കാപള്ളിയാണ് കുമ്പഴപ്പള്ളി. 1933 മെയ് 15 ന് കുമ്പഴ പള്ളി സ്ഥാപിതമാകുന്നതുവരെ ഇടവക പ്രവർത്തനങ്ങളും ആരാധനയും നടത്തിവന്നിരുന്നത് ഇവിടെയാണ്. പുനരൈക്യപ്പെട്ട കുടുംബങ്ങൾ മൈലപ്രായിൽ നിന്നും ഇവിടെ വന്ന് ആരാധനയിലും, ശുശ്രൂഷകളിലും പങ്കെടുത്തിരുന്നു.

പത്തനംതിട്ടയിൽ, കത്തോലിക്കാസഭയിലേക്കു കടന്നുവന്ന വിശ്വാസികൾക്ക് ആരാധനാസൗകര്യം ഉണ്ടായിരുന്നില്ല. പരിമിതമായ സാഹചര്യങ്ങളിൽ നന്നുവക്കാട് നടത്തിയിരുന്ന എം.ഡി.എൽ.പി.എസ്. കെട്ടിടം ജീർണിച്ച് നിലംപരിശായ സ്ഥിതിയിൽ നിൽക്കുന്ന അവസരം. 1932 ൽ തിരുവനന്തപുരം ഹൈരാർക്കി സ്ഥാപിതമായി. പത്തനംതിട്ട, തിരുവനന്തപുരം എന്ന രണ്ടു വൈദിക ജില്ലകളും. അതേവർഷം തന്നെ 1932 ൽ മാർ ഈവാനിയോസ് തിരുമേനി നന്നുവക്കാട് ഒരേക്കർ വസ്തു വാങ്ങുകയും എം.എസ്.സി. എൽ.പി.എസ്. അവിടെത്തന്നെ പണിതുയർത്തുകയും ചെയ്തു. ഈ സ്കൂളിലെ ആദ്യകാല അദ്ധ്യാപകരായിരുന്നു ശ്രീമാൻ കെ.എം. മത്തായി കുന്നത്ത്, തോമസ് കുളങ്ങര, വർഗീസ് കെങ്കിരേത്ത്, ശ്രീമതി അന്നമ്മ ഇലന്തൂർ തുടങ്ങിയവർ. സ്കൂളിന്റെ നിർമാണത്തിൽ സഹകരിക്കുകയും, ചുമതല വഹിക്കുകയും സ്വന്തം പുരയിടത്തിൽ നിന്നുള്ള തടികൾ സ്കൂൾ കെട്ടിടത്തിനുവേണ്ടി നൽകുകയും ചെയ്തത് ശ്രീമാൻ കുന്നത്തു മത്തായി സാർ ആയിരുന്നു എന്നത് ഇവിടെ അനുസ്മരിക്കുന്നു.

പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ മലങ്കര കത്തോലിക്കാസഭയിൽ പട്ടക്കാർ ആരും ഇല്ലാതിരുന്ന സാഹചര്യത്തിൽ പുനരൈക്യപ്പെട്ട മലങ്കര മക്കൾക്ക് പ്രോത്സാഹനവും പ്രചോദനവും നൽകി ബലപ്പെടുത്തുവാനും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനും, മാർഗദർശിയായി വർത്തിക്കുവാനും യുവവൈദികനായ കുമ്പഴ അച്ചൻ ദൈവകരങ്ങളിൽ ഉപകരണമായി. 1932 മുതൽ പുനരൈക്യപ്പെട്ട മലങ്കര മക്കൾക്കുവേണ്ടി

www.malankaralibrary.com


നന്നുവക്കാട് എം.എസ്.സി. എൽ.പി.എസിൽ വി. കുർബാന അർപ്പിക്കുവാനും മാമോദീസാ, മൂറോൻ, കുമ്പസാരം, വിവാഹം തുടങ്ങിയ കൂദാശകൾ പരികർമ്മം ചെയ്യാനും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഫാദർ പീലിപ്പോസ് മേടയിലച്ചനെ ഭരമേല്പിച്ചിരുന്നു. പത്തനംതിട്ടയിലെ ആദ്യമിഷനറി കുമ്പഴ അച്ചനായിരുന്നു. 1932 ൽ പത്തനംതിട്ട ഡിസ്ട്രിക്ട് വികാരിയായി നിയമിതനായി.

THE MOST REV.
ARCHBISHOP MAR IVANIOS, O. I. C., M. A., D. D., LL. D.,
METROPOLITAN OF TRIVANDRUM.

ARCHBISHOP'S HOUSE,
PATTOM, P. O.,
TRIVANDRUM S. INDIA.

December 17, 52.

Rev. Fr. Philipose Medayil had been appointed by us District Vicar of Pathanamthitta from January 1, 1932 with full powers of jurisdiction granted by us. He was empowered to open Mission stations and to erect Chapels on my behalf in the District of Pathanamthitta of my Archdiocese of Trivandrum.

+ Mar Ivanios

Archbishop of Trivandrum.

## മാർപാപ്പായിൽ നിന്നുള്ള കല്പന

1932 ൽ മലങ്കര ഹൈരാർക്കി സ്ഥാപിതമാകുകയും തിരുവനന്തപുരം അതിരൂപതയും തിരുവല്ല രൂപതയും രൂപീകൃതമാകുകയും ചെയ്തു. കത്തോലിക്കാസഭയിൽ "മലങ്കര സുറിയാനി റീത്ത്" നിലവിൽ വന്ന സാഹചര്യത്തിൽ മലങ്കര ഓർത്തഡോക്സ്, യാക്കോബായ സുറിയാനി സഭാ വിഭാഗങ്ങളിൽ നിന്നും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട അംഗങ്ങളെല്ലാവരും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അംഗങ്ങളാണ്. ലത്തീൻ സഭയിലേക്കോ, സീറോ മലബാർ സഭയിലേക്കോ

www.malankaralibrary.com


പുനരൈക്യപ്പെട്ട കത്തോലിക്കാ വിശ്വാസികൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അംഗങ്ങളാകേണ്ടതാണ് എന്ന് മാർപാപ്പായിൽ നിന്നും കല്പന ലഭിച്ചു.

പത്തനംതിട്ട പ്രദേശങ്ങളിൽ നിന്നും പുനരൈക്യപ്പെട്ട മക്കൾക്കായി പ്രത്യേകം പള്ളികൾ സ്ഥാപിക്കേണ്ടതിന്റെ അത്യാവശ്യം എത്രമാത്രമായിരുന്നു എന്ന് ഊഹിക്കുകയേ വേണ്ടൂ. പള്ളികൾ, സെമിത്തേരികൾ ഇവ സ്ഥാപിക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി അനിവാര്യമായിരുന്നു എന്നും ഓർക്കേണ്ടതുണ്ട്. ഈ മേഖലയിൽ നിന്നും കത്തോലിക്കാവിശ്വാസം സ്വീകരിച്ച മലങ്കര മക്കൾ പിൽക്കാലത്ത് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വെട്ടിത്തുറന്ന പുനരൈക്യപാതയിലൂടെ സഞ്ചരിച്ച് തിരുവനന്തപുരം അതിരൂപതയിൽ അംഗങ്ങളായിത്തീർന്നു.

1933 ൽ പത്തനംതിട്ടയിൽ നിന്നും ആയിക്കുന്നത്ത്, എം.ജി. ചെറിയാൻ, അടൂർ വച്ച് വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു.

## കിഴക്കേവീട്ടിൽ പത്രോസ് അച്ചന്റെ പുനരൈക്യം

വലിയ കോളിളക്കം സൃഷ്ടിച്ചുകൊണ്ട് മാക്കാംകുന്ന് ഓർത്തഡോക്സ് ഇടവകയിലെ പ്രമുഖ വൈദികനായിരുന്ന ഫാദർ സി.പി. പത്രോസ് കിഴക്കേവീട്ടിൽ, 1938 നവംബർ 19–ാം തീയതി നന്നുവക്കാട് എം.എസ്.സി. എൽ.പി.എസിൽ വച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭാംഗമായി. അനുയായികളായി പത്തനംതിട്ട നിന്നുള്ള അൻപതോളം ആളുകളും അന്നു പുനരൈക്യപ്പെട്ടു. സെന്റ് പീറ്റേഴ്സ് ഇടവക കൂട്ടായ്മ ശക്തി ആർജിച്ച് വളരുന്നതിന് ഈ സംഭവം വഴി തെളിച്ചു. പുത്തൻ പീടിക ലത്തീൻപള്ളിയിൽ ചേർന്ന പത്തനംതിട്ട പ്രദേശത്തുള്ള മലങ്കര സുറിയാനി കത്തോലിക്കാ കുടുംബാംഗങ്ങൾ ക്രമേണ സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക പള്ളിയിൽ അംഗങ്ങളായി. സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയുടെ പ്രഥമ വികാരിയായി കിഴക്കേ വീട്ടിൽ സി.പി. പത്രോസ് അച്ചൻ നിയമിതനായി. ബ. അച്ചന് സഹായത്തിനായി കുറച്ചുകാലത്തേക്ക് ഫാദർ ജോൺ എസ്.ജെ. എന്ന ജസ്യൂട്ടു വൈദികനെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ നിയോഗിക്കുകയുണ്ടായി. സുപ്രസിദ്ധ വാഗ്മിയായിരുന്ന ജോൺ കിഴക്കേത്തയ്യിലച്ചന്റെ പ്രസംഗങ്ങളും പഠനക്കളരികളും ദൈവജനത്തിന് ആദ്ധ്യാത്മികമായ ഉണർവും വിശ്വാസസ്ഥിരതയും നൽകുന്നതിന് ഉപയുക്തമായി എന്നത് വിസ്മരിക്കാവതല്ല.

www.malankaralibrary.com


കത്തോലിക്കരായിത്തീർന്ന മലങ്കര മക്കൾ മുടങ്ങാതെ പള്ളിയിൽ വരുന്നതിനും, ദിവ്യബലിയിൽ പങ്കുകൊള്ളുന്നതിനും താല്പര്യമുള്ളവരായി.

1938 മുതൽ 48 വരെ ബ. പത്രോസ് കിഴക്കേവീട്ടിൽ അച്ചൻ ഇവിടെ വികാരിയായിരുന്നു. ഇടവകയിലെ ഭൂരിഭാഗം കുടുംബങ്ങളും ഈ കാലയളവിൽ പുനരൈക്യപ്പെട്ടവരാണ്. പുനരൈക്യത്തിന്റെ പ്രാരംഭദശയിൽ വി. കുർബാനയ്ക്ക് പ്രധാന ശുശ്രൂഷകനായിരുന്നത് ബ. അച്ചന്റെ അനുജൻ സി.പി. ചെറിയാൻ വക്കീൽ ആയിരുന്നു. അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ ആരാധനയും ശ്രുതിമധുരമായ ഗാനങ്ങളും ദൈവജനത്തെ സഭയോടു ചേർത്തു നിർത്തുന്നതിനും ഭക്തിപൂർവം ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനും വളരെ സഹായകമായിരുന്നു. ബ. പത്രോസച്ചന്റെ കൂടെ പള്ളിയിൽ തുടർന്ന് പ്രധാന ശുശ്രൂഷകനായിരുന്നത് മാക്കാംകുന്നു പള്ളിയിൽ ശുശ്രൂഷകനായിരുന്ന കോയിക്കൽ കോശി സ്കറിയ തന്നെ ആയിരുന്നു എന്നത് ഇവിടെ അനുസ്മരിക്കുന്നു.

## പത്തനംതിട്ടയും സമീപപ്രദേശങ്ങളിലും നിന്ന് മാർ ഈവാനിയോസ് തിരുമേനിയുടെ കാലത്ത് പുനരൈക്യപ്പെട്ട വൈദികർ

| | |
|---|---|
| 1930 ഒക്ടോബർ 29 | ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) |
| 1930 | ഫാദർ ഗീവറുഗീസ് ചരുവിലേത്ത് (പന്തളത്തച്ചൻ) |
| 1931 | ഫാദർ ഇടിച്ചെറിയ തോമസ് വടക്കേക്കര, ഇലന്തൂർ |
| 1931 നവംബർ 10 | ഫാദർ സഖറിയാസ് എഴിയത്ത്, ഓമല്ലൂർ (ആറ്ററികം) |
| 1931 നവംബർ 22 | ഫാദർ തോമസ് പെരുമല, ചന്ദനപ്പള്ളി |
| 1932 സെപ്റ്റംബർ 8 | ഫാദർ ഏബ്രഹാം താഴെയിൽ, പുളിന്തിട്ട, ഇലന്തൂർ |
| 1935 ജൂൺ 16 | ഫാദർ പി.സി. ഗീവറുഗീസ് പുത്തൻപുരയ്ക്കൽ (കടമ്മനിട്ട അച്ചൻ) |
| 1935 ഏപ്രിൽ 30 | ഫാദർ പോത്ത ഏബ്രഹാം, മണ്ണിൽ പൊന്മേലിൽ, കാട്ടൂർ |
| 1935 ജൂലൈ 20 | ഫാദർ എ.ജി. ഏബ്രഹാം തെങ്ങുംതറമേടയിൽ, (മൈലപ്രാ അച്ചൻ) |
| 1936 | ഫാദർ കോശി കുഴിയമ്മണ്ണിൽ, വയലത്തല |
| 1936 നവംബർ 8 | ഫാദർ പീലിപ്പോസ് കൊച്ചുകല്ലിൽ, ഇലന്തൂർ |
| 1937 ആഗസ്റ്റ് 5 | ഫാദർ ഏബ്രഹാം ആശാരിയത്ത്, പ്രക്കാനം |

www.malankaralibrary.com


| | |
|---|---|
| 1938 നവംബർ 19 | ഫാദർ സി.പി. പത്രോസ് കിഴക്കേവീട്ടിൽ – പത്തനംതിട്ട |
| 1947 ജൂലൈ 7 | ഫാദർ ജോസഫ് വാഴപ്പിള്ളേത്ത്, വടശേരിക്കര |
| 1948 ഒക്ടോബർ 26 | ഫാദർ തോമസ് ആമ്പശേരിൽ, പുത്തൻപീടിക |
| 1951 മാർച്ച് 9 | ഫാദർ സാമുവൽ ശങ്കരത്തിൽ, വടക്കുപുറം |

മേൽപറഞ്ഞ വൈദികരെ പുനരൈക്യത്തിന്റെ പാതയിലേക്ക് ആനയിക്കുന്നതിന് കുമ്പഴ അച്ചൻ വഹിച്ച പങ്ക് ശ്ലാഘനീയമാണ്. കുമ്പഴ അച്ചൻ, കടമ്മനിട്ട അച്ചൻ, മൈലപ്രാ അച്ചൻ, കൊട്ടാരക്കര അച്ചൻ ഇവർ പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടു ചേർന്നു നിന്നുകൊണ്ട് മലങ്കര കത്തോലിക്കാ സഭയെ പടുത്തുയർത്തുന്നതിന് കഠിനാദ്ധ്വാനം ചെയ്ത വൈദികരാണ്. അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ അതിർത്തി വടക്ക് പമ്പാനദി മുതൽ തെക്ക് കന്യാകുമാരി വരെ വ്യാപിച്ചിരുന്നു. പത്തനംതിട്ട വൈദികജില്ലയുടെ അതിർത്തി വടക്ക് പമ്പാനദി തന്നെയായിരുന്നു. വിസ്തൃതമായ ഈ മലയോരപ്രദേശത്ത് അങ്ങിങ്ങായി മലങ്കര കത്തോലിക്കാ ഇടവകകളും മിഷ്യൻ കേന്ദ്രങ്ങളും സ്ഥാപിതമായി. ഈ മേഖലയിൽ പ്രേഷിതപ്രവർത്തനത്തിനായി മൂന്നു പ്രഗത്ഭരായ വൈദികരെ ലഭിച്ചു എന്നത് ദൈവത്തിന്റെ പ്രത്യേക അനുഗ്രഹമായി കാണാം. അന്നുണ്ടായിരുന്ന പത്തനംതിട്ട, റാന്നി–പെരുനാട്, കോന്നി എന്നീ വൈദികജില്ലകൾ മൂന്നും അന്നത്തെ വിസ്തൃതമായ പത്തനംതിട്ട വൈദികജില്ലയുടെ ഭാഗമായിരുന്നു. പത്തനംതിട്ട ഡിസ്ട്രിക്ട് വികാരിയായി കുമ്പഴ മേടയിൽ പീലിപ്പോസച്ചൻ 1932–'50 വരെ സേവനമനുഷ്ഠിക്കുകയുണ്ടായി എന്നത് ഇവിടെ അനുസ്മരിക്കുന്നു.

കൊട്ടാരക്കര അച്ചൻ എന്നറിയപ്പെട്ടിരുന്ന വന്ദ്യ അലക്സാണ്ടർ വല്യവീട്ടിൽ അച്ചനെ 1935 ഒക്ടോബർ 2–ാം തീയതി തിരുവനന്തപുരത്തുവച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. അദ്ദേഹം തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായ തിരുവനന്തപുരം വൈദികജില്ലയിൽപെട്ട അഞ്ചൽ, കൊട്ടാരക്കര, പുനലൂർ, പത്തനാപുരം തുടങ്ങിയ പ്രദേശങ്ങളിൽ ശക്തമായ പുനരൈക്യപരിശ്രമങ്ങൾ നടത്തുകയും മലങ്കര കത്തോലിക്കാസഭയ്ക്ക് അസൂയാവഹമായ വളർച്ചയും പുരോഗതിയും കൈവരുത്തുകയും ചെയ്ത വന്ദ്യവൈദികനാണ്.

മാർ ഈവാനിയോസ് തിരുമേനിക്ക് ശക്തമായ പിന്തുണയും ബലവും നൽകികൊണ്ട് മദ്ധ്യതിരുവിതാംകൂറിലെ ഭൂരിഭാഗം മിഷ്യൻ കേന്ദ്രങ്ങൾക്കും തുടക്കം കുറിക്കുന്നതിനും, ഇടവകകൾ ആരംഭിക്കുന്നതിനും ധീരതയും

www.malankaralibrary.com


വിശ്വാസസ്ഥിരതയുമുള്ള ഒരു മലങ്കര കത്തോലിക്കാ വിശ്വാസസമൂഹത്തെ വളർത്തിയെടുക്കുന്നതിനും, മലങ്കര സഭയുടെ നെടുംതൂണുകളായി നിന്നു പ്രവർത്തിച്ചവരാണ് കുമ്പഴ അച്ചൻ, മൈലപ്രാ അച്ചൻ, കടമ്മനിട്ട അച്ചൻ, കൊട്ടാരക്കര അച്ചൻ എന്നീ വൈദികശ്രേഷ്ഠർ.

അഭിവന്ദ്യ ബെനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാലത്ത് പത്തനംതിട്ട പ്രദേശത്തു നിന്നും പുനരൈക്യപ്പെട്ട വൈദികരാണ് ഫാദർ ജോൺ കോന്നിയൂർ, വകയാർ; ഫാദർ ഗീവറുഗീസ് ചുട്ടിവെട്ടം, കൂടൽ; ഫാദർ വറുഗീസ് ചീനിവിളയിൽ കോന്നി ഇവർ. സ്ലീബാദാസ സന്യാസ സമൂഹാംഗമായിരുന്ന കുമ്പഴ നെടുമ്പ്രത്ത് കുടുംബത്തിൽപ്പെട്ട ഫാദർ പി.റ്റി. തോമസ് (വന്ദ്യ അപ്രേം റമ്പാൻ) 2.2.1962 ൽ പുനരൈക്യപ്പെടുകയും വയനാടൻ മേഖലയിലുള്ള ബത്തേരി രൂപതയിൽ മിഷ്യൻ പ്രവർത്തനം നടത്തുകയും ചെയ്തു.

കാടുംമേടും നിറഞ്ഞ മലകളിലൂടെ കാൽനടയായി മൈലുകൾ സഞ്ചരിച്ച് കഠിനാധ്വാനം ചെയ്ത് മിഷ്യൻ പ്രവർത്തനം നടത്തിയ നമ്മുടെ വന്ദ്യ വൈദികരെ നമുക്കു കൃതജ്ഞതാപൂർവം സ്മരിക്കാം. അധിക്ഷേപങ്ങളുടെയും വിമർശനങ്ങളുടെയും നടുവിലൂടെ ചങ്കൂറ്റത്തോടെ സത്യസഭയ്ക്കു വേണ്ടി പോരാട്ടം നടത്തിയ നമ്മുടെ പൂർവപിതാക്കന്മാർ അനുഭവിച്ച ത്യാഗ നിർഭരമായ ജീവിതത്തിന്റെ ഫലമാണ് ഇന്ന് ഈ പ്രദേശങ്ങൾ ഇത്രമേൽ വളരാനും പത്തനംതിട്ട ഇത്രയും പുരോഗതി പ്രാപിച്ച് ഒരു രൂപതയായി ത്തീരാനും ഇടയാക്കിയിട്ടുള്ളത്. പത്തനംതിട്ട ഒരു രൂപതയായി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ 1953 മുതൽ തന്നെ ആരംഭിച്ചിട്ടുള്ളതാകുന്നു എന്ന് രേഖകളിൽ നിന്നും മനസിലാകുന്നു.

www.malankaralibrary.com

## സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി പത്തനംതിട്ട

1932 നുശേഷമാണ് പത്തനംതിട്ട കേന്ദ്രീകരിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മിഷ്യൻ പ്രവർത്തനങ്ങൾ ഊർജിതമായി ആരംഭിച്ചത്. ഇവിടുത്തെ ആദ്യമിഷ്യനറി കുമ്പഴ അച്ചനായിരുന്നു. സ്വന്തമായി ദേവാലയത്തിന് വസ്തു വാങ്ങുന്നതിന് പരിശ്രമങ്ങൾ നടത്തി വന്നു. 1938 നവംബർ 3 ന് നന്നുവക്കാട് വസ്തു നടത്തി എടുക്കുന്നതിനായി വക്കീലിനെ ഏല്പിച്ചതായും 1939 ജനുവരി 8-ാം തീയതി വസ്തു നടത്തി എടുത്തു പണം കൊടുത്തതായും കുമ്പഴ അച്ചന്റെ ഡയറിക്കുറിപ്പിൽ കാണുന്നു. 1944 ജൂൺ 11 ന് അടിമുറിയിൽ സ്കറിയായുടെ കെട്ടിടവും സ്ഥലവും ടിയാന്റെ ഭാര്യയുടെ പേരിൽ നിന്നും 4900 രൂപക്കു വാങ്ങി ആധാരം രജിസ്റ്റർ ചെയ്തു എന്ന് രേഖപ്പെടുത്തി കാണുന്നു.

പത്തനംതിട്ട താലൂക്കിൽ പത്തനംതിട്ട വില്ലേജിൽ വെട്ടിപ്രം മുറിയിൽ അടിമുറിയിൽ ഗീവറുഗീസ് സ്കറിയായിൽ നിന്നും പന്ത്രണ്ടര സെന്റ് സ്ഥലം വാങ്ങി. ടി വസ്തു പത്തനംതിട്ട വില്ലേജിൽ കുഴിയിൽ അബ്രാഹാമിന് എഴുതിക്കൊടുത്തു. കുഴിയിൽ അബ്രാഹമിന്റെ വക 44 സെന്റു സ്ഥലം മാർ ഈവാനിയോസ് തിരുമേനിയുടെ പേർക്ക് എഴുതി വാങ്ങി. പിൽക്കാലത്ത് കുരിശടി നിൽക്കുന്ന സ്ഥലം കഴിച്ച് ബാക്കിയുള്ള സ്ഥലം പ്രതികൂല സാഹചര്യങ്ങളാൽ മാർ ഈവാനിയോസ് തിരുമേനിയുടെ അനുവാദത്തോടെ വിൽക്കുന്നതിനിടയായി.

പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന വസ്തു പലപ്പോഴായി പല വ്യക്തികളുടെ കയ്യിൽ നിന്നും വാങ്ങിയിട്ടുള്ളതാകുന്നു.

1. തെക്കേതിൽ ഗീവറുഗീസിനോട് 19 സെന്റ് സ്ഥലം പള്ളിക്കായി വാങ്ങി.
2. പറമ്പത്തൂർ സ്കറിയായിൽ നിന്ന് 8 സെന്റ് സ്ഥലം വാങ്ങി.
3. വട്ടപ്പറമ്പിൽ സ്കറിയാച്ചന്റെ വീടു നിന്നിരുന്ന സ്ഥലം പള്ളിക്കു വേണ്ടി വാങ്ങി.

www.malankaralibrary.com


4. വട്ടപ്പറമ്പിൽ വസ്തു 20 സെന്റ് നേരത്തെ ഒരാൾ വാങ്ങിയിരുന്നു. ആയത് അയാളിൽ നിന്നും പള്ളിക്കായി വാങ്ങി.
5. ഇപ്പോൾ ഓഡിറ്റോറിയം സ്ഥിതി ചെയ്യുന്ന സ്ഥലം, പറങ്കിനിൽക്കു ന്നതിൽ മത്തായിയുടെ കയ്യിൽ നിന്നും തിരുവനന്തപുരം അതിരൂപത പള്ളിക്കുവേണ്ടി വാങ്ങി. വസ്തുക്കൾ വാങ്ങുന്നതിന് കുമ്പഴ അച്ചനോടു സഹകരിച്ചു പിന്നിൽ നിന്നു പ്രവർത്തിച്ചത് കുന്നത്തു മത്തായി സാർ ആയിരുന്നു.

   1938 ൽ നടന്ന കിഴക്കേവീട്ടിൽ പത്രോസ് അച്ചന്റെ പുനരൈക്യം ഈ ഇടവകയിലെ അതിപ്രധാനമായ ഒരു ചരിത്രസംഭവമായിരുന്നു.

1942 ഫെബ്രുവരി 26, 27, 28 തീയതികളിൽ നന്നുവക്കാട് എം.എസ്.സി.എൽ.പി. സ്കൂളിൽ വച്ച് വമ്പിച്ച ഒരു പ്രസംഗയോഗം വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. 1943 ഫെബ്രുവരി 11, 12, 13, 14 തീയതികളിൽ ഫാദർ തോമസ് ഇഞ്ചക്കലോടിയുടെ നേതൃത്വത്തിൽ നന്നുവക്കാട് പ്രസംഗയോഗം നടത്തി. മലങ്കര കത്തോലിക്കരായി തീർന്നവർ ചുറ്റുപാടുമുള്ള ഇടവകകളിൽ നിന്നും ഇവിടെ എത്തിയിരുന്നു. വിശ്വാസസംബന്ധമായ പ്രബോധനങ്ങളായിരുന്നു അന്നത്തെ പ്രസംഗവിഷയങ്ങൾ. "മലങ്കര സുറിയാനി കത്തോലിക്കാസഭ, സത്യസഭ ഏത്?" "പത്രോസിന്റെ പരമാധികാരം" തുടങ്ങിയ വിവിധ വിഷയങ്ങളെപ്പറ്റി പ്രസംഗിച്ചിരുന്നു എന്നും ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## ആദ്യത്തെ ദേവാലയം

1946 മെയ് 29 ന് മാർ ഈവാനിയോസ് തിരുമേനി പത്തനംതിട്ട വരികയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. 1946 ജൂൺ 17 ന് പത്തനംതിട്ടയിൽ ഒരു ചെറിയ ബംഗ്ലാവ് നിർമിക്കുവാൻ ആരംഭിച്ചു. സ്ഥലത്തിന്റെ അതിർത്തി വെട്ടിത്തിരിച്ച് ലയിൻ നേരേയാക്കി പണി നടത്തുകയായിരുന്നു. 1947 മെയ് മാസത്തിൽ പണിക്കായി അരമനയിൽ നിന്നും 1000 രൂപയുടെ ചെക്കുവാങ്ങി. ശ്രീമാൻ സൂസന്തോണി ആയിരുന്നു പണിയുടെ ചുമതല. 1947 ജൂണിൽ വന്ദ്യപിതാവ് അമേരിക്കൻ പര്യടനത്തിനായി പോയി. വന്ദ്യ ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ അഡ്മിനിസ്ട്രേറ്ററായി നിയമിതനായി.

ഫാദർ പീലിപ്പോസ് മേടയിൽ അവർകളുടെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ (അന്ന് നന്നുവക്കാട് എന്ന പേരിലാണ് ഈ സ്ഥലം അറിയപ്പെട്ടിരുന്നത്). പരിമിതമായ സൗകര്യങ്ങളോടു കൂടിയ ഒരുകെട്ടിടം നിർമിക്കപ്പെട്ടു. അതിന്റെ നിർമാണത്തിന് മേൽനോട്ടം വഹിച്ചിരുന്നത് കുന്നത്ത് മത്തായി സാർ ആയിരുന്നു. ഒരു ബംഗ്ലാവായി നിർമിക്കപ്പെട്ട കെട്ടിടത്തിൽ

www.malankaralibrary.com


വി. കുർബാന അർപ്പിക്കുവാനുള്ള ചെറിയ ഹോളും വൈദികർക്കു താമസിക്കുവാനുള്ള പരിമിതമായ സൗകര്യങ്ങളും സജ്ജമാക്കിയിരുന്നു. കുമ്പഴ അച്ചൻ 1932 മുതൽ വി. കുർബാന അർപ്പിച്ചിരുന്നത് എം.എസ്.സി. എൽ.പി.എസിൽ വച്ചായിരുന്നു. അവിടെ വച്ച് കൺവൻഷൻ സംഘടിപ്പിക്കുകയും പെരുന്നാൾ ദിവസങ്ങളിലും മറ്റു വിശേഷദിവസങ്ങളിലും വി. കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. മാമോദിസാ, വിവാഹം തുടങ്ങിയ കൂദാശകളും ഹാശാ ആഴ്ചയിലെ ശുശ്രൂഷകളും അവിടെ വച്ച് കുമ്പഴ അച്ചൻ പരികർമം ചെയ്തിരുന്നു. തുടർന്ന് പത്രോസ് കിഴക്കേ വീട്ടിൽ അച്ചനും അവിടെ വി. കുർബാന അർപ്പിക്കുകയും കൂദാശകൾ പരികർമം ചെയ്യുകയും ചെയ്തിരുന്നു.

24-11-1947 ൽ ബംഗ്ലാവിന്റെ പണി പൂർത്തിയാക്കി. ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ ആശീർവാദകർമം നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. ആദ്യമായി ബംഗ്ലാവിൽ സ്ഥിരമായി, താമസിച്ച വൈദികൻ ഫാദർജോഷ്വാ കുന്നത്തേത്ത് ആണ്.

1948 ജൂലൈ 12 മുതൽ മാർ ഈവാനിയോസ് പിതാവിനെ സ്വീകരിക്കുന്നതിനുള്ള ആലോചനാ യോഗങ്ങൾ ഇവിടെ വച്ചു നടത്തുകയും കുമ്പഴ അച്ചൻ ഇവിടെ താമസിച്ചുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ എതിരേല്പു സംബന്ധിച്ചുള്ള ഒരുക്കങ്ങൾ ക്രമീകരിക്കുകയും ചെയ്തു. 1948 ആഗസ്റ്റ് 28 ന് പുതിയ ബംഗ്ലാവിലേക്ക് വന്ദ്യപിതാവിന് എതിരേല്പു നൽകി സ്വീകരിച്ചു. തുടർന്ന് പത്തനംതിട്ടയിൽ അതിഗംഭീരമായ വരവേല്പും അനുമോദനസമ്മേളനവും നടത്തുകയുണ്ടായി.

1948 നവംബർ മാസത്തിൽ ഫാദർ സിപ്രിയാൻ റ്റി.ഒ.സി.ഡി. ഫാദർ ബീഡ് റ്റി.ഒ.സി.ഡി. എന്നുപേരുള്ള രണ്ടു കർമലീത്താ വൈദികർ മിഷ്യൻ പ്രവർത്തനത്തിനായി ബംഗ്ലാവിൽ വന്നുതാമസമാരംഭിക്കുകയും ഒരു മിഷ്യൻഹൗസ് എന്ന പേരിൽ ബംഗ്ലാവ് അറിയപ്പെടുകയും ചെയ്തു. 1953ൽ രണ്ടാമത്തെ ദേവാലയത്തിന്റെ പണി പൂർത്തിയാകുന്നതുവരെ ഈ കെട്ടിടത്തിൽ വി. കുർബാന അർപ്പിച്ചിരുന്നു. തുടർന്നും വൈദിക മന്ദിരമായും പള്ളിയുടെ ഓഫീസ് ആയും ഈ കെട്ടിടം ഉപയോഗിച്ചുവന്നു. പുതിയ കത്തീഡ്രൽ ദേവാലയത്തിന്റെ നിർമാണസമയത്താണ് ആദ്യത്തെ ദേവാലയമായി ഉപയോഗിച്ചിരുന്ന ഈ ബംഗ്ലാവ് പൊളിച്ചുമാറ്റിയത്.

### രണ്ടാമത്തെ ദേവാലയം

ഫാദർ സിപ്രിയാൻ റ്റി.ഒ.സി.ഡി. വികാരിയായിരിക്കുമ്പോൾ രണ്ടാമത്തെ പള്ളിയുടെ പണി ആരംഭിക്കുകയും തുടർന്നുവന്ന ഫാദർ ഏബ്രഹാം ഒ.ഐ.സി.യുടെ കാലത്ത് പണികൾ തുടരുകയും ഫാദർ തോമസ് കൈതനാൽ വികാരിയായിരിക്കുമ്പോൾ നിർമാണം പൂർത്തിയാക്കുകയും

www.malankaralibrary.com


1953 നവംബർ 21 ന് അത്യുന്നത കർദിനാൾ റ്റിസറന്റ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ, അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, മാർ സെവേറിയോസ് മെത്രാപ്പോലീത്ത, കൊല്ലം മെത്രാൻ അഭിവന്ദ്യ ജെറോം ഫെർണാണ്ടസ് ഇവരുടെ സഹകാർമികത്വത്തിൽ സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ കൂദാശാകർമം സാഘോഷം നിർവഹിക്കുകയും ചെയ്തു.

ഫാദർ തോമസ് പണിക്കർ വികാരിയായിരിക്കുമ്പോൾ ഓഡിറ്റോറിയത്തിന്റെ പണി ആരംഭിച്ച്, ഗ്രൗണ്ട് ഫ്ളോർ പൂർത്തിയാക്കി. 1960 ൽ വിമലമാതാ നഴ്സറി സ്കൂൾ ഇടവകയുടെ കീഴിൽ ഇവിടെ ആരംഭിച്ചു. ബഥനി സിസ്റ്റേഴ്സ് സ്കൂളിൽ പഠിപ്പിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്തു പോന്നു. വികാരിയായിരുന്ന ഫാദർ ഡൊമ്നിക് സഖറിയാസിന്റെ കാലത്ത് യുവജനപ്രസ്ഥാനമായ എം.സി.വൈ.എം. എന്ന സംഘടന അതിരൂപതയിൽ സ്ഥാപിതമായി. ഡൊമ്നിക് അച്ചൻ ഈ സംഘടനയുടെ ആദ്യത്തെ ഡയറക്ടറായിരുന്നു. എം.സി.വൈ.എം.ന്റെ ആദ്യകാല പ്രസിഡന്റായി കുമ്പഴ അച്ചന്റെ മകൻ ജെയിംസ് മേടയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തുന്നതിൽ അതീവ സന്തോഷമുണ്ട്. വളരെ ചിട്ടയായി കാര്യങ്ങൾ ക്രമീകരിച്ചു നടത്തിയിരുന്ന യുവജന പ്രസ്ഥാനം മലങ്കരയിൽ ഇന്ന് വളരെ ശക്തിയാർജിച്ച് വളർന്നുകൊണ്ടിരിക്കുന്നു.

ഫാദർ തോമസ് കുമ്പുക്കാട്ട് വികാരിയായിരിക്കുമ്പോൾ ഓഡിറ്റോറിയത്തിന്റെ Ist+IInd Floor നിർമിച്ചു പൂർത്തിയാക്കി. പി.എസ്.സി. ഓഫീസ്, ഡി.എം.ഒ. ഓഫീസ് തുടങ്ങിയവയ്ക്ക് ഈ കെട്ടിടം വാടകയ്ക്കു കൊടുക്കുകയുണ്ടായി. പള്ളിക്ക് ഒരു സ്ഥിരവരുമാനം ലഭിക്കുന്നതിലേക്ക് ടൗൺ കുരിശടിയോടു ചേർത്ത് കെട്ടിടം പണിയിക്കുകയും കുരിശടിയിൽ മുകളിലായി കർത്താവിന്റെ രൂപം പ്രതിഷ്ഠിക്കുകയും ചെയ്തു. അഭിവന്ദ്യ കർദിനാൾ വർക്കി വിതയത്തിൽ അവർകളുടെ പിതാവായ ജസ്റ്റിസ് വിതയത്തിൽ (ജ്യേഷ്ഠൻ) നിന്നും ലഭിച്ച സംഭാവന ഉപയോഗിച്ച് ഫാദർ സിപ്രിയാൻ റ്റി.ഒ.സി.ഡി. നിർമിച്ചതാണ് ടൗൺ കുരിശടി. സിപ്രിയാനച്ചന്റെ അമ്മയിൽ നിന്നു സംഭാവനയായി ലഭിച്ച തുകകൊണ്ട് സ്ഥാപിച്ചതാണ് പത്തനംതിട്ട കത്തീഡ്രലിനു മുമ്പിൽ കാണുന്ന തിരുഹൃദയത്തിന്റെ രൂപം. എറണാകുളത്തു നിന്നും അന്നുണ്ടായിരുന്ന വിദഗ്ദ്ധനായ Architecht നെ കൊണ്ടുവന്ന് സ്വന്തമായി രൂപകല്പന ചെയ്തുണ്ടാക്കിയതാണ് തിരുഹൃദയത്തിന്റെ പ്രസ്തുത രൂപം. ഫാദർ ചെറിയാൻ പണിക്കരുടെ കാലത്ത് സെല്ലാർ നിർമിച്ചു. ഫാദർ വറുഗീസ് മാവേലിൽ ഷോപ്പിംഗ് കോംപ്ലക്സ്, പള്ളിയുടെ മുൻവശത്ത് നിർമിച്ചു. ഫാദർ യോഹന്നാൻ മുളമൂട്ടിൽ പുതിയ വൈദിക മന്ദിരം പണിയിക്കുകയുണ്ടായി. സ്ഥലപരിമിതിയും ചോർച്ചയും കാരണത്താൽ, ബ. ഏബ്രാഹാം വാവോലി മേപ്പുറത്തച്ചന്റെ കാലത്ത് കരിങ്കല്ലു കൊണ്ടു പണിതുയർത്തിയ ദേവാലയം പൊളിച്ചു മാറ്റുകയും മൂന്നാമത്തെ ദേവാലയത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു.

www.malankaralibrary.com


## മൂന്നാമത്തെ ദേവാലയം – സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ പത്തനംതിട്ട

25–1–2010 ൽ അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായിരുന്ന പത്തനംതിട്ട, ഒരു രൂപതയായി ഉയർത്തപ്പെട്ടു. അന്നേദിവസം തന്നെ മാർത്താണ്ഡം രൂപതയുടെ മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിതനായി. നമ്മുടെ രൂപതയുടെ ആസ്ഥാനമായ പത്തനംതിട്ടയിൽ പുതുതായി നിർമിച്ച ഭദ്രാസന ദേവാലയത്തിന്റെ കൂദാശാകർമവും മൂറോൻ കൂദാശയും 82–ാം പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് 2012 സെപ്റ്റംബർ 20, 21 തീയതികളിൽ മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് – കാതോലിക്കോസ്, മോറാൻ മോർ ബസേലിയോസ് ക്ലീമിസ് ബാവായുടെയും മാറോനീത്താ സുറിയാനി കത്തോലിക്കാസഭയുടെ പാത്രിയർക്കീസ് അഭിവന്ദ്യ മോറാൻ മോർ ബെക്കാറ ബുത്റോസ് അൽറായി തിരുമേനിയുടെയും, പത്തനംതിട്ട ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെയും സഹകാർമികത്വത്തിൽ നിർവഹിക്കുകയുണ്ടായി.

പത്തനംതിട്ടയിൽ പുതുതായി നിർമിതമായിരിക്കുന്ന സെന്റ് പീറ്റേഴ്സ് ഭദ്രാസനദേവാലയം ഈ നാടിന്റെ തിലകക്കുറിയെന്നവണ്ണം ശോഭിക്കുന്നു. തിരുവനന്തപുരം മേജർ അതിരൂപതയുടെ ഭാഗമായിരുന്ന പത്തനംതിട്ട ഇന്ന് പത്തനംതിട്ട രൂപതയുടെ ആസ്ഥാനമായിരിക്കുന്നു. ഈ രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ആണ് എന്ന ദൈവനിയോഗത്തിൽ നാമെല്ലാവരും ചാരിതാർഥ്യമുള്ളവരാണ്. ഒരു ചെറിയ കൂട്ടായ്മയായി ആരംഭിച്ച നമ്മുടെ ഇടവക ദേവാലയം ഇന്ന് പത്തനംതിട്ട രൂപതയുടെ ഭദ്രാസനദേവാലയമായി തീർന്നിരിക്കുന്നതിൽ നമുക്കഭിമാനിക്കാം.

മുൻദേവാലയങ്ങൾക്കു തുടക്കം കുറിച്ചവരും പുനരൈക്യത്തിന്റെ ആദ്യകാലം മുതൽ ഇവിടെ സേവനം ചെയ്തവരുമായ വന്ദ്യവൈദികരും ഇതിനെ പരിപാലിച്ചു വളർത്തിയ മേലദ്ധ്യക്ഷന്മാരും ഇതിന്റെ വളർച്ചയ്ക്കായി പ്രയത്നിച്ചിട്ടുള്ള ഇടവകാംഗങ്ങളും കഠിന യാതനകൾ സഹിച്ച പൂർവപിതാക്കന്മാരും ഇന്ന് നമ്മോടുകൂടെയില്ല. മണ്മറഞ്ഞ നമ്മുടെ വന്ദ്യപിതാക്കന്മാരെയും, വന്ദ്യവൈദികരെയും സന്യസ്ഥരെയും നമ്മുടെ മാതാപിതാക്കളെയും നമുക്കു കൃതജ്ഞതാപൂർവം സ്മരിക്കാം. അവരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം.

ഈ മനോഹരമായ ദേവാലയം ഈ നാടിന്റെ അഭിമാനമായി വിരാജിക്കുന്നു. ഈ കത്തീഡ്രൽ ദേവാലയം സമാധാനത്തിന്റെയും ഐക്യ

www.malankaralibrary.com


ത്തിന്റെയും പ്രതീകമാണ്. പത്തനംതിട്ട രൂപതയിലെ എല്ലാ ഇടവകകളുടെയും ആസ്ഥാനവും കേന്ദ്രവും ഇതുതന്നെ. ഈ ദേവാലയ നിർമാണത്തിനു പിന്നിൽ നിസ്വാർഥമായി പ്രവർത്തിച്ചവർ നിരവധിയാണ്. ഇതിന്റെ പ്രാരംഭഘട്ടത്തിൽ നേതൃത്വം നൽകിയ ഇടവകവികാരി ബ. ഏബ്രഹാം വാവോലിമേപ്പുറത്ത് അച്ചനെയും തുടർന്നുള്ള എല്ലാ നിർമാണ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ച ബ. ജോൺ തുണ്ടിയത്തച്ചനെയും ഈ വൈദികരോടു സഹകരിച്ചു പ്രവർത്തിച്ച ഇടവക കൂട്ടായ്മയെയും, ഈ ഇടവകയിലെ ഭാരവാഹികളെയും, അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. കത്തോലിക്കരായ വിശ്വാസികൾക്കു മാത്രമല്ല എല്ലാ മലങ്കര മക്കൾക്കും ഈ പ്രദേശത്തുള്ള നാനാജാതി മതസ്ഥർക്കും ഈ പുണ്യദേവാലയം അനുഗ്രഹമായി ഭവിക്കട്ടെ! ആശ്വാസവും സമാധാനവും പ്രദാനം ചെയ്യട്ടെ!

## സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ സേവനമനുഷ്ഠിച്ച വൈദികർ

| | | |
|---|---|---|
| 1. | ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) ആദ്യവികാരി | - ഡിസ്ട്രിക്ട് വികാരി - 1932-'50 |
| 2. | ഫാദർ ജോഷ്വാ കുന്നത്തേത്ത് | - സഹവികാരി |
| 3. | ഫാദർ പത്രോസ് കിഴക്കേവീട്ടിൽ - പുനരൈക്യം 19.11.1938 | - വികാരി 1938-'48 |
| 4. | ഫാദർ സിപ്രിയാൻ റ്റി.ഒ.സി.ഡി. | - വികാരി 1948 |
| 5. | ഫാദർ ബീഡ് റ്റി.ഒ.സി.ഡി. | - സഹവികാരി |
| 6. | ഫാദർ ലീനോസ് റ്റി.ഒ.സി.ഡി. | - വികാരി |
| 7. | ഫാദർ ഫൗസ്റ്റിൻ റ്റി.ഒ.സി.ഡി. | - സഹവികാരി |
| 8. | ഫാദർ ഏബ്രഹാം ഒ.ഐ.സി. | - വികാരി |
| 9. | ഫാദർ തോമസ് കൈതനാൽ | - വികാരി |
| 10. | ഫാദർ സി. മാത്യൂസ് ഏഴാനിക്കാട്ട് | - വികാരി |
| 11. | ഫാദർ ഏബ്രഹാം തെക്കേടത്ത് | - വികാരി |
| 12. | ഫാദർ ജോർജ് മൂത്തേരിൽ | - വികാരി |
| 13. | ഫാദർ തോമസ് പണിക്കർ, മാവേലിക്കര | - വികാരി |
| 14. | ഫാദർ ഡൊമ്നിക്ക് സഖറിയാ | - വികാരി |
| 15. | ഫാദർ തോമസ് കുമ്പുക്കാട്ട് | - വികാരി |
| 16. | ഫാദർ ചെറിയാൻ പണിക്കർ | - വികാരി |
| 17. | ഫാദർ ഗീവർഗീസ് മണ്ണിക്കരോട്ട് | - വികാരി |

www.malankaralibrary.com


18. ഫാദർ സാമുവൽ മണ്ണിൽ (റമ്പാൻ) - വികാരി
19. ഫാദർ മാത്യു വാഴപ്പിള്ളേത്ത് (കുരിശുമല മാത്യൂസ് റമ്പാൻ) - വികാരി
20. ഫാദർ വർഗീസ് മാവേലിൽ, (കോർ എപ്പിസ്ക്കോപ്പ) - വികാരി
21. ഫാദർ തോമസ് പണിക്കർ, കറ്റാനം - വികാരി
22. ഫാദർ യോഹന്നാൻ മുളമൂട്ടിൽ - വികാരി
23. ഫാദർ മാത്യു ആലുമ്മൂട്ടിൽ - വികാരി
24. ഫാദർ ഏബ്രഹാം വാവോലിമേപ്പുറത്ത് - വികാരി
25. ഫാദർ സിൽവസ്റ്റർ തെക്കേടത്ത് - സഹവികാരി
26. ഫാദർ തോമസ് മരോട്ടിമൂട്ടിൽ - സഹവികാരി
27. ഫാദർ ജോൺ തുണ്ടിയത്ത് - കത്തീഡ്രൽ വികാരി
28. ഫാദർ മാത്യു ആലുമ്മൂട്ടിൽ - കത്തീഡ്രൽ വികാരി
29. ഫാദർ ആന്റോ കണ്ണംകുളം - കത്തീഡ്രൽ വികാരി

ഇടവകയിൽ 250 കുടുംബങ്ങളുണ്ട്.

ഇപ്പോഴത്തെ കത്തീഡ്രൽ വികാരി ഫാദർ ആന്റോ കണ്ണംകുളം ആണ്. എം.സി.എ., എം.സി.വൈ.എം., മാതൃസംഘം, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി, സണ്ടേസ്കൂൾ തുടങ്ങിയവയെല്ലാം നന്നായി നടക്കുന്നു.

## ഇടവകയിലെ ദൈവവിളികൾ

വന്ദ്യ സാമുവൽ തൈക്കൂട്ടത്തിൽ റമ്പാൻ

ഫാദേഴ്സ് : പത്രോസ് കിഴക്കേവീട്ടിൽ, ജറോം ഒ.ഐ.സി. പീടികപ റമ്പിൽ, ജോൺ ഒ.ഐ.സി. വട്ടപ്പറമ്പിൽ (തോമസ് വട്ടപ്പറമ്പിൽ), ജോസഫ് വട്ടപ്പറമ്പിൽ, സി.സി. ജോൺ ചരിവുപുരയിടത്തിൽ, സ്ലീബാദാസ് ചരിവു പുരയിടത്തിൽ, ഏബ്രാഹാം ചേന്തിയത്ത്, തോമസ് കുളങ്ങര, ജേക്കബ് കുള ങ്ങര, തോമസ് (ജോയേൽ) പവ്വത്ത്.

ബ്രദർ ഫെർഡിനാൻഡ് സി.എം.എസ്.എഫ് പീടികപറമ്പിൽ

ബ്രദേഴ്സ് : ജെസ്റ്റിൻ പരുവംപ്ലാക്കൽ, പ്രവീൺ കുന്നത്ത്, അരുൺ പ്ലാങ്കൂട്ടത്തിൽ.

സിസ്റ്റേഴ്സ് : സോഫിയ D.M, സെലിൻ S.I.C., ഫെലിസിറ്റ S.I.C., സ്റ്റനിസ്ലാവോസ് S.I.C., തെക്ക്ല S.I.C., സിസിലിയ S.I.C., എവുസേബിയ S.I.C., ചെറുപുഷ്പ S.I.C., സാരൂപ്യ S.I.C.

www.malankaralibrary.com

## തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി വടക്കുപുറം

പുനരൈക്യപാതയിലേക്കു ആരംഭദശകത്തിൽ തന്നെ കടന്നുവന്ന വിശ്വാസികളുടെ ഒരു കൂട്ടമാണ് വടക്കുപുറത്തെ കത്തോലിക്കാവിശ്വാസികൾ. 1931 ൽ കയ്യാലയ്ക്കൽ പാനൂസ് മാത്തൻ എന്ന പിതാവ് കൊല്ലം മെത്രാൻ അഭിവന്ദ്യ ബെൻസിഗർ തിരുമേനിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ വിശ്വാസിയായിത്തീർന്നു. ആദ്യകാലത്ത് അദ്ദേഹം പുത്തൻപീടിക ലത്തീൻപള്ളിയിൽ കൂടി നടന്നു. ആ കാലത്ത് മലങ്കര കത്തോലിക്കരെ അവജ്ഞയോടെയാണ് ഇതരസഭക്കാർ വീക്ഷിച്ചിരുന്നത്. മാത്തൻ ദാനിയേൽ, മാത്തൻ തോമസ്, മാത്തൻ ഗീവറുഗീസ്, മാത്തൻ സാമുവൽ, കുഞ്ഞമ്മ എന്നിങ്ങനെ അഞ്ചു മക്കളായിരുന്നു പാനൂസ് മാത്തനുണ്ടായിരുന്നത്. ആരംഭത്തിൽ അവരും പുനരൈക്യപ്പെടുന്നതിന് എതിർപ്പു കാണിച്ചിരുന്നു.

കുമ്പഴ മേടയിൽ പീലിപ്പോസച്ചന്റെ പുനരൈക്യപ്രവർത്തനങ്ങൾ വഴി പല കുടുംബങ്ങളും ഈ പ്രദേശങ്ങളിൽ നിന്നും പുനരൈക്യപ്പെടുകയുണ്ടായി. വടക്കുപുറത്തുള്ള കയ്യാലയ്ക്കൽ പാനൂസ് മാത്തനും, അദ്ധ്യാപകനായിരുന്ന ശങ്കരത്തിൽ ജോൺ മത്തായി സാറുമാണ് പുനരൈക്യപ്രവർത്തനങ്ങളിൽ കുമ്പഴ അച്ചനോടു സഹകരിച്ചു നിന്ന ആദ്യകാല വിശ്വാസികൾ. 1932 ൽ കയ്യാലയ്ക്കൽ പാനൂസ് മാത്തന്റെ മക്കളെല്ലാവരും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി.

വടക്കുപുറത്ത് ഒരു ചാപ്പൽ നിർമിക്കുന്നതിനായി ഒരു വസ്തു വാങ്ങുന്നതിനായിരുന്നു ആദ്യത്തെ ശ്രമം. തീക്ഷ്ണമതിയായ കയ്യാലക്കൽ കുടുംബത്തിലെ പിതാവ്, പാനൂസ് മാത്തൻ തന്നെ ആയതിലേയ്ക്ക് തന്റെ ഒരേക്കർ വസ്തു തിരുവനന്തപുരം അതിരൂപതയ്ക്കു വിലയ്ക്കു നൽകുകയും 18 സെന്റ് വസ്തു പള്ളിക്ക് ദാനമായി നൽകുകയും ചെയ്തു. പുത്തൻതോട്ടത്തിൽ സ്കറിയ, പാനൂസ് മാത്തന്റെ മകൾ കയ്യാലക്കൽ കുഞ്ഞമ്മയെ വിവാഹം ചെയ്ത് വടക്കുപുറത്തു തന്നെ താമസമായി. കുടുംബം മുഴുവൻ

www.malankaralibrary.com


കത്തോലിക്കാ സഭയ്ക്ക് പിന്തുണ നൽകികൊണ്ട് സജീവപ്രവർത്തനത്തിലേർപ്പെട്ടു. എം.എസ്.സി. മാനേജുമെന്റിൽ വെട്ടൂർ, കുമ്പഴ തുടങ്ങിയ സ്കൂളുകളിൽ അദ്ധ്യാപകനായും കോന്നിത്താഴം എം.എസ്.സി. എൽ.പി.എസ്.ൽ ഹെഡ്മാസ്റ്ററായും സ്കറിയ സേവനമനുഷ്ടിക്കുകയുണ്ടായി. പുനരൈക്യത്തിന് ശക്തി പകർന്നുകൊണ്ട് ശങ്കരത്തിൽ ജോൺ മത്തായിസാറും മലങ്കര കത്തോലിക്കാസഭയോടും മാർ ഈവാനിയോസ് തിരുമേനിയോടും ചേർന്നു നിന്നു പ്രവർത്തിച്ചു.

## വടക്കുപുറത്ത് പുനരൈക്യപ്പെട്ട ആദ്യകാല കുടുംബങ്ങൾ

കയ്യാലയ്ക്കൽ പാനൂസ് മാത്തനും കുടുംബവും
ശങ്കരത്തിൽ ജോൺ മത്തായിസാറും കുടുംബവും
മണ്ണിൽ തോമസും കുടുംബവും
മുണ്ടാണിശേരിൽ വല്യകുഞ്ഞും കുടുംബവും
മാലേത്തു മാമ്മനും കുടുംബവും

കുമ്പഴ മേടയിൽ പീലിപ്പോസച്ചന്റെ പുനരൈക്യപ്രവർത്തനങ്ങൾക്കു വടക്കുപുറത്തെ മലങ്കര കത്തോലിക്കാ ഇടവകക്കാർ നൽകിയ സഹകരണം ശ്ലാഘനീയമാണ്. പ്രാരംഭത്തിൽ തന്നെ പലരും കുടുംബസമേതം പുനരൈക്യപ്പെടുകയുണ്ടായി. കുമ്പഴ അച്ചനായിരുന്നു വടക്കുപുറത്തെ ആദ്യവികാരി. പന്തളത്തച്ചൻ എന്നറിയപ്പെട്ടിരുന്ന ഗീവറുഗീസ് ചരുവിലേത്തച്ചൻ കുമ്പഴ അച്ചൻ ഇല്ലാത്ത അവസരങ്ങളിൽ ഇവിടെ തവണ നടത്തിയിരുന്നു. വളരെ സഹകരണവും അധ്വാനശീലവുമുള്ള അദ്ദേഹം, കുമ്പഴ അച്ചന്റെ സഹവികാരിയും സഹായിയുമായിരുന്നു. ഫാദർ സഖറിയാസ് ഏഴിയത്ത്, ഫാദർ എ.ജി. എബ്രഹാം മൈലപ്രാ ഇവരും ആദ്യകാലങ്ങളിൽ ഇവിടെ പ്രവർത്തിച്ചിരുന്നു.

തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി വാങ്ങിയ വസ്തുവിൽ ലളിതമായ രീതിയിൽ ഒരു ചാപ്പൽ കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ നിർമിച്ചു. ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെയും* തുമ്പമൺ പുത്തൻവീട്ടിൽ ജേക്കബ് അച്ചന്റെയും നേതൃത്വത്തിൽ മൂന്നുദിവസത്തെ ഒരു കൺവൻഷൻ വടക്കുപുറത്തു നടത്തുകയുണ്ടായി. മലങ്കര കത്തോലിക്കാസഭയെപ്പറ്റിയുള്ള പ്രസംഗങ്ങൾ പുനരൈക്യപന്ഥാവിലേക്ക് പലരെയും വഴി നടത്തുന്നതിന് ഇടയാക്കി. തുടർന്ന് 1935 നവംബർ 30-ാം തീയതി വടക്കുപുറം പള്ളി കൂദാശ

---

* ശ്രീമാൻ അലക്സാണ്ടർ ജേക്കബ് ഐ.പി.എസിന്റെ വല്യപ്പച്ചൻ ആണ് ഫാദർ ജേക്കബ് പുത്തൻവീട്ടിൽ.

www.malankaralibrary.com


ചെയ്തു. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാനായിരുന്നു പ്രധാന കാർമികൻ. തുടർന്ന് തുമ്പമൺ ജേക്കബ് പുത്തൻവീട്ടിലച്ചനും കുമ്പഴ അച്ചനും, ഗീവറുഗീസ് ചരുവിലേത്തച്ചനും കൂടി മൂന്നിന്മേൽ കുർബാന നടത്തി. ചുറ്റുപാടുമുള്ള ഇടവകകളിൽ നിന്ന് പുനരൈക്യപ്പെട്ട മക്കളെല്ലാവരും കൂദാശാ കർമത്തിലും വി. കുർബാനയിലും പങ്കെടുത്തു.

കുന്നിൻമുകളിലായി പണിതുയർത്തിയ തിരുഹൃദയ ദേവാലയത്തിൽ ഞായറാഴ്ചകളിൽ വി. കുർബാന കുമ്പഴ അച്ചനും ഗീവറുഗീസ് ചരുവിലേത്തച്ചനും തവണമുടക്കാതെ നിർവഹിച്ചിരുന്നു.

1936 നവംബർ 29 ന് വടക്കുപുറത്ത് 3 മാർത്തോമ്മാ കുടുംബങ്ങളെ കുമ്പഴ അച്ചൻ തിരുസഭയിലേക്കു പുനരൈക്യപ്പെടുത്തി.

വടക്കുപുറം വസ്തുവിന് മാർ ഈവാനിയോസ് പിതാവിൽ നിന്നും 135 രൂപ സ്കറിയായിക്ക് നൽകി എന്ന് ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തി കാണുന്നു. 1946 മാർച്ച് 4 ന് 220 രൂപയ്ക്ക് വടക്കുപുറത്ത് ഒരു ബംഗ്ലാവു വാങ്ങി. അവിടെ താമസിച്ച് ശുശ്രൂഷ ചെയ്യുന്നതിന് ഇതുമൂലം സാധിച്ചു - കാലപ്പഴക്കം കൊണ്ട് ബംഗ്ലാവിന്റെ കെട്ടിടം ജീർണിച്ചപ്പോൾ പഴയ കെട്ടിടം പൊളിച്ചുമാറ്റുകയും ഒരു പുതിയ കെട്ടിടം അവിടെ നിർമിക്കുകയും ചെയ്തു. പണിക്കുള്ള ചെലവിൽ 1000 രൂപ മാർ ഈവാനിയോസ് തിരുമേനിയുടെ അനുജൻ മത്തായി പണിക്കർ സംഭാവനയായി നൽകി എന്നത് അനുസ്മരിക്കുന്നു. ബാക്കി തുക 625 രൂപ അരമനയിൽ നിന്നും നൽകി.

1949 നവംബർ മാസത്തിൽ 12, 13, 14 തീയതികളിൽ മലങ്കര മക്കൾക്കായി വടക്കുപുറത്ത് ഒരു കൺവൻഷൻ സംഘടിപ്പിച്ചു.

1949 ൽ കുരിശിൻമൂടു നിരത്തി കല്ലുകെട്ടി ഉയർത്തി, 1949 നവംബർ 12 ന് ഒരു കുരിശ് അവിടെ സ്ഥാപിച്ചു.

പള്ളിയിലേക്കു വരുന്നതിനുള്ള വഴിയില്ലാതെ വിഷമിച്ച വിശ്വാസികൾക്കായി കുമ്പഴ അച്ചന്റെ പരിശ്രമഫലമായി പള്ളിയിലേക്ക് ഒരു റോഡു വെട്ടിയുണ്ടാക്കി. ഇതിന്റെ പേരിൽ റോഡു കേസ് ഉത്ഭവിച്ചു. തുടർച്ചയായി വളരെക്കാലം ഈ കേസ് നടത്തേണ്ടി വന്നു. അവസാനം ഈ റോഡുകേസ് അവസാനിപ്പിച്ചു. 1944 ൽ പുത്തൻ തോട്ടത്തിൽ സ്കറിയായുടെ ഒരേക്കർ വസ്തു കൂടി പള്ളിക്കായി തിരുവനന്തപുരം അതിരൂപത വാങ്ങുകയുണ്ടായി.

1951 മാർച്ച് 9-ാം തീയതി വടക്കുപുറം, ബഹു. സാമുവേൽ ശങ്കരത്തിലച്ചനെ കുമ്പഴ അച്ചൻ തിരുവനന്തപുരത്ത് കൊണ്ടുപോയി. അദ്ദേഹത്തെ മാർ ഈവാനിയോസ് തിരുമേനി അവിടെ വച്ച് കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. ഇതിനു പിന്നിൽ നിന്നു പ്രവർത്തിച്ചത് കുമ്പഴ അച്ചനായിരുന്നു.

www.malankaralibrary.com


1951 ഒക്ടോബർ 13 ന് "മുത്തച്ചൻ" എന്ന് അറിയപ്പെട്ടിരുന്ന സാമുവൽ ശങ്കരത്തിലച്ചനെ വടക്കുപുറം പള്ളിയുടെ വികാരിയായി ചാർജ് ഏല്പിക്കുന്നതുവരെ കുമ്പഴ അച്ചൻ തന്നെയായിരുന്നു വടക്കുപുറം പള്ളിയുടെ വികാരി. അനേകം വൈദികർ ഇവിടെ സേവനമനുഷ്ഠിച്ച് ഇടവകയെ ധന്യമാക്കുകയുണ്ടായി.

## പുതിയ വൈദികമന്ദിരം

11 സെന്റ് വസ്തുവും കെട്ടിടവും കൂടി ശങ്കരത്തിൽ ക്ലീറ്റസിനോടു വാങ്ങി. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചത് ഫാദർ ജോൺ ജി. വടക്കേപ്പുറം ആണ്. 1977 ൽ പുതിയ പള്ളി നിർമിച്ചത് ഫാദർ മാത്യു മാടപ്പള്ളിൽ അവർകളുടെ കാലത്താണ്.

1979 മുതൽ 2004 വരെ ബഥനി സന്യാസാശ്രമത്തിൽ നിന്നുള്ള വൈദികരാണ് ഇവിടെ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നത്. ഫാദർ ജോസ് കുരുവിളയായിരുന്നു ഇവിടെ ശുശ്രൂഷ നടത്തിയ അവസാനത്തെ ആശ്രമ വൈദികൻ. വന്ദ്യവൈദിക ശ്രേഷ്ഠരെ എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നു.

## പുതിയ ദേവാലയം

2010 ൽ വടക്കുപുറം തിരുഹൃദയ ദേവാലയം പത്തനംതിട്ട രൂപതയുടെ ഭാഗമായി. 2015 ൽ ഫാദർ ബിനോയ് മാത്യു പുതുപ്പറമ്പിൽ അച്ചന്റെ കാലത്താണ് ഇന്നു കാണുന്ന രീതിയിൽ പുതിയ പള്ളി നിർമിച്ച് കൂദാശ ചെയ്തത്. പഴയ പള്ളിയുടെ തറയിൽ തന്നെ അതേസ്ഥാനത്ത് പള്ളി പണിഞ്ഞ് പൂർത്തീകരിക്കുകയായിരുന്നു. ആദ്യത്തെ പള്ളികെട്ടിടം, പുതിയ പള്ളിയുടെ വലതുവശത്തായി ഇന്നും നിലകൊള്ളുന്നു. ഒരു ഓഡിറ്റോറിയമായി അത് ഉപയോഗപ്പെടുത്തുന്നു.

ഇന്ന് ഇടവകയിൽ 52 കുടുംബങ്ങളുണ്ട്. വി. ഗീവറുഗീസ് സഹദാ, വി. യൂദാശ്ലീഹാ ഇവരുടെ തിരുനാളുകളും തിരുഹൃദയത്തിരുനാളും ഇവിടെ സാഘോഷം കൊണ്ടാടുന്നു. ഇപ്പോഴത്തെ ഇടവക വികാരി ഫാദർ സാന്റോ കാലായിൽ ആണ്.

## ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

ഫാദേഴ്സ് : സാമുവൽ ശങ്കരത്തിൽ (മുത്തച്ചൻ) പുനരൈക്യം 9-3-1951, മാത്യു കയ്യാലയ്ക്കൽ, കോശി അയ്യനേത്ത്, ജോൺ ശങ്കരത്തിൽ, തോമസ് കയ്യാലയ്ക്കൽ.

ബ്ര. സാം മാത്യു കയ്യാലയ്ക്കൽ.

www.malankaralibrary.com

## ഹോളിഫാമിലി മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി തോട്ടുപുറം

1930 ൽ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി വെട്ടിത്തുറന്ന പുനരൈക്യ പാതയിലൂടെ ഈ പ്രദേശത്തുള്ള പല കുടുംബങ്ങളും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി. 1926 ൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ച പീടികയിൽ ഗീവറുഗീസ് കശീശായും മാർ ഈവാനിയോസ് തിരുമേനിയോടൊത്തു കൊല്ലത്തുവച്ച് പുനരൈക്യപ്പെട്ട ബഥനി സന്യാസാശ്രമസ്ഥനായ ജോൺ കുഴിനാപ്പുറം O.I.C അച്ചനും ഈ പ്രദേശത്തുള്ളവർ പലരും പുനരൈക്യപ്പെടുന്നതിന് വളരെയധികം സ്വാധീനിച്ചു. പുനരൈക്യപ്രസ്ഥാനത്തോടു താല്പര്യം ജനിച്ച കുടുംബങ്ങൾ പുനരൈക്യത്തിന്റെ പ്രാരംഭദശയിൽ തന്നെ പുനരൈക്യപ്പെടുകയും അങ്ങനെ ഒരു മലങ്കര കൂട്ടായ്മ ഇവിടെ രൂപംകൊള്ളുകയും ചെയ്തു. പ്രാരംഭഘട്ടത്തിൽ ഫാദർ പീലിപ്പോസ് മേടയിൽ തോട്ടുപുറത്ത് ബ. പീടികയിലച്ചനുമൊത്ത് പുനരൈക്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി.

ആദ്യകാല കുടുംബങ്ങൾ:-

| | | |
|---|---|---|
| 1. | കൊച്ചിട്ടിവറുഗീസ് | കൊല്ലന്റേത്ത് കൊച്ചുപ്ലാമൂട്ടിൽ |
| 2. | ഫിലിപ്പ് | കൊല്ലന്റേത്ത് കൊച്ചുപ്ലാമൂട്ടിൽ |
| 3. | യോഹന്നാൻ | തറമല |
| 4. | കൊച്ചുകുഞ്ഞ് | കമ്പാറ |
| 5. | യോഹന്നാൻ | ളാഹയിൽ |
| 6. | കുഞ്ഞച്ചൻ | വലിയ കാലായിൽ |
| 7. | ചെറിയാച്ചൻ | കുഴിനാപ്പുറത്ത് |
| 8. | തോമ്മാച്ചൻ | കുഴിനാപ്പുറത്ത് |
| 9. | കീവറീച്ചൻ | കുഴിനാപ്പുറത്ത് |
| 10. | മത്തായി | കുഴിനാപ്പുറത്ത് |
| 11. | മാണി | കുഴിനാപ്പുറത്ത് |

www.malankaralibrary.com


പുനരൈക്യപ്പെട്ട വിശ്വാസികൾ പുത്തൻപീടിക, ഇലന്തൂർ, ചീക്കനാൽ തുടങ്ങിയ പള്ളികളിൽ കൂടി നടന്നു. ഈ മലങ്കര കൂട്ടായ്മയ്ക്ക് ഒരു ആരാധനസ്ഥലം അത്യാവശ്യമായി വന്നു. ശ്രീ. തറമല യോഹന്നാന്റെ വസ്തു തിരുവനന്തപുരം അതിരൂപതയിൽ നിന്നും വിലയ്ക്കുവാങ്ങി. ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും ശവക്കോട്ടയ്ക്കും ഗവൺമെന്റിന്റെ അനുവാദം വാങ്ങുന്നതിനായി പരിശ്രമിച്ചു. എതിർപ്പുകൾ തലപൊക്കി. ദൈവം വഴി നടത്തി. താമസിയാതെ എല്ലാം ശാന്തമായി. തടസങ്ങൾ നീങ്ങി, അനുവാദം ലഭിച്ചു. ആരാധനയ്ക്കായി ലളിതമായ രീതിയിൽ ഓലമേഞ്ഞ ഒരു ചാപ്പൽ നിർമിച്ചു. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാനാണ് താല്ക്കാലിക ചാപ്പൽ പ. മാതാവിന്റെ നാമത്തിൽ ആശീർവദിച്ചത്. 1932 ൽ കുമ്പഴ അച്ചൻ പുത്തൻപീടികയിലും തോട്ടുപുറത്തും ഇടയ്ക്കിടെ വന്ന് മലങ്കര കത്തോലിക്കാ വിശ്വാസികൾക്കായി വി. കുർബാന അർപ്പിച്ചിരുന്നു. അക്കാലത്ത് മലങ്കര റീത്തിൽ വി. കുർബാന അർപ്പിക്കാൻ മറ്റു വൈദികർ ആരും ഉണ്ടായിരുന്നില്ല. കാലക്രമത്തിൽ പല വൈദികരും ഓർത്തഡോക്സ് സഭയിൽ നിന്നും പുനരൈക്യപ്പെടുകയുണ്ടായി.

നല്ല ഒരു ആരാധനാലയം നിർമിക്കേണ്ടതിന്റെ ആവശ്യം അനുഭവപ്പെട്ടു. 1933 ൽ പഴയചാപ്പൽ പുതുക്കി പണിയുന്നതിനു ആരംഭിച്ചു. കാടുവെട്ടി തെളിക്കുന്നതിനും കുന്നും മലയും ഇടിച്ചു നിരത്തി ലവൽ ചെയ്യുന്നതിനും പള്ളിയിലേക്കുള്ള പാത വെട്ടി ഉണ്ടാക്കുന്നതിനും ചാപ്പൽ നിർമാണത്തിനുമുള്ള അധ്വാനമെല്ലാം നമ്മുടെ പിതാക്കന്മാർ സഹകരിച്ച് ചെയ്തത് നാം ഒരിക്കലും വിസ്മരിക്കാൻ പാടില്ല. പത്തനംതിട്ട ഡിസ്ട്രിക്റ്റ് വികാരിയായിരുന്ന ഫാദർ പീലിപ്പോസ് മേടയിൽ എല്ലാ പ്രവർത്തനങ്ങൾക്കും മുമ്പിലുണ്ടായിരുന്നു. അന്നു സ്ഥാപിച്ച കൊച്ചു ദേവാലയമാണ് ഇന്നത്തെ സെമിത്തേരിപ്പള്ളി.

തോട്ടുപുറത്ത് ആദ്യ വികാരിയായി നിയമിതനായത് ഫാദർ തോമസ് ഇഞ്ചക്കലോടി ആയിരുന്നു. ഇടവകയുടെ പുരോഗതിക്കായി ശ്രീ പുറത്തൂട്ട് ചാക്കോ, പുറത്തൂട്ട് ജോൺ ഇവരുടെ വസ്തു വാങ്ങുകയും തിരുക്കുടുംബത്തിന്റെ പേരിൽ ഇന്നത്തെ ദേവാലയം സ്ഥാപിതമാകുകയും ചെയ്തു. ഈ ദേവാലയത്തിന്റെ നിർമാണത്തിന് സാമ്പത്തികമായി സഹായിച്ച ഒരു അമേരിക്കൻ വനിതയുടെ താല്പര്യപ്രകാരമാണ് തിരുകുടുംബത്തിന്റെ പേരിൽ ദേവാലയം പുനർനാമകരണം ചെയ്യപ്പെട്ടത്. പുതിയ ദേവാലയത്തിന്റെ നിർമാണത്തിന് നേതൃത്വം നൽകിയത് പരേതനായ ഫാദർ തോമസ് പണിക്കർ ആണ്. 1967 ൽ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി ദേവാലയത്തിന്റെ കൂദാശാകർമം നിർവഹിച്ചു.

www.malankaralibrary.com


1932 മുതൽ 2018 വരെ ഇടവകയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ ദൈവജനത്തെ നയിച്ച അനേകം വന്ദ്യ വൈദികരുണ്ട്. 1945 നവംബർ മാസത്തിൽ വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ 3 ദിവസത്തെ പ്രസംഗയോഗം നടത്തുകയുണ്ടായി. ഇടവകയുടെ പ്ലാറ്റിനം ജൂബിലി സ്മരണികയിൽ ഇടവകയിൽ സേവനമനുഷ്ഠിച്ച വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പേരുകൾ നൽകിയിട്ടുണ്ട്. ഇടവകയിലെ വിശ്വാസികളുടെ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കുന്നതിനായി പരിശ്രമിച്ച വന്ദ്യവൈദികരുടെയും ബഥനി, വിൻസെൻഷ്യൻ, ഗദ്സമനി തുടങ്ങിയ സമൂഹങ്ങളിലെ സിസ്റ്റേഴ്സിന്റെയും നിസ്തുലമായ സേവനങ്ങൾ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഇടവകയിൽ ഇപ്പോൾ 72 കുടുംബങ്ങൾ ഉണ്ട്. ഇപ്പോഴത്തെ ഇടവക വികാരി ഫാദർ ജോർജ് പുത്തൻവിള ആണ്.

**ഇടവകയിൽ നിന്നുമുള്ള ദൈവവിളികൾ:-**

ഫാദേഴ്സ് : ജസ്റ്റിൻ കുഴിനാപ്പുറത്ത് ഒ.ഐ.സി., ജോൺ കമ്പാറ.

സിസ്റ്റേഴ്സ് : മരിയഗൊരെറ്റി എസ്.ഐ.സി., മരീന എസ്.ഐ.സി., സ്മൃത്ത എസ്.ഐ.സി., ആർദ്ര എസ്.ഐ.സി., പൂജിത എസ്.ഐ.സി., സി. സമർപ്പിത എസ്.ഐ.സി.

സന്യാസ അർഥിനി : ജിൻസി എലിസബേത്ത് വറുഗീസ് – ബഥനി.

www.malankaralibrary.com

## തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാപള്ളി തിരുവല്ലം

മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെ തുടർന്ന് 1932–ൽ തിരുവനന്തപുരം കേന്ദ്രമാക്കി, മലങ്കര ഹൈരാർക്കി സ്ഥാപിതമായി. യേശുവിന്റ രക്ഷാകരദൗത്യവുമായി മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ തെക്കൻ തിരുവിതാംകൂറിലേക്കു വ്യാപിപ്പിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനി പരിശ്രമിച്ചു. 1933 ൽ ഫാദർ പീലിപ്പോസ് മേടയിൽ എന്ന യുവവൈദികനെ തിരുവനന്തപുരത്ത്, തിരുവല്ലത്തെ 'തിനവിള' എന്ന ഗ്രാമത്തിലേക്ക് ക്രിസ്തീയവിശ്വാസം പ്രചരിപ്പിക്കുന്നതിനായി അയയ്ക്കുകയുണ്ടായി. കുമ്പഴ അച്ചന്റെ പ്രവർത്തനം വഴിയായി നാടാർ സമുദായത്തിൽപ്പെട്ട ഏതാനും പേർ വിശ്വാസം ഏറ്റുപറഞ്ഞ് മലങ്കര കത്തോലിക്കാ കൂട്ടായ്മയിലേയ്ക്ക് ചേരുകയുണ്ടായി. തിരുവല്ലം തിരുഹൃദയ ദേവാലയത്തിന്റെ ചരിത്രം ഇവിടെ ആരംഭിക്കുന്നു. ഓലമേഞ്ഞ ഒരു ഷെഡിൽ ആരാധനയും വി. കുർബാനയും നടത്തിവന്നു. അവിടെ വച്ച് കുമ്പഴ അച്ചൻ ആദ്യ അംഗങ്ങളെ സഭയിൽ സ്വീകരിച്ചതായി രേഖയുണ്ട്. കുമ്പഴ അച്ചനായിരുന്നു തിരുവല്ലം പള്ളിയുടെ ആദ്യത്തെ വികാരി – പിന്നീട് ഫാദർ സെറാഫിയോൻ ഒ.ഐ.സി., ഫാദർ ജോഷ്വാ ഒ.ഐ.സി., ഫാദർ കോശി ഒ.ഐ.സി. തുടങ്ങിയ വൈദികർ തിരുവല്ലം ഇടവകയിൽ സേവനമനുഷ്ഠിച്ചു. ഈ ഇടവകയിൽ 50 ഓളം കുടുംബങ്ങൾ ഉണ്ടായിരുന്നു എന്ന് പഴയതലമുറയിലുള്ള ഒരാൾ പറയുകയുണ്ടായി – ഈ സ്ഥലത്തെപ്പറ്റിയും ദേവാലയത്തെപ്പറ്റിയും ഒരു ചരിത്രം അക്കാലത്ത് എഴുതപ്പെട്ടിട്ടില്ല എങ്കിലും അവ്യക്തമായ ഓർമ്മകൾ ഇന്ന് പല ആളുകളിലും അവശേഷിച്ചിട്ടുണ്ട്.

1950 കളിൽ പല കാരണങ്ങളാൽ ദേവാലയം മാറ്റി സ്ഥാപിക്കപ്പെട്ടു. "വെള്ളായണി മിഷൻ" എന്നായിരുന്നു തിരുവല്ലം മിഷൻ അക്കാലത്തു അറിയപ്പെട്ടിരുന്നത്. 1959 ൽ വിമോചന സമരത്തെ തുടർന്ന് കേരളത്തിലെ അന്നത്തെ കമ്മ്യൂണിസ്റ്റു ഭരണം അവസാനിച്ചപ്പോൾ അടുത്ത ഇലക്ഷനു

www.malankaralibrary.com


വേണ്ടി തിരുവനന്തപുരത്തിന്റെ വോട്ടർ പട്ടിക തയ്യാറാക്കാൻ ഏല്പിച്ചിരുന്നത് പട്ടം സെന്റ് മേരീസ് പ്രസ്സിലായിരുന്നു. ബ. മത്തായി മലഞ്ചരുവിൽ അച്ചനായിരുന്നു പ്രസ്സിന്റെ മാനേജർ. വോട്ടർ പട്ടികയിൽ ഒരു ക്രിസ്തീയ നാമം പോലും 'വെള്ളായണി' പ്രദേശത്തു കാണാഞ്ഞത് ക്രാന്തദർശിയായിരുന്ന അദ്ദേഹത്തെ ചിന്തിപ്പിച്ചു. ലിസ്റ്റു ശരിയായി പഠിച്ചശേഷം ബ. മത്തായി മലഞ്ചരുവിൽ അച്ചൻ ഈ പ്രദേശത്തു നേരിട്ട് എത്തി, കാര്യങ്ങൾ മനസിലാക്കുകയും അവിടെയുള്ള ക്രിസ്ത്യാനികളുടെ സർവ്വേ എടുക്കുന്നതിന് യാക്കോബ് ഉപദേശിയെ നിയോഗിക്കുകയും ചെയ്തു. ആ പ്രദേശത്ത് അന്നുണ്ടായിരുന്ന മൂന്നു കുടുംബങ്ങളെ പ്രധാനമായും കേന്ദ്രീകരിച്ച് തിരുവല്ലത്തെ ക്രിസ്തീയ കുടുംബകൂട്ടായ്മയെ ശക്തീകരിച്ചു. ഈ കുടുംബങ്ങളെ ഒരുമിച്ചു കൂട്ടി രാമൻ നാടാരുടെ (പത്രോസ് മുക്കംപാലവിള) വീട്ടിൽ വെച്ച് കുടുംബ പ്രാർഥന നടത്തുകയും ദൈവിക കാര്യങ്ങൾ വിശദീകരിച്ചു പഠിപ്പിക്കുകയും ചെയ്തു. ഡി.ആർ. ജയിംസ് ശാന്താഭവൻ (കുട്ടൻ നാടാർ) ജോർജ്ജു മുള്ളുവിള (രാമയ്യൻ) ജോൺസൻ വട്ടവിള (കൃഷ്ണൻ നാടാർ) എന്നിവരുടേതായിരുന്നു ആ മൂന്നു കുടുംബങ്ങൾ. പല കുടുംബങ്ങളും ക്രിസ്തീയ വിശ്വാസത്തിൽ നിന്നു പിന്തിരിഞ്ഞു പോയതിനാൽ ക്രിസ്തീയ വിശ്വാസികളെ കണ്ടെത്തുക വിഷമമായിരുന്നു. അച്ചൻ വീടുതോറും കയറിയിറങ്ങി സുവിശേഷം അറിയിക്കുവാൻ ആരംഭിച്ചു.

ദുർഘടവഴികളിലൂടെ കിലോമീറ്ററുകൾ നടന്ന് ശുശ്രൂഷക്കായി മത്തായി അച്ചൻ എത്തിയിരുന്നു. വിശ്വാസപരിശീലനം ചിമ്മിനി വിളക്കിന്റെ വെളിച്ചത്തിലായിരുന്നു. 1964 മുതൽ ഒറ്റി വാങ്ങിയ ഒരു സ്ഥലത്തു ഷെഡു വെച്ച് അതിലായിരുന്നു കൂട്ടായ്മ നടത്തപ്പെട്ടിരുന്നത്.

1970–നു ശേഷം വെണ്ണിയൂർ നിന്നും ഡി.എം. സിസ്റ്റേഴ്സ് വന്ന് സഭാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി. കൂടുതൽ ആളുകൾ ആരാധനയ്ക്കായി വന്നുതുടങ്ങി. ഉപദേശിയായി ജോൺസൺ എന്ന ആൾ അക്കാലത്ത് സേവനം അനുഷ്ഠിച്ചിരുന്നു. ഡി.ആർ. ജെയിംസിനെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായി നിയോഗിച്ചു.

വിശ്വാസപരിശീലനത്തിൽ ആക്കം കൂട്ടുന്നതിനായി 1974 ൽ ലോറൻസ് എന്ന പതിനെട്ടുകാരനെ കുറവൻകോണത്ത് പി.ഇ.സി.യിൽ പരിശീലനത്തിനായി പ്രവേശിപ്പിക്കുകയുണ്ടായി. പിൽക്കാലത്ത് അദ്ദേഹം ദീർഘകാലം പാളയം സമാധാനരാജ്ഞി ദേവാലയത്തിൽ സേവനമനുഷ്ടിക്കുകയുണ്ടായി. ഒന്നിടവിട്ട ഞായറാഴ്ചകളിൽ വി. കുർബാന ബ. മത്തായി അച്ചൻ അർപ്പിച്ചിരുന്നു.

1979 ൽ പള്ളിക്കു സ്വന്തമായി ഒരു സ്ഥലം വാങ്ങി. താൽക്കാലിക

www.malankaralibrary.com


ഷെഡ് ഉണ്ടാക്കുകയും ചെയ്തു. ദേവാലയത്തിന്റെ പുരോഗതിക്കു ലക്ഷ്യം വെച്ചു പല പരിപാടികളും ബ. മത്തായി അച്ചൻ ആസൂത്രണം ചെയ്തു. 1989 ഏപ്രിൽ 2 ന് അദ്ദേഹം ദിവംഗതനായി. മലഞ്ചരുവിൽ മത്തായി അച്ചന്റെ കാലശേഷം ഫാദേഴ്സ് : മാത്യു കടകംപള്ളിൽ, ഗീവറുഗീസ് പെരുമല, ജോസഫ് ഞായല്ലൂർ, ജോസ് ചാമക്കാലായിൽ, ബോബൻ സഖറിയ, സാമുവൽ കാട്ടുകല്ലിൽ, മാത്യു കരൂർ, ജോൺ പടിപ്പുരയ്ക്കൽ എന്നിങ്ങനെ പ്രഗത്ഭരായ പല വൈദികരും തിരുവല്ലം പള്ളിയിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി. ബ. സാമുവൽ കാട്ടുകല്ലിൽ അച്ചന്റെ നേതൃത്വത്തിലാണ് പുതിയ ദേവാലയത്തിന് ശിലാസ്ഥാപനം നടന്നത്. ബ. മാത്യു കരൂർ അച്ചനും ബ. ജോൺ പടിപ്പുരയ്ക്കൽ അച്ചനും ശക്തമായ നേതൃത്വം നൽകി. പുതിയ ദേവാലയത്തിന്റെ പണി പൂർത്തിയാകുകയും 2003 ഏപ്രിൽ 3-ാം തീയതി ദേവാലയം കൂദാശ ചെയ്യപ്പെടുകയും ചെയ്തു. കൂദാശകർമ്മം നടത്തിയപ്പോഴത്തെ വികാരി ഫാദർ ജോൺ പടിപ്പുരയ്ക്കൽ ആയിരുന്നു. തുടർന്ന് സേവനമനുഷ്ടിച്ചവർ ഫാദർ ജോസഫ് കടകംപള്ളിൽ പാണ്ടിത്തിട്ട, ഫാദർ ജോസഫ് ആന്റണി, ഫാദർ വറുഗീസ് കാലായിൽ, ഫാദർ ആന്റോ കണ്ണംകുളം, ഫാദർ യോഹന്നാൻ മുളമൂട്ടിൽ, ഫാദർ ജോൺ കാരവിള, ഫാദർ ജോർജ് കൈമല (2017-18). അത്ഭുതം ജനിപ്പിക്കുന്ന തിരുവല്ലം മിഷന്റെ ചരിത്രം - തളർച്ചയുടെയും വളർച്ചയുടെയും ഘട്ടങ്ങൾ - എല്ലാം പിന്നിട്ട് ഇന്ന് ഇടവക അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. 2018 ൽ തിരുവല്ലം തിരുഹൃദയ ദേവാലയം പാറശാല രൂപതയുടെ ഭാഗമായിത്തീർന്നു.

www.malankaralibrary.com

## സെന്റ് മേരീസ് മലങ്കര സിറിയൻ കത്തോലിക്കാപ്പള്ളി കോന്നി

അച്ചൻ കോവിലാറിന്റെ തീരത്ത് മലയോര പ്രദേശമായ കോന്നിയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ ആശീർവാദത്താൽ, കുമ്പഴ മേടയിൽ പീലിപ്പോസച്ചന്റെയും അന്നുണ്ടായിരുന്ന ഏതാനും കുടുംബങ്ങളുടെയും ദൈവാശ്രയത്തിന്റെയും തീവ്രമായ പരിശ്രമത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി സ്ഥാപിതമായ കൊച്ചുദേവാലയമാണ് ആനക്കൂടിനു സമീപം ഇന്നു കോന്നി പ്രദേശത്തിന്റെ തിലകക്കുറിയായി വളർന്നു ശോഭിക്കുന്ന സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം.

1927 ൽ കൈപ്പട്ടൂർ നിന്നും കോന്നി പ്രദേശത്തു താമസമാക്കിയ ഒരു കുടുംബമായിരുന്നു പവ്വത്ത് വല്യപ്പന്റെ കുടുംബം. പ്രാർഥനയോടു കൂടിയ സത്യാന്വേഷണത്തിന്റെ ഫലമായി ശ്രീ. പി.കെ. കോരുളയും കുടുംബവും യാക്കോബായ സഭയിൽ നിന്നും 1922 ൽ കൊല്ലം ലത്തീൻ രൂപതയിൽ ചേർന്ന് കത്തോലിക്കാ സഭാംഗങ്ങളായി. പുനരൈക്യപ്പെട്ടതിന്റെ പേരിൽ വളരെ അധികം അധിക്ഷേപങ്ങൾ മാതൃസഭയിൽ നിന്നും ഇവർ അനുഭവിക്കേണ്ടി വന്നു. എങ്കിലും എല്ലാ അവഹേളനങ്ങളും എതിർപ്പുകളും സധൈര്യം സഹിച്ചും അതിജീവിച്ചും സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന കുടുംബമായിരുന്നു പവ്വത്തു കുടുംബം. യാക്കോബായ സഭയിലായിരുന്നപ്പോൾ മുതൽ മാർ ഈവാനിയോസ് തിരുമേനിയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന ഒരു കുടുംബമായിരുന്നു പവ്വത്തു കുടുംബം. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെ തുടർന്ന് ആ ബന്ധം ദൃഢതരമായി. "എതിരാളികളുടെ അവഹേളനങ്ങൾക്കും എതിർപ്പുകൾക്കും ശമനമുണ്ടായത് മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തോടു കൂടിയാണ്" എന്ന് വല്യപ്പൻ പറയുമായിരുന്നു.

പവ്വത്തു കുടുംബക്കാരെ കൂടാതെ കോന്നിയിലും പ്രാന്തപ്രദേശത്തും

www.malankaralibrary.com


സീറോ മലബാർ സഭയിൽപ്പെട്ട ഏതാനും കുടുംബങ്ങൾ ചങ്ങനാശേരി, പാല തുടങ്ങിയ രൂപതകളിൽ നിന്നും വന്ന് ഇവിടെ വാസമുറപ്പിച്ചിരുന്നു.

കാർമല വൈക്കത്തുകാരൻ സ്കറിയാ മുതലാളിയുടെ കുടുംബം, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായിരുന്ന ചമ്പക്കുളം വയലാറ്റ് തോമസിന്റെ കുടുംബം, പുതുമന പൗലോസിന്റെ കുടുംബം തുടങ്ങിയവ.

കൂടാതെ മാമ്മൻ കണ്ണന്താനവും ഈ പ്രദേശത്തു താമസമുറപ്പിച്ചി രുന്നു. മേല്പറഞ്ഞ കുടുംബങ്ങളുമായി കുമ്പഴ അച്ചൻ സൗഹൃദം പുലർത്തു കയും കോന്നി പ്രദേശത്ത് ഒരു മിഷ്യൻ കേന്ദ്രം ആരംഭിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനിക്ക് അപേക്ഷ നൽകുകയും ചെയ്തു. പുന രൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഈ മിഷ്യൻ കേന്ദ്രം ആരംഭിക്കു ന്നത് വളരെയധികം പ്രയോജനപ്പെടുമെന്നു ഗ്രഹിച്ച മാർ ഈവാനിയോസ് പിതാവ് സന്തോഷപൂർവം ആയതിന് അനുമതി നൽകുകയുണ്ടായി. ഒരു കത്തോലിക്കാ ദേവാലയം പോലും ഇല്ലാതിരുന്ന അവസ്ഥയിൽ കോന്നി യിൽ ഒരു ദേവാലയം ആരംഭിക്കുന്നു എന്നറിഞ്ഞപ്പോൾ കത്തോലിക്കരായ കുടുംബാംഗങ്ങൾ യുവവൈദികനായ കുമ്പഴ അച്ചന്റെ പുനരൈക്യ പ്രവർ ത്തനങ്ങളോട് സർവാത്മനാ സഹകരിക്കുവാൻ സന്നദ്ധരായി. ശ്രീമാൻ കോരുളയും സഹോദരങ്ങളും എല്ലാകാര്യങ്ങളിലും മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. പവ്വത്തു വല്യപ്പൻ കുമ്പഴ അച്ചനു പിന്തുണ നൽകിക്കൊണ്ട് ഒരു മിഷ്യൻകേന്ദ്രം കോന്നിയിൽ ഉടനെ ആരംഭിക്കുന്നതിന് ഒരു സ്ഥലം കണ്ടുപിടിക്കുന്നതിനും വസ്തു വാങ്ങുന്നതിനും പരിശ്രമിച്ചു. മലങ്കര കത്തോ ലിക്കാ സഭയ്ക്ക് അവിടെ ഒരു കേന്ദ്രമുണ്ടാകുന്നതിനു മുമ്പുതന്നെ പവ്വത്തു വീട്ടിൽ വച്ച് ലത്തീൻ റീത്തിൽപ്പെട്ട വൈദികർ പല അവസരങ്ങളിലും വി.കുർബാന അർപ്പിച്ചിരുന്നു. വറുഗീസ് കണ്ണന്താനത്തിന്റെ മകൻ മാമ്മൻ കണ്ണന്താനവും, മറ്റു കത്തോലിക്കാ കുടുംബാംഗങ്ങളും പവ്വത്തു കുടുംബ വീട്ടിൽ വച്ചു നടത്തിയിരുന്ന കുടുംബകൂട്ടായ്മകളിലും വി. കുർബാനയിലും പങ്കെടുത്തിരുന്നു. പുത്തൻപീടിക, മാരാമൺ തുടങ്ങിയ പൂർവകത്തോലിക്കാ സമൂഹങ്ങളെപ്പോലെ കോന്നിയെയും ആദ്യകാല പുനരൈക്യ സംരംഭം നടന്ന ഒരു പ്രദേശമായി കരുതാവുന്നതാണ്.

ദൈവകൃപയാൽ 1934 ൽ പുരാതനമായ ചെങ്കോട്ട-അച്ചൻ കോവിൽ-പന്തളം രാജപാതയിൽ ഇന്നത്തെ കോന്നി ടൗണിനടുത്ത് ആന ക്കൂടിനു സമീപം മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ പള്ളിക്കായി ഒരു വസ്തു വാങ്ങുകയും താല്ക്കാലികമായി ഒരു കെട്ടിടം നിർമിച്ച് ഒരു മിഷ്യൻ കേന്ദ്രമായി ആശീർവദിച്ച് കുമ്പഴ അച്ചൻ പ്രവർത്തനമാരംഭി ക്കുകയും ചെയ്തു.

www.malankaralibrary.com


## ഇടവകയിലെ ആദ്യ അംഗങ്ങൾ

1922 ൽ കൊല്ലം രൂപതയിൽ ചേർന്ന് കത്തോലിക്കരായ പവ്വത്തു കുടുംബാംഗങ്ങളെ 1934 ൽ കോന്നി സെന്റ് ജോർജ് സുറിയാനി കത്തോലിക്കാപള്ളിയിലെ ആദ്യ ഇടവകാംഗങ്ങളായി സ്വീകരിച്ചുകൊണ്ട് ഇടവകയ്ക്ക് തുടക്കം കുറിച്ചു.

സീറോ മലബാർ സഭാംഗമായ വയലാറ്റ് തോമസും കുടുംബവും പുതുതായി സമാരംഭിച്ച കത്തോലിക്കാ പള്ളിയിലെ ഇടവകാംഗങ്ങളായി. സെന്റ് ജോർജ് പള്ളിയിലെ ആദ്യഅംഗങ്ങൾ:

1. ശ്രീമാൻ പി.കെ. കോരുള
2. ശ്രീമാൻ വയലാറ്റ് തോമസ്
3. ശ്രീമാൻ കോശിവിളയിൽ
4. ശ്രീമാൻ യോഹന്നാൻ കമുകുംപള്ളിൽ
5. ശ്രീമാൻ ഗീവറുഗീസ് വട്ടത്തകിടിയിൽ
6. ശ്രീമാൻ മത്തായി വട്ടത്തകിടിയിൽ
7. ശ്രീമാൻ ദാവീദ് മേലേവട്ടത്തകിടിയിൽ
8. ശ്രീമാൻ വറുഗീസ് വിളയിൽ
9. ശ്രീമാൻ കോശി വല്യതെക്കേതിൽ
10. ശ്രീമതി മേരി പുത്തൻവീട്ടിൽ

മേൽപറഞ്ഞവരും അവരുടെ കുടുംബാംഗങ്ങളും സെന്റ് ജോർജ് പള്ളിയിലെ അംഗങ്ങളായി.

1934 മുതൽ ഫാദർ പീലിപ്പോസ് മേടയിൽ ഇവിടെ വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. 1939 ൽ ഈ സ്ഥലത്ത് സൗകര്യപ്രദമായ ഒരു ചാപ്പൽ നിർമിക്കുകയും വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ കൂദാശാകർമം മാർ ഈവാനിയോസ് പിതാവു നിർവഹിക്കുകയും വി. കുർബാന അർപ്പിച്ചുകൊണ്ട് ഔദ്യോഗികമായി ഇടവക ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പ്രാരംഭകാലത്ത് കോന്നിയിൽ വന്നെത്തുന്നതിന് സഞ്ചാരയോഗ്യമായ വഴികളുണ്ടായിരുന്നില്ല. കാട്ടുവഴികളിലൂടെ മൈലുകൾ നടന്ന് കഷ്ടപ്പെട്ട് കുമ്പഴ അച്ചൻ മിഷ്യൻ പ്രവർത്തനം നടത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. കുമ്പഴ അച്ചനെ കൂടാതെ ഫാദർ ഗീവറുഗീസ് ചരുവിലേത്ത് സഹായത്തിനായി എത്തുകയും തവണ വച്ച് മാറിമാറി വി. കുർബാനയ്ക്കും ശുശ്രൂഷകൾക്കുമായി കോന്നിയിൽ പ്രേഷിതപ്രവർത്തനം നടത്തുകയും ചെയ്തു

www.malankaralibrary.com


വന്നു. 1939 നുശേഷം കുമ്പഴ അച്ചൻ കോന്നി മിഷ്യൻ ഹൗസിൽ താമസി ച്ചുകൊണ്ട് കല്ലേലി വകയാർ, കാർമല തുടങ്ങിയ സ്ഥലങ്ങളിൽ മിഷ്യൻ പ്രവർത്തനം നടത്തുകയും ധാരാളം കുടുംബങ്ങളെ പുനരൈക്യപ്പെടുത്തു കയും ചെയ്തു. വിശ്വാസ സംബന്ധമായ പ്രബോധനങ്ങൾ, വർഷം തോറും നടത്തിവന്ന കൺവൻഷനുകൾ ഇവവഴി മലങ്കര കത്തോലിക്കാ സഭയ്ക്ക് ബലമായ ഒരു അടിത്തറ ഉറപ്പിക്കുന്നതിനുള്ള പരിശ്രമമായിരുന്നു അക്കാ ലത്തെ മിഷ്യൻ പ്രവർത്തനത്തിന്റെ ഉദ്ദേശവും ലക്ഷ്യവും.

1945 ജനുവരി 15,16 തീയതികളിൽ പുനരൈക്യത്തിലേക്കു കടന്നു വന്ന വൈദികരുടെ ഒരു കോൺഫറൻസ് കോന്നിയിൽ വച്ച് സമ്മേളിക്കുക യുണ്ടായി എന്ന് കുമ്പഴ അച്ചന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിരി ക്കുന്നു.

1945 ൽ ഇടയിൽ വി.സി. ജോഷ്വാസാർ ആരുമറിയാതെ തനിച്ച് പട്ടം അരമനയിലെത്തി മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യ പ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭയിൽ പ്രവേശിച്ചു. ഒരു മാസത്തി നകം തന്റെ കുടുംബാംഗങ്ങളെ ചീക്കനാൽ പള്ളിയിൽ വച്ച് മാർ ഈവാനി യോസ് തിരുമേനി കത്തോലിക്കാ സഭയിലേക്കു പ്രവേശിപ്പിക്കുകയുണ്ടായി.

കുമ്പഴ അച്ചന്റെ അമ്മാച്ചൻ മല്ലശേരി കൈതവന ഇട്ടിമാത്തന്റെ മക നായ ചാക്കോ മാസ്റ്ററുടെ മകൾ സൂസമ്മയെ (സിസ്റ്റർ അഗാപ്പെ എസ്.ഐ.സി.യുടെ മൂത്തസഹോദരി) ജോഷ്വാസാറിന്റെ മകൻ ഇ.ജെ. ചെറി യാൻ (ജോയി) വിവാഹം ചെയ്തു. അവരുടെ മകളും, (ജോഷ്വാസാറിന്റെ കൊച്ചുമകളുമാണ് ബഥനി പത്തനംതിട്ട പ്രോവിൻസിന്റെ ഇപ്പോഴത്തെ പ്രൊവിൻഷ്യൽ സുപ്പീര്യറായിരിക്കുന്ന ഡോക്ടർ മദർ ഹൃദ്യ എസ്.ഐ.സി.

1946 ൽ വി.സി. ജോഷ്വാസാറും കുടുംബവും കോന്നിയിലേക്കു താമസം മാറ്റുകയും സെന്റ് ജോർജ് ദേവാലയത്തിൽ ഇടവകാംഗങ്ങളാകുകയും ചെയ്തു. അദ്ദേഹം അവിടെ ഒരു സണ്ടേസ്കൂൾ അദ്ധ്യാപകനായി പ്രവർത്ത നമാരംഭിച്ചു. 50 ൽ പരം വർഷങ്ങൾ അദ്ദേഹം സണ്ടേസ്കൂൾ പ്രഥമാദ്ധ്യാ പകനായി സേവനമനുഷ്ഠിച്ചു. അനേകം കുടുംബങ്ങളെ സത്യവിശ്വാസത്തി ലേക്കു കൊണ്ടുവരുന്നതിനും ബലപ്പെടുത്തുന്നതിനും സാറിന് സാധിച്ചി ട്ടുണ്ട്. തനിക്കു പൈതൃകമായി ലഭിച്ച പാണ്ഡിത്യം അദ്ധ്യാപന മാദ്ധ്യമ ത്തിലൂടെ അനേകർക്കു നൽകി. വിജ്ഞാനത്തിന്റെ വെളിച്ചവും വിശ്വാസ ത്തിൽ സ്ഥിരതയും പകർന്നു നൽകിയ വന്ദ്യനായ ജോഷ്വാസാർ ഒരു മാതൃ കാദ്ധ്യാപകനായി നൂറു വയസുവരെ ജീവിച്ച് ഭാഗ്യമരണം പ്രാപിച്ചു. കോന്നി ഇടവക അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ

www.malankaralibrary.com


മകൻ ഈ.ജെ. വറുഗീസും കുടുംബവും ഈ.ജെ.ജോയിയുടെ കുടുംബാംഗങ്ങളും ഈ ഇടവകയിൽ സജീവപ്രവർത്തകരാണ്. കുമ്പഴ അച്ചന്റെ പ്രേഷിത പ്രവർത്തനങ്ങൾ ഫലമണിയുന്നതിന് പവ്വത്തു വല്യപ്പൻ, വി.സി. ജോഷ്വാസാർ തുടങ്ങിയ പ്രശസ്തരായ അത്മായപ്രമുഖരുടെ നിർലോപമായ സഹായവും, സഹകരണവും ലഭിക്കുകയുണ്ടായി എന്നത് പ്രസ്താവ്യമത്രേ.

കുമ്പഴ അച്ചനെ തുടർന്ന് ഫാദർ ഗീവറുഗീസ് ചരുവിലേത്ത്, ഫാദർ എ.ജി. ഏബ്രഹാം (മൈലപ്രാ അച്ചൻ) ഫാദർ ജോസ് മാത്യു ചാൽക്കടവിൽ, ഫാദർ ഫ്രാൻസിസ് കൊടകനാടി, ഫാദർ മാത്യുപുറവടി, ഫാദർ ഗീവറുഗീസ് കുറ്റിയിൽ കറ്റാനം, ഫാദർ ജോസഫ് വടക്കേക്കൂറ്റ്, ഫാദർ സിറിയക്ക് മണവാളൻ, ഫാദർ കുര്യൻ ഇലഞ്ഞിമറ്റം, ഫാദർ വറുഗീസ് വടശേരി, ഫാദർ ജോർജ് കുറ്റിയിൽ, ഫാദർ ജെയ്ക്കബ് ജോൺ, ഫാദർ തോമസ് നെരിയാട്ടിൽ, ഫാദർ തോമസ് പ്ലാവിളയിൽ, ഫാദർ കോശി ചക്കാലമണ്ണിൽ, ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിൽ, ഫാദർ ജോൺ സി. പുത്തൻവീട്, ഫാദർ തോമസ് എഴിയത്ത്, ഫാദർ അലക്സാണ്ടർ കോയിക്കലേത്ത്, ഫാദർ ഗീവറുഗീസ് ചരുവിള ഫാദർ ജോസഫ് തടത്തിൽ, ഫാദർ മാത്യു കാലായിൽ, ഫാദർ മാത്യു മാടപ്പള്ളിൽ, ഫാദർ വറുഗീസ് ചീനിവിള, ഫാദർ ജോഷ്വാ താഴത്തേതിൽ, ഫാദർ ദാനിയേൽ വടക്കേക്കര, ഫാദർ ജോൺ ജി. വടക്കേപ്പുറം, ഫാദർ ജോൺ കാരവിള, ഫാദർ വറുഗീസ് നടുതല, ഫാദർ ജോർജു മാത്യു എന്നീ വന്ദ്യവൈദികർ ഇവിടെ വികാരിമാരായി സേവനമനുഷ്ഠിച്ച് സഭയെ ആത്മീയമായും ഭൗതികമായും വളർത്തി പരിപോഷിപ്പിച്ചവരാണ്. ഇന്നത്തെ വികാരി ഫാദർ ചാക്കോ തടത്തിൽ അവർകളാണ്.

1965 ൽ ഫാദർ കുര്യൻ ഇലഞ്ഞിമറ്റം വികാരിയായിരിക്കുമ്പോൾ ഒരു പുതിയ ദേവാലയം നിർമിക്കുവാൻ പരിശ്രമിച്ചു. ഫാദർ എബ്രാഹാം തെക്കേടത്തച്ചന്റെ കാലത്ത് 1969 ൽ പണി പൂർത്തിയാക്കുകയും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത കൂദാശാകർമം നിർവ്വഹിക്കുകയും ചെയ്തു. ജർമനിയിൽ നിന്നും ഒരു വനിതാരത്നം മാതാവിന്റെ നാമത്തിൽ ഒരു ദേവാലയം പണിയുന്നതിനായി നൽകിയ സംഭാവന മൂലമാണ് പള്ളിയുടെ നിർമാണം സാദ്ധ്യമായത്. ആകയാൽ പുതുതായി പണിത പള്ളിയുടെ നാമം പുനഃപ്രതിഷ്ഠ നടത്തിയപ്പോൾ "സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി" എന്ന് മാറ്റുകയുണ്ടായി.

ഫാദർ ദാനിയേൽ വടക്കേക്കരയുടെ കാലത്ത് മദ്ബഹായുടെ നിർമാണം നടത്തുകയും സീലിംഗ് തറച്ച് പള്ളി മനോഹരമാക്കുകയും

www.malankaralibrary.com


ചെയ്തു. ഫാദർ ജോഷ്വാ താഴത്തേതിൽ അവർകളുടെ കാലത്ത് 34 സെന്റ് ഭൂമി കൂടി വാങ്ങുകയും വളരെയധികം പുരോഗതി ഭൗതികമായി ഉണ്ടാക്കുകയും ചെയ്തു. കുരിശടികൾ, പുതിയ പാഴ്സണേജ് ഇവ നിർമിക്കുകയുണ്ടായി. ആധുനിക കാലത്തിനനുസൃതമായി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു. അതിലുപരിയായി ആദ്ധ്യാത്മിക ഉയർച്ചയ്ക്കും വൈദികർ പരിശ്രമിച്ചിട്ടുണ്ട്. സണ്ടേസ്കൂൾ, എം.സി.വൈ.എം., എം.സി.എ., പ്രാർഥന കൂട്ടായ്മകൾ ഇവയെല്ലാം ക്രമമായി നടക്കുന്നു.

2010 മുതൽ ഇടവക പത്തനംതിട്ട രൂപതയുടെ ഭാഗമാണ്. കോന്നി ഒരു പ്രത്യേക വൈദികജില്ലയും. ഇന്ന് ഇടവകയിൽ 100 ഓളം കുടുംബങ്ങളുണ്ട്.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ :-**

ഫാദേഴ്സ് : അൽഫോൻസ് ഒ.ഐ.സി. പവ്വത്ത്, വറുഗീസ് കിഴക്കേക്കര, ജോർജ് വറുഗീസ് പുതുപ്പറമ്പിൽ, വറുഗീസ് വിളയിൽ.

സിസ്റ്റേഴ്സ് : മദർ ഹൃദ്യ എസ്.ഐ.സി., രമ്യ എസ്.ഐ.സി.

വൈദിക വിദ്യാർഥികൾ : സ്റ്റാൻലി സൈമൺ കിടങ്ങയിൽ, അലൻ ഷാജി – കവുങ്ങുംപള്ളിയിൽ

www.malankaralibrary.com

# സെന്റ് ആൽബർട്ട്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി കാട്ടൂർ

## കാട്ടൂരെ പുനരൈക്യം

മാർ ഈവാനിയോസ് തിരുമേനി 1919 ൽ പെരുനാട്ടിൽ മുണ്ടൻ മലയിൽ ബഥനിയാശ്രമം സ്ഥാപിച്ച കാലം മുതൽ കാട്ടൂർ മണ്ണിൽ പൊന്മേലിൽ പോത്ത അബ്രഹാം കത്തനാരും കുടുംബവും ബഥനി ആശ്രമവുമായി ബന്ധപ്പെട്ടു കഴിഞ്ഞിരുന്നു. മണ്ണിലച്ചന്റെ മകൻ മത്തായിച്ചന്റെ നേതൃത്വത്തിൽ വയലത്തല നിന്നും ഏതാനും ക്രിസ്ത്യാനികൾ ആശ്രമത്തിനുവേണ്ടി മുണ്ടൻ മല വെട്ടിത്തെളിച്ചു കൃഷി ചെയ്യുവാൻ സഹായിച്ചിരുന്നു. മണ്ണിലച്ചന്റെ മറ്റൊരു മകൻ തോട്ടുങ്കൽ അബ്രഹാം പൊതുക്കാര്യ പ്രസക്തനും സ്ഥലത്തെ പൗരപ്രമാണിയും ധനാഢ്യനുമായിരുന്നു. അദ്ദേഹവും ആശ്രമത്തിനുവേണ്ടി വളരെ സഹായങ്ങൾ ചെയ്തിരുന്നു. മാർ ഈവാനിയോസ് തിരുമേനി മുണ്ടൻ മല വിട്ടിറങ്ങുന്നതിനു ഏതാനും ദിവസങ്ങൾക്കു മുമ്പായി അദ്ദേഹം ബഥനിയിലെത്തി ബഥനി മെത്രാച്ചനെ കാണുന്നതിനിടയായി. അപ്പോൾ, പുനരൈക്യപ്പെടാനുള്ള തിരുമേനിയുടെ തീരുമാനം വന്ദ്യപിതാവ് അബ്രഹാമിനെ അറിയിക്കുകയുണ്ടായി. പിന്തുണ വാഗ്ദാനം ചെയ്തെങ്കിലും 1934 ൽ മാത്രമാണ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്.

മണ്ണിൽ പോത്ത അബ്രഹാം കത്തനാർ തന്റെ 21–ാം വയസ്സിൽ കാട്ടൂർ യാക്കോബായ പള്ളിക്കുവേണ്ടി പൗരോഹിത്യം സ്വീകരിക്കുകയും 56 വർഷക്കാലം ആ പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിക്കുകയും ചെയ്ത വൈദികനായിരുന്നു. കാട്ടൂർ ഓർത്തഡോക്സ് പള്ളി, വാഴക്കുന്നത്തു കുടുംബാംഗം കടയ്ക്കേത്ത് ഇട്ടിയവിരാ ചാക്കോ അദ്ദേഹത്തിന്റെ കുടുംബസ്ഥലത്ത് സ്വന്തം ചെലവിൽ പണികഴിപ്പിച്ചതും, കാലക്രമത്തിൽ പീലിപ്പോസ് കടയ്ക്കേത്തിന്റെ കുടുംബസ്വത്തായി തീർന്നിട്ടുള്ളതുമായിരുന്നു.

www.malankaralibrary.com


1934 ലെ ഒരു പൊതുയോഗത്തിൽ പള്ളിയും സ്ഥലവും പബ്ളിക്കിന് വിട്ടു കൊടുക്കണമെന്ന് തോട്ടുങ്കൽ അബ്രാഹം ഒരു പ്രമേയം അവതരിപ്പിച്ചു. പീലിപ്പോസ് കടയ്ക്കേത്തിന്റെ ശക്തമായ എതിർപ്പുമൂലം പ്രമേയം പാസായില്ലെന്നു മാത്രമല്ല വാഗ്വാദത്തിനും വലിയ സംഘർഷത്തിനും ഇട യാക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ മണ്ണിലച്ചന്റെ ആശീർവാദത്തോടെ മക്കൾ നാലുപേരും പുനരൈക്യപ്പെടുന്നതിന് തീരുമാനിക്കുകയും മാർ ഈവാനിയോസ് തിരുമേനിയെ രേഖാമൂലം വിവരം അറിയിക്കുകയും ചെയ്തു. മണ്ണിലച്ചന് പ്രായമായതിനാൽ ദൂരസ്ഥലത്തു പോയി ബലി അർപ്പി ക്കുന്നതിനു ബുദ്ധിമുട്ടുണ്ടെന്നും, അതിനാൽ വീടിനടുത്ത് ഒരു ചാപ്പൽ പണി കഴിപ്പിച്ച് അതിന്റെ കൂദാശയോടു കൂടി കത്തോലിക്കാ സഭയിൽ ചേർന്നു കൊള്ളാമെന്നുമായി തീരുമാനം. ഇതനുസരിച്ച് ഇപ്പോൾ പഴയ ചാപ്പൽ ഇരി ക്കുന്ന സ്ഥലം തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി മണ്ണിലച്ചന്റെ മൂത്തമകൻ മത്തായിയുടെ പേർക്ക് എഴുതി വാങ്ങുകയും അയിരൂർ എസ്. തോമസ് സാറിനെ (സിസ്റ്റർ റസ്മ എസ്.ഐ.സി.യുടെ പിതാവ്) പള്ളി പണിയുടെ ചുമതല ഏല്പിക്കുകയും ചെയ്തു.

1935 ഏപ്രിൽ മാസത്തിൽ ബ. മണ്ണിലച്ചൻ രോഗശയ്യയിലായി. ഇക്കാ ലയളവിൽ പുനരൈക്യപ്രസ്ഥാനത്തോടുള്ള എതിർപ്പ് രൂക്ഷമായിരുന്നു. മുള ന്തുരുത്തി സഖറിയാസ് ശെമ്മാശന്റെ നേതൃത്വത്തിൽ അച്ചന്റെ വീടിന്റെ മുൻവശത്തുള്ള സ്കൂളിൽ തമ്പടിച്ച് പ്രസംഗങ്ങൾ നടത്തി. ഒരു ദിവസം യോഗം കഴിഞ്ഞ്, രാത്രിയിൽ പൊന്മേലിൽ വീട്ടിൽ കല്ലെറിഞ്ഞു. ചില ഹിന്ദു സഹോദരങ്ങളെ വശത്താക്കി ഒട്ടുവളരെ പരാതികൾ ഗവൺമെന്റിലേക്ക യച്ചു. കൊല്ലം പേഷ്ക്കാരന്മാരായ കെ.എം. ജോസഫ്, റ്റി. ചാണ്ടി, നീല കണ്ഠ അയ്യർ മുതലായവർ സ്ഥലം സന്ദർശിച്ചു. അക്കാലത്ത് പള്ളിയു ണ്ടാക്കുന്നതിനും ശവക്കോട്ട നിർമിക്കുന്നതിനും, ഗവൺമെന്റിന്റെ അനുവാദം വേണമായിരുന്നു. പണിതുകൊണ്ടിരുന്ന കെട്ടിടത്തിന് അനുവാദം ലഭിച്ചിട്ടി ല്ലായിരുന്നു. പേഷ്ക്കാർ റ്റി. ചാണ്ടി, അച്ചന്റെ ഭവനത്തിലെത്തി അച്ചന്റെ മൊഴി എടുത്തു. “മരിച്ചു പോയാൽ ഇപ്പോൾ കെട്ടിടം പണിതു കൊണ്ടിരി ക്കുന്ന സ്ഥലത്തോ അതു സാധ്യമല്ലെങ്കിൽ സ്വന്തം പറമ്പിലോ മൃതദേഹം സംസ്കരിക്കണമെന്ന്” അദ്ദേഹം പറഞ്ഞു. സ്ഥലത്ത് സമാധാന ലംഘനം ഉണ്ടാകാൻ സാധ്യതയുണ്ടെന്നു അദ്ദേഹം റിപ്പോർട്ടു ചെയ്തതനുസരിച്ച് കൊല്ലം ഡി.എസ്.പി.യെ നിരീക്ഷിക്കാൻ ഏർപ്പാടു ചെയ്തു. മാർ ഈവാ നിയോസ് തിരുമേനിയും തെയോഫിലോസ് തിരുമേനിയും ഒരു ദിവസം രാത്രി അബ്രഹാമച്ചനെ സന്ദർശിച്ചു പ്രാർഥന നടത്തി. തുടർന്ന് തിരുവല്ലാ

www.malankaralibrary.com


രൂപതയിലെ അയിരൂർ കത്തോലിക്കാ പള്ളി വികാരിയായിരുന്ന ഫാദർ പീലിപ്പോസ് 'ഇളവട്ട' വന്ന് അച്ചന് സത്യവാങ് മൂലം ചൊല്ലിക്കൊടുത്ത് കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുകയും തൈലാഭിഷേകവും വി. കുർബാനയും നൽകുകയും ചെയ്തു. ഇത് വളരെ രഹസ്യമായിട്ടാണ് ചെയ്തത്.

തോട്ടുങ്കൽ അബ്രഹാമിന്റെ മകൻ ഫിലിപ്പ് ഈ സമയത്ത് ബ. മണ്ണിലച്ചനെ ശുശ്രൂഷിച്ചുകൊണ്ട് അവിടെ താമസിച്ചിരുന്നു. അദ്ദേഹമാണ് ഈ പുനരൈക്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

1935 ഏപ്രിൽ 29–ാം തീയതി വെള്ളിയാഴ്ച 7.30 ന് അബ്രാഹം കത്തനാർ മരണമടഞ്ഞു. തിരുമൂലപുരത്തു താമസിച്ചിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ വിവരമറിയിക്കാനായി വയലത്തല നിന്നും 4 പേർ യാത്രാസൗകര്യമില്ലാതിരുന്ന കാട്ടൂർപ്രദേശത്തു നിന്നും രാത്രി നടന്നു തിരുമൂലപുരത്തെത്തി വിവരമറിയിച്ചു. മാർ ഈവാനിയോസ് തിരുമേനി, വഴിതടയലും വധഭീഷണിയും അഭിമുഖീകരിക്കുന്ന സന്ദർഭമായിരുന്നതിനാലും, യാത്രാസൗകര്യം ഇല്ലാതിരുന്നതിനാലും സംസ്ക്കാര കർമത്തിന് സംബന്ധിച്ചില്ല.

## സംഘർഷം നിറഞ്ഞ ദിനരാത്രങ്ങൾ

മണ്ണിൽ പോത്ത അബ്രാഹം കത്തനാരുടെ ദേഹവിയോഗത്തെ തുടർന്ന് കാട്ടൂർ പ്രദേശത്ത് വലിയ സംഘർഷാവസ്ഥ സംജാതമായി. മൃതശരീരം കൃത്യസമയത്തു സംസ്കരിക്കുവാൻ സാധിക്കാതെ വിഷമിച്ച ഒരു സന്ദർഭം. എന്തു ചെയ്യും?

കടമ്മനിട്ട അച്ചനും സുഹൃത്തായ കാവുങ്കോട്ടു കുറുപ്പച്ചനും കോഴഞ്ചേരിയിൽ ക്യാമ്പു ചെയ്കയും പോലീസ് സഹായം തേടുകയും ചെയ്തു.

ബ. അച്ചന്റെ മൃതശരീരം ബലാൽക്കാരമായി എടുത്തുകൊണ്ടു പോയി ഓർത്തഡോക്സ് പള്ളിയിൽ അടക്കാൻ ഏപ്രിൽ 30–ാം തീയതി ഒരു വലിയ പരിശ്രമം നടത്തിയെങ്കിലും വല്യച്ചന്റെ മക്കൾ യോജിച്ചു നിന്നു പ്രവർത്തിച്ചതിനാലും, അപ്പോഴേക്കും പോലീസ് ഇടപെട്ടതിനാലും ആ ശ്രമം പരാജയപ്പെട്ടു.

മാർ ഈവാനിയോസ് തിരുമേനിയുടെ നിർദേശമനുസരിച്ച് 1935 മെയ് 1–ാം തീയതി ഞായറാഴ്ച രാവിലെ ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) പള്ളിക്കായി പുതുതായി പണികഴിപ്പിച്ച കെട്ടിടം ആശീർവദിച്ച് വി. കുർബാന അർപ്പിക്കുകയും കുടുംബാംഗങ്ങളെ കത്തോലിക്കാ സഭയിൽ ചേർക്കുകയും ചെയ്തു. അങ്ങനെ പുനരൈക്യപ്രസ്ഥാനം കാട്ടൂരിൽ ഉദയം ചെയ്തു.

www.malankaralibrary.com


മാർ ഈവാനിയോസ് തിരുമേനിയുടെ കല്പന പ്രകാരം ഫാദർ പി.സി. വറുഗീസ് പുത്തൻപുരയ്ക്കൽ (കടമ്മനിട്ട അച്ചൻ) ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) ഇവരുടെ നേതൃത്വത്തിൽ അക്കാലത്തു പുനരൈക്യപ്പെട്ട പട്ടക്കാരും അയൽ ഇടവകക്കാരുമായി ഒരു വലിയ ജനസമൂഹം വല്യച്ചന്റെ സംസ്കാരത്തിൽ പങ്കെടുക്കുന്നതിനായി അവിടെ എത്തിയിരുന്നു. അയിരൂർ ലൂർദ് ആശ്രമത്തിൽ നിന്നും സംസ്കാര കർമത്തിൽ പങ്കുചേരുവാനായി കാൽനടയായി വന്ന കർമലീത്ത (റ്റി.ഒ.സി.ഡി.) അച്ചന്മാരെയും 40 ഓളം ശെമ്മാശന്മാരെയും വാഴക്കുന്നത്തു വച്ച് തടഞ്ഞ് വിരട്ടി ഓടിച്ചതിനാൽ അവർ സംസ്കാരത്തിൽ പങ്കെടുക്കാതെ ആശ്രമത്തിലേക്ക് തിരികെ പോകേണ്ടി വന്നു.

കടമ്മനിട്ട അച്ചൻ, കുമ്പഴ അച്ചൻ ഇവരെ കൂടാതെ ഫാദർ അലക്സാണ്ടർ വലിയവീട്ടിൽ (കൊട്ടാരക്കര അച്ചൻ), ഫാദർ ചാണ്ടപ്പിള്ള പമ്പൂരേത്ത് (വല്യച്ചൻ) പന്തളം, ഫാദർ അലക്സാണ്ടർ പമ്പൂരേത്ത്, ഫാദർ ഗീവറുഗീസ് കിളന്നമണ്ണിൽ - പന്തളം, ഫാദർ തോമസ് വടക്കേക്കര ഇലന്തൂർ തുടങ്ങിയവർ സംസ്കാരത്തിൽ പങ്കെടുത്തു. മാർ ഈവാനിയോസ് തിരുമേനിയുടെ കല്പനപ്രകാരം മെയ് 1-ാം തീയതി ഉച്ച കഴിഞ്ഞ്, പണിതുകൊണ്ടിരുന്ന ചാപ്പലിലെ മദ്ബഹായിൽ ബ. അബ്രഹാം കത്തനാരുടെ ഭൗതികശരീരം പൂജ്യമായി സംസ്കരിക്കപ്പെട്ടു. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ സംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. പോലീസ് സംരക്ഷണയിലാണ് സംസ്കാരകർമം നടന്നത്. അന്നുതന്നെ കെട്ടിടത്തിനു പൂട്ടുതറച്ച് സുരക്ഷിതമാക്കി. തുടർന്നുള്ള 41 ദിവസങ്ങളിൽ എല്ലാദിവസവും കൊച്ചുമകൻ തോട്ടുങ്കൽ ഫിലിപ്പ് കബറിൽ തിരി കത്തിക്കുകയും 41-ാം ചരമദിനത്തിൽ മാർ ഈവാനിയോസ് തിരുമേനിയും, മാർ തെയോഫിലസ് തിരുമേനിയും, പുലിക്കോട്ടു ജോസഫ് റമ്പാനും കൂടി മൂന്നിന്മേൽ കുർബാന അർപ്പിക്കുകയും ചെയ്തു. കാട്ടൂരിൽ ഒരു ഞായറാഴ്ചയും വി. കുർബാന മുടങ്ങരുതെന്ന മാർ ഈവാനിയോസ് തിരുമേനിയുടെ നിർദേശപ്രകാരം അന്നുമുതൽ മുടങ്ങാതെ വി.കുർബാന അർപ്പിച്ചിരുന്നു. പ്രാരംഭത്തിൽ പള്ളിക്ക് അനുവാദം ലഭിക്കാതിരുന്നതിനാൽ കാട്ടൂർ ഒരു ഇടവകയായി അംഗീകരിച്ചിരുന്നില്ല. ചെറുപുഷ്പ ബംഗ്ലാവ് എന്ന പേരിൽ അത് അറിയപ്പെട്ടിരുന്നു. ആശ്രമത്തിൽ നിന്നുള്ള ഫാദർ ജോബ് ഒ.ഐ.സി., സഹായിയായ ബ്രദർ റഫായേൽ, ഇവരും തുടർന്ന് ഫാദർ യൗനാൻ ഒ.ഐ.സി., ബ്രദർ അത്തനേഷ്യസ് ഇവരും അവിടത്തെ ആദ്യകാല മിഷനറിമാരായി പ്രവർത്തിച്ചിരുന്നു. അവർ കാട്ടൂർ താമസിച്ചുകൊണ്ട് വയലത്തല, കീക്കൊഴൂർ, തോട്ടമൺ, നാരങ്ങാനം തുടങ്ങിയ സ്ഥലങ്ങളിൽ പുനരൈക്യപ്രവർത്തനങ്ങൾ നടത്തുകയും വിശ്വാസികൾക്ക് ആത്മീയചൈതന്യം പകരുകയും

www.malankaralibrary.com


ചെയ്തുപോന്നു. മേല്പറഞ്ഞ സ്ഥലങ്ങളിലെ പുനരൈക്യപ്പെട്ട വിശ്വാസികൾ ആദ്യകാലങ്ങളിൽ കൂടി നടന്നിരുന്നത് ആദ്യം നിർമിച്ച കാട്ടൂർ പള്ളിയിലാണ്. പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ പട്ടക്കാരും വിശ്വാസികളും അനുഭവിച്ചിട്ടുള്ള യാതനകൾ അല്പമെങ്കിലും മനസിലാക്കുന്നതിന് മേൽപറഞ്ഞ സംഭവങ്ങൾ ഇടയാക്കുമെന്നു കരുതുന്നു.

ബ. പോത്ത ഏബ്രാഹം വല്യച്ചന്റെ കുടുംബത്തിൽ നിന്നും പിൻതലമുറക്കാരും അനേകം വൈദികരും ഒരു ഫ്രാൻസിസ്ക്കൻ ബ്രദറും സമർപ്പിതരായ അനേകം സിസ്റ്റേഴ്സും ദൈവവിളി ലഭിച്ച് കത്തോലിക്കാസഭയിലും ഓർത്തഡോക്സ് സഭയിലും നിസ്തുല സേവനം ചെയ്തിട്ടുണ്ട്.

വൈദികർ:–

വന്ദ്യ. മാത്യു പൊന്മേലിൽ കോർ എപ്പിസ്കോപ്പ,

ഫാദേഴ്സ് : തോമസ് പൊന്മേലിൽ, ജേക്കബ് വാഴക്കുന്നത്ത്, ഫിലിപ്പ് വാഴക്കുന്നത്ത്, വറുഗീസ് വിനയാനന്ദ് O.I.C, ജേക്കബ് ഇളമ്പല്ലൂർ, മാത്യൂസ് മാടത്ത്, പീലിപ്പോസ് മടത്തിലേത്ത്, പോൾ മടത്തിലേത്ത്, വറുഗീസ് മാത്യു വാഴക്കുന്നത്ത്, മാത്യൂസ് വാഴക്കുന്നത്ത്, അലക്സന്ത്രയോസ് O.I.C പെരുനാട്, ഇ.ജി. തോമസ്, മാത്യു കുഴിമണ്ണിൽ, ബ്ര. ജോൺ പോൾ C.M.S.F., വന്ദ്യ വറുഗീസ് – കോർ എപ്പിസ്കോപ്പ (ഓർത്തഡോക്സ്) ചരിവുകാലായിൽ.

സിസ്റ്റേഴ്സ് : റോസ് മൈക്ക്ളിൻ മേരി I.C, ലില്ലി ജോസഫ് I.C, സി. മാർത്ത, തെരേസ് പൊന്മേലിൽ (ക്ലാരിസ്റ്റ്), യൂഫ്രസീന എസ്.ഐ.സി., ശ്ബീഹ S.I.C, മാർഗരറ്റ് L.F.C, ബർക്കുമൻസ് L.F.C, തോമസീന D.M, ചെറുപുഷ്പ D.M.

രണ്ടാമത്തെ, കാട്ടൂർ മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി നിർമിച്ചത് ഫാദർ സെറാഫിയോൻ ഒ.ഐ.സി. അവർകളുടെ നേതൃത്വത്തിലാണ്. ഫാദർ മാത്യു പൊന്മേലിൽ കോർ എപ്പിസ്കോപ്പായുടെ പൗരോഹിത്യ സുവർണജൂബിലി സ്മാരകമായി മാർ ഈവാനിയോസ് മെമ്മോറിയൽ എന്ന പേരിൽ വൈദികമന്ദിരം നിർമിക്കയുണ്ടായി. തുടർന്നു വികാരിമാരായി ഫാ. ഇമ്മാനുവേൽ ബംഗ്ലാവിൽ, ഫാ. ജോൺ ചക്കുള്ളിടത്ത് ഇവർ സേവനം ചെയ്തു. തുടർന്ന് വികാരിയായി വന്നത് ഫാദർ ജോർജ് ജേക്കബ് കിഴക്കേതിൽ കോർ എപ്പിസ്കോപ്പാ ആണ്. ബ. അച്ചന്റെ കാലത്ത് ആദ്യത്തെ പള്ളി ടൈൽസ് ഇട്ടു ഭംഗിയാക്കുകയും സെമിത്തേരിയിലേക്കുള്ള റാമ്പ് നിർമിക്കുകയും ദേവാലയ കവാടത്തിലെ കല്പടകൾ ടൈൽസ് ഇട്ടു ഭംഗിയാക്കുകയും ചെയ്തു. കൂടാതെ നാനാജാതി മതസ്ഥർ വന്നു വണങ്ങി പ്രാർഥിക്കുന്ന മാതാവിന്റെ കുരിശടി നവീകരിക്കയുണ്ടായി. 1918 ലെ കാലവർഷ

www.malankaralibrary.com


ദുരന്തവേളയിൽ പമ്പയാറിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന കുരിശടിയിലും ദേവാലയത്തിന്റെ കോമ്പൗണ്ടിലും വെള്ളം കയറാതെ കാട്ടൂർ പ്രദേശത്തെ മാതാവ് അത്ഭുതകരമായി രക്ഷിച്ചു എന്ന് ആ പ്രദേശത്തെ ആളുകൾ വിശ്വസിക്കുന്നു.

കാട്ടൂർ പള്ളിവക കിണറ്റിൽ വർഷത്തിൽ ജാനുവരി മുതൽ മെയ് വരെ വെള്ളമില്ലാതെ വരണ്ടു പോയിരുന്നു. ഗവൺമെന്റ് പൈപ്പ് ലൈൻ സ്ഥാപിച്ചെങ്കിലും പരിഹാരമുണ്ടായില്ല. ജോർജ് ജേക്കബ് അച്ചന്റെ കാലത്ത് റൂഫിൽ നിന്നുമുള്ള മഴവെള്ളം കിണറിനു സമീപം പ്രത്യേകം തയ്യാറാക്കിയ 2 മഴക്കുഴികളിൽ – ചിരട്ടക്കരി, മണൽ, ചെങ്കല്ല്, മെറ്റൽ ഇവ പ്രത്യേക അനുപാതത്തിൽ ഒരടി ഘനത്തിൽ വീതം നിറച്ച് വെള്ളം ഫിൽറ്റർ ചെയ്ത് കിണറ്റിൽ എത്തുന്നതിനുള്ള പ്രത്യേക സംവിധാനം സജ്ജീകരിക്കുകയും അങ്ങനെ കുടിവെള്ളപ്രശ്നം പരിഹരിക്കുകയും ചെയ്തു.

പത്തനംതിട്ട ഡിസ്ട്രിക്റ്റിന്റെ 'പദയാത്ര' എല്ലാവർഷവും വി. കുർബാനയോടുകൂടി കാട്ടൂർപള്ളിയിൽ നിന്നും ആരംഭിക്കുകയും പത്തനംതിട്ടയെത്തി പെരുനാട്ടിൽ നിന്നുമുള്ള പ്രധാന പദയാത്രയുമായി ഒരുമിച്ചു ചേർന്ന് പട്ടത്തുള്ള മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ എത്തിച്ചേരുകയും ചെയ്യുന്ന കീഴ്വഴക്കം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇടവകയിൽ 70 കുടുംബങ്ങളുണ്ട്. ഇടവകയിലെ ഇപ്പോഴത്തെ വികാരി ഫാദർ പീലിപ്പോസ് ചരിവുപുരയിടത്തിൽ ആണ്.

www.malankaralibrary.com

## സെന്റ് ജോർജ് മലങ്കര സിറിയൻ കത്തോലിക്കാപ്പള്ളി കല്ലേലി

അച്ചൻ കോവിലാറിന്റെ തീരത്ത് കോന്നിയ്ക്കടുത്തു സ്ഥിതി ചെയ്യുന്ന കല്ലേലി 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു വനമേഖലയായിരുന്നു. ഈ കൊടുംവനം വെട്ടിത്തെളിച്ചു കൃഷി ചെയ്ത് ഉപജീവനമാർഗം നേടുന്നതിനായി തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികളും, ഹിന്ദുമതവിശ്വാസികളും ഇവിടെ കുടിയേറിപ്പാർത്തിരുന്നു. ഇവിടെ കുടിയേറ്റക്കാരായി പാർത്തിരുന്ന ക്രിസ്ത്യാനികളിൽ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങളും, പാല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വന്നുചേർന്ന പുരാതന കത്തോലിക്കാ കുടുംബങ്ങളിൽ നിന്നുമുള്ളവരുമുണ്ടായിരുന്നു. തുമ്പമൺ ഭാഗത്തുനിന്നും കുടിയേറിപ്പാർത്ത ഒരു ഓർത്തഡോക്സ് കുടുംബമായിരുന്നു തോട്ടുങ്കര കുടുംബം. കൊച്ചുകുഞ്ഞ്, കുഞ്ചാണ്ടി, മത്തായി, കുഞ്ചാക്കോ എന്നിങ്ങനെ ജ്യേഷ്ഠാനുജൻമാരായ 4 സഹോദരന്മാരും അവരുടെ കുടുംബങ്ങളും കല്ലേലിയിൽ എത്തി കാടും വനവും വെട്ടിത്തെളിച്ചെടുത്ത് ഇവിടെ ഒരു വലിയ ഭൂപ്രദേശത്തിന് ഉടമകളായി. 100 ൽ പരം ഏക്കർ തോട്ടുങ്കര കുടുംബത്തിന്റെ വകയായി ഉണ്ടായിരുന്നു. തിരുവിതാംകൂർ ബ്രിട്ടീഷ് ഭരണത്തിൽ കീഴിലായിരുന്ന കാലം. സായിപ്പന്മാർ ഈ മലയോര പ്രദേശം കയ്യടക്കി തോട്ടനിർമാണത്തിന് ഒരുമ്പെട്ടു. ശ്രീ കുഞ്ഞാണ്ടിയുടെ കഴിവും പ്രാഗത്ഭ്യവും മനസിലാക്കിയ സായിപ്പ് വനം വെട്ടിത്തെളിച്ച് കല്ലേലി എസ്റ്റേറ്റ് രൂപപ്പെടുത്തുന്നതിനുള്ള ചുമതലക്കാരനായി, കുഞ്ഞാണ്ടിയെ നിയമിച്ചു. രണ്ടായിരത്തിൽപരം ഏക്കർ വനഭാഗം വെട്ടിത്തെളിച്ച് തേയില, തേക്ക് മുതലായവ നട്ടുപിടിപ്പിക്കുന്നതിന് തൊഴിലാളികളെ അണിനിരത്തുവാനും നയിക്കുവാനും കുഞ്ഞാണ്ടിച്ചൻ പ്രാപ്തനായിരുന്നു. വലിയ കങ്കാണി (Chief supervisor) എന്നു അദ്ദേഹത്തെ വിളിച്ചിരുന്നു.

ക്രിസ്തുശിഷ്യനായ മാർത്തോമ്മശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ക്രൈസ്തവസഭ 1653 ൽ കൂനൻകുരിശു സത്യത്തെ തുടർന്ന് രണ്ടായി

www.malankaralibrary.com


പിളർന്നതും പിൽക്കാലത്ത് വീണ്ടും പിളർപ്പുണ്ടാക്കിയതും സഭയുടെ ഐക്യ ത്തിനായി മാർ ഈവാനിയോസ് തിരുമേനി ഭഗീരഥപ്രയത്നം ചെയ്തതും 1930 ൽ പുനരൈക്യപ്പെട്ടതുമായ ചരിത്രം നമുക്കറിവുള്ളതാണല്ലൊ. 1930 ൽ മാർ ഈവാനിയോസ് പിതാവിന്റെ പാതയെ പിന്തുടർന്ന് പുനരൈ ക്യപ്പെട്ട ഫാദർ പീലിപ്പോസ് മേടയിൽ 1936 മുതൽ കല്ലേലി പ്രദേശത്ത് പ്രേഷിത പ്രവർത്തനം ആരംഭിച്ചു. കുമ്പഴ അച്ചൻ കല്ലേലിയിലുള്ള വിവിധ വിഭാഗക്കാരായ ക്രൈസ്തവവരുടെ ഇടയിൽ പ്രസംഗയോഗങ്ങൾ നടത്തി, പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചുള്ള അറിവു പകരുകയും അവരിൽ പുന രൈക്യ ചിന്തകൾ ഉളവാക്കുകയും ചെയ്തു. യേശുവിന്റെ അഭീഷ്ടം സഭ കളെല്ലാം കൂടി ഒരുമിച്ച് "ഒരു ഇടയനും ഒരു തൊഴുത്തു" മായി തീരണമെന്നു ള്ളതാണ് എന്ന് മനസിലാക്കുന്നതിന് പലർക്കും അതുമൂലം സാധിച്ചു. ഇതിന്റെ ഫലമായി കല്ലേലി പ്രദേശത്ത് 35 ൽ പരം കുടുംബങ്ങൾ പുന രൈക്യപ്പെടുന്നതിനു സന്നദ്ധരാണ് എന്നും ഉടനെ തന്നെ ഒരു ദേവാലയം ഇവിടെ നിർമിക്കുന്നതിനായി ഒരു സ്ഥലം വാങ്ങണമെന്നും കാണിച്ച് കുമ്പഴ അച്ചൻ മാർ ഈവാനിയോസ് പിതാവിന് അപേക്ഷ നൽകി. 1936 സെപ്റ്റംബർ 26 ന് കല്ലേലി മിഷ്യൻ ആരംഭിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ കല്പന കിട്ടി.

കല്ലേലി തോട്ടത്തിലെ പ്രമാണിയായിരുന്ന ശ്രീമാൻ കുഞ്ഞാണ്ടിക്ക് മാർ ഈവാനിയോസ് തിരുമേനിയെ ചെറുപ്പം മുതലേ പരിചയമായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യപന്ഥാവ് സത്യത്തിന്റെ മാർഗമെന്നു മനസിലാക്കി അദ്ദേഹം തിരുവനന്തപുരത്തു പോയി തിരുമേ നിയെ കണ്ട് തോട്ടുങ്കര കുടുംബം പുനരൈക്യപ്പെടുന്നതിനു തയ്യാറാ ണെന്നും കല്ലേലിയിൽ പുനരൈക്യപ്പെടുന്നതിന് തയ്യാറുള്ളവർ ഉണ്ടെന്നും അറിയിക്കയുണ്ടായി.

പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ കുമ്പഴ നിന്നും മലയോര പ്രദേശങ്ങളിലും വനഭൂമികളിലും കൂടിനടന്ന് കല്ലേലി പ്രദേശത്തെത്തി വി. കുർബാന അർപ്പിക്കുക എന്നത് അത്ര എളുപ്പമായിരുന്നില്ല. അട്ടയും, പാമ്പും വന്യമൃഗങ്ങളായ ആനയും, കാട്ടുപോത്തും, കടുവ, പുലി തുടങ്ങിയ ഹിംസ്ര ജന്തുക്കളുമൊക്കെ സ്വൈര്യവിഹാരം നടത്തിയിരുന്ന വഴികളിലൂടെ മൈലുകൾ സഞ്ചരിച്ച് ഈ പ്രദേശത്തെത്തിയിരുന്ന കുമ്പഴ അച്ചന് ആതിഥ്യ മരുളിയിരുന്നത് ശ്രീ കുഞ്ഞാണ്ടിച്ചന്റെ കുടുംബമായിരുന്നു. കല്ലേലിയിൽ പുനരൈക്യപ്രവർത്തനമാരംഭിച്ച കുമ്പഴ അച്ചന് കുഞ്ഞാണ്ടിച്ചൻ ശക്തമായ പിന്തുണ നൽകി.

മാർ ഈവാനിയോസ് തിരുമേനിയുടെ കല്പനപ്രകാരം പള്ളിക്കുള്ള വസ്തുവിന്റെ ആധാരം 1936 ഒക്ടോബർ 16 നു നടന്നു. ഒരു ദേവാലയം

www.malankaralibrary.com


നിർമിക്കുന്നതിനായി തോട്ടുങ്കര കുഞ്ഞാണ്ടി തന്റെ വക 38 സെന്റു സ്ഥലം സംഭാവനയായി നൽകുകയുണ്ടായി. 1112-ാമാണ്ട് കന്നിമാസം 31-ാം തീയതി 875-ാം നമ്പരായി എഴുതിയ തീറാധാരത്തിലെ വ്യവസ്ഥ പ്രകാരം 38 സെന്റുള്ള വസ്തുവിലെ 8 സെന്റ് സ്ഥലം കുഞ്ഞാണ്ടിയുടെയും ഭാര്യ ഏല്യാമ്മയുടെയും അവരുടെ പിൻതുടർച്ചക്കാരുടെയും ശവസംസ്കാരത്തിനായി വേർതിരിച്ചിട്ടിരിക്കുന്നു. ഇന്ന് സെമിത്തേരി പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു ആദ്യദേവാലയം. ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചത് മാർ ഈവാനിയോസ് തിരുമേനിയായിരുന്നു. 1936 ൽ തന്നെ അവിടെയുള്ള കുടുംബങ്ങൾ പുനരൈക്യപ്പെടുകയും ഇടവക ആരംഭിക്കുകയും ചെയ്തു. പള്ളിപണി ആരംഭിച്ചത് 1939 ഫെബ്രുവരി 26 നാണ്. മൈലപ്രായിൽ നിന്നുള്ള ശ്രീമാൻ കാലായിൽ തോമസാണ് പള്ളിപണി നടത്തിയത്. ദേവാലയനിർമാണം പൂർത്തിയാക്കി 1940 ജനുവരി 14 ന് മാർ ഈവാനിയോസ് തിരുമേനി കല്ലേലി പള്ളി കൂദാശ ചെയ്യുകയുണ്ടായി. പള്ളിക്ക് ഭരണഘടന ഏർപ്പെടുത്തുകയും കുമ്പഴ അച്ചൻ തന്നെ കമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ പ്രദേശത്ത് മലങ്കര കത്തോലിക്കാ ദേവാലയങ്ങളോ, വൈദികരോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഫാദർ പീലിപ്പോസ് മേടയിൽ തന്നെ പ്രഥമമിഷ്യനറിയായി പള്ളിയുടെ ചാർജ് വഹിച്ചിരുന്നു. മാമോദീസാ, വി. കുർബാന, വിവാഹം, രോഗീലേപനം, ശവസംസ്കാരം തുടങ്ങി എല്ലാ കർമങ്ങളും പീലിപ്പോസ് മേടയിലച്ചൻ തന്നെ നടത്തിയിരുന്നു. 1941 മാർച്ച് 7, 8 തീയതികളിൽ ഇടവകയിലെ ഭവനങ്ങളെല്ലാം സന്ദർശിക്കുകയുണ്ടായി. 1940, 1941, 42 വർഷങ്ങളിൽ മെയ്മാസം 5,6,7 തീയതികളിൽ പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് 3 ദിവസത്തെ കൺവൻഷൻ നടത്തിയതായും കോന്നി, വകയാർ, ഊട്ടുപാറ മുതലായ സ്ഥലങ്ങളിൽ നിന്നും പുനരൈക്യപ്പെട്ട വിശ്വാസികൾ പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തതായും ഡയറിക്കുറിപ്പുകളിൽ നിന്നും വ്യക്തമാകുന്നു. വീടുകളിൽ നടക്കുന്ന 'വായന' കളിലും ഇടയ്ക്കിടെ അച്ചൻ സംബന്ധിച്ചിരുന്നു. വിശ്വാസികൾ ഏവരും ഒന്നുചേർന്ന് തമ്പേറടിച്ച് ക്രിസ്തീയഗാനങ്ങൾ ആലപിക്കുകയും വേദഭാഗങ്ങൾ വായിക്കുകയും പ്രാർഥനയിൽ സജീവമായി പങ്കുകൊണ്ട് പ്രാർഥനായോഗങ്ങൾ ആഘോഷമാക്കുകയും ചെയ്തിരുന്നു.

കല്ലേലി തോട്ടത്തിൽ നിന്നും പുതിയ പള്ളികൾക്ക് ആവശ്യമായ തടികൾ വാങ്ങുന്നതിനായി കുമ്പഴ അച്ചൻ, കല്ലേലി എസ്റ്റേറ്റിലെ സായിപ്പിനെ ഇടയ്ക്കിടെ സന്ദർശിക്കുകയും അവിടെ താമസിക്കുകയും ചെയ്തിരുന്നു. മല്ലശേരി (പൂങ്കാവ്) കിഴവള്ളൂർ, കോന്നി, കുമ്പഴ, വലഞ്ചുഴി തുടങ്ങിയ പള്ളികൾക്കുവേണ്ട തടികൾ മുഴുവൻ കല്ലേലി തോട്ടത്തിൽ നിന്നുമാണ് വാങ്ങി അറപ്പിച്ച് ഉരുപ്പടികളാക്കി അച്ചൻ കോവിലാറു വഴി അതാതു സ്ഥലങ്ങളിൽ എത്തിച്ചിരുന്നത്.

www.malankaralibrary.com


റ്റീമേക്കറുടെ ബംഗ്ലാവിൽ കല്ലേലി തോട്ടത്തിലുള്ള കത്തോലിക്കാ ഉദ്യോഗസ്ഥർക്കും പുനരൈക്യപ്പെട്ട വിശ്വാസികൾക്കും വേണ്ടി മേടയില ച്ചൻ വി. കുർബാന അർപ്പിച്ചിരുന്നു. ഇന്ന്, കല്ലേലി തോട്ടം സെന്റ് തോമസ് മലങ്കര സിറിയൻ കാത്തലിക് ചർച്ച് എന്ന പേരിൽ ഒരു ഇടവകയുണ്ട്.

കുമ്പഴ അച്ചന്റെ കാലത്ത് 1954 ൽ കല്ലേലി സെന്റ് ജോർജ് പള്ളിയുടെ അൾത്താര പുതുക്കി പണിയുകയും പെരുന്നാൾ ആഘോഷപൂർവം കൊണ്ടാടുകയും ചെയ്തു. 1956 വരെയും കുമ്പഴ അച്ചൻ കല്ലേലി ഇടവക വികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. ആദ്യത്തെ പള്ളി ജീർണാവസ്ഥ യിലെത്തിയപ്പോൾ അതു കേടുപാടുകൾ പോക്കി പുനർനിർമ്മാണം നട ത്തി. ആ കാലയളവിൽ പള്ളി പണിതീരുന്നതുവരെയും കാട്ടൂർ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ പെട്ട ശ്രീമാൻ ഫിലിപ്പ് സാറിന്റെ വീട്ടിൽ വച്ചാണ് വി. കുർബാന അർപ്പിച്ചിരുന്നത്. കുമ്പഴ അച്ചന്റെ ത്യാഗോ ജ്വലമായ ജീവിതം ഫലമണിയുകയും കല്ലേലിയിൽ അനേകകുടുംബങ്ങൾ പുനരൈക്യപ്പെട്ട് ഇടവക മക്കളായിത്തീരുകയും ചെയ്തു. ദൈവികപദ്ധതി പ്രകാരം പുനരൈക്യത്തിന്റെ ആദ്യദശകത്തിൽ തന്നെ (1936) ഈ വനപ്ര ദേശത്ത് ആദ്യമിഷ്യനറിയായി കടന്നുവന്ന പീലിപ്പോസ് മേടയിലച്ചനിലൂടെ വിശ്വാസ സ്ഥിരതയും അർപ്പണബോധവുമുള്ള ഒരു മലങ്കര സുറിയാനി കത്തോലിക്കാ കൂട്ടായ്മ രൂപംകൊണ്ടു.

1951 മാർച്ച് 9-ാം തീയതി വടക്കുപുറം പ്രദേശത്തു നിന്നും ഫാദർ സാമുവൽ ശങ്കരത്തിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. കുമ്പഴ അച്ചനെ തുടർന്ന് കല്ലേലിയിൽ 1956-62 വരെ വികാരിയായി സേവനം ചെയ്തത്, "മുത്തച്ചൻ" എന്നറിയപ്പെട്ടിരുന്ന ബഹു. സാമുവൽ ശങ്കരത്തി ലച്ചനാണ്. ഏതു കഷ്ടപ്പാടും ത്യാഗവും അനുഷ്ഠിക്കുവാൻ സന്നദ്ധനായി രുന്ന അദ്ദേഹം കല്ലേലിയിലും കൊക്കാത്തോട്ടിലും മിഷ്യനറിയായിരുന്നു. മുത്തച്ചന്റെ കാലത്താണ് കല്ലേലി ദേവാലയം ഇപ്പോൾ പണിതുയർത്തിയി രിക്കുന്ന സ്ഥാനത്ത് 20 സെന്റ് സ്ഥലം പള്ളിക്കായി ലഭിച്ചത്. കല്ലേലി പള്ളിയുടെ ആദ്യത്തെ വസ്തു ഇന്ന് സെമിത്തേരിയായി ഉപയോഗിക്കുന്നു. 1962 നു ശേഷം 15 ഓളം വന്ദ്യ വൈദികർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ സേവനമനുഷ്ഠിക്കുന്നത് ഫാദർ പ്രിൻസ് കോയിക്കൽ അവർകളാണ്.

2010 ൽ പത്തനംതിട്ട രൂപത രൂപം കൊണ്ടു. 2017 ൽ കൂദാശ ചെയ്യപ്പെട്ട പുതിയ ദേവാലയത്തിന്റെ നിർമിതിക്കായി അനേകവർഷങ്ങൾ കാത്തി രിക്കേണ്ടി വന്നു. ദേവാലയ നിർമാണത്തിനൊരുക്കമായി ഒരു വർഷത്തെ പ്രാർഥനായജ്ഞം നടത്തുകയുണ്ടായി. അതിന് ഇടവക മക്കളെ

www.malankaralibrary.com


പ്രാർഥിച്ചൊരുക്കിയത് ഫാദർ വറുഗീസ് നടുതലയച്ചനാണ്. പുതിയ ദേവാലയത്തിന്റെ നിർമിതിക്ക് നേതൃത്വം നൽകിയതും കഠിനാദ്ധ്വാനം ചെയ്തതും വികാരിയായിരുന്ന ഫാദർ ജെയിംസ് ഇലഞ്ഞിക്കലാണ്. ദേവാലയനിർമാണത്തിൽ ഏറ്റം മുൻപന്തിയിൽ നിന്നു പ്രവർത്തിച്ച ഒരു കുടുംബമാണ് തോട്ടുങ്കര കുടുംബം. കല്ലേലി അമ്മച്ചി എന്നറിയപ്പെടുന്ന കുഞ്ഞാണ്ടി അപ്പച്ചന്റെ മരുമകൾ ശ്രീമതി തങ്കമ്മ ചാക്കോയുടെ മക്കൾ എല്ലാവരും തങ്ങളാലാവുംവിധം സാമ്പത്തികമായി സഹായിച്ചതിനു പുറമേ ദേവാലയത്തിനാവശ്യമായ വസ്തുക്കൾ വാങ്ങി സംഭാവന ചെയ്തതും തോട്ടുങ്കര കുടുംബമാണ്. ശ്രീമാൻ ജോസിന്റെയും കുടുംബത്തിന്റെയും സംഭാവനയാണ് അതിരമണീയമായി പണിതുയർത്തിയിരിക്കുന്ന മദ്ബഹ. കല്ലേലി സെന്റ് ജോർജ് ദേവാലയത്തിൽ ഇന്ന് 69 കുടുംബങ്ങളുണ്ട്. ഇടവകാംഗങ്ങളുടെ എല്ലാവരുടെയും കായികമായ അദ്ധ്വാനവും സാമ്പത്തിക സഹായവും, അകമഴിഞ്ഞ സഹായസഹകരണവും പ്രാർഥനയും മൂലമാണ് ഈ ദേവാലയം ഇത്ര മനോഹരമായി നിർമിക്കുവാൻ സാധിച്ചത്.

ബഥനി സന്യാസിനി സമൂഹത്തിലെ സിസ്റ്റേഴ്സ് ഈ ഇടവകയിൽ മിഷ്യൻ പ്രവർത്തനം നടത്തി വരുന്നു. വിൻസെൻഷ്യൻ സമൂഹാംഗമായ പട്ടരുമഠത്തിൽ (വീട്ടിൽ) ജോസഫിന്റെയും മറിയ ജോസഫിന്റെയും മകളായ സിസ്റ്റർ മരിയ വിയാനി എസ്.സി.വി., ബഥനി സന്യാസിനി സമൂഹാംഗമായ തോട്ടാവള്ളിൽ റ്റി.ജി. ബേബിയുടെയും കുഞ്ഞമ്മ ബേബിയുടെയും മകൾ സിസ്റ്റർ ഗ്ലോറിയ എസ്.ഐ.സി, ബഥനി സന്യാസസമൂഹാംഗമായ തോട്ടുങ്കര മുരുപ്പേൽ ജോസിന്റെയും ശലോമി ജോസിന്റെയും മകനായ ഫാദർ ജോർജ് സോളമൻ ഒ.ഐ.സി. ഇവർ ഈ ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ച് സമർപ്പിതജീവിതം നയിക്കുന്നവരാണ്.

ഇന്ന്, കല്ലേലി സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി ഈ പ്രദേശത്തിന്റെ അനുഗ്രഹമായിരിക്കുന്നു.

www.malankaralibrary.com

## സെന്റ് മേരീസ് മലങ്കര സിറിയൻ കത്തോലിക്കാപ്പള്ളി ഊട്ടുപാറ

1935 ൽ പാലായുടെ സമീപ പ്രദേശങ്ങളിൽ നിന്നും ചങ്ങനാശേരി രൂപതയിൽപ്പെട്ട കുരീക്കാട്ട് പാറയ്ക്കൽ പുത്തൻ വീട്ടിൽ ജോസഫ് വർഗീസ്, നന്തിയാട്ട് ജോസഫ് മത്തായി പുല്ലാട്ട്, മാണി ജോർജ്, തൂങ്കുഴിയിൽ ജോസഫ്, പുത്തൻ പുരയിൽ ചാക്കോ എന്നിവരും അവരുടെ കുടുംബങ്ങളും അച്ചൻ കോവിൽ മലയോടടുത്തുള്ള ഊട്ടുപാറ വനമേഖലയിൽ കുടിയേറി പ്പാർത്ത കത്തോലിക്കാ കുടുംബങ്ങളാണ്. അക്കാലത്ത് ഈ ഭൂവിഭാഗം ഒരു വനപ്രദേശമായിരുന്നതിനാൽ ജനവാസം നന്നേ കുറവായിരുന്നു. ആത്മീയ കാര്യങ്ങൾക്കായി ഒരു കത്തോലിക്കാപ്പള്ളി പോലും ഉണ്ടായിരുന്നില്ല. ഈ പ്രദേശത്ത് ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച മേൽപ്പറഞ്ഞ കുടുംബ ങ്ങളും, ഓർത്തഡോക്സ് മാർത്തോമ്മാ, സി.എസ്.ഐ. വിഭാഗങ്ങളിൽപ്പെ ട്ടവരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇവിടെ മിഷ്യൻ പ്രവർത്തനം നടത്തേ ണ്ടത് അത്യാവശ്യമെന്ന് മേടയിൽ പീലിപ്പോസച്ചന് ബോദ്ധ്യമായി. മലങ്കര റീത്തിൽ ഒരു ചാപ്പൽ ആരാധനയ്ക്കായി നിർമിക്കേണ്ടതിന്റെ ആവശ്യകത കാണിച്ച് മാർ ഈവാനിയോസ് തിരുമേനിക്ക് അപേക്ഷ നൽകുകയുണ്ടായി എങ്കിലും ഉടനെ ഒരു ആരാധനാലയം നിർമിക്കുക അസാദ്ധ്യമായിരുന്നു. അതിരുങ്കൽ, കല്ലേലി എന്നീ മലങ്കരകത്തോലിക്കാ പള്ളികളിലായിരുന്നു മേല്പറഞ്ഞ കുടുംബക്കാർ ഞായറാഴ്ചകളിൽ വി. കുർബാനയ്ക്കും, ആത്മീയമായുള്ള ശുശ്രൂഷകൾക്കും നടന്നു പോയിരുന്നത്. കത്തോ ലിക്കാസഭയിലുള്ള ഇവരുടെ തീക്ഷ്ണമായ വിശ്വാസം മനസിലാക്കിയ കുമ്പഴ അച്ചൻ മാർ ഈവാനിയോസ് തിരുമേനിയുടെ അനുമതിയോടെ, പാറയ്ക്കൽ പുത്തൻവീട്ടിൽ ജോസഫ് വറുഗീസിന്റെ ഭവനത്തിൽ പ്രത്യേ കമായി വേർതിരിച്ച് സജ്ജീകരിക്കപ്പെട്ട മുറിയിൽ അൾത്താര ഒരുക്കി ഒന്നിടയിട്ട വെള്ളിയാഴ്ചകളിൽ വിശ്വാസികൾക്കായി മലങ്കര റീത്തിൽ വി. കുർബാന അർപ്പിച്ചിരുന്നു. കുമ്പഴ അച്ചനെ കൂടാതെ പീടികയിൽ

www.malankaralibrary.com


ഗീവറുഗീസച്ചനും ചരുവിലേത്ത് ഗീവർഗീസ് അച്ചനും ഇവിടെ ദിവ്യബലി അർപ്പിച്ചിരുന്നു.

വകയാർ ഇടവക സ്ഥാപിതമായതോടെ മേൽപറഞ്ഞ കത്തോലിക്കാ കുടുംബങ്ങളും ഊട്ടുപാറ പ്രദേശത്തുനിന്നും പുനരൈക്യപ്പെട്ട മറ്റു കുടുംബങ്ങളും വകയാർ ഇടവകയിലെ അംഗങ്ങളായി തീരുകയും, ഞായറാഴ്ചകളിൽ അവിടെ എത്തി ദിവ്യബലിയിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു.

ഊട്ടുപാറ പ്രദേശം ഒരു അവികസിത മേഖലയായിരുന്നതിനാൽ സഞ്ചാര യോഗ്യമായ റോഡുകളോ വാഹനസൗകര്യമോ ഉണ്ടായിരുന്നില്ല. നിരക്ഷരകുക്ഷികളായ കുടിയേറ്റക്കാരും, തോട്ടത്തിൽ ജോലിക്കെത്തിയിരുന്ന തൊഴിലാളികളും, അവരുടെ സന്താനങ്ങളുമുൾപ്പെട്ട ഒരു വലിയ സമൂഹം അവിടെ ഉപജീവനാർഥം താവളമടിച്ചിരുന്നു. ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ആശുപത്രികളോ ഒന്നും ഉണ്ടായിരുന്നില്ല. കുടിയേറ്റക്കാരുടെ മക്കൾക്ക് സ്കൂൾ വിദ്യാഭ്യാസത്തിന് വളരെ ദൂരം കാൽനടയായി സഞ്ചരിച്ച് കോന്നി, കലഞ്ഞൂർ, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. മിഷ്യൻ പ്രവർത്തനത്തിന്റെ പ്രാരംഭമായി ഈ പ്രദേശത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനമുണ്ടാക്കുന്നതിനായി കുമ്പഴ അച്ചൻ പരിശ്രമിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ പേരിൽ പാറയ്ക്കൽ പുത്തൻ വീട്ടിൽ ജോസഫ് വറുഗീസിൽ നിന്നും 50 സെന്റ് വസ്തു വാങ്ങി ഒരു താൽക്കാലിക ഷെഡ് നിർമിച്ച് ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചു. 1938 മെയ് 15 ന് ഊട്ടുപാറ സ്കൂളിന് അനുമതി ലഭിക്കുകയും ആരംഭത്തിൽ ചുറ്റുപാടുമുള്ള ഗ്രാമപ്രദേശത്തു നിന്നും ധാരാളം കുട്ടികൾ സ്കൂളിൽ വന്നു ചേരുകയും ചെയ്തു.

തോട്ടമേഖലയിൽ മലകൾ വെട്ടിപ്പിടിച്ച് തട്ടുനിരത്തി കൃഷിയിടങ്ങൾ സ്വന്തമാക്കുന്നതിനും കൃഷി ചെയ്ത് ഉപജീവനമാർഗം കണ്ടെത്തുന്നതിനുമുള്ള വ്യഗ്രതയിലായിരുന്നു മാതാപിതാക്കൾ. കൃഷിപ്പണി നടത്തിയും വിറകു ശേഖരിച്ചും ആടിനെമേയിച്ചും കന്നുകാലികളെ വളർത്തിയും ജീവിച്ചിരുന്ന അവർ കഠിനാധ്വാനം ചെയ്തിരുന്നു. മറുനാടൻ തൊഴിലാളികളും കല്ലേലി, ഊട്ടുപാറ തുടങ്ങിയ തേയിലത്തോട്ടങ്ങളിൽ കൊളുന്തെടുത്തും മറ്റു തോട്ടപ്പണികൾ ചെയ്തും ഉപജീവനമാർഗം നേടിയിരുന്നു. തങ്ങളുടെ മക്കളെ വിദ്യാലയത്തിലേക്കയ്ക്കുന്ന കാര്യത്തിൽ അവരും വിമുഖരായിരുന്നു. ദുർഘടമായ ഒറ്റയടിപ്പാതകളിലൂടെ ബഹുദൂരം യാത്ര ചെയ്ത് സ്കൂളിൽ പഠിക്കുന്നതിന് വിദ്യാർത്ഥികളും ഇഷ്ടപ്പെട്ടിരുന്നില്ല. ആന, കുരങ്ങ്, കാട്ടുപന്നി മുതലായ വന്യമൃഗങ്ങളുടെ ശല്യവും മാതാപിതാക്കളെയും കുഞ്ഞുങ്ങളെയും ഒരുപോലെ വിഷമിപ്പിച്ചിരുന്നു. കൂടാതെ സ്കൂളിൽ

www.malankaralibrary.com


പഠിപ്പിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകരും വളരെ വിദൂര ദേശങ്ങളിൽ നിന്നും വന്നുചേർന്നവരായിരുന്നു. അവർക്ക് ഈ കാട്ടു പ്രദേശത്ത് താമസസൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. പാറക്കൽ പുത്തൻ വീട്ടിൽ ജോസഫ് വറുഗീസിന്റെ ഭവനത്തിലാണ് അവരിൽ ചിലർ താമസി ച്ചിരുന്നത്. ഗതാഗത സൗകര്യമില്ലാത്ത ഈ സ്ഥലത്ത് സ്കൂളിന്റെ കാര്യ ങ്ങൾ കൂടെ കൂടെ പോയി അന്വേഷിക്കാൻ കുമ്പഴ അച്ചനും ബുദ്ധിമുട്ടായി. മേല്പറഞ്ഞ സാഹചര്യങ്ങളാൽ ഈ വനമേഖലയിൽ സ്കൂൾ തുടരുക മാനേജുമെന്റിന് പ്രയാസമായി. ആകയാൽ മാർ ഈവാനിയോസ് തിരുമേ നിയുടെ അറിവോടും അനുമതിയോടും കൂടെ Heaven Ford Estate ഉടമ യായ മിസ്റ്റർ ചാക്കോയിക്ക് സ്കൂൾ കൈമാറുകയാണുണ്ടായത്.

ഊട്ടുപാറ എം.എസ്.സി. മാനേജുമെന്റ് സ്കൂളിൽ പഠിച്ചിരുന്ന പൂർവ വിദ്യാർഥികളായിരുന്നു പരേതനായ നെരിയാട്ടിൽ തോമസ് അച്ചൻ, പാറ യ്ക്കൽ പുത്തൻ വീട്ടിൽ വറുഗീസ്, ഊട്ടുപാറ നിന്നുള്ള തേലശേരി ജോർജ് തുടങ്ങിയവർ.

കല്ലേലി, കോന്നി, വകയാർ എന്നീ പള്ളികളിൽ ക്രമമായി വർഷന്തോറും നടത്തിവന്ന മൂന്നുദിവസത്തെ കൺവൻഷനുകളിൽ ഊട്ടു പാറ നിന്നുള്ള കത്തോലിക്കാ വിശ്വാസികൾ കുടുംബമായി പോയി സംബ ന്ധിച്ചിരുന്നു. വിശ്വാസസംബന്ധമായ വിഷയങ്ങൾ പഠിപ്പിക്കുകയും ആളു കളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു കൺവൻ ഷന്റെ ഉദ്ദേശം.

പിൽക്കാലത്ത് പാറയ്ക്കൽ പുത്തൻ വീട്ടിൽ ജോസഫ് വറുഗീസിന്റെ കുടുംബവും, പട്ടരുമഠത്തിൽ കുടുംബവും, തൂങ്കുഴി ജോസഫിന്റെ കുടുംബവും വകയാർ പള്ളിയിൽ സ്ഥിരാംഗങ്ങളായി. പിന്നീട് പട്ടരുമഠത്തിൽ കുടുംബവും, കുരുവിള ജോസഫിന്റെ കുടുംബവും കല്ലേലി പള്ളിയിലും നന്തിയാട്ടു മത്തായിയും കുടുംബവും അതിരുങ്കൽ പള്ളിയിലും സ്ഥിരാംഗ ങ്ങളായി. പുത്തൻപുരയിൽ ചാക്കോയും കുടുംബവും ഊട്ടുപാറ പള്ളിയിൽ തുടർന്നു.

ഇപ്പോൾ പാറയ്ക്കൽ പുത്തൻവീട്ടിൽ കുടുംബവും തൂങ്കുഴി കുടുംബ ത്തിലെ അംഗങ്ങളും കുടുമ്പുക്കോട്ടുമണ്ണിൽ കുടുംബവും ഊട്ടുപാറ സെന്റ് മേരീസ് സുറിയാനി കത്തോലിക്കാ പള്ളിയിലെ സ്ഥിരാംഗങ്ങളായി തുട രുന്നു.

പത്തനംതിട്ട നിന്നും ഊട്ടുപാറ വന്നു ചേർന്ന പാറയ്ക്കൽ പുത്തൻ വീട്ടിൽ കുടുംബം, കൊടുമണ്ണേത്തു കുടുംബം, കോന്നിയിൽ നിന്നും വന്നു ചേർന്ന ഇടയത്തു കുടുംബം, താനശേരികുടുംബം തുടങ്ങിയ കുടുംബങ്ങൾ

www.malankaralibrary.com


പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ തന്നെ പുനരൈക്യപ്പെട്ടവയാണ്. ഊട്ടുപാറ ഇടവകയിൽ 1950 വരെ ഫാദർ പീലിപ്പോസ് മേടയിൽ മിഷ്യൻ പ്രവർത്തനം നടത്തി, ഒരു വിശ്വാസസമൂഹത്തെ രൂപീകരിച്ചു. തുടർന്ന് ഫാദർ ജോസഫ് വടക്കേക്കൂറ്റ് ഫാദർ ജോർജ് കുറ്റിയിൽ ഇവർ സേവനം ചെയ്തു.

1954 ൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നിർദേശമനുസരിച്ച് വകയാർ താമസിച്ചിരുന്ന ഫാദർ ജോസഫ് വടക്കേക്കൂറ്റ് ഊട്ടുപാറ ഇടവകയിൽ ഒന്നിട വിട്ടുള്ള വെള്ളിയാഴ്ചകളിൽ ദിവ്യബലി അർപ്പിച്ചിരുന്നു. വകയാർ നിന്നും ഇണ്ടിക്കാട്ട് ദാനിയേൽ സാറും, കണ്ണങ്കര ബേബിയും ഇവിടെ വന്ന് വേദോപദേശം പഠിപ്പിച്ചിരുന്നു.

ജോസഫ് വടക്കേക്കൂറ്റച്ചന്റെ കാലത്ത് 1956 ൽ ഊട്ടുപാറയിൽ ഒരു ദേവാലയത്തിനായി താഴത്തേതിൽ പരേതനായ ശ്രീ ജോണിൽ നിന്നും വിലയാധാരമായി വാങ്ങിയ 99 സെന്റ് വസ്തുവിൽ യൗസേപ്പു പിതാവിന്റെ നാമത്തിൽ ഒരു ചെറിയ ചാപ്പൽ നിർമിക്കുകയുണ്ടായി. പുനരൈക്യപ്രസ്ഥാനം വളർച്ച പ്രാപിക്കുകയും കൂടുതൽ കുടുംബങ്ങൾ പുനരൈക്യപ്പെടുകയും ചെയ്തു. 1962 ൽ ഒരു പുതിയ ദേവാലയത്തിന്റെ ആവശ്യം നേരിട്ടു. ഒരു പുതിയ ചാപ്പൽ നിർമിക്കുന്നതിന് ആരംഭിക്കുകയും 1964 ആഗസ്റ്റ് 3 ന് പണി പൂർത്തിയാക്കി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത കൂദാശ ചെയ്യുകയും ചെയ്തു. 1964 മുതൽ 1977 വരെ ഈ ചെറിയ ചാപ്പലിൽ വി. കുർബാന ചൊല്ലിയിരുന്നു. ഫാദർ തോമസ് പ്ലാവിളയുടെ കാലത്ത് 1976 ജനുവരി 13 ന് വീണ്ടും ഒരു പുതിയ ദേവാലയം പണിയുന്നതിനാരംഭിക്കുകയും 1978 ഫെബ്രുവരി 19 ന് പണി പൂർത്തീകരിച്ച് മാർ ഗ്രിഗോറിയോസ് പിതാവു തന്നെ പ്രസ്തുത ദേവാലയം കൂദാശ ചെയ്യുകയും ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇതിലേക്ക് സാമ്പത്തിക സഹായം നൽകി സഹായിച്ച വ്യക്തിയുടെ ആഗ്രഹപ്രകാരമാണ് പ. മാതാവിന്റെ നാമത്തിൽ പുതിയ പള്ളിയുടെ പ്രതിഷ്ഠ നടത്തിയത്. ഊട്ടുപാറ ഇടവക ഇന്നു വളരെ അധികം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഇവിടെ സേവനമനുഷ്ഠിച്ചു കടന്നുപോയ വൈദികരാണ് ഫാദർ സിറിയക് മണവാളൻ, ഫാദർ വറുഗീസ് വടശേരി, ഫാദർ തോമസ് ചിറയത്ത്, ഫാദർ കോശി ചക്കാലമണ്ണിൽ, ഫാദർ മാത്യു കാലായിൽ, ഫാദർ വറുഗീസ് ചീനിവിള, ഫാദർ ജെയിംസ് പാറവിള, ഫാദർ ജോസഫ് കടകംപള്ളിൽ, ഫാദർ ജോൺ കുര്യടത്തേരിൽ, ഫാദർ സാമുവൽ ഇടമണ്ണിൽ, ഫാദർ സന്തോഷ് കോയിക്കൽ, ഫാദർ സ്ലീബാദാസ് ചരിവുപുരയിടത്തിൽ, ഫാദർ ദാനിയേൽ വടക്കേക്കര

www.malankaralibrary.com


കോർ എപ്പിസ്കോപ്പ, ഫാദർ ആന്റണി വയലിക്കരോട്ട്, ഫാദർ ജെയിംസ് പണിക്കർ തുടങ്ങിയവർ.

2006 ൽ ഫാദർ ദാനിയേൽ വടക്കേക്കരയുടെ താല്പര്യപ്രകാരവും പ്രോത്സാഹനത്താലുമാണ് ഊട്ടുപാറയിൽ ബഥനി പത്തനംതിട്ട പ്രോവിൻസ് ഇടയത്തു സ്കറിയായുടെയും പാറക്കൽ പുത്തൻവീട്ടിൽ കോശി ഏബ്രഹാമിന്റെയും വസ്തുക്കൾ വാങ്ങുകയും അവയിലുണ്ടായിരുന്ന വീടുകൾ പുനരുദ്ധരിച്ച് ബഥനിമഠവും ഒരു നേഴ്സറി സ്കൂളും സ്ഥാപിക്കുകയും ചെയ്തത്. 12.7.2005 ൽ തിരുവനന്തപുരം അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ മഠത്തിന്റെ കൂദാശാകർമം നിർവഹിക്കുകയും, സിസ്റ്റേഴ്സ് ഊട്ടുപാറയിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. ബഥനി മഠാംഗമായ സിസ്റ്റർ സ്റ്റെല്ല ഊട്ടുപാറ ഇടവകാംഗമാണ്.

ഫാദർ വറുഗീസ് ചീനിവിള 15 വർഷക്കാലം ഇവിടെ സേവനമനുഷ്ഠിച്ചു. അക്കാലത്താണ് അച്ചന്റെ ശ്രമഫലമായി പള്ളിക്കുവേണ്ടി പീസ് കോട്ടേജ്, വറുഗീസിന്റെ വീടും സ്ഥലവും തിരുവനന്തപുരം അതിരൂപതയ്ക്കായി വാങ്ങിയത്. ഇപ്പോൾ അത് വൈദികമന്ദിരമായി ഉപയോഗിക്കുന്നു.

ഫാദർ ആന്റണി വയലിക്കരോട്ടച്ചന്റെ ശ്രമഫലമായി പാറക്കൽ പുത്തൻ വീട്ടിൽ പി.പി. ബാബുകുട്ടിയുടെ റബ്ബർ തോട്ടം പള്ളിക്കായി വാങ്ങുകയുണ്ടായി. തിരുവനന്തപുരം മേജർ അതിരൂപതയുടെ ഭാഗമായിരുന്ന ഈ ഇടവക 2010 മുതൽ പത്തനംതിട്ട രൂപതയുടെ ഭാഗമാണ്. ഇന്ന് ഈ ഇടവകയിൽ 125 കുടുംബങ്ങളുണ്ട്.

ഇവിടെ പുതിയ ഒരു ദേവാലയം നിർമിക്കുവാനായി 7.9.2017 ൽ പത്തനംതിട്ട രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം ശിലാസ്ഥാപനകർമം നിർവഹിക്കുകയുണ്ടായി. നാടിന് അനുഗ്രഹമായി ഒരു മനോഹരമായ ദേവാലയം ഇവിടെ ഉയർന്നു വിരാജിക്കട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com

## സെന്റ് ആന്റണീസ് മലങ്കര സിറിയൻ കത്തോലിക്കാപ്പള്ളി വടശേരിക്കര

1933 സെപ്റ്റംബർ 25-ാം തീയതി ഒരു മിഷ്യൻ കേന്ദ്രമായി വടശേരിക്കരയിലെ മലങ്കര കൂട്ടായ്മ ആരംഭിച്ചു. ആദ്യകാല കുടുംബങ്ങൾ:-

1. പനച്ചിമൂട്ടിൽ ബംഗ്ലാവിൽ പി.കെ. മാണിയും കുടുംബവും
2. ചിറത്തോൺ (ചെറുതോൺ) കുരുവിള തോമസും കുടുംബവും
3. കളിയന്താനത്ത് കെ. കോരളവർക്കിയും കുടുംബവും

ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) ഫാദർ വറുഗീസ് പുത്തൻ പുരയ്ക്കൽ (കടമ്മനിട്ട അച്ചൻ) ഇവർ ഒരുമിച്ച് ഈ മിഷ്യൻ കേന്ദ്രത്തിൽ ആദ്യമായി വി. കുർബാന അർപ്പിച്ചു. 1934 ൽ ഈ ഇടവകകൂട്ടായ്മയെ മാർ ഈവാനിയോസ് തിരുമേനി ഒരു ഇടവകയായി പ്രഖ്യാപിച്ചു.

9.12.1936 (1112 വൃശ്ചികം 23) ൽ മിസ്റ്റർ ഫ്രാൻസിസ് മുതലാളി വടശേരിക്കര പണിയിച്ചു നൽകിയ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയുടെ കൂദാശാകർമം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി നിർവഹിക്കുകയും വന്ദ്യചേപ്പാട്ടു പീലിപ്പോസ് റമ്പാൻ പള്ളിയെപ്പറ്റി ഒരു പ്രസംഗം നടത്തുകയും ചെയ്തു. വൈദികർ വിരളമായിരുന്ന, പുനരൈക്യത്തിന്റെ പ്രാരംഭഘട്ടത്തിൽ അവിടെ ആദ്യകാലമിഷ്യനറിയായി പ്രവർത്തിക്കാൻ ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) അവർകൾക്കു സാധിച്ചു. ഞായറാഴ്ചകളിൽ പുനരൈക്യപ്പെട്ട വൈദികർ അവിടെ പോയി വി. കുർബാനയും മറ്റു കൂദാശകളും പരികർമം ചെയ്തിരുന്നു.

1939 ഒക്ടോബർ മാസത്തിൽ കുമ്പഴ അച്ചൻ വടശേരിക്കര വന്നു പാർക്കുകയും പുനരൈക്യ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പള്ളി സംബന്ധമായ കാര്യങ്ങൾക്കായി, തടിയും മറ്റു സാധന സാമഗ്രികളും ഏർപ്പാടാക്കുന്നതിനായി റാന്നി വഴി പെരുനാട്ടിലും മറ്റും പോയിരുന്നതായും, 1942, 43' വർഷങ്ങളിൽ വടശേരിക്കര വി. കുർബാന അർപ്പിക്കാനായി പോയിരുന്നതായും ഡയറിയിൽ കുറിച്ചിരിക്കുന്നു.

www.malankaralibrary.com


1947 മെയ് മാസത്തിൽ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അമേരിക്കൻ പര്യടനത്തിനായി പോയി. തദവസരത്തിൽ വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാനാണ് അഡ്മിനിസ്ട്രേറ്റർ ചുമതല നിർവഹിച്ചിരുന്നത്. ഈ അവസരത്തിൽ ധാരാളമാളുകൾ വടശേരിക്കരയിൽ നിന്നും സാർവത്രികസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി.

1947 ജൂലൈ 7–ാം തീയതി വടശേരിക്കര വാഴപ്പിള്ളേത്ത് ബ. ജോസഫ് അച്ചൻ ഓർത്തഡോക്സ് സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുന്നതിനു തീരുമാനിക്കുകയും മൈലപ്രാ പള്ളിയിൽ വച്ച് വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുകയും ചെയ്തു. വാഴപ്പിള്ളേത്തു ബ. ജോസഫച്ചന്റെ കത്തോലിക്കാ സഭാപ്രവേശം, വടശേരിക്കരയും പെരുനാട്ടിലുമുണ്ടായിരുന്ന തന്റെ കുടുംബാംഗങ്ങൾക്ക് പുനരൈക്യപ്പെടുന്നതിനു പ്രേരണയായിത്തീർന്നു.

പിറ്റേദിവസം 1947 ജൂലൈ 8–ാം തീയതി വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ വടശേരിക്കര എത്തി, വാഴപ്പിള്ളേത്തു കുടുംബക്കാരെയെല്ലാം തിരുസഭയിലേക്കു സ്വീകരിച്ചു. ആരും മാറി നിൽക്കാതെ ബ. അച്ചന്റെ സഹോദര കുടുംബങ്ങളെല്ലാം സാർവത്രിക സഭയുടെ അംഗങ്ങളായിത്തീർന്നു. ആ പ്രദേശത്തെ ആളുകൾ പലരും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുന്നതിന് ഈ സംഭവം ഇടയാക്കി. 1947 സെപ്റ്റംബർ 1–ാം തീയതി വടശേരിക്കരയിൽ ഏതാനും കുടുംബങ്ങൾ കൂടി പുനരൈക്യപ്പെട്ടു. കുമ്പഴ അച്ചനും, കടമ്മനിട്ട അച്ചനും തുടർന്ന് ഗീവറുഗീസ് ചരുവിലേത്തച്ചനും, ഫാദർ മാത്യു തേക്കുംകാട്ടിൽ, ഫാദർ ചാക്കോ മുണ്ടപ്പള്ളിൽ, ഫാദർ സാമുവൽ തെങ്ങുവിളയിൽ തുടങ്ങിയ വന്ദ്യ വൈദികരും വടശേരിക്കരയിൽ ആദ്യകാലത്ത് വികാരിമാരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1950 കളിൽ കോന്നാത്ത് ചാണ്ടിയും കുടുംബവും, കോന്നാത്ത് കുഞ്ഞച്ചനും കുടുംബവും, കോന്നാത്ത് അപ്പായിയും കുടുംബവും പുനരൈക്യപ്പെട്ട് വടശേരിക്കര മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളിയിലെ അംഗങ്ങളായിത്തീർന്നു. കോന്നാത്ത് ചാണ്ടി വല്യപ്പന്റെ മൂത്തമകന്റെ മകനാണ് ബത്തേരി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി. മലങ്കര കത്തോലിക്കാസഭയ്ക്ക് അഭിമാനകരമായ രീതിയിൽ ബത്തേരി ഭദ്രാസനത്തിൽ അദ്ദേഹം സാരഥ്യം വഹിക്കുന്നു.

കൂടുതൽ കുടുംബങ്ങൾ പുനരൈക്യപ്പെട്ടതോടെ 1936 ൽ കൂദാശ ചെയ്ത പള്ളിയിൽ വേണ്ടത്ര സൗകര്യമില്ലാതിരുന്നതിനാൽ പുതിയ ഒരു

www.malankaralibrary.com


പള്ളിയുടെ ആവശ്യം നേരിട്ടു. അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായി കഴിഞ്ഞിരുന്ന അവസരത്തിൽ തന്നെ 1968 ൽ ഒരു പുതിയ ദേവാലയം വടശേരിക്കരയിൽ പണിതുയർത്തുകയുണ്ടായി. പരേതനായ ഫാദർ ജോർജ് ജോൺ (ജോസി) അച്ചൻ വികാരിയിരിക്കുമ്പോഴാണ് പുതിയ ദേവാലയം നിർമിച്ചത്. പുതിയ ദേവാലയത്തിന്റെ നിർമാണ സമയത്ത് 1936 ൽ കൂദാശ ചെയ്യപ്പെട്ട പഴയ പള്ളിയിൽ തന്നെയാണ് വി. കുർബാനയും മറ്റു കൂദാശാ കർമങ്ങളും സണ്ടേസ്കൂളും എല്ലാം നടത്തിയിരുന്നത്.

1970 ഏപ്രിൽ 20 ന് അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത വി. അന്തോനിയോസിന്റെ നാമധേയത്തിൽ ദേവാലയത്തിന്റെ കൂദാശാകർമം നിർവഹിക്കുകയുണ്ടായി. ഇടവകയെ വളർത്തുവാൻ ത്യാഗോജ്ജ്വലമായ സേവനമനുഷ്ഠിച്ച വൈദികർ താഴെ പറയുന്നവരാണ്.

ഫാദേഴ്സ് : ഏബ്രാഹം പടിഞ്ഞാറേ മണ്ണിൽ ഒ.ഐ.സി., ജോബ് താഴയിൽ ഒ.ഐ.സി., കോശി കുഴിയമ്മണ്ണിൽ, എ.ജി. ഏബ്രാഹം, (മൈലപ്രാ അച്ചൻ) ജോസ് മാത്യു ചാൽക്കടവിൽ, സാമുവൽ തൈക്കൂട്ടത്തിൽ, വറുഗീസ് മണ്ണിക്കരോട്ട്, മാത്യു കയ്യാലയ്ക്കൽ, ജേക്കബ് ജോൺ പൈനുംമൂട്ടിൽ, ജോൺ മലയിൽ, ജോഷ്വാപീടികയിൽ, ഏബ്രാഹം പാപ്പാടിയിൽ, ജേക്കബ് കുളങ്ങര, യോഹന്നാൻ മുളമൂട്ടിൽ, തോമസ് കിഴക്കുംകര, ജോൺ കിഴക്കേക്കര, ജോൺ വറുഗീസ് പാലനിൽക്കുന്നതിൽ, വറുഗീസ് പ്ലാവിളയിൽ ബോബി ഇരട്ടപ്പുള്ളിക്കൽ, സാം കുഴിപാറ, വറുഗീസ് സാമുവൽ ഇവരാണ്.

ബഥനി സിസ്റ്റേഴ്സിന്റെ ഒരു മഠം 14.1.1984 ൽ ഇവിടെ സ്ഥാപിതമാകുകയും അക്കാലം മുതൽ ഇന്നുവരെയും അവർ വടശേരിക്കരയും ചുറ്റുപാടുമുള്ള പള്ളികളിലും മിഷ്യൻ പ്രവർത്തനം നടത്തി വരികയും ചെയ്യുന്നു. ബഥനി മഠത്തിന്റേതായ ഒരു നേഴ്സറി സ്കൂൾ 1984 മുതൽ ഇവിടെ നടത്തിവരുന്നു. പഴയപള്ളി കെട്ടിടത്തിൽ ഇപ്പോൾ മാർ ഈവാനിയോസ് സെൻട്രൽ സ്കൂൾ രൂപതയിൽ നിന്നും നടത്തി വരുന്നു.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ:–**

ഡോ. ജോസഫ് മാർ തോമസ്–ബത്തേരി ഭദ്രാസന മെത്രാപ്പോലീത്ത

ഫാദേഴ്സ് : ജോസഫ് വാഴപ്പിള്ളേത്ത് (വല്യച്ചൻ), മാത്യു വാഴപ്പിള്ളേത്ത് (കുരിശുമല മാത്യൂസ് റമ്പാൻ), ജേക്കബ് കളിയന്താനം, തോമസ് കുരുവിള ചിറത്തോൺ ഒ.ഐ.സി., ജോഷി വാഴപ്പിള്ളേത്ത്, ജോൺ ഏലിയാസ് ചിറത്തോൺ ഒ.ഐ.സി., സിസ്റ്റർ ജോസ്ന.

ഇടവകയിൽ ഇപ്പോഴത്തെ വികാരി വറുഗീസ് കൂത്തനേത്ത് ആണ്. ഇടവകയിൽ 149 കുടുംബങ്ങളുണ്ട്.

www.malankaralibrary.com

## സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി വള്ളിക്കോടു-കോട്ടയം

മലങ്കര സുറിയാനി കത്തോലിക്കാ കൂട്ടായ്മ ഈ മനോഹരമായ കൊച്ചുഗ്രാമത്തിൽ ആരംഭിച്ചത് 1942 ലാണ്. ഓമല്ലൂർ, തുമ്പമൺ, നരിയാപുരം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പല കാലങ്ങളിലായി ഇവിടെയെത്തി താമസമാക്കിയവരാണ് വേട്ടകുളത്ത് പുത്തൻപുരയിൽ തോമസ് സാർ, കെങ്കരശേരിൽ ജോൺസാർ, കടുവിനാൽ പീലിപ്പോസ്, അയ്യനേത്ത് തോമസ് ഇവർ. ഇവരോടൊപ്പം തെക്കേടത്ത് മൂലപ്പറമ്പിൽ ഗീവറുഗീസ്, ആലപ്പാട്ടു യോഹന്നാൻ, തെങ്ങുംപറമ്പിൽ ഗീവറുഗീസ്, പുലിപ്രമത്തായി എന്നിവർ കൂടിച്ചേർന്ന് പുനരൈക്യത്തെപ്പറ്റി ആലോചിക്കുകയും അന്നു വകയാർ പള്ളിയിൽ വികാരിയായിരുന്ന ജോസ് മാത്യു ചാൽക്കടവിൽ അച്ചനെ അറിയിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ 8 പേർ വകയാർ പള്ളിയിൽ വച്ച് മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയുണ്ടായി.

1943 ൽ കോട്ടയ്ക്കൽ ശ്രീ. കെ.സി. നൈനാന്റെ വസ്തുവിൽ നിർമിച്ച പുല്ലുമേഞ്ഞ ചാപ്പലിൽ ഫാദർ ജോസ്മാത്യു വി. കുർബാന അർപ്പിച്ചു. കോട്ടയ്ക്കൽ കെ.സി. നൈനാൻ, തടത്തിൽ ഗീവറുഗീസ് കിഴക്കേതിൽ കൊച്ചുകുഞ്ഞ്, പാലാക്കാരൻ ജോസഫ് എന്നിവരും ഈ കൂട്ടായ്മയിൽ അംഗങ്ങളായി.

### ആദ്യത്തെ ദേവാലയം

ബ.ജോസഫ് വടക്കേക്കുറ്റച്ചന്റെ പരിശ്രമഫലമായി രാമൻ തട്ടാർ എന്നയാളിന്റെ വസ്തു തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി വാങ്ങുകയുണ്ടായി. 1944 ൽ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി പുതിയ ദേവാലയത്തിന് കല്ല് ആശീർവദിച്ച് ശിലാസ്ഥാപനം നിർവഹിച്ചു. എന്നാൽ ഉടനെ പണി തുടങ്ങുന്നതിനു സാധിച്ചില്ല. വർഷംതോറും കെട്ടിമേച്ചിൽ നടത്തി

www.malankaralibrary.com


പഴയ ചാപ്പലിൽ തന്നെ ആരാധന തുടർന്നു. കെട്ടിമേച്ചിൽ നടത്തിയ വകയിൽ 18 രൂപ. 1946 ജൂൺ 2-ാം തീയതി നൽകിയതായി ഫാദർ പീലിപ്പോസ് മേടയിൽ അവർകളുടെ ഡയറിക്കുറിപ്പിൽ കാണുന്നു.

1946 ജൂൺ 18 ന് വള്ളിക്കോട്ടു കോട്ടയം ബംഗ്ലാവിന്റെ പണി സംബന്ധിച്ച ഉടമ്പടി പള്ളി കിഴക്കേതിൽ ദാവീദ്, ഫാദർ പീലിപ്പോസ് മേടയിൽ അവർകളുടെ പേർക്ക് എഴുതിക്കൊടുത്തു. 1946 ഒക്ടോബർ 5-ാം തീയതി വള്ളിക്കോടു-കോട്ടയം ചാപ്പലിൽ മേടയിലച്ചൻ വി. കുർബാന അർപ്പിച്ചു. ദേവാലയത്തിന്റെ പണിക്ക് വന്ദ്യതിരുമേനിയിൽ നിന്നും ലഭിച്ച 3000 രൂപയുടെ ചെക്ക് കോൺട്രാക്റ്ററെ ഏല്പിച്ചു. ദാവീദ് അവർകളെ ദേവാലയ നിർമാണത്തിന്റെ മേൽനോട്ടം ഏല്പിച്ചു. കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ പണി തുടർന്നു. ഫാദർ തോമസ് പെരുമല ഫാദർ പീലിപ്പോസ് മേടയിലിനു സഹായി ആയി വള്ളിക്കോട്ടു-കോട്ടയത്തു വന്ന് പണികൾ ശ്രദ്ധിച്ചു.

കരിങ്കൽ ഭിത്തികളോടു കൂടിയതും ഓടിട്ടതുമായ ഒരു ചെറിയ ദേവാലയം കുന്നിൻ മുകളിലായി ഉയർന്നു. ഇടവകക്കാരായ മലങ്കര മക്കളുടെ കഠിനാദ്ധ്വാനത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും ഫലമായിട്ടാണ് മേല്പറഞ്ഞ പുല്ലുമേഞ്ഞ ചാപ്പലിനു പകരം ഓടിട്ട ദേവാലയം കുന്നിൻ മുകളിൽ സ്ഥാപിതമായത്. 'മലങ്കോട്ടയം' എന്നറിയപ്പെട്ടിരുന്ന ഈ സ്ഥലത്തു രൂപം കൊണ്ട പുതിയ ദേവാലയത്തിൽ 20 ൽപരം കുടുംബങ്ങൾ ഇടവകക്കാരായി ഉണ്ടായിരുന്നു.

1947 ജനുവരി 10 മുതൽ 18 വരെ പുതിയ ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനായി കുമ്പഴ അച്ചൻ അവിടെത്തന്നെ ക്യാമ്പു ചെയ്തു കൊണ്ട് പള്ളികൂദാശയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു. സമീപ ഇടവകാംഗങ്ങളെ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് അടിച്ചു വിതരണം ചെയ്യുകയും മാർ ഈവാനിയോസ് തിരുമേനിയെ പ്രത്യേകമായി ക്ഷണിക്കുകയും ചെയ്തു. പള്ളിയിലേയ്ക്കുള്ള വഴി ശരിയാക്കുകയെന്നത് അധ്വാനമേറിയ ഒരു കാര്യമായിരുന്നു. മലമുകളിൽ സ്ഥാപിതമായിരിക്കുന്ന ദേവാലയത്തിലേക്കുള്ള പാതവെട്ടി നിരപ്പാക്കി സഞ്ചാരയോഗ്യമാക്കുന്നതിന് കഠിനാദ്ധ്വാനം ചെയ്യേണ്ടി വന്നു. നമ്മുടെ പൂർവപിതാക്കന്മാരുടെ സഹകരണവവും ത്യാഗസന്നദ്ധതയും അദ്ധ്വാനശീലവും മൂലം എല്ലാ പ്രവർത്തനങ്ങളും സുഗമമായി നടന്നു.

## മാർ ഈവാനിയോസ് പിതാവിന് എതിരേല്പ്

1947 ജനുവരി 18-ാം തീയതി പുതിയ വള്ളിക്കോടു-കോട്ടയം പള്ളിയിലേക്ക് പുനരൈക്യസാരഥിയും തിരുവനന്തപുരം അതിരൂപതയുടെ

www.malankaralibrary.com


മേലദ്ധ്യക്ഷനുമായ മാർ ഈവാനിയോസ് തിരുമേനിയെ ക്ഷണിച്ചു വരുത്തി ഉജ്ജ്വലമായ വരവേല്പു നൽകി. ഈ പ്രദേശത്തേക്കുള്ള തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ ആദ്യത്തെ സന്ദർശനമായിരുന്നു ഇത്. നാട്ടിലുള്ള നാനാജാതി മതസ്ഥർ ഒന്നുചേർന്ന് വന്ദ്യതിരുമേനിയെ ഹർഷാരവത്തോടെ സ്വീകരിച്ചു. വർണശബളമായ എതിരേല്പിനെ തുടർന്ന് പബ്ലിക് മീറ്റിംഗ് നടത്തുകയും സമ്മേളനത്തിൽ കുമ്പഴ അച്ചൻ പ്രസംഗിക്കുകയും അഭി വന്ദ്യ മാർ ഈവാനിയോസ് തിരുമേനിയെ ഹാരമണിയിക്കുകയും ചെയ്തു. വലിയ ഒരു ജനക്കൂട്ടം ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു. തുടർന്ന് ജനുവരി 19-ാം തീയതി ഈ ദേശത്തിന്റെ അനുഗ്രഹമായ കൊച്ചുദേവാലയം വി. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ മാർ ഈവാനിയോസ് പിതാവ് കൂദാശ ചെയ്തു. (ഡയറിക്കുറിപ്പ് 1947)

1947 ജനുവരി 20-ാം തീയതി പൂങ്കാവിലും 21-ാം തീയതി കാർമലയും മാർ ഈവാനിയോസ് തിരുമേനി പള്ളികൾ കൂദാശ ചെയ്ത ശേഷമാണ് തിരുവനന്തപുരത്തേക്ക് തിരികെ മടങ്ങിയത്.

പള്ളിക്കൂദാശയെ തുടർന്ന് വള്ളിക്കോടു-കോട്ടയത്ത് മലങ്കര സുറി യാനി കത്തോലിക്കർക്കായി ഒരു കൺവൻഷൻ സംഘടിപ്പിച്ചിരുന്നു. വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ അതിന് നേതൃത്വം വഹിച്ചു. പുന രൈക്യപ്പെട്ട മക്കൾക്ക് ആവേശം പകരുന്നതിനും വിശ്വാസസത്യങ്ങളിൽ ഉറച്ചു വിശ്വസിക്കുന്നതിനും ഈ യോഗം ഇടയാക്കി.

വള്ളിക്കോടു - കോട്ടയം ഇടവകയുടെ ശൈശവകാലം പരിമിതികൾ നിറഞ്ഞതായിരുന്നു. നടന്നു വന്ന് വി. കുർബാനയും ദിവ്യകർമങ്ങളും അനു ഷ്ഠിക്കുന്നതിന് വൈദികർ വിരളമായിരുന്നു. പുനരൈക്യത്തിന്റെ ആരംഭ ദശയിൽ ഇവിടെ പ്രേഷിത പ്രവർത്തനം നടത്തിയ വൈദികരാണ് ഫാദർ പീലിപ്പോസ് മേടയിൽ, ഫാദർ ഗീവറുഗീസ് പീടികയിൽ, ഫാദർ തോമസ് പെരുമല, ഫാദർ സഖറിയാസ് ഏഴിയത്ത്, ഫാദർ എ.ജി. എബ്രഹാം മൈലപ്ര, ഫാദർ കുര്യൻ ഇലഞ്ഞിമറ്റം, ഫാദർ സിറിയക് മണവാളൻ എന്നി വർ. തുടർന്ന് ഫാദർ മാത്യു പുറവടി, ഫാദർ തോമസ് കൈതനാൽ, ഫാദർ ജോസഫ് വടക്കേക്കൂറ്റ് തുടങ്ങിയ വൈദികർ വികാരിമാരായി സേവനമനു ഷ്ഠിച്ചു. 1952-57 വരെ വികാരിയായിരുന്ന ഫാദർ ജോസഫ് വടക്കേക്കൂറ്റ ച്ചന്റെ പരിശ്രമഫലമായിട്ടാണ് ദേവാലയത്തോടു ചേർന്നു കിടന്ന 60 സെന്റു വസ്തു തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി വാങ്ങുവാൻ ഇടയായത്.

1967 ൽ ഇളപ്പുപാറ ഇടവക ആരംഭിച്ചപ്പോൾ ഏതാനും കുടുംബങ്ങൾ ആ ഇടവകയിലേക്ക് മാറുകയുണ്ടായി. 1970 ൽ 80 ൽ പരം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഇടവകയായിത്തീർന്നു.

www.malankaralibrary.com


## ദേവാലയം പുനരുദ്ധരിക്കപ്പെട്ടു

സ്ഥലപരിമിതി നിമിത്തം ദേവാലയം പുനർനിർമാണം നടത്തേണ്ട തായി വന്നു. 1973 ൽ വികാരിയായി വന്ന ഫാദർ ദാനിയേൽ കൊച്ചുവിള (പരേതനായ ദാനിയേൽ കൊച്ചുവിള റമ്പാൻ) യുടെ കാലത്ത് പള്ളിക്ക് 15 അടി നീളം കൂട്ടി മുഖവാരം പുതുക്കി നിർമിക്കപ്പെട്ടു. കൂടാതെ രണ്ടു കുരി ശടികളും നിർമിച്ചു. 1976 ജനുവരിയിൽ പുതുക്കിയ ദേവാലയത്തിന്റെയും കുരിശടികളുടെയും കൂദാശ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് നിർവഹിച്ചു. 1992-93 ൽ ഇടവകയുടെ സുവർണ ജൂബിലി ആഘോഷം നടന്നു. ഈ അവസരത്തിൽ ഈ ഇടവകയിൽ നിന്നുള്ള ഫാദർ ജോർജ് പുത്തൻവിള പുരോഹിതനായി അഭിഷിക്തനായി. കാലം കടന്നു പോയി. ത്യാഗോജ്ജ്വലമായ സേവനത്താൽ ഇടവകയെ നയിച്ച വൈദികർ അനവധി. പല പല നിർമാണ പ്രവർത്തനങ്ങളും നടന്നു. വിശദവിവരങ്ങൾ 2017 ലെ പ്ലാറ്റിനം ജൂബിലി സ്മരണികയിൽ ചേർത്തിട്ടുള്ളതിനാൽ ഇവിടെ ചേർക്കുന്നില്ല.

## നവീന ദേവാലയം

2014 മെയ് മാസം നാലാം തീയതി പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി പുതിയ ദേവാലയ ത്തിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. വികാരിയായ ഫാദർ റോബിൻ മനക്കലേത്ത് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 3 വർഷത്തെ പ്രാർഥനയുടെയും കാത്തിരിപ്പിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി 2016 സെപ്തംബർ 12-ാം തീയതി മലങ്കര സുറിയാനി കത്തോ ലിക്കാ സഭയ്ക്ക് അഭിമാനം പകരുന്ന രീതിയിൽ ഒരു മനോഹരമായ ദേവാ ലയം വള്ളിക്കോടു-കോട്ടയത്ത് പണിതുയർത്തി. പത്തനംതിട്ട രൂപതാദ്ധ്യ ക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം, തിരുവല്ലാ രൂപതാ സഹായ മെത്രാൻ ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസിന്റെ സഹകാർമികത്വ ത്തിൽ കൂദാശ കർമം നടത്തി. പരിശുദ്ധമായ ഈ ദേവാലയം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം എന്ന പേരിൽ കൂദാശ ചെയ്ത് ദേശത്തിന്റെ നന്മയ്ക്കായി സമർപ്പിച്ചു. നവീന ദേവാലയം നിർമിച്ചിരിക്കുന്നത് മുൻദേവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥാനത്തു തന്നെ യാണ്. ദേവാലയത്തിന്റെ ഓരോ ഭാഗത്തിനും ആത്മീയമായ അർത്ഥം കൊടു ത്തുകൊണ്ട് ആത്മീയവും, സഭാപരവും ദൈവശാസ്ത്രപരവും ചരിത്രപര വുമായ സംഭവങ്ങളും ചിന്തകളും മനസിൽ ഉയർന്നുവരാൻ ഉതകുന്ന വിധ ത്തിലാണ് പള്ളിയുടെ അകത്തും പുറത്തുമുള്ള എല്ലാ ക്രമീകരണങ്ങളും.

www.malankaralibrary.com


## തിരുശേഷിപ്പ്

അതികമനീയമായി നിർമിച്ചിരിക്കുന്ന ഈ സെന്റ് തോമസ് ദേവാലയത്തിൽ, 2016 സെപ്റ്റംബർ 14-ാം തീയതി വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെട്ട വി. മദർ തെരേസായുടെ 'തിരുശേഷിപ്പ്' വണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്നു. വി. മദർ തെരേസായുടെ "തിരുശേഷിപ്പ്" കേരളത്തിൽ ഇദം പ്രഥമമായി ഈ ദേവാലയത്തിലാണ് സ്ഥാപിച്ചത് എന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നു. വള്ളിക്കോടു - കോട്ടയം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി ഇന്ന് പത്തനംതിട്ട ഭദ്രാസനത്തിലെ ഒരു പ്രധാന ദേവാലയമായി തീർന്നിരിക്കുന്നു. ഈ ഇടവകയിൽ 94 കുടുംബങ്ങളുണ്ട്. ഈ ഇടവകയിൽ നിന്നും ദൈവവിളി ലഭിച്ച വൈദികനാണ് ഇപ്പോൾ ഭദ്രാസനത്തിന്റെ പ്രൊക്കുറേറ്ററായി സേവനമനുഷ്ഠിക്കുന്ന ഫാദർ ജോർജ് പുത്തൻവിള. ഈ ഇടവകയിൽ നിന്നുള്ള സിസ്റ്റർ രാജിത എസ്.ഐ.സി., സിസ്റ്റർ ജനറ്റ് എസ്.ഐ.സി., സിസ്റ്റർ സെലിനാ എസ്.ഐ.സി. സി. അൻസ എസ്.ഐ.സി, ഇവർ സമർപ്പിതരായി സേവനമനുഷ്ഠിക്കുന്നു.

www.malankaralibrary.com

## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി വകയാർ

വകയാർ പ്രദേശം കോന്നി വനമേഖലയോടടുത്തു സ്ഥിതി ചെയ്തിരുന്നു. തീരെ സഞ്ചാര സൗകര്യമില്ലാത്ത, കുണ്ടും കുഴിയും നിറഞ്ഞ പൊടി നിറഞ്ഞ റോഡുകൾ – കാടും മലയും ഇടയ്ക്കിടെ – ഈ പ്രദേശത്ത് ജനവാസം കുറവായിരുന്നു. ഒരു കത്തോലിക്കാ പള്ളിപോലും ഉണ്ടായിരുന്നില്ല. വകയാർ സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് പള്ളിയിലുള്ള മുപ്പതോളം വീട്ടുകാർ കത്തോലിക്കാ സഭയിൽ ചേരുന്നതിനാഗ്രഹിച്ചു. നേരത്തേ തന്നെ കോന്നി, മൈലപ്ര, കുമ്പഴ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം അനേകം കുടുംബങ്ങൾ മലങ്കരസുറിയാനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടിരുന്നു.

ഈ അവസരത്തിൽ ഇണ്ടിക്കാട്ടിൽ തോമസ്, ആതനാട്ടിൽ ഉണ്ണൂണ്ണി, പുതുവേലിൽ ദാനിയേൽ, വഞ്ചിപ്പാറ കുഞ്ഞു ചെറുക്കൻ, താവളത്തിൽ ഉണ്ണൂണ്ണി ഇവർ മൈലപ്രാ പള്ളിയിൽ ചെന്ന് മാർ ഈവാനിയോസ് തിരുമേനിയെ കണ്ട് പുനരൈക്യപ്പെടണമെന്നുള്ള ആഗ്രഹം അറിയിച്ചു. "വകയാറിലേക്കു വന്ദ്യപിതാവിനെ ക്ഷണിക്കാൻ വേണ്ടിയാണ് ഞങ്ങൾ വന്നിരിക്കുന്നത് എന്നു പറഞ്ഞപ്പോൾ മറുപടിയായി "അവിടെ നമ്മൾക്കു മക്കളില്ലല്ലൊ. അവിടെ നമ്മൾക്കു മക്കളുണ്ടാകണം." എന്ന് വന്ദ്യപിതാവു കല്പിച്ചു. അവിടെ എത്തിയ 5 പേരും അവിടെ വച്ച് സത്യവിശ്വാസം ഏറ്റുപറഞ്ഞ് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി. ഇനിയും നിങ്ങൾക്കു സന്തോഷത്തോടെയും സമാധാനത്തോടുകൂടെയും പോകാം – നാളെ ഞാൻ അവിടെ വരുന്നതായിരിക്കും" എന്നുപറഞ്ഞ് അവരെ യാത്രയാക്കി. അടുത്ത ഇടവകകളിലുള്ള പുനരൈക്യപ്പെട്ട – മലങ്കര മക്കൾ വകയാറ്റു വന്ന് പുതുതായി മലങ്കര കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കപ്പെട്ടവർക്ക് ധൈര്യം പകരുകയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

1941 ൽ ആരംഭിച്ച ഇടവക കൂട്ടായ്മക്ക് ശക്തി പകരുവാനും, വളർത്തുവാനും ഫാദർ പീലിപ്പോസ് മേടയിൽ മുന്നോടിയായി. കോന്നിയിൽ എത്തി

www.malankaralibrary.com


വി. കുർബാന അർപ്പിച്ചശേഷം വകയാർ പ്രദേശത്തു നടന്നുവന്ന് പുനരൈക്യ പ്രവർത്തനങ്ങൾ നടത്തിയിരുന്ന ആദ്യത്തെ മിഷ്യനറിയായിരുന്നു കുമ്പഴ അച്ചൻ. വകയാർ പ്രദേശത്തു കത്തോലിക്കനായിരുന്ന അഡ്വക്കേറ്റ് മാമ്മൻ കണ്ണന്താനത്തിന്റെ തോട്ടത്തിലുള്ള ബംഗ്ലാവിലാണ് പ്രാരംഭകാലത്ത് കുമ്പഴ അച്ചൻ വിശ്വാസികൾക്കായി കുർബാന അർപ്പിച്ചിരുന്നത്. ഒരു പള്ളി വകയാർ സ്ഥാപിതമാകുന്നതുവരെ വി. കുർബാന ചൊല്ലുവാനും അവിടെ വൈദികർക്കു തന്റെ ബംഗ്ലാവിൽ താമസിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ അദ്ദേഹം ചെയ്തു എന്നത് വിസ്മരിക്കാവതല്ല.

1943 ഡിസംബർ 15-ാം തീയതി വകയാർ പ്രദേശം കേന്ദ്രീകരിച്ച് ഫാദർ പീലിപ്പോസ് മേടയിൽ പുനരൈക്യ പ്രവർത്തനങ്ങൾ ശക്തമാക്കി. 19-ാം തീയതി 14 കുടുംബങ്ങളെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചതായി ഡയറിക്കുറിപ്പിൽ കാണുന്നു. വീണ്ടും ധാരാളമാളുകൾ പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നു എന്നു മനസിലാക്കി. 20-ാം തീയതി മുതൽ 25-ാം തീയതി വരെ അവിടെ ക്യാമ്പു ചെയ്തുകൊണ്ട് കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ പുനരൈക്യ പരിശ്രമങ്ങൾ നടക്കുകയുണ്ടായി. അച്ചന്റെ താല്പര്യ പ്രകാരം അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി ഡിസംബർ 20-ാം തീയതി വകയാർ എത്തി. പുനരൈക്യപ്പെട്ട പല വൈദികരും അവിടെ വന്നു ചേർന്നു. ശ്രീ. മാമ്മൻ കണ്ണന്താനത്തിന്റെ ബംഗ്ലാവിൽ താമസിച്ചുകൊണ്ട് പല കുടുംബക്കാരെയും കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുകയുണ്ടായി. 22-ാം തീയതി വിശ്വാസികൾക്കു വേണ്ടി വന്ദ്യപിതാവും കുമ്പഴ അച്ചനും മൈലപ്രാ അച്ചനും കൂടി വി.കുർബാന അർപ്പിച്ചു. അന്ന് പറമ്പിൽ ബംഗ്ലാവിൽ എത്തി താമസിച്ചു. കണ്ണന്താനത്തു കീവർച്ചന്റെയും ഇണ്ടിക്കാട്ടിൽ തോമസിന്റെയും പ്രേരണയാൽ പറമ്പിൽ പുത്തൻ ബംഗ്ലാവിൽ ശ്രീമാൻ കോശി കൊച്ചുമ്മനും കുടുംബവും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ വക ഒരേക്കർ സ്ഥലം ഒരു ദേവാലയം പണിയുന്നതിനു കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തു.

ഉമ്മച്ചന്റെ സ്ഥലം എഴുതിക്കുന്നതിന് മൈലപ്രാ അച്ചനെ മാർ ഈവാനിയോസ് തിരുമേനി നിയോഗിച്ചു. 1943 ഡിസംബർ 23-ാം തീയതി രാവിലെ തന്നെ പത്തനംതിട്ട പോയി മാർ ഈവാനിയോസ് തിരുമേനിയുടെ പേരിൽ ഒരേക്കർ സ്ഥലം എഴുതിച്ചു. അവിടെ ആഘോഷമായ ക്രിസ്മസ് നടന്നു. വന്ദ്യപിതാവ് യൽദാ ശുശ്രൂഷ നടത്തുകയും വി. കുർബാന ചൊല്ലുകയും വിശ്വാസികൾക്കുവേണ്ട പ്രബോധനങ്ങൾ നൽകുകയും ചെയ്തു.

1944 ഏപ്രിൽ മാസത്തിൽ വകയാർ മിഷ്യനിൽ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ പ്രസംഗയോഗം നടത്തുകയുണ്ടായി. പറമ്പിൽ

www.malankaralibrary.com


പുത്തൻ ബംഗ്ലാവിൽ ഉമ്മച്ചൻ (കുശവനടി) നൽകിയ പുരയിടത്തിൽ ആദ്യത്തെ ചാപ്പൽ നിർമിച്ചു. പള്ളിയോടു ചേർന്ന് ചെറിയ ഒരു മുറിയും അടുക്കളയുമായിരുന്നു വൈദികർക്കുള്ള സൗകര്യം. ബ. വൈദികർ അവിടെ താമസിച്ചുകൊണ്ട് പ്രവർത്തനം നടത്താൻ തുടങ്ങി. ഫാദർ ജോസ് മാത്യു ചാൽക്കടവിൽ, ഫാദർ ഫ്രാൻസിസ് കൊടകനാടി ഇവർ ആദ്യകാലത്ത് ഈ ഇടവകയിൽ കുറച്ചുകാലം താമസിച്ചു സേവനമനുഷ്ഠിക്കുകയുണ്ടായി. 1946 ൽ ഫാദർ ഗീവർഗ്ഗീസ് കുറ്റിയിൽ അച്ചൻ വികാരിയായിരിക്കുമ്പോൾ ഇവിടെ 3 ദിവസത്തെ കൺവൻഷൻ ബ. തോമസ് ഇഞ്ചക്കലോടി അച്ചന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പിന്നീട് അച്ചനെ തുടർന്ന് ഫാദർ ജോസഫ് വടക്കേക്കൂറ്റ് കാർമല പള്ളിയിൽ നിന്നും വകയാർ പള്ളിയിലേക്കും ഇവിടെ നിന്നും ഫാദർജോർജു കുറ്റിയിൽ കാർമല പള്ളിയിലേക്കും സ്ഥലം മാറിപ്പോയി.

പത്തനംതിട്ട പ്രദേശത്തു നിന്നും ഊട്ടുപാറ വസ്തു വാങ്ങിയ പാറയ്ക്കൽ പുത്തൻ വീട്ടിൽ യോഹന്നാനും കുടുംബവും വകയാർ സെന്റ് മേരീസ് പള്ളിയിൽ മാർ ഈവാനിയോസ് പിതാവിന്റെ സാന്നിദ്ധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്ത് ഇടവകാംഗങ്ങളായി.

1956 ൽ വി. യൗസേപ്പു പിതാവിന്റെ നാമത്തിൽ ഒരു പള്ളി ഊട്ടുപാറയിൽ സ്ഥാപിതമായപ്പോൾ ഊട്ടുപാറ പ്രദേശത്തു നിന്നും വകയാർ പള്ളിയിൽ ചേർന്നു നടന്നിരുന്ന വിശ്വാസികളുടെ കുടുംബങ്ങൾ മുഴുവൻ തിരിച്ച് ഊട്ടുപാറ പള്ളിയിൽ ഇടവകാംഗങ്ങളായി.

1935 ലും അതിനുശേഷവും പാലായുടെ സമീപ പ്രദേശങ്ങളിൽ നിന്നും ചങ്ങനാശേരി രൂപതയിൽപെട്ട കുരീക്കാട്ട് പാറയ്ക്കൽ പുത്തൻ വീട്ടിൽ ജോസഫ് വറുഗീസ്, നന്തിയാട്ടു ജോസഫ് മത്തായി, പുല്ലാട്ടു മാണി ജോർജ്, തൂങ്കുഴിയിൽ ജോസഫ് പുത്തൻപുരയിൽ, ചാക്കോ എന്നിവർ ഊട്ടുപാറ പ്രദേശത്തു താമസമാക്കിയിരുന്നു. അവർ വകയാർ പള്ളി സ്ഥാപിതമായപ്പോൾ ഇവിടെ അംഗങ്ങളായി. കൂടാതെ സീറോ മലബാർ സഭയിൽ നിന്നും പശുത്തൊട്ടിയിൽ കുഞ്ഞുകുഞ്ഞ്, മുട്ടാർവിള കുഞ്ഞുവർക്കി, പുതുമന പൗലോസ്, മേക്കാട്ടു കുര്യൻ, കൊരട്ടിയുറുമ്പേൽ യോഹന്നാൻ, പഴയകൊട്ടാരത്തിൽ ജോസഫ്, കരിങ്കുടുക്ക കുഞ്ഞ് എന്നിവരും ഈ ഇടവകയിൽ ചേർന്നു.

ഇടവകയിലെ അത്മായഗണം ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി ധാരാളം ആളുകൾ പുനരൈക്യപ്പെട്ടു. സണ്ടേസ്കൂൾ ക്ലാസുകൾ ചിട്ടയായും ഭംഗിയായും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടായി.

www.malankaralibrary.com


1958 ൽ ബ. ജോസഫ് വടക്കേക്കൂറ്റച്ചന്റെ കാലത്ത് ഒരു പുതിയ ദേവാലയം വകയാർ കേന്ദ്രമാക്കി നിർമിക്കുകയും മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശചെയ്യുകയും ചെയ്തു. ദേവാലയ കൂദാശയോടൊപ്പം മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനത്തിന്റെ രജതജൂബിലി ഇവിടെ വച്ച് ആഘോഷിക്കുകയുമുണ്ടായി. പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു കഴിഞ്ഞിരിക്കുന്ന ഈ ഇടവകയിൽ കഴിഞ്ഞ 75 വർഷങ്ങളിലെ വളർച്ച അന്യാദൃശ്യമാണ്. വകയാർ ഇടവകയുടെ പ്രാരംഭദശയിൽ ഇതിനെ വളർത്തികൊണ്ടു വരുവാൻ ഇതിന്റെ പ്രഥമ മിഷ്യനറി എന്ന നിലയിൽ കുമ്പഴ അച്ചൻ ഏറ്റെടുത്ത ത്യാഗവും, സഹിച്ച കഷ്ടപ്പാടുകളും വർണനാതീതമാണ്. ഇവിടെ വികാരിമാരായും സഹവികാരിമാരായും സ്നേഹശുശ്രൂഷ ചെയ്ത അനേകം വൈദികരുണ്ട്.

ഈ ഇടവകയെ പുരോഗതിയിലേക്കു നയിച്ച, ത്യാഗോജ്ജ്വലമായി സേവനമനുഷ്ഠിച്ച, എല്ലാ വന്ദ്യവൈദികരെയും നമുക്ക് പ്രാർഥനയിൽ സ്മരിക്കാം – അഭിവന്ദ്യരായ മാർ ഈവാനിയോസ് തിരുമേനിയുടെയും മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും പാദസ്പർശമേറ്റ ഭൂമിയാണ് ഈ സ്ഥലം. അവരുടെ അനുഗ്രഹങ്ങളും പ്രാർഥനയും നമുക്കു കോട്ടയായിരിക്കട്ടെ.

2010 ൽ വകയാർ ഇടവക പുതുതായി രൂപം കൊണ്ട പത്തനംതിട്ട രൂപതയുടെ ഭാഗമായി. പ്രവർത്തന പാരമ്പര്യം കൊണ്ടും, അംഗസംഖ്യ കൊണ്ടും, വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഔന്നത്യം കൊണ്ടും രൂപതയിൽ ഒരു പ്രധാനസ്ഥാനം ഈ ഇടവകയ്ക്കുണ്ട്. ദൈവജനത്തിന് ഐശ്വര്യത്തിന്റെയും അനുഗ്രഹത്തിന്റെയും സ്രോതസായി, സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി പീഠത്തിന്മേലുയർത്തിയ വിളക്കു പോലെ പ്രത്യാശയുടെ ഗോപുരമായി ഈ ഇടവക കൂട്ടായ്മ ശക്തവും ധീരവുമായ ക്രൈസ്തവസാക്ഷ്യം നൽകി മുന്നേറുന്നു. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും നിറവിൽ ചുറ്റുപാടും പല ഇടവകകൾ രൂപീകൃതമാകുന്നതിനിടയായിട്ടുണ്ട്. പാറയിൽ പുത്തൻ ബംഗ്ലാവിൽ ശ്രീമാൻ കൊച്ചുമ്മന്റെ (കുശവനടി ഉമ്മച്ചൻ) ജ്യേഷ്ഠസഹോദരന്റെ പുത്രനായ ശ്രീമാൻ പി.ജെ. തോമസ് എക്സ്.എം.എൽ.എ.യുടെ വകയായിരുന്ന 250 ഓളം കുട്ടികൾ പഠിച്ചിരുന്ന സെന്റ് തോമസ് യു.പി. സ്കൂൾ ബഥനി സന്യാസിനി സമൂഹം തിരുവനന്തപുരം പ്രോവിൻസ് വിലയ്ക്ക് വാങ്ങുകയുണ്ടായി. ഇന്ന് ബഥനി പത്തനംതിട്ട പ്രോവിൻസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഥനി മഠവും, സെന്റ് തോമസ് നേഴ്സറി, എൽ.പി., യു.പി. സ്കൂളുകളും ബഥാനിയാ

www.malankaralibrary.com


ബാലഭവനും ഈ ഇടവകയ്ക്ക് അനുഗ്രഹമാണ്. സിസ്റ്റേഴ്സിന്റെ സേവനം വകയാർ ഇടവകയ്ക്കും ചുറ്റുമുള്ള പ്രദേശത്തിനും ലഭ്യമായത് ദൈവത്തിന്റെ കാരുണ്യം.

വകയാർ സെന്റ് മേരീസ് പള്ളിയുടെ ഒരേക്കർ വസ്തുവിനോടു ചേർന്ന് കിടക്കുന്ന ഉമ്മച്ചന്റെ വസ്തുവിൽ പ്രത്യേക കല്ലറയിൽ ശ്രീമാൻ കോശി കൊച്ചുമ്മനെയും സഹധർമ്മിണി അന്നമ്മയെയും പൂജ്യമായി സംസ്കരിച്ചിരിക്കുന്നു.

വകയാർ ഇടവകയിൽ ഇന്ന് 300 ൽ പരം കുടുംബങ്ങൾ ഉണ്ട്. ഇപ്പോഴത്തെ ഇടവകവികാരി അഡ്വക്കേറ്റ് ഫാദർ ജോസഫ് കളവിളയാണ്. കൂടുതൽ ആത്മീയ പുരോഗതിയിലേക്ക് ദൈവജനം വളർന്നുകൊണ്ടിരിക്കുന്നു.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ :-**

ഫാദേഴ്സ് : ജോൺ കോന്നിയൂർ, സാമുവൽ തുണ്ടിയിൽ, അലക്സാണ്ടർ കോയിക്കലേത്ത്, ജോർജ് മാത്യു തെക്കേപുതുവേലിൽ, ജെയ്ക്കബ് ദയാനന്ദ് ഒ.ഐ.സി., സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, ജോസഫ് പുത്തൻപുരയ്ക്കൽ എസ്.ജെ., ഷിബു പാലമൂട്ടിൽ തെക്കേതിൽ.

സിസ്റ്റേഴ്സ് : റീത്ത എസ്.ഐ.സി (പറമ്പിൽ പുത്തൻ ബംഗ്ലാവിൽ), സിസി എസ്.ഐ.സി. (തുണ്ടിയിൽ), പ്രദീപ എസ്.ഐ.സി. (ആതനാട്ടിൽ).

www.malankaralibrary.com

## സെന്റ് ആന്റണീസ് മലങ്കര സിറിയൻ കത്തോലിക്കാപ്പള്ളി കാർമല

കോന്നി പയ്യനാമൺ പ്രദേശത്ത് വൃക്ഷലതാദികൾ നിറഞ്ഞു നിൽക്കുന്ന പ്രശാന്ത സുന്ദരമായ മലയോര ഗ്രാമത്തിന് ഐശ്വര്യം പകർന്നു കൊണ്ട് ഒരു തിലകക്കുറിയെന്നവണ്ണം കാർമല ദേവാലയം ശോഭിക്കുന്നു. ഇന്ന് പത്തനംതിട്ട രൂപതയിലെ തീർഥാടന ദേവാലയങ്ങളിലൊന്നാണ് കുന്നിൻ മുകളിൽ സ്ഥാപിതമായിരിക്കുന്ന ഈ ദൈവഭവനം.

എങ്ങനെ ഒരു പള്ളി ഇവിടെ സ്ഥാപിക്കപ്പെട്ടു എന്നറിയണ്ടേ? ഇതിന്റെ ആരംഭചരിത്രം അത്ഭുതാവഹമാണ്.

1915 മുതൽ ഈ പ്രദേശവുമായി ബന്ധപ്പെട്ട് വൈക്കത്തുകാരൻ വീട്ടിൽ സ്കറിയാ മുതലാളി തടി കച്ചവടം നടത്തിവന്നിരുന്നു. ആലപ്പുഴ നിന്നും ചങ്ങാടത്തിൽ കെട്ടിടം പണിക്കാവശ്യമായ കുമ്മായം, കക്കാ തുടങ്ങിയ സാധനസാമഗ്രികൾ ഈ പ്രദേശത്തു കൊണ്ടുവരികയും ഇവിടെ നിന്നും തടിയും മറ്റു വനവിഭവങ്ങളും ആലപ്പുഴയ്ക്കു കൊണ്ടുപോകുകയും ചെയ്തിരുന്നു.

1920 ൽ കരം കുടിശിക അടയ്ക്കാൻ നിവൃത്തിയില്ലാതെ വിഷമിച്ച വഞ്ഞിപ്പുഴ മഠം (പോറ്റിമഠം) വക 200 ഏക്കർ ഭൂമി പെരുമല എസ്റ്റേറ്റ് (കാർമല തോട്ടം) സ്കറിയാമുതലാളി വാങ്ങി. അതോടു ചേർന്ന് 40 ഏക്കർ പെരിഞ്ഞോട്ടക്കൽ തോട്ടം കൂടി വാങ്ങി. അവിടെ കുരുമുളക്, റബ്ബർ, തേയില ഇവ കൃഷിയിറക്കി ആദായകരമാംവിധം തോട്ടം അഭിവൃദ്ധിപ്പെടുത്തി, ഒരു റ്റീ ഫാക്ടറിയും നടത്തി വന്നു. ആലപ്പുഴ, ചങ്ങനാശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ജോലിക്കാരായി ധാരാളം ക്രിസ്തീയ കുടുംബങ്ങൾ ഇവിടേക്കു കുടിയേറി പാർത്തു. സ്കറിയാമുതലാളി അവർക്ക് ആരാധനയ്ക്കായി ഒരു ദേവാലയം അത്യാവശ്യമെന്നു മനസിലാക്കി അവിടെ ഒരു സ്ഥലം വാങ്ങിക്കുന്നതിനായി പരിശ്രമിച്ചുകൊണ്ടിരുന്നു.

1940 ൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ അനുജൻ മത്തായി പണിക്കരുടെ മകൾ ചെല്ലമ്മയെ സീറോ

www.malankaralibrary.com


മലബാർ സഭയിൽപ്പെട്ട ആലപ്പുഴ വൈക്കത്തുകാരൻ വീട്ടിൽ സ്കറിയാ മുതലാളിയുടെ മകൻ തൊമ്മിക്കുഞ്ഞ് വിവാഹം ചെയ്തു. മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിലും മാർ തെയോഫിലസ്, മാർ സെവേറിയോസ് ഇവരുടെ സഹകാർമികത്വത്തിലുമാണ് ആലപ്പുഴ സിറിയൻ കത്തോലിക്കാ ദേവാലയത്തിൽ വച്ച് പ്രസ്തുത വിവാഹം ആശീർവദിക്കപ്പെട്ടത്.

1942 ൽ പയ്യനാമണ്ണിൽ 40 സെന്റു സ്ഥലം 54 രൂപയ്ക്ക് ചരിവുകാലാപുത്തൻ വീട്ടിൽ എബ്രഹാമിൽ നിന്നും വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻസ്കറിയ വാങ്ങുകയും, ആയത് ഇവിടെ ഒരു പള്ളി വയ്ക്കുന്നതിനായി സംഭാവന ചെയ്യുകയും ചെയ്തു. പള്ളിവയ്ക്കുന്നതിന് ഗവൺമെന്റിന്റെ അനുവാദം നേടുവാൻ വളരെ പ്രയാസമുണ്ടായി. വളരെയധികം പരിശ്രമിച്ച് അനുമതി നേടി. പള്ളിക്കായുള്ള കെട്ടിടം പണിഞ്ഞു പൂർത്തിയാക്കുന്നതിനു സാധിച്ചു. ഇവിടെ നിർമിച്ച ചാപ്പലിൽ ആരാധന നടത്തി വന്നു. വൈദികർ വിരളമായിരുന്ന അക്കാലത്ത് സീറോ മലബാർ സഭയിൽപ്പെട്ട വൈദികർ പാലായിൽ നിന്നും വന്ന് ആദ്യകാലങ്ങളിൽ വി. കുർബാന അർപ്പിച്ചിരുന്നു. പിന്നീട് മലങ്കര കത്തോലിക്കാ സഭയിൽപ്പെട്ട ബഹു. പീലിപ്പോസ് മേടയിലച്ചനാണ് അവിടെ ഞായറാഴ്ചകളിൽ വി. കുർബാന അർപ്പിച്ചിരുന്നത്. ഈ ചാപ്പലിനോടു ചേർന്ന് രണ്ടു മൃതദേഹങ്ങൾ സംസ്കരിച്ചു എന്ന കാരണം പറഞ്ഞ് എതിരാളികൾ കലാപം ഉണ്ടാക്കുകയും ചാപ്പലിന്റെ കുരിശു തകർക്കുകയും ദേവാലയം തീവെച്ചു നശിപ്പിക്കുകയും ചെയ്തു. ആരാധനാലയം നശിപ്പിക്കപ്പെട്ടത് അവിടെ കൂടി നടന്ന വിശ്വാസികൾക്ക് വളരെ വേദന ഉളവാക്കി. നിരാശനാകാതെ തൊമ്മൻ സ്കറിയ ഒരു പള്ളി വയ്ക്കുന്നതിനായി പയ്യനാമണ്ണിൽ, 500 മീറ്റർ അകലെയായി മൂന്നര ഏക്കർ സ്ഥലം വാങ്ങി, സംഭാവനയായി തിരുവനന്തപുരം അതിരൂപതയ്ക്കു നൽകുകയുണ്ടായി. ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ കല്പനപ്രകാരം, 1946 ൽ അവിടെ ഒരു പള്ളി നിർമിക്കുവാൻ ആരംഭിച്ചു. ഫാദർ പീലിപ്പോസ് മേടയിൽ ആയിരുന്നു അതിന് നേതൃത്വം വഹിച്ചത്. മലയുടെ മുകളിലേക്ക് താഴ്വാരത്തു നിന്നും ഒരു റോഡ് വെട്ടിയുണ്ടാക്കി. 1947 ജനുവരി 21 ന് പള്ളികൂദാശയ്ക്കായി മാർ ഈവാനിയോസ് തിരുമേനിയെ ക്ഷണിച്ചു വരുത്തി. അന്നത്തെ രീതിയനുസരിച്ച് വലിയ ഒരു ഉത്സവമായിരുന്നു കൂദാശാകർമവും മറ്റുപരിപാടികളും. 101 കാളകളെ കെട്ടിയ രഥത്തിൽ അത്യാഡംബരപൂർവം പുതുതായി പണിതീർത്ത പള്ളിയിലേക്ക് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെയും വിശിഷ്ടാതിഥികളെയും ആനയിച്ച് എതിരേല്പു നടത്തി. ചുറ്റുപാടുമുള്ള കുമ്പഴ, കോന്നി, പൂങ്കാവ്, വള്ളിക്കോടു കോട്ടയം, വലഞ്ചുഴി, വടക്കുപുറം ആഞ്ഞിലികുന്ന്

www.malankaralibrary.com


തുടങ്ങിയ പള്ളികളിൽ നിന്നുമുള്ള അനേകം മലങ്കര കത്തോലിക്കാവിശ്വാസികളെ കൂടാതെ ജാതിമതഭേദമെന്യേ ഒരു വലിയ ജനക്കൂട്ടം ഈ മഹോത്സവത്തിൽ സംബന്ധിക്കുവാനും പ്രാർഥിച്ച് അനുഗ്രഹം പ്രാപിക്കുവാനുമായി ഈ മലയോര പ്രദേശത്ത് എത്തുകയുണ്ടായി. 1947 ജാനുവരി 21 ന് കാർമലപള്ളി കൂദാശ മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർ ഈവാനിയോസ് തിരുമേനി നിർവഹിച്ചു. ഇടവകയിലെ ആദ്യഅംഗങ്ങൾ:–

1. വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻ സ്കറിയ
2. ഗീവറുഗീസ് ഏബ്രാഹാം ചരിവുകാലാ പുത്തൻവീട്ടിൽ
3. ജോർജ് ഏബ്രാഹാം ചരിവുകാലാ പുത്തൻവീട്ടിൽ
4. ദാവീദ് പേഴുംമൂട്ടിൽ
5. വറുഗീസ് കൂത്തനേത്ത്
6. കുഞ്ഞുകുഞ്ഞ് കൂത്തനേത്ത്
7. ഏബ്രഹാം കൂത്തനേത്ത്
8. തോമസ് നിലയ്ക്കൽ
9. മത്തായി കൊച്ചുമുറിയിൽ
10. ഗീവറുഗീസ് കൊച്ചുമുറിയിൽ
11. യോഹന്നാൻ എഴിയത്ത്
12. വർക്കി പെരിഞ്ഞൊട്ടയ്ക്കൽ
13. തോമസ് കൊല്ലറക്കുഴിയിൽ
14. പല്ലാട്ട് ജോസഫ്

കുമ്പഴ അച്ചൻ കാർമല പള്ളിയിൽ പതിവായി മാസത്തിലൊരിക്കൽ നടന്നുവന്ന് വി. കുർബാന അർപ്പിച്ചിരുന്നു. ഇവിടെ വി. കുർബാന ഇല്ലാത്ത അവസരങ്ങളിൽ അടുത്തുള്ള ഇടവകകളിൽ പോയി വിശ്വാസികൾ വി. കുർബാനയിൽ സംബന്ധിച്ചിരുന്നു. അക്കാലത്ത് കുമ്പഴ അച്ചന്റെ വിശ്വസ്ത ശുശ്രൂഷകനായി സേവനമനുഷ്ഠിക്കുകയും വനമേഖലയിലൂടെ എപ്പോഴും അനുയാത്ര ചെയ്യുകയും ചെയ്തിരുന്നത് പേഴുംമൂട്ടിൽ ദാവീദ് ആയിരുന്നു എന്നത് ഇവിടെ പ്രത്യേകം സ്മരിക്കുന്നു. ഭവനസന്ദർശനത്തിന് കുമ്പഴ അച്ചൻ പ്രാധാന്യം നൽകിയിരുന്നു എന്ന് ഡയറിക്കുറിപ്പുകളിൽ നിന്നും മനസിലാക്കുന്നു.

ഭവനസന്ദർശനം, ഭവനാശീർവാദം, വായന ഇവയെല്ലാം വഴി വിശ്വാസികൾക്ക് ആദ്ധ്യാത്മികമായ കാര്യങ്ങളിൽ ഉണർവും, താല്പര്യവും ജനിപ്പിക്കുന്നതിന് കുമ്പഴഅച്ചൻ പരിശ്രമിച്ചു.

www.malankaralibrary.com


## പ്രസംഗയോഗങ്ങൾ

1947 ഫെബ്രുവരി മാസത്തിൽ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ ആഞ്ഞിലി കുന്നു കേന്ദ്രമാക്കി ഒരു പ്രസംഗയോഗം നടത്തുന്നതിനു തീരുമാനിക്കുകയും 1500 നോട്ടീസ് അടിച്ച് വിതരണം ചെയ്യുകയും ചെയ്തു. കാർമല കത്തോലിക്കാ കുടുംബങ്ങളിൽ നിന്നും ചുറ്റുപാടുമുള്ള ഇടവകകളിൽ നിന്നും വിശ്വാസികൾ അതിൽ പങ്കുകൊള്ളുകയുണ്ടായി. യോഗത്തെ തുടർന്ന് ഒരു ക്രിസ്തീയ നാടകം അവതരിപ്പിച്ച് വിശ്വാസികൾക്ക് ആദ്ധ്യാത്മിക ചൈതന്യമുളവാക്കുകയും ചെയ്തു.

1948 ജനുവരിയിൽ പള്ളി പെരുന്നാളിനൊരുക്കമായി 3 ദിവസത്തെ കൺവൻഷൻ ഫാദർ തോമസ് വടശേരിയുടെ നേതൃത്വത്തിൽ നടത്തി. പതിവുപോലെ നോട്ടീസ് അച്ചടിപ്പിച്ച് ഇടവകകളിൽ വിതരണം ചെയ്തിരുന്നതിനാൽ മുൻവർഷത്തെക്കാൾ കൂടുതൽ ആളുകൾ കൺവൻഷനിൽ സംബന്ധിക്കുകയുണ്ടായി. പെരുന്നാൾ കുർബാനയ്ക്കു ശേഷം അന്നത്തെ പതിവനുസരിച്ച് ചെണ്ടമേളവും വെടിക്കെട്ടും നടത്തുകയുണ്ടായി.

1948 ഫെബ്രുവരി മുതൽ കാർമല പള്ളിയിൽ വൈദികർക്ക് താമസിക്കുന്നതിന് ക്രമീകരണമുണ്ടാക്കി. ബഹു. ജോസഫ് വടക്കേക്കുറ്റച്ചനെ ആദ്യമായി അവിടെ പാർപ്പിക്കുകയുണ്ടായി.

## മാർ ഈവാനിയോസ് തിരുമേനിക്കു ഉജ്ജ്വലസ്വീകരണം

1949 ജനുവരി 20-ാം തീയതി 4 മണിക്ക് മാർ ഈവാനിയോസ് തിരുമേനിക്ക് കോന്നിയിൽ ഉജ്ജ്വലസ്വീകരണം നടന്നു. അവിടെ നിന്നും എതിരേറ്റ് പയ്യനാമണ്ണിൽ കമനീയമായി അലങ്കരിച്ച പന്തലിൽ എത്തി അവിടെ വന്ദ്യപിതാവ് പ്രസംഗിച്ചു. 7.30 ന് കാർമല പള്ളിയിലെത്തി. ഒരു വമ്പിച്ച ജനക്കൂട്ടം സാക്ഷ്യം വഹിച്ചു. പെരുന്നാൾ റാസയും തുടർന്ന് രാത്രി വെടിക്കെട്ടും ദീപക്കാഴ്ചയും ഉണ്ടായിരുന്നു. പിറ്റേദിവസം ജനുവരി 21 ന് കാർമല പള്ളിപ്പെരുന്നാൾ ആയിരുന്നു. ആഘോഷമായ പെരുന്നാൾ കുർബാന മാർ ഈവാനിയോസ് തിരുമേനി അർപ്പിച്ചു. ഫാദർ പീലിപ്പോസ് മേടയിൽ എല്ലാ ചടങ്ങുകൾക്കും നേതൃത്വം വഹിച്ചു.

കാർമല സെന്റ് ആന്റണീസ് ദേവാലയത്തിൽ സേവനമനുഷ്ഠിച്ച വൈദികരുടെയും അവിടുത്തെ ആദ്യഅംഗങ്ങളുടെയും വിവരങ്ങൾ സ്മരണികയിൽ ചേർത്തിട്ടുള്ളതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല. ഈ ദേവാലയത്തിന്റെ പ്രഥമവികാരി കുമ്പഴ മേടയിൽ പീലിപ്പോസ് അച്ചനായിരുന്നു. അദ്ദേഹം ഈ ദേവാലയത്തിന്റെ സ്ഥാപനത്തിൽ പ്രധാന പങ്കു

www.malankaralibrary.com


വഹിച്ചു. മാമോദീസാ തുടങ്ങി എല്ലാ കൂദാശകളും പ്രാരംഭകാലത്ത് ഇവിടെ നടത്തിയിരുന്നത് കുമ്പഴ അച്ചനാണ്. ഈ പ്രദേശത്തുള്ളവരുടെ മാമോദീസാ, വിവാഹം ഇവ കുമ്പഴപള്ളിയിൽ വച്ചും നടത്തിയതായി രേഖയുണ്ട്.

കുടുംബങ്ങൾ വർദ്ധിച്ചുവന്നതോടെ പുതിയ ഒരു ദേവാലയത്തിന്റെ ആവശ്യമുണ്ടായി. 1946 ൽ നിർമിച്ച ചാപ്പൽ ഫാദർ ലൂക്കോസ് മാക്കീലിന്റെ കാലത്ത് പൊളിക്കുകയും വലിയ ഒരു ദേവാലയം ആ സ്ഥാനത്ത് നിർമി ക്കുകയും ചെയ്തു. 2009 ൽ ഫാദർ ജോഷി വാഴപ്പിള്ളേത്ത് ആ വലിയ പള്ളി പുനർനിർമാണം നടത്തി മനോഹരമാക്കുകയും വൈദികമന്ദിരം പണി യിക്കുകയും ചെയ്തു. ഇടവകയുടെ നേതൃത്വത്തിൽ പ്രത്യാശാഭവൻ, കാർമൽ ഹയർ സെക്കന്ററി സ്കൂൾ, കർമലറാണി ഓഡിറ്റോറിയം ഇവ പ്രവർത്തിക്കുന്നു. ഇടവകയിൽ ഇപ്പോൾ 175 കുടുംബങ്ങളുണ്ട്. ഈ ഇടവ കയിൽ നിന്നും 7 വൈദികരും 4 സിസ്റ്റേഴ്സും 3 ശെമ്മാശന്മാരും ഒരു സന്യാസ അർത്ഥിനിയും ഉണ്ട്. ഇപ്പോൾ ഇവിടെ വികാരിയായി സേവനമ നുഷ്ഠിക്കുന്നത് ഫാദർ ജോർജ് വറുഗീസ് പുതുപ്പറമ്പിൽ ആണ്.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ :-**

ഫാദേഴ്സ് : തോമസ് തെക്കേടത്ത്, ഏബ്രാഹം മണലേൽ, തോമസ് മലയിൽ, ബോണി കെ. അലക്സ് ഒ.ഐ.സി., റോബിൻ മനയ്ക്കലേത്ത്, പീലിപ്പോസ് ചരിവുപുരയിടത്തിൽ, മാത്യു കൊല്ലറക്കുഴിയിൽ.

സിസ്റ്റേഴ്സ്: ക്ലെയർ – G.S.S, നോബിൾ ജോസ് D.M, ആൻസ് പോൾ D.M, അലീന മേരി D.M.

പരിശീലനത്തിലിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ : ബ്രദർ ജോർജ് തൂമ്പുങ്കൽ, ബ്രദർ സജിൻ തടത്തിൽ, ബ്രദർ ജെസ്വിൻ തുറക്കുളത്ത്.

സന്യാസ അർഥിനി : എലിസബേത്ത് സി. കുര്യൻ ചരിവുപുരയിട ത്തിൽ – ബഥനി

ബഹു. വൈദികരുടെ ആദ്ധ്യാത്മിക നേതൃത്വവും സാമൂഹ്യസേവ നതല്പരതയും ഇടവകയുടെ വളർച്ചയ്ക്കും ഇടവകയിൽ നിന്നുള്ള ദൈവ വിളികൾക്കും കാരണമായിട്ടുണ്ട്. വൈക്കത്തുകാരൻ വീട്ടിൽ തൊമ്മൻ സ്കറിയാ മുതലാളിയോടും പിൻതലമുറക്കാരോടും കാർമല ഇടവക വള രെയേറെ കടപ്പെട്ടിരിക്കുന്നു. കുടുംബാംഗങ്ങൾ എല്ലാവരും ഇന്നും കാർമല പള്ളിയിലെ സജീവാംഗങ്ങളാണ്.

www.malankaralibrary.com

## സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി ആഞ്ഞിലികുന്ന്

പത്തനംതിട്ട ജില്ലയിൽ കോന്നി പ്രദേശത്തിനടുത്ത് മലയോരപ്രദേശമായ ആഞ്ഞിലികുന്നിൽ മലങ്കര സുറിയാനി കത്തോലിക്കരുടെ ആരാധനാലയമായ സെന്റ് മേരീസ് പള്ളി സ്ഥിതി ചെയ്യുന്നു. പുനരൈക്യത്തിന്റെ ആദ്യദശകങ്ങളിൽ ഫാദർ പീലിപ്പോസ് മേടയിൽ പുനരൈക്യ പ്രവർത്തനങ്ങളുമായി മുന്നേറുന്ന കാലമായിരുന്നു. ആഞ്ഞിലികുന്നിൽ അങ്ങനെ പുനരൈക്യപ്പെട്ട കുടുംബങ്ങൾക്കായി 1946–ൽ ഒരു ചാപ്പൽ നിർമിക്കുന്നതിന് ഒരു സ്ഥലം വാങ്ങുന്നതിനായി വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാനുമായി പത്തനംതിട്ട മിഷ്യൻ ഹൗസിൽ വച്ച് ആലോചന നടത്തി തീരുമാനിക്കുകയും ജനുവരി മാസത്തിൽ സ്ഥലത്തിന്റെ ആധാരമെഴുതിക്കുകയും ചെയ്തു. 1946 മാർച്ചു മാസത്തിൽ ചാപ്പലിന്റെ പണി ആരംഭിക്കുകയും വന്ദ്യ റമ്പാച്ചൻ മാർച്ച് 5–ാം തീയതി ആഞ്ഞിലികുന്ന് എത്തിച്ചേർന്ന് വസ്തു കാണുകയും ചാപ്പൽ പണി പരിശോധിക്കുകയും ചെയ്തു. കുമ്പഴ അച്ചൻ ചാപ്പൽ നിർമാണത്തിന്റെ നേതൃത്വം വഹിച്ചു. കുന്നും മലയും വെട്ടിനിരത്തുകയും കാടു വെട്ടിത്തെളിക്കുകയും വെട്ടൂർ നിന്നും ആഞ്ഞിലികുന്നു വരെയുള്ള റോഡ് വെട്ടിക്കുകയും ഇടവകക്കാരെയും നാട്ടുകാരെയും കൊണ്ട് കുന്നും മലയും ഇടിച്ച് നിരപ്പാക്കുകയും ചെയ്തു. 1946 ഒക്ടോബർ 12 മുതൽ 25 വരെ കഠിനാധ്വാനം ചെയ്ത് പള്ളി പണി പൂർത്തിയാക്കി. നാട്ടുകാരുടെയും നമ്മുടെ പൂർവികരായ പിതാക്കന്മാരുടെയും കഠിനപ്രയത്നത്താലാണ് ഇത്രവേഗം പള്ളി പണി പൂർത്തിയാക്കാൻ ഇടയായത്. 1946 ഒക്ടോബർ 26 ന് കുന്നിൻ മുകളിലായി പണിതുയർത്തിയ ചാപ്പൽ കൂദാശ ചെയ്തു.

**ആദ്യകാല കുടുംബങ്ങൾ:–**

1. ഫാദർ ഗീവറുഗീസ് ചരുവിലേത്തും കുടുംബവും
2. പീടികയിൽ കുടുംബം

www.malankaralibrary.com


3. ചക്കാലമണ്ണിൽ കുടുംബം
4. തേക്കുംകാട്ടിൽ കുടുംബം
5. പാറക്കാമണ്ണിൽ കുടുംബം
6. ചേന്നാത്തു കുടുംബം
7. പള്ളത്തു പീടികയിൽ കുടുംബം – (തിരുവല്ലാക്കാർ എന്ന പേരിൽ അറിയപ്പെടുന്നു)

ഒക്ടോബർ 27 ന് രാജത്വത്തിരുനാൾ ദിനം പുതിയ ചാപ്പലിൽ വി. കുർബാന അർപ്പിക്കുകയും രാജത്വ തിരുനാൾ ആഘോഷമായി കൊണ്ടാടുകയും ചെയ്തു. ചുറ്റുപാടുമുള്ള ഇടവകകളിൽ നിന്നും പുനരൈക്യപ്പെട്ട മലങ്കര മക്കൾ ഉൾപ്പെടെ 400 ഓളം പേർ ഈ ആഘോഷങ്ങളിൽ പങ്കെടുക്കുകയുണ്ടായി. 1946 ഡിസംബർ 25 ന് ആദ്യത്തെ ക്രിസ്മസ് ആഞ്ഞിലികുന്ന് സെന്റ് മേരീസ് പള്ളിയിൽ വച്ച് കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ സാഘോഷം നടത്തുകയുണ്ടായി. അന്നു രാത്രി 5 കുടുംബങ്ങൾ പുനരൈക്യപ്പെട്ടു. ഫാദർ മാത്യു പുറവടി, ഫാദർ ഫ്രാൻസിസ് കൊടകനാടി ഇവർ സന്നിഹിതരായിരുന്നു. തുടർന്ന് അവിടെ വി. കുർബാന ചൊല്ലിത്തുടങ്ങി. 1947 ഫെബ്രുവരി 11, 12 തീയതികളിൽ ആഞ്ഞിലികുന്നു വച്ച് ഒരു പ്രസംഗയോഗം വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാന്റെ പ്രധാന നേതൃത്വത്തിൽ നടത്തുകയുണ്ടായി. 1947 ൽ കുമ്പഴ അച്ചൻ ഇവിടെ ഹാശാ ആഴ്ച നടത്തുകയുണ്ടായി. 1947 മെയ് മാസത്തിൽ ആഞ്ഞിലികുന്നു ചാപ്പൽ കെട്ടി മേയുകയും സെപ്റ്റംബറിൽ ഒരു വിവാഹം ഇവിടെ വച്ച് ആശീർവദിക്കുകയും ചെയ്തു.

1947 നവംബർ 30 ന് ഫാദർ ഗീവറുഗീസ് ചരുവിലേത്തിന്റെ (പന്തളത്തച്ചൻ) വീട് ആശീർവദിക്കുകയും അച്ചൻ ഇടവകയിൽ താമസമാകുകയും ചെയ്തു. ബ. അച്ചൻ ഇവിടെ വികാരിയായി. ഡിസംബർ 15 ന് കുമ്പഴ അച്ചൻ ആഞ്ഞിലി കുന്ന് മിഷ്യനു പോയി. ആഞ്ഞിലികുന്നു വസ്തുവിനോടു ചേർന്നു കിടക്കുന്ന തരിശുചന്ത 6 വർഷത്തേയ്ക്ക് 24 രൂപയ്ക്കു കുത്തക പാട്ടത്തിനു പിടിച്ചു. 1947 ഡിസംബർ 28 ന് ആഞ്ഞിലികുന്നിൽ വി. കുർബാന ഉണ്ടായിരുന്നു. 100 രൂപയ്ക്ക് പള്ളി വസ്തു പാട്ടത്തിനു കൊടുത്തു. 1948 നവംബർ 3 ന് പന്തളത്തച്ചന്റെ അമ്മയുടെ അടിയന്തിരം ആഞ്ഞിലികുന്നു പള്ളിയിൽ നടന്നു. മൂന്നുമ്മേൽ കുർബാന നടത്തി.

1948 ഡിസംബർ 26 ന് ആഞ്ഞിലികുന്നിൽ വി. കുർബാനയെ തുടർന്നു പൊതുയോഗം നടന്നു. വസ്തു 190 രൂപയ്ക്ക് ചക്കാലമണ്ണിൽ ജോർജുകുട്ടി പിടിച്ചു. 30 സെന്റിന്റെ കുത്തകപ്പാട്ടം വരവ് 123 ലേത് 12 രൂപ. 124 ലേക്ക്

www.malankaralibrary.com


പാട്ടം കൊടുത്തു. 1949 നവംബർ 19, 20 – മൂന്നുമ്മേൽ കുർബാന – പ്രസംഗയോഗത്തിൽ കുമ്പഴ അച്ചൻ "സഭയും വേദപുസ്തകവും" എന്ന വിഷയത്തെ സംബന്ധിച്ച് പ്രസംഗിച്ചു. എതിരാളികൾ ഉണ്ടായിരുന്നു. 1950 ഫെബ്രുവരി 4 ന് കുമ്പഴ അച്ചൻ ആഞ്ഞിലി കുന്നിലുള്ള കല്യാണ വീടുകൾ സന്ദർശിച്ചു. മേൽപറഞ്ഞ കാര്യങ്ങൾ കുമ്പഴ അച്ചന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ്. 1963 ൽ അട്ടച്ചാക്കൽ ഇടവക രൂപപ്പെട്ടപ്പോൾ മുതൽ സെന്റ് പീറ്റേഴ്സ് പള്ളിക്കു സ്വന്തമായി ഒരു ശവക്കോട്ട 1970 ൽ ഉണ്ടാകുന്നതുവരെ ഇടവകാംഗങ്ങളുടെ ശവസംസ്കാരം ആഞ്ഞിലികുന്നു പള്ളിയിലാണ് നടത്തപ്പെട്ടിരുന്നത്. ബ. മാത്യു പൊന്മേലിൽ അച്ചന്റെ കാലത്ത് 1970 ൽ മാർ പീലക്സിനോസ് ഓർത്തഡോക്സ് പള്ളിയുടെ സെമിത്തേരിയോടു ചേർന്നുള്ള സ്ഥലം ശവക്കോട്ടയ്ക്കായി വാങ്ങിയാണ് ആ കുറവ് പരിഹരിക്കപ്പെട്ടത്. 10 വീട്ടുകാർ ആണ് ഇപ്പോൾ ഇടവകയിലുള്ളത്. പല ഇടവകക്കാരും അടുത്തുള്ള പള്ളികളിലേക്ക് സൗകര്യാർഥം അംഗങ്ങളായി മാറിപ്പോകുകയുണ്ടായി. കോന്നിത്താഴം പള്ളിയുടെ വികാരിമാരാണ് ഇവിടെ 2008 മുതൽ 2010 വരെ സേവനം ചെയ്തത്. 2010 ജനുവരി 4 ന് പുതിയ പള്ളിയുടെ കൂദാശ നടന്നു. പള്ളിയുടെ നിർമാണ സമയത്തും കൂദാശയ്ക്കും വികാരിയായി നേതൃത്വം വഹിച്ചത് ഫാദർ വിൽസൺ ചരുവിളയാണ്. തുടർന്ന് ഫാ. അഗസ്റ്റിൻ പുലിമറ്റത്ത്, ഫാ. ജോസഫ് കുരുമ്പിലേത്ത്, ഫാദർ ദാനിയേൽ പുളിവേലിൽ, ഫാ. റോബിൻ കലതിവിള ഇവർ വികാരിമാരായി സേവനം അനുഷ്ടിച്ചു. ഇപ്പോൾ സേവനമനുഷ്ടിക്കുന്നത് കുമ്പഴ സെന്റ് മേരിസ് പള്ളി വികാരിയായ ഏബ്രഹാം മണ്ണിൽ അച്ചനാണ്. ഇടവകയിൽ നിന്നുള്ള ഏകവൈദികനാണ് ജർമനിയിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഫാ. ഏബ്രഹാം പാറപ്പള്ളിൽ.

കുടുംബങ്ങളുടെ അംഗസംഖ്യ കുറവെങ്കിലും സണ്ടേസ്കൂൾ, മാതൃസംഘം, എം.സി.എ., എം.സി.വൈ.എം., വിൻസെന്റ് ഡി പോൾ തുടങ്ങി എല്ലാ സംഘടനകളും ഇവിടെ പ്രവർത്തിച്ചു വരുന്നു.

അനേക വർഷങ്ങൾ ഇവിടെ വികാരിയായി സേവനമനുഷ്ടിച്ച ഫാദർ ഗീവറുഗീസ് ചരുവിലേത്ത് 1974 ജനുവരി 13 ന് നിര്യാതനായി. അദ്ദേഹത്തിന്റെ മൃതശരീരം ഇവിടെ പള്ളിയിൽ പൂജ്യമായി സംസ്കരിച്ചിരിക്കുന്നു.

www.malankaralibrary.com

## സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി അതിരുങ്കൽ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് അതിരുങ്കലിന്റെ ഭൂരിഭാഗവും വനപ്രദേശമായിരുന്നു. 1930 നു മുമ്പുതന്നെ നരിയാപുരം, തുമ്പമൺ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് പല കുടുംബങ്ങളും ഇവിടെ വന്ന് കാടു വെട്ടിത്തെളിച്ചു കുടിയേറി താമസിച്ച് കൃഷി ചെയ്തു ഭൂമി സ്വന്തമാക്കിയിരുന്നു.

ആദ്യകാലത്ത് ക്രൈസ്തവരായ കുടിയേറ്റക്കാർക്ക് സ്വന്തമായ ഒരു ആരാധന സ്ഥലം ഉണ്ടായിരുന്നില്ല. 1930 കളിൽ തന്നെ അതിരുങ്കൽ ജംഗ്ഷനിൽ തുണ്ടിയിൽ അപ്പച്ചന്റെ സ്ഥലത്ത് ഒരു ചെറിയ കൂടാരം കെട്ടി യാക്കോബായ പള്ളി തുടങ്ങുകയും ക്രൈസ്തവർ അവിടെ ആരാധനയിൽ പങ്കുകൊള്ളുകയും ചെയ്തുവന്നു. സ്ഥിരമായി ആരാധന തുടർന്നു കൊണ്ടുപോകുവാൻ വൈദികരുണ്ടായിരുന്നില്ല. ഈ കാലയളവിൽ ചങ്ങനാശേരിയിൽ നിന്നും സീറോ മലബാർ സഭയിൽപ്പെട്ട ഒരു വൈദികൻ ഫാദർ മാത്യു പുരയ്ക്കൽ എത്തി ഒരു തോട്ടം വാങ്ങി. 'മേരിവില്ല' എന്നറിയപ്പെട്ടിരുന്ന ആ എസ്റ്റേറ്റിന്റെ മദ്ധ്യഭാഗത്തായുള്ള ബംഗ്ലാവിലായിരുന്നു അദ്ദേഹത്തിന്റെ താമസം. ബംഗ്ലാവിനോടു ചേർന്ന് ഒരു ചാപ്പലും അദ്ദേഹം സജ്ജമാക്കി. യാക്കോബായ പള്ളിയിൽ ആരാധനയ്ക്കു മുടക്കം വന്നതിനാൽ കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾ എല്ലാവരും മേൽപ്പറഞ്ഞ ചാപ്പലിൽ വി. കുർബാനക്കായി എത്തിയിരുന്നു. വിശ്വാസ തീക്ഷ്ണതയുള്ളവരായ ഈ വിശ്വാസികൾക്കായി അദ്ദേഹം കൂദാശകൾ പരികർമ്മം ചെയ്തിരുന്നു. ശ്രീമാൻ ദാനിയേൽ ചേടിയത്ത്, ശ്രീമാൻ തോമസ് മോടിയിൽ ഇവർ ബ. മാത്യു പുരയ്ക്കലച്ചന്റെ ശുശ്രൂഷകരായിരുന്നു.

ബ. മാത്യു പുരയ്ക്കലച്ചൻ, മാർ ഈവാനിയോസ് തിരുമേനിയുടെ ഉറ്റസുഹൃത്തായിരുന്നു. ഈ മലയോര പ്രദേശത്തെ ആദ്യ മിഷ്യനറിയായിരുന്ന കുമ്പഴ അച്ചൻ ചങ്ങനാശേരി സെന്റ് ബർക്കുമൻസ് കോളജിന്റെ പ്രിൻസിപ്പലായിരുന്ന ബ. മാത്യു പുരയ്ക്കലച്ചനുമായി സൗഹൃദം

www.malankaralibrary.com


സ്ഥാപിക്കുകയും അതിരുങ്കൽ മലങ്കര കത്തോലിക്കരുടെ ഒരു കൂട്ടായ്മ രൂപപ്പെടുത്തുന്നതിന് സഹായം തേടുകയും ചെയ്തു. പിൽക്കാലത്ത് 1950 കളിൽ വന്ദ്യനായ ഈ വൈദികൻ പാളയം സെന്റ് മേരീസ് പ്രൊകത്തീഡ്ര ലിന്റെ (സമാധാനരാജ്ഞി ദേവാലയം) വികാരിയായി സേവനമനുഷ്ഠിച്ചി രുന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. 1942 മുതൽ ഇവിടെ കുമ്പഴ അച്ചൻ മിഷ്യൻ പ്രവർത്തനം നടത്തിയിട്ടുണ്ട്.

1934 ൽ മാർ ഈവാനിയോസ് തിരുമേനി വകയാർ സന്ദർശനം നടത്തി. അതിരുങ്കൽ കുടിയേറി പാർത്ത ക്രിസ്ത്യാനികൾ വകയാർ പള്ളിയിൽ ചെന്ന് മാർ ഈവാനിയോസ് പിതാവിനെ കാണുകയും അവിടെ വച്ച് പലരും പുന രൈക്യപ്പെട്ട് കത്തോലിക്കാസഭാംഗങ്ങളാകുകയുംചെയ്തു. താൽക്കാലിക മായി ഒരു ചാപ്പൽ അതിരുങ്കൽ രൂപപ്പെടുത്തി ആരാധന നടത്തിവന്നു. അവ രുടെ അഭീഷ്ടമനുസരിച്ച് ഒരു വൈദികനെ അവിടേയ്ക്ക് അയയ്ക്കുവാൻ സാദ്ധ്യമായിരുന്നില്ല. കുമ്പഴ അച്ചൻ ഇടയ്ക്കിടെ അവിടെ എത്തി വി. കുർബാന നടത്തിയിരുന്നതായി ഡയറിക്കുറിപ്പുകളിൽ രേഖപ്പെടുത്തി കാണുന്നു. പല കുടുംബങ്ങളും പുനരൈക്യപ്പെട്ടു. കുമ്പഴ അച്ചൻ പത്ത നംതിട്ട ഡിസ്ട്രിക്റ്റ് വികാരിയായിരിക്കുമ്പോൾ 15 കുടുംബങ്ങളോടുകൂടി മലങ്കര കത്തോലിക്കാകൂട്ടായ്മ അതിരുങ്കൽ രൂപം കൊണ്ടു.

സഭയ്ക്ക് സ്വന്തമായി ഒരു ദേവാലയം നിർമിക്കുന്നതിനായി വിശ്വാ സിഗണത്തിന്റെ ശക്തമായ പ്രാർഥന പിൻബലം നൽകി - കിടങ്ങിൽ ഈശോച്ചന്റെ വസ്തു വിലയ്ക്കു വാങ്ങുകയും അവിടെ വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തു. അതിനോടു ചേർന്ന് അച്ചന്മാർക്ക് താമസിക്കുവാൻ പരിമിതമായ സാഹചര്യങ്ങളുള്ള ഓല മേഞ്ഞ ഒരു കെട്ടിടവും നിർമിച്ചു. പുതുതായി സ്ഥാപിക്കപ്പെട്ട സെന്റ് ജോർജ് പള്ളിയിൽ താമസക്കാരനായി എത്തിയ ആദ്യത്തെ വൈദികൻ ബ. സിറി യക് മണവാളൻ അച്ചനായിരുന്നു. അദ്ദേഹം രണ്ടു പ്രാവശ്യം ഇവിടെ വികാ രിയായി സേവനമനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്ത് അതി രുങ്കൽ ജംഗ്ഷനടുത്ത് പ. കന്യകമറിയത്തിന്റെയും വി. ഗീവറുഗീസിന്റെയും മദ്ധ്യസ്ഥതയിൽ ഒരു കുരിശടി പണിയുകയും 1953 ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അത് കൂദാശ ചെയ്യുകയും ചെയ്തു.

ബ. മണവാളനച്ചനുശേഷം ഫാദർ വറുഗീസ് മാവേലിൽ കുറഞ്ഞൊരു കാലം വികാരിയായി സേവനം ചെയ്തു. പിന്നീട് ഫാദർ ദാനിയേൽ തോട്ടം സേവനം ചെയ്തു. പുതിയ ഒരു പള്ളിമേട പണിയിച്ചത് ഇക്കാലത്താണ്.

www.malankaralibrary.com


## പുതിയ ദേവാലയം

ഇടവകയിൽ ജനങ്ങൾ വർദ്ധിക്കുകയും ധാരാളം കുടുംബങ്ങൾ ഇടവകയിൽ ചേരുകയും ചെയ്തതോടെ പുതിയ ഒരു പള്ളി അത്യാവശ്യമായി. ഫാദർ ദാനിയേൽ തോട്ടം അച്ചന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങളുടെ പ്രാർഥനയുടെയും, കഠിനമായ പ്രയത്നത്തിന്റെയും ഫലമായി കരിങ്കല്ലിൽ കെട്ടിയുയർത്തിയ പള്ളി 1971 ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കൂദാശ ചെയ്ത് ദൈവജനത്തിന് സമർപ്പിച്ചു. തുടർന്നു വന്ന ഫാദർ ലൂക്കോസ് മാക്കീൽ, ഫാദർ ജോസഫ് വടക്കേക്കൂറ്റ് ഇവർ ഇടവകയ്ക്ക് ആത്മീയമായും ഭൗതികമായും പുരോഗതി കൈവരുത്തുകയുണ്ടായി. അനേകം ദൈവവിളികൾ അതിരുങ്കൽ നിന്നും ഉണ്ടായി. 1967 ൽ ഫാദർ ജോസഫ് തടത്തിലച്ചനും 1969 ൽ ഫാദർ ഗീവറുഗീസ് ചേടിയത്തും പൗരോഹിത്യം സ്വീകരിച്ചു. ഇടവകയിൽ തുടർന്നു സേവനമനുഷ്ഠിച്ച വൈദികരുടെ പരിശ്രമഫലമായി അനേകം ദൈവവിളികൾ ഉണ്ടാകുന്നതിനിടയായി.

1984 ൽ മേരി മക്കൾ സന്യാസിനി സമൂഹത്തിന്റെ ഒരു ഭവനം ഇവിടെ സ്ഥാപിച്ചതും ഇടവകയുടെ അഭിവൃദ്ധിക്കു നിദാനമായി.

ഫാദർ ജോൺ കുറ്റിയിൽ അവർകളുടെ പ്രയത്ന ഫലമായി ഒരു അൺ എയ്ഡഡ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിരുന്നു. പഴയ കുരിശടി പുതുക്കി പണിയിച്ചത് ഫാദർ യോഹന്നാൻ മുളമൂട്ടിലാണ്. പള്ളിക്ക് ഒരു ഓഡിറ്റോറിയം നിർമിച്ചത് ഫാദർ മാത്യു കയ്യാലയ്ക്കലാണ്. വി. യുദാതദേവൂസിന്റെ കുരിശടിയും ഇന്നു കാണുന്ന പള്ളിമേടയും ഫാദർ മാത്യു മാടപ്പള്ളിലച്ചന്റെ കാലത്ത് പണികഴിപ്പിച്ചു. ഇടവകയ്ക്കായി സെല്ലാറും പ്രവേശന കവാടവും നിർമിച്ചത് ഫാദർ ഹോർമിസ് പുത്തൻവീട്ടിലച്ചന്റെ കാലത്താണ്.

വിശ്വാസദാർഢ്യമുള്ളവരായി ദൈവജനം വളരുന്നതിന് സഹായിച്ച വൈദികരാണ് മേൽ പറഞ്ഞവരെല്ലാം. ആരംഭകാലം മുതൽ വിശ്വാസത്തിൽ അടിയുറച്ചു വളർന്ന കുടുംബങ്ങളിൽ നിന്നും ധാരാളം ദൈവവിളികൾ നമുക്കു ലഭിച്ചു. ഇവിടെ സേവനമനുഷ്ഠിച്ച വൈദികരുടെ ആത്മീയ തീക്ഷ്ണതയും ആത്മാർത്ഥമായ പ്രയത്നവുമാണ് ദൈവാശ്രയത്തിൽ ഈ ഇടവക വളരുന്നതിനിടയാക്കിയത്.

ഫാദർ വർഗീസ് കൂത്തനേത്ത്, ഫാദർ സ്ലീബാദാസ് ചരിവുപുരയിടത്തിൽ ഇവരുടെ നിസ്തുലമായ സേവനം ഈ ഇടവകയെ പ്രാർഥനയിലും ആത്മീയതയിലും ശക്തിപ്പെടുത്തി. ദിവ്യകാരുണ്യാനുഭവത്തിലും പ്രാർഥനാ

www.malankaralibrary.com


ജീവിതത്തിലും മുന്നേറിയ ഒരു സമൂഹത്തിൽ നിന്നുള്ള അനുഭവങ്ങൾ നമുക്കു മാതൃകയായിരിക്കുന്നു.

1971 ൽ നിർമിതമായ ദേവാലയത്തിന്റെ മദ്ബഹ നവീകരിച്ച് 2016 ജൂൺ 12 ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി, വി. പാദ്രേപിയോയുടെ തിരുശേഷിപ്പു പ്രതിഷ്ഠിക്കുകയും കരുണയുടെ തീർഥാടന ദേവാലയമായി ഇതിനെ പ്രഖ്യാപിക്കുകയും ചെയ്തു. 2015 മുതൽ വികാരിയായിരുന്ന ഫാദർ എബ്രഹാം മേപ്പുറത്ത് അച്ചനാണ് ഇതിന്റെ പിന്നിൽ പ്രധാനമായി പ്രവർത്തിച്ചത്. ആരംഭം മുതൽ ഇവിടെ സേവനമനുഷ്ഠിച്ച വൈദിക ശ്രേഷ്ഠർ വഹിച്ച പങ്ക് നിസ്തുലമാണ്. ആത്മീയവും ഭൗതികവുമായ നേട്ടങ്ങളുടെ പിന്നിൽ അവരുടെ പ്രാർഥനയും ജീവിതമാതൃകയും പ്രചോദനമായിരുന്നു. വിദേശത്തും സ്വദേശത്തുമായി നിരവധി സ്ഥലങ്ങളിലും, മേഖലകളിലുമായി ഇടവകയിൽ നിന്നുള്ള 16 വൈദികർ ഇന്ന് സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു.

1967–ൽ അതിരുങ്കൽ ഇടവകയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ച പ്രഥമ വൈദികനാണ് ഫാദർ ജോസഫ് തടത്തിൽ. 2017 ൽ അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണജൂബിലി ആഘോഷിക്കുകയുണ്ടായി.

റവ. ഡോ. ഗീവറുഗീസ് ചേടിയത്ത് 1969 ൽ പൗരോഹിത്യം സ്വീകരിച്ചു. വിവിധ ഭാഷകളിൽ നിന്നുള്ള ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തതുൾപ്പെടെ 122 ഗ്രന്ഥങ്ങളുടെ ഗ്രന്ഥകർത്താവ്, ആഗോള കത്തോലിക്കാസഭയുടെ എക്യുമേനിക്കൽ സംവാദങ്ങളിൽ മലങ്കര കത്തോലിക്കാസഭയുടെ പ്രതിനിധി, അനേകം അവാർഡുകൾ കരസ്ഥമാക്കിയ വൈദികൻ, സഭാപിതാക്കന്മാരുടെ പഠനത്തിൽ ഡോക്ടറേറ്റ് നേടിയ വൈദികൻ എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനായിരിക്കുന്നു. ഇപ്പോൾ പത്തനംതിട്ട രൂപതയിൽ സേവനമനുഷ്ഠിക്കുന്നു. 2015 ൽ 'മല്പാൻ സ്ഥാനം നൽകി സഭ അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

## റവ. മോൺസിഞ്ഞോർ ജോസഫ് ആന്റണി പുത്തൻപുരയിൽ

2013 ൽ മോൺസിഞ്ഞോർ ആയി ഉയർത്തപ്പെട്ട്, റുവാണ്ട, ബോസ്നിയ എന്നീ സ്ഥലങ്ങളിൽ അപ്പസ്തോലിക് നുൻഷ്യോയുടെ സെക്രട്ടറി ആയി സേവനം ചെയ്യുകയുണ്ടായി. ഇപ്പോൾ റോമിൽ വത്തിക്കാൻ സെക്രട്ടറി ഓഫ് സ്റ്റേറ്റിൽ സേവനമനുഷ്ഠിക്കുന്നു.

വൈദികവിദ്യാർഥികളായി 4 പേർ വിവിധ സെമിനാരികളിൽ പരിശീലനത്തിൽ ആണ്. 2005 ൽ ഈ ഇടവകയുടെ മകനായിരുന്ന ഫാദർ ടോമി തടത്തിൽ സ്വർഗത്തിലേക്കു വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അകാലമരണം

www.malankaralibrary.com


ഇടവക മക്കൾക്ക് വളരെയധികം വേദനാജനകമായിരുന്നു. ചെറിയ കടുകു മണി സദൃശ്യം – ഒരു ചെറിയ കൂട്ടായ്മയായി അതിരുങ്കൽ ആരംഭിച്ച മലങ്കര കത്തോലിക്ക സമൂഹം ഇന്ന് 145 കുടുംബങ്ങളുള്ള ഒരു വലിയ ഇടവക സമൂഹമായി മാറിയിരിക്കുന്നു. നമ്മുടെ പിതാക്കന്മാർ നമുക്കു നൽകിയ വിശ്വാസപാരമ്പര്യം കാത്തുസൂക്ഷിച്ച് വരുംതലമുറയ്ക്ക് കൈമാറാൻ നാം വളരെയധികം ജാഗ്രത പുലർത്തേണ്ടതുണ്ട്. അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ ഭാഗമായിരുന്ന 'അതിരുങ്കൽ' 2010 ൽ പത്തനംതിട്ട ഭദ്രാസനം നിലവിൽ വന്നപ്പോൾ മുതൽ അതിന്റെ ഭാഗമായി. മലങ്കര കത്തോലിക്കാസഭയിൽ ഏറ്റവുമധികം ദൈവവിളികളുള്ള ഇടവകയാണ് ഇന്ന് അതിരുങ്കൽ ഇടവക. 1913 ൽ രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ "മലങ്കര കത്തോലിക്കാസഭയുടെ റോം" എന്ന് ഈ ഇടവകയെ വിശേഷിപ്പിക്കുകയുണ്ടായി. ധാരാളം ദൈവവിളികൾ മേലിലും അതിരുങ്കൽ ഇടവകയിൽ നിന്നുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

www.malankaralibrary.com

## സെന്റ് തെരേസാസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി മുറിഞ്ഞകല്ല്

പത്തനംതിട്ട രൂപതയിൽ കോന്നി ഡിസ്ട്രിക്റ്റിൽ കൂടലിനു സമീപം സ്ഥിതി ചെയ്യുന്ന ഒരു സ്ഥലമാണ് മുറിഞ്ഞകല്ല്. 1946 നു മുമ്പ് ഇവിടെ മലങ്കര കത്തോലിക്കാ പള്ളിയോ മലങ്കര കത്തോലിക്കാ കുടുംബമോ ഉണ്ടായിരുന്നില്ല. പുനരൈക്യപാതയിലൂടെ കടന്നുവരാൻ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട പലരും ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. കുമ്പഴ അച്ചൻ എന്നറിയപ്പെട്ടിരുന്ന പീലിപ്പോസ് മേടയിൽ അച്ചനാണ് ഈ പ്രദേശത്തെ ആദ്യത്തെ മിഷ്യനറി. പുനരൈക്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം ഈ പ്രദേശത്തേക്കു കടന്നു വരികയും ഓർത്തഡോക്സുകാരായിരുന്നവർക്ക് കത്തോലിക്കാസഭയപ്പെറ്റിയുള്ള പ്രബോധനം നൽകുകയും ചെയ്തു. വകയാർ ഇടവക 1942 ൽ സ്ഥാപിതമായി. ആദ്യകാലം മുതൽ അവിടെ പ്രവർത്തനം നടത്തിയിരുന്നത് കുമ്പഴ അച്ചനായിരുന്നു. സമീപപ്രദേശങ്ങളിൽ നിന്നും പല കുടുംബങ്ങളും വകയാർ പള്ളിയിൽ വന്ന് പുനരൈക്യപ്പെടുകയും ആരംഭകാലത്ത് അവിടെ അംഗങ്ങളായിതീരുകയും ചെയ്തു. 1946 ൽ മുറിഞ്ഞകല്ലിൽ നിന്നും ഏഴു കുടുംബങ്ങൾ വകയാർ സെന്റ് മേരീസ് ഇടവകയിൽ ചെന്ന് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയും അവർ മുറിഞ്ഞകല്ല് ഇടവക കൂട്ടായ്മയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു.

മുറിഞ്ഞകല്ല് ഇടവകയിലെ ആദ്യകാല കുടുംബങ്ങൾ

1. പീടികയിൽ ചാണ്ടപ്പിള്ള കുരുവിളയും കുടുംബവും
2. പീടികയിൽ ചാണ്ടപ്പിള്ള ഗീവറുഗീസും കുടുംബവും
3. പീടികയിൽ ചാണ്ടപിള്ള മത്തായിയും കുടുംബവും
4. കരിമരത്തിനാൽ ഐപ്പും കുടുംബവും
5. പാറക്കടവിൽ ഈശോയും കുടുംബവും

www.malankaralibrary.com


6. പുത്തൻവിള പടിഞ്ഞാറ്റേതിൽ ജോർജും കുടുംബവും
7. തെങ്ങുവിളയിൽ ഗീവറുഗീസും കുടുംബവും

മുറിഞ്ഞകല്ല് ഇടവകയുടെ സ്ഥാപനത്തിന് മുൻപന്തിയിൽ നിന്നു പ്രവർത്തിച്ച പിതാക്കന്മാരുടെ ഉറച്ച വിശ്വാസവും ധീരതയും അനേകം കുടുംബങ്ങളെ കത്തോലിക്കാ സഭയിലേക്ക് ആനയിച്ചു. പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ വികാരിയായിരുന്ന ഫാദർ പീലിപ്പോസ് മേടയിൽ മുറിഞ്ഞകല്ലിൽ പോകുകയും പുനരൈക്യത്തിന് ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. 1947 ജൂലൈ 24 ന് മുറിഞ്ഞകൽ മിഷ്യനിൽ പോയി എന്നും 1947 ജൂലൈ 27 ന് ഫാദർ സിറിയക് മണവാളന് മിഷ്യന്റെ ചാർജു കൊടുത്തു എന്നും കുമ്പഴ അച്ചന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ ശുശ്രൂഷ ചെയ്ത വൈദികർ നിരവധിയാണ്.

ഫാദേഴ്സ് : ജോസഫ് വാഴപ്പിള്ളേത്ത്, ജോൺ കുറ്റിയിൽ തോമസ് അയിരൂക്കുഴിയിൽ, സിറിയക് മണവാളൻ, ജോസഫ് വടക്കേക്കൂറ്റ്, ദാനിയേൽ തോട്ടം, അഗസ്റ്റിൻ വിരുപ്പേൽ, മാത്യു കയ്യാലയ്ക്കൽ, മാത്യു മാടപ്പള്ളിൽ, വറുഗീസ് ചീനിവിളയിൽ, യോഹന്നാൻ മുളമൂട്ടിൽ, ജോഷ്വാ താഴത്തേതിൽ, മാത്യു പേഴുംമൂട്ടിൽ, ജോസഫ് കുരുമ്പിലേത്ത്, റോബിൻ മനക്കലേത്ത്, വറുഗീസ് കൂത്തനേത്ത്, ജോയ്സി പുതുപ്പറമ്പിൽ തുടങ്ങിയവരാണ്. ഇപ്പോഴത്തെ വികാരി ഫാദർ ജോമോൻ ചിറയത്ത്. ഇടവകയിൽ 92 കുടുംബങ്ങളുണ്ട്. സണ്ടേസ്കൂൾ, എം.സി.എ., എം.സി.വൈ.എം., മാതൃസംഘം, വിൻസന്റ് ഡി പോൾ തുടങ്ങിയവയെല്ലാം ഇവിടെ നല്ല രീതിയിൽ പ്രവർത്തനം നടത്തിവരുന്നു.

## ഇടവകയിൽ നിന്നുമുള്ള ദൈവവിളികൾ

ഫാദേഴ്സ് : ഡോ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി. (സുപ്പീരിയർ ജനറൽ ബഥനി സന്യാസ സമൂഹം), ക്രിസ്റ്റി ജോൺ കരിമരത്തിനാൽ ഒ.ഐ.സി., അലോഷ്യസ് കരിമരത്തിനാൽ പുത്തൻവീട് ഒ.ഐ.സി., മാത്യു പടയാനിക്കൽ, പോൾ ജോർജ് താബോർ മല ഒ.ഐ.സി., ബ്ര: ലിറ്റോ കാപ്പിൽ OFM.Cap.

www.malankaralibrary.com

## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി പൂങ്കാവ്

മല്ലശേരിയിൽ 1945 ജനുവരി മാസം മുതൽ പുനരൈക്യ പ്രവർത്തനങ്ങൾ തുടങ്ങി. അവിടെ ഒരു മിഷ്യൻ അടിയന്തിരമായി തുടങ്ങണമെന്നു കാണിച്ച് കുമ്പഴ അച്ചൻ മാർ ഈവാനിയോസ് പിതാവിനെഴുതുകയുണ്ടായി. കുമ്പഴ മേടയിലച്ചന്റെ അമ്മാച്ചന്റെ മകൻ സഭാസ്നേഹിയായ കൈതവന ചാക്കോ മാസ്റ്റർ പുനരൈക്യപ്രവർത്തനങ്ങൾക്ക് മുൻപന്തിയിൽ നിന്നു സഹായം നൽകി. ഒരു വസ്തു വാങ്ങി ആരാധനാസൗകര്യം ഉണ്ടാക്കുന്നതിനുള്ള പരിശ്രമം ആരംഭിച്ചു. ഒരു മിഷ്യൻ ആരംഭിക്കുന്നതിനുള്ള അപേക്ഷ മാർ ഈവാനിയോസ് തിരുമേനിക്കയച്ചു. കൈതവന വീട്ടിൽ പാർത്തുകൊണ്ട് കുമ്പഴ അച്ചൻ പുനരൈക്യപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി. 1945 ഫെബ്രുവരി 21 ന് തിരുവനന്തപുരത്തെത്തി, മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും വസ്തു വാങ്ങുന്നതിന് 2000 രൂപയും മറ്റു ചെലവുകൾക്കായി 40 രൂപയും വാങ്ങി. 1945 ഫെബ്രുവരി 28 ന് മല്ലശേരി വസ്തുവിന്റെ ആധാരം നടന്നു. 1945 മെയ് 17 ന് പൂങ്കാവു വസ്തുവിലുണ്ടായിരുന്ന ചാർത്ത് എടുപ്പിക്കുകയും പള്ളിപണി ആരംഭിക്കുകയും ചെയ്തു.

സംഘർഷം നിറഞ്ഞ ദിനങ്ങളിലൂടെ കടന്നുപോയി. എതിർപ്പുകൾ തരണം ചെയ്യേണ്ടി വന്നു. 1945 മെയ് 26 ന് പൂങ്കാവുപള്ളിക്കേസ് സംബന്ധിച്ച് കോടതിയിൽ പോകേണ്ടി വന്നു. അമ്മാച്ചന്റെ വീട്ടിൽ താമസിച്ചുകൊണ്ട് പള്ളിപണി തുടർന്നു. പള്ളിപണിക്കായി 1000 രൂ. അരമനയിൽ നിന്നും വാങ്ങി. കുമ്പഴ നിന്ന് ഇടയ്ക്കിടെ പണികൾ പരിശോധിക്കാനായി മല്ലശേരിക്കു പോയിരുന്നു. 1946 മാർച്ച് 14-ാം തീയതി പൂങ്കാവുമിഷ്യനിൽ ഒരു ശവമടക്കു കേസ് ഉത്ഭവിച്ചു. കേസുകാര്യത്തിനു കുറെക്കാലം ചെലവഴിക്കുകയുണ്ടായി. ദൈവകൃപയാൽ ചാപ്പലിന്റെ പണി പൂർത്തിയാക്കി. ആദ്യത്തെ ചാപ്പൽ വെട്ടുകല്ലും തടിയും ഉപയോഗിച്ചുള്ളതും ഓടിട്ടതുമായിരുന്നു.

www.malankaralibrary.com


1947 ജനുവരി 20 ന് മാർ ഈവാനിയോസ് തിരുമേനി പള്ളി കൂദാശ ചെയ്തു. അന്നേദിവസം കുറച്ചു പേർ പുനരൈക്യപ്പെടുകയുണ്ടായി. പുനരൈക്യപ്പെട്ട ആദ്യകാല കുടുംബങ്ങൾ:-

1. കൈതവന ചാക്കോമാസ്റ്ററും കുടുംബവും
2. കുറിപറമ്പിൽ തോമസും കുടുംബവും
3. പൊന്നുവേലിൽ ഉണ്ണൂണ്ണിയും കുടുംബവും
4. പൊന്നുവേലിൽ ഈശോയും കുടുംബവും
5. പൊന്നുവേലിൽ ശമുവേലും കുടുംബവും
6. പുത്തൻപുരയിൽ സ്കറിയാ കുട്ടിയും കുടുംബവും

ആദ്യകാലത്ത് അംഗങ്ങൾ കുറവായിരുന്നു. വലഞ്ചുഴി സെന്റ് തോമസ് ദേവാലയത്തിലെ വികാരിമാരായിരുന്നു ഇവിടെയും വി. കുർബാന അർപ്പിച്ചിരുന്നത്. 1949 ജനുവരി 20-ാം തീയതി ബ. ഫാദർ കെ. തോമസ് ആമ്പശേരിൽ ആദ്യവികാരിയായി സ്ഥാനമേറ്റു. തുടർന്ന് ഫാദർ ഗീവറുഗീസ് ചരുവിലേത്ത്, ഫാദർ ജോസഫ് വടക്കേക്കൂറ്റ്, ഫാദർ മാത്യു പുറവടി, ഫാ. സിറിയക്ക് മണവാളൻ, ഇവർ സേവനം ചെയ്തു. ഫാദർ ഇടിക്കുള്ള പാണ്ടിയത്ത് ഇടവകയിൽ അദ്ധ്യാത്മിക ചൈതന്യമുളവാക്കുന്നതിന് വളരെ പരിശ്രമിച്ചു. ഫാദർ ഉമ്മൻ അയ്യനേത്ത്, ഫാ. ജോർജ് പ്ലാവിളയിൽ ഇവർ തുടർന്നു സേവനം ചെയ്തു. 1966 മുതൽ ബഥനി ആശ്രമസ്ഥരായ വൈദികരാണ് സേവനമനുഷ്ഠിച്ചത്. ഫാദർ സ്റ്റനിസ്ലാവോസ് ഒ.ഐ.സി. ഫാദർ ഡാമിയൻ ഒ.ഐ.സി. ഇവർ ഇടവകയിൽ വികാരിമാരായിരുന്നു. ചുറ്റുമതിൽ കുരിശടി ഇവ നിർമിക്കുകയും സെമിത്തേരി സ്വന്തമായി ഉണ്ടാക്കുകയും ചെയ്തു. ഫാദർ സെലസ്റ്റിൻ ഒ.ഐ.സി. 2.8.74 മുതൽ 6 വർഷക്കാലം വികാരിയായിരുന്നു. ഫാദർ ഡാമിയന്റെ കാലത്ത് ഒരു പുതിയ ദേവാലയം നിർമിക്കുകയും ആയത് 1984 സെപ്തംബർ 29-ാം തീയതി അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് തിരുമേനി കൂദാശ ചെയ്കയും ചെയ്തു. 12-12-1984 ൽ വികാരിയായി വന്നത് ഫാദർ പയസ് ആയിരുന്നു. ഒരു വർഷത്തിനുശേഷം അദ്ദേഹം സുഖമില്ലാതെ തിരിച്ചുപോയി. തുടർന്ന് ഫാദർ പീറ്റർ ജോൺ, ഫാദർ ബേസിൽ, ഫാദർ വറുഗീസ് തൈക്കൂട്ടത്തിൽ ഇവർ വികാരിമാരായി. ആശ്രമസ്ഥരായിരുന്ന വൈദികർ എല്ലാവരും ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിച്ചു. ഫാദർ ഡാമിയൻ ഒ.ഐ.സി.യുടെ കാലത്ത് 400 ൽ അധികം പേർക്ക് ഇരിപ്പിടസൗകര്യമുള്ള പാരിഷ് ഹോൾ നിർമിച്ചു. ഫാദർ ഡാനിയേൽ ചേന്നാത്ത് വികാരിയായിരുന്നപ്പോൾ ഒരു പൊതുക്കല്ലറ നിർമിക്കുകയും 17-08-2002 ൽ കൂദാശ ചെയ്യുകയും ചെയ്തു.

www.malankaralibrary.com


പാരിഷ്ഹാൾ വിപുലപ്പെടുത്തുകയും ഒരു ഓഫീസ് കെട്ടിടം നിർമിക്കുകയും ചെയ്തു. 2005 ൽ ഫാദർ ജറോം പീടിക പറമ്പിൽ ഒരു വർഷക്കാലം ഇവിടെ വികാരിയായിരുന്നു. അദ്ദേഹം ദേവാലയം കൂടുതൽ മനോഹരമാക്കി തുടർന്ന് ഫാദർ ടൈറ്റസ് ജോൺ ചുമതലയേറ്റു. അമലോത്ഭവ മാതാവിന്റെ ഒരു ഗ്രോട്ടോ ദേവാലയങ്കണത്തിൽ സ്ഥാപിച്ചത് ഇക്കാലത്താണ്. ഇടവകയിൽ സണ്ടേസ്കൂൾ, എം.സി.വൈ.എം., എം.സി.എ., മാതൃസമാജം തുടങ്ങിയവ യെല്ലാം കാര്യക്ഷമമായി നടത്തിവരുന്നു.

ബഥനി സിസ്റ്റേഴ്സ് ഇവിടെ മിഷ്യനിൽ പ്രവർത്തനം ചെയ്യുന്നു. പ്രശ്നങ്ങളിലും പ്രയാസങ്ങളിലും കൂടി കടന്നുവന്ന പൂങ്കാവ് ഇടവകയെ വളർച്ചയിലേക്കു ദൈവം നയിച്ചു. ഇന്ന് ഇടവകയിൽ 105 കുടുംബങ്ങൾ ഉണ്ട്. വികാരി ഫാദർ ആന്റണി കല്ലിൽ ഒ.ഐ.സി. ആണ്.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ:**

ഫാദേഴ്സ് : ജോൺ കൃപാനന്ദ് ഒ.ഐ.സി. മരുതത്തു വിളയിൽ, പോൾ മാത്യു ഒ.ഐ.സി. കൈതവന.

സിസ്റ്റേഴ്സ് : അഗാപ്പെ എസ്.ഐ.സി., ദ്യോതിസ് എസ്.ഐ.സി., കൃപ എസ്.ഐ.സി.

www.malankaralibrary.com

## സെന്റ്മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി മുളന്തറ

മുളന്തറയിലെ ആദ്യ മിഷ്യനറി ഫാദർ പീലിപ്പോസ് മേടയിൽ ആയിരുന്നു. പുനരൈക്യപ്രവർത്തനങ്ങൾ മലങ്കര കത്തോലിക്കാ സഭയിൽ മുന്നേറിക്കൊണ്ടിരുന്നു. 1947 ൽ ഇവിടെ ഒരു ആരാധനാലയം സ്ഥാപിക്കുന്നതിനായി കുമ്പഴ അച്ചൻ സ്ഥലങ്ങൾ പലതും നോക്കുകയും പള്ളിക്കു യോജിച്ച ഒരു സ്ഥലം തിരുവനന്തപുരം അതിരൂപതയുടെ പേരിൽ വാങ്ങുന്നതിന് മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും അനുവാദം വാങ്ങുകയും ചെയ്തു.

കുമ്പഴ അച്ചൻ 1947 മാർച്ച് 3-ാം തീയതി മുളന്തറയ്ക്കു പോകുകയും പുനരൈക്യപ്പെടാൻ സന്നദ്ധതയുള്ളവരെ കാണുകയും പ്രബോധനങ്ങൾ വഴി അവരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിന് പരിശ്രമിക്കുകയും ചെയ്തു. 14 കുടുംബക്കാർ പുനരൈക്യപ്പെടാൻ സന്നദ്ധരായി വന്നു. കുമ്പഴ അച്ചൻ അവരെയെല്ലാം കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു.

1947 ഏപ്രിൽ 24ന് കുമ്പഴ അച്ചൻ തിരുവനന്തപുരത്തെത്തി. അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയെക്കണ്ട് മുളന്തറ വസ്തു വാങ്ങുന്നതിനും അവിടെ ഒരു ചെറിയ ചാപ്പൽ നിർമിക്കുന്നതിനുമായി 1000 രൂപ വാങ്ങി. മുളന്തറ വസ്തുവിന്റെ ആധാരം 1947 ജൂൺ 21 നു നടന്നു. ചെലവ് 775 രൂപ.

1947 ജൂലൈ 19 ന് മുളന്തറ പോയി പണികൾ പരിശോധിക്കുകയും ഇടയ്ക്കിടെ കാർമലയിൽ താമസിച്ചുകൊണ്ട് പണികൾ നടത്തിക്കുകയും ചെയ്തു. ഒക്ടോബർ മാസാരംഭത്തോടെ പണികൾ പൂർത്തിയാക്കി. ചാപ്പലിന്റെ കൂദാശയ്ക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തു. 1947 ഒക്ടോബർ 12-ാം തീയതി മുളന്തറ ചാപ്പൽ പ. മാതാവിന്റെ നാമത്തിൽ വന്ദ്യചേപ്പാട്ടു പീലിപ്പോസ് റമ്പാൻ കൂദാശ ചെയ്തു. ധാരാളമാളുകൾ കൂദാശയിൽ സംബന്ധിച്ചു. 30 ൽ പരം ആളുകളെ അന്നേദിവസം കത്തോലിക്കാസഭയിലേക്കു

www.malankaralibrary.com


ചേർത്തു. 1947 നവം. 7 ന് രാവിലെ കുമ്പഴ അച്ചൻ കല്ലേലിൽ നിന്നും പുറപ്പെട്ട് 12 p.m ന് മുളന്തറ മിഷ്യനിൽ എത്തി. രാത്രി അവിടെ പാർത്തു. പുനരൈക്യപ്പെട്ട 8 കുടുംബങ്ങൾ സന്ദർശിച്ചു. നവംബർ 9-ാം തീയതി മുളന്തറ മിഷ്യനിൽ വി. കുർബാന അർപ്പിക്കുകയും 3 കുടുംബങ്ങളെ പുനരൈക്യപ്പെടുത്തുകയും ചെയ്തു.

1947 ഡിസംബർ 6-ാം തീയതി മുളന്തറ പോയി. രാത്രി 8 വീട്ടുകാരെ പുനരൈക്യപ്പെടുത്തിയതായി ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഡിസംബർ 7-ാം തീയതി അവിടെ വി. കുർബാന അർപ്പിച്ചു. 1948 ഫെബ്രുവരി 21, 22 തീയതികളിൽ വി. കുർബാനാനന്തരം മുളന്തറ മിഷ്യനിലെ വീടുകൾ സന്ദർശിച്ചു. 1948 ഏപ്രിൽ 13,17 തീയതികളിൽ വി. കുർബാന മുളന്തറ മിഷ്യനിൽ നടത്തി. 1949 ജനുവരി 26 ന് മുളന്തറ പള്ളിയുടെ വഴിക്കുള്ള വസ്തു ആധാരമെഴുതിക്കാൻ പോയി 1949 ഏപ്രിൽ 6ന് ചാപ്പലിനോടനുബന്ധിച്ച് ചില പണികൾ നടത്തുകയും കെട്ടിമേച്ചിൽ നടത്തുകയും ചെയ്തു. ഏപ്രിൽ 8-28 വരെ നല്ല സുഖമില്ലായ്കയാൽ അവധിയിൽ ആയിരുന്നു. 1949 നുശേഷം കുമ്പഴ അച്ചനു സുഖമില്ലാതായതിനാൽ മുളന്തറ മിഷ്യനു പോകുന്നതിനു നിവൃത്തിയില്ലാതായി. കുമ്പഴ അച്ചന്റെ ഡയറി കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളാണ് മുകളിൽ എഴുതിയിരിക്കുന്നത്.

www.malankaralibrary.com

## സെന്റ് പീറ്റേഴ്സ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി കിഴവള്ളൂർ

അച്ചൻ കോവിലാറ് പത്തനംതിട്ട ഡിസ്ട്രിക്റ്റിന്റെ വിരിമാറിലൂടെ മന്ദം മന്ദം ഒഴുകുന്നു. ഈ നദീതീരത്തായി കോന്നി പത്തനംതിട്ട റൂട്ടിൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി, കോന്നി ആനക്കൂട് സെന്റ് ബെനഡിക്ട് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി, കോന്നിത്താഴം സെന്റ് ബനഡിക്ട് മലങ്കര കത്തോലിക്കാപള്ളി ഇവ സ്ഥിതി ചെയ്യുന്നു. അതേ പാതയിൽതന്നെ ഈ നദീതീരത്തു വലഞ്ചുഴി മലങ്കര കത്തോലിക്കാ പള്ളിയും സമീപം കിഴവള്ളൂർ കത്തോലിക്കാപള്ളിയും സ്ഥിതി ചെയ്യുന്നു. പുനരൈക്യപ്പെടുന്നതിനായി വളരെ താല്പര്യമുള്ള ചില ക്രിസ്തീയ കുടുംബങ്ങൾ കിഴവള്ളൂരിൽ ഉണ്ടായിരുന്നു.

ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴഅച്ചൻ) ആയിരുന്നു ഇവിടെ പുനരൈക്യപരിശ്രമങ്ങൾ ആരംഭിച്ചത്. കത്തോലിക്കാസഭയുമായി പുനരൈ ക്യപ്പെടുന്നതിനു പലരും ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു കൊണ്ടിരുന്നു.

1939 ഫെബ്രുവരി മാസത്തിൽ കിഴവള്ളൂർ സ്കറിയ മുതലായവരെ വന്ദ്യ ചേപ്പാട്ടുപീലിപ്പോസ് റമ്പാൻ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. കിഴവള്ളൂർ ഭാഗത്ത് അന്ന് ഒരു കത്തോലിക്കാപള്ളിയും ഉണ്ടായിരുന്നില്ല. ശ്രീമാൻ സ്കറിയയുടെ വീട്ടിൽ വച്ച് മൂന്നു ദിവസം ദീർഘിച്ച ഒരു പ്രസംഗ യോഗം സംഘടിപ്പിച്ചു. ഫാദർ പീലിപ്പോസ് മേടയിലച്ചൻ യോഗത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തുകയുണ്ടായി. പുനരൈക്യപ്രവർത്തനങ്ങൾ ഈ പ്രദേശത്തു ശക്തിപ്പെടുത്തുന്നതിനായി, ആരാധനയ്ക്കായി ഒരു ചാപ്പൽ നിർമിക്കേണ്ട അത്യാവശ്യം മനസിലാക്കി കുമ്പഴഅച്ചൻ തിരുവനന്തപുരം അതിരൂപതയ്ക്കായി മേപ്രത്ത് തോമ്മായുടെ വസ്തു 500 സർക്കാർ രൂപയ്ക്ക് വാങ്ങി. 1944 ജൂലൈ 27 ന് ആധാരം രജിസ്റ്റർ ചെയ്തു. 1947 ജനുവരി 7 ന് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവും, വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാനും, ഫാദർ പീലിപ്പോസ് മേടയിലും ഒന്നിച്ച് പത്തനംതിട്ട,

www.malankaralibrary.com


(നന്നുവക്കാട്) പള്ളിയിലെത്തി രാത്രി പാർത്തു. അന്ന് കിഴവള്ളൂർ ഒരു പള്ളി വയ്ക്കുന്നതിനുവേണ്ടി തയ്യാറാക്കിക്കൊണ്ടുവന്ന പ്ലാനും എസ്റ്റിമേറ്റും കുമ്പഴഅച്ചൻ മാർ ഈവാനിയോസ് തിരുമേനിയെ കാണിക്കുകയും, പള്ളി പണിയുന്നതിന് അനുമതി വാങ്ങുകയും ചെയ്തു. പള്ളിപണി ശ്രീ. അരുമനായകത്തെ ഏല്പിച്ചു. 1947 മാർച്ച് 6-ാം തീയതി പള്ളിയുടെ ശിലാസ്ഥാപനകർമം നടത്തി പണി ആരംഭിച്ചു. പല തരത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടായി. കിഴവള്ളൂർ പള്ളിക്കേസിനായി കുമ്പഴഅച്ചൻ 1947 മെയ് 27 ന് കൊല്ലത്തുപോയി പേഷ്ക്കാരെ കണ്ടു. മാർ ഈവാനിയോസ് തിരുമേനി അമേരിക്കൻ പര്യടനത്തിനു പുറപ്പെട്ടു. 1947 മെയ് 30 ന് കിഴവള്ളൂർ കേസ് നടപടികൾക്കായി വള്ളിക്കോടു പാർവത്യകാരെ കണ്ടു. ജൂൺ 24 ന് റവന്യു ഡിപ്പാർട്ട്മെന്റിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. പള്ളിയെ സംബന്ധിച്ച പ്ലാൻ റിപ്പോർട്ട്, സ്റ്റേറ്റുമെന്റ്സ് ഇവ നൽകി. തടസങ്ങൾ നീങ്ങിയില്ല. പണി തുടർന്നു. വന്ദ്യ ചേപ്പാട്ടു പീലിപ്പോസ് റമ്പാനെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിച്ചിട്ടാണ് അഭിവന്ദ്യപിതാവ് 1947 മെയ് 26 നു അമേരിക്കയ്ക്കു പോയത്. അദ്ദേഹം കൂടെക്കൂടെ കിഴവള്ളൂർ വന്ന് പണി പരിശോധിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. ജൂലൈ 28 ന് ഇതുവരെ പണിത കെട്ടിടം പൊളിഞ്ഞുതകർന്നു കിടക്കുന്നതായി കുമ്പഴ അച്ചൻ കണ്ടു. ഉടൻ തന്നെ കെട്ടിടം പൊളിച്ചു പണിയുന്നതിന് ശ്രീമാൻ സൂസന്തോണിയെ ഏല്പിച്ചു. പണികൾ തുടർന്നു ചെയ്തതും പൂർത്തിയാക്കിയതും ഇദ്ദേഹമാണ്. കുമ്പഴഅച്ചൻ ഇടയ്ക്കിടെ അവിടെ നടന്നുചെന്ന് പരിശോധന നടത്തുകയും നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. പള്ളിക്കുവേണ്ട തടികൾ കല്ലേലി എസ്റ്റേറ്റിൽ നിന്നും അച്ചൻകോവിലാറുവഴി കിഴവള്ളൂർ എത്തിക്കുകയായിരുന്നു. ആവശ്യമായ ഓടും, മറ്റു സാധനങ്ങളും കൊല്ലത്തുനിന്നും കൊണ്ടുവന്ന് പണികൾ പൂർത്തിയാക്കി. 1949 ഡിസംബർ 27-ാം തീയതി ബംഗ്ലാവ് കൂദാശ ചെയ്തു. ത്രോണോസ് പ്രത്യേകം വി. കുർബാനയ്ക്കു സജ്ജമാക്കി വി. കുർബാന അർപ്പിച്ചു. കെട്ടിടത്തിൽ കുമ്പഴ അച്ചൻ കുറച്ചുകാലം സ്ഥിരതാമസമാക്കി.

1950 ജനുവരി 10 ന് പള്ളിക്കേസിന് തഹസീൽദാർ പാർവത്യകാർ ഇവരെ കാണാൻ പത്തനംതിട്ട വള്ളിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പോയി. കേസ് തുടർന്നുകൊണ്ടിരുന്നു.

ദൈവകൃപയാൽ പ്രശ്നങ്ങൾ തീരുകയും 1950 നവംബർ 19 മുതൽ ക്രമമായി ആരാധന നടത്തുകയും ചെയ്തു. അക്കാലത്ത് ഫാദർ പീലിപ്പോസ് മേടയിൽ കിഴവള്ളൂരും, കുമ്പഴയും വികാരിയായിരുന്നു. 1952 ഡിസംബർ 20 ന് കിഴവള്ളൂർ വച്ച് 3 ദിവസത്തെ പ്രസംഗയോഗം വന്ദ്യ

www.malankaralibrary.com


ചേപ്പാട്ടു പീലിപ്പോസ് റമ്പന്റെ നേതൃത്വത്തിൽ നടന്നു. *പാസ്റ്റർ മാത്തുണ്ണി പണിക്കർ ഫാദർ ജോർജ് കുറ്റിയിൽ ഇവർ പ്രാസംഗികരായിരുന്നു.

1953 ജനുവരിയിൽ സെന്റ് തോമസ് ജൂബിലി (19-ാം ശതാബ്ദി) മാർ സെവേറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്നതും മാർച്ച് 17, 18, 19 തീയതികളിൽ പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് ആദ്യമായി സ്വീകരണം നൽകിയതും ഈ പള്ളിയുടെ ആദ്യവികാരിയായ കുമ്പഴ അച്ചന്റെ നേതൃത്വത്തിലാണ്.

1953 ഏപ്രിൽ 16 ന് പള്ളിക്കു വേണ്ടി കിഴവള്ളൂർ ശമുവേലിന്റെ വസ്തു എഴുതിച്ചു. റൊക്കം ചെലവ് 835 രൂപ. ജൂലൈ 5 ന് ഇടവകയിലേക്ക് ഏതാനും കുടുംബങ്ങളെ പുനരൈക്യപ്പെടുത്തി. 1953 ജൂലൈ 15 ന് അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. കിഴവള്ളൂർ ഇടവകവിശ്വാസികൾ ഭൂരിഭാഗവും കുമ്പഴ അച്ചനോടൊപ്പം അഭിവന്ദ്യപിതാവിന്റെ കബറടക്കത്തിൽ പങ്കുകൊണ്ടു.

ഭവന സന്ദർശനം, ഭവനാശീർവാദം, കൂദാശകൾ, മാമോദിസാ, കുമ്പസാരം, വി. കുർബാന, വിവാഹം, രോഗീലേപനം- ഇവയെല്ലാം കുമ്പഴ അച്ചൻ തന്നെ 1953 വരെ കിഴവള്ളൂർ സെന്റ് പീറ്റേഴ്സ് ഇടവകയിൽ നിർവഹിക്കുകയുണ്ടായി. 1953 സെപ്റ്റംബർ 8 ന് ഫാദർ തോമസ് വടശേരിയെ കിഴവള്ളൂർ ഇടവകയുടെ വികാരിയായി നിയമിച്ചു. അനേകം വന്ദ്യവൈദികർ ഇവിടെ സേവനമനുഷ്ഠിച്ചു. 1970 മുതൽ ബഥനി ആശ്രമത്തിൽ നിന്നുമുള്ള വൈദികരാണ് ഇവിടെ സേവനമനുഷ്ഠിച്ചുവരുന്നത്. ഇപ്പോഴത്തെ ഇടവക വികാരി ഫാദർ റിജൊ തോമസ് ഒ.ഐ.സി.

ഇടവകയിലെ ആദ്യകാല കുടുംബങ്ങൾ:-

1 കൊല്ലം പറമ്പിൽ കുടുംബം

2 പുത്തൻ പുരയിൽ കുടുംബം

3 അഞ്ചുമുറിയിൽ കുടുംബം

4 തടത്തുവിളയിൽ കുടുംബം

80 കുടുംബങ്ങൾ ഇപ്പോൾ ഇടവകയിൽ ഉണ്ട്.

**ഇടവകയിൽ നിന്നും ദൈവവിളി ലഭിച്ചവർ:-**

ഫാദർ ദാനിമാത്യു. O.I.C കൊല്ലം പറമ്പിൽ

ബ്രദർ ആൽബിൻ O.I.C

സിസ്റ്റേഴ്സ്:- നിർമൽ S.I.C, ജോയേൽ S.I.C.

സിസ്റ്റർ അനുപമ S.I.C ഇപ്പോൾ ഈ ഇടവകയിലെ അംഗമാണ്.

*(1948 സെപ്റ്റംബർ മാസത്തിൽ കൊട്ടാരക്കര കുന്നം ബംഗ്ലാവിൽ പാസ്റ്റർ മാത്തുണ്ണി പണിക്കരും കുടുംബവും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു. പരേതനായ ഫാദർ അലക്സാണ്ടർ പണിക്കർ, സിസ്റ്റർ ഹ്യൂമലീന S.I.C ഇവർ മാത്തുണ്ണി പാസ്റ്ററുടെ മക്കളാണ്.)

www.malankaralibrary.com

## സെന്റ് പാട്രിക് മലങ്കര സിറിയൻ കത്തോലിക്കാപ്പള്ളി ചെങ്ങറ

1930 നു മുമ്പ് ചെങ്ങറ ഭൂവിഭാഗം കൊടും വനപ്രദേശമായിരുന്നു. ഈ വനമേഖലയിലെ കാടു വെട്ടിത്തെളിച്ച് ഭൂമി സ്വന്തമാക്കി കൃഷി ചെയ്യുന്നതിന് തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പല കുടുംബങ്ങളും ഈ പ്രദേശത്തേക്കു കടന്നുവരികയും ഭൂമി സ്വന്തമാക്കി തോട്ടം ഉടമകളായിത്തീരുകയും ചെയ്തു. തൊഴിൽ ചെയ്ത് ഉപജീവനമാർഗം തേടുന്നതിനായി ധാരാളമാളുകൾ ഈ പ്രദേശത്ത് കുടിയേറിപ്പാർത്തു. എസ്റ്റേറ്റുകളിൽ ഉദ്യോഗത്തിനായും അനേകം കുടുംബങ്ങൾ വാസമുറപ്പിച്ചു. ഓർത്തഡോക്സ് യാക്കോബായ, മാർത്തോമ്മാ സഭകളിൽ പെട്ടവരും ഈ പ്രദേശത്ത് താമസമാക്കിയിരുന്നു. പുനരൈക്യത്തിന്റെ ആദ്യകാലത്ത് നിരണത്ത് ഓർത്തഡോക്സ് പള്ളിയിൽ നിന്നും മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട് തിരുവല്ലാ രൂപതയിൽ ചേർന്നു നടന്നിരുന്ന ഒരു കുടുംബമായിരുന്നു പനങ്ങോട്ടേത്ത് പെരുമാൾ കൊച്ചുമ്മന്റെ കുടുംബം. അദ്ദേഹത്തിന് ചെങ്ങറയിൽ 160 ഏക്കർ ഭൂമി സ്വന്തമായുണ്ടായിരുന്നു. അദ്ദേഹം നിരണത്തു സ്ഥിരതാമസക്കാരനായിരുന്നു. ചെങ്ങറയുള്ള അദ്ദേഹത്തിന്റെ ഭവനം "പടിഞ്ഞാറേ അറക്കൽ" കുടുംബം എന്നറിയപ്പെട്ടു.

പനങ്ങോട്ടേത്ത് പെരുമാൾ കൊച്ചുമ്മന്റെ അനന്തിരവളെ വിവാഹം ചെയ്തിരുന്നത് മിസ്റ്റർ നൈനാൻ ജോൺ, ചെങ്ങറ ആയിരുന്നു. "പാപ്പി മുതലാളി" എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. പനങ്ങോട്ടേത്ത് ഉമ്മച്ചൻ ചെങ്ങറയുള്ള തന്റെ വസ്തുവിൽ നിന്നും 25 ഏക്കർ ഭൂമി നൈനാൻ ജോണിന് നൽകിയിരുന്നു. 'പാപ്പി മുതലാളി'യും കുടുംബവും 'കിഴക്കേ അറക്കൽ' കുടുംബമെന്ന പേരിൽ അറിയപ്പെട്ടിരുന്നു.

ആരാധനയ്ക്കായി ചെങ്ങറയിൽ ഒരു കത്തോലിക്കാ പള്ളിപോലും അക്കാലത്ത് ഉണ്ടായിരുന്നില്ല. ഓർത്തഡോക്സ് സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട മാർ ഈവാനിയോസ്,

www.malankaralibrary.com


മാർ തെയോഫിലസ് എന്നീ തിരുമേനിമാരുമായി, പുനരൈക്യത്തിന്റെ പാതയിലൂടെ കത്തോലിക്കാസഭയിലായിത്തീർന്ന ഉമ്മച്ചൻ ഉറ്റ സൗഹൃദം പുലർത്തിയിരുന്നു. തന്റെ തോട്ടത്തിന്റെ മദ്ധ്യത്തിൽ ഒരു ദേവാലായം നിർമിക്കുന്നതിനായി ഒരേക്കർ വസ്തു 1933 ൽ മാർ ഈവാനിയോസ് തിരുമേനിക്കു അദ്ദേഹം നൽകിയിരുന്നു. പുനരൈക്യ സംഭവം 1930 സെപ്റ്റംബർ 20 നായിരുന്നല്ലൊ. മലയോര പ്രദേശങ്ങളായ കുമ്പഴ, വടക്കുപുറം, കോന്നി, വകയാർ, കാർമല, കല്ലേലി തുടങ്ങിയ പ്രദേശങ്ങളിൽ ഫാദർ പീലിപ്പോസ് മേടയിൽ അവർകളുടെ പരിശ്രമഫലമായി ധാരാളം കുടുംബങ്ങൾ പുനരൈക്യപ്പെടുകയും മലങ്കര കൂട്ടായ്മകൾ രൂപപ്പെടുകയും ഇടവകകളായിത്തീരുകയും ചെയ്തിരുന്നു. പാലാ, ചങ്ങനാശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വന്നു താമസമാക്കിയ കത്തോലിക്കാ കുടുംബങ്ങളിൽപ്പെട്ടവരും, മലങ്കര സുറിയാനി കത്തോലിക്കാ കുടുംബങ്ങളിൽപ്പെട്ടവരും ചെങ്ങറനിന്നും മേല്പറഞ്ഞ ഇടവക കൂട്ടായ്മകളിൽ ചേർന്ന് ആരാധന നടത്തി വന്നിരുന്നു.

ഈ പ്രദേശത്ത് ഒരു മലങ്കര കത്തോലിക്കാ പള്ളി സ്ഥാപിക്കുന്നതിന് ഫാദർ പീലിപ്പോസ് മേടയിൽ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. മാർ ഈവാനിയോസ് തിരുമേനിക്ക് പനങ്ങോട്ടേത്ത് ഉമ്മച്ചൻ നൽകിയ ഒരേക്കർ ഭൂമി കാടുകയറി വനഭൂമി സദൃശ്യം അനാഥമായി കിടന്നിരുന്നു. ആ വനഭാഗം വെട്ടിത്തെളിച്ചു സ്വന്തമാക്കി അവിടെ ഒരു കുരിശു സ്ഥാപിക്കുന്നതിന് കുമ്പഴ അച്ചൻ പരിശ്രമിച്ചു. ഇതുസംബന്ധിച്ച് ചെമ്മാനി സൂപ്രണ്ട് റ്റി.റ്റി. തോമസ്, കൊടുപ്പന മത്തായിച്ചൻ, മഞ്ഞനിക്കര മത്തായിച്ചൻ തുടങ്ങിയവരെ വിളിച്ചാലോചിക്കുകയും അവരുടെ ചുറ്റുപാടുമുള്ള കാർമല, ആഞ്ഞിലികുന്ന്, വടക്കുപുറം തുടങ്ങിയ ഇടവക മക്കളുടെ സഹകരണത്തോടെ അവിടെ ഒരു കുരിശു സ്ഥാപിക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്കയും ചെയ്തു.

ഇടവകകൾക്കെല്ലാം കത്തുകൾ എഴുതി അറിയിച്ചു. അതനുസരിച്ച് 1952 ഒക്ടോബർ 26-ാം തീയതി രാജത്വത്തിരുനാൾ ദിനത്തിൽ വലിയ ഒരു തടിക്കുരിശ് ആശിർവദിച്ച് സ്ഥാപിക്കുകയുണ്ടായി. ഇടവകകളിൽ നിന്നായി 500 ൽ പരം ആളുകൾ പ്രസ്തുത കർമത്തിൽ സംബന്ധിക്കുകയുണ്ടായി. ഫാദർ ജോർജ് കുറ്റിയിൽ, ഫാദർ പീലിപ്പോസ് മേടയിൽ ഇവർ പ്രസംഗിച്ചു. ഫാദർ സാമുവൽ ശങ്കരത്തിൽ യോഗത്തിൽ സംബന്ധിച്ചിരുന്നു. തുടർന്ന് വഞ്ചിനാടു ബംഗ്ലാവിൽ താമസിച്ചുകൊണ്ട് പുനരൈക്യപരിശ്രമങ്ങൾ നടത്തി. 1952 ഒക്ടോബർ 30-ാം തീയതി തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ ഫാദർ സാലസ് റ്റി.ഒ.സി.ഡി., ഫാദർ എ.ജി. എബ്രഹാം

www.malankaralibrary.com


(മൈലപ്രാ അച്ചൻ) ഇവർ കുമ്പഴ അച്ചനുമൊന്നിച്ച് ചെങ്ങറ മിഷ്യൻ സന്ദർശിച്ച് പുനരൈക്യപരിശ്രമങ്ങൾ ഊർജിതമാക്കി.

ഈ സന്ദർഭത്തിൽ നവംബർ 23-ാം തീയതി കുമ്പഴ ഇടവകക്കാരൻ തോട്ടത്തിൽ കൊച്ച് (കൊച്ചച്ചൻ എന്ന വിളിപേര്) ചെങ്ങറ വച്ച് മരണമടഞ്ഞു. 10 മൈൽ ദൂരമുള്ള കുമ്പഴപള്ളിയിൽ മൃതദേഹം ചുമന്നുകൊണ്ടുവന്ന് സംസ്കരിക്കുകയെന്നത് സാദ്ധ്യമായ ഒരു കാര്യമായിരുന്നില്ല. സഞ്ചാര സൗകര്യങ്ങളോ, വാഹനസൗകര്യമോ ഇല്ലാത്ത കാലം. പോരാഞ്ഞ് തുലാവർഷത്തിലെ കോരിച്ചൊരിയുന്ന മഴയും. ഇന്നത്തെ പോലെ മോർച്ചറി സൗകര്യങ്ങളില്ലാത്ത കാലം. എന്തുചെയ്യും? ചെങ്ങറ തോട്ടത്തിൽ പനങ്ങോട്ടേത്ത് ഉമ്മച്ചൻ മാർ ഈവാനിയോസ് തിരുമേനിക്കു നൽകിയ സ്ഥലത്തെപ്പറ്റി കുമ്പഴ അച്ചന് അറിവുണ്ടായിരുന്നു. ഈ സ്ഥലത്ത് പള്ളിയില്ല. ശവകോട്ടയില്ല ഗത്യന്തരമില്ലാതെ, വേറെ പോംവഴി കാണായ്കയാൽ കുമ്പഴ അച്ചന്റെ നിർദേശ പ്രകാരം, അധികാരികളുടെ അറിവോടെ മൃതശരീരം ചെങ്ങറയുള്ള പ്രസ്തുത വസ്തുവിൽ സംസ്കരിച്ചു. ഫാദർ സാമുവൽ ശങ്കരത്തിലാണ് സംസ്കാരകർമം നടത്തിയത്. ഫാദർ ഗീവറുഗീസ് ചരുവിലേത്ത് സഹകാർമികനായി. സംഭവത്തെ തുടർന്ന് കുമ്പഴ അച്ചൻ തിരുവനന്തപുരത്ത് ഉടനെതന്നെ എത്തി മാർ ഈവാനിയോസ് തിരുമേനിയെ വിവരം അറിയിച്ചു.

നവംബർ 27 ന് ഓർത്തഡോക്സ് സഭയിൽപെട്ട നൈനാൻ ജോൺ ചെങ്ങറ, ഗ്രാമോദ്ധാരണ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ വക ചെങ്ങറ തോട്ടത്തിൽ സ്ഥാപിച്ചിരുന്ന ജി.സി.എസ്.എൽ.പി. സ്കൂളിന് ശവക്കോട്ട, ബാധകമാണെന്നു കാണിച്ച് താലൂക്കിൽ ഹർജി കൊടുത്തു. ടി ഹർജി, റിപ്പോർട്ടിനും മഹസറിനുവേണ്ടി പാർവത്യകാർക്കു കൊടുത്തു.

മറവു ചെയ്ത മൃതശരീരം പുറത്തെടുത്തു മാറ്റണമെന്ന പ്രതിഷേധ സ്വരമുയർന്നു. കുടികിടപ്പുകാരായ തോട്ടം തൊഴിലാളികൾ സംഘം ചേർന്നു. ബഹളമായി. മൃതശരീരം സംസ്കരിച്ചിരിക്കുന്ന ഭൂമി മാർ ഈവാനിയോസ് തിരുമേനിയുടെ സ്വന്തം സ്ഥലമാണെന്ന് അവകാശപ്പെട്ടുകൊണ്ട് കുമ്പഴ അച്ചൻ രംഗത്തെത്തി പോരാട്ടം ആരംഭിച്ചു. സംഘർഷം നിറഞ്ഞ അന്തരീക്ഷം സംജാതമായി. ബഹളം ശമിക്കുന്നില്ല എന്നു മനസിലാക്കിയ അച്ചൻ മാർ ഈവാനിയോസ് തിരുമേനിയെ വിവരമറിയിച്ചു. അഭിവന്ദ്യ തിരുമേനി നല്ല സുഖമില്ലാതെയിരിക്കുന്ന അവസരം. തിരുമേനി ഒരു ടെലഗ്രാം കൊടുത്തു.

'ചെലവുകൾ എന്തും വരട്ടെ,

കാര്യം വിജയിക്കണം' എന്നതായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം.

www.malankaralibrary.com


ഈ പ്രശ്നത്തിനു പരിഹാരമെന്ത്? കുമ്പഴ അച്ചൻ ധീരമായി എതിരിടാൻ തയ്യാറായി. ഈ പ്രശ്നപരിഹാരമായി അവിടെ ഒരു ആരാധനാലയം ഉടനെ ഉണ്ടാകണം. അച്ചൻ കാർ പിടിച്ച് തന്റെ ഓരോ ഇടവകയിലും പോയി വിവരമറിയിച്ചു. സമീപ ഇടവകകളിൽ നിന്നും സാധിക്കുന്ന ഇടവകക്കാർ എല്ലാവരും അന്നു വൈകിട്ട് ചെങ്ങറ എത്തണമെന്ന് നിർദേശിച്ചു. കാര്യത്തിന്റെ ഗൗരവം ഗ്രഹിച്ച വിശ്വാസികൾ കുമ്പഴ, വടക്കുപുറം, ആഞ്ഞിലികുന്ന്, കാർമല തുടങ്ങിയ ഇടവകകളിൽ നിന്ന് മുള, ഈറ, കയർ, നാര്, പുല്ല് താൽക്കാലികമായ ഷെഡ് നിർമിക്കാൻ വേണ്ട സാധന സാമഗ്രികൾ, പണി ആയുധങ്ങൾ എല്ലാം ശേഖരിച്ച് ചെങ്ങറയെത്തി. രാത്രി ക്യാമ്പു ചെയ്തു. ശവസംസ്കാരം നടത്തിയ സ്ഥലത്ത് ഒരേക്കറിൽ ഉണ്ടായിരുന്ന കാടു വെട്ടിത്തെളിച്ച് കല്ലു പാകി തറ നിരപ്പാക്കി മണ്ണിട്ട് ഉറപ്പിച്ച് അടിത്തറ കെട്ടി ഉയർത്തി ഒരു ചാപ്പൽ ഒരു രാത്രികൊണ്ടു പണിതുയർത്തുന്നതിനുള്ള ഭഗീരഥ പ്രയത്നം.

ഒരു കൂട്ടർ മരങ്ങൾ വെട്ടിമുറിക്കുന്നു. ചിലർ കഴകൾ ശേഖരിക്കുന്നു. മറ്റു ചിലർ കാടു തെളിക്കുന്നു. ചിലർ ഈറ, മുള ഇവ ശേഖരിക്കുന്നു. രാത്രിയിൽ പണി ചെയ്യുന്നതിന് വെട്ടം പോരാ. ഗ്യാസ് ലൈറ്റുകൾ പലതും തെളിച്ചു. വെട്ടം കിട്ടാനായി കാട്ടു കമ്പുകൾ മുറിച്ച് തീയിട്ട് ആഴിയുണ്ടാക്കി. കുമ്പഴ സ്വന്തം വീട്ടിൽ നിന്നും നീണ്ട ഉത്തരവും ചെറുതടികളും കൊണ്ടുവന്നിരുന്നതും കാട്ടുകമ്പുകളും കഴകളുമുപയോഗിച്ച് ലളിതമായ രീതിയിൽ ഒരു ചാപ്പൽ നിർമിക്കയാണ് കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ. ഫാദർ ഗീവറുഗീസ് ചരുവിലേത്ത് (പന്തളത്തച്ചൻ) ഫാദർ സാമുവൽ ശങ്കരത്തിൽ (മുത്തച്ചൻ) ഇവരും കൂടെയുണ്ട്.

ഇതിനിടെ മറുപക്ഷക്കാർ വന്നു. "ആരെടാ അവിടെ" എന്ന് ആക്രോശിച്ചുകൊണ്ട്. കുമ്പഴ അച്ചന്റെ ഗംഭീരസ്വരം മുഴങ്ങി. "ഞാനെടാ, – എടുക്കെടാ തോക്ക്. വെക്കടാ വെടി" ബഹളക്കാർ പേടിച്ചു പമ്പ കടന്നു.

ജോലി തുടർന്നു. അദ്ധ്വാനിക്കുന്നവർക്കെല്ലാം കരിപ്പെട്ടി കാപ്പിയും, കഴിക്കാൻ കപ്പയും, ഏത്തക്കുല വെട്ടിപ്പുഴുങ്ങിയതും നൽകി. രാത്രി മുഴുവൻ കഠിനാദ്ധ്വാനം ചെയ്ത് ചാപ്പൽ ഒരു വിധം പൂർത്തിയാക്കി. വെളുപ്പിന് കുറെപ്പേർ പിരിഞ്ഞുപോയി. നേരം വെളുത്തപ്പോഴേക്കും പുരമേച്ചിൽ നടന്നു. പുല്ലുമേഞ്ഞ ചാപ്പൽ പണി പൂർത്തിയാക്കി. പുല്ലുമേഞ്ഞ കൂടാരം, പനമ്പു തട്ടി വച്ച് മറച്ച് ആരാധനയ്ക്ക് അൾത്താര ഒരുക്കി സജ്ജമാക്കി.

"ഇനിയും ആരും ഒന്നും ചെയ്യേണ്ട എന്നുപറഞ്ഞു അഞ്ചെട്ടാളുകളെ അവിടെ നിർത്തിയിട്ട് ബാക്കി ഉള്ളവരെ പിരിച്ചയച്ചു. മറുപക്ഷത്തിന്റെ രോഷം ആളികത്തി. കുമ്പഴ അച്ചനെ വെടി വയ്ക്കുമെന്നുള്ള ഭീഷണി

www.malankaralibrary.com


ഉയർന്നു. സ്റ്റേ ഓർഡറും ആയി ആൾ എത്തി. പോലീസ് വന്നു. മാർ ഈവാനിയോസ് പിതാവിനു നൽകിയിരുന്ന ഒരേക്കർ സ്ഥലം അളന്നു തിട്ടപ്പെടുത്തി, അങ്ങനെ പള്ളിക്കുള്ള സ്ഥലം സ്വന്തമാക്കി പ്രശ്നങ്ങൾ പരിഹരിച്ചു. പോലീസ് പ്രൊട്ടക്ഷനോടെ പ്രവർത്തനങ്ങൾ തുടർന്നു.

## സെന്റ് തോമസ് ശതാബ്ദി ആഘോഷം ചെങ്ങറയിൽ

എ.ഡി. 52 ൽ ആണല്ലോ വി. മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നത്. 1900 വർഷം പിന്നിട്ടതിന്റെ സെന്റ് തോമസ് ശതാബ്ദി ആഘോഷം 1952 ഡിസംബർ മാസത്തിൽ പത്തനംതിട്ട ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ചെങ്ങറ കേന്ദ്രമാക്കി വമ്പിച്ച സന്നാഹങ്ങളോടെ നടത്തുന്നതിന് കളമൊരുക്കി. 1952 ഡിസംബർ 4 മുതൽ 7 വരെയുള്ള തീയതികളിൽ ആഘോഷങ്ങൾ അരങ്ങേറി.

1952 ഡിസംബർ 4-ാം തീയതി വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ ചെങ്ങറ എത്തുകയും പുതിയ ചാപ്പൽ കൂദാശ ചെയ്യുകയും ആഘോഷമായി ദിവ്യബലി അർപ്പിക്കുകയും ചെയ്തു. മലങ്കര കത്തോലിക്കാ കൂട്ടായ്മയിലുള്ള വിവിധ ഇടവകകളിൽ നിന്നും വിശ്വാസികൾ കൂട്ടം കൂട്ടമായി ഈ ഉൾപ്രദേശത്ത് എത്തിച്ചേർന്ന് ജൂബിലി ആഘോഷത്തിൽ പങ്കുകൊണ്ടു. കത്തോലിക്കരായിട്ടുള്ള എല്ലാവർക്കും ഇത് സന്തോഷത്തിന്റെയും ഐക്യത്തിന്റേതുമായ ഒരു ഉത്സവമായിരുന്നു. തുടർന്ന് 3 ദിവസം പ്രസംഗയോഗം നടന്നു. മലയോരത്ത് ഇദംപ്രഥമമായി നടത്തിയ ഉച്ചഭാഷിണിയിൽ കൂടെയുള്ള പ്രസംഗങ്ങൾ നാടിനെ പ്രകമ്പനം കൊള്ളിച്ചു. മുൻസിഫ് കോർട്ടിലെ നിരോധനം ലംഘിച്ച് പ്രസംഗങ്ങൾ നടത്തി. ഡിസംബർ 7-ാം തീയതി ചെങ്ങറ 10 കുടുംബങ്ങളെ കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുകയും കൃതജ്ഞതാബലി അർപ്പിക്കുകയും ശതാബ്ദി ആഘോഷത്തിന്റെ സമാപനസമ്മേളനം വിജയപ്രദമായി നടത്തുകയും ചെയ്തു. സെന്റ് തോമസ് ജൂബിലി ആഘോഷത്തോടെ ചെങ്ങറയിലെ ബഹളം ശമിച്ചു. പോരാട്ടം വിജയിച്ചു.

തുടർന്ന് ഫാദർ പീലിപ്പോസ് മേടയിൽ മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിക്കാനായി തിരുവനന്തപുരത്തെത്തി. കണ്ട മാത്രയിൽ മാർ ഈവാനിയോസ് തിരുമേനി അച്ചനെ കെട്ടിപ്പിടിച്ച് ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു "തന്നെ വെടിവച്ചു എന്നുവരെ കേട്ടല്ലോ."

അക്കൗണ്ട്സും റിപ്പോർട്ടും സമർപ്പിച്ചുകൊണ്ട് ക്ഷീണിതനായ കുമ്പഴ അച്ചൻ പറഞ്ഞു. "വന്ദ്യപിതാവേ! എന്റെ വാളും പരിചയും അങ്ങേ മുമ്പിൽ വയ്ക്കുന്നു." - ചെങ്ങറ കേസ് തുടർന്നു നടത്തേണ്ടി വന്നു.

www.malankaralibrary.com


അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് 1953 ജൂലൈ 15 ന് ദിവംഗതനായി. 1953 ആഗസ്റ്റ് 31–ാം തീയതി അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ അടിയന്തിരം, മൂന്നുമ്മേൽ കുർബാന ഇവ കബർ സ്ഥിതി ചെയ്യുന്ന പട്ടം കത്തീഡ്രലിൽ വച്ച് നടന്നു. അത്ഭുതമെന്നു പറയട്ടെ, അന്നേദിവസമാണ് ചെങ്ങറ കേസ് രാജിയായത്.

മാർ ഈവാനിയോസ് തിരുമേനിയുടെ കാലത്ത് 1953 ൽ തന്നെ ഒരു ചെറിയ ദേവാലയം ചെങ്ങറയിൽ പുല്ലുമേഞ്ഞ ചാപ്പൽ സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് ഒരേക്കർ വസ്തുവിൽ സ്ഥാപിക്കുകയും വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ആയത് കൂദാശ ചെയ്യുകയും ചെയ്തിരുന്നു.

1972 ൽ ജി.സി.എസ്.എൽ.പി. സ്കൂളിനു സമീപം ഒരു പുതിയ പള്ളി ആരംഭിക്കുന്നതുവരെ മേൽപറഞ്ഞ ചെറിയ പള്ളിയിലാണ് ആരാധന നടത്തിയിരുന്നത്. 1972 ൽ ബ. തോമസ് നെരിയാട്ടിലച്ചന്റെ കാലത്ത് പുതിയ പള്ളിയുടെ നിർമാണം ആരംഭിക്കുകയും ഫാദർ ജോസഫ് വടക്കേക്കൂറ്റച്ചന്റെ കാലത്ത് പണി പൂർത്തിയാക്കുകയും ചെയ്തു. 1973 ൽ മാർ ഗ്രിഗോറിയോസ് തിരുമേനിയാണ് അതിന്റെയും കൂദാശാ കർമം നിർവഹിച്ചത്. ആലീസ് മക്മോഹൻ എന്ന ഐറിഷ് വനിത സെന്റ് പാട്രിക്കിന്റെ നാമത്തിൽ ഒരു ദേവാലയം നിർമിക്കുന്നതിനു നൽകിയ സംഭാവനമൂലമാണ് ഈ പള്ളി നിർമിക്കാൻ ഇടയായത്. ഇക്കാരണത്താൽ പുതിയ ദേവാലയം ഐർലന്റിന്റെ മദ്ധ്യസ്ഥനായ സെന്റ് പാട്രിക്കിന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെട്ടു.

തോമസ് പുതുപ്പറമ്പിലച്ചന്റെ കാലത്ത് ചെങ്ങറ പള്ളി, പുനർനിർമാണം നടത്തി. ഇപ്പോൾ ഇടവകയിൽ 53 കുടുംബങ്ങളുണ്ട്. ഫാദർ കോശിചിറയത്ത് വികാരിയായി സേവനമനുഷ്ഠിക്കുന്നു.

### ഇടവകയിൽ നിന്നും ദൈവവിളി ലഭിച്ചവർ:-

ഫാദേഴ്സ് : ജോസഫ് പുത്തൻകളം, ആന്റോ കണ്ണൻകുളം, നോബിൾ ഒ.ഐ.സി. കണ്ണൻകുളം, അജി താന്നിമൂട്ടിൽ, ജോൺ അച്ചുതപ്പറമ്പിൽ.

സിസ്റ്റേഴ്സ്: പൂർണിമ ഡി.എം., കൊങ്ങിണിക്കുന്നേൽ, ഷാരോൺ അഗസ്റ്റിൻ ഡി.എം. കുഴിക്കാം തടത്തിൽ, ചൈതന്യ ഫ്രാൻസിസ് ഡി.എം., ഇലവിനാൽ.

www.malankaralibrary.com

## സെന്റ് പീയുസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി കൂടൽ

പുത്തൻകൂർ വിഭാഗത്തിൽപ്പെട്ട ഏതാനും ക്രൈസ്തവ കുടുംബങ്ങൾ, കലഞ്ഞൂർ, കൂടൽ പ്രദേശങ്ങളിൽ ഏകദേശം 150 വർഷങ്ങൾക്കു മുമ്പ് കുടിയേറി പാർത്തിരുന്നു. ഇവർക്ക് ആരാധനയ്ക്കായി പള്ളികളൊന്നും ഈ പ്രദേശത്തുണ്ടായിരുന്നില്ല. കാടുകയറി വളർന്നു വിജനമായിക്കിടന്ന ഈ പ്രദേശത്തു നിന്നും ആരാധനയ്ക്കായി നമ്മുടെ പൂർവികർ ഗതാഗത സൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ലാതിരുന്ന അക്കാലത്ത് മൈലുകൾ കാൽനടയായി സഞ്ചരിച്ച് കടമ്പനാട്ടും, അടൂരും, കണ്ണങ്കോട്ടു പള്ളിയിലും പോയി ആരാധനയിൽ പങ്കുകൊണ്ടിരുന്നു – കലഞ്ഞൂരിൽ 1892 നുശേഷം നിർമിച്ച സെന്റ് ജോർജ്ജു ഓർത്തഡോക്സ് വലിയപള്ളിയാണ് ഈ പ്രദേശത്തെ ആദ്യ ക്രൈസ്തവകൂട്ടായ്മ.

1930 സെപ്തംബർ 20 ന് നടന്ന മഹത്സംഭവമായിരുന്നല്ലൊ മാർ ഈവാനിയോസ് തിരുമേനിയുടെ കത്തോലിക്കാപുനരൈക്യം. കാറും കോളും നിറഞ്ഞ സഭാന്തരീക്ഷത്തിൽ നിന്നും സമാധാനത്തിന്റെ പാതയിലേക്കു കടന്നുവരുന്നതിന് പലരും വാഞ്ചിച്ചു. പുനരൈക്യത്തിനായി ആഗ്രഹിച്ചിരുന്ന പല ക്രിസ്തീയ കുടുംബങ്ങളും ഇവിടെ ഉണ്ടായിരുന്നു. 1936 മുതലാണ് ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ) വിവിധ ക്രൈസ്തവ വിഭാഗക്കാർ വസിച്ചിരുന്ന ഈ പ്രദേശത്തേക്കു പുനരൈക്യ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചത്. മുപ്പതോളം വീട്ടുകാർ പുനരൈക്യപ്പെടുവാൻ ഉണ്ടെന്നും കൂടലിൽ ഒരു മിഷ്യൻ ഉടനെ ആരംഭിക്കണമെന്നും കാണിച്ച് മാർ ഈവാനിയോസ് തിരുമേനിക്ക് അപേക്ഷ നൽകി. സെപ്തംബർ 26 ന് കൂടൽ മിഷ്യൻ തുടങ്ങാൻ അനുവദിച്ച് കല്പന കിട്ടി. കൂടൽ വസ്തുവിന്റെ ആധാരമെഴുതാൻ രൂപ നൽകാമെന്ന് മാർ ഈവാനിയോസ് പിതാവ് സമ്മതിച്ചു. ഒക്ടോബർ 16 ന് വസ്തുവിന് 250 രൂ. ഉറപ്പിച്ചു. ആധാരചെലവ് 5 രൂ. ഡയറി കുറിപ്പിൽ നിന്നുള്ള വിവരങ്ങളാണിവ. 1947 ഡിസംബർ 22 ന് റമ്പാച്ചന്റെ കല്പന അനുസരിച്ച് വീണ്ടും കൂടൽ സ്ഥലം നോക്കാൻ പോയതായും

www.malankaralibrary.com


രാത്രി അവിടെ പാർത്ത് പുനരൈക്യശ്രമങ്ങൾ നടത്തിയതായും 1947 ഡിസംബർ 23 ന് കൂടലിലെ സ്ഥലം വീണ്ടും കാണുകയും, കല്ലേലിൽ വന്ന് രാത്രി പാർക്കുകയും ചെയ്തതായും. 1948 ഏപ്രിൽ മാസത്തിൽ കൂടലിൽ പോയി കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നതായും. വൈദികർ ഇല്ലാതിരുന്ന വേളയിൽ കുമ്പഴ അച്ചൻ ഇടയ്ക്കിടെ കൂടലിൽ പോകുകയും മിഷ്യൻ പ്രവർത്തനം നടത്തുകയും വി. കുർബാന ചൊല്ലുകയും ചെയ്തിരുന്നു എന്നും ഡയറികുറിപ്പുകളിൽ നിന്നും മനസിലാകുന്നു.

കൂടൽ പ്രദേശത്ത്, മാർ ഈവാനിയോസ് തിരുമേനിയുടെ കാലത്ത് തുടങ്ങി വച്ച പുനരൈക്യപ്രവർത്തനങ്ങൾ കൂടുതൽ ശക്തിയാർജിച്ചു വളർന്നത് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കാലത്താണ്. കൂടലിലെ ഈപ്പച്ചൻ മുതലാളിയുടെ കാര്യസ്ഥനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ചാർച്ചക്കാരൻ "ശമ്മിച്ചായൻ" എന്നറിയപ്പെട്ടിരുന്ന ശങ്കുപറമ്പിൽ ശ്രീമാൻ ജി. സാമുവേലിന്റെ നേതൃത്വത്തിൽ ഏതാനുംപേർ മാർ ഗ്രിഗോറിയോസ് തിരുമേനിയെ കണ്ട് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുന്നതിനുള്ള ആഗ്രഹം അറിയിച്ചു. മാർ ഗ്രിഗോറിയോസ് തിരുമേനി 1954 ജൂൺ 4-ാം തീയതി കൂടലിൽ എത്തി. ഈപ്പച്ചൻ മുതലാളിയുടെ ഭവനത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. അവിടെവച്ച് അഭിവന്ദ്യ പിതാവ് 'കത്തോലിക്കാവിശ്വാസം,' 'പുനരൈക്യം', എന്നീ വിഷയങ്ങളെപ്പറ്റി സാരവത്തായ പ്രസംഗം ചെയ്തു. തുടർന്ന് അവിടെ വച്ചുതന്നെ സർവശ്രീ കെ.വി. ജോർജ്ജ് കൊച്ചുവിളയിൽ, ശാമുവൽ ശങ്കുപറമ്പിൽ, സി.എം. വർഗീസ് ആലക്കോട്ട്, അബ്രഹാം ഉറാംതടത്തിൽ, ദാനിയേൽ വലിയകോണത്ത്, മത്തായി മാരോട്ടിമൂട്ടിൽ, പള്ളിക്കൽ പാപ്പി എന്നിവർ പുനരൈക്യപ്പെട്ടു. പിന്നീട് അവരുടെ കുടുംബങ്ങളും.

1954 ജൂൺ മാസത്തിൽ ഇടവകയ്ക്കുവേണ്ടി ഒരു കെട്ടിടത്തോടുകൂടി 2 ഏക്കർ 83 സെന്റ് സ്ഥലം വാങ്ങി. കെട്ടിടത്തിന്റെ ഒരു ഭാഗം ചാപ്പലായി ക്രമീകരിച്ച് വി. പത്താംപീയൂസിന്റെ നാമത്തിൽ കൂദാശ ചെയ്തു. വി. കുർബാനയും മറ്റു ദിവ്യകർമങ്ങളും അവിടെ നടത്തിവന്നു.

വന്ദ്യ ഗീവറുഗീസ് ചുട്ടിവട്ടത്തച്ചൻ 1962 ഒക്ടോബറിൽ മലങ്കര യാക്കോബായ സഭയിൽ നിന്നും 92 വീട്ടുകാരുമൊരുമിച്ചു പുനരൈക്യപ്പെട്ട ചരിത്രസംഭവം ആ പ്രദേശത്ത് വലിയ കോളിളക്കം സൃഷ്ടിച്ചു. പുനരൈക്യപ്പെട്ടവർ ആരംഭത്തിൽ ചുട്ടി വട്ടത്ത് ചാപ്പൽ സ്ഥാപിച്ച് ആരാധന നടത്തിവന്നു. 1975 ൽ ഇതിൽ കുറെ കുടുംബങ്ങൾ മുറിഞ്ഞകൽ, നെടുമൺകാവ് ഇടവകകളിലും മറ്റുള്ളവർ ചുട്ടിവട്ടത്തച്ചന്റെ നേതൃത്വത്തിൽ കൂടൽ മലങ്കര കത്തോലിക്കാപള്ളിയിലും ഇടവകക്കാരിയായിത്തീർന്നു -

www.malankaralibrary.com


ഈ ഇടവകയുടെ പ്രഥമവികാരി ജോസഫ് വാഴപ്പിള്ളേത്തച്ചനായിരുന്നു. തുടർന്ന് ഫാദർ ജോഷ്വാ കുന്നത്തേത്ത്, ഫാദർ തോമസ് അയിരൂകുഴിയിൽ, ഫാദർ സിറിയക് മണവാളൻ എന്നിവർ ഇടവകയെ നയിച്ചു. ഫാദർ ലൂക്കോസ് മാക്കീലിന്റെ കാലത്താണ് 1975 ൽ ഇന്നു കാണുന്ന ദേവാലയ ത്തിന്റെ പണി ആരംഭിച്ചത്. പുതിയ ദേവാലയത്തിന്റെ കൂദാശ മാർ ഗ്രിഗോ റിയോസ് പിതാവ് നിർവഹിക്കുകയുണ്ടായി. തുടർന്ന് സേവനമനുഷ്ടിച്ച വന്ദ്യവൈദികർ ഫാദേഴ്സ്: അഗസ്റ്റിൻ മംഗലത്ത് ജോസഫ് വടക്കേക്കൂറ്റ്, ഇടിക്കുള പാണ്ടിയത്ത്, മാത്യു വാഴപ്പിള്ളേത്ത്, തോമസ് കാക്കനാട്ട്, ഗീവ റുഗീസ് പെരുമല തുടങ്ങിയവരാണ്. ഇടവകയിൽ നിന്നും പൗരോഹിത്യം സ്വീകരിക്കുകയും തിരുവനന്തപുരം അതിരൂപതയിൽ സേവനം അനുഷ്ഠി ക്കുകയും ചെയ്യുന്ന ഫാദർ ജോർജ് തോമസ് കൊച്ചുവിളയിൽ ഈ ഇടവക യുടെ മകനാണ്. കോന്നി വൈദിക ജില്ലയിലെ ഈ കൂട്ടായ്മ ആത്മീയ മായും ഭൗതികമായും വളർന്നു കൊണ്ടിരിക്കുന്നു. ഇതിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി കഠിനാധ്വാനം ചെയ്ത പൂർവപിതാക്കന്മാരുടെയും വന്ദ്യവൈദികരുടെയും സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി! വിശുദ്ധ പത്താം പീയൂസിന്റെ "തിരുശേഷിപ്പ്" പ്രതിഷ്ഠിച്ചിരിക്കുന്ന പത്തനംതിട്ട രൂപതയിലെ ഏകദേവാലയമാണ് കൂടലിലുള്ള സെന്റ് പീയൂസ് മലങ്കര സുറി യാനി കത്തോലിക്കാപള്ളി. ഇപ്പോഴത്തെ ഇടവക വികാരി ഫാദർ ജോമോൻ ചിറയത്ത് ആണ്. ഈ ഇടവകയിൽ ഇപ്പോൾ 104 കുടുംബങ്ങളുണ്ട്.

www.malankaralibrary.com

## സെന്റ് ബനഡിക്റ്റ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി കോന്നിത്താഴം

അച്ചൻ കോവിലാറിന്റെ തീരത്ത് മലയോര ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന സെന്റ് ബനഡിക്ട് ദേവാലയം, മുരിങ്ങമംഗലം ജംഗ്ഷനുസമീപം റോഡരികിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

നാനൂറു വർഷങ്ങൾക്കു മുമ്പ് കോന്നി കിഴക്കൻ മേഖലയിൽ കുടിയേറി പാർത്ത ഏതാനും നസ്രാണി കുടുംബങ്ങളിൽ പ്രമുഖ കുടുംബങ്ങളായിരുന്നു തെക്കിനേത്ത്, കൂത്തനേത്ത്, ഇടയത്ത്, ഇല്ലിരിക്കൽ, കോയിക്കൽ, മുരുപ്പേൽ, കുമ്പുക്കാട്ട് തുടങ്ങിയവ. പിൽക്കാലത്ത് ഈ കുടുംബക്കാർ യാക്കോബായ ഓർത്തഡോക്സ് സഭാ വിഭാഗങ്ങളിലായി കഴിഞ്ഞിരുന്നു.

1104 ൽ കോന്നിത്താഴത്തു താമസിച്ചിരുന്ന ഇടയത്തുകുടുംബത്തിലെ ഏല്യാമ്മ എന്ന പേരുള്ള മാതാവ് തന്റെ പേരിലുള്ള 34 സെന്റ് വസ്തു ഓർത്തഡോക്സ് സഭാവിഭാഗക്കാർക്ക് ഒരു സ്കൂൾ സ്ഥാപിക്കുന്നതിലേക്ക് സംഭാവനയായി നൽകി. ഓർത്തഡോക്സ് പള്ളി വകയായി ഒരു കുരിശും അവിടെ സ്ഥാപിച്ചിരുന്നു. മലങ്കര സഭാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ വട്ടശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ അനുമതിയോടുകൂടി സമുദായം വക ഒരു സ്കൂൾ ബഥനി മെത്രാപ്പോലീത്താ, മാർ ഈവാനിയോസ് തിരുമേനി അവിടെ സ്ഥാപിച്ചു നടത്തിവന്നു. ഇടയത്തു കുടുംബത്തിന്റെ എതിർവശത്തായി സ്ഥാപിച്ചിരുന്ന ഈ വിദ്യാലയം 'ഇടയത്തുപള്ളിക്കൂടം', എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

1930 ൽ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടതിനെ തുടർന്ന് അദ്ദേഹം സ്ഥാപിച്ച സ്കൂൾ, മാർ ഈവാനിയോസ് തിരുമേനിക്കു വിട്ടുകൊടുക്കാൻ സമുദായം തയ്യാറായില്ല. എന്നുമാത്രമല്ല മാർ ഈവാനിയോസ് തിരുമേനിക്കെതിരെ കേസ് ഫയൽ ചെയ്യുകയും ചെയ്തു. രാജാവിന്റെ പ്രത്യേകാനുമതിയോടെയും അംഗീകാരത്തോടെയും മാർ ഈവാനിയോസ് മെത്രാപ്പോലീത്ത ആരംഭിച്ച സ്കൂൾ

www.malankaralibrary.com


നഷ്ടമായതിൽ മാർ ഈവാനിയോസ് തിരുമേനിക്കും പുനരൈക്യപ്പെട്ട കത്തോലിക്കാ വിശ്വാസികൾക്കും വളരെ വിഷമമായി. കേസ് നടന്നുവരവേ, അടുത്തുള്ള തുണ്ടിയത്തു പുരയിടം അതിരൂപതയ്ക്കു വേണ്ടി മാർ ഈവാനിയോസ് തിരുമേനി വിലയ്ക്കു വാങ്ങി. തന്റെ പേരിൽ എം.എസ്.സി., എൽ.പി. സ്കൂൾ അവിടെ സ്ഥാപിച്ച് പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കി. സ്കൂളിന്റെ വികസനത്തിനായി എൽ.പി. സ്കൂളിന്റെ പിറകിലുണ്ടായിരുന്ന ഈറാട്ടു കോയിക്കൽ പുരയിടം മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി വാങ്ങുകയുണ്ടായി. സമുദായം വകയായി ഉണ്ടായിരുന്ന സ്കൂൾ ജീർണിച്ചു നിലം പരിശായിപ്പോയി.

കോന്നി, ആനക്കൂടിനുസമീപം ഒരു മലങ്കര കത്തോലിക്കാപള്ളി 1934 ൽ സ്ഥാപിതമായി. കുമ്പഴ അച്ചന്റെ സർവശ്രദ്ധയും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ച മാത്രമായിരുന്നു. കാർമലയും വടക്കുപുറത്തും, വകയാറും മലങ്കര കത്തോലിക്കാ ഇടവകകൾ രൂപം കൊണ്ടു. കോന്നിത്താഴത്ത് ഒരു പള്ളി ഉടനെ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കരഗതമായില്ല. കാർമല പള്ളി സ്ഥാപിതമാകുന്നതിനു മുമ്പ് കോന്നിയിൽ, അച്ചൻകോവിലാറിനു കിഴക്ക് പയ്യനാമണ്ണിനു സമീപം പത്തലുകുത്തിയിൽ കൂത്തനേത്ത് തോമസ് കുര്യന്റെ വസ്തുവിൽ ഒരു താൽക്കാലിക ചാപ്പൽ മലങ്കര കത്തോലിക്കർക്കായി നിർമിച്ചു. പുനരൈക്യപ്പെട്ട മക്കൾക്കായി കുമ്പഴ അച്ചൻ അവിടെ കുർബാനയും ശുശ്രൂഷകളും നടത്തി വന്നിരുന്നു. പുനരൈക്യത്തിന്റെ പ്രാരംഭകാലത്ത് മാർ ഈവാനിയോസ് തിരുമേനിയോടു സഹകരിച്ചു പ്രവർത്തിച്ചുവന്നിരുന്ന ഒരു കുടുംബമായിരുന്നു കൂത്തനേത്തു കുടുംബം. കോന്നിത്താഴത്ത് ഒരു മലങ്കര കത്തോലിക്കാ പള്ളി സ്ഥാപിക്കണമെന്ന് കൂത്തനേത്ത് മൂലകുടുംബത്തിലെ പിതാവായ കുര്യൻ (കിരിയാൻ) വല്യപ്പൻ മാർ ഈവാനിയോസ് തിരുമേനിയോട് സാദ്ധ്യപ്പെട്ടപേക്ഷിച്ചുകൊണ്ടിരുന്നു. അഭിവന്ദ്യ പിതാവ് കോന്നിയിൽ വരുമ്പോൾ കുപ്പായമണിഞ്ഞ് വി. കുർബാനയ്ക്ക് ശുശ്രൂഷകനായിരുന്നത് ഈ വല്യപ്പച്ചനാണ്. ഇദ്ദേഹം ഒരു വൈദികനാകാൻ ആഗ്രഹിച്ച് സെമിനാരിയിൽ ചേർന്ന ആളായിരുന്നു. പിന്നീട് തിരികെ പോരുകയുണ്ടായി. പിൽക്കാലത്ത് തന്റെ കുടുംബത്തിൽ നിന്നും രണ്ടു കൊച്ചുമക്കളെ സെമിനാരിയിൽ അയയ്ക്കുയുണ്ടായി. കിരിയാനപ്പച്ചന്റെ കൊച്ചുമകനായ തങ്കച്ചന്റെ മകൻ ഫാദർ വറുഗീസ് കൂത്തനേത്ത്, വേറൊരു കൊച്ചുമകനായ ജോർജു കുട്ടിയുടെ മകൻ ഫാദർ കുര്യാക്കോസ് കൂത്തനേത്ത്. ഇവർ രണ്ടുപേരും, പത്തനംതിട്ട രൂപതയിൽ സേവനമനുഷ്ഠിച്ചു വരുന്ന വന്ദ്യവൈദികരാണ്. വൈദികർ തുലോം വിരളമായിരുന്ന അക്കാലത്ത് പത്തലുകുത്തി ചാപ്പലിൽ ആദ്യകാലത്ത് മലങ്കര

www.malankaralibrary.com


റീത്തിൽ വി. കുർബാന അർപ്പിച്ചിരുന്നത് ഫാദർ പീലിപ്പോസ് മേടയിൽ ആയിരുന്നു. കുമ്പഴ നിന്നും കാൽനടയായി ഇവിടെ എത്തി വി. കുർബാനയും ശുശ്രൂഷകളും നടത്തിയിരുന്നു. ഈ കാലഘട്ടത്തിൽ പത്തലുകുത്തി ചാപ്പലിൽ അംഗമായിരുന്ന ഒരാൾ മരിക്കുകയും അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിക്കുന്നതിന് സെമിത്തേരി ഇല്ലാതിരുന്നതിനാൽ പയ്യനാമൺ ചാപ്പലിനോടു ചേർന്ന സ്ഥലത്ത് സംസ്കരിക്കുകയും ചെയ്തു. വീണ്ടും ഒരു മൃതദേഹം കൂടി അവിടെ സംസ്കരിക്കാനിടയായി. ഈ സംഭവം പ്രദേശവാസികളിൽ ചിലരുടെ എതിർപ്പിനു കാരണമായി. തർക്കങ്ങൾക്കിടയിൽ ചാപ്പലിന്റെ കുരിശ് തകർക്കപ്പെട്ടു. തുടർന്ന് കേസ് നടത്തേണ്ടി വന്നു. കാർമല പള്ളി സ്ഥാപിതമാകുന്നതിന് മുമ്പ് കൂത്തിനേത്ത് 'കിരിയാൻ വല്യപ്പനും' അമ്മച്ചിയും പരലോകപ്രാപ്തരായി. ഇരുവരെയും സംസ്കരിച്ചിരിക്കുന്നത് 'പയ്യനാമണ്ണിൽ, കുരിശു തകർക്കപ്പെട്ട സ്ഥലത്താണ്.

കുമ്പഴ അച്ചന്റെ പുനരൈക്യത്തിന് മുമ്പ് 1929-ൽ കുമ്പഴ അച്ചന്റെ ഇളയസഹോദരി തങ്കമ്മയെ കോന്നി ഇടയത്ത് തോമസിന്റെ അനുജൻ എബ്രഹാം (അവിറാച്ചൻ) വിവാഹം ചെയ്തിരുന്നു. പുനരൈക്യത്തിന്റെ പ്രാരംഭകാലത്ത് എബ്രാഹമിന്റെ കുടുംബം കുമ്പഴ അച്ചന്റെ സ്വാധീനത്താൽ പുനരൈക്യപ്പെടുകയുണ്ടായി. അവർ 1958 ൽ മലബാറിൽ കുടിയേറി പാർക്കുകയും അവരുടെ മക്കൾ വിവാഹിതരായി ബത്തേരി ഭദ്രാസനത്തിൽ ചെറുപുഴ, തിരുമേനി, മൂലങ്കാവ് തുടങ്ങിയ സ്ഥലങ്ങളിലും തലശേരി രൂപതയിൽ നടുവിൽ, ചെമ്പൻതൊട്ടി തുടങ്ങിയ സ്ഥലങ്ങളിലും വാസമുറപ്പിക്കുകയും ചെയ്തു. ബത്തേരി രൂപതയിൽ സേവനമനുഷ്ഠിക്കുന്ന തിരുമേനി ഇടവകാംഗമായ ഫാദർ സെബാസ്റ്റ്യൻ ഇടയത്ത് കുമ്പഴ അച്ചന്റെ സഹോദരി തങ്കമ്മയുടെ കൊച്ചുമകനാണ്. സഹോദരിയുടെ കൊച്ചുമക്കളിൽ ഒരാളെ തലശേരി രൂപതയിൽ വിവാഹം കഴിപ്പിച്ചു. അവളുടെ മക്കളാണ് ചങ്ങനാശേരി LittleFlower Congregation ൽ സമർപ്പിതരായി സേവനമനുഷ്ഠിക്കുന്ന സിസ്റ്റർ കൃപ, സിസ്റ്റർ അനുഗ്രഹ ഇവർ. ഇടയത്തു കുടുംബവും കൂത്തനേത്തു കുടുംബവും പരസ്പരം യോജിച്ചു പ്രവർത്തിച്ചിരുന്ന ബന്ധു കുടുംബങ്ങളാണ്. കോന്നിത്താഴം കൂത്തനേത്ത് മൂലകുടുംബത്തിലെ പിതാമഹനായിരുന്നു ശ്രീമാൻ കുര്യൻ. ഇദ്ദേഹത്തിന്റെ മക്കൾ ഗീവറുഗീസ് കുര്യൻ, തോമസ് കുര്യൻ, അവറാച്ചൻ. ശ്രീമാൻ കിരിയാൻ വല്യപ്പച്ചന്റെ സഹധർമ്മിണി ഗീവറുഗീസ് പീടികയിലച്ചന്റെ സഹോദരിയായിരുന്നു.

കാർമലപ്പള്ളി 1947 ൽ കൂദാശ ചെയ്തതിനെ തുടർന്ന് കുമ്പഴ അച്ചന്റെ നേതൃത്വത്തിൽ അവിടെ മുടങ്ങാതെ വി. കുർബാന നടത്തിയിരുന്നു. ആകയാൽ കൂത്തനേത്തുകുടുംബക്കാർ അവിടെ ഇടവകാംഗങ്ങളായി

www.malankaralibrary.com


ചേർന്നു. തുടർന്ന് കോന്നിത്താഴത്തുള്ള പല കുടുംബക്കാരും അവിടെ അംഗങ്ങളായി ചേരുന്നതിനിടയായി. 1939 ഏപ്രിൽ 18-ാം തീയതി കോന്നിത്താഴം ശവക്കോട്ട എഴുതിച്ചതായും, 1942 മാർച്ചു മാസത്തിൽ കോന്നിത്താഴം സ്കൂൾ സന്ദർശനം നടത്തിയതായും, സ്കൂൾവസ്തു, ശവക്കോട്ടവസ്തു ഇവ ലേലം ചെയ്തു പാട്ടച്ചീട്ടു വാങ്ങിയതായും കുമ്പഴ അച്ചന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു മലങ്കര സുറിയാനി കത്തോലിക്കാ പള്ളി, കോന്നിത്താഴം കേന്ദ്രമാക്കി സ്ഥാപിക്കാനിടയായത് കൂത്തനേത്ത് കുടുംബക്കാരുടെ പരിശ്രമഫലമായിട്ടാണ്. മാർ ഈവാനിയോസ് പിതാവിന്റെ കാലത്ത് കൂത്തനേത്ത് കാരണവരുടെ അഭ്യർഥനയനുസരിച്ച് മാർ ഈവാനിയോസ് പിതാവ് ഗീവറുഗീസിനോട്, ഒരുപള്ളി കോന്നിത്താഴത്തു സ്ഥാപിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അതിനു മുന്നോടിയായി കോന്നിത്താഴം സ്കൂൾ കെട്ടിടത്തിൽ വി. കുർബാനയും ശുശ്രൂഷകളും നടത്തിത്തുടങ്ങിയിരുന്നു. പിന്നീട് പള്ളിയാരാധന നടത്താൻ കിഴക്കു പടിഞ്ഞാറായി സ്കൂളിനോടു ചേർന്ന് ഒരു കെട്ടിടം നിർമിച്ചു. ഈ പ്രദേശത്തുനിന്നും കാർമലപള്ളിയിലെ അംഗങ്ങളായി പോയ കുടുംബാംഗങ്ങൾ സ്കൂൾ കെട്ടിടത്തിൽ ചാപ്പൽ രൂപീകൃതമായപ്പോൾ കോന്നിത്താഴം ഇടവകയിലേക്കുതന്നെ തിരികെ വരികയുണ്ടായി. കോന്നിത്താഴത്തു തിരിച്ചെത്തിയ കുടുംബങ്ങൾ:-

1. കൂത്തനേത്ത് കുര്യൻ ഏബ്രാഹവും കുടുംബവും
2. കൂത്തനേത്ത് മണ്ണിൽ വറുഗീസും കുടുംബവും
3. കൂത്തനേത്തു തോമസ് കുര്യനും കുടുംബവും
4. വല്യതെക്കേതിൽ വറുഗീസും കുടുംബവും
5. കുമ്പുക്കാട്ടു തോമസും കുടുംബവും
6. ആമ്പശേരിൽ ദാനിയേലും കുടുംബവും
7. കോഴികുന്നത്ത് ഈപ്പൻവറുഗീസും കുടുംബവും
8. പാറത്തുണ്ടിൽ തോമസും കുടുംബവും
9. കേളച്ചിനേത്ത് വറുഗീസും കുടുംബവും

കുമ്പഴ അച്ചനെ തുടർന്ന് ഗീവറുഗീസ് ചരുവിലേത്തച്ചൻ കോന്നിത്താഴം ഇടവകയുടെ വികാരിയായി വരികയും സ്കൂൾ കെട്ടിടത്തിൽ വി. കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. 1943 ലും 1947 ലും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർ ഈവാനിയോസ് തിരുമേനി. കോന്നിയിൽ വന്നു താമസിക്കുകയും ഇടവക സന്ദർശനം നടത്തുകയും ചെയ്തു. ഇടവകമക്കളെ ഒന്നിച്ചു ചേർത്ത് വിശ്വാസസംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുകയും ആത്മിയോൽക്കർഷത്തിനു വേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തു.

www.malankaralibrary.com


1958 ൽ കോന്നിത്താഴം M.S.C. L.P.S ൽ വച്ചായിരുന്നു വി. കുർബാനയും, സണ്ടേസ്കൂളും മറ്റു മീറ്റിംഗുകളും നടത്തിവന്നിരുന്നത്. ഫാദർ ലൂക്കോസ് മാക്കിൽ കോന്നിത്താഴം ഇടവകയുടെ പുരോഗതിയിൽ വളരെ താല്പര്യമെടുക്കുകയും 1961 ൽ 39 കുടുംബങ്ങളുള്ള ഒരു കൂട്ടായ്മയായി ഇതു വികസിക്കുകയും ചെയ്തു.

1966 ൽ ഫാദർ മാത്യു പൊന്മേലിൽ ഇടവക വികാരിയായിരിക്കുമ്പോൾ ഒരു പുതിയ ദേവാലയം പണിയുന്നതിന് ആരംഭം കുറിച്ചു. 1970 ആഗസ്റ്റ് 27 ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത സെന്റ് ബെനഡിക്ട് പുണ്യവാന്റെ നാമത്തിൽ, പണി പൂർത്തിയായ ദേവാലയം കൂദാശ ചെയ്യുകയുണ്ടായി. 2009 ൽ ഫാദർ വിൽസൺ ചരുവിളയുടെ കാലത്ത് ചാങ്കൂർ ജംഗ്ഷനിൽ അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. യൂദാശ്ലീഹായുടെ നാമത്തിൽ ഒരു കുരിശടി സ്ഥാപിതമായി. 2009 ഫെബ്രുവരി 17 ന് അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ കുരിശടി കൂദാശ ചെയ്തു. പുതിയ ദേവാലയത്തോടു ചേർന്ന് സെന്റ് ബെനഡിക്ട് ഓഡിറ്റോറിയം, സെന്റ് മേരീസ് കുരിശടി, വ്യാപാര സമുച്ചയം എന്നിവയും നിർമിക്കുകയുണ്ടായി.

ഇന്ന് ഈ ഇടവക കൂട്ടായ്മ 117 കുടുംബങ്ങളുള്ള പത്തനംതിട്ട രൂപതയിലെ ഒരു പ്രമുഖ ദേവാലയമായിത്തീർന്നിരിക്കുന്നു. എം.സി.എ., എം.സി.വൈ.എം., മാതൃസമാജം, വിൻസെന്റ് ഡി. പോൾ സൊസൈറ്റി, തിരുബാലസഖ്യം എന്നീ സംഘടനകൾ ഇടവക മക്കൾക്ക് ആത്മീയ ഉണർവുനൽകുന്നു. സണ്ടേസ്കൂൾ വഴി കുഞ്ഞുങ്ങൾക്ക് വിശ്വാസപരിശീലനം നൽകി വിശ്വാസത്തിൽ വളർത്തിയെടുക്കുവാൻ പരിശ്രമിക്കുന്നു. ഇടവകയിൽ 4 പ്രാർഥനാഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നു. ഈ ഇടവകയുടെ പ്രാരംഭം മുതൽ ഇന്നതു വരെയുള്ള വളർച്ചയിലും പുരോഗതിയിലും പങ്കുചേർന്നിട്ടുള്ള അഭിവന്ദ്യപിതാക്കന്മാരോടും വന്ദ്യവൈദികരോടും ഇടവക വളരെയധികം കടപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ ഇടവകവികാരി ഫാദർ ഗീവറുഗീസ് പീടികയിലച്ചന്റെ കുടുംബത്തിലെ പിൻതലമുറയിൽപെട്ട ഫാദർ സഖറിയാസ്  പുഷ്പവിലാസം ആണ്.

## ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

ഫാദേഴ്സ് : വറുഗീസ് ചീനിവിള (പുനരൈക്യം 1980 ജനുവരി 17), വറുഗീസ് കൂത്തനേത്ത്, കുര്യാക്കോസ് കൂത്തനേത്ത്, ദാനിയേൽ പുളിവേലിൽ, ജോസഫ് കിളീക്കൽ O.I.C.

സിസ്റ്റേഴ്സ് : ചെറുപുഷ്പം കുരണ്ടിക്കൽ, കീർത്തന S.D, എൽസീന S.I.C, സിസ്റ്റർ അനുപമ D.M.

www.malankaralibrary.com

## സെന്റ്മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി അതുമ്പുംകുളം

പുനരൈക്യമെന്ന ദൗത്യവും പേറി ഫാദർ പീലിപ്പോസ് മേടയിൽ അതുമ്പുംകുളം മലയോര മേഖലയിൽ മിഷ്യൻ പ്രവർത്തനത്തിനെത്തിയത് 1940 കളിലാണ്. യാക്കോബായ സഭയിലെ കക്ഷിമത്സരവും വഴക്കും, അധികാര വിഭ്രാന്തിയുമെല്ലാം കണ്ടു വിഷമിച്ച സഭാതനയർ, എങ്ങനെയും ഇതിൽ നിന്നും രക്ഷനേടാൻ ആഗ്രഹിച്ചു. കുമ്പഴ അച്ചന്റെ പ്രസംഗങ്ങളും പ്രബോധനങ്ങളും മൂലം പല കുടുംബക്കാരും പുനരൈക്യപ്പെടുന്നതിനു സന്നദ്ധരായി. സത്യവിശ്വാസം സ്വീകരിക്കാനായി പലരും തിടുക്കം കൂട്ടി ലഘുപത്രികകൾ വഴിയും, പ്രസംഗങ്ങൾ വഴിയും കത്തോലിക്കാ വിശ്വാസം അറിയുന്നതിനും സ്വീകരിക്കുന്നതിനുമായി മുമ്പോട്ടു വന്നവരെ പുനരൈക്യപാതയിലൂടെ അച്ചൻ കൈപിടിച്ചു നടത്തുകയുണ്ടായി. കത്തോലിക്കരായിത്തീർന്നവർക്കു ആരാധനയ്ക്കായി അവിടെ പള്ളിയുണ്ടായിരുന്നില്ല. കാർമല പള്ളിയിലാണ് വി. കുർബാനയ്ക്കും കൂദാശകർമങ്ങൾക്കുമായി അവർ ആദ്യകാലത്ത് കൂടിനടന്നിരുന്നത്. 1942 മുതൽ 1948 വരെ കുമ്പഴ അച്ചൻ അതുമ്പുംകുളത്ത് മിഷ്യൻ നടത്തിയതായി ഡയറിക്കുറിപ്പുകളിൽ നിന്നും മനസിലാകുന്നു. പുത്തൻ പീടിക ലത്തീൻ ദേവാലയത്തിൽ കൊച്ചുമുറിയിൽ ഗീവറുഗീസ് മത്തായിയും കുടുംബവും നേരത്തെ ഇടവക ചേർന്നിരുന്നു. അതുമ്പുകുളത്തു താമസമാക്കിയ മേല്പറഞ്ഞ കുടുംബക്കാരും മറ്റു കുടുംബങ്ങളും കാർമല സെന്റ് ആന്റണീസ് ദേവാലയത്തിലും പിന്നീട് കോന്നിത്താഴം പള്ളിയിലും കൂടി നടന്നിരുന്നു. കുമ്പഴ അച്ചൻ അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും, ഭവനാശീർവാദം നടത്തുകയും, അവർക്കായി കൂദാശകൾ പരികർമ്മം ചെയ്കയും ചെയ്തിരുന്നു. കുമ്പഴ സെന്റ് മേരീസ് പള്ളിയിൽ വച്ചും അതുമ്പുംകുളം പ്രദേശത്ത് പുനരൈക്യപ്പെട്ടവരുടെ മാമോദീസായും, വിവാഹവും നടത്തിയിട്ടുണ്ട്. അതുമ്പുംകുളത്തെ ആദ്യമിഷ്യനറിയായിരുന്നു കുമ്പഴ അച്ചൻ.

www.malankaralibrary.com


## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി പൊങ്ങലടി

പന്തളം വൈദിക ജില്ലയിൽ സ്ഥിതി ചെയ്യുന്ന പള്ളിയാണിത്. 1948 ജനുവരി 4 ന് കുമ്പഴ അച്ചൻ പൊങ്ങലടിയിൽ എത്തി പള്ളിയിൽ പാർത്തു. പുനരൈക്യപ്രവർത്തനങ്ങൾ ആരംഭിച്ചു. 1949 ൽ പുനരൈക്യപ്പെട്ടവർക്കായി ഒരു വസ്തു വാങ്ങി പള്ളിവച്ച് കർമാദികൾ നടത്തിത്തുടങ്ങി. 1953 ജൂൺ 12 ന് അഭിവന്ദ്യപിതാവ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കല്പനപ്രകാരം കുമ്പഴ അച്ചൻ അടൂർ, പൊങ്ങലടിക്കു പോകുകയും ജൂൺ 13 ന് അവിടെ ക്യാമ്പു ചെയ്ത് മിഷ്യൻ പ്രവർത്തനം നടത്തുകയും 14 ന് 5 കുടുംബങ്ങളെ സഭയിലേക്കു സ്വീകരിക്കുകയും ചെയ്തു. ഈ മലങ്കര കൂട്ടായ്മയുടെ പ്രാരംഭം കുറിക്കുവാൻ കുമ്പഴ അച്ചൻ അവിടെ പോയി പ്രവർത്തിച്ചു എന്നത് വിസ്മയം ജനിപ്പിക്കുന്ന ഒരു സംഭവമാണ്.

## സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി നെടുമങ്കാവ്

1946 മുതൽ നെടുമങ്കാവു പ്രദേശത്ത് പോയി മിഷ്യൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൊടുംവനമായിരുന്ന ഈ പ്രദേശത്തെ അന്നു വിളിച്ചിരുന്നത് “നെടുവൻകാവ്” “ഇരുട്ടുകാവ്” എന്നൊക്കെയാണ്. അന്ന് അഡ്മിനിസ്ട്രേറ്ററായിരുന്ന വന്ദ്യചേപ്പാട്ടു പീലിപ്പോസ് റമ്പാന് 1947 ഡിസംബറിൽ സ്ഥലത്തെപ്പറ്റിയുള്ള വിവരങ്ങൾ എഴുതുകയും അവിടെ താമസിയാതെ ഒരു മിഷ്യൻ ആരംഭിക്കുകയും ചെയ്തു. തുടർന്ന് അവിടെ ഒരു ശവക്കോട്ട ക്കേസ് ഉത്ഭവിച്ചു. അതെതുടർന്ന് കേസ് നടത്തേണ്ടി വന്നു. 1947 ഡിസംബർ 18 ന് പേഷ്ക്കാരെ കാണാനായി ഫാദർ പീലിപ്പോസ് മേടയിൽ, ഫാദർ എ.ജി. ഏബ്രാഹാം മൈലപ്രാ, എന്നിവർ ഒരുമിച്ചു കൊല്ലത്തു പോകുകയും പേഷ്ക്കാരെ കണ്ട് വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി നെടുമങ്കാവു ഫയൽ വരുത്തി സംസാരിച്ച് ശവക്കോട്ട കേസ് അവസാനിപ്പിച്ചു. കുമ്പഴ അച്ചന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളാണ്, മുകളിൽ കുറിച്ചിരിക്കുന്നത്.

www.malankaralibrary.com


## സെന്റ് ഫ്രാൻസിസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളി തോട്ടമൺ

പുനരൈക്യത്തിന്റെ ആദ്യദശകത്തിൽ തന്നെ രൂപീകരിച്ച ഒരു മലങ്കര കൂട്ടായ്മയാണ് തോട്ടമൺ ഇടവകസമൂഹം. 1940 ജൂണിൽ 15 വീടുകൾ സന്ദർശനം നടത്തുകയുണ്ടായി. വി. കുർബാന അർപ്പിച്ചു, ആരാധനയ്ക്ക് 25 പേർ സംബന്ധിച്ചു എന്നിങ്ങനെയുള്ള വിവരങ്ങൾ കുമ്പഴ അച്ചന്റെ ഡയറിക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1940 ജൂൺ 9, ജൂലൈ 10, സെപ്തംബർ 15, സെപ്തംബർ 28, നവംബർ 10 ഈ തീയതികളിൽ അവിടെ വി. കുർബ്ബാന അർപ്പിച്ചതായും മലങ്കര കത്തോലിക്കാ കൂട്ടായ്മയ്ക്ക് തുടക്കം കുറിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.

കടമ്മനിട്ട, ചന്ദനപ്പള്ളി, കൊടുമൺ, ഇലന്തൂർ, ഇടത്തറ, മാരാമൺ, കിഴക്കുപുറം (പൊന്നമ്പ്), മണ്ണാരക്കുളഞ്ഞി, കുടശനാട് തുടങ്ങിയ ഇടവകകളുടെ സ്ഥാപനത്തിലും ഫാദർ പീലിപ്പോസ് മേടയിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. മേല്പറഞ്ഞ ഇടവകകളിൽ പുനരൈക്യപ്രവർത്തനങ്ങളിലൂടെ അനേകരെ സത്യസഭയിലേക്ക് ആനയിക്കുകയുണ്ടായി എന്നുള്ളത് ഇവിടെ പ്രത്യേകം സ്മരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയെ ദൈവം കരുതലോടെ പരിപാലിച്ചു വളർത്തി അനുഗ്രഹിച്ചിരിക്കുന്നതിൽ നമുക്കു ദൈവത്തിനു നന്ദി അർപ്പിക്കാം. ഇത്രനാളും മലങ്കര കത്തോലിക്കാസഭയെ പരിപാലിച്ച ദൈവം തുടർന്നും നന്മകൾ വർഷിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

www.malankaralibrary.com


www.malankaralibrary.com

# അനുബന്ധം

(1999-ൽ കുമ്പഴ അച്ചന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയ സ്മരണികയിൽ നിന്ന്)

www.malankaralibrary.com

www.malankaralibrary.com



## മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ സന്ദേശം

മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യപ്രസ്ഥാനത്തിന്റെ പൂർവകാല ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ സഭയ്ക്കും സമൂഹത്തിനുംവേണ്ടി ത്യാഗോജ്ജ്വലമായ ജീവിതം കാഴ്ചവച്ച ഏതാനും വൈദികശ്രേഷ്ഠർ നമ്മുടെ മനസിൽ പൊന്തിവരാറുണ്ട്. അവരിൽ പ്രമുഖനായ 'കുമ്പഴയച്ചൻ' എന്നറിയപ്പെടുന്ന വന്ദ്യ ഫിലിപ്പോസ് മേടയിലച്ചനെ നമ്മുടെ സമൂഹം ഇന്നും കൃതജ്ഞതയോടും ആദരവോടെയും അനുസ്മരിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിലും തുടർന്നു മാർ ഈവാനിയോസ് പിതാവിന്റെ വിശ്വസ്ത അനുയായിയായി സഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും വേണ്ടി അദ്ദേഹം അത്യദ്ധ്വാനം ചെയ്യുകയും എല്ലാ പ്രതിസന്ധികളേയും തരണം ചെയ്യുവാൻ അഭിവന്ദ്യപിതാവിനു ശക്തമായ പിന്തുണയും സഹായവും നൽകുകയും ചെയ്തു. മലങ്കര കത്തോലിക്കാ സഭയ്ക്കു മദ്ധ്യതിരുവിതാംകൂറിൽ അടിസ്ഥാനമുറപ്പിക്കുന്നതിനും സഭയുടെ തുടർന്നുള്ള വളർച്ചയ്ക്കും ബ. കുമ്പഴയച്ചൻ നൽകിയ അതിമഹത്തായ സേവനങ്ങൾ എന്നും കൃതജ്ഞതയോടെ അനുസ്മരിക്കപ്പെടും. ആരംഭകാലത്ത് വസ്തുക്കൾ വാങ്ങുക, ഇടവകകൾ ആരംഭിക്കുക, അവിടെ പള്ളികൾ, സെമിത്തേരികൾ മുതലായവ പണികഴിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അദ്ദേഹം വിദഗ്ദ്ധവും ഫലപ്രദവുമായ നേതൃത്വം നൽകിപ്പോന്നു. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതം ഇതിനെല്ലാം ശക്തി പകരുകയും ചെയ്തു. വിശുദ്ധ കുർബാനയിൽ അദ്ദേഹത്തിന്റെ ആഴമായ വിശ്വാസവും ഭക്തിയും അദ്ദേഹത്തിന്റെ ജീവിതത്തെ പ്രകാശമാനമാക്കിയിരുന്നു. നമ്മുടെ ആരാധനക്രമങ്ങൾക്കു ചൈതന്യവും ഭംഗിയും സൃഷ്ടിക്കുന്നതിനും അദ്ദേഹം വളരെയേറെ ശ്രദ്ധ നൽകിയിട്ടുണ്ട്. തന്റെ രണ്ടു പെൺമക്കളെ സഭാസേവനത്തിനായി സന്യാസിനികളായി അദ്ദേഹം ദൈവത്തിനു സമർപ്പിച്ചു. അവർ രണ്ടുപേരും ഉത്തമ സന്യാസിനികളായി സഭയ്ക്കും സമൂഹത്തിനും വിലയേറിയ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നു.

www.malankaralibrary.com


സഭാതലത്തിൽ മാത്രമല്ല, സമൂഹതലത്തിലും തന്റെ സഹജീവികളുടെ ഉന്നമനത്തിനായി ബ. കുമ്പഴയച്ചൻ നിസ്വാർഥമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ ശില്പിയായിരുന്ന അദ്ദേഹം പത്തനംതിട്ട സഹകരണസംഘത്തിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയുണ്ടായി. ആതുരശുശ്രൂഷാ രംഗത്തും അദ്ദേഹം ചെയ്ത സേവനങ്ങൾ ഇന്നും എല്ലാവരും കൃതജ്ഞതയോടെ സ്മരിക്കുന്നു.


ബ. കുമ്പഴയച്ചൻ ദീർഘകാലത്തെ അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ സേവനത്തിനു ശേഷം നമ്മെ വിട്ടുപിരിഞ്ഞിട്ടു 25 വർഷങ്ങൾ പൂർത്തിയാകുന്ന ഈ അവസരത്തിൽ ആ പുണ്യാത്മാവിനെ നമുക്കു നന്ദിപൂർവ്വം അനുസ്മരിക്കാം. അദ്ദേഹത്തിന്റെ 25-ാം ചരമവാർഷികത്തിൽ പ്രസിദ്ധീകരിക്കുന്ന സ്മരണിക, അദ്ദേഹത്തിന്റെ നമ്മുടെയിടയിലുള്ള സജീവസ്മരണയ്ക്കു ഹേതുവാകട്ടെയെന്നു ഞാൻ ആശംസിക്കുന്നു.

Sd/

Most Rev. Cyril MarBaselios

Metropolitan Archbishop of Trivandrum

www.malankaralibrary.com



# മോസ്റ്റ് റവ. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ സന്ദേശം

1930 ഒക്ടോബർ 29 മുതൽ മലങ്കര കത്തോലിക്കാസഭയിൽ പ്രത്യേകിച്ചും തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ കെട്ടുപണിയിൽ അതീവ ശ്രദ്ധേയനായിത്തീർന്ന ബഹു. കുമ്പഴ അച്ചന്റെ സ്മരണ സജീവമായി സഭാമക്കൾക്കു കൈമാറുവാൻ ഉദ്യമിക്കുന്ന ഈ സ്മരണികയ്ക്കു എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. സുവിശേഷ പ്രഘോഷണം ക്രൈസ്തവസഭയുടെ മുഖമുദ്രയാണെന്നും ആയതിന് സഭയുടെ കൂട്ടായ്മ അനിവാര്യമാണെന്നും ക്രിസ്തുനാഥന്റെ "ഒരിടയനും ഒരു തൊഴുത്തും" എന്ന ആഗ്രഹം സഫലമാകേണ്ടതാണെന്നും, വിശ്വസിച്ച അച്ചൻ നിരന്തര പഠനത്തിന്റെയും പ്രാർഥനയുടെയും വിചിന്തനത്തിന്റെയും സംവാദത്തിന്റെയും ഫലമായി പത്രോസിന്റെ പിൻഗാമിയായ മാർപാപ്പായാൽ നയിക്കപ്പെടുന്ന പ. കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് കടന്നുവന്നു, അഹോരാത്രം കത്തോലിക്കാസഭയുടെ കൂട്ടായ്മക്കായി അദ്ദേഹം പരിശ്രമിച്ചു. ഭിന്നതയുടെ വേദനയിൽ മനസു നൊമ്പരപ്പെട്ട സത്യാന്വേഷികളായ അനേകമാത്മാക്കൾക്ക് കത്തോലിക്കാ സഭ കൂട്ടായ്മയിലൂടെ സമാധാനത്തിന്റെയും സംതൃപ്തിയുടെയും മാർഗം തുറന്നുകൊടുത്തു. അനുഗൃഹീതമായ ആ ജീവിതം മലങ്കരമക്കൾക്ക് മാതൃകയാണ്, ആവേശമാണ്. സഭാസ്നേഹത്തിന്റെ വേരുറയ്ക്കുവാനും സഭാശുശ്രൂഷയ്ക്കും; പ്രത്യേകിച്ചും പുനരൈക്യശ്രമങ്ങൾക്ക് വേണ്ടി സമർപ്പിക്കുവാനും ഈ ധന്യജീവിതം കാരണമാകും. വിശിഷ്യാ മലങ്കര കത്തോലിക്കാസഭയുടെ പൈതൃകം കാത്തുസൂക്ഷിക്കാൻ കരുത്താർജിക്കേണ്ട കുരുന്നുമനസുകൾക്ക് കർമനിരതമായ ഈ പുണ്യജീവിതം പ്രചോദനമായിത്തീരട്ടെ. ആ പുണ്യാത്മാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ!!

Sd/

മോസ്റ്റ് റവ. ഗീവർഗീസ് മാർ തിമോത്തിയോസ്
തിരുവല്ലാ രൂപത മെത്രാൻ

www.malankaralibrary.com

## റവ. ഫാദർ ഫിലിപ്പോസ് മേടയിൽ

**ഫാദർ ഫിലിപ്പ് സി. പന്തോളിൽ**

യാക്കോബായസഭയിൽ പലപ്പോഴും ഒരു പ്രദേശത്തെ പ്രധാന പട്ടക്കാരൻ അദ്ദേഹത്തിന്റെ വീട്ടുപേരിനേക്കാൾ കൂടുതലായി സ്ഥലനാമത്താൽ ആണ് അറിയപ്പെട്ടിരുന്നത്. അങ്ങനെ ബ. മേടയിലച്ചൻ, കുമ്പഴ അച്ചൻ എന്ന അഭിധാനത്തിലാണ് പ്രസിദ്ധനായത്.

ബ. കുമ്പഴ അച്ചൻ പരലോകപ്രാപ്തനായിട്ട് ഇപ്പോൾ ഇരുപത്തിയഞ്ചുവർഷം തികയുകയാണ്. ഇന്നത്തെ യുവതലമുറയ്ക്ക് അദ്ദേഹത്തെ വലിയ പരിചയം കാണുകയില്ല. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭദശയിൽ തന്നെ ആ പ്രസ്ഥാനവുമായി താദാത്മ്യം പ്രാപിച്ച് ആത്മാർഥതയോടും തീക്ഷ്ണതയോടും കൂടി അതിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിച്ച് ഗണ്യമായ നേട്ടങ്ങൾ ഉണ്ടാക്കിയ ഒരു വൈദികശ്രേഷ്ഠനായിരുന്നു കുമ്പഴ അച്ചൻ. പ്രഗത്ഭരായിരുന്ന പീടികയിൽ അച്ചൻ, കൊട്ടാരക്കര അച്ചൻ ആദിയായ പുനരൈക്യ താരങ്ങൾ കുമ്പഴ അച്ചന്റെ സമകാലീനരും സഹപ്രവർത്തകരും ആയിരുന്നു. പത്തനംതിട്ടയിലും ചുറ്റുമുള്ള പ്രദേശങ്ങളിലും പുനരൈക്യ പ്രസ്ഥാനം അസാധാരണാമാംവിധം ശക്തി പ്രാപിച്ചത് മേൽപറഞ്ഞ വൈദിക ശ്രേഷ്ഠരുടെ അശ്രാന്തപരിശ്രമം കൊണ്ടാണ്. ബ. കുമ്പഴ അച്ചനെ ആരാധനാക്രമങ്ങൾ അഭ്യസിപ്പിച്ച മൽപാൻ ബ. പീടികയിൽ വലിയച്ചൻ (ബ. ഏബ്രഹാം കോർ എപ്പിസ്കോപ്പാ) ആയിരുന്നു.

മദ്ധ്യതിരുവിതാംകൂറിലെ പത്തനംതിട്ട ഡിസ്ട്രിക്ട് ഉൾപ്പെടെയുള്ള കിഴക്കൻ പ്രദേശത്ത് അധിവസിച്ചിരുന്ന ക്രിസ്ത്യാനികൾ ബഹുഭൂരിപക്ഷവും പുത്തൻ കൂറ്റുകാരായിരുന്നു. കത്തോലിക്കർ എന്ന് കേട്ടിട്ടുണ്ടെന്നല്ലാതെ അവരെപ്പറ്റിയുള്ള പുത്തൻകൂറ്റുകാരുടെ പരിജ്ഞാനം തുലോം തുച്ഛവും വികലവുമായിരുന്നു. കത്തോലിക്കരെപ്പറ്റി കേട്ടിട്ടുള്ളവർ തന്നെ അവരെ "റോമ്മാക്കാർ" എന്ന പേരിലാണ് അറിഞ്ഞിരുന്നത്. ഉൽപതിഷ്ണുക്കൾ എന്ന് സ്വയം അഭിമാനിച്ചിരുന്ന പുത്തൻ കൂറ്റുകാർ റോമ്മാക്കാരെ

www.malankaralibrary.com


അറുപഴഞ്ചന്മാരായിട്ടാണ് കരുതിയിരുന്നത്. അതിനാൽ തന്നെ 'റോമായിൽ ചേരുക' എന്നത് അവർക്ക് അചിന്ത്യമായിരുന്നു. അഥവാ ആരെങ്കിലും അതിന് മുതിർന്നാൽ തന്നെ അറിവില്ലായ്മയിൽ നിന്നുണ്ടായ ഒരു സാഹസപ്രവൃത്തിയായിട്ടേ കണക്കാക്കുമായിരുന്നുള്ളു. എന്നിട്ടും ചില കത്തോലിക്കാ വൈദികരുടെ മിഷൻ പ്രവർത്തനം വഴിയായി ചില പ്രദേശങ്ങളിൽ (പുത്തൻപീടിക, ഇലന്തൂർ, അയിരൂർ, തടിയൂർ, മാരാമൺ, കല്ലൂപ്പാറ ആദിയായവ) ഏതാനും കുടുംബങ്ങൾ കത്തോലിക്കാസത്യം ഗ്രഹിക്കാൻ ഇടയാകുകയും "റോമ്മാക്കാർ" ആകുകയും ചെയ്തു. അങ്ങനെയുള്ളവർ കുറെക്കാലത്തേക്ക് അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങളും വേദഞെരുക്കങ്ങളും കഠിനമായിരുന്നു. ഇത് പുനരൈക്യപ്രസ്ഥാനം തുടങ്ങുന്നതിന് ഏതാനും വർഷം മുമ്പുള്ള സ്ഥിതിയാണെന്ന് ഓർക്കണം. ഈ ലേഖകനും ആ കൂട്ടത്തിൽ 1925-ൽ റോമ്മാക്കാരനായതാണ്. 1930 സെപ്തംബർ 20-ാം തീയതിയിലെ മാർ ഈവാനിയോസ് തിരുമേനിയുടെ തിരുസഭാ പ്രവേശനത്തോടെ സമാരംഭിച്ച സഭാപുനരൈക്യപ്രസ്ഥാനം പുത്തൻകൂറ്റുകാരുടെ ഇടയിൽ ഒരു പ്രകമ്പനം തന്നെ സൃഷ്ടിച്ചു. യാക്കോബായ മേൽപട്ടക്കാരുടെ ഗണത്തിൽ ഏറ്റവും അറിവും പ്രാഗത്ഭ്യവുമുള്ളവനായ മാർ ഈവാനിയോസ് തിരുമേനിയുടെ ഈ പ്രവൃത്തി പൊടുന്നനവെ വലിയ ഒരു എതിർപ്പ് ഉണ്ടാക്കിയെങ്കിലും അധികം താമസിയാതെ അത് ലോപിച്ച് ഇല്ലാതായി. പുനരൈക്യപ്പെട്ടവർ യാക്കോബായ സഭയിൽ ഉപയോഗിച്ചിരുന്ന അതേ ആരാധനക്രമവും കുർബാനയും കൂദാശാനുഷ്ഠാനക്രമങ്ങളും തുടർന്ന് ഉപയോഗിക്കുന്നതു കണ്ടപ്പോൾ ആദിയിൽ എതിർപ്പ് പ്രകടിപ്പിച്ച യാക്കോബായക്കാർ അമ്പരന്നുപോയി. റോമിലെ റീശ് പാത്രിയർക്കീസിന്റെ പരമാധികാരം ഏറ്റുപറയുന്നു എന്നല്ലാതെ യാക്കോബായക്കാരും പുനരൈക്യപ്പെട്ട (റീത്തുകാരും) വരും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നു മനസിലായപ്പോൾ അവരുടെ കണ്ണുതള്ളിപ്പോയി. അവർ വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കുകയും റീത്തുകാരുമായി സമരസപ്പെട്ട് ജീവിക്കുവാൻ പഠിക്കുകയും അനേകർ "മലങ്കര കത്തോലിക്കാ" സഭയിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്പോൾ മലങ്കരസഭയ്ക്കു നാലു ഭദ്രാസനങ്ങളും അഞ്ഞൂറുപട്ടക്കാരും ആയിരത്തിൽ പരം കന്യാസ്ത്രീകളും ആയിരം പള്ളികളും മൂന്നു ലക്ഷം വിശ്വാസികളും ഉണ്ടെന്ന് ഓർക്കുമ്പോൾ ദൈവത്തിന്റെ പ്രത്യേക പരിപാലന ഓർത്ത് വിസ്മയിച്ചു പോകും.

ഇങ്ങനെയെല്ലാമുള്ള അവസ്ഥ സൃഷ്ടിക്കുന്നതിനു വേണ്ടി ആത്മാർഥവും ത്യാഗപൂർണ്ണവുമായ സേവനങ്ങൾ നൽകി നേതൃത്വം കൊടുത്ത പൂർവപിതാക്കന്മാരായ നമ്മുടെ വൈദികരെ എത്ര അധികമായി നാം ഓർമിക്കുകയും ആദരിക്കുകയും ചെയ്യണം! ബ. കുമ്പഴ അച്ചന്റെ ഓർമ

www.malankaralibrary.com


യാണല്ലോ നാം ഇപ്പോൾ പേരുപറഞ്ഞ് ആദരിക്കുന്നത്. യാക്കോബായസഭയിൽ വൈദികാർഥികളെ തെരഞ്ഞെടുത്തിരുന്നത് നല്ല ക്രിസ്തീയ പാരമ്പര്യവും ശ്രേഷ്ഠതയുമുള്ള കുടുംബങ്ങളിൽ നിന്നും ദേശത്തെ ഇടവകജനങ്ങളുടെ സമ്മതത്തോടുകൂടിയായിരുന്നു. ആ വൈദികനെ സംരക്ഷിക്കേണ്ട ചുമതലകളും ഇടവകക്കാരുടേത് ആയിരുന്നു. (അടുത്ത കാലത്തുമാത്രമാണ് യാക്കോബായ സഭയിൽ സെന്ററിൽ നിന്നും ശമ്പളം കൊടുക്കുന്ന സംവിധാനം ഉണ്ടായത്). അങ്ങനെ ആ വൈദികനും ഇടവകയുമായി അഭേദ്യമായി ആജീവനാന്തമുള്ള ഒരു ബന്ധം ഉണ്ടായിരുന്നു.

ബ. കുമ്പഴ അച്ചന്റെ കുടുംബജീവിതം സന്തോഷപ്രദവും അനുഗ്രഹപ്രദവും അനുകരണീയവും ആയിരുന്നു. അദ്ദേഹത്തിന്റെ സഹധർമിണി പൗരോഹിത്യ പാരമ്പര്യമുള്ള അയിരൂർ ചെമ്പോത്രയിൽ കുടുംബത്തിലെ അംഗമാണ്. വയോവൃദ്ധയെങ്കിലും ഈ പ്രായത്തിന് കിട്ടാവുന്ന ആരോഗ്യത്തോടെ ഇപ്പോഴും സന്തോഷത്തോടെ ജീവിക്കുന്നു. പെൺമക്കളിൽ രണ്ടു പേർ നൈഷ്ഠിക ജീവിതം തെരഞ്ഞെടുത്തത്, കന്യാസ്ത്രീകളായി എന്നത് എത്രയോ ശ്ലാഘനീയമാണ്. അതിൽ ഒരാളായ സിസ്റ്റർ ഫിലോമിന എസ്. ഐ.സി. കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറലായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരികയാണ്. നല്ല ക്രൈസ്തവപാരമ്പര്യമുള്ള കുടുംബങ്ങളിൽ നിന്നാണല്ലോ സാധാരണ ദൈവവിളി ഉണ്ടാകുക. കുമ്പഴ അച്ചന്റെ ഏകമകൻ ജയിംസ് ഗൾഫിൽ ഉദ്യോഗസ്ഥനാണ്. അദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നത് കടമ്മനിട്ട അച്ചന്റെ കൊച്ചുമകളെയാണ്. കുമ്പഴ അച്ചന്റെ കൊച്ചുമരുമകനാണ് പ്രശസ്ത സാഹിത്യകാരനായ പ്രൊഫസർ ജോർജ് ഓണക്കൂർ എന്നതും പ്രസ്താവ്യമത്രെ.

ബ. അച്ചന്റെ പ്രേഷിത പ്രവർത്തനം ഗണ്യമായ ഫലം പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ന് കുമ്പഴ ഇടവക തിരുവനന്തപുരം അതിരൂപതയിലെ ഒരു മേജർ ഇടവകയാണ്. അതിന്റെ പ്രധാന ശില്പി ബ. ഫിലിപ്പോസ് അച്ചൻ തന്നെയാണ്. ചുറ്റുപാടുമുള്ള അനേകം വൈദികരെ പുനരൈക്യപ്പെടുത്തുന്നതിലും ഇടവകകൾ സ്ഥാപിക്കുന്നതിലും പള്ളികൾ പണിയിക്കുന്നതിലും ബ. അച്ചൻ കാരണഭൂതനായിട്ടുണ്ട്. കുമ്പഴ ദേശത്തിന്റെ സമുദ്ധാരണത്തിന് അച്ചൻ കാര്യമായ സംഭാവന നൽകി. ദേശത്തെ രോഗികളുടെ ആവശ്യത്തിനായി നല്ല ഒരു ആശുപത്രി അദ്ദേഹം സ്ഥാപിച്ച് നടത്തിപോന്നു എന്നത് എടുത്തുപറയേണ്ട ഒരു പൊതുജനസേവനമാണ്. അദ്ദേഹത്തിന്റെ സുഹൃദ്‌വലയം അതിവിശാലമായിരുന്നു.

www.malankaralibrary.com


പ്രകൃത്യാ സുമുഖനായ അദ്ദേഹം നല്ല ആരോഗ്യവും ഉറച്ച ശരീരമുള്ളവനുമായിരുന്നു. ഏതു വിഷമപ്രശ്നം നേരിടേണ്ടി വന്നാലും കൂസലെന്യേ അദ്ദേഹം അതിനെ അഭിമുഖീകരിച്ചിരുന്നു എന്നുമാത്രമല്ല അങ്ങനെയുള്ള അവസരങ്ങളിൽ അദ്ദേഹത്തിന് ഇരട്ടിശക്തി കൈവന്നതായി അനുഭവപ്പെടുമായിരുന്നു. പരാജയം അദ്ദേഹത്തിന് അന്യമായിരുന്നു. പത്തനംതിട്ട ഡിസ്ട്രിക്ടിലെ മലങ്കര സഭയുടെ ഏതെങ്കിലും കീറാമുട്ടി പ്രശ്നം ഉണ്ടായാൽ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തൽപരിഹാരാർഥം ആദ്യമെ തിരക്കുന്നത് ബ. കുമ്പഴ അച്ചനെ ആയിരുന്നു. 1974 ജൂൺ 2-ാം തീയതി ഇഹലോക ജീവിതം അവസാനിപ്പിച്ചിട്ട് അദ്ദേഹം നിത്യഭവനത്തിലേക്ക് പോയിരിക്കയാണ്. ബഹുമാന്യരായ നമ്മുടെ പൂർവവൈദികരെ നാം ആദരപൂർവം അനുസ്മരിക്കുകയും അവരുടെ നല്ല മാതൃകകളെ പിൻചെല്ലുകയും ചെയ്യുക എന്നതാണ് നമുക്ക് കരണീയമായിട്ടുള്ളത്.

www.malankaralibrary.com

## സഭയുടെ നേതൃത്വം - ഫാദർ വർഗീസ് മാവേലിൽ

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് ആവശ്യമായ എഴുത്തുകുത്തുകൾ നടത്തുവാൻ സഭാപിതാക്കന്മാർ മാർ ഈവാനിയോസ് തിരുമേനിയെയാണു നിയോഗിച്ചത്. എന്നാൽ വട്ടിപ്പണക്കേസിൽ കോടതി വിധി തങ്ങൾക്കനുകൂലമാണെന്ന് ഗ്രഹിച്ച സഭാനേതൃത്വം പ്രസ്തുത ഉദ്യമത്തിൽ നിന്നും പിൻവാങ്ങി. എങ്കിലും മാർ ഈവാനിയോസ് തിരുമേനിയും അനുയായികളും തീരുമാനത്തിൽ ഉറച്ചുനില്ക്കുകയും സാർവത്രികസഭാ കൂട്ടായ്മയിൽ പ്രവേശിക്കുകയുംചെയ്തു.

പുനരൈക്യത്തേക്കാൾ വട്ടിപ്പണത്തിനു മുൻതൂക്കം നല്കിയ സഭാനേതൃത്വം മാർ ഈവാനിയോസ് തിരുമേനിയെ തള്ളിപ്പറഞ്ഞു. കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുകയും വട്ടശേരിൽ തിരുമേനിയുടെ വലംകൈയായി പ്രവർത്തിക്കുകയും ചെയ്ത മാർ ഈവാനിയോസ് തിരുമേനിയുടെ സഭാപ്രവർത്തനം അംഗീകരിക്കുന്നതിനോ സഹിഷ്ണതയോടെ വീക്ഷിക്കുന്നതിനോ അവർക്കു കഴിഞ്ഞില്ല. പുനരൈക്യപ്രസ്ഥാനത്തെ തകർക്കുവാനും മുളയിലെ നുള്ളിക്കളയുവാനും ശക്തവും ആസൂത്രിതവുമായ നീക്കങ്ങളുണ്ടായി. എവിടെയും എതിർപ്പുകളും അപവാദങ്ങളും. പുനരൈക്യം കൂനൻകുരിശു സത്യത്തിന്റെ ലംഘനവും പൂർവപിതാക്കന്മാരോടുള്ള അവഹേളനവുമായി ചിത്രീകരിക്കപ്പെട്ടു. മാർ ഈവാനിയോസ് തിരുമേനിയെ അപായപ്പെടുത്തുവാൻപോലും ചില നീചന്മാർ പദ്ധതികൾ ആസൂത്രണം ചെയ്തു. അതു സാധിക്കാതെ വന്നപ്പോൾ ഒരു തെരുവുനായയെ തല്ലിക്കൊന്ന് ശവപ്പെട്ടിയിലാക്കി കൊണ്ടുനടന്ന് ആക്ഷേപിച്ചു.

കക്ഷിവഴക്കുകൾ രൂക്ഷമാകുകയും കോടതി വ്യവഹാരങ്ങൾ വർധിച്ചുവരികയും ചെയ്ത സാഹചര്യത്തിൽ സമാധാനപ്രിയരായ സഭാമക്കൾ മാർ ഈവാനിയോസ് പിതാവിന്റെ പാത സ്വീകരിച്ചു. തങ്ങൾ ഉൾപ്പെട്ടു നിന്ന പള്ളികൾക്കുവേണ്ടി അവകാശവാദങ്ങൾ ഉന്നയിക്കാതെ പുതുതായി സ്ഥലങ്ങൾ വാങ്ങി ചാപ്പലുകൾ ആരംഭിച്ചു. എന്നാൽ ഇവരെയും വെറുതെവിടുന്ന ഭാവമില്ലായിരുന്നു. സമൂഹത്തിൽ നിന്നും ഇവരെ ഒറ്റപ്പെടുത്തി. എല്ലാ

www.malankaralibrary.com


കാര്യങ്ങളിലും നിസഹകരണം. അപവാദങ്ങളും നിന്ദനങ്ങളും കള്ളക്കേസുകളും കുറവായിരുന്നില്ല. പുനരൈക്യപ്പെട്ടവരുടെ ആത്മീയകാര്യങ്ങൾ പോലും നടത്തിക്കൊടുക്കുവാൻ വൈദികരില്ലാത്ത അവസ്ഥ.

1930 ഒക്ടോബർ 29-ാം തീയതി 22-ാമത്തെ വയസ്സിൽ മാവേലിക്കര വച്ച് ബഹു. കുമ്പഴ അച്ചൻ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് പുനരൈക്യപ്പെട്ടു. തീക്ഷ്ണമതിയായ ശൗൽ വി. പൗലോസായി രൂപാന്തരപ്പെട്ട അനുഭവമാണ് ബ. കുമ്പഴ അച്ചനിൽ ദൃശ്യമായത്. മാർ ഈവാനിയോസ് പിതാവിനോടു ചേർന്നുനിന്നുകൊണ്ട് അവഹേളനങ്ങളും കഷ്ടതകളും ഏറ്റുവാങ്ങുന്നതിൽ സന്തോഷം കണ്ടെത്തി. പുനരൈക്യപ്പെട്ടവർ സന്തോഷം കൊണ്ട് ദൈവത്തെ സ്തുതിച്ചു. എല്ലാ കാര്യങ്ങളിലും നേതൃത്വം നല്കുവാൻ പ്രാപ്തിയുണ്ടായിരുന്നു കുമ്പഴ അച്ചന്.

1933 ജൂൺ 16 ന് കടമ്മനിട്ട അച്ചനും 1935 ജൂലൈ 20 ന് മൈലപ്രാ അച്ചനും പുനരൈക്യപ്പെട്ടതോടുകൂടി വൈദികരുടെ ശക്തമായ നേതൃനിര പുനരൈക്യപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. എഴിയത്ത് അച്ചൻ, ആശാരിയത്ത് അച്ചൻ, ചരുവിലേത്ത് അച്ചൻ, ആമ്പശേരിൽ അച്ചൻ, പെരുമല അച്ചൻ, മുത്തച്ചൻ എന്നിവരുടെ പുനരൈക്യം തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ വടക്കു കിഴക്കൻ മേഖലകളിലെ സഭാപ്രവർത്തനങ്ങൾക്ക് പലമടങ്ങ് ശക്തി നല്കി. നേരത്തെ തന്നെ കൊല്ലം രൂപതയിൽ ചേർന്ന പീടികയിൽ അച്ചന്റെയും പതാലിൽ അച്ചന്റെയും കൂടുതലായി കുമ്പഴ അച്ചന്റെയും പ്രേരണയും പ്രോത്സാഹനവും ബഹുമാനപ്പെട്ട അച്ചന്മാർക്ക് ഉൾക്കരുത്തു നൽകി.

സഹവൈദികരുടെ സഹകരണത്തോടുകൂടി ബഹു. കുമ്പഴ അച്ചൻ ശക്തമായ എതിർപ്പുകളെ ധീരമായി നേരിട്ടുകൊണ്ട് സഭാപ്രവർത്തനങ്ങൾ തുടർന്നു. വടക്കുപുറം, വട്ടക്കുളഞ്ഞി, പൂങ്കാവ്, കിഴവള്ളൂർ, ആഞ്ഞിലികുന്ന്, കടമ്മനിട്ട, മുളന്തറ, കോന്നി, പമ്പുമല, വടശേരിക്കര, ചെങ്ങറ, മണ്ണാറക്കുളഞ്ഞി, കല്ലേലി, മലങ്കോട്ടയം, അത്തിക്കയം, തട്ട, കൈപ്പട്ടൂർ, ചന്ദനപ്പള്ളി, പത്തനംതിട്ട, ഇലവുംതിട്ട, പുത്തൻപീടിക, ചീക്കനാൽ, മാരാമൺ, ഇലന്തൂർ, മൈലപ്രാ, മുറിഞ്ഞകൽ, വകയാർ, പുതുശേരിമല, ഇടത്തറ, കൂടൽ, ഇഞ്ചപ്പാറ, പെരുനാട്, രാമഞ്ചിറ, കുടശനാട്, പുനലൂർ എന്നിവിടങ്ങളിലെല്ലാം ഇടവകകൾ സ്ഥാപിക്കുവാൻ നേതൃത്വം നൽകി.

ഇന്നത്തെപ്പോലെ സഞ്ചാരയോഗ്യമായ വഴികളോ വാഹനങ്ങളോ ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ബഹു. കുമ്പഴ അച്ചൻ കാൽനടയായിട്ടാണ് കുന്നും മലയുമെല്ലാം ചവിട്ടിക്കയറിയത്. എല്ലാ ശനിയാഴ്ചയും ഉച്ച

www.malankaralibrary.com


കഴിഞ്ഞ് ഒരു ബാഗുമായി വീടുവിട്ടിറങ്ങുന്ന അച്ചൻ പല കേന്ദ്രങ്ങളിലായി ജനങ്ങളെ ഒരുമിച്ചുകൂട്ടി ക്ലാസ്സുകൾ നടത്തിയ ശേഷം സ്വഭവനത്തിൽ തിരിച്ചെത്തുന്നത് അടുത്ത ചൊവ്വാഴ്ചയായിരിക്കും. പാമ്പും, പുഴുവും, ആനയും കാട്ടുമൃഗങ്ങളും സ്വൈരവിഹാരം നടത്തിയിരുന്ന വനാന്തരങ്ങളിൽ ഒറ്റക്കാണ് ബഹു. അച്ചൻ സഞ്ചരിച്ചിരുന്നത്. ബൈബിൾ, സഭാചരിത്രം, ആരാധനക്രമം എന്നീ വിഷയങ്ങൾ ജനത്തെ പഠിപ്പിച്ചു. അങ്ങനെ പ്രബുദ്ധരായ അനേകം അല്മായ നേതാക്കളും ആരംഭകാലത്ത് മുൻനിരയിൽ ഉണ്ടായിരുന്നു. ഏതെങ്കിലും ഭാഗത്ത് സഭാമക്കൾക്കു ഭീഷണി ഉയർന്നാൽ ബഹു. അച്ചൻ അവിടെ ഓടി എത്തുമായിരുന്നു. ഉപദ്രവം ഉണ്ടാക്കുന്നവരെ ചെറുത്തു പരാജയപ്പെടുത്തുവാൻ അച്ചൻ അവിടെ ഉണ്ടായിരിക്കും. സഭയ്ക്കുവേണ്ടി അനേകം ക്രിമിനൽ കേസുകളിൽ അദ്ദേഹം പ്രതിയായിട്ടുണ്ട്. ഒരേ കാലയളവിൽ മുപ്പതോളം ശവക്കോട്ട കേസുകളിൽ അദ്ദേഹം പ്രതിയായിരുന്നു.

സഭയ്ക്കുവേണ്ടി കഷ്ടപ്പെടുന്നതിൽ അദ്ദേഹം അഭിമാനംകൊണ്ടു. ശത്രുവിന്റെ മുമ്പിൽ മുട്ടുമടക്കുകയോ തല കുനിക്കുകയോ ചെയ്തില്ല. ഉദ്ദേശിക്കുന്ന കാര്യം സാധിച്ചിരിക്കും; അതേ സമയം ആർദ്രഹൃദയനും. സമൂഹത്തിൽ ഏതുശ്രേണിയിൽ പെട്ടവരോടും മാന്യമായി പെരുമാറുവാനുള്ള നൈപുണ്യം പ്രകടിപ്പിച്ചു. മാർ ഈവാനിയോസ് തിരുമേനിയോട് വ്യക്തിപരമായ ഭക്തിയും ആദരവും ഉണ്ടായിരുന്നു. സഭയിൽ നിന്നോ സമൂഹത്തിൽ നിന്നോ എന്തുലഭിക്കും എന്നതിലുപരിയായി തന്റെ വീടിനേക്കാൾ കൂടുതലായി സഭയെ സ്നേഹിക്കുകയും സമ്പൂർണമായി സമർപ്പിക്കുകയും ചെയ്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കുമ്പഴ അച്ചൻ. വിശ്രമരഹിതമായ പ്രവർത്തനത്തിനുശേഷം 56-ാമത്തെ വയസിൽ അനാരോഗ്യം നിമിത്തം ഇടവകഭരണം വിട്ടൊഴിഞ്ഞു. 1974-ൽ 67-ാമത്തെ വയസിൽ ദൈവവസന്നിധിയിലേക്കു വിളിക്കപ്പെട്ടു.

ആദരണീയനും അനുകരണീയനുമാണ് ബഹു. കുമ്പഴ അച്ചൻ. ഇന്ന് സന്തോഷത്തോടെ നാം വിളവെടുക്കുമ്പോൾ കണ്ണുനീരോടെ വചനം വിതച്ച നമ്മുടെ പിതാക്കന്മാരെ ഓർക്കാം. അവരുടെ കാലടികൾ പിന്തുടരാം.

www.malankaralibrary.com

## സഭൈക്യസാരഥി - ഫാദർ വർഗീസ് കിളിച്ചിമല

"ആഞ്ഞടിച്ച പ്രതിസന്ധികളെ തരണം ചെയ്യാൻ മാർ ഈവാനിയോസിനു കഴിയുമായിരുന്നില്ല, കുമ്പഴ അച്ചനെപ്പോലുള്ള ചില ധീര സാഹസികന്മാർ ഇല്ലായിരുന്നെങ്കിൽ," ഈ പറച്ചിൽ ശരിയാണോ?

തീർച്ചയായും. കേരളത്തിലെ ക്രൈസ്തവൈക്യസംരംഭത്തിന് കുമ്പഴ അച്ചൻ എന്ന് അറിയപ്പെടുന്ന ബ. ഫിലിപ്പോസ് മേടയിലച്ചന്റെ സേവനം ചെറുതല്ല. 67-ാം വയസിൽ ലോകത്തോടു വിടപറയും മുമ്പ് അദ്ദേഹം പരാതിപ്പെട്ടത് കേരളത്തിലെ ക്രിസ്തീയയോജിപ്പിനു വേണ്ടി കുറച്ചുകൂടി പണിയെടുക്കാൻ പറ്റാത്തതിലാണ്.

"മാർ ഈവാനിയോസുമായി മേടയിലച്ചൻ ഇത്ര അടുക്കാൻ കാരണമെന്താണ്?"

ആ കാലഘട്ടത്തിന്റെ സവിശേഷതയെന്നു ചുരുക്കിപ്പറയാം. 1929 ആഗസ്റ്റ് 31-നാണു അച്ചന്റെ ഗുരുപ്പട്ടം. അന്നു 22 വയസ്സു മാത്രമേ പ്രായമുള്ളൂ. അതിനുമുമ്പും പിമ്പുമുള്ള മലങ്കരസഭാ ചലനങ്ങൾ അച്ചൻ നല്ലവണ്ണമറിഞ്ഞിരുന്നു. ആ അവബോധമാണ് ബഥനിത്തിരുമേനിയുമായി അദ്ദേഹത്തെ അടുപ്പിച്ചത്.

"പട്ടത്തിനു മുമ്പുതന്നെ ഫിലിപ്പച്ചൻ ബഥനിത്തിരുമേനിയെ അറിഞ്ഞെന്നു പറഞ്ഞല്ലോ. അതെങ്ങനെയാണ്?

പെരുനാട്ടിലെ മുണ്ടൻമലയിലാണല്ലോ ബഥന്യാശ്രമസ്ഥാപനം. അതുളവാക്കിയ സാമുദായിക ഉണർവ് മേടയിലച്ചൻ അറിഞ്ഞിട്ടുണ്ട്. അന്നു കഴുതപ്പുറത്തു സഞ്ചരിച്ച ആബോ പി.റ്റി. ഗീവർഗീസിനെ കാണുവാനും വിവിധ സ്ഥലങ്ങളിൽ ആശ്രമഗുരു നടത്തിയിട്ടുള്ള സാരഗർഭങ്ങളായ പ്രസംഗങ്ങൾ കേൾക്കുവാനും ആ യുവാവിനു ഇടയായിട്ടുണ്ട്.

"1930 സെപ്റ്റംബറിൽ ബഥനിത്തിരുമേനിമാരുടെ സഭാപരിവർത്തനം നടന്നു, എന്നിട്ടും കുമ്പഴ അച്ചന് ആ സമുദായ നേതാവിനോടുള്ള

www.malankaralibrary.com


പ്രതിപത്തി കുറഞ്ഞില്ല. മാത്രമല്ല ഒരു മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്തു. എന്താണ് ഇതിനുപ്രേരകം?”

ബഥനിത്തിരുമേനിമാരുടെ സഭാമാറ്റത്തിനു കളം തെളിച്ചത് അന്നത്തെ സഭാനേതൃത്വമായിരുന്നു. സന്ദർഭം വന്നപ്പോൾ അവരിൽ പലരും പിന്തിരിഞ്ഞെന്നു മാത്രമേയുള്ളൂ. പുനരൈക്യത്തിനു പ്രേരിപ്പിച്ചവരാണ് ആ സംഭവം നടന്നുകഴിഞ്ഞപ്പോൾ കടുത്ത എതിരാളികളായി മാറിയത്. സമുദായോദ്ധാരണത്തിനു മാർ ഈവാനിയോസ് വെട്ടിത്തുറന്ന മാർഗത്തേക്കാൾ ഉത്തമമായി വേറൊന്നു മറ്റാരും കാട്ടിക്കൊടുത്തുമില്ല. എല്ലാം ആ യുവവൈദികനെ ധർമരോഷം കൊള്ളിച്ചു എന്നു പറഞ്ഞാൽ മതി.

“അന്നത്തെ സഭാനേതൃത്വമാണ് ബഥനിത്തിരുമേനിമാരുടെ പരിവർത്തനത്തിനു കളം തെളിച്ചത് എന്നു പറയുന്നത് ശരിയാണോ? ശരിയെങ്കിൽ എങ്ങനെയാണ്?

മലങ്കര സഭാ ഭാസുരൻ വട്ടശേരിൽ മാർ ദീവാന്നാസ്യോസാണ് പുനരൈക്യത്തിനു പ്രേരണ നല്കിയത്. അതിന്റെ തീരുമാനമെടുത്ത പരുമല സുന്നഹദോസിനു അനുജ്ഞയും പ്രേരണയും നല്കിയതും ആ വന്ദ്യതിരുമേനി തന്നെ. മുടക്കു ഖഡ്ഗത്തിനിരയായതു വട്ടശേരിൽത്തിരുമേനിയത്രേ; കൂനിൻമേൽ കുരുവെന്നവണ്ണം കോടതി വിധി പ്രതികൂലമാകയും ചെയ്തു. അപ്രേം റഹമാനി എന്ന കത്തോലിക്കാ പാത്രിയർക്കീസുമായി എഴുത്തുകുത്തു നടത്തിയതും അവിടുന്നാണ്. പരുമല സുന്നഹദോസിനു തിരുമേനിമാരെ വിളിച്ചുകൂട്ടിയതും മറ്റാരുമായിരുന്നില്ല. ഗുരുഭക്തിയാൽ നീതനായി ഏല്പിക്കപ്പെട്ട ജോലി ആത്മാർഥമായി നിർവഹിക്കുക എന്നതു മാത്രമാണ് മാർ ഈവാനിയോസ് ചെയ്തത്. പ്രേരിപ്പിച്ചു മുന്നോട്ടു നീക്കിയവരാണോ കാലുവാരിയത്? അതോ മുന്നോട്ടു വെച്ച പാദം പിൻവലിക്കാത്തവരോ? ഫിലിപ്പോസച്ചനെ ആഴമായി ചിന്തിപ്പിച്ച കാര്യമാണിത്.

“ബഥനിത്തിരുമേനിയുടെ അടുത്തമിത്രങ്ങൾ കടുത്ത ശത്രുക്കളായി മാറി. അതു കുമ്പഴയച്ചന്റെ ശൂരതയെ ഉണർത്തി. തന്മൂലമുണ്ടായ പ്രതികരണമെന്താണ്?”

മിത്രങ്ങൾ ശത്രുക്കളായാൽ ക്രൂരത എത്രമാത്രമാകാമെന്നത്രേ ബഥനി പരിവർത്തനം തെളിയിച്ചത്. പദ്ധതി കൊണ്ടുവന്നതു മലങ്കര സഭാനേതൃത്വമാണ്. കൂട്ടുകാരുടെ കുതികാൽവെട്ട് ഉണ്ടായാലും സിംഹം സിംഹം തന്നെയെന്നു ബഥനിത്തിരുമേനി തെളിയിച്ചു; സ്വന്തം സമുദായം കാണിച്ച കൃതഘ്നയും സത്യസന്ധതയില്ലായ്മയുമാണ് നവവൈദികനായ മേടയിൽ അച്ചനെ ചൊടിപ്പിച്ചത്. ബഥനിത്തിരുമേനിയുടെ പുനരൈക്യത്തിനു ശേഷം കൃത്യം 39 ദിവസം കഴിഞ്ഞപ്പോൾ കുമ്പഴയച്ചൻ ആ വന്ദ്യവ്യക്തിയുടെ

www.malankaralibrary.com


കാലടികളെ പിന്തുടർന്നു.

"സമുദായോദ്ധാരണ ചിന്ത എങ്ങനെയാണ് ഫിലിപ്പോസു കത്തനാരെ പുനരൈക്യത്തിലെത്തിച്ചത്?"

മാർ ഈവാനിയോസ് സമുദായത്തെക്കുറിച്ച് ഒരു ഉറച്ച അഭിപ്രായത്തിലെത്തിച്ചു: "വഴക്കും വ്യവഹാരവും അന്തഃച്ഛിദ്രവും കുഴപ്പവും നീങ്ങി, മേലിൽ ഒരു തരത്തിലും അവയൊന്നും തലപൊക്കാത്തവണ്ണം മലങ്കര സഭയായിത്തീരണമെങ്കിൽ, ദൈവമഹത്വത്തെയും ആത്മരക്ഷയെയും ജീവിതപ്രമാണമാക്കി അതിനു ജീവിക്കണമെങ്കിൽ, ക്രിസ്തീയ സഭകളുടെ യോജിപ്പു പ്രായോഗികമായിത്തീരണമെങ്കിൽ, സർവോപരി മലങ്കര സഭ ഉദ്ധരിക്കപ്പെടണമെങ്കിൽ, കത്തോലിക്കപുനരൈക്യം കൊണ്ടല്ലാതെ സാധ്യമല്ല (മലങ്കര സഭയുടെ കുഴൽകണ്ണാടി പേജ്. 79). ഇതിനേക്കാൾ മെച്ചപ്പെട്ട ഒരു സമുദായോദ്ധാരണ ചിന്ത കണ്ടെത്താൻ കൂർമബുദ്ധിയായ കുമ്പഴ അച്ചനു കഴിഞ്ഞില്ല. നാലു കാര്യങ്ങളാണു പ്രസ്തുത ചിന്ത ഉള്ളടക്കുന്നത്.

1. വ്യവഹാരവും അന്തഃച്ഛിദ്രവും നീങ്ങുന്നതും മേലിൽ അവ ഉണ്ടാകാത്തതുമായ സ്ഥിതി;
2. ദൈവമഹത്വവും ആത്മരക്ഷയും ജീവിതപ്രമാണമാക്കുന്ന അവസ്ഥ;
3. സഭകളുടെ ഐക്യം സാധിതമാക്കൽ;
4. മലങ്കരസഭാ പുനരുദ്ധാരണം

"നേതൃത്വഗുണങ്ങളാൽ ധന്യനായിരുന്നു മേടയിലച്ചൻ എന്നു പറയുന്നുണ്ടല്ലോ. അത് എത്രത്തോളം ശരിയാണ്?"

ആ ജീവിതം വെളിപ്പെടുത്തുന്ന വസ്തുത അതല്ലാതെ മറ്റൊന്നുമല്ല. ഉൽക്കൃഷ്ടമായ ഒരു ദർശനം, അതുപ്രാവർത്തികമാക്കാൻ പോരുന്ന വികാരതീവ്രത, ആവേശം പകരാൻ സഹായിക്കുന്ന ഭാഷാസ്വാധീനം, അനുയായികളെ സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള കഴിവ് തുടങ്ങിയവ എല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു.

"അച്ചനെ നയിച്ച പ്രമുഖദർശനം ഏതാണ്?"

സാർവ്വത്രികകൂട്ടായ്മ മലങ്കരയ്ക്കു കൂടിയേ തീരൂ എന്നതായിരുന്നു അച്ചന്റെ ദർശനം. സത്യത്തിന്റെ ആ വെള്ളിനക്ഷത്രത്തെ ആലിംഗനം ചെയ്യാൻ മനസാക്ഷി സന്നദ്ധമായി. അതു വേദന കൂടാത്തതായിരുന്നില്ല. അട്ടച്ചാക്കൽ, കൊന്നപ്പാറ, വടക്കുപുറം തുടങ്ങി താൻ പരിചരിച്ച ഇടവകകളുടെ കണ്ണീർ ആ ധീരമതിയെ കുലുക്കിയില്ല. പിറന്ന സമുദായത്തോടുള്ള ബന്ധങ്ങൾ അറുത്തുമുറിക്കുന്നതിനുള്ള ദുസഹവേദന സഹിച്ചു; പൂക്കൾ വിരിച്ച പാത മുമ്പിൽ കണ്ടുകൊണ്ടായിരുന്നില്ല നീക്കം. അനുയായികൾ

www.malankaralibrary.com


ഉള്ളിടത്തു നിന്ന് അനുയായികൾ ഇല്ലാത്തിടേക്കു നീങ്ങി; സമൃദ്ധിയുടെ തുടിപ്പിൽ നിന്നു നിസ്വതയുടെ നിസഹായതയിലേക്കു നീങ്ങി. ഉൽക്കൃഷ്ട ദർശനം മുന്നിൽ കണ്ടുകൊണ്ടുള്ള സാഹസികനീക്കം."

"ആന്തരിക ദർശനം ഉയർത്തിയ വികാരതീവ്രത എങ്ങനെ പ്രതിഫലിതമായി?"

അച്ചന്റെ ആവേശം പ്രവർത്തനനിരതമായി. കുമ്പഴയിൽ അന്നു കത്തോലിക്കാ പള്ളി ഉണ്ടായിരുന്നില്ല. അടുത്തുള്ള മറ്റു സ്ഥലങ്ങളിലുമുണ്ടായിരുന്നില്ല. അവിടെ ഒരു ചാപ്പൽ ഉണ്ടാക്കി. അനുയായി വൃന്ദം കൂടി. ചാപ്പൽ പരിഷ്കരിക്കേണ്ടി വന്നു. ഇന്നു തലയെടുപ്പോടെ നിലകൊള്ളുന്ന കുമ്പഴപള്ളി ശില്പവൈദഗ്ദ്ധ്യം ഓളം തുളുമ്പുന്ന ഒന്നാണ്.

കുമ്പഴയിൽ മാത്രമല്ല പള്ളി പൊങ്ങിയത്. അതിനടുത്തുള്ള ഇരുപത്തിരണ്ടോളം സ്ഥലങ്ങളിൽ മിഷൻ സ്റ്റേഷനുകൾ ഉയർന്നു. ആഞ്ഞിലികുന്ന്, വടക്കുപുറം, കിഴക്കുപുറം, കല്ലേലി, കോന്നി, വകയാർ, കാർമല, മുളന്തറ, കൂടൽ, കലഞ്ഞൂർ, അതിരുങ്കൽ, നന്നൂവക്കാട്, തോട്ടുപുറം, ഇലന്തൂർ, കൈപ്പട്ടൂർ, കിഴവള്ളൂർ, വലഞ്ചുഴി, പൂങ്കാവ്, ചീക്കനാൽ, മുറിഞ്ഞകല്ല്, മലങ്കോട്ടയം, ചെങ്ങറ തുടങ്ങിയ സ്ഥലങ്ങൾ ഉദാഹരണങ്ങളാണ്. പ്രൗഢിയുള്ള പള്ളികളും ശക്തിയുള്ള ഇടവകകളും ഇന്നാപ്രദേശങ്ങളിലുണ്ട്.

കരുത്തന്മാരായ ചില കത്തനാരന്മാർ അക്കാലയളവിൽ ഐക്യപ്രസ്ഥാനത്തെ എതിർത്തുകൊണ്ടിരുന്നു. അവരെ സ്വന്തം പാതയിലെ കുഞ്ഞാടുകളാക്കുന്നതിനായിരുന്നു കുമ്പഴയച്ചന്റെ ശ്രമം. 1935 ജൂലൈ 20 ന് മൈലപ്ര എ.ജി. എബ്രഹാം അച്ചൻ പുനരൈക്യപ്പെട്ടു. വലിയ വീട്ടിലച്ചൻ, കടമ്മനിട്ടയച്ചൻ തുടങ്ങിയവരും ആ പാതയിൽ നിരന്നു. ഗീവറുഗീസ് ചരുവിലേത്ത്, പത്രോസ് കിഴക്കേവീട്ടിൽ, തോമസ് ആമ്പശ്ശേരിൽ എന്നീ വൈദികരും ഐക്യമണ്ഡലത്തിനു ശക്തി കൂട്ടി. "കൊമ്പൻ പോയതു മോഴയ്ക്കു വഴി" എന്നതായി കുമ്പഴയച്ചനു പിന്നാലെയുള്ളവരുടെ നീക്കം.

നാനാജാതിമതസ്ഥരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമാകാൻ കഥാപുരുഷന്റെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കു സാധിച്ചു. കോ-ഓപ്പറേറ്റീവു യൂണിയൻ പ്രസിഡന്റായി അച്ചൻ സേവനമനുഷ്ഠിച്ചിട്ടുള്ളത് ഒന്നോ രണ്ടോ വർഷങ്ങളല്ല. അക്കാലത്തു സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ കുമ്പഴ, കോന്നി, വടക്കുപുറം, മണ്ണാരക്കുളഞ്ഞി, തലച്ചിറ, മലയാലപ്പുഴ എന്നീ പ്രദേശങ്ങളിൽ വ്യാപിപ്പിച്ചു. ചില സ്ഥലങ്ങളിൽ പ്രൈമറി സ്കൂളുകൾ തുടങ്ങി, മറ്റു ചിലയിടങ്ങളിൽ അത്തരം സ്കൂളുകളുടെ ലോക്കൽ മാനേജരായി വർത്തിച്ചു. വെട്ടൂർ, ഊട്ടുപാറ എന്നീ സ്ഥലങ്ങളിലാണ് പ്രൈമറി പള്ളിക്കൂടം പടുത്തുയർത്തിയത്; കോന്നിയിലും കുമ്പഴ

www.malankaralibrary.com


യുമുള്ള പ്രൈമറി സ്കൂളുകളുടെ ലോക്കൽ മാനേജരായിട്ടാണ് പ്രവർത്തിച്ചത്. വെട്ടൂർ ഭാഗത്തു, "മദർ ഓഫ് ഹെൽത്ത് ഹോസ്പിറ്റൽ" എന്ന പേരിൽ തുടങ്ങിയ ആശുപത്രി കുമ്പഴയച്ചന്റെ ആതുരസേവന തീക്ഷ്ണത തുറന്നുകാട്ടി.

"ദർശനാധിഷ്ഠിതമായ തീവ്രവികാരം ആവിഷ്കരിക്കുന്നതിനുള്ള ഭാഷാസ്വാധീനം നേതാവിനു വേണമല്ലോ. അക്കാര്യത്തിൽ കുമ്പഴയച്ചൻ എങ്ങനെയായിരുന്നു?"

മലങ്കരയുടെ ഉദ്ധാരണവും സഭൈക്യവുമാണ് അച്ചനെ ഇളക്കിമറിച്ചത്. അത് ആവിഷ്കരിക്കാൻ പോരുന്ന പദസമ്പത്തും സംസാരപാടവവും അദ്ദേഹത്തിനുണ്ടായിരുന്നു. കൺവൻഷൻ പ്രസംഗം, കൺവൻഷൻ സംഘാടനം, വ്യക്തിപരസംവാദം എന്നിവയിലൂടെ അതു പ്രകടിതമായി. നലം തികഞ്ഞ ഒരു പ്രഭാഷകനായിരുന്നു അച്ചൻ. ഒന്നും രണ്ടും സമ്മേളനങ്ങളിലല്ല, കോരിത്തരിപ്പിക്കുന്ന ആ വാചോവിലാസം ഉയർന്നിട്ടുള്ളത്. വിവിധ കേന്ദ്രങ്ങളിൽ കൺവൻഷൻ സംഘടിപ്പിക്കുന്നതിനും, ആ ഐക്യസന്ദേശവാഹി ശ്രദ്ധകാട്ടി. മാർ ഈവാനിയോസ്, ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ, മോൺ തോമസ് വടശേരി, ഫാ. തോമസ് ഇഞ്ചയ്ക്കലോടി, എ. പീലിപ്പോസ് ജഡ്ജി തുടങ്ങിയ പ്രഗല്ഭമതികൾ ആ കൺവൻഷനുകളിൽ പ്രഭാഷകരായി. ക്രൈസ്തവ ഐക്യത്തിന്റെ ചേതോഹാരിത തെളിച്ചു കാട്ടുവാൻ ആ പ്രസംഗയോഗങ്ങൾക്കു കഴിഞ്ഞു.

ഡയലോഗിന്റെ പ്രാധാന്യം വത്തിക്കാൻ സുന്നഹദോസ് ആവർത്തിച്ചു പറഞ്ഞിട്ടുണ്ടല്ലോ. ആ സുന്നഹദോസിന് അനേകവർഷങ്ങൾക്കു മുമ്പു തന്നെ സഭാസൗഹൃദസംവാദം മേടയിലച്ചനും കൂട്ടരും വിജയപ്രദമായി നടപ്പാക്കി.

'കുമ്പഴയച്ചൻ സ്മാരക ട്രോഫി' ഇന്നു തിരുവനന്തപുരം അതിരൂപതയിലുണ്ട്. സണ്ടേസ്കൂൾ പഠനത്തിൽ ഏറ്റം കൂടുതൽ മാർക്കു നേടുന്ന ഇടവയ്ക്കാണ് അത് ലഭിക്കുന്നത്. മതബോധനരംഗത്ത് ആ സഭാസ്നേഹി ചെലുത്തുന്ന താത്പര്യം അന്നേ ശ്രദ്ധേയമായി കഴിഞ്ഞിരുന്നു.

"അനുയായികളെ ഉറപ്പിച്ച് നിർത്തുന്നതിനുള്ള അസാധാരണ പാടവം നേതാവിനു വേണ്ടതാണല്ലോ. അക്കാര്യത്തിൽ കുമ്പഴയച്ചൻ വിജയിച്ചിട്ടുണ്ടോ?"

"എന്താണ് സംശയം? ഒന്നോപത്തോ ആയിരുന്നില്ല കുമ്പഴയച്ചന്റെ അനുയായികൾ. അവരോ തുടർന്നുവന്ന തലമുറയോ ആ നേതാവിൽ നിന്നു പിന്മാറിയിട്ടില്ല. എങ്ങനെ പിന്തിരിയും? നേതാവിന്റെ ആദർശധീരതയും ആത്മാർത്ഥതയും ത്യാഗസന്നദ്ധതയും അവർക്കുഅനുഭവവേദ്യമായിട്ടുണ്ട്.

www.malankaralibrary.com


പ്രാവർത്തികമാക്കാത്ത തത്ത്വങ്ങൾ അദ്ദേഹം പ്രസംഗിച്ചിട്ടില്ല. മലമടക്കുകളിലൂടെ രാപ്പകൽ ഭേദമില്ലാതെ ആ മിഷനറി ചരിച്ചത് വാഹനങ്ങളുടെ അകമ്പടിയോടെയായിരുന്നില്ല. യന്ത്രങ്ങൾക്കു വിശ്രമം വേണം. പക്ഷേ കുമ്പഴയച്ചൻ വിശ്രമമറിഞ്ഞില്ല. ആത്മാർഥതയില്ലാത്തതായിരുന്നില്ല ആ ജീവിതം. രണ്ടു പ്രിയപ്പെട്ട മക്കളെ സന്യാസജീവിതത്തിലേക്കു നയിച്ചുകൊണ്ടാണ് സുവിശേഷാധിഷ്ഠിത ജീവിതത്തോടുള്ള ആത്മാർഥത അച്ചൻ വെളിപ്പെടുത്തിയത്. ഒരു മകൾ മദർ ഫിലോമിന എസ്.ഐ.സി. ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറലായി കഴിയുന്നു; മറ്റൊരു മകൾ ഡീനാ ഫിലിപ്പ് മേടയിൽ 'മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്' എന്ന സന്യാസിനി സമൂഹത്തിൽ പ്രവർത്തിക്കുന്നു.

"ഇന്നത്തെ അനുയായികളെക്കുറിച്ചു മൺമറഞ്ഞ ആ നേതാവിന്റ ആവലാതി എന്തായിരിക്കും?"

"ഇന്നു മലങ്കര കത്തോലിക്കാസഭ സാമ്പത്തികമായി വളർന്നിട്ടുണ്ട്; സാമൂഹ്യമായി ഉയർന്നിട്ടുണ്ട്; സ്ഥാപനങ്ങളുടെ തലയെടുപ്പുകൾ എല്ലായിടത്തുമുണ്ട്. എന്നാൽ ആദ്യകാലത്തുണ്ടായിരുന്ന ആന്തരികജീവനും ചൈതന്യവും ഇന്നില്ലെന്നു കേരളത്തിലെ സഭൈക്യസാരഥികൾ കണ്ണീരോടെ പറയും.

"എക്യുമെനിസത്തിന്റെ ആവിർഭാവമല്ലേ ഈ മാന്ദ്യത്തിനു ഹേതു?"

എന്ന് എങ്ങനെ പറയും? എക്യുമെനിസത്തിന്റെ താഴെക്കാണുന്ന തത്ത്വങ്ങൾ ഒന്നു ശ്രദ്ധിച്ചെങ്കിൽ!

സഭയുടെ ഏകത്വം ഒരു വിശുദ്ധരഹസ്യം (എക്യു. 2)

ഈ രഹസ്യത്തിന്റെ ഉത്തമമാതൃകയും അടിസ്ഥാനപ്രമാണവും ത്രിയേക ദൈവത്തിലെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യമാണ് (എക്യു. 2 (5).

ഇഹത്തിൽ സ്ഥാപിച്ചു നിയന്ത്രിക്കപ്പെടുന്ന ഒരു സമൂഹമെന്ന നിലയിൽ കത്തോലിക്കാ സഭയിലാണ് ക്രിസ്തുവിന്റെ മേൽപറഞ്ഞ സഭ ദൃശ്യമാകുക. പത്രോസിന്റെ പിൻഗാമിയും അദ്ദേഹത്തോട് ഐക്യം പുലർത്തുന്ന മെത്രാന്മാരും ചേർന്നു ഈ സഭയെ നയിക്കുന്നു. (തിരുസഭ 8, (2)

ഈ അടിസ്ഥാനങ്ങളിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ള എക്യുമെനിസത്തിനു സഭൈക്യസംരംഭത്തെ എങ്ങനെ മാന്ദ്യപ്പെടുത്താൻ കഴിയും?

www.malankaralibrary.com

## ദർശനവും സാക്ഷ്യവും - ഫാദർ സി.എം. ജോർജ്

മാർ ഈവാനിയോസ് പിതാവ് മലങ്കര സഭയിൽ പുനരൈക്യപ്രസ്ഥാനം ആരംഭിച്ചപ്പോൾ അദ്ദേഹത്തെ അനുഗമിച്ചു പുതുതായി രൂപം കൊണ്ട തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും വൈദികശുശ്രൂഷ നടത്താൻ അനേകം യാക്കോബായ പട്ടക്കാർ സന്നദ്ധരായി. അതിരൂപതയുടെയും മലങ്കര കത്തോലിക്കാസഭ മുഴുവന്റെയും സംപുഷ്ടമായ വളർച്ചയ്ക്ക് ഈ അച്ചന്മാരുടെ സേവനം അത്യന്താപേക്ഷിതമായിരുന്നു. പൗരസ്ത്യപാരമ്പര്യമനുസരിച്ചു പരിശീലനം ലഭിച്ചിരുന്ന ഇവർ പ്രസ്തുത പാരമ്പര്യം കത്തോലിക്കാസഭയിലും കാത്തുസൂക്ഷിക്കുന്നതിനു സാരമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

മലങ്കര സഭയുടെ പുരാതനരീതികളും ആചാരാനുഷ്ഠാനങ്ങളും ആരാധനക്രമവും അഭംഗുരം നിലനിർത്തിക്കൊണ്ടുള്ള സംവിധാനമാണു പുനരൈക്യപ്രസ്ഥാനം വഴി ലഭ്യമായത്. രണ്ടാം വത്തിക്കാൻ കൗൺസിൽ, അപ്പസ്തോല പൈതൃകത്തിന്റെ ഭാഗമായ ഈ സഭാപാരമ്പര്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. "ഓരോ സഭയുടെയും പാരമ്പര്യങ്ങളെ പൂർണമായും അഭംഗമായും സംരക്ഷിക്കണം എന്നതാണ് കത്തോലിക്കാസഭയുടെ പ്രബോധനം" (പൗരസ്ത്യ സഭകൾ-2). "നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യസഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കുവേണ്ടി മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽ വരുത്താവുന്നതല്ല."

കൗൺസിലിനു മുമ്പുതന്നെ മേല്പറഞ്ഞ നിർദേശങ്ങൾ മലങ്കര കത്തോലിക്കാസഭയിൽ പ്രായോഗികമാക്കുന്നതിന്, ആരംഭകാലത്തു പുനരൈക്യപ്പെട്ട ബ. വൈദികർ നിഷ്കർഷിച്ചിരുന്നതുകൊണ്ടാണ് കാലത്തിന്റെയോ വ്യക്തികളുടെയോ സമ്മർദങ്ങൾക്ക് അടിപ്പെട്ടു തങ്ങൾക്കു ചേരാത്തവിധം ഇവയിൽ നിന്നും വ്യതിചലിച്ചു പോകാതിരിക്കാൻ സാധിച്ചിട്ടുള്ളത്.

www.malankaralibrary.com


മലങ്കര സഭയുടെ വളക്കൂറുള്ള മണ്ണായ പത്തനംതിട്ട ജില്ലയിൽ പുനരൈക്യ പ്രസ്ഥാനത്തിനു നേതൃത്വം നല്കിയവരായിരുന്നല്ലൊ പീടികയിൽ ബ. ഗീവറുഗീസച്ചൻ, കടമ്മനിട്ട പുത്തൻപുരയ്ക്കൽ ബ. ഗീവറുഗീസച്ചൻ, കുമ്പഴമേടയിൽ ബ. ഫിലിപ്പോസച്ചൻ ആദിയായവർ. ഇവരൊക്കെ ഇന്നറിയപ്പെടുന്നത് ഓരോരുത്തരുടെയും വീട്ടുപേരിനോടെന്നതിനേക്കാൾ അവർക്കു ജന്മം നല്കിയ നാടിന്റെ പേരിനോടു ചേർത്താണ്.

മാർ ഈവാനിയോസിനു മുമ്പു കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട എന്റെ വന്ദ്യപിതാവ് അഞ്ചൽ വല്യച്ചൻ എന്നറിയപ്പെടുന്ന ബ. സി.കെ. മത്തായി അച്ചന്റെ ഒരാത്മസുഹൃത്തെന്ന നിലയിലാണു ബ. കുമ്പഴ അച്ചനെ ഞാനോർക്കുന്നത്. ഇടയ്ക്കിടയ്ക്കു ഞങ്ങളുടെ വീട്ടിൽ അതിഥിയായി വന്നിരുന്ന ബ. അച്ചന്റെ ആകാരഭംഗിയും സംഭാഷണചാതുര്യവുമായിരുന്നു എന്നെ അത്യധികം ആകർഷിച്ചത്. അച്ചൻ വീട്ടിലെത്തിയിരുന്ന ദിവസങ്ങളിൽ രാത്രിയുടെ അന്ത്യയാമങ്ങളിലേക്കു നീണ്ടുപോയിരുന്ന സരസ സംഭാഷണങ്ങളും പൊട്ടിച്ചിരികളും ഒളിച്ചിരുന്നു കേട്ടുകൊണ്ടിരുന്ന ഞങ്ങൾക്കാർക്കും ഉറങ്ങാൻ പോലും തോന്നിയിരുന്നില്ല. സംഭാഷണത്തിനിടയ്ക്കു സുഹൃത്തുക്കൾ രണ്ടുപേരും ചേർന്നു സുറിയാനിയിൽ മധുരമായി ആലപിച്ചിരുന്ന ഗാനങ്ങളും ഞങ്ങളെ ഉണർത്തിയിരുത്താൻ പര്യാപ്തമായി. അക്കാരണത്താൽ തന്നെ അദ്ദേഹത്തിന്റെ സന്ദർശനങ്ങൾ കുട്ടികളായ ഞങ്ങൾ സ്വാഗതം ചെയ്തിരുന്നു.

സുഹൃദ്സംഗമമെന്നപോലെ ഇവരുടെ കൂടിക്കാഴ്ചകൾക്കു സഭാസംബന്ധമായ ഒരു മാനവുമുണ്ടായിരുന്നു. പരസ്പരസഹകരണത്തോടെ പ്രസംഗയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും തങ്ങളുടെ പഴയ യാക്കോബായ വൈദികസുഹൃത്തുക്കളെയും ജനങ്ങളെയും കണ്ടു സംസാരിക്കുന്നതിനും ഈ കൂടിക്കാഴ്ചകൾ സഹായിച്ചു. ഒരിക്കൽ അതിരൂപതയിലെ ഭരണസംബന്ധമായ ചില കാര്യങ്ങളെപ്പറ്റി ആലോചിക്കാനായി ബ. കുമ്പഴ അച്ചനുൾപ്പെടെ അതിരൂപതയിലെ ഏതാനും മുതിർന്നവൈദികർ അപ്പച്ചനെക്കാണാനെത്തിയ വിവരം അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (1938 ജനുവരി 11)

ബ. കുമ്പഴ അച്ചനെപ്പോലെയുള്ള ഉന്നത സഭാനേതാക്കന്മാർ മൺമറഞ്ഞുപോയെങ്കിലും അവരുടെ ആദർശങ്ങളും സഭാസ്നേഹവും മക്കളിൽകൂടി തുടർന്നും ലഭ്യമായിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത ആശ്വാസപ്രദമാണ്. ബഥനി സന്യാസസമൂഹങ്ങൾ വഴിയായും ആകമാന മലങ്കര കത്തോലിക്കാസഭ മുഖേനയും അവരുടെ ദർശനവും സാക്ഷ്യവും നമ്മെയേവരെയും കർമോന്മുഖരാക്കിത്തീർക്കട്ടെ!

www.malankaralibrary.com

## ഏതുമേഖലയിലും ഒന്നാമൻ - ഫാദർ ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി.

ഒരു കുടുംബത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ അതുപോലെ തന്നെ ഒരു ദേശത്തിന്റെയോ പ്രശസ്തിയും പുരോഗതിയും അതിലെ വ്യക്തികളുടെ നിസ്വാർഥവും സമർപ്പിതവുമായ ജീവിതം വഴിയാണ്. ആധുനിക കുമ്പഴയുടെയും മേടയിൽ കുടുംബത്തിന്റെയും ചരിത്രത്തിൽ വളരെ ശോഭയോടെ തിളങ്ങുന്ന ഒരു വ്യക്തിയാണ് "കുമ്പഴ അച്ചൻ." പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യമൂന്നു ദശകങ്ങളിലെ ചരിത്രത്തിലും, പ്രത്യേകിച്ച് വടക്കു കിഴക്കൻ പ്രദേശത്തെ സംബന്ധിച്ച്, പ്രമുഖസ്ഥാനം അച്ചനുണ്ട്. മലങ്കര കത്തോലിക്കാസഭയുടെ ശൈശവത്തിൽ അതിനെ ശുശ്രൂഷിച്ചു പരിപാലിക്കുവാനും വളർത്തുവാനും നല്ല ഇടയനായി ക്രിസ്തു വേർതിരിച്ച് തെരഞ്ഞെടുത്തയച്ച പ്രഗത്ഭനായ പുരോഹിതനായിരുന്നു മേടയിൽ ഫിലിപ്പോസ് കത്തനാർ, അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം മൂലം പ്രദേശത്തിന്റെ പേരിൽ അദ്ദേഹം അറിയപ്പെട്ടു - കുമ്പഴ അച്ചൻ: കുമ്പഴ അച്ചൻ വഴി പ്രദേശവും അറിയപ്പെട്ടു.

1953 ജൂലൈ 17-ാം തീയതി രാവിലെയാണ് കുമ്പഴ അച്ചനെ ഞാൻ അടുത്തുകാണുന്നത്. ഞാൻ ബഥനി ആശ്രമത്തിൽ പരിശീലനത്തിനു ചേർന്നകാലം. പുനരൈക്യ ശില്പിയായ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ കബറടക്ക ശുശ്രൂഷ നടക്കുന്നു. ഗായകസംഘനേതാവായിരുന്നു ബ. കുമ്പഴ അച്ചൻ എന്നാണ് എന്റെ ഓർമ. ഘനഗാംഭീര്യമുള്ള സ്വരം; അതേസമയം ഭക്തിനിർഭരവും ഹൃദയത്തെ വശീകരിക്കുന്നതുമായ ഇമ്പമുള്ള സ്വരം. ബ. അച്ചൻ വന്ദ്യപിതാവിനു വിടപറഞ്ഞു: "ദൈവത്തിന്റെ മഹാപുരോഹിതാ, സമാധാനത്തോടെ പോവുക - ശേൽ ബശ്ലോമോ റീശ് കൊഹനോ ദാലോ ഹോ." ഹൃദയാഴത്തിൽ നിന്നും ദുഃഖഭാരത്തോടെ തന്റെ ഗുരുവും പിതാവുമായിരുന്ന വന്ദ്യപിതാവിനു വിട പറയുന്ന കുമ്പഴ അച്ചന്റെ സ്വരമാണ് എന്റെ മനസിൽ തളം കെട്ടിനിൽക്കുന്നത്.

www.malankaralibrary.com


വർഷങ്ങൾക്കുശേഷം, കുമ്പഴ അച്ചൻ സ്ഥാപിച്ചതും അച്ചന്റെ കുടുംബഇടവകയുമായ, പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള കുമ്പഴ പള്ളി വികാരിയായി ഒരു ദശവർഷത്തിലേറെ സേവനം ചെയ്യുവാൻ എനിക്കു ഭാഗ്യമുണ്ടായി. ജനുവരി 1970 – ജൂൺ 80. 1964–ൽ ഞാൻ ആദ്യമായി ഹാശാ ശുശ്രൂഷ നടത്തിയത്. കുമ്പഴയിലും മണ്ണാരക്കുളഞ്ഞിയിലുമായിരുന്നു. കൂടാതെ 1965–ൽ ആറുമാസത്തോളം കുമ്പഴ ആശ്രമത്തിൽ താമസിച്ച് പരിസരപ്രദേശത്തുള്ള ഇടവകകളിൽ ശുശ്രൂഷ നടത്തിയിരുന്നു. ഈ അവസരങ്ങളിൽ കുമ്പഴ അച്ചനെ അടുത്തറിയാൻ എനിക്കു സാധിച്ചു.

വിശ്രമരഹിതമായ കഠിനാദ്ധ്വാനം കാരണം അക്കാലത്ത് രോഗിയായിത്തീർന്നതിനാൽ വിശ്രമജീവിതത്തിലായിരുന്നു; ഞാൻ കുമ്പഴ ചെല്ലുമ്പോൾ ബ. അച്ചൻ. സഭയെ സ്നേഹിച്ച, അതിനുവേണ്ടി ആത്മാർപ്പണം ചെയ്ത വൈദികനായിരുന്നു അദ്ദേഹം. ഏതുപ്രതികൂല സാഹചര്യങ്ങളെയും ശക്തമായും വിവേകപൂർവവും  അതേസമയം തന്ത്രപരമായും അഭിമുഖീകരിക്കുവാൻ ആ കുശാഗ്രബുദ്ധിക്കു സാധിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനെ നഖശിഖാന്തം അന്നത്തെ മലങ്കര സമൂഹം എതിർത്തിരുന്നു. കുമ്പഴക്കാർ പ്രത്യേകിച്ചും ശത്രുതാ മനോഭാവത്തോടെയാണ് പുനരൈക്യത്തെ വീക്ഷിച്ചത്. തന്റെ സ്വന്തപ്പെട്ടവരും സ്നേഹിതരുമെല്ലാം ശത്രുക്കളായി തീരുമെന്നും അവരിൽ നിന്നും എതിർപ്പും പീഡനവുമുണ്ടാകുമെന്നും അറിഞ്ഞുകൊണ്ടുതന്നെ, അവയെല്ലാം അതിജീവിക്കുവാൻ കഴിവുണ്ടായിരുന്ന അദ്ദേഹം തിരുസഭയുമായി ഐക്യപ്പെട്ടു. അദ്ദേഹം സ്വീകരിച്ച വിശ്വാസത്തിൽ ജീവിക്കുന്നതിനു മാത്രമല്ല കത്തോലിക്കാസഭയിൽ പിറന്നുവീണ പുനരൈക്യശിശുവിനെ അതിന്റെ ശൈശവത്തിലും ബാല്യത്തിലും ശുശ്രൂഷിച്ചു പരിപാലിക്കുവാനും അതീവത്യാഗം സഹിച്ചു. അതോടൊപ്പം തന്നെ സഭയ്ക്കുവേണ്ടി ജീവത്യാഗം ചെയ്യുവാൻ പോലും തയ്യാറുള്ള ഒരുപറ്റം വിശ്വാസികളെ അദ്ദേഹം ഒരുക്കിയെടുത്തത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ഇന്ന് മലങ്കരകത്തോലിക്കാ സഭയുടെ ശക്തികേന്ദ്രമെന്നു വിശേഷിപ്പിക്കാവുന്ന പത്തനംതിട്ട ജില്ലയിലെ ഭൂരിഭാഗം ഇടവകകൾക്കും അടിസ്ഥാനമിട്ടത് കുമ്പഴ അച്ചനാണ്. പുതിയ ഇടവകകളും മിഷ്യനുകളും ആരംഭിക്കുമ്പോൾ അദ്ദേഹത്തോടൊപ്പം കുമ്പഴയിലെ മേൽപറഞ്ഞ വിശ്വാസികളും ഉണ്ടായിരുന്നു. ആളുകളെ സഭയിലേക്കു സ്വീകരിക്കുകയും ഇടവകകൾ രൂപീകരിക്കുകയും ചെയ്തിട്ടും അശ്രദ്ധരായി കഴിയുന്നതിന് അവരെ അനുവദിച്ചിരുന്നില്ല. ചിട്ടയായും ക്രമമായും ജീവിതം നയിച്ചിരുന്ന അദ്ദേഹം ദൈവജനത്തെയും നല്ല ശിക്ഷണത്തിൽ വളർത്തിയെടുക്കുവാൻ ശ്രദ്ധിച്ചു. "കുമ്പഴ മുട്ടന്മാരെ" ന്ന്

www.malankaralibrary.com


കുമ്പഴക്കാരെ പണ്ടാരോ വിശേഷിപ്പിച്ചിരുന്നതായി കേട്ടിട്ടുണ്ട്. എന്നാൽ അച്ചന്റെ ഇടവകക്കാരെ അനുസരണയും സഭാജീവിതത്തിൽ താത്പര്യവും ഉള്ളവരുമായി രൂപപ്പെടുത്തുവാൻ വേണ്ട അടിത്തറ അദ്ദേഹം ഇട്ടിരുന്നുവെന്നത് എന്റെ സേവനവേളയിൽ എനിക്ക് അനുഗ്രഹമായി. അദ്ദേഹത്തിന്റെ നേതൃത്വം ജനം അംഗീകരിച്ചനുസരിച്ചതിനാലാണ് ഇന്നും ഇടവകക്കാർ വികാരിമാരെ ബഹുമാനിക്കുകയും അവരുടെ നിർദേശങ്ങൾ ശിരസാവഹിക്കുകയും ചെയ്യുന്നത്. യാതൊരു ചേരിതിരിവുമില്ലാതെ ഒറ്റക്കെട്ടായി, സംസ്കാരമുള്ള ഒരു കുടുംബത്തിലെ അംഗങ്ങളെപോലെ അവർ കൂട്ടായ്മ പുലർത്തുന്നു.

അംഗങ്ങളുടെ വർധനവ് എന്നതിലേറെ അവരുടെ കൂട്ടായ്മ ജീവിതത്തിന് അച്ചൻ ഊന്നൽകൊടുത്തിരുന്നു. അതിന് ഏറ്റം ആവശ്യമായത് ആരാധനാജീവിതമെന്ന് അറിയാമായിരുന്ന അദ്ദേഹം, ആ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിച്ചു. ഇമ്പകരമായ, ഭക്തിനിർഭരമായ ശുശ്രൂഷകളായിരുന്നു അദ്ദേഹത്തിന്റേത്. ഇതരസഭകളിലുള്ളവരെ പോലും ആകർഷിക്കുന്ന വിധത്തിൽ ആരാധനകൾ അർപ്പിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. അതിനാൽ ഇന്നും ഇടവകയിലെ ആരാധന സജീവവും ദിവ്യാനുഭൂതി ഉളവാക്കുന്നതും ആയിരിക്കുവാൻ ഇടവകക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

മുൻപു സൂചിപ്പിച്ചതുപോലെ കുമ്പഴ അച്ചൻ വിശ്രമജീവിതമാരംഭിച്ചു, കുറെകാലങ്ങൾ കഴിഞ്ഞാണ് ഞാൻ കുമ്പഴ വികാരിയായി ചുമതലയെടുത്തത്. അന്നു പുതിയ പള്ളിയുടെ പണി ആരംഭിച്ചിരുന്നു. വൈദികനായ ശേഷം പല ദേവാലയങ്ങളിലും ശുശ്രൂഷ ചെയ്തിട്ടുണ്ടെങ്കിലും പഠനമെല്ലാം കഴിഞ്ഞ് ആദ്യമായി വികാരിയായത് കുമ്പഴയായിരുന്നു. ബ. കുമ്പഴ അച്ചനുമായി അടുത്ത ബന്ധം പുലർത്തുന്നതിനു ഞാൻ ശ്രമിച്ചു.

അച്ചന്റെ പിതൃതുല്യമായ സ്നേഹം ഞാൻ വളരെയേറെ അനുഭവിച്ചു. അതുമാത്രമല്ല മറ്റുള്ളവർ എന്നെ ബഹുമാനിക്കുവാനും എന്റെ നേതൃത്വം സ്വീകരിക്കുവാനും അദ്ദേഹം സാഹചര്യമൊരുക്കി. മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ വികാരിയച്ചനെക്കുറിച്ചു നല്ലതു മാത്രമെ അച്ചൻ പറഞ്ഞിട്ടുള്ളൂ. എന്നെക്കുറിച്ചു മാത്രമല്ല, സഹവൈദികരെക്കുറിച്ച് മറ്റുള്ളവർക്കു ബഹുമാനമുണ്ടാകത്തക്കവണ്ണമേ അദ്ദേഹം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളൂ.

കുമ്പഴ അച്ചൻ ഒരു മേഖലയിലും രണ്ടാമനാകുവാൻ തയ്യാറല്ലായിരുന്നു. ഏർപ്പെട്ട എല്ലാ രംഗങ്ങളിലും ഏറ്റം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ കുശാഗ്ര ബുദ്ധിയായ അദ്ദേഹം ശ്രമിച്ചിരുന്നു. എവിടെയെങ്കിലും പരാജയപ്പെട്ടതായി അറിവില്ല. വിശ്രമരഹിതമായ പ്രവർത്തനം വഴി

www.malankaralibrary.com


മധ്യവയസ്കനായിരിക്കെ രോഗിയായി തീർന്നു എന്നതൊഴികെ, എല്ലാറ്റിലും വിജയം വരിച്ചു. ഈ തരത്തിലുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റെ സഹകാരികളിൽ നിന്നും തന്നോടു ബന്ധപ്പെട്ടവരിൽ നിന്നും അദ്ദേഹം പ്രതീക്ഷിച്ചത്. തരംതാണ പ്രവർത്തനങ്ങൾ ഒരിക്കലും അംഗീകരിച്ചിരുന്നില്ല. അതിനു തക്കതുപോലെ സഹകാരികളെ ഒരുക്കുവാനും വേണ്ട പ്രോത്സാഹനം നല്കുവാനും തന്റെ കഴിവിൽപെട്ടതൊക്കെയും ചെയ്തു എന്നതാണ് ആ വ്യക്തിത്വത്തിന്റെ മഹത്വം. "ആനയെകൊണ്ട് വാഴപ്പിണ്ടി എടുപ്പിക്കരുത്; പന തന്നെ എടുപ്പിക്കണം" എന്ന് അദ്ദേഹം പറയുമായിരുന്നു. മറ്റുള്ളവരെ വലുതായി കാണുവാനും അംഗീകരിക്കുവാനുമുള്ള സന്മനസാണ് ഇവിടെ വ്യക്തമാകുന്നത്.

കുമ്പഴ ഇടവകയിൽ മാത്രമല്ല, സാമൂഹിക വികസന പ്രവർത്തനങ്ങളിലും സഭൈക്യ പ്രവർത്തനങ്ങളിലും ഞാൻ ഏർപ്പെട്ടപ്പോഴൊക്കെയും അച്ചന്റെ വികാരി മുന്നണിയിൽ ആയിരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. വേണ്ട നിർദേശങ്ങൾ എനിക്കു നൽകുകയും സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്തതുകൊണ്ടു കൂടിയാണ് കുറച്ചൊക്കെ നല്ല കാര്യങ്ങൾ ആ പ്രദേശത്തു ചെയ്യുവാൻ എനിക്കു സാധിച്ചത്.

പള്ളിപണിയുടെ കാര്യത്തിൽ അദ്ദേഹം വളരെയേറെ തത്പരനായിരുന്നു. ആരോഗ്യം അനുവദിക്കുമ്പോൾ പണിസ്ഥലത്തു വന്നുകാണുമായിരുന്നു. കാര്യങ്ങൾ അന്വേഷിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്ത് പ്രോത്സാഹിപ്പിച്ചു. കഴിവുള്ള സാമ്പത്തിക സഹായങ്ങൾ നല്കുകയും ധനാഗമമാർഗങ്ങൾ ഉപദേശിച്ചു തരികയും ചെയ്തിരുന്നു. പള്ളി എത്രയും മനോഹരമായിരിക്കണമെന്നും ആരാധനയ്ക്കുള്ള സാധനസാമഗ്രികൾ ഭംഗിയുള്ളതും വിലപിടിപ്പുള്ളതുമായിരിക്കണമെന്നും താത്പര്യപ്പെട്ടു. ദേവാലയ കൂദാശയ്ക്കു കുറച്ചു നാൾ മുമ്പ് ബ. അച്ചൻ ചികിത്സാർഥം വെല്ലൂർക്കു പോയി. അവിടെ നിന്നും പള്ളിപണികാര്യങ്ങൾ അന്വേഷിച്ചിരുന്നുവെന്നു മാത്രമല്ല, ആശുപത്രി കിടക്കയിലിരുന്ന് തിരുപാത്രങ്ങൾക്ക് രൂപകല്പന കൊടുക്കുകയും അവ പണിയിക്കുവാൻ വേണ്ട ക്രമീകരണം ചെയ്യുകയും ചെയ്തു. വെള്ളിയിൽതീർത്ത് സ്വർണം പൂശിയ, മനോഹരമായി അച്ചൻ പണിയിച്ചു സമ്മാനിച്ച കാസസെറ്റും, വെള്ളികൊണ്ടുള്ള ധൂപക്കുറ്റിയും ദേവാലയത്തിലെ ആദ്യബലിക്കായി ഉപയോഗിച്ചു. പെരുനാളുകളിലും മറ്റും അവയാണ് പിന്നീടും ഞാൻ ഉപയോഗിച്ചിരുന്നത്. ഇതു ഞാൻ എടുത്തു പറഞ്ഞത്, ഓരോ കാര്യത്തിലും അച്ചനുള്ള ശ്രദ്ധയും ചിട്ടയും എന്തെന്നു മനസിലാക്കുവാനാണ്.

സന്യാസവൈദിക ജീവിതത്തിലേക്ക് ദൈവവിളിയുണ്ടാകുന്നതിന്

www.malankaralibrary.com


കുമ്പഴ അച്ചൻ പ്രാർഥിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്തു. സ്വന്തം മക്കളിൽ രണ്ടുപേരെ ദൈവത്തിനു നല്കി. കഴിവുള്ള സഭാസ്നേഹികളായി പ്രവർത്തിക്കുന്ന രണ്ടു സന്യാസിനികൾ. അതുപോലെ സ്വന്തത്തിൽപ്പെട്ടവരും തന്റെ പ്രവർത്തനമേഖലകളിൽ പെട്ടവരുമായ അനേകർക്ക് പ്രോത്സാഹനം നൽകി. പിൻതലമുറയിലെ ദൈവജനത്തിനു സേവനം ചെയ്യുന്ന അനേകർക്ക് കുമ്പഴ അച്ചനോടു കടപ്പാടുണ്ട്.

മേലേതിൽ വൈദ്യന്റെ മകനായി പിറന്ന കുമ്പഴ അച്ചൻ, ആതുരസേവനത്തിൽ അതീവതത്പരനായിരുന്നു. വെട്ടൂർ പ്രദേശത്തുള്ള തന്റെ വസ്തുവിൽ Mother of Health Hospital എന്ന പേരിൽ ഒരു ആശുപത്രി നിർമിച്ച് പ്രവർത്തിപ്പിച്ചിരുന്നു. പലപ്പോഴും ഞാൻ അവിടെചെന്ന് അച്ചനുമായി സംസാരിച്ച് സമയം ചെലവഴിച്ചിരുന്നു. അവിടെ ധാരാളം രോഗികൾ വന്നിരുന്നതിൽ കൂടുതൽ പേരും സാധുക്കളായിരുന്നു. അച്ചൻ സ്വന്തം ചെലവിലാണ് ഇവർക്കൊക്കെയും ചികിത്സ നടത്തിയിരുന്നത്. ചുറ്റുപാടുമുള്ള നിർധനരായ ആളുകളുടെ ഉത്കർഷത്തിനായി പലതും ചെയ്യുവാൻ എനിക്കു പ്രേരണ നല്കുകയും സഹായിക്കുകയും ചെയ്തതിനാൽ വീടുകൾ നന്നാക്കുക, പുതിയ വീടുകൾ വയ്ക്കുക, റോഡുകൾ വെട്ടുക, വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നല്കുക, പാവപ്പെട്ട യുവതികളുടെ വിവാഹം നടത്തിക്കൊടുക്കുക മുതലായ പല നല്ല കാര്യങ്ങളും ചെയ്യുവാൻ സാധിച്ചു.

വിശ്വാസികൾ സന്നിഹിതരല്ലാത്തപ്പോഴും അവർ ആവശ്യപ്പെടാതെയും വൈദികൻ തനിച്ച് വി. കുർബാന അർപ്പിക്കേണ്ട ആവശ്യമില്ലായെന്ന "പുരോഗമന" ചിന്ത കുമ്പഴ അച്ചനെ ബാധിച്ചിരുന്നില്ല. കുർബാനയർപ്പണത്തിനുവേണ്ടിയല്ല വി. കുർബാന അർപ്പിക്കേണ്ടത്. സ്വന്ത ആത്മീയ വളർച്ചയ്ക്കും ക്രിസ്തു അനുഭവത്തിനുവേണ്ടിയുമാണ് ബലി അർപ്പിക്കുന്നത് എന്നദ്ദേഹം വിശ്വസിച്ചിരുന്നു. സ്വന്തം ആശുപത്രിയോടു ചേർന്ന് ചാപ്പലുണ്ടാക്കി ആരോഗ്യം അനുവദിക്കുന്ന എല്ലാ ദിവസവും അദ്ദേഹം വി. കുർബാന അർപ്പിച്ചിരുന്നു. തന്റെ വേദനകൾ കുരിശിലെ ബലിയോടുചേർത്ത് അദ്ദേഹം കാഴ്ചവച്ചിരുന്നതിനാൽ കൂടുതൽ ശക്തിയും ധൈര്യവും ആർജിച്ചു.

തന്റെ അന്ത്യനാളുകൾ അടുത്തുവെന്നും താൻ ആരെ ശുശ്രൂഷിച്ചിരുന്നുവോ ആ ദിവ്യനാഥൻ തന്നെ കൂട്ടികൊണ്ടു പോകുവാൻ വരുന്നുവെന്നും അദ്ദേഹം മനസ്സിലാക്കി. അതിനായി തന്നെ തന്നെ ഒരുക്കുവാൻ ധാരാളം സമയം അദ്ദേഹം വിനിയോഗിച്ചു. തന്റെ ചുമതലാ നിർവഹണത്തിന്റെ കണക്കുകൾ കൃത്യമായി ബോധിപ്പിക്കുവാൻ തയ്യാറാക്കി. കണക്കിൽ പിശകുകളൊന്നും വന്നിട്ടില്ലായെന്ന് പുനരവലോകനം ചെയ്തു തിട്ടപ്പെടുത്തി.

www.malankaralibrary.com


വികാരിയെന്ന നിലയിൽ ഞാൻ അദ്ദേഹവുമായി സംസാരിച്ചു. "എല്ലാം ഭദ്ര"മെന്ന് തുറന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ ആത്മാർഥത നിറഞ്ഞു നിന്നിരുന്നു.

അതിവേദന അനുഭവപ്പെട്ട അന്ത്യസമയത്തും അദ്ദേഹം കാട്ടിയ ധീരത അദ്ദേഹത്തിന്റെ മുൻകാല ജീവിതത്തിലെ അഭ്യസനത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. സഭാവൈരികളോടും സി.പി.യുടെ പോലീസിനോടും പടപൊരുതിയ ധീരസേനാനിയുടെ തന്റേടം, ഗതാഗതസൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന കാലത്ത് കിഴക്കൻ മലകളിൽ ആന, കടുവ, കാട്ടുപോത്ത് എന്നിവ നിറഞ്ഞ കാട്ടുപ്രദേശങ്ങളിൽ സഭയ്ക്കുവേണ്ടി അത്യധ്വാനം ചെയ്ത അദ്ദേഹത്തിന്റെ ധീരത എന്റെ മനസിൽ കടന്നുവന്നു. കിടക്കുവാൻ അദ്ദേഹത്തെ വേദന അനുവദിച്ചില്ല. ചാരുകസേരയിൽ ഇരുന്ന് അദ്ദേഹം മരണത്തെ സ്വാഗതം ചെയ്തു. ഭാര്യയും മക്കളും സ്വന്തപ്പെട്ടവരുമൊപ്പം അദ്ദേഹത്തിന്റെ കരങ്ങളിൽ പിടിച്ചുകൊണ്ട് സുകൃതജപങ്ങൾ ചൊല്ലിക്കൊടുക്കുവാൻ എനിക്കും ഭാഗ്യം ലഭിച്ചു. "സ്നേഹവാനായ കർത്താവേ, എന്റെ ഈ ബലി നീ സ്വീകരിക്കണമെ" എന്ന് മകൾ ചൊല്ലിക്കൊടുത്ത പ്രാർഥന കേട്ടുകൊണ്ട് അദ്ദേഹം പിതൃസന്നിധിയിലേക്കു പോയി. മലങ്കര കത്തോലിക്കാസഭയുടെ ഇന്നത്തെ മെത്രാപ്പോലീത്തായും (അന്ന് ബ. സിറിലച്ചൻ) ബന്ധുവായ തോമ്പ്ര അച്ചനും, ഞാനും അദ്ദേഹത്തിന് അന്ത്യമായി ആശീർവാദം നല്കി യാത്രയാക്കി.

മരണസമയം മുതൽ വൈകുന്നേരം സംസ്കാരശുശ്രൂഷ കഴിയുന്നതുവരെ കുമ്പഴ നെടുമാനാൽ പ്രദേശത്ത് വലിയ ജനപ്രവാഹമായിരുന്നു. കുമ്പഴ അച്ചന് ജനഹൃദയങ്ങളിലുണ്ടായിരുന്ന സ്വാധീനം അപ്പോഴാണ് കൂടുതൽ വ്യക്തമായത്. അച്ചൻ പ്രാരംഭമിട്ട് രൂപപ്പെടുത്തിയ ഇടവകകൂട്ടായ്മകളിൽ നിന്നും ഇതര ഇടവകകളിൽ നിന്നും വന്ന വിശ്വാസികൾ, സ്വന്തപ്പെട്ടവരും ബന്ധപ്പെട്ടവരുമായ നൂറുകണക്കിനാളുകൾ, വൈദികരുടെയും സന്യാസിനിസന്യാസികളുടെയും വലിയ കൂട്ടങ്ങൾ എല്ലാം മരണാനന്തര ശുശ്രൂഷകൾക്ക് സാക്ഷ്യം വഹിച്ചു. താൻ ജീവിച്ചിരുന്നപ്പോൾ ദൈവമക്കളായി തീരുവാൻ സഹായിച്ച വന്ദ്യതാതനോടുള്ള ആദരവും ബഹുമാനവും പ്രകടമാക്കുവാനും അദ്ദേഹത്തെ വിശുദ്ധരുടെ സംഘത്തിൽ കൂട്ടിക്കൊള്ളണമെ എന്നു പ്രാർഥിക്കുവാനും ജനം ആവേശത്തോടെ വന്നുചേർന്നു.

വികാരിയെന്ന നിലയിൽ സംസ്കാര ശുശ്രൂഷകളുടെ ക്രമീകരണം ചെയ്യുന്നതിനു കിട്ടിയ ഭാഗ്യം ഞാൻ എന്നും ഓർക്കും. അദ്ദേഹം സേവിച്ചു ശുശ്രൂഷിച്ച് പുരോഗതിയിലേക്കു നയിച്ച കുമ്പഴയുടെ വിരിമാറിലൂടെ നടത്തിയ നഗരികാണിക്കൽ ഒരു വലിയ ജേതാവിന്റെ ജൈത്രയാത്രയെ

www.malankaralibrary.com


അനുസ്മരിക്കുന്നതായിരുന്നു. മലങ്കര കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ്, തിരുവല്ലാ മെത്രാൻ അഭിവന്ദ്യ സഖറിയാസ് മാർ അത്താനാസിയോസ് എന്നിവർ ശുശ്രൂഷയ്ക്ക് കാർമികരായിരുന്നു. പിതാക്കന്മാരും വൈദികഗണവും ജൈവജനത്തോടു ചേർന്ന് ഗദ്ഗദത്തോടെ യാത്ര പറഞ്ഞു. "പറുദീസായുടെ അവകാശി, സമാധാനത്തോടെ പോകുക.... ഞങ്ങളുടെ പിതാവേ, സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ." ഗാംഭീര്യം നിറഞ്ഞതും ആശ്വസിപ്പിക്കുന്നതുമായ സ്വരത്തിൽ "മാതാപിതാക്കളെ, സഹോദരങ്ങളെ, എന്റെ ഗ്രാമവും അതിലെ നിവാസികളുമേ, സമാധാനത്തോടെ വസിക്കുക; ഈ സമാധാനം എന്നേക്കുമായിരിക്കട്ടെ." അദ്ദേഹം ആശംസിച്ചു. ഇരുപത്തൊന്നു വർഷങ്ങൾക്കു മുമ്പ് പട്ടത്തുവച്ചു കേട്ട ആ സ്വരം കുമ്പഴയിൽ വച്ചു ഞാൻ വീണ്ടും കേൾക്കുന്നതായി എനിക്കനുഭവപ്പെട്ടു.

www.malankaralibrary.com

## അത്യാകർഷകമായ വ്യക്തിപ്രഭാവം

**കെ.ഒ. വർഗീസ് കുരിശിങ്കൽ**

1952-ൽ എറണാകുളത്ത്, അതിവിപുലമായ ചടങ്ങുകളോടെ അഖിലേന്ത്യാ മരിയൻ കോൺഗ്രസ് നടക്കുകയാണ്. അന്നു ഞങ്ങൾ കുടുംബസമേതം എറണാകുളത്തായിരുന്നു താമസം. അക്കാലങ്ങളിൽ സഭാസംബന്ധമായ എല്ലാ പ്രധാന ചടങ്ങുകളിലും, അത് എവിടെയായിരുന്നാലും, അപ്പച്ചൻ (അങ്ങനെയായിരുന്നു, കുമ്പഴ അച്ചനെ ഞങ്ങൾ വിളിച്ചിരുന്നത്) സംബന്ധിക്കുക പതിവായിരുന്നു. ഏറ്റവും ആത്മാർഥവും ഹൃദ്യവുമായ ഇടപഴകൽ വഴി എല്ലാവരുടെയും മനസിൽ പെട്ടെന്നു സ്ഥാനം നേടാനുള്ള വ്യക്തിവൈഭവം കൊണ്ട് അനുഗൃഹീതനായിരുന്നു അദ്ദേഹം.

മരിയൻ കോൺഗ്രസിന്റെ പ്രധാനവേദി ഒരുക്കിയിരുന്നത്, അതിവിശാലമായ മഹാരാജാസ് കോളേജ് ഗ്രൗണ്ടിലായിരുന്നു. മൈതാനം നിറയെ വിരിപന്തൽ, തോരണങ്ങൾ, ദീപാലങ്കാരങ്ങൾ, മീറ്റിംഗുകളിൽ സംബന്ധിക്കുന്ന പ്രാസംഗികർക്കും വിശിഷ്ടാതിഥികൾക്കും മറ്റുമായി അലങ്കരിച്ച പ്ലാറ്റ്ഫോം.

കോൺഗ്രസിൽ അദ്ധ്യക്ഷത വഹിക്കാൻ ആഗതനായിരുന്നത് അന്നത്തെ ബോംബെ ആർച്ച് ബിഷപ്പ് വലേരിയൻ ഗ്രേഷ്യസ് തിരുമേനി ആയിരുന്നു. മഹാപണ്ഡിതനും അനുപമമായ വാക്ധോരണികൊണ്ട്, ഏതു സദസിനേയും കോരിത്തരിപ്പിക്കുന്ന ഉജ്ജ്വലവാഗ്മിയുമായിരുന്നു ഗ്രേഷ്യസ്തിരുമേനി. ഗ്രേഷ്യസിന്റെ പ്രസംഗം എന്നുകേട്ടാൽ, സഭാവിശ്വാസികൾ മാത്രമല്ല ഏതു മതവിശ്വാസിയും, ഓടിക്കൂടുകയും, ശ്രദ്ധാപൂർവ്വം പ്രസംഗം കേൾക്കുകയും ചെയ്യുമായിരുന്നു.

അന്നൊരു ചൊവ്വാഴ്ച, ഉച്ചകഴിഞ്ഞ് രണ്ടരമണിയായെന്നു തോന്നുന്നു. നല്ല അന്തരീക്ഷം, വെയിൽ പടിഞ്ഞാറേക്കു ചാഞ്ഞുതുടങ്ങി. ആർച്ചുബിഷപ്പിന്റെ, അതിഗംഭീരമായ പ്രസംഗത്തിൽ ആകൃഷ്ടരായി, പതിനായിരക്കണക്കിനു ജനങ്ങൾ ശ്രദ്ധാപൂർവ്വം പ്രസംഗം കേൾക്കുകയാണ്. പൊടുന്നനെ അതിശക്തമായ കാറ്റും ചെറിയ തോതിൽ മഴയും ഉണ്ടായി. കാറ്റിന്റെ

www.malankaralibrary.com


ശക്തിയാൽ, വിരിപന്തലിന്റെ ഓലകൾ ഇളകിപറക്കാൻ തുടങ്ങി. എന്തു സംഭവിക്കാൻ പോകുന്നു എന്ന് അറിയാതെ ആളുകൾ എഴുന്നേൽക്കാനും ശബ്ദം വയ്ക്കാനും ഓടാനും തുടങ്ങി. ബഹളം കൂടിയപ്പോൾ ആർച്ച് ബിഷപ്പ് ശബ്ദം ഉയർത്തി സദസിനോടായി പറഞ്ഞു: "ശാന്തരായിരിക്കുക, പരിഭ്ര മിക്കേണ്ടാ, കൊടുങ്കാറ്റിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരികയാണ്" ആ ആജ്ഞാശക്തിയിൽ, സദസ് ശാന്തമായി, കാറ്റു ശമിച്ചു.

അന്നു സന്ധ്യയ്ക്ക് ഒരു വാർത്ത പരന്നു. ബോംബെ ആർച്ചു ബിഷപ്പ് വലേറിയൻ ഗ്രേഷ്യസിനെ, കത്തോലിക്കാ സഭയിലെ കർദിനാളായി ഉയർത്തിയിരിക്കുന്നു!

മീറ്റിംഗ് കഴിഞ്ഞ് ഞാൻ വീട്ടിൽ എത്തിയിരുന്നു. അപ്പച്ചനും വീട്ടിൽ എത്തി, എന്നോടു പറഞ്ഞു: "നമുക്ക് ഒരിടംവരെ പോകണം." പോയത് നേരെ, അന്നത്തെ പ്രമുഖ പത്രമായിരുന്ന മലബാർ മെയിൽ ഓഫീസിലേ ക്കായിരുന്നു. ചെന്നപാടെ, പത്രത്തിന്റെ മുഖ്യഎഡിറ്ററായിരുന്ന ഫാ. വെളു ത്തേടത്തിന്റെ അടുക്കലെത്തി, ബോംബെ ആർച്ചു ബിഷപ്പിനെ കർദിനാൾ ആക്കി എന്നു കേട്ട വിവരത്തെ സംബന്ധിച്ച് അന്വേഷിച്ചു. റോമിൽ നിന്ന് ആ വിവരത്തിനു "റോയിട്ടർ" വാർത്ത ലഭിച്ചിട്ടുണ്ട് എന്ന് എഡിറ്റർ അച്ചൻ പറഞ്ഞു. അപ്പോൾ സമയം രാത്രി 11 മണിയായി കാണും. എഡിറ്റർ അച്ച നോടു അപ്പച്ചൻ പറഞ്ഞു: "നമുക്ക് പോയി വിവരം ഗ്രേഷ്യസ് തിരുമേനിയെ നേരിട്ട് അറിയിക്കാം." സമയം അതിക്രമിച്ചിരുന്നതുകൊണ്ട് എഡിറ്റർ അച്ചൻ മടികാണിച്ചു. എങ്കിലും അപ്പച്ചന്റെ ഉത്സാഹവും പ്രേരണയും കൊണ്ട്, അദ്ദേഹവും ഞങ്ങളുടെ കൂടെ പുറപ്പെട്ടു.

ഗ്രേഷ്യസ് തിരുമേനി വിശ്രമിച്ചിരുന്നത് വരാപ്പുഴ ആർച്ചുബിഷപ്പിന്റെ അരമനയിലായിരുന്നു. അന്ന് അട്ടിപ്പേറ്റി തിരുമേനിയായിരുന്നു വരാപ്പുഴ ആർച്ച് ബിഷപ്പ്. ഞങ്ങൾ മൂവരും നേരെ വരാപ്പുഴ അരമനയിലെത്തി, ബോംബെ ആർച്ചുബിഷപ്പിനെ ഒരു വിവരം അറിയിക്കുവാനുണ്ടെന്ന് പറ ഞ്ഞു. തിരുമേനി ഉറങ്ങാൻ കിടന്നു കഴിഞ്ഞു, നാളെ രാവിലെ അറിയിച്ചാൽ പോരെയോ എന്ന് അവിടത്തെ അധികൃതർ പറഞ്ഞുവെങ്കിലും അപ്പച്ചന്റെ നിർബന്ധം കണ്ട്, അദ്ദേഹത്തെ കാണുവാൻ അവർ സമ്മതിച്ചു. അപ്പോ ഴേക്ക് വരാപ്പുഴ ആർച്ചുബിഷപ്പ് സംസാരം കേട്ട് ഞങ്ങളുടെ അടുത്തെത്തി. ഗ്രേഷ്യസ് തിരുമേനി വിശ്രമിക്കുന്ന മുറി ഞങ്ങൾക്കു കാണിച്ചുതന്നു. ഞങ്ങൾ നാലുപേരും, മുറിയുടെ വാതിൽക്കലെത്തി. മുറിയുടെ അകം നിശബ്ദമായിരുന്നു. എല്ലാവരും മടിച്ചുനിന്നു. എന്നാൽ അപ്പച്ചനാവട്ടെ സ്വത സിദ്ധമായ തന്റേടത്തോടെ കതകിൽ ശക്തമായി ഒന്നുരണ്ടു പ്രാവശ്യം മുട്ടി. കുറച്ചു കഴിഞ്ഞപ്പോൾ അകത്തു നിന്നൊരു ചോദ്യം : "Who is that devil

www.malankaralibrary.com


who is disturbing me at the midnight?" ആർക്കും മറുപടി പറയാൻ സാധി ച്ചില്ല. അപ്പച്ചനാവട്ടെ ഉറക്കെ പ്രതിവചിച്ചു. "Not any devil, but angels only" അല്പനേരത്തെ നിശബ്ദതയുടെ ശേഷം, കിടക്കമുറിയുടെ വാതിൽ തുറന്ന് ഗ്രേഷ്യസ് തിരുമേനി ഞങ്ങളുടെ മുമ്പിൽ വന്നു.

ഞങ്ങൾ നാലുപേരെയും കണ്ട് "എന്താ, എന്തു നാടകമാണ് ഈ അർദ്ധരാത്രി സമയത്ത്"എന്നുചോദിച്ചു. എല്ലാവരും എന്തു പറയണമെന്ന് ആലോചിച്ച് നിൽക്കുന്നതുകണ്ട് അപ്പച്ചൻ അറിയിച്ചു. "You are now a Cardinal, Prince of the Catholic Church" വിവരത്തിന് റോയിട്ടർ വാർത്ത പത്രമാഫീസിൽ വന്നിട്ടുണ്ട്. അല്പനേരത്തെ മൗനത്തിനുശേഷം 'നമുക്കെ ല്ലാവർക്കും കൂടി ചാപ്പലിൽ പോയി, ദൈവത്തിനു നന്ദി പറയാമെന്ന് കർദി നാൾ തിരുമേനി പറഞ്ഞു.

പ്രാർഥനയ്ക്കുശേഷം എല്ലാവരും ചാപ്പലിനുവെളിയിൽ വന്നു. അപ്പ ച്ചൻ തന്നെയാണ് എല്ലാവർക്കും വേണ്ടി സംസാരിച്ചുതുടങ്ങിയത്. ഒന്ന്, വരാ പ്പുഴ ആർച്ചുബിഷപ്പ്; ലോകവ്യാപകമായ ലത്തീൻ സഭാപ്രതിനിധി; ഫാ. വെളുത്തേടത്തെ കാണിച്ചുകൊണ്ട് സീറോമലബാർ സഭാപ്രതിനിധി; ഞാൻ മലങ്കര കത്തോലിക്കാ സഭാംഗം; എന്റെ ഊഴം വന്നപ്പോൾ കർദി നാൾ തന്നെ പറഞ്ഞു: "അല്മായരെ പ്രതിനിധീകരിക്കാനും ഒരാളുണ്ടല്ലോ, ഇദ്ദേഹം ആരാണ്?" ഉടൻ അപ്പച്ചന്റെ മറുപടി "He is my son-in law" ഉത്തരം കേട്ട ഉടൻ കർദിനാൾ സ്തംഭിച്ചു നിന്നുപോയി. ഒരു കത്തോലിക്കാ വൈദി കന് പുത്രീഭർത്താവോ! എങ്ങനെ? കർദിനാളിന്റെ വിഷമം കണ്ട് അപ്പച്ചൻ തന്നെ വിശദീകരിച്ചു. താൻ വിവാഹിതനായ ഒരു യാക്കോബായ വൈദിക നായിരുന്നുവെന്നും, അങ്ങനെയിരിക്കെയാണ്, കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതെന്നും, അങ്ങനെയുള്ള മറ്റു പല വൈദികരും മലങ്കര കത്തോലിക്കാ സഭയിലുണ്ടെന്നും വ്യക്തമാക്കി.

അല്പനേരത്തെ മൗനത്തിനുശേഷം ഓരോരുത്തരും കർദിനാളിന് ആശംസകൾ നേർന്നു. അപ്പച്ചൻ പറഞ്ഞത് "Now you can become a pope" കർദിനാളിൽ നിന്നാണല്ലോ മാർപാപ്പായെ തിരഞ്ഞെടുക്കുക. ഇതുകേട്ട് എല്ലാ വരും ചിരിച്ചു. അപ്പോൾ അപ്പച്ചൻ പറയുകയാണ്: "You may become a pope, but I am bigger than a pope even." അപ്പച്ചൻ പറഞ്ഞതിന്റെ അർഥം മനസിലാവാതെ എല്ലാവരും നിശബ്ദരായി നിന്നപ്പോൾ അപ്പച്ചൻ പറയുക യാണ്: "Even the pope can receive six sacraments only, where as I can receive all the seven sacraments including the sacrament of Holy Matrimony."

അപ്പച്ചന്റെ വാക്ധോരണിയും നർമ്മബോധവും കേട്ട് എല്ലാവരും ഏറെ നേരം ചിരിക്കയും സന്തോഷിക്കയും ചെയ്തു.

www.malankaralibrary.com

## ക്രാന്തദർശിയായ ആചാര്യൻ - ജോർജ് തൊമ്മി കണ്ടത്തിൽ

ആയിരത്തിതൊള്ളായിരത്തി മുപ്പതാമാണ്ട് ഒക്ടോബർ മാസം ഇരുപത്തി ഒമ്പതാം തീയതി മലങ്കര കത്തോലിക്കാ സഭാചരിത്രത്തിൽ സുവർണലിപികളിൽ രേഖപ്പെടുത്തേണ്ട സുദിനമാണ്. അന്നേദിവസമാണ്, സത്യവിശ്വാസം ഉൾക്കൊണ്ട മേഖലയിൽ ഫിലിപ്പോസ് കത്തനാരെ, അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, സത്യസഭയിലേക്കു പുനരൈക്യപ്പെടുത്തി തിരുസഭയുടെ പ്രേഷിതരംഗത്തേക്കു സ്വീകരിച്ച് അനുഗ്രഹിച്ചത്. മാർ ഈവാനിയോസ് തിരുമേനിയുടെ വലംകൈയായി നിന്ന്, ചങ്കൂറ്റത്തോടു കൂടി പാഷണ്ഡതയെയും, ശക്തമായ എതിർപ്പുകളെയും നിലംപൊത്തിക്കുന്നതിന്, അന്നത്തെ ആ 'ചെറിയ' സമൂഹത്തെ ഇന്നത്തെ സമുന്നതിയിലേക്ക് ഉയർത്തിയെടുക്കുന്നതിന്, നമ്മുടെ കർത്താവ് പ്രത്യേകം അഭിഷേകം ചെയ്തു നൽകിയ വന്ദ്യവൈദികനായിരുന്നു കുമ്പഴ അച്ചൻ എന്ന തീക്ഷ്ണമതി.

നമ്മുടെ വന്ദ്യപുരുഷന്റെ ജീവചരിത്രം എന്നാൽ 'റീത്തു' പ്രസ്ഥാനത്തിന്റെ തന്നെ ചരിത്രമാണ്. മലങ്കരസഭയിലെ യാക്കോബായ വിശ്വാസികൾ, പാത്രിയർക്കാപക്ഷമോ, മെത്രാൻപക്ഷമോ ഏതാണ് ശരി എന്നറിയാതെ ഉഴലുന്ന കാലഘട്ടം. സത്യവിശ്വാസത്തിന്റെ വെളിച്ചത്തിലേക്ക് അവരെ നയിക്കുന്നതിന്, ശക്തമായ നേതൃത്വം നല്കുന്നതിന് ആരുമില്ലാത്ത കാലഘട്ടം. സാക്ഷാൽ സത്യവിശ്വാസം സഭാമക്കൾക്കു വിശദീകരിച്ചു കൊടുത്ത് അവരെ വെളിച്ചത്തിന്റെ തെളിമയിലേക്കു നയിക്കുന്നതിനുള്ള ദൃഢവ്രതത്തോടു കൂടി, സാക്ഷാൽ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സത്യവിശ്വാസത്തിലേക്ക് പുനരൈക്യപ്പെട്ട നമ്മുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ഈവാനിയോസ് തിരുമേനിയോടൊത്തു ചേർന്ന്, "റീത്തുകാരെ" ന്നു പുച്ഛരസത്തിൽ വിളിക്കപ്പെട്ടിരുന്ന "ചെറിയ സമൂഹത്തെ" സുദൃഢ വിശ്വാസത്തിലേക്കും വിജയത്തിൽ നിന്നു വിജയത്തിലേക്കും നയിക്കുന്നതിന് ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട

www.malankaralibrary.com


അതുല്യ പ്രഭാവനായിരുന്നു ബഹുമാനപ്പെട്ട കുമ്പഴ അച്ചൻ എന്നു നമുക്കു അഭിമാനിക്കാം.

പുനരൈക്യാനന്തരം, അധികം വൈകാതെ, മാർ ഈവാനിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടു കൂടി ദൈവപരിപാലനയിൽ സ്വയം അർപ്പിച്ച് ആ യുവവൈദികൻ കിഴക്കിന്റെയൊക്കെയും പ്രേഷിതനായി പ്രവർത്തനോന്മുഖനായി കഴിഞ്ഞിരുന്നു. അന്ന് ശേഷിയിലും എണ്ണത്തിലും ഒന്നുമല്ലാതിരുന്ന മലങ്കര മക്കൾക്ക് ധൈര്യവും ശക്തിയും പകർന്ന് ആ യുവവൈദികൻ പ്രേഷിത രംഗത്തേക്കു കുതിക്കുകയായി. സുമുഖൻ, നയതന്ത്രജ്ഞൻ, നിർഭയസേനാനി, മതപണ്ഡിതൻ, അദ്വിതീയനായ വാഗ്മി, അത്യാകർഷകമായ പ്രാർഥനാശൈലിയുടെ ഉടമ എന്നീ വിവിധ നിലകളിൽ അനുഗൃഹീതനായ നമ്മുടെ അച്ചൻ പ്രേഷിതരംഗത്തു കൈവരിച്ച നേട്ടങ്ങൾ അമാനുഷികമെന്നുതന്നെ പറയാം. കാര്യങ്ങൾ യുക്തമായി വിശദീകരിച്ച് സംശയനിവൃത്തി വരുത്തി സത്യസഭയിലേക്ക് ആളുകളെ നയിക്കുന്നതിനുള്ള അത്ഭുതകരമായ പ്രാഗത്ഭ്യം മറ്റധികം പേർക്കുണ്ടായിരുന്നില്ല. ഇടപെടുന്ന ആളുകളുമായി പ്രസക്തമായ കാര്യങ്ങളിൽ താദാത്മ്യം പ്രാപിക്കുന്ന മഹത്തായ സ്വഭാവവിശേഷം കർത്താവ് അദ്ദേഹത്തിനു കനിഞ്ഞു നല്കിയത് മലങ്കര കത്തോലിക്കാ സഭയ്ക്ക് അനുഗ്രഹമായി. ദീർഘവീക്ഷണത്തോടും നിശ്ചയദാർഢ്യത്തോടും ഏതു സംഗതിയും കൈകാര്യം ചെയ്തിരുന്ന അദ്ദേഹം കുട്ടികളുടെയും യുവാക്കളുടെയും ആരാധനാപാത്രമായി തീരുന്നതിന് അധികകാലം വേണ്ടി വന്നില്ല. ഈ പ്രത്യേകത അദ്ദേഹത്തിന്റെ പ്രവർത്തനശൈലിക്കു മാറ്റുകൂട്ടിയിരുന്നു.

സുറിയാനി ലയത്തിലുള്ള ഗാനങ്ങൾ അതീവസുന്ദരമായി ആലപിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവ് കൊച്ചുകുട്ടികൾക്കും യുവാക്കൾക്കും പ്രയോജനപ്രദമാക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പള്ളിശുശ്രൂഷകളിൽ ചെറുപ്പക്കാരെ പങ്കെടുപ്പിച്ച് ആരാധനകൾ ആകർഷകമാക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവും പ്രേരണയും യുവതലമുറയ്ക്ക് അനുഗ്രഹവും ഇടവകകൾക്ക് നേട്ടവുമായി പരിണമിച്ചിരുന്നു. നമ്മുടെ ആരാധനാലയങ്ങൾ മിക്കതും പ്രാരംഭകാലങ്ങളിൽ നമ്മുടെ സഹോദരസഭകളുടെ പള്ളികൾക്കടുത്തു സ്ഥിതി ചെയ്തിരുന്നത് ഒരു പരിധിവരെ, ഗാനാലാപനങ്ങളിലും മറ്റും നമ്മുടെ കുട്ടികൾക്കും യുവാക്കൾക്കും ഒരു മത്സരമനോഭാവം ഉളവാക്കിയിരുന്നു. നമ്മുടെ കുട്ടികൾക്കു മെച്ചമായി പ്രതികരിക്കുന്നതിനുള്ള ആത്മവിശ്വാസവും ധൈര്യവും പകരുന്നതിന് കുമ്പഴ അച്ചന്റെ പ്രേരണയും ശിക്ഷണവും ഉപകരിക്കുകയും ചെയ്തിരുന്നു.

കുമ്പഴ അച്ചന്റെ പ്രവർത്തനങ്ങളുടെ പരപ്പും ആഴവും അത്യധികം

www.malankaralibrary.com


വിപുലമായിരുന്നു. സത്യവിശ്വാസത്തിലേക്കു വ്യക്തികളെ ആകർഷിക്കുന്ന തോടൊപ്പം അവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുക എന്ന നിഷ്ഠയും അദ്ദേഹം പാലിച്ചിരുന്നു.

റീത്തുകാർക്ക് ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് ഇടം കൊടുക്കാതിരിക്കാനുള്ള പ്രേരണയും പ്രവണതയും പരക്കെ ശക്തമായിരുന്ന പ്രാരംഭകാലങ്ങളിൽ കുമ്പഴ അച്ചൻ ഭൂവുടമകളെ സമീപിച്ച് കാര്യങ്ങൾ വ്യക്തമായി പറഞ്ഞു മനസിലാക്കി സമ്മതിപ്പിച്ച് സൗകര്യമായ സ്ഥാനങ്ങളിൽ ഭൂമി വാങ്ങി പള്ളികൾ വയ്ക്കുന്നതിന് മുൻകൈ എടുത്തിരുന്നു. എത്ര എതിർമനോഭാവക്കാരനായ ഭൂവുടമയോടും ഇടപെട്ട് മാസ്മരിക ശക്തിയാലെന്നവണ്ണം ഭൂമി ഇടപാടുകൾ അതിരൂപതയ്ക്കനുകൂലമായ രീതിയിൽ നടത്തിയെടുക്കുന്നതിന് അദ്ദേഹത്തിന് പ്രത്യേകമായ കഴിവ് ദൈവം നല്കിയിരുന്നു.

മലങ്കര കത്തോലിക്കന്റെ തീർഥയാത്ര ഏതാണ്ട് മുക്കാൽ ശതാബ്ദം ആകുവാൻ കാലം ഇനി അധികം ഇല്ല; കാര്യങ്ങൾ മെച്ചപ്പെട്ടു; പള്ളികളും സ്ഥാപനങ്ങളും എണ്ണത്തിൽ പെരുകി; സഭാമക്കളുടെ ഓജസ്സും എണ്ണവും വർധിച്ചു; വൈദികരുടെയും വന്ദ്യപിതാക്കന്മാരുടെയും എണ്ണം അതിരൂപതയുടെ വിസ്തൃതിക്കൊപ്പം വളർന്നു, ഇങ്ങനെ വളർന്നുപന്തലിച്ച ഇന്നത്തെ ചുറ്റുപാടിൽ, കഴിഞ്ഞ തലമുറയിലെ അത്മായപ്രേഷിതരും വന്ദ്യവൈദികരും അഭിവന്ദ്യ പിതാക്കന്മാരും കർത്താവിന്റെ നടത്തിപ്പിൽ ശരണം വെച്ച് ആത്മാർഥമായി പ്രയത്നിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് നേടിയെടുത്ത വിലപ്പെട്ട വൻകാര്യങ്ങളെ നിസാരമായി കരുതുന്നതിനോ, കണ്ടില്ലെന്ന് ഭാവിക്കുന്നതിനോ ഉള്ള പ്രവണത ഉടലെടുക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മാരകമായ എതിർപ്പുകളും അതിശക്തമായ പ്രതിബന്ധങ്ങളും ഭീഷണികളും തൃണവൽഗണിച്ച്, ചില സന്ദർഭങ്ങളിൽ സ്വജീവൻ പോലും പണയപ്പെടുത്താൻ തയ്യാറായി മഹത്തായ കാര്യങ്ങൾ നേടിയെടുത്ത കഴിഞ്ഞ തലമുറയിലെ മഹദ്വ്യക്തികളെക്കുറിച്ച് നമ്മുടെ യുവതലമുറയ്ക്ക് വേണ്ടത്ര അറിവു പകർന്നു കൊടുക്കുന്നതിനും അവരിൽ അഭിമാനബോധം വളർത്തിയെടുക്കുന്നതിനും ഉള്ള ഉത്തരവാദിത്വം നമുക്കില്ല എന്നു പറയാനാവുമോ?

വാഹനഗതാഗതം ഇന്നും പ്രചരിച്ചിട്ടില്ലാത്ത വനപ്രദേശങ്ങളിലും മലമടുക്കുകളിലും കുടിയേറിപ്പാർത്തിരുന്ന നമ്മുടെ സഹോദരങ്ങൾക്ക് സത്യസഭാവിശ്വാസം ഓതിക്കൊടുത്ത്, അതിൽ അവരെ പുഷ്ടിപ്പെടുത്തി ഉറപ്പിച്ചു നിർത്തുന്നതിനുവേണ്ടി, ആനയും കടുവായും കാട്ടുപോത്തും സ്വൈരവിഹാരം, നടത്തിയിരുന്ന മഹാവനാന്തരങ്ങളിലൂടെ, കാൽനടയായി, കഷ്ടപ്പെട്ട്

www.malankaralibrary.com


കടന്നുചെന്ന് കൃത്യനിർവഹണം സാധിച്ച നമ്മുടെ കുമ്പഴ അച്ചൻ മറ്റുവൈദികർക്കും അത്മായ പ്രേഷിതർക്കും നല്കിയ നേതൃത്വത്തെക്കുറിച്ചും ത്യാഗങ്ങളെക്കുറിച്ചും ഇന്നത്തെ യുവതലമുറ ബോധവൽക്കരിക്കപ്പെട്ടാൽ അതു സഭയ്ക്കും സമൂഹത്തിനും വേണ്ടി ത്യാഗങ്ങൾ സഹിച്ച് പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പ്രേരകമായി ഭവിക്കുന്നതായിരിക്കും.

കുമ്പഴ, കോന്നി, വടക്കുപുറം, ആഞ്ഞിലികുന്ന്, റാന്നി, കല്ലേലി, മണ്ണീറ, തേക്കുതോട്, സീതത്തോട്, തൂമ്പാക്കുളം, ചെങ്ങറ, കാർമല മുതലായ കിഴക്കൻ മേഖലകളിൽ മലങ്കര കത്തോലിക്കാ സമൂഹത്തിന് ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്ന നേട്ടങ്ങൾക്ക് തുടക്കം കുറിച്ച ക്രാന്തദർശിയായ കുമ്പഴ അച്ചന്റെ നിസ്വാർഥ സേവനങ്ങളെ വിലയിരുത്തുക അസാധ്യം തന്നെ. കൈപ്പട്ടൂർ, വലഞ്ചുഴി, ചീക്കനാൽ, തോട്ടുപുറം, ഇലന്തൂർ, നന്നുവക്കാട് മുതലായ പ്രദേശങ്ങളിലെ പള്ളികളും സ്ഥാപനങ്ങളും വലിയൊരളവുവരെ നമ്മുടെ അച്ചന്റെ പ്രവർത്തനങ്ങളോടു കടപ്പെട്ടിരിക്കുന്നു.

കുമ്പഴ അച്ചന്റെ നിരന്തരമായ പ്രേരണയും സത്യവെളിച്ചം പകർന്നു കൊടുക്കുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന അപ്രതിഹതമായ വ്യഗ്രതയും കാരണം വളരെ അധികം പട്ടക്കാരുടെ പുനരൈക്യ പ്രക്രിയയ്ക്ക് അദ്ദേഹം മുഖാന്തരമായിട്ടുണ്ട് എന്നുള്ളത് ഒരു ചരിത്ര സത്യം മാത്രമാണ്. ബഹുമാനപ്പെട്ട കുഴിയംമണ്ണിൽ അച്ചൻ, കടമ്മനിട്ട അച്ചൻ, മൈലപ്രാ അച്ചൻ, ചരുവിലേത്ത് അച്ചൻ, കിഴക്കേവീട്ടിൽ പത്രോസ് അച്ചൻ, സാമുവൽ ശങ്കരത്തിൽ (മുത്തച്ചൻ) മുതലായ നമ്മുടെ അഭിമാന ഭാജനങ്ങളായ പുരോഹിതന്മാരെ നമുക്കു കിട്ടിയതും കുമ്പഴ അച്ചന്റെ ആത്മാർഥമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്.

ദൈവതിരുമനസിൽ അടിയുറച്ചു വിശ്വസിച്ച് മലങ്കര കത്തോലിക്കാ അതിരൂപതയുടെ നാനാമുഖമായ ഉന്നമനത്തിന് അവിശ്രാന്തം പരിശ്രമിച്ച് ഒന്നുമില്ലായ്മയിൽ നിന്നും നമ്മുടെ സമൂഹത്തെ ഭൗതികവും ആത്മീയവുമായ ഔന്നത്യങ്ങളിലേക്കു നയിച്ച നമ്മുടെ പ്രിയപ്പെട്ട കുമ്പഴ അച്ചന്റെ മഹത്തായ നേട്ടങ്ങൾ വരുംതലമുറകൾക്ക് ഉത്തേജനം നല്കുമെന്നുള്ളത് നിസാരമായി കാണാൻ പാടില്ലാത്തതാകുന്നു. അദ്ദേഹത്തിന്റെ നിസ്തുലമായ കഴിവുകളും അതുല്യനേട്ടങ്ങളും ശരിക്കു വിലയിരുത്തിയിട്ടുണ്ടോ എന്ന് ഇത്തരുണത്തിൽ നാം ചിന്തിക്കേണ്ടതുണ്ട്. അദ്ദേഹത്തിന് ഉചിതമായ ഒരു സ്മാരകം മലങ്കരസമൂഹത്തിന്റെ വകയായി ഉയർന്നു വരേണ്ടത് നമ്മുടെ കടമയായി കരുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പ്രസ്തുത കാര്യം സാധിതപ്രായമാക്കുന്നതിനുള്ള കടപ്പാടിൽ നിന്ന് നമുക്ക് പിന്മാറാനാകുമോ?

www.malankaralibrary.com

## പിതൃവന്ദനം - ഡോ. ജോർജ് ഓണക്കൂർ

ചങ്ങനാശേരി സെയ്ന്റ് ബെർക്കുമൻസ് കോളജിൽ ഞാൻ എം.എ.യ്ക്കു പഠിക്കുന്ന കാലം. പ്രൊഫ. സി.എ. ഷെപ്പേർഡ് എസ്.ബി.യിൽ നിന്ന് കോഴിക്കോട് ദേവഗിരി കോളജിലേക്ക് സ്ഥലം മാറിപ്പോയിരിക്കുന്നു. ഷെപ്പേർഡ് സാർ ചേക്കേറിയിരുന്ന 'സെയ്ന്റ് തോമസ് മൂർ' ബിൽഡിംഗിലാണ് ഞങ്ങൾ എം.എ.ക്കാരുടെ താമസം. അത് അന്നത്തെ സേക്രട്ട് ഹാർട്ട് ഹോസ്റ്റലിനു സമീപമാണ്. ഒരു വൈകുന്നേരം ഹോസ്റ്റലിന്റെ ഗേറ്റ് കടന്ന് ഒരാൾ കയറിവന്നു. ഞങ്ങൾ എഴുന്നേറ്റു. മദ്ധ്യവയസ്ക്കനായ വൈദികനാണ് ആഗതൻ. സ്ഥൂലിച്ച ശരീരം. ഓജസ്സു നിറഞ്ഞ മുഖം. കണ്ണുകളിൽ ആജ്ഞാശക്തി.

"ഇതിലാരാ ഓണക്കൂർ?"

കനമുള്ള ശബ്ദം. അതിന്റെ ആകർഷണത്തിൽ ഞാൻ അല്പം അരികിലേക്കു നീങ്ങിനിന്നു. അദ്ദേഹം പുഞ്ചിരിയോടെ കൈകൾ നീട്ടി, എന്റെ തോളിൽ പിടിച്ചു. ഒരു കതിരുപോലെ മെലിഞ്ഞ എന്റെ ശരീരം വിറയാർന്നു.

"എന്റെ കൂടെ അല്പം നടക്കുന്നോ?"

ഒരു പരിചയവുമില്ല. എന്നിട്ടും ആ ക്ഷണം ഒഴിവാക്കാനായില്ല. ഞാൻ അദ്ദേഹത്തോടൊപ്പം കൂടി. സഹവാസികൾ അമ്പരന്നു നിൽക്കേ അവരോടായി അദ്ദേഹം പറഞ്ഞു:

"ഞാൻ തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനാ. പേര് ഫിലിപ്പോസ് മേടയിൽ. കുമ്പഴ അച്ചനെന്നും പറയും."

ആ പേര് ഞാൻ കേട്ടിട്ടുണ്ട്. എന്റെ കുടുംബാംഗമായ നടുവിലേടത്തു ഗീവറുഗീസ് കത്തനാരിൽ നിന്ന്: അയൽനാട്ടുകാരനും പ്രഭാഷകനുമായ ഗീവർഗീസ് തോമ്പ്ര അച്ചനിൽ നിന്ന്; മാർ ഈവാനിയോസ് തിരുമേനിയുടെ വലംകൈയായി അർപ്പണബോധത്തോടെ അക്ഷീണം പ്രയത്നിക്കുന്ന കർമകുശലനും ധീരാഗ്രേസരനുമായ വന്ദ്യ വൈദികൻ എന്ന് കേൾവി കേട്ട കുമ്പഴ അച്ചൻ.

www.malankaralibrary.com


അത് ഇദ്ദേഹമാണ്!

ഒപ്പം നടക്കുമ്പോൾ അഭിമാനം തോന്നി.

“എനിക്കിവിടെ ഏതാനും ദിവസം താമസമുണ്ട്. എന്റെ മൂത്തമകൾക്ക് ഒരു വസ്തു വാങ്ങി. കെട്ടിടം ഒന്നു നന്നാക്കണം. ഭൂമിയും അതിരു തിരിച്ചെടുക്കണം. രാവിലെ വിശുദ്ധ കുർബാന ചൊല്ലുമ്പോൾ ഒന്നു സഹായിക്കാൻ മലങ്കര ലിറ്റർജി നിശ്ചയമുള്ള ഒരാളെത്തേടിയപ്പോൾ കാളാശേരിലച്ചനാ ജോർജുകുട്ടിയെക്കുറിച്ചു പറഞ്ഞത്.”

അച്ചൻ സംസാരിച്ചുകൊണ്ടേയിരുന്നു. ഔപചാരികതയ്ക്കപ്പുറം ഹൃദയത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിയെത്തുന്നതായിരുന്നു ആ വാക്കുകൾ.

ഏതാനും ദിവസംകൊണ്ട് ഞങ്ങൾക്കിടയിൽ സ്നേഹത്തിന്റെ പാലം ബലപ്പെട്ടു. വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം ലയിക്കുന്ന മനസ്; സ്വകാര്യസംഭാഷണങ്ങളെ ആർജവമാക്കുന്ന നർമോക്തികൾ; എന്തും വെട്ടിത്തുറന്നു പറയുന്ന ധീരത. ആ തല ദൈവത്തിനു മുൻപിലൊഴികെ മറ്റെങ്ങും കുനിയുകയില്ലെന്ന് തെല്ലൊരാഹ്ലാദത്തോടെ, അഭിമാനത്തോടെ ഞാൻ തിരിച്ചറിഞ്ഞു.

ഞാൻ കോളേജിലുണ്ടായിരുന്ന രണ്ടുവർഷവും കുമ്പഴയച്ചന്റെ സ്നേഹവാത്സല്യങ്ങൾ എന്നെ തേടിയെത്തിയിരുന്നു. സായാഹ്നസവാരികളിൽ ഞാൻ ഒപ്പമുണ്ടാകുന്നത് അദ്ദേഹത്തിന് ഏറെ പ്രിയംകരമായിരുന്നു. ഇടയ്ക്ക് ചെത്തിപ്പുഴ ആശുപത്രിയിൽ പോകണം. രോഗപരിശോധനകൾ, ചികിത്സകൾ, അങ്ങനെ. അതിനിടയിൽ രോഗികളെ സന്ദർശിക്കാറുമുണ്ട്. ഒരിക്കൽ ഞങ്ങൾ ചെന്നുകണ്ടത് ഒരു പുണ്യാത്മാവിനെയാണ്. ജീവിതത്തിൽ ഞാനെപ്പോഴും നമസ്കരിക്കുന്ന കാവുകാട്ട് തിരുമേനിയെ. കോളജിന്റെ പേട്രൻ എന്ന നിലയിൽ ചില ചടങ്ങുകളിൽ അദ്ദേഹത്തെ കാണാനും കേൾക്കാനും ഇടവന്നിട്ടുണ്ടെങ്കിലും ഒരു കൂടിക്കാഴ്ച ആദ്യമായിരുന്നു. ബഹുമാനപ്പെട്ട അച്ചൻ എന്നെ തിരുമേനിക്കു പരിചയപ്പെടുത്തിക്കൊടുത്തത് തിരുവല്ലാ ബിഷപ്പ് മാർ അത്താനാസിയോസ് പിതാവിന്റെ വാത്സല്യഭാജനമെന്ന നിലയിലാണ്.

“ധാരാളം കേട്ടിട്ടുണ്ട്; വായിച്ചിട്ടുണ്ട്. ഇനിയും വളരെ എഴുതണം. നന്നായി വരണം.” പിൽക്കാലത്ത് ഇരുട്ടിന്റെ താഴ്‌വരകളിൽ ആരൊക്കെയോ തള്ളിയിട്ടപ്പോൾ ഉയരങ്ങളിലേക്കു പിടിച്ചുകയറാൻ കൈകൾക്കു കരുത്തും ഹൃദയത്തിനു വെളിച്ചവുമായി കാവുകാട്ടു തിരുമേനിയുടെ അനുഗ്രഹമുണ്ടായിരുന്നു. എന്റെ ശിരസിൽ ആ പുണ്യസ്പർശം അനുഭവമാക്കിത്തന്നത് സ്നേഹനിധിയായ കുമ്പഴ അച്ചനാണെന്ന് കൃതജ്ഞതയോടെ ഞാനോർക്കുന്നു.

www.malankaralibrary.com


ഞാൻ സെക്കൻഡ് എം.എ.യ്ക്കു പഠിക്കുന്ന വർഷമാണ് സേക്രട്ട് ഹാർട്ട് ഹോസ്റ്റലിൽ ബഹുമാനപ്പെട്ട അച്ചന്റെ ഏകമകൻ ജെയിംസ് താമസത്തിനെത്തിയത്. ജെയിംസ് അന്ന് എസ്.ബി. കോളജിൽ പ്രീ യൂണിവേഴ്സിറ്റി വിദ്യാർഥിയായിരുന്നു. ആ കൊച്ചുവിദ്യാർഥിയുടെമേൽ ഒരു കണ്ണു വേണമെന്ന് അച്ചൻ എന്നോട് ആവശ്യപ്പെട്ടു. അന്നത്തെ സൗഹൃദം പലതലങ്ങളിലൂടെ വളർന്ന് ഗാഢമായി നിലനിന്നു.

കാലം പല ബന്ധങ്ങളും സൃഷ്ടിച്ചു. ആദരപാത്രമായിരുന്ന കുമ്പഴ അച്ചന്റെ കൊച്ചുമകൾ എന്റെ സഹധർമിണിയായത് യാദൃച്ഛികം. കൊച്ചുമക്കളുടെ തലമുറയിൽ ആദ്യം വന്ന മരുമകനായതുകൊണ്ടാവാം വലിയ വാത്സല്യവും മറ്റെങ്ങും കിട്ടാത്ത പരിഗണനയും അപ്പച്ചൻ എനിക്കു നൽകിയിരുന്നു. കുമ്പഴ അച്ചന്റെ കൊച്ചുമരുമകൻ എന്നത് ഒരു ബഹുമതിയായി ഞാൻ കരുതി. മാർ ഈവാനിയോസ് കോളജിൽ അദ്ധ്യാപകനായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സമ്പർക്കവും തലസ്ഥാന നഗരിയിലെ ഞങ്ങളുടെ വാടകവീടിനെ അനുഗ്രഹിച്ചിരുന്നു. ആ മടിയിലിരുന്നു കളിക്കാൻ എന്റെ മക്കൾക്കു ഭാഗ്യമുണ്ടായി. അവരുടെ അമ്മ എന്ന വത്സമ്മ ഭയഭക്തിബഹുമാനങ്ങളോടെ അകന്നു നിൽക്കുമ്പോൾ എന്റെ കുഞ്ഞുങ്ങൾ ആ താടിരോമങ്ങളിൽ പിടിച്ചുവലിക്കുന്നതും അദ്ദേഹം അവരുടെ നിഷ്കളങ്കതയിലേക്ക് ഇറങ്ങിവരുന്നതും എത്ര ആഹ്ലാദകരമായ അനുഭവമായിരുന്നു.

മനസിൽ മുറിവുകൾ വീണകാലങ്ങളിൽ ഒന്നു തലോടാനും എന്റെ സമീപനങ്ങൾ അംഗീകരിക്കാനും എപ്പോഴും ആ വലിയ മനുഷ്യൻ സന്നദ്ധത പുലർത്തി. നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളെ അദ്ദേഹം പ്രതിരോധിച്ചില്ല. അതേസമയം രമ്യതയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും മാർഗത്തിൽ നിന്നു വ്യതിചലിക്കരുതെന്ന് ദൃഢമായി ഉപദേശിക്കുകയും ചെയ്തു. വഴിയിൽ കാലുകൾ ഇടറിയിട്ടില്ല എന്നാണ് എന്റെ അഭിമാനം; ഞാൻ നടന്നത് ആ വെളിച്ചത്തിന്റെ താഴ്വരയിലൂടെയായിരുന്നു.

മാർ ഈവാനിയോസ് തിരുമേനിയോട് അചഞ്ചലമായ ഭക്തിയും ആ മദ്ധ്യസ്ഥതയിൽ പ്രഗാഢമായ വിശ്വാസവും എനിക്കുണ്ട്. ആ വന്ദ്യപിതാവിനെക്കുറിച്ച് രണ്ടു ഗ്രന്ഥങ്ങൾ രചിക്കാൻ അവസരം കൈവന്നു. അതിനു പ്രേരണ നൽകിയത് ബഥനി സന്യാസിനീ സമൂഹത്തിന്റെ മദർ ജനറൽ മദർ ഫിലോമിനയാണ്; കുമ്പഴ അച്ചന്റെ മകൾ; ഞങ്ങളുടെ ഗ്രേസമ്മാമ്മ. മാർ ഈവാനിയോസ് തിരുമേനിയോടുള്ള എന്റെ ഭക്തി കുമ്പഴ അപ്പച്ചന്റെ സഹവാസത്തിൽ നിന്ന് ഉറവെടുത്തതാണ്. ആ മഹാത്മാവിനെക്കുറിച്ച് ഭക്ത്യാദരങ്ങൾ ഉണർത്തുംവിധം എത്ര ശക്തവും ഹൃദ്യവുമായിട്ടാണ് 'മാർ

www.malankaralibrary.com


ഈവാനിയോസ് ചരിതം' എന്നെ വർണിച്ചു കേൾപ്പിച്ചിട്ടുള്ളത്! മലങ്കര സഭയുടെ ചരിത്രവും ചരിത്രത്തിനുള്ളിലെ മൗനവും ആ സരസഭാഷണങ്ങളിൽ വാചാലമായി.എല്ലാം ഇന്നെന്നപോലെ ഞാനോർക്കുന്നു. മനസിൽ നിറഞ്ഞിരിക്കുന്നു.

ആ ഭൗതികസാന്നിദ്ധ്യം നഷ്ടപ്പെട്ടിട്ട് വർഷം ഇരുപത്തിയഞ്ചു തികയുന്നു! ഇക്കാലമത്രയും സ്മരണകളിൽ ജീവിക്കുന്നതുകൊണ്ടാവാം നല്ലവനായ പിതാവിന്റെ നഷ്ടം ഓർമിക്കുന്നതേയില്ല. ഇപ്പോഴും ആ മാന്ത്രിക ശബ്ദവും സ്നേഹോഷ്മളമായ പെരുമാറ്റവും ഒപ്പമുണ്ട്. കുമ്പഴ സെയ്ന്റ് മേരീസ് ദേവാലയത്തിന്റെ സുവർണ ജൂബിലി സ്മരണികയിൽ 'കുമ്പഴ അച്ചൻ' എന്ന പേരിൽ എന്റെ ഒരു ലേഖനമുണ്ട്. സൂക്ഷ്മവിവരങ്ങൾ തേടിപ്പിടിച്ച് രചിച്ചതാണ് ആ ലേഖനം. അതുതന്നെ ഈ സ്മരണികയിൽ ചേർത്തുകളയാമെന്ന് ആദ്യം കരുതി. ടൈപ്പ് സെറ്റ് ചെയ്തു. പക്ഷേ ഇതാ, മുദ്രണത്തിന്റെ തലേന്നു രാത്രി നിത്യവാത്സല്യത്തിന്റെ ശക്തിവിശേഷം എന്നെക്കൊണ്ട് ഇങ്ങനെ എഴുതിക്കുന്നു. എഴുതുകയല്ല, എഴുതിപ്പോവുകയാണ്.

ആ സ്നേഹസ്മരണയ്ക്കു മുന്നിൽ ഇത് ഒരു നമസ്കാരമാണ്; പ്രാർഥനയാണ്.

www.malankaralibrary.com

## ഗ്രന്ഥസൂചിക


1. ഡയറിക്കുറിപ്പുകൾ റവ. ഫാദർ പീലിപ്പോസ് മേടയിൽ (കുമ്പഴ അച്ചൻ)
2. സ്മരണിക 1999. റവ. ഫാദർ പീലിപ്പോസ് മേടയിൽ - 25-ാം ചരമവാർഷികം
3. ഒരു സത്യാന്വേഷണ യാത്ര Published by Kizhakethil Family
4. ഗിരിദീപം ആർച്ച് ബിഷപ്പ് മാർഈവാനിയോസ്
5. മാർ ഈവാനിയോസ് - രണ്ടാം ഭാഗം - ഫാ. തോമസ് ഇഞ്ചക്കലോടി
6. പൂർവ്വകാല സ്മരണകൾ - ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാൻ
7. ആർഷജ്ഞാനത്തിന്റെ പ്രവാചകൻ - ഡോ. ജോർജ് ഓണക്കൂർ
8. തപോവനത്തിലെ സൂര്യൻ - ഡോ. ജോർജ് ഓണക്കൂർ
9. ബഥനി - സിസ്റ്റർ ഹെലെന എസ്.ഐ.സി.
10. ബഥനിയുടെ ഇന്നലെകൾ - ഫാദർ സന്തോഷ് മഠത്തിൽ ഒ.ഐ.സി.
11. മാർഈവാനിയോസ് ചരിത്രത്തിന്റെ ഏടുകളിൽ - ഫാദർ സി.എം. ജോർജ്
12. പുനരൈക്യപന്ഥാവിലെ പ്രകാശഗോപുരം - സത്യാന്വേഷിയായ ചക്കാലമണ്ണിൽ തുമ്പമൺ വല്യപ്പൻ - ജേക്കബ് സി. കോശി, റെജി. സി. മാത്യു ചക്കാലമണ്ണിൽ
13. സഭയ്ക്കും ദേശത്തിനും സാരഥി, കലേക്കാട്ടിൽ പണിക്കരുവീട്ടിൽ തോമാകത്തനാർ (കലേക്കാട്ടിലച്ചൻ 1870 - 1947) - മോനിച്ചൻ തോമസ് കലേക്കാട്ടിൽ പണിക്കരുവീട്ടിൽ
14. സുവർണ്ണജൂബിലി സ്മരണിക - സെന്റ് മേരീസ് കത്തോലിക്കാപ്പള്ളി കുമ്പഴ
15. പ്ലാറ്റിനം ജൂബിലി സ്മരണിക - സെന്റ് മേരീസ് കത്തോലിക്കാപ്പള്ളി കുമ്പഴ
16. ദേവാലയകൂദാശ - സ്മരണിക - സെന്റ് ആന്റണീസ്
17. സങ്കീർത്തനം - പ്ലാറ്റിനം ജൂബിലി സ്മരണിക - മലങ്കര കത്തോലിക്കാപ്പള്ളി കാർമല
18. പുനരൈക്യനവതി സ്മരണിക (90) - സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി പുത്തൻപീടിക
19. സന്നിധി - പുനരുദ്ധാരണ സ്മാരക ഗ്രന്ഥം - തിരുഹൃദയ മലങ്കര കത്തോലിക്കാ ദേവാലയം - മൈലപ്ര
20. പ്ലാറ്റിനം ജൂബിലി സ്മരണിക 1932 - 2007 ഹോളിഫാമിലി മലങ്കര കത്തോലിക്കാപ്പള്ളി, തോട്ടുപുറം

www.malankaralibrary.com


21. ദേവാലയ കൂദാശാസ്മരണിക 2003 – തിരുഹൃദയ ദേവാലയം, കല്ലേലി
22. ഇടവക ഡയറക്ടറി 2011 – സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം, വടശേരിക്കര
23. ഇടവക ഡയറക്ടറി 2017 – സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാപ്പള്ളി, അതിരുങ്കൽ
24. ഡയറക്ടറി 2018 – The Syro Malankara Catholic Major Archiepiscopal Church
25. പ്രഥമ പുനരൈക്യസാരഥികൾ – സ്മരണിക – 2005 – തിരുഹൃദയ മലങ്കര കത്തോലിക്കാ പള്ളി, കടമാൻകുളം
26. Orma - ഓർമ്മ 2017 – കാക്കനാട്ടിൽ കുടുംബം
27. കുടുംബചരിത്രം – ചക്കാലയിൽ കുടുംബം, കൈതവന കുടുംബം

www.malankaralibrary.com



ദൈവദാസൻ മാർ ഈവാനിയോസ്

www.malankaralibrary.com



കുമ്പഴ അച്ചന്റെ മാതാപിതാക്കൾ :
തോമസ് വൈദ്യനും മറിയാമ്മയും



കുമ്പഴ അച്ചൻ



സഹധർമ്മിണി അന്നമ്മ പീലിപ്പോസ്


www.malankaralibrary.com



കടമ്മനിട്ട അച്ചനും
കുമ്പഴ അച്ചനും



തോമ്പ്ര അച്ചനും
കുമ്പഴ അച്ചനും



വെരി. റവ. ശെമവൂൻ റമ്പാൻ
(സ്ലീബാദാസസമൂഹം)



ബ്രദർ സ്റ്റാൻലി തോമസ് ഒ.ഐ.സി

www.malankaralibrary.com



കുമ്പഴ അച്ചൻ അറുപതുകളിൽ



സിസ്റ്റർ ഫിലോമിന എസ്.ഐ.സി.



സിസ്റ്റർ ദീന ഫിലിപ്പ് എം.എം.എസ്.

www.malankaralibrary.com




ഫാ. സെബാസ്റ്റ്യൻ ഇടയത്ത്



ഫാ. പോൾ മാത്യു ഒ.ഐ.സി.



സിസ്റ്റർ അഗാപ്പെ എസ്.ഐ.സി.



സിസ്റ്റർ ഹൃദ്യ എസ്.ഐ.സി.



സിസ്റ്റർ കൃപ എം.എൽ.എഫ്



സിസ്റ്റർ അനുഗ്രഹ എം.എൽ.എഫ്

www.malankaralibrary.com

# കാക്കനാട്ട് കുടുംബം



ഡോ. ഏബ്രഹാം മാർ യൂലിയോസ്



ഫാദർ സ്റ്റനിസ്ലാവോസ് കാക്കനാട്ട്



സിസ്റ്റർ ജൂലിത്തി എസ്.ഐ.സി.



സിസ്റ്റർ ക്രിസ്റ്റീന എസ്.ഐ.സി.




സിസ്റ്റർ ദഖിയ എസ്.ഐ.സി.




സിസ്റ്റർ ക്ലെമൻസിയ എസ്.എച്ച്.

www.malankaralibrary.com


# കാക്കനാട്ട് കുടുംബം



ഫാദർ കോശി കാക്കനാട്ട് ഒ.ഐ.സി.



ഫാദർ കോശി കാക്കനാട്ട്
കോർ എപ്പിസ്കോപ്പാ



ഫാദർ ആന്റണി കാക്കനാട്ട്

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയം, കുമ്പഴ




കുമ്പഴ അച്ചന്റെ കബറിടം

www.malankaralibrary.com



കുമ്പഴ അച്ചന്റെ കുടുംബം (1951)
ഇരിക്കുന്നവർ : കുമ്പഴ അച്ചൻ, സഹധർമ്മിണി അന്നമ്മ, പുത്രൻ ജെയിംസ്
നില്ക്കുന്നവർ : ക്ലാരമ്മ, ലില്ലിക്കുട്ടി, പൊന്നമ്മ, ഗ്രേസിക്കുട്ടി, ദീനാമ്മ, ആലീസുകുട്ടി



കുമ്പഴ അച്ചന്റെ കുടുംബം (1989)
ഇരിക്കുന്നവർ : സി. ഫിലോമിനാ എസ്.ഐ.സി, അന്നമ്മ മേടയിൽ, പൊന്നമ്മ കുരിശിങ്കൽ
നില്ക്കുന്നവർ : ക്ലാരമ്മ പുളിക്കൽ, ജെയിംസ് മേടയിൽ, സി. ദീനാ ഫിലിപ്പ്, ലില്ലിക്കുട്ടി തോമ്പ്ര

www.malankaralibrary.com



ജെയിംസ് മേടയിൽ, ആൻസി ജെയിംസ്



റോബിൻ ഫിൽ ജെയിംസ്, സബിത റോബിൻ
മക്കൾ : റയൺ, ക്രിസ്റ്റൽ



റാണി ലിറ്റി ജെയിംസ്

www.malankaralibrary.com



ബിജു ജോർജ്, രശ്മി
മക്കൾ : ജോവൽ, ജൊവാന്ന



ഡെന്നിസ് ജോർജ്ജ്, റിനു
മക്കൾ : ജിയ, ജോർഡൻ

www.malankaralibrary.com



കുമ്പഴ മേടയിൽ വീട്



ഫാദർ ബിറ്റി മാത്യുവും കുടുംബവും
അഭിവന്ദ്യ കർദിനാൾ ക്ലീമീസ് മാർ ബസേലിയോസ് തിരുമേനിയോടൊപ്പം

www.malankaralibrary.com

